MALABAR CHRISTIAN COLLEGE
LIBRARY & READING ROOM
CALICUT

# What I owe to Christ.

(C. F. Andrews)

# എനിക്കു് ക്രിസ്തുവിനോടുള്ള കടപ്പാടു്.

(സി. എഫ്. ആൻഡ്രൂസ്)

1053
270
AND/W

1053
5-1-1962

# What I owe to Christ.

[C. F. Andrews]

---

# എനിക്കു് ക്രിസ്തുവിനോടുള്ള കടപ്പാടു്.

(സി. എഫ്. ആൻഡ്രൂസ്)

---

Translated and
Published by
The Malayalam Christian Literature Committee
By Permission of
Messrs: George Allen and Unwin Limited, (London)

---

Copyright.

MALABAR CHRISTIAN COLLEGE LIBRARY
1053
CALICUT

Printed at
The National Printing House,
Tiruvalla, Travancore.
1934

Price 10 As.) (വില 10 അണ.

(Superior Edition 12 as.)

270
AND/W

# NOTE.

ഏകദേശം രണ്ടുസംവത്സരങ്ങൾക്കു മുമ്പു് സി. എഫ്. ആൻഡ്രൂസ് എന്ന പ്രസിദ്ധഭക്തൻ എഴുതി Messrs. George Allen and Unwin കമ്പനിക്കാർ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയ വിശിഷ്ട ഗ്രന്ഥത്തിൻെറ ഒരു ശരിതൎജ്ജമയാണു് ഈ പുസ്തകം. ഈ പുസ്തകത്തിൻെറ മാഹാത്മ്യത്തെക്കുറിച്ചും അതിൻെറ മലയാള തൎജ്ജമ പ്രസിദ്ധീകരിക്കേണ്ടതു് മലയാള സാഹിത്യ കമ്മററിയുടെ ക്ഷിപ്രകൎത്തവ്യങ്ങളിൽ ഒന്നാണെന്നു കാണിച്ചും ശ്രീമാൻ, പി. ഒ. ഫിലിപ്പ് അവർകൾ ഇംഗ്ലണ്ടിൽ നിന്നും കമ്മററി അംഗങ്ങളിൽ ചിലരുടെപേൎക്കു് എഴുതി അയച്ചിരുന്നു. അദ്ദേഹത്തിൻെറ ഉത്സാഹത്താൽ ഗ്രന്ഥകൎത്താവിൻെറയും പ്രസാധകന്മാരുടെയും അനുമതി വളരെ വേഗത്തിൽ ലഭിക്കുന്നതിനു് ഇടയായി. മൂന്നേമുക്കാൽ രൂപാ വിലയുള്ള ഇംഗ്ലീഷു് പുസ്തകത്തിൻെറ തൎജ്ജമ പ്രസിദ്ധീകരിക്കുന്നതിനു് ഒരു വലിയ തുക കൊടുത്താൽ മാത്രമെ സാധിക്കുകയുള്ളു എങ്കിലും കഴിയുന്നതും കുറഞ്ഞ ഒരു തുകയ്ക്കു് ഇതിൻെറ പകൎപ്പവകാശം കമ്മററിക്കു് ലഭിക്കുവാൻ സാധിച്ചിട്ടുണ്ടു്. ഒരൊററ വാചകംപോലും വിടാതെ പുസ്തകം മുഴുവനും പരിഭാഷപ്പെടുത്തുക എന്നുള്ള ഭാരമേറിയ കൃത്യം നിൎവ്വഹിക്കുന്നതിനു് വളരെ പ്രയാസങ്ങൾ നേരിട്ടിട്ടുണ്ടു്. യാതൊരു പ്രതിഫലേഛയും കൂടാതെ പല സഹൃദയന്മാരും ഇതിൽ സസന്തോഷം സഹായിച്ചിട്ടുണ്ടെന്നു് നന്ദിപൂൎവ്വം പ്രസ്താവിച്ചുകൊള്ളട്ടെ. പ്രൊഫസ്സർ സി. പി. മാത്യു ബി. ഏ, പ്രിൻസിപ്പൽ കെ. കെ. കുരുവിള എം. ഏ. ബി. ഡി, വെനറബിൾ ആർച്ചു് ഡീക്കൻ സി. കെ. ജേക്കബ്, ബി. ഏ. മുതലായ പലരുടെയും ഉത്സാഹത്താലാണു് ഇപ്പോഴെങ്കിലും ഈ ജോലി നിൎവ്വഹിപ്പാൻ ഇടയായിട്ടുള്ളതു്. ഉടമ്പടിപ്രകാരം പകൎപ്പവകാശത്തിൻെറ കാലാവധി ഈ ജൂൺമാസത്തോടുകൂടി അവസാനിക്കുന്നതാകകൊണ്ടു് അതിനു മുൻപു് തൎജ്ജമയും അച്ചടിയും പൂൎത്തിയാക്കേണ്ടതു് അത്യാവശ്യമായിരുന്നു.

ആയതുകൊണ്ടു് ഇതിൽ വന്നേക്കാൻ ഇടയുള്ള തെററുകൾ മാന്യ വായനക്കാർ അനുഗ്രഹബുദ്ധ്യാ ക്ഷമിക്കയെല്ലാതെ ഗത്യന്തരമില്ല. ഏകദേശം മുന്നൂറു പുറങ്ങളോളമുള്ള ഈ പുസ്തകത്തിനു നിശ്ചയിച്ചിരിക്കുന്ന വില ഇംഗ്ലീഷ് പുസ്തകത്തിൻെറ വിലയിൽ നാലിലൊന്നുപോലുമില്ല. ഈ തുച്ഛമായ വില കൊടുത്തു പുസ്തകം വാങ്ങി വായിക്കയും മററുള്ളവരെക്കൊണ്ടു വായിപ്പിക്കയും ചെയ്യുന്നപക്ഷം അഭക്തിയും മാത്സര്യവും അസമാധാനവും വദ്ധമാനമായിവരുന്ന ഇക്കാലത്തു് സവ്വലോകമൈത്രിക്കു അതൊരു നിദാനമായി ഭവിക്കുന്നതാണു്. സി. എഫ്. ആൻഡ്രൂസ് എന്ന നാമധേയം ഇന്നു് എവിടെയും പ്രശസ്തിയേറിയ ഒന്നാണു്. "ക്രിസ്തുവിൻെറ വിശ്വസ്ത ശിഷ്യൻ" (Christ's Faithful Apostle) എന്നാണു് C. F. A. എന്ന മൂന്നക്ഷരങ്ങൾക്കു ചിലർ അത്ഥം കല്പിച്ചിരിക്കുന്നതു്.

അച്ചടിയും മററും വളരെ കണിശമായി നിവ്വഹിച്ചുതന്ന തിരുവല്ലാ നാഷ്യനൽ പ്രിൻറിംഗ് ഹൌസ് ഭാരവാഹികൾക്കു പ്രത്യേകം നന്ദിപറഞ്ഞുകൊള്ളുന്നു. (W. M.)

(മലയാള ക്രിസ്തീയ സാഹിത്യക്കമ്മററിക്കുവേണ്ടി.)

# What I Owe to Christ.

(C. F. Andrews.)

---

## പ്രവേശകം.

### I

മൂന്നു വഷം മുമ്പ് ഒരു പുതിയ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിലേക്കു എന്നെ ഉദ്യോഗിപ്പിക്കുന്ന ഒരു കത്ത് എനിക്കു ലണ്ടനിൽവെച്ചു കിട്ടി. "നാനാജാതിമതസ്ഥരോടു ഇടപെട്ടു അന്യോന്യം ആശയവിനിമയം ചെയ്കയും ഭൂമിയെങ്ങും പര്യടനം ചെയ്കയും ചെയ്കതുമൂലം നിങ്ങളുടെ മാൎഗ്ഗീയദൎശനത്തിൽ വന്നിട്ടുള്ള ഭേദഗതികളേയും, ക്രിസ്തുവിലുള്ള ഗാഢമായ വിശ്വാസത്തിലേക്കു എത്തുന്നതിന് നിങ്ങൾ സാധിച്ച വിധങ്ങളേയും ലളിതമായി വിവരിക്കുന്ന ഒരു പുസ്തകമാണ് ഞങ്ങൾക്കാവശ്യം" എന്ന് ആ ലേഖകൻ എഴുതിയിരുന്നു.

ഇപ്രകാരം വ്യക്തിപരമായ ഒരപേക്ഷ എന്നെ വളരെ സ്പൎശിച്ചു. ഇതു നിഷേധിക്കുന്നതു അത്ര എളുപ്പമായിരുന്നില്ല. പക്ഷെ, എൻെറ ആദ്യത്തെ അഭിപ്രായം ഇതിൽനിന്നു പിന്മാറണമെന്നുതന്നെയായിരുന്നു. എന്തെന്നാൽ ഒരുവൻെറ ജീവിതരഹസ്യങ്ങളെ തുറന്നുകാണിക്കുന്നതിനുള്ള ആവശ്യം അതുമൂലം ഉണ്ടാകുമെന്നു എനിക്കു തോന്നി. മാത്രമല്ല, തൽക്ഷണംതന്നെ ഞാൻ ശ്രദ്ധിക്കേണ്ട ഇതരവിഷയങ്ങളുമുണ്ടായിരുന്നു. അതുകൊണ്ടു പ്രസ്തുത വിഷയം ഞാൻ വിസ്മരിച്ചില്ല എങ്കിലും തത്സംബന്ധമായി പരിചിന്തനം ചെയ്യുന്നതിന് എനിക്കു അവസരം ലഭിച്ചില്ല.

എന്നാൽ ചില മാസങ്ങൾക്കുശേഷം ഞാൻ കാനഡായിലും ഐക്യരാജ്യങ്ങളിലും ഇൻഡ്യയെപ്പററി പ്രസംഗിക്കയും

എഴുതുകയും ചെയ്തുകൊണ്ടിരുന്നപ്പോഠം, ഒരു സംഘം മാർഗ്ഗീയ നായകന്മാർ, ന്യൂയോക്കിൽവെച്ചു എന്നെ കാണണമെന്നു് ആവശ്യപ്പെടുകയും, അവിടെവെച്ചു മുൻപറഞ്ഞതിന്നനുരൂപ മായ ഒരു അഭ്യത്ഥന ചെയ്കയും ചെയ്തു.

'ഇതെന്തു! നിങ്ങഠം ലണ്ടനിലുള്ള ആരെങ്കിലുമായി ഇതിനുമുമ്പേ ഇക്കാര്യത്തെപ്പററി വല്ല എഴുത്തുകുത്തും നടത്തിയോ എന്നു ചോദിക്കത്തക്കവണ്ണം അവ തമ്മിൽ, സാമ്യമുണ്ടായിരുന്നു. മുമ്പിലത്തെ സംഭവം ഞാൻ അവരോടു പറഞ്ഞപ്പോഠം അവർ ആശ്ചര്യപ്പെടുകയും അവരുടെ അപേക്ഷയെ സംബന്ധിച്ചിടത്തോളം അതിൽ പരപ്രേരണ ഇല്ലായിരുന്നുവെന്നു് എന്നെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ ഒരു പുസ്തകത്തെപ്പററിയുള്ള ചിന്ത അവരുടെ മനസ്സിൽ ഉദിച്ചതിൻെറ കാരണം, മാർഗ്ഗത്തിൻെറ സത്യാന്വേഷികളായി അമേരിക്കയിലുള്ള നവീന തലമുറയുടെ ആവശ്യങ്ങളെക്കുറിച്ചുള്ള ഉത്തമബോധം മാത്രമായിരുന്നു.

തൽക്ഷണം ഈ നവീന തലമുറയെക്കുറിച്ചുള്ള ചിന്തയ്ക്കു ഞാൻ വശംവദനായി. എന്തെന്നാൽ എൻെറ ആയുസ്സു മുഴുവൻ കഴിച്ചതു യുവവിദ്യാത്ഥിലോകവുമായുള്ള ബന്ധത്തിലാണു്. അതുകൊണ്ടു പാശ്ചാത്യ പൌരസ്ത്യദേശങ്ങളിലുള്ള അവരുടെ വിപ്ലവകരങ്ങളായ ചിന്താഗതികഠം എനിക്കു സുപരിചിതങ്ങളത്രേ. അതിനാൽ ന്യൂയോക്കിൽ നിന്നുള്ള ഈ രണ്ടാമത്തെ അപേക്ഷ പ്രസ്തുത പുസ്തകമെഴുതുന്നതിനു് അപ്രതിഷേധ്യമായ ഒരു പ്രേരണയായി ഭവിച്ചു.

ഇപ്രകാരം പല അസൌകര്യങ്ങളുടെ ഇടയിൽ ഈ അഭ്യത്ഥന സ്വീകരിക്കേണ്ടതായിവന്നുകൂടി. എഴുതും തോറും, എൻെറ സന്തോഷം ഉപര്യുപരി വദ്ധിച്ചുവന്നു. എൻെറ ഹൃദയം മുഴുവനും പ്രസ്തുത കൃത്യത്തിൽ തന്നെ ലയിച്ചു. ഇങ്ങനെ മാർഗ്ഗം സുഗമമായതോടുകൂടി ഞാൻ സന്തോഷിച്ചു. എന്തെന്നാൽ ക്രിസ്തുവിൻെറ നാമത്തിൽ ചെയ്യുന്ന ഈ സ്നേഹശുശ്രൂഷ, പാപത്തിൽ നിന്നു ഉദ്ധരിക്കപ്പെട്ടവനും അവൻെറ ശുശ്രൂഷയ്ക്കായി അപ്പിക്കപ്പെട്ടവനുമായ എനിക്കു് തന്നോടു

ള്ള ഒരു കൃതജ്ഞതയുടെ പ്രകടനമായിരിക്കുമെല്ലോ, എന്നു ഞാൻ വിചാരിച്ചു. ഈ പ്രയത്നം എത്രതന്നെ അപൂൎണ്ണമായിരുന്നാലും അതിനെ സ്നേഹസ്വരൂപൻതന്നെ തൃക്കരങ്ങളിൽ സ്വീകരിച്ചു കുറവുകൾ പരിഹരിക്കട്ടെ.

ഒരു ക്ലിപ്തസമയത്തെ ലക്ഷ്യമാക്കി എഴുതാതെ പുസ്തകം എന്നോടുകൂടെത്തന്നെ സ്വൈരമായി വളൎന്നുവരണം എന്നുള്ളതായിരുന്നു അതു സംബന്ധിച്ച ഏകവ്യവസ്ഥ. പ്രസാധകന്മാർ ഉടൻതന്നെ ഇതു സമ്മതിച്ചു. അതുകൊണ്ടു ലോകത്തിൻെറ നാനാഭാഗങ്ങളിലെ അടിയന്തിരപ്രമേയങ്ങളിൽ പ്രവേശിക്കേണ്ടിവന്നപ്പോൾ ഈ ജോലി ഒഴിച്ചുവെയ്ക്കേണ്ടതായി വന്നിട്ടുണ്ടു്. ഇതു നിൎജ്ജനപ്രദേശത്തുവെച്ചോ ഏകാന്തവാസത്തിലോ എഴുതിയതല്ല; പ്രത്യുത, വിവിധപോരാട്ടങ്ങളുടെ മദ്ധ്യേ എഴുതീട്ടുള്ളതാണു്. എൻെറ സ്വന്ത ജീവിതാനുഭവങ്ങളെ യഥാൎത്ഥരൂപത്തിൽ കാണിക്കണമെങ്കിൽ ഇതു് ഇങ്ങനെ തന്നെ പൂൎത്തിയാക്കേണ്ടതായിരുന്നു.

## II

നവീനാശയങ്ങളുടെ പ്രവാഹകലഹമദ്ധ്യത്തിൽ തങ്ങളുടെ ക്രിസ്തീയജീവിതത്തിനു് സുസ്ഥിരമായ ഒരടിസ്ഥാനം കണ്ടുപിടിക്കുന്നതിനു് അന്വേഷിക്കുന്ന സ്ത്രീപുരുഷന്മാർ ഇന്നു ധാരാളമുണ്ടു്. ഇതു എല്ലാ രാജ്യത്തും സാധാരണമാണു്. ഭാവിയിൽ, കേവലം പ്രാപഞ്ചികമായ ഒരടിസ്ഥാനത്തിന്മേൽ സമുദായസൗധങ്ങൾ പണിയുന്നതു അസാദ്ധ്യമാണെന്നു് അവർ നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടു്. കൂടാതെ, പൂൎവ്വികരുടെ ആത്മീയവിജയങ്ങളിലും വീരപരാക്രമങ്ങളിലും അവൎക്കു് അത്യന്തബഹുമാനവും ഉണ്ടു്. എന്നാൽ അതേസമയത്തു തന്നെ വിശ്വാസത്തിലൊ ആചാരത്തിലൊ ഉള്ള പാരമ്പൎയ്യപ്രാമാണ്യത്തെ സമ്മതിക്കുന്നതിനു് അവർ വൈമനസ്യം പ്രദൎശിപ്പിക്കുന്നു. 'എല്ലാം ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുന്നതിനു്' അവരുടെ മനസ്സാക്ഷിതന്നെ അവരെ ആജ്ഞാപിക്കുന്നു. ചിലസമയങ്ങളിൽ ഒരു മാൎഗ്ഗദൎശിയുടെ

അത്യാവശ്യം ഒഴിച്ചുകൂടാൻ പാടില്ലാത്ത വിധത്തിൽ അവക്കു ബോധ്യപ്പെടുന്നു. യഥാർത്ഥത്തിൽ നാഥനും ഗുരുവും ആയിരിക്കുന്ന ഒരുവനുമായിട്ടു ആത്മികബന്ധം പുലർത്തുന്നതിനു് അവർ തയ്യാറുമാണു്. എങ്കിലും പരമാർത്ഥമായ മാനസിക വിഷമങ്ങളിൽ അവരുടെ ഹൃദയങ്ങളെ ക്രിസ്തുവിനു് കീഴ്പ്പെടുത്തിക്കൊടുക്കുന്നതിനു് അവർ സംശയിക്കുന്നു.

ഞാൻ സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം ഈ വാഞ്ഛയുള്ള യൌവനക്കാർ ധാരാളം ഉണ്ടായിരുന്നു. ഇവർ എന്നെ വിശ്വസിക്കയും എൻെറ സഹായം അപേക്ഷിക്കയും ചെയ്തിട്ടുണ്ടു്. “വിവിധജാതിക്കാരുടെ ഇടയിലും, ദുർഘടപരിതസ്ഥിതികളുടെ മദ്ധ്യത്തിലും, നിങ്ങളുടെ ജീവിതവലയത്തിൻെറ കേന്ദ്രവും, പ്രത്യക്ഷമായ സന്തോഷത്തിൻെറ രഹസ്യവുമായിരിക്കുന്ന ക്രിസ്തുവിലുള്ള ഈ വിശ്വാസം മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നതിനു് എങ്ങനെ സാധിച്ചു എന്നാണു് ഞങ്ങൾക്കു കേൾക്കേണ്ടതു്” എന്നു് അവർ പറയുക പതിവായിരുന്നു.

ഈ സന്ദർഭങ്ങളിലെല്ലാം എൻെറ ജീവിതവശങ്ങളെ നിവൃത്തിയുള്ളിടത്തോളം വെളിപ്പെടുത്തി ഉത്തരം കൊടുക്കുന്നതിൽ ഞാൻ ബദ്ധശ്രദ്ധനായിരുന്നു. ഇപ്പോഴാകട്ടെ, ആ സഹായംതന്നെ കുറെക്കൂടി വിപുലമായവിധത്തിൽ പുസ്തകം മുഖാന്തിരം ചെയ്യുന്നതിനുള്ള ഒരവസരം ക്രമാഗതമായിരിക്കുന്നു. ഈ പുസ്തകം, ജീവിക്കുന്ന ക്രിസ്തുവിനെ മനുഷ്യാത്മാക്കൾക്കു നവീനമായി വെളിപ്പെടുത്തിക്കൊടുക്കുന്നതിനു ഒരു മുഖാന്തരമായിരിക്കണമെന്നാണു് എൻെറ അഭിവാഞ്ഛ. സർവ്വോപരി അവൻമുഖാന്തരം എൻെറ ജീവിതത്തിൽ വന്നിട്ടുള്ള അത്യാനന്ദം അന്യരിലേക്കും സംക്രമിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

## III

കഴിയുന്നിടത്തോളം, ആകർഷകങ്ങളായിത്തോന്നാവുന്ന പ്രക്ഷോഭജനകങ്ങളായ സംഗതികളിൽനിന്നും, കേവലം ശുഷ്കമായ വെറും ആശയവിതരണരീതിയിൽനിന്നും

ഞാൻ കഴിഞ്ഞിരിക്കും. അതിനുപകരം എത്രയും ലളിതമായ വിധത്തിൽ, ക്രിസ്തുവിൻെറ, സൌഖ്യമാക്കുന്നതും പുനർജീവിപ്പിക്കുന്നതുമായ ശക്തി എൻെറ ജീവിതത്തിൽ വിഭിന്നമായ സ്വഭാവവശങ്ങളെ ഏകീകരിച്ച ചില പ്രധാന സംഗതികളെ വിവരിക്കാം.

നമ്മുടെ ഗുരുവും കർത്താവുമായ ക്രിസ്തു നമ്മിൽനിന്ന് ആവശ്യപ്പെടുന്നതു വാക്കുകളല്ല, പ്രവൃത്തികളാണ്. അദ്ദേഹത്തിലുള്ള ഭക്തിതന്നെ, വാക്കുകളോ നിരൂപണങ്ങളോ അല്ല; പിന്നെയോ പ്രവൃത്തികളാണ്. അവൻെറ ആജ്ഞയനുസരിച്ച ഓരോരുത്തനു തെററെന്നു ബോധമുള്ളവയെ ഉപേക്ഷിക്കുന്നതാണ് ആദ്യത്തെ പ്രവൃത്തി. ശരിയായുള്ളതിനു നമ്മെ പ്രാപ്തിപ്പെടുത്തുന്ന അവൻെറ ശക്തിയിൽ നാം ആശ്രയിച്ചുകൊണ്ടാണ് ഇങ്ങനെ ചെയ്യേണ്ടതു്.

ജീവിതവ്യത്യാസവും പ്രത്യാശയും നൽകി ഉൽകൃഷ്ടമായ പ്രവൃത്തിപഥങ്ങളിലേക്കു ആനയിക്കത്തക്കതാണ് നമ്മുടെ ക്രിസ്തീയവിശ്വാസം എങ്കിൽ പിന്നീടു കൂടുതൽ തെളിവൊന്നും ആവശ്യമില്ല. എന്നാൽ സ്വാത്മരഹിതമായ ശുശ്രൂഷകളിലേക്കു മനുഷ്യബുദ്ധിയെ പ്രേരിപ്പിക്കുന്നതിനും പരിപക്വമാക്കുന്നതിനും അതിന് പ്രാപ്തി ഇല്ലെങ്കിൽ അതു ആദരണീയമല്ല. കാരം നശിച്ച ഉപ്പുപോലെ അതു നിഷ്പ്രയോജനമായിരിക്കും. പാറമേൽ അടിസ്ഥാനമിട്ട വീടുപോലെയല്ല, നേരെമറിച്ചു അതു മണലിൽ അടിസ്ഥാനമിട്ട വീടുപോലെ ഇരിക്കും.

ഈ പ്രവൃത്തി പരീക്ഷണം നിസ്സാരമെങ്കിലും വളരെ അഗാധമാണ്. ക്രിസ്തു അംഗീകരിക്കുന്ന സൂക്ഷ്മമായ ഏതെങ്കിലും ഒരു തോതുണ്ടെങ്കിൽ അതു ഇതുതന്നെയാണ്. മനുഷ്യരുടെ അന്തരംഗത്തിലെ നിസ്സാരവൈകല്യംപോലും കണ്ടുപിടിക്കുന്നതുവരെ ഒരു ഭിഷഗ്വരൻ രോഗപരീക്ഷണം ചെയ്യുന്നതുപോലെയാണ് ക്രിസ്തു പരീക്ഷണം നടത്തുന്നതു്.

ഒന്നാംശതാബ്ദത്തിൽ, ശിഷ്യന്മാരുടെ മനസ്സുതന്നെ അത്ഭുതകരമായ വിധത്തിൽ വ്യത്യാസപ്പെട്ടിരുന്നു എന്നുള്ളതു ത

ക്കമെററസംഗതിയാണു്. അവർ ക്രിസ്തുവിനോടുകൂടെയായിരുന്നു എന്നു കാണികൾ അവരെപ്പററി മനസ്സിലാക്കി. ആശ്ചര്യകരമായ സന്തോഷം അന്നു് ആരംഭിച്ചു. നാനാവശങ്ങളിലുമുണ്ടായിരുന്ന മറയെ ഭേദിച്ചിട്ടു ഒരു പുതിയ ജനനവും കഴിഞ്ഞു. ഒരു ശതവർഷത്തെ പഴക്കമുള്ള തഴക്കങ്ങൾ തന്നെയും കുറച്ചു വഷങ്ങൾകൊണ്ടു നശിക്കുന്നതാണു്. അക്ഷരാത്ഥത്തിൽതന്നെ ലോകത്തെ രൂപാന്തരപ്പെടുത്തത്തക്കവണ്ണം പ്രേരകശക്തിയുള്ളതും നവമായ ജീവനും സന്തോഷവും കൊടുക്കുന്നതുമായ ധീര പ്രവൃത്തികൾ മുഖാന്തിരം ജീവനുള്ള ദൈവത്തിൻെറ ആത്മാവു് എളിയവരായ സ്ത്രീപുരുഷന്മാരിൽകൂടി വെളിപ്പെട്ടിട്ടുണ്ടു്.

യേശുക്രിസ്തുവിൽ വ്യാപരിച്ചിരുന്ന ഈ ശക്തിയുടെയും സന്തോഷത്തിൻെറയും ആത്മാവു് എന്തെന്നുള്ളതാണു ഇന്നും എല്ലാ് രാജ്യങ്ങളിലും സാക്ഷീകരിക്കപ്പെടേണ്ടതു്. ഈ അത്ഥത്തിൽ വീയ്യപ്രവൃത്തികളുടെ യുഗം ഇതുവരെയും കഴിഞ്ഞിട്ടില്ല. ഈ പുരോഗമനം ഇന്നും സുസാധമാണു്. പക്ഷേ ഇന്നും "ആഴത്തിലേക്കു നീക്കി വലയിറക്കുക" എന്നു് അവൻ ആജ്ഞാപിക്കുമ്പോൾ, നാം അവിശ്വാസികളും ഭീരുക്കളുമായിരിക്കുന്നു.

എൻെറ സ്വന്ത അനുഭവവും ഇതുതന്നെയാണു്. എങ്ങനെയെന്നാൽ പ്രതിദിനജീവിതത്തിൽ ദൈവഹിതമനുസരിച്ചു പരമാത്ഥമായി ജീവിക്കുവാൻ ശ്രമിക്കുന്തോറും യേശുക്രിസ്തുവിനെക്കുറിച്ചുള്ള ദശനത്തിൽ എനിക്കു കൂടുതൽ പ്രകാശനം ലഭിച്ചിട്ടുണ്ടു്. 'അന്വേഷിപ്പിൻ കണ്ടെത്തും; മുട്ടുവിൻ തുറക്കും' എന്ന വാക്കുകളുടെ യാഥാത്ഥ്യം പ്രത്യക്ഷപരീക്ഷണംകൊണ്ടുതന്നെ തെളിഞ്ഞിരിക്കുന്നു. സവ്വ സംശയങ്ങളെയും ബലഹീനതകളെയും ജയിക്കുന്ന ആന്തരികവിശ്വാസത്തിന്നനുസരണമായി ജീവിച്ചതുകൊണ്ടു എൻെറ മാനുഷിക ഇച്ഛാശക്തിയെ ആശ്രയിക്കുന്നതുമൂലം ഒരിക്കലും സാധിക്കാത്ത പല സംഭവങ്ങളും ഉണ്ടായിട്ടുണ്ടു്. ഇതിൽ ദൈവികപ്രമാണത്തിൻെറ പൂത്തീകരണം അല്ലാതെ വൈപരീ

ത്യമായി യാതൊന്നുമില്ല. ഇങ്ങനെയുള്ള വിശ്വാസമാകട്ടെ ആന്തരികമായുള്ള ദിവ്യതൃഷ്ണയാകുന്ന നമ്മുടെ ആത്മാവിന്റെ ഉൽക്കൃഷ്ടതത്തെ പ്രവൃത്തിരൂപത്തിൽ വ്യക്തമാക്കുന്നു എന്നു മാത്രമേ ഉള്ളൂ. ക്രിസ്തുവിന്റെ വാക്കനുസരിച്ചു പരമാത്മ ഹൃദയത്തോടുകൂടി വിശ്വാസമാകുന്ന ഈ ധീരപരാക്രമത്തിന് ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ളവർ ആരും ഒരിക്കലും പരാജിതരായിട്ടില്ല.

## IV

ഞാൻ ഈ പുസ്തകം എഴുതിത്തുടങ്ങിയ ആദ്യഘട്ടത്തിൽ ഭയവും സംശയവും ഉണ്ടായിരുന്നുവെങ്കിലും പിന്നീട് അത്യുത്സാഹപൂർവ്വം അതിലേർപ്പെടുവാൻ തക്കവണ്ണം അതിന്റെ വിഷയം എന്നെ ബലാൽ ആകർഷിച്ചുകൊണ്ടിരുന്നു. യഥാർത്ഥത്തിൽ നടന്നതു് എന്താണെന്നു വേണ്ടപോലെ മനസ്സിലാകാതെയാണിരുന്നതെങ്കിലും, ആത്മാവിലും സത്യത്തിലും വീക്ഷണം ചെയ്യുന്നപക്ഷം, പാപമരണങ്ങളിൽനിന്നും ഉദ്ധരിക്കുന്ന ആ ദിവ്യ വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ പരിശുദ്ധസ്നേഹത്തിന്റെ പ്രതിഫലനം എന്നതുപോലെയാണു് ഈ ഗ്രന്ഥം പരിണമിച്ചിരിക്കുന്നതു്. ബാഹ്യമായി നിസ്സാരന്മാരെന്നു തോന്നിയാലും ക്രിസ്തു നടത്തിയിടത്തൊക്കെയും പുതിയതും അപരിചിതങ്ങളുമായ വിവിധ പാതകളിൽക്കൂടി അവനെ അനുഗമിച്ച ആദ്യശതാബ്ദത്തിലെ സ്ത്രീപുരുഷന്മാരുടെ ശക്തിയുടെ രഹസ്യവും ഇതുതന്നെയായിരുന്നു.

നാല്പതുവർഷം മുമ്പു് എന്റെ മാനസാന്തരകാലത്തു ക്രിസ്തുവിനോടുണ്ടായ ആദ്യസ്നേഹം മങ്ങിപ്പോകാതെ നിലനിൽക്കുന്നതിനു്, പ്രവൃത്തികൾ മുഖാന്തിരം വ്യക്തമാക്കപ്പെട്ട ഒരാകാംക്ഷ ജീവിതത്തിന്റെ ഓരോ മുഖ്യ ഘട്ടങ്ങളിലും ഉണ്ടായിരുന്നതായി ഞാൻ ഓർക്കുന്നുണ്ടു്. ആദിമക്രിസ്ത്യാനികളുടെ ആ സന്തോഷത്തിന്റെയും ശക്തിയുടെയും ആന്തരികമായ ഒരനുഭവം പ്രദാനംചെയ്തുകൊണ്ടു് എന്നെ സംബന്ധിച്ചിടത്തോളം 'ആദ്യത്തെനൂററാണ്ടു' അതുതന്നെയായിരുന്നു.

പുറകോട്ട നോക്കുമ്പോൾ ആദ്യസ്നേഹത്തിലേക്ക് എന്നെ അടുപ്പിക്കുന്നതിനു ശ്രമിച്ച സംശയങ്ങളാകുന്ന കൊടുങ്കാറ്റുകളെ ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. ഇന്നുതന്നെയും ബലഹീനമായ എൻെറ യാനപാത്രം തിരമാലകളുടെ മുകളിൽ എത്തുന്ന അവസരങ്ങളിൽ, അതു ലക്ഷ്യമാക്കിയിരിക്കുന്ന മറുകര, ദർശനങ്ങളിലും സ്തുതികളിലും മാത്രമേ സൂക്ഷ്മമായി ദർശിക്കുന്നുള്ളു. എന്നാൽ നൌകയെ നീർച്ചാലിൽ പതിപ്പിച്ച തിരകൾ മുക്കിക്കളയാൻ ഭാവിക്കുമ്പോൾ, പ്രത്യാശയിൽ പരിപൂർണ്ണമായി ഉറച്ചുനിൽക്കുന്നതിനു് വിശ്വാസത്തിൻെറ സകല ശക്തികളും ആവശ്യമാണു്. എൻെറ കാര്യത്തിൽ ഈ പോരാട്ടം നിരാശയ്ക്കല്ല, പ്രത്യുത സന്തോഷത്തിന്നാണു് ഹേതുവായിത്തീർന്നിട്ടുള്ളതു്; കാരണം, എൻെറ വിശ്വാസനേതാവു് എൻെറ സമീപത്തുണ്ടെന്നു് എനിക്കു പൂർണ്ണ നിശ്ചയമുണ്ടു്. സർവ്വശക്തിയുള്ള തൃക്കൈതന്നെ ചുക്കാൻപിടിച്ചിരിക്കുന്നു. 'ധൈര്യമായിരിക്ക' എന്ന അവൻെറ നേരിയ സ്വരം കൊടുങ്കാററിൻെറ മദ്ധ്യത്തിലൂടെ പ്രതിദ്ധ്വനിക്കുന്നു. അവസാനത്തിൽ അവൻെറ നടത്തിപ്പിൽ തുറമുഖത്തു ചെന്നെത്തുകയും ചെയ്യും.

പാശ്ചാത്യദേശത്തുനിന്നുള്ള എൻെറ ദീർഘവിയോഗത്തിനുശേഷം പൂർവ്വകാലത്തെപ്പോലെ, ക്രിസ്തുവിലുള്ള പ്രേമം വിശേഷാൽ യുവലോകത്തിൽ ചെയ്യുന്ന ഈ കൃപയുടെ അത്ഭുതങ്ങൾ കാണുന്നതു് എനിക്കു അത്യന്തസന്തോഷവും പ്രോത്സാഹജനകവുമാണു്. ശിഥിലമായ ഒരു ലോകത്തിൽ അതു പുതിയ പ്രത്യാശയെയും വിശ്വാസത്തെയും ഉളവാക്കുന്നു. മനുഷ്യജീവിതത്തിലേക്കു സന്തോഷം വീണ്ടും പ്രവേശിച്ചിരിക്കുന്നു. ഓക്സ്ഫോഡ് കൂട്ടായ്മ സംഘത്തിലും (Oxford Fellowship) ലോകൈക ക്രിസ്തീയ വിദ്യാർത്ഥി മൈത്രിയിലും (World Student Christian Federation) പല രാജ്യങ്ങളിലുമുള്ള യുവജനങ്ങളിലും, പ്രത്യേകിച്ചു ദക്ഷിണാഫ്രിക്ക, കാനഡ, ഐക്യനാടു എന്നിവിടങ്ങളിലെ കോളജ് വിദ്യാർത്ഥികളിലും പ്രത്യക്ഷമായ ക്രിസ്തീയാത്മാവിൻെറ ശക്തിയു

ടെ യാഥാൎത്ഥ്യത്തെക്കുറിച്ചുള്ള ബോധം, പുരോഗമനത്തിൽ എന്നെ ധൈൎയ്യപ്പെടുത്തുന്നു. തങ്ങളുടെ സ്വന്തജീവിതത്തിൽ ക്രിസ്തീയക്കൂട്ടായ്മയുടെ ഈ ജീവിപ്പിക്കുന്ന ശക്തി അനുഭവിച്ചറിഞ്ഞിട്ടുള്ള എല്ലാവരോടും, ഈ പുസ്തകത്തിൽ സ്വീകാൎയ്യമായിട്ടുള്ളതൊക്കെയും എടുത്തു ക്രിസ്തുവിൻെറ ശുശ്രൂഷയ്ക്കു പ്രയോജനകരമാക്കിത്തീൎക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. എന്തെന്നാൽ ഞാൻ എഴുതാൻ ഒരുമ്പെട്ടതു് എൻെറ നാമത്തിലല്ല, പിന്നയോ നമ്മുടെ സമാധാനമായിരിക്കുന്നവൻെറ നാമത്തിലാണു്.

## V

ആപ്തമിത്രങ്ങളാൽ ദൈവം എന്നെ അനുഗ്രഹിച്ചതുകൊണ്ടു അനശ്വരമായ ഒരു സന്തോഷം എനിക്കുണ്ടായി. അതിനുവേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എൻെറ മാൎഗ്ഗത്തിൽ അത്യധികസഹായമായിരുന്നിട്ടുള്ളതു ഇവരാണു്. ഉത്തമമിത്രമായ ക്രിസ്തുവിനെക്കുറിച്ചു എൻെറ ഹൃദയത്തിൽ തിങ്ങി വളൎന്നുകൊണ്ടിരുന്ന പ്രേമമാണു് ഈ മൈത്രിയുടെ ഉത്ഭവത്തിനും വളൎച്ചയ്ക്കും ഹേതുഭൂതമായതു്.

വിദൂരദേശങ്ങളിലുള്ള എൻെറ അത്യന്തസ്നേഹിതന്മാരിൽ ചിലർ മുസ്ലീമിങ്ങളും ഹിന്ദുക്കളുമാണു്. ഏകദേശം മുപ്പതു വൎഷങ്ങൾക്കു മുമ്പേ ഞാൻ ഇൻഡ്യയിലേക്കു പോയപ്പോൾ ഉണ്ടായിരുന്നതിലും അധികം തെളിഞ്ഞതും വിസ്തൃതവുമായ ഒരുദൎശനം എന്നിൽ ഉണ്ടാക്കിയതു അവരുടെ നിസൎഗ്ഗവും ഉൽകൃഷ്ടവുമായ സ്നേഹമാണു്. പരമരഹസ്യങ്ങളായി സൂക്ഷിച്ചിരുന്ന സംഗതികളെക്കുറിച്ചുപോലും യാതൊന്നും മറച്ചുവയ്ക്കാതെ ഞങ്ങൾ അന്യോന്യം ഹൃദയം തുറന്നുതന്നെ സംസാരിച്ചു. ഹൃദയപൂൎവ്വമായ സ്നേഹമുണ്ടെങ്കിൽ മാത്രമെ നിഷ്കപടമായ ഈ സ്വാതന്ത്ര്യമുണ്ടാകയുള്ളു. ജാതിമതഭേദങ്ങളാകുന്ന സൎവ്വ തടസ്സങ്ങളെയും അതിലംഘിക്കുന്നതിനു് എനിക്കു ധാരാളമായി നൽകിയ ദിവ്യ സ്നേഹത്തിനുവേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ഇപ്രകാരം ഒരമൂല്യദാനം എനിക്കു ദൈവത്തിങ്കൽനിന്നുതന്നെ വന്നുചേൎന്നു. പൌരസ്ത്യഹൃദയത്തിൽ പ്രവഹിക്കുന്ന ധ്യാനനിൎഝരികളെ കണ്ടുപിടിക്കുന്നതിന്നു് അതു എനിക്കു പ്രാപ്തിനൽകി. പഠിപ്പിക്കേണ്ടതിന്നു് ഞാൻ തിരിച്ചു; എന്നാൽ എന്നെക്കാൾ, പൂൎണ്ണഹൃദയത്തോടെ ദൈവയിഷ്ടത്തിന്നു് തങ്ങളെത്തന്നെ വിധേയരാക്കിക്കൊടുത്ത ആ പരിശുദ്ധന്മാരുടെ കാല്ക്കൽ എന്നെത്തന്നെ ഒരു പഠിതാവായിട്ടാണു് തുടരെ ഞാൻ കണ്ടിട്ടുള്ളതെന്നു വിനീതമായി സമ്മതിക്കാതെ തരമില്ല. ഇതുപോലെയുള്ള പല അനുഭവങ്ങളുടെ ശേഷം മുമ്പേ ചെയ്യാറുള്ളതുപോലെ, ക്രിസ്തീയവിശ്വാസത്തിന്നു സൂക്ഷ്മമായ ഒരു പരിധി കല്പിക്കുന്നതിന്നു് ഇപ്പോൾ ഞാൻ ഒരുമ്പെടുകയില്ല. അതുമാത്രമല്ല, ഇതുമൂലം ഇതരമതങ്ങളെക്കുറിച്ചു എനിക്കൊരു നവീന ദൎശനവും ഉണ്ടായിരിക്കുന്നു. വിശേഷിച്ചും, "തെക്കുനിന്നും വടക്കുനിന്നും അനേകർ വന്നു ദൈവരാജ്യത്തിൽ പന്തിയിരിക്കും, എന്നാൽ രാജ്യത്തിന്റെ പുത്രന്മാരെയോ തള്ളിക്കളയും" എന്നു ക്രിസ്തു തന്റെ ശിഷ്യന്മാരോടു് അരുളിച്ചെയ്ത മൊഴികൾ എന്റെ ഓൎമ്മയിൽ വരുന്നു.

ഡൽഹിയിലുള്ള കേംബ്രിഡ്ജ് സഹോദരസംഘത്തിലെ (Cambridge Brotherhood) അംഗങ്ങളിൽ ഒരാൾ അദ്ദേഹത്തിന്റെ മരണത്തിന്നു് അല്പംമുമ്പേ ഒരന്ത്യസന്ദേശം എനിക്കു തന്നു. അതു് ഇപ്രകാരമായിരുന്നു:—"ദൈവത്തിൽ പരിപൂൎണ്ണമായി വിശ്വസിക്കയും, അവന്റെ ഹിതാനുസരണം പ്രവൎത്തിക്കണമെന്നു യഥാൎത്ഥമായി വാഞ്ഛിക്കയും ചെയ്യുന്നവരുമായി വാഗ്വാദങ്ങളിൽ ഏൎപ്പെടാതെ, അങ്ങിനെയുള്ളവരെ തേടിപ്പിടിച്ചു സ്നേഹപാശത്താൽ ബന്ധിക്കയാണു നാം ചെയ്യേണ്ടതു്. മാത്രമല്ല, ഇന്നു ലോകം മുഴുവൻ ഭൌതികസുഖാനുഭൂതിയിൽ നിമഗ്നമായിരിക്കുന്നതിനാൽ നാം സൎവ്വോപരി സംരക്ഷിക്കേണ്ട ദൈവവിശ്വാസമാകട്ടെ ഊൎദ്ധ്വശ്വാസം വലിച്ചുതുടങ്ങിയിരിക്കുന്നു. അന്യോന്യം ഈശ്വരവിശ്വാസത്തെ സംവൎദ്ധമാക്കേണ്ടതിന്നുപകരം നാം അ

തിനെ ക്ഷീണിപ്പിക്കുകയാണു ചെയ്യുന്നതു്. അതുകൊണ്ടു കുറച്ചുനാൾക്കൂടെ ഇൻഡ്യയിൽ ജീവിക്കത്തക്കവണ്ണം ഒരായുസ്സു കൊണ്ടു ഞാൻ അനുഗൃഹീതനാകുന്നപക്ഷം ദൈവശുശ്രൂഷയ്ക്കായി അതുപയോഗിക്കത്തക്കവണ്ണം യത്നിക്കുമായിരുന്നു".

ഇതുവരെ പരിചയപ്പെട്ടിട്ടുള്ള വിശ്വസ്ത ക്രിസ്തുദാസന്മാരിൽ ഒരാളായ ഇദ്ദേഹം തൻെറ മരണശയ്യയിൽ കിടന്നുകൊണ്ടുച്ചരിച്ച ഈ അന്ത്യവചനങ്ങൾ വിസ്മരിക്കുന്നതിനു് ഞാൻ പ്രാപ്തനല്ല. മാർഗ്ഗീയകലഹങ്ങളിൽനിന്നും തത്സംബന്ധമായ അഭിപ്രായഭേദങ്ങളിൽനിന്നും രക്ഷപ്രാപിക്കുന്നതിനു് പലപ്പോഴും എനിക്കു മുഖാന്തിരമായിരുന്നിട്ടുള്ളതു ഇവരാണു്. ലോകത്തിലെ ഘോരമായ നാശകശക്തികളിൽ ഒന്നായ മതവിദ്വേഷവഹ്നി ഉജ്ജ്വലിപ്പിക്കത്തക്കവണ്ണം എന്നിൽനിന്നു് ഒരു വാക്കുപോലും നിർഗ്ഗമിക്കരുതേ എന്നുള്ളതു് എൻെറ ഒരത്യാശയാണു്. "സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിൻെറ പുത്രന്മാരെന്നു വിളിക്കപ്പെടും" എന്നാണല്ലോ ക്രിസ്തുവചനവും. ഈ പുസ്തകത്തിൻെറ സാദ്ധ്യവും ഇതുതന്നെയായിരിക്കട്ടെ.

പൌരസ്ത്യ മതാവലംബികളുമായുള്ള ഈ മൈത്രീബന്ധംമൂലം, ക്രൈസ്തവവിശ്വാസത്തെപ്പററി പ്രസംഗകോലാഹലങ്ങൾ നടത്തുന്നതിലും എത്ര അധികം സഫലമായിട്ടുള്ളതാണു്, നിശ്ശബ്ദമായും പ്രശാന്തമായും പ്രസ്തുത വിശ്വാസം പ്രവൃത്തിയായി മാററുന്നതു് എന്നുള്ള ഉത്തമബോധത്തിലേക്കു ഞാൻ വന്നെത്തിയിരിക്കുന്നു. ക്രിസ്തുവിനെക്കുറിച്ചുള്ള ആ ശാന്തസാക്ഷ്യമാണു് വേഗം മനസ്സിലാകുന്നതു്. ബാഹ്യസ്ഥാപനകളിൽ മാത്രമുള്ള വിജയം, തലചായ്പാനിടമില്ലാതെ സഞ്ചരിക്കയും ത്യാജ്യനായി കുരിശുമരത്തിൽ മരിക്കയും ചെയ്ത ആ രക്ഷിതാവിൻെറ ഏകാന്തരൂപത്തിൽനിന്നു് നമ്മുടെ ഹൃദയങ്ങളെ അന്യത്ര ആകർഷിച്ചുകളയുന്നു. പൌരസ്ത്യർക്കു് അവരുടെ അരിഷ്ടതയിലും യേശുവിൻെറ സ്നേഹത്താൽ അവൻെറ ക്രൂശാണു് അധികം ആകർഷണീയമായിട്ടുള്ളതു്.

## VI

ക്രൈസ്തവരായ നാം തന്നെ സഭയിൽ സൃഷ്ടിച്ചുവെച്ച ചില പ്രതിബന്ധങ്ങളെ നിഷ്കാസനംചെയ്ത് ഒരു പുതിയ മാർഗ്ഗത്തിലേക്കു തിരിയുന്നതിലുള്ള ആന്തരികപോരാട്ടങ്ങളിൽ എൻെറ ആയുസ്സിൻെറ പകുതി ഭാഗവും വ്യയംചെയ്യേണ്ടതായി വന്നു. പാശ്ചാത്യർ അവരുടെ മാർഗ്ഗകാര്യങ്ങളിലും രാഷ്ട്രീയരായിരിക്കുന്നു എന്നുള്ളത് അത്ഭുതംതന്നെ. ബാഹ്യമായ മതാനുഷ്ഠാനങ്ങളുടെ ഭയങ്കര ആക്രമണംമൂലം ആത്മാവിൻെറ സ്വാതന്ത്ര്യം നഷ്ടപ്രായമായിത്തീർന്നിരിക്കുന്നു.

ഞാൻ ഇംഗ്ലണ്ടിൽ ആയിരുന്നപ്പോൾ ഇതു എനിക്കു മനസ്സിലായിരുന്നില്ല. ജനനംമുതൽ പഞ്ജരബദ്ധനായ ഒരു പക്ഷിയെപ്പോലെ ഞാൻ എൻെറ ചിറകുകളുടെ പ്രയോഗം പരീക്ഷിച്ചുനോക്കിയിട്ടില്ലായിരുന്നു; മാത്രമല്ല പക്ഷങ്ങളെ വിരിച്ചു സ്വച്ഛന്ദം വായുവിൽ പറക്കുന്നതു എന്താണെന്നുപോലും യഥാർത്ഥമായി ഞാൻ അറിഞ്ഞിരുന്നില്ല. ഒരു High Church സഭാംഗം എന്ന നിലയിൽ എൻെറ ആത്മികസ്നേഹത്തിൻെറ ദുർബ്ബലമായ അതിർത്തിക്കു പുറത്തുള്ള ദൈവത്തിൻെറ അളവററ കൃപയെക്കുറിച്ചു ഞാൻ അഭിമാനപുരസ്സരം പറയുക പതിവായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ, ഞാൻ തിരിഞ്ഞുനോക്കുമ്പോൾ ഇതൊക്കെയും എത്രകണ്ടു ഗർഹണീയങ്ങളായിരുന്നുവെന്നു തോന്നുന്നു. എൻെറ പരിസരങ്ങൾ വ്യത്യാസപ്പെട്ടില്ലായിരുന്നുവെങ്കിൽ ഇപ്രകാരം ദൈവത്തിൻെറ വിസ്തൃത വെളിമ്പറമ്പിൽ ഞാൻ വന്നെത്തുകയില്ലായിരുന്നു എന്നും എനിക്കറിയാം. സുശീൽകുമാരരുദ്ര, രവീന്ദ്രനാഥടാഗോർ, മോഹൻദാസ് ഗാന്ധി മുതലായ മഹാന്മാരോടുള്ള സമ്പർക്കം എന്നെ വേണ്ടവണ്ണം ചലിപ്പിച്ചു. കേന്ദ്രത്തിൽനിന്നു തെററിയ, വിലക്ഷണവും പ്രത്യക്ഷവുമായ ഒരു ജീവിതദർശനം അവരുടെ മുമ്പിൽ ഞാൻ പുലർത്തുക എന്നതു അചിന്ത്യമായിരുന്നു. മതത്തിൻെറ ഇവ്വിധമായ ബാഹ്യസംഗതികളിലുള്ള ചാർച്ചയിൽനിന്ന് വി

1053

മുക്തനാകുന്നതിനും സത്യസ്നേഹാദികളുടെ കേന്ദ്രമായ ആത്മസ്വാതന്ത്ര്യം കരസ്ഥമാക്കുന്നതിനും പഠിപ്പിച്ചതിൽ, സജീവമിത്രങ്ങളിൽ രവീന്ദ്രനാഥടാഗോറിനോടു ഞാൻ അധികം കടപ്പെട്ടിരിക്കുന്നു. ഇതുഹേതുവായി യേശുക്രിസ്തുവിലുള്ള എൻെറ ഭക്തിക്കു വികാസം വന്നിട്ടുള്ളതല്ലാതെ അല്പമെങ്കിലും വൈകല്യം ഉണ്ടായിട്ടില്ല. എനിക്കു യേശുക്രിസ്തു ഒരു സാർവ്വത്രികപുരുഷൻ—അതേ, മനുഷ്യപുത്രൻ—ആയിരിക്കുന്നു.

ഒരു സുവ്യക്ത ദർശനവേളയിൽ മനുഷ്യപുത്രനായ സാർവ്വത്രികക്രിസ്തു അസാധാരണവിമോചകനാണെന്നു കാണുന്നതിന്നിടയായി. അന്നുമുതൽ കക്ഷിത്വത്തെ വിദൂരത്തിൽ വലിച്ചെറിയുന്നതിന്നു ഞാൻ സന്നദ്ധനായി. കക്ഷിത്വം എന്നതു് ദൈവത്തിൽനിന്നല്ല മനുഷ്യനിൽനിന്നുമാത്രം ഉത്ഭവിച്ചിട്ടുള്ളതാണു് എന്നു ഞാൻ ഗ്രഹിച്ചു.

അതിൻെറ ശേഷം കർത്താവായ യേശുക്രിസ്തുവിനെ ഹൃദയംഗമമായി സ്നേഹിക്കുന്ന ആരോടുകൂടെയും വിശുദ്ധ സംസർഗ്ഗത്തിൽ പങ്കെടുക്കുന്നതു് എനിക്കു അത്യന്തം സന്തോഷപ്രദമാണു്. ആഭ്യന്തര സന്തോഷസംവദ്ധകമായിരിക്കുന്നതല്ലാതെ വിശുദ്ധ മേശയിൽ സംബന്ധിക്കുന്നതു് എൻെറ ക്രിസ്തീയഭക്തിയിൽ ഒരു പ്രധാന ചടങ്ങല്ല എന്നു് എനിക്കു ഒരിക്കലും തോന്നിയിട്ടില്ല.

അതിനുംപുറമേ അനുഭവത്താൽ കുറെക്കൂടെ വിസ്തൃതമായ ഒരു കൂട്ടായ്മ ഞാൻ കണ്ടെത്തി. ലോകത്തിലെ ഉൽകൃഷ്ടമതങ്ങളിലെ ദിവ്യഭക്തന്മാരോടും വിദൂരദേശങ്ങളിലുള്ള അനേകായിരങ്ങളുടെ ഹൃദയാന്തർഭാഗങ്ങളിൽ ദിവ്യപരിശുദ്ധതയാകുന്ന ആ ദീപം പുലർത്തിയ പലരോടും ഒരാത്മികബന്ധം ഉണ്ടായി. ഈ ബന്ധത്തെ വിപുലമാക്കണമെന്നും ദൈവനാമത്തെ അശ്ലീലമാക്കുന്ന മതവിദ്വേഷപിശാചിയെ നിഷ്കാസനം ചെയ്യണമെന്നുമാണു് അടുത്ത വർഷങ്ങളിലെ എൻെറ ആകാംക്ഷ. ഈ വാഞ്ഛയ്ക്കു ഞാൻ ക്രിസ്തുവിനോടു കടപ്പെട്ടിരിക്കുന്നു.

## VII

ഈ കഴിഞ്ഞ വഷങ്ങളിലെല്ലാം ചണ്ഡവാതങ്ങളിലും ബുദ്ധിമുട്ടിലും കൂടി ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നതു്, ക്രിസ്തുമുഖാന്തിരം നമുക്കു വെളിപ്പെടുത്തിയിരിക്കുന്ന ആ ദൈവസ്വഭാവമായിരുന്നു. ക്രിസ്തു പഠിപ്പിച്ചവണ്ണം ദിവ്യപ്രകൃതിയോടും സ്വഭാവത്തോടും കൂടിയ നമ്മുടെ സ്വഗ്ഗസ്ഥപിതാവു, ഒരു പ്രത്യേക ജാതിയുടെയോ സമുദായത്തിൻെറയോ വിശ്വാസത്തിൻെറയോ മാത്രം പിതാവല്ല, പ്രത്യുത സവ്വമനുഷ്യരുടെയും പിതാവാണെന്നുള്ളതാണു് ഉപദേശത്തിൻെറ സാക്ഷാത്തായ അത്ഥം. അവിടുന്നു് ഒരു കുലദൈവമല്ല; സമുദായഭേദത്തിൽ സന്തോഷം പ്രദശിപ്പിക്കുന്നവനുമല്ല. അവിടുന്നു് മനുഷ്യവഗ്ഗത്തെ സ്നേഹിക്കുന്നു എന്നല്ലാതെ യാതൊരു പ്രത്യേക ജാതിയോടും ബന്ധിക്കപ്പെട്ടിരിക്കുന്നില്ല. തൻെറ കാരുണ്യം സവ്വസൃഷ്ടിയിലും പരിലസിക്കുന്നതും തൻെറ നന്മയെ സവ്വ മനുഷ്യപുത്രരേയും അറിയിച്ചിരിക്കുന്നതും ആകുന്നു. അവൻ പക്ഷഭേദമില്ലാത്തവനും തന്റെ അലക്ഷ്യമാക്കുന്നവരെപ്പോലും പ്രേമതൃക്കരങ്ങളിൽ വാത്സല്യഭാജനങ്ങളെന്നവണ്ണം താലോലിക്കുന്നവനും ആകുന്നു.

ഇതു വെറും പ്രാഥമികപാഠങ്ങളെങ്കിലും അതു സമഷ്ടിയായി പഠിക്കുന്നതിനു് എത്ര ദീർഘസമയം ഞാൻ ചെലവാക്കി! അന്തരിക്ഷത്തിൽ സൂര്യൻ വെണ്മയോടുകൂടി ശോഭിക്കുന്നുവെന്നുള്ളതു എത്രമാത്രം വാസ്തവമോ അതുപോലെ ഈ സാവ്വത്രികസത്യവും എനിക്കു യഥാത്ഥമായിരിക്കുന്നു. അന്യവ്യവസ്ഥകളിലൂടെ ദൈവത്തെപ്പററി ചിന്തിക്കുന്നതിനു് എനിക്കു സാധിക്കുന്നില്ല.

സഭയുടെ ആദ്യന്തുററാണ്ടിൻെറ ഒരന്ത്യഘട്ടത്തിൽ തിന്മയുടെയും കലഹത്തിൻെറയും കാർമേഘപടലങ്ങൾകൊണ്ടു ആത്മിക ആകാശമണ്ഡലം നിറയുകയും കക്ഷിത്വവും ഭിന്നിപ്പുകളും അതിൻെറ ചക്രവാളപ്രദേശങ്ങളെ അന്ധകാരാവൃതമാക്കിത്തീക്കയും ചെയ്ത ഘട്ടത്തിൽ, വന്ദ്യവയോധിക

നായ യോഹന്നാൻ എഫെസൂസിൽവെച്ചു, എഴുതിയ തൻെറ ലേഖനത്തിൽ, ക്രിസ്തു ഏതൊരു പ്രമാണത്തെ പുലൎത്തുന്നതിന് ക്രൂശുമരണം അനുഭവിച്ചുവോ സാൎവ്വത്രികമായ ആ പരമ സത്യത്തെ ഉൽഘോഷിക്കുന്നു.

പ്രശാന്തഗംഭീരസ്വരത്തിൽ അദ്ദേഹം എന്താണു പ്രസ്താവിക്കുന്നതു്? "പ്രിയമുള്ളവരെ നാം അന്യോന്യം സ്നേഹിക്കുക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു; സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു; ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹംതന്നെ."

നന്മയല്ലാതെ ഇതിൽ യാതൊരതിരുമില്ല. പ്രസ്തുത വാക്കുകൾ വാസ്തവവും സ്വതന്ത്രവുമാണു്. ഈ നിത്യസാരം മനസ്സിലായെങ്കിൽ മാത്രമേ ക്രൈസ്തവവിശ്വാസം അതിൻെറ സ്ഥാപകൻെറ ഉദ്ദേശാനുസാരം സാൎവ്വലൌകികമാകയുള്ളു.

## VIII

ഈ പുസ്തകത്തിൻെറ കൈയെഴുത്തുപ്രതി നിക്ഷേപിച്ചിരുന്ന തോൽസഞ്ചി അമേരിക്ക മുതൽ അനേക ഭൂഭാഗങ്ങളിലും എൻെറ സഹചാരിയായിരുന്നു. പല ഗൃഹങ്ങളിൽ വെച്ചാണു് അതിൻെറ പേജുകൾ എഴുതിത്തീൎത്തതു്. ആ പ്രിയഭവനങ്ങളുടെ പേരുകൾ നന്ദിപൂൎവ്വം എൻെറ മനോദൎപ്പണത്തിൽ പ്രതിബിംബിക്കുന്നുണ്ടു്. ഇതിൻെറ പല ഖണ്ഡികകളും എഴുതിത്തീൎന്നതു സാധാരണയായി പ്രഭാതവേളയ്ക്കു മുമ്പാണു്. വളരെ രാത്രി ചെല്ലുന്നതുവരെ ഇരുന്നിട്ടുള്ളതും ഒരപൂൎവ്വസംഗതിയല്ല. ക്രിസ്തുവിനെ വളരെ യഥാൎത്ഥമായി വിശ്വസിക്കുന്ന സാധുക്കളാണു് എൻെറ ഈ സംരംഭങ്ങളിൽ അധികം അനുകമ്പ കാണിച്ചിട്ടുള്ളതു്. അവരോടു ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു. ഞാൻ അവരുടെ ഇടയിൽ താമസിച്ചിരുന്നപ്പോഴൊക്കെയും ഈ കഥ ക്രമാതീതമായി വളൎന്നുകൊണ്ടിരുന്നു. അവർ ഈ പുറങ്ങൾ വായിക്കയും തങ്ങളുടെ കഠിനാദ്ധ്വാനങ്ങളിൽ ആനന്ദാമൃതത്തിൻെറ ഒരു ക

ണം എങ്കിലും അതിൽ കണ്ടെത്തുകയും ചെയ്യുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

ആദ്യഭാഗങ്ങൾ ഞാൻ ബ്രിട്ടീഷ്കെനിയയിലും ടിനിഡാഡിലുമുള്ള ഇൻഡ്യാക്കാരുടെ ഇടയിൽ താമസിച്ചിരുന്നപ്പോൾ എഴുതിയതാണു്. അവർ വ്യാവസായികപരിശീലനത്തിനുള്ള ഉടമ്പടിയുടെ പരുഷവ്യവസ്ഥകളനുസരിച്ചു് ഇൻഡ്യയിൽനിന്നു പോയവരാണു്. അവരുടെ സ്വാതന്ത്ര്യം അവൎക്കു തിരിച്ചുകിട്ടിയിട്ടു് അല്പകാലമേ ആയിട്ടുള്ളു. അവരുടെ നിസ്സീമസ്നേഹം എന്നെ വല്ലാതെ സ്പൎശിച്ചു.

വെസ്റ്റുഇൻഡീസിൽനിന്നു ഞാൻ നേരേ അമേരിക്കയിലേക്കു പോയി. അവിടെ തെക്കേ കറോളിനിയുടെ തീരപ്രദേശങ്ങളിൽനിന്നു് വളരെ ദൂരെ സ്ഥിതിചെയ്യുന്ന സെൻറു ഹെലീനാദ്വീപിലുള്ള നീഗ്രോവൎഗ്ഗക്കാരോടൊരുമിച്ചു ജീവിക്കുന്നതിനും അപ്പോൾ ആദ്യത്തെ അദ്ധ്യായങ്ങൾ പരിശോധിക്കുന്നതിനും സാധിച്ചു. ക്രിസ്തുമസ്സുകാലത്തു അവരുടെ കളികളിലും കീൎത്തനങ്ങളിലും അവർ പ്രദൎശിപ്പിച്ച ശ്രദ്ധയും നിൎമ്മലഭക്തിയും സൂക്ഷിക്കുന്നതിനു് അവസരം കിട്ടിയതു ഞാൻ ഒരഭിമാനമായി കരുതുന്നു. ഇപ്രകാരം ഒരു പുസ്തകം എഴുതുന്നതിനു് അതിലും ഉത്തമമായ ഒരിടം കാണുന്നതു ശ്രമസാദ്ധ്യമായ ഒരു സംഗതിതന്നെയാണു്. പക്ഷെ എനിക്കു് അവിടം വിടേണ്ടതായി വന്നു. ഈ ഗ്രന്ഥം അവൎക്കു സമൎപ്പിക്കണമെന്നായിരുന്നു ഞാൻ ആദ്യം വിചാരിച്ചിരുന്നതു്. എന്നാൽ ക്രിസ്തുവിനോടു ഞാൻ ബാദ്ധ്യസ്ഥനായതു് എൻെറ മാതാപിതാക്കളിൽക്കൂടിയാണല്ലോ; അതുകൊണ്ടു് അവരോടാണല്ലോ അധികം കടംപെട്ടിരിക്കുന്നതു് എന്നു് എനിക്കു ഓൎമ്മവരികയും അവരുടെ സ്മാരകമായി സമൎപ്പണം അവരുടെ നാമത്തിൽ സാധിതമാക്കുകയും ചെയ്തിരിക്കുന്നു.

1930-ൻെറ അധികഭാഗവും ഞാൻ സുപ്രസിദ്ധകവിയായ രവീന്ദ്രനാഥടാഗോറിനോടൊരുമിച്ചു യൂറോപ്പിലും അമേരിക്കയിലുമാണു കഴിച്ചതു്. അദ്ദേഹത്തിൻെറ പ്രേരണാശക്തി

കതി എൻെറ ജീവിതത്തിൽ വരുത്തിയിട്ടുള്ള ചില പ്രധാന ഭേദഗതികളും ധാരണാവിശേഷങ്ങളും ഈ പുസ്തകംതന്നെ വ്യക്തമാക്കും. അദ്ദേഹത്തോടൊരുമിച്ചു ജീവിക്കയും അദ്ദേഹത്തിൻെറ ദിവ്യസ്വഭാവത്തിൻെറ രാമണീയകത്വം ഗ്രഹിക്കയും ചെയ്തുകൊണ്ടു്, ഇതര വിശ്വാസങ്ങളും എൻെറ ക്രിസ്തീയവിശ്വാസവും തമ്മിലുള്ള ബന്ധത്തെപ്പററി നിരന്തരമായി ചിന്തിക്കുന്നതിനു ഞാൻ നിർബ്ബന്ധിതനായിട്ടുണ്ടു്.

1930-ൻെറ അവസാനത്തിൽ കവിയെ അമേരിക്കയിൽ വിട്ടിട്ടു്, വർഗ്ഗീയ നിയമനിർമ്മിതിയിൽ ഇൻഡ്യൻജനതയ്ക്കു നേരിട്ട അസ്വാസ്ഥ്യം നിമിത്തം ദക്ഷിണാഫ്രിക്കയിലേക്കു പോകുന്നതിനു ഞാൻ പ്രേരിതനായി. ഏകദേശം 20 വർഷങ്ങൾക്കുമുമ്പു, 1913-ൽ, ഞാൻ മഹാത്മഗാന്ധിയെ ആദ്യം കണ്ടതു് അവിടെവെച്ചാണു്. പക്ഷേ അന്നു് ഇന്നത്തെപ്പോലെ പൊതുലോകം അദ്ദേഹത്തെപ്പററി അറിഞ്ഞിരുന്നില്ല.

ഇതിൻെറ ശേഷവും അനേകപ്രാവശ്യം പ്രസ്തുത കാൎയ്യം പ്രമാണിച്ചു ഞാൻ ദക്ഷിണാഫ്രിക്കയിലേക്കു പോകയും തന്നിമിത്തം ദക്ഷിണാഫ്രിക്കരെ കൂടുതൽ പരിചയമാകുന്നതിനും സ്നേഹിക്കുന്നതിനും എനിക്കു സാധിക്കയും ചെയ്തിട്ടുണ്ടു്. ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലുംവെച്ചു ഇവരുടെ സാമൂഹ്യവിഭിന്നത അഗാധമായും, അവരുടെ പ്രശ്നങ്ങൾ അതിവൈഷമ്യമായും എനിക്കു തോന്നുന്നു. സജീവനായ ക്രിസ്തുവിൻെറ ദിവ്യാത്മാവു, ഈവിധത്തിലുള്ള ഭീമമായ പ്രതിബന്ധങ്ങളെ നിഷ്പ്രയാസം ധ്വംസനംചെയ്തു കണ്ടറിയാൻ സാധിച്ചതിലും എനിക്കു വളരെ സന്തോഷമുണ്ടു്. യുവതലമുറയാകട്ടെ ഭൂതകാലനരകത്തെ വലിച്ചെറിഞ്ഞു, ക്രിസ്തുമാൎഗ്ഗേണ, സൎവ്വവൎഗ്ഗങ്ങളും അവനിൽ ഒന്നായിരിക്കുന്ന ആ സ്വാതന്ത്ര്യഭൂവിലേക്കു പ്രവേശിക്കാൻ സന്നദ്ധമായി നിൽക്കുന്നു. ഇതു അത്ഭുതംതന്നെ! മനുഷ്യവൎഗ്ഗത്തിൽ വരുത്തിയ ഈ അത്ഭുതസംഗതികളെ ഓൎത്തു പരമകാരുണികനായ ദൈവത്തോടുള്ള കൃതജ്ഞതയാൽ എൻെറ ഹൃദയം കവിഞ്ഞൊഴുകുന്നു.

1931 മേയ് മാസത്തിൽ ഞാൻ ഇംഗ്ലണ്ടിൽ തിരിച്ചെത്തിയപ്പോൾ, മഹാത്മഗാന്ധിയുടെ ലണ്ടനിലേക്കുള്ള ആഗമം പ്രമാണിച്ചു ഒരുക്കങ്ങൾ അതിശീഘ്രത്തിൽ നിർവ്വഹിക്കേണ്ടിയിരുന്നു. തോൽസഞ്ചിയിൽ സൂക്ഷിച്ചിരുന്ന ഈ പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി എടുത്തു നോക്കുന്നതിനുപോലും ജോലിത്തിരക്കുകൊണ്ടു അന്നു് എനിക്കു സാധിച്ചില്ല. അവസാന വട്ടമേശസമ്മേളനാരംഭത്തോടുകൂടി എഴുതിത്തീർക്കാം എന്ന ആശയും നിരാശയായി കലാശിച്ചു. ഒടുവിൽ ഒരു വിധത്തിൽ ജോലി പൂർത്തിയാക്കി. ഇതിന്റെ വശങ്ങളിൽ ഇങ്ങനെയുള്ള സന്ധികളിലെ പ്രവൃത്തിയെ ശക്തിപ്പെടുത്തി എന്തെങ്കിലും പറയുന്നുണ്ടെങ്കിൽ, അതു ഞാൻ കടന്നുപോയ വിവിധമുറകളുടെ പ്രേരണകൊണ്ടു മാത്രമാണു്. അങ്ങനെ നിർബ്ബന്ധിക്കപ്പെട്ടിട്ടുള്ളതു വിഷയത്തിന്റെ ആവശ്യാനുസരണവുമാണു്. പൂർവ്വികരെക്കുറിച്ചും "രാജാവിന്റെ കാർയ്യം തിടുക്കമായിരുന്നു" എന്നു പറയുന്നുണ്ടല്ലോ.

---

അദ്ധ്യായം 1.

# എൻെറ പിതാവ്.

വിക്ടോറിയാരാജ്ഞിയുടെ സിംഹാസനാരോഹണത്തിനു് ഒരു വഷം മുമ്പു ജാതനായ എൻെറ പിതാവു ഒരു ആംഗ്ലേയൻ ആയിരുന്നു. അദ്ദേഹത്തിൻെറ പൂവ്വികന്മാർ സഫക്ക എസക്സ് ആദിയായ ദേശങ്ങളുടെ അതിത്തികളിലാണു വസിച്ചിരുന്നതു്. അവർ വലിയ 'പ്യൂരിത്താനോപദേഷ്ടാക്കളും' മാർഗ്ഗദർശികളും ആയിരുന്നതുകൊണ്ടു, അന്നു് ഇംഗ്ലണ്ടിൻെറ പൂവ്വപ്രദേശങ്ങളിൽനിന്നുത്ഭവിച്ച മിൽററൻ ക്രോംവൽ ബനിയൻ പ്രഭൃതികളുടെ ഐതിഹ്യങ്ങളും പാരമ്പയ്യങ്ങളും പുലത്തിക്കൊണ്ടുപോകുന്നതിനു് സന്നദ്ധരായിരുന്നു. മനുഷ്യാത്മാവിൻെറ സവ്വശ്ലാഘനീയകൃത്യമായ ദൈവാന്വേഷണത്തെ അവർ തങ്ങളുടെ ജീവിതത്തിൻെറ ലക്ഷ്യമായി കരുതി. നല്ല പൌരുഷമുള്ളവരും നിമ്മദരും ദൈവഭയമുള്ളവരും ആയിരുന്ന അവർ ആരേയും കൂട്ടാക്കാതെ സ്വതന്ത്രന്മാരായും ധീരന്മാരായും ജീവിച്ചു. കേവലം അലങ്കാരമൊന്നുമില്ലാത്ത കൂടാരങ്ങളിലാണു് അവർ ആരാധന നടത്തിവന്നതു്. ശബ്ബത്തു് വിശുദ്ധമായിത്തന്നെ അവർ പാലിച്ചു. അതുപോലെ, ബൈബിൾ അതിയായി ആദരിക്കയും അതിലെ ഓരോ വാക്യവും ദൈവവചനമെന്നു ഹൃദയംഗമമായി വിശ്വസിക്കയും ചെയ്തിരുന്നു. സവ്വദാ അവർ ദൈവസന്നിധിയിൽ ഇരുന്നുകൊണ്ടു പാപപങ്കിലവും നികൃഷ്ടവുമായ മനുഷ്യപ്രകൃതിയെ വിനീതബുദ്ധിയോടുകൂടി സ്മരിച്ചു.

മാംസചക്ഷുസ്സുകൾക്കു അപ്രാപ്യമായ ഒരു ദർശനം അവരുടെ ഹൃദയാന്തർഭാഗങ്ങളിൽ പ്രശോഭിച്ചുകൊണ്ടിരുന്നു. ഇതാണു് കാലക്രമേണ യേശുക്രിസ്തുവിൻെറ നിസ്തുലകോമളമായ ജീവിതത്തിൻെറയും ക്രൂശുമരണത്തിൻെറയും കേന്ദ്രമായി പരിണമിച്ചതു്. അവരുടെ ആരാധനകളുടെ പിമ്പിൽ അവ്യക്തമായി സ്ഥിതിചെയ്തിരുന്ന ഈ ദർശനത്തിൻെറ മ

നോഹരത്വം അവരുടെ ഹൃദയങ്ങളെ തട്ടിയുണൎത്തുകയും കൃപാപൂരിതവും സ്നേഹമസൃണവുമായ അനശ്വര ചിന്താസരണികളെ ഉൽഭ്രതമാക്കുകയും ചെയ്തു. പക്ഷേ ഈ അന്യാദൃശമായ ആത്മികശക്തിയുടെ പിമ്പിൽ സ്ഥിതിചെയ്യുന്നതു്, കട്ടസ്സും പരുഷവുമായ ഒരു വിശ്വാസമായിരിക്കാം. അതിനെന്താണു്? ഇപ്രകാരമുള്ള വിശ്വാസത്തിൽനിന്നുത്ഭവിച്ചവയെങ്കിലും എത്ര ആകർഷണീയവും രസാത്മകവുമായ വിശിഷ്ട ശക്തിയെയാണു് ഇംഗ്ലീഷുസാഹിത്യത്തിലെ കാവ്യതല്ലജങ്ങളായ ലിസിഡാസും പരദേശിമോക്ഷയാത്രയും പ്രകടിപ്പിക്കുന്നതു്. ജോർജ്ജ്ഫോക്സും അനുയായികളും സൎവ്വ പ്രതിബന്ധങ്ങളേയും ധ്വംസിച്ചു പാപമരണങ്ങളിന്മേൽ വിജയികളായി അന്ത്യജയഗീതം പാടിയപ്പോഴും ഈ 'പ്യൂരിത്താന്'പ്രസ്ഥാനത്തിന്റെ ദീപ്തി പൂൎവ്വാധികം ഉജ്ജ്വലിക്കുകയായിരുന്നു ചെയ്തതു്.

ഉൽകൃഷ്ടപദ്യസാഹിത്യത്തിൽ എന്റെ പിതാവിനുണ്ടായിരുന്ന അഭിരുചി അനിതരസാധാരണമായിരുന്നു. ഒരുത്തമകവിയുടെ ഭാവന അദ്ദേഹത്തിനുണ്ടായിരുന്നുവെങ്കിലും അതു ഒരു ശിശുവിന്റേതുപോലെ ലളിതമധുരവും ആദരണീയവുമായിരുന്നു. കൎത്തവ്യബോധത്താൽ പ്രേരിതനായിട്ടു ഉത്തമ മനസ്സാക്ഷിയോടുകൂടി പ്രവൎത്തിക്കുന്ന ഒരാത്മിക ശുശ്രൂഷകനായിരുന്നതുകൊണ്ടു, അദ്ദേഹത്തിന്റെ സുദീൎഘമായ ജീവിതം ജനബഹുലമായ ഒരുപ്നാട്ടു പട്ടണത്തിലാണു് കഴിച്ചുകൂട്ടേണ്ടതായിവന്നതു്. അവിടെ ആകൎഷണീയമായ പ്രകൃതിഭംഗിയോ പ്രശാന്തസുന്ദരമായ നാട്ടിൻപുറങ്ങളിലെ മഹനീയ കാഴ്ചകളോ ഉണ്ടായിരുന്നില്ല; മാത്രമല്ലാ ധ്യാനനിരതനായിരിക്കുന്നതിനു് ഒഴിവുസമയങ്ങളും സുലഭമായിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതത്തിലെ മുഖ്യപ്രവൃത്തി പാപികളോടു യേശുവിന്റെ സ്നേഹത്തെക്കുറിച്ചു പ്രസംഗിക്കുകയെന്നതായിരുന്നു. യാതൊരു സംഗതിയും ഇതുപോലെ അദ്ദേഹത്തിന്റെ ഹൃദയത്തിനു ഉല്ലാസം കൊടുത്തിരുന്നില്ല. ഈ സന്തോഷം അദ്ദേഹത്തിന്റെ ബാഹ്യജീവിതവൃത്തിയെ പരിപൂൎണ്ണമായി രൂപാന്തരപ്പെടുത്തുകയും ചെയ്തു.

എന്റെ മാതാവിന്റെ വിയോഗാനന്തരം, പിതാവിന് ഈ ജീവൻ പരിപൂർണ്ണമായി വികസിക്കത്തക്കവണ്ണം അവസരം ലഭിച്ചതു് മക്കളായ ഞങ്ങളെത്തന്നെയും വിസ്മയിപ്പിക്കുന്നതായിരുന്നു. അദ്ദേഹം പ്രായാധിക്യത്താൽ ബധിരനായി തീർന്നപ്പോഴും വെളിപാടുപുസ്തകം അടിസ്ഥാനമാക്കി പല പദ്യശകലങ്ങളും വിശിഷ്ടഗാനങ്ങളും രചിക്കുന്നതിനു് ഏകാന്തമായ് ദീർഘമണിക്കൂറുകൾ ചെലവാക്കുക പതിവായിരുന്നു. താൻ പ്രത്യാശിച്ചിരുന്നതും "ഏററവും വിലയേറിയ രത്നത്തിനു തുല്യമായി സ്ഫടികസ്വച്ഛമായ സൂര്യകാന്തത്തിന്റെ ജ്യോതിസ്സോടു"കൂടിയതുമായ ആ മനോഹരരാജ്യത്തെക്കുറിച്ചു വർണ്ണിച്ചിരുന്നു.

പ്രസ്തുത കൃതികൾ അത്ര സാഹിത്യപ്രധാനങ്ങളല്ലായിരിക്കാം. പക്ഷേ അവ, തന്റെ ആത്മാവിൽ അമർത്തിവെച്ചിരുന്നതും മരണത്തിനു മുമ്പേ ഭാവനാപക്ഷങ്ങൾ വിരിച്ചു ഗീതമാർഗ്ഗേണ പറന്നു പോയതും ആയ ആശാപക്ഷികളായിരുന്നു.

കിഴക്കെ ആംഗ്ലേയരുടെ പൂർവ്വിക സ്വത്തു് അവരുടെ മതസ്വാതന്ത്ര്യമായിരുന്നു. എന്നാൽ ഭരണചക്രം കരസ്ഥമായതോടുകൂടി അസംബന്ധങ്ങൾ കാണിക്കുന്നതിനും പീഡനം നടത്തുന്നതിനും മടിച്ചില്ല എന്നുള്ളതും വാസ്തവമാണു്. പക്ഷേ അതു അവർ ജീവിച്ചിരുന്ന കാലഘട്ടത്തിന്നനുസരണമായ ഒരു വ്യതിയാനം മാത്രമായിരുന്നു. ദൈവത്തേക്കാൾ അധികം മനുഷ്യനെ അനുസരിക്കുന്നതിനു് അവർ തങ്ങളെത്തന്നെ വശംവദരാക്കിക്കൊടുത്തതിനാൽ അതിന്റെ ഹേതുവും അവരിൽത്തന്നെ ആയിരുന്നു. അവരിൽ ചിലർ, എസക്സു്, ഹൻറിംഗ്ററൻ മുതലായ ചെറുഗ്രാമങ്ങളിലുള്ള തങ്ങളുടെ ഭവനങ്ങളേയും ബന്ധുമിത്രാദികളേയും വിവിധസമ്പത്തുകളേയും പരിത്യജിച്ചു കടലുകൾക്കു അപ്പുറത്തു് സ്ഥിതി ചെയ്യുന്ന ഒരു പുതിയ ആംഗലദേശത്തെ ലക്ഷ്യമാക്കിക്കൊണ്ടു് ക്ലേശഭൂയിഷ്ഠമായ ഈ അററ്ലാൻറിക്കു് മഹാസമുദ്രതരണത്തിനുദ്യമിച്ചു. തങ്ങളുടെ ആത്മിക ജീവന്റെ പ്ര

ചരണത്തിനുവേണ്ടി അവർ വിദേശങ്ങളിലേക്കു പോകയും അവിടങ്ങളിൽ സ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനങ്ങൾ ഇടുകയും ചെയ്തു.

ഉദ്ദിഷ്ടസ്ഥാനത്തു എത്തിയശേഷം പലപ്പോഴും തങ്ങളുടെ ദീർഘമായ യാത്രയുടെ ക്ലേശങ്ങളെപ്പററി അവർ പറയുമായിരുന്നു. മനുഷ്യസമുദായത്തിൻെറ ഉൽഗതിയിൽ ഒരിക്കലും വിസ്മരിച്ചുകൂടാത്ത ഒരദ്ധ്യായമായിട്ടാണ് മേൽപ്രസ്താവിച്ച അനുഭവം പരിണമിച്ചിരിക്കുന്നതു്. ഇംഗ്ലണ്ടിൻെറ പൂർവ്വപ്രദേശങ്ങളിൽ പാക്കുന്നവരുടെ മനോമുകുരങ്ങളിൽനിന്ന് അതിൻെറ ഓർമ്മ ഇന്നും നിശ്ശേഷം മാഞ്ഞു പോയിട്ടില്ല. അവർ ഒരു വിധത്തിലും വഴങ്ങാത്തവണ്ണം ശാഠ്യമുള്ള ഒരു ജനതയായിരുന്നു. ഓരോരുവൻെറ മതാചാരങ്ങൾ സംബന്ധിച്ചു വലിയ മക്കടമുഷ്ടിത്വമുള്ളവരായിരുന്നു. ഈ ആളുകൾ കൊടിയ 'പ്യൂരിത്താനർ' (ക്രിസ്തുമത ശുദ്ധാഭിമാനികൾ) ആയിരുന്നെങ്കിലും കഴിഞ്ഞ കാലത്തേക്കു തിരിഞ്ഞുനോക്കുന്നപക്ഷം ഉൽകൃഷ്ടങ്ങളും മഹനീയങ്ങളുമായ പല സംഗതികൾ അവരിൽ കാണാനുണ്ടു്. അവരുടെ അന്തരാത്മനിർത്ധരി അനർഗ്ഗളമായി പ്രവഹിച്ചുകൊണ്ടിരുന്നു. അവരുടെ ആത്മികാനുഭവത്തിൽ മാനസാന്തരം ഒരപൂർവ്വസംഭവമല്ലായിരുന്നു. സർവ്വജ്ഞാനത്തിൻെറയും ആരംഭമായ ദൈവഭക്തി തങ്ങളിൽ പുലർത്തിയതുകൊണ്ടു അതു് അവരുടെ സ്വഭാവമായി പരിണമിക്കയും തന്നിമിത്തം അവരുടെ ഗൃഹജീവിതത്തിൽ ഒരു പ്രത്യേക വിശുദ്ധിയും അനുഗ്രഹവും ഉണ്ടാകുകയും ചെയ്തു. അവരുടെ വിശ്വാസസൌധത്തിൻെറ അടിസ്ഥാനമായ പാറ ക്രിസ്തുവിനോടുള്ള ഹൃദയംഗമമായ ബന്ധമല്ലാതെ മററൊന്നുമല്ലായിരുന്നു. അവർ വിശുദ്ധമെന്നു കരുതിയിരുന്ന പല സംഗതികളും ബാഹ്യാനുഷ്ഠാനങ്ങളായി പരിണമിച്ചെങ്കിലും ഈ അടിസ്ഥാനം പ്രബലമായിത്തന്നെ സ്ഥിതിചെയ്തു.

എൻെറ വല്യപ്പനും അദ്ദേഹത്തിൻെറ ആദരണീയമായ ജീവിതചര്യകൊണ്ടു ഈ വർഗ്ഗത്തോടുള്ള ബന്ധത്തെ വ്യക്തമാക്കി. അദ്ദേഹവും തൻെറ പൂർവ്വികരെപ്പോലെ "ആ

ശിക്കുന്നവയുടെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്ന" വിശ്വാസത്തെ ഗാഢാലിംഗനം ചെയ്തവനായിരുന്നു. എബ്രായലേഖനത്തിൽ പറയുന്നതുപോലെ "ഇവർ എല്ലാവരും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്നു ഏററുപറഞ്ഞു, എവിടേയ്ക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു; അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നെ കാംക്ഷിച്ചിരുന്നു; ദൈവം അവൎക്കുവേണ്ടി ഒരുക്കിയിരിക്കുന്ന നഗരത്തിനുവേണ്ടി നോക്കിപ്പാൎത്തു."

എൻെറ വല്യപ്പൻ കുടുംബപാരമ്പര്യങ്ങളനുസരിച്ചു ജീവിക്കയും ക്രിസ്തുസഭാശുശ്രൂഷയിൽ പ്രവേശിക്കയും ചെയ്തു. അദ്ദേഹത്തിൻെറ ചെറുപ്പത്തിൽതന്നെ ഒരു സുവിശേഷപ്രാസംഗികനായി വേർതിരിക്കപ്പെടുകയും ഇംഗ്ലണ്ടിൻെറ കിഴക്കുഭാഗത്തുള്ള ഒരു ചെറിയ 'ബാപ്റ്റീസ്റ്റ്" സമുദായത്തിൻെറ നേതൃത്വം വഹിക്കേണ്ടിവരികയും ചെയ്തു. ജന്മസിദ്ധമായ ഈ ക്രിസ്തീയ ശുശ്രൂഷയിൽ ആയുസ്സ് കഴിക്കുന്നതിനും ക്രിസ്തുവിനുവേണ്ടി സ്വയം വ്യയംചെയ്യുന്നതിനും അദ്ദേഹം തീരുമാനിച്ചു. വിവാഹാനന്തരം ജന്മസ്ഥലത്തിന് സമീപം സ്വദേശികളായ കിഴക്കേ ആംഗ്ലേയരുടെ മദ്ധ്യത്തിൽ താമസമുറപ്പിച്ചു. ദിവസങ്ങൾ ഇങ്ങനെ കഴിഞ്ഞു. ഒരുദിവസം എഡ്‌വർഡ്‌ഐർവിംഗിൻെറ ഒരു പ്രസംഗം ഇദ്ദേഹത്തെ വല്ലാതെ സ്പർശിക്കയും അന്നുമുതൽ ജീവിതത്തിൽ വലിയ ഒരു വ്യതിയാനം സംഭവിക്കയും ചെയ്തു. ഒരിക്കൽ ഒരു സംഗതി ബോദ്ധ്യമായതിൻെറ ശേഷം അതിൻെറ ഭവിഷ്യൽഫലങ്ങളോൎത്തു അതിൽനിന്നു പിന്തിരിയാതെ ഐർവിംഗ് പഠിപ്പിച്ച ആ പുതിയ ജീവിതത്തിനു തന്നത്താൻ വിധേയനായിത്തീൎന്നു.

എഡ്‌വർഡ്‌ഐർവിംഗിൻെറ ശ്രേഷ്ഠവും ആകൎഷണീയവുമായ ജീവിതവൃത്തിയുടെ സാരസംഗ്രഹം കാർലൈൽ നമുക്കു ദാനംചെയ്തിട്ടുണ്ട്. ദീർഘകായനും വിരൂപനും ഉത്തരദിഗ്വാസിയുമായ ഈ പ്രവാചകൻ 19-ാംശതകത്തിൻെറ ആദിഘട്ടത്തിൽ ജീവിച്ചിരുന്നു. ലണ്ടൻ നഗരിയി

ലുള്ള ഏതു കഠിന ഹൃദയനേയും വല്ലാതെ ചലിപ്പിക്കത്തക്കവണ്ണം അദ്ദേഹം പ്രവചിച്ചുകൊണ്ടിരുന്നു. വെണ്ണീറിലും ചാരത്തിലുമിരുന്നു തങ്ങളുടെ പാപത്തെക്കുറിച്ചു അനുതപിക്കാത്ത പക്ഷം നശിപ്പിക്കുമെന്നു ബാബിലോണിനെക്കുറിച്ചു പൂർവ്വിക ദീർഘദർശിമാർ പ്രവചിച്ചിട്ടുള്ള വചനങ്ങൾ കൊണ്ടുതന്നെ അയാൾ ലണ്ടനേയും ഭയപ്പെടുത്തി. അദ്ദേഹത്തിൻെറ പ്രസംഗവാക്യങ്ങൾ മിക്കതും അകാലിപ്സിൽനിന്നായിരുന്നു. അക്കാലത്തെ രാജ്യഭരണതന്ത്രജ്ഞന്മാരിൽ അഗ്രഗണ്യരായിരുന്ന ചിലരും അദ്ദേഹത്തിൻെറ ശ്രോതാക്കളിലുൾപ്പെട്ടിരുന്നു. ദൈവഭവനത്തിൽ ന്യായവിധി ആരംഭിച്ചിരിക്കുന്നു എന്ന് അദ്ദേഹം അവരെ പ്രബോധിപ്പിച്ചു. ന്യായവിധിദിവസം ആസന്നമായിരുന്നു; ന്യായാധിപനും വാതില്ക്കലുണ്ടായിരുന്നു.

നെപ്പോളിയൻെറയും അതുപോലെ പല മഹച്ഛക്തികളുടെയും അധഃപതനത്തിൻെറ കാരണങ്ങൾ വേദഭാഗങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും അവരുടെ വീഴ്ച പ്രവചനവാക്യങ്ങളുടെ അക്ഷരികനിവൃത്തിയാണെന്നും പല സത്യഭക്തന്മാരും വിശ്വസിച്ചിരുന്നു. ആസന്നഭാവിയിൽ സംഭവിപ്പാനിരിക്കുന്നതെന്താണെന്നു പ്രവചനങ്ങളിൽനിന്ന് നോക്കി കണ്ടുപിടിക്കുന്നതിന് അവർ നിരന്തരം പ്രയത്നിച്ചുവന്നു. അന്ത്യനാളുകളുടെയും സംഭവങ്ങളുടെയും വ്യാഖ്യാനത്തിനുവേണ്ടി അവർ തിരഞ്ഞെടുക്കുന്ന ഭാഗങ്ങൾ ദാനിയേൽ വെളിപാട് ഈ പുസ്തകങ്ങളിൽനിന്നായിരുന്നു.

ഇപ്രകാരം പ്രവചനങ്ങളെ അക്ഷരാൎത്ഥത്തിൽ വ്യാഖ്യാനിച്ച ചില ഭക്തന്മാർ ഒരിക്കൽ ഒരു ധ്യാനയോഗത്തിനുവേണ്ടി ലണ്ടനുസമീപമുള്ള ഒരു ഗ്രാമത്തിൽ വിശാലമായ ഒരു ഭവനത്തിൽ കൂടിവന്നു. അവർ ദീർഘസമയം ഉപവസിച്ചു പ്രാൎത്ഥിച്ചു കാത്തിരുന്നു. ഒരു നൂതന പെന്തിക്കോസ്ത് ഉണ്ടായെന്നു അവർ ശങ്കിക്കത്തക്കവണ്ണം അവിടെ സമ്മേളിച്ചിരുന്നവരിൽനിന്ന് ചില അസാധാരണ ശബ്ദങ്ങൾ പുറപ്പെട്ടുതുടങ്ങി. അകമെ തിങ്ങിക്കവിയുന്ന ആത്മികശക്തി

യുടെ പ്രവാഹമെന്നവണ്ണം അവർ 'അന്യഭാഷകളിൽ' സംസാരിക്കയും പ്രവചിക്കയും ചെയ്തുതുടങ്ങി. ഈ പുനർജ്ജീവനെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് വിശ്വാസികൾ നിരന്തരമായി ഒന്നിച്ചുകൂടിക്കൊണ്ടിരുന്നു. ഈ വരങ്ങൾ അന്ത്യകാലത്തിന്റെ ഒരു ലക്ഷ്യമായിട്ടാണു് അവർ കരുതിയിരുന്നതു്. ജീവിച്ചിരിക്കുന്നവരേയും മരിച്ചവരേയും വിധിപ്പാനുള്ള ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത ആസന്നമായിരിക്കുന്നുവെന്നു അവർ പ്രതീക്ഷിച്ചിരുന്നു.

എന്റെ വല്യപ്പനും, യേശുക്രിസ്തുവിൽ അഗാധവിശ്വാസമുള്ളവനും ദൈവദൎശനത്തിനുവേണ്ടി കാത്തിരുന്നവനും ആയിരുന്നതുകൊണ്ടു്, കാന്തത്താൽ ഇരുമ്പെന്നവണ്ണം ഈ കൂട്ടങ്ങളിലേക്കു ആകൎഷിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വാസസ്ഥലംപോലും പരിത്യജിക്കുന്നതിനു ഈ സംസൎഗ്ഗം ഹേതുഭൂതമാകുമെന്നു് ആരും വിചാരിച്ചിരുന്നില്ല. ക്രിസ്തുവിന്റെ ഒരു വിശ്വസ്താനുഗാമിയാകുന്നതിനു് ഭൌമികസമ്പാദ്യങ്ങളും നിലകളും ത്യാജ്യകോടിയിൽ എണ്ണുന്നതിനു സന്നദ്ധനായിരിക്കണമെന്നു മനസ്സാക്ഷി അദ്ദേഹത്തെ സദാ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു സഹധൎമ്മിണിയുടെ അനുമതിയോടുകൂടി തന്റെ ശുശ്രൂഷസ്ഥാനം പിൻഗാമിയെ ഭരമേല്പിച്ചിട്ടു് ആദ്ധ്യാത്മികായോധനത്തിനു തുനിഞ്ഞു. ഐർവിംഗിനാൽ സ്ഥാപിതമായ പുതിയ സമൂഹത്തിന്റെ ഒരംഗമായി തീർന്നു. ഈവിധത്തിലുള്ള ഒരു സഭാപരിവൎത്തനം അന്നു് പീഡാഹേതുകമായിരുന്നു. പക്ഷേ എന്തായാലും പിമ്പോട്ടു പോകാതെ സൎവ്വ ഭവിഷ്യൽഫലങ്ങളും അനുഭവിക്കുന്നതിനു് അദ്ദേഹം സന്നദ്ധനായിരുന്നു.

ഈ സംഭവങ്ങളുടെ മദ്ധ്യത്തിലാണു് എന്റെ പിതാവു ജനിച്ചതു്. വല്യപ്പനിലുണ്ടായിരുന്ന ത്യാഗശീലം എന്റെ പിതാവിലും ജനനംമുതൽതന്നെ കുടികൊണ്ടിരുന്നതായിട്ടാണു് എനിക്കു തോന്നുന്നതു്. അദ്ദേഹത്തെക്കാൾ അലൌകികനായിട്ടു മറ്റൊരാളെ ഞാൻ കണ്ടിട്ടില്ല. സൎവ്വ ഭൌതികപദാൎത്ഥങ്ങളേയും അദ്ദേഹം നിരൎത്ഥകങ്ങളായി ഗണിച്ചിരുന്നു.

ഭക്ഷണവസ്ത്രാദികളെക്കുറിച്ചുപോലും അദ്ദേഹം ചിന്താകുലനായിരുന്നില്ല. ചില സന്ദർഭങ്ങളിൽ ഗൃഹകാൎയ്യങ്ങൾ ഭംഗിയായി മുമ്പോട്ടു കൊണ്ടുപോകുന്നതിന് എൻെറ മാതാവിനു നേരിട്ടിട്ടുള്ള വൈഷമ്യങ്ങൾ കുറച്ചല്ല. ആ സംഗതികൾ പിന്നീടു വിവരിക്കാം. ആദ്ധ്യാത്മികജീവിതത്തിൽ പാരമ്പൎയ്യങ്ങൾക്കും തഴക്കങ്ങൾക്കും വല്ല സ്ഥാനവുമുണ്ടെങ്കിൽ, ആ യാഥാൎത്ഥ്യം എൻെറ പിതാവിൽ വ്യക്തമായി കാണാമായിരുന്നു. അദ്ദേഹത്തിൻെറ വാൎദ്ധക്യത്തിൽ അനേകം പ്രായോഗികപാഠങ്ങൾ ഞങ്ങൾക്കുപദേശിച്ചുതന്നിട്ടുണ്ട്. 'ഇന്ന മാൎഗ്ഗമാണ് ശരിയായിട്ടുള്ളത് എന്ന് നമ്മുടെ മനഃസാക്ഷി എപ്പോഴെങ്കിലും നമ്മോടു പറഞ്ഞാൽ എന്തെല്ലാം പ്രതിബന്ധങ്ങളുണ്ടായാലും ഗണ്യമാക്കാതെ ആ മാൎഗ്ഗത്തുകൂടെ തന്നെ പുരോഗമനം ചെയ്യണം' എന്നുള്ളതു സൎവ്വപ്രധാനമായിരുന്നു. ദൈവം രഹസ്യമായി നമ്മുടെ ആത്മാവിനോടു സംഭാഷിക്കുന്ന മൃദുലശബ്ദമാണ് മനസ്സാക്ഷി എന്നു പറയുന്നതു്. മനസ്സാക്ഷിയാകുന്ന ഈ ഉൾപ്രകാശത്തിന് അദ്ദേഹം സൎവ്വപ്രാധാന്യം കല്പിക്കയും എല്ലാ ജീവിതഗതികളിലും ആ പ്രകാശത്തെ പിൻതുടരുകയും ചെയ്തു. ആ ദിവ്യദീപം ഒരിക്കലും മങ്ങാതെ ഹൃദയവിശുദ്ധികൊണ്ടും അനുസരണംകൊണ്ടും ജ്വലിപ്പിക്കുകയാണ് ഞങ്ങളുടെ ജീവിതധൎമ്മം എന്നു അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ക്രിസ്തീയജീവിതത്തെ അളക്കുന്നതിനുള്ള തോതു് ഇതുതന്നെയായിരുന്നു. ഇടത്തോട്ടോ വലത്തോട്ടോ അല്പമെങ്കിലും മാറാതെ ഈ മാൎഗ്ഗത്തിൽക്കൂടെത്തന്നെ ലളിതഹൃദയനായി അദ്ദേഹം സഞ്ചരിച്ചു.

വല്യപ്പൻ ചെറുപ്പത്തിൽ മനസ്സാക്ഷിയുടെ ഉപദേശാനുസരണം ഉപേക്ഷിച്ച അദ്ധ്യാപകവൃത്തിതന്നെ വാൎദ്ധക്യത്തിൽ വീണ്ടും സ്വീകരിച്ചു. ഇംഗ്ലണ്ടിൻെറ ദക്ഷിണഭാഗത്തുള്ള ഒരു പാഠശാലയിലെ പ്രധാനാദ്ധ്യാപകൻ എന്ന ബഹുമാന്യപദവി അദ്ദേഹത്തിനു ലഭിച്ചു. സാക്ഷാൽ ക്രിസ്തുവിൻെറ ഒരു പിൻഗാമി എന്ന് അദ്ധ്യേതാക്കളുടെ രക്ഷാകൎത്താക്കൾക്കു ബോ

ദ്ധ്യം വരത്തക്കവണ്ണമുള്ള അദ്ദേഹത്തിൻെറ ഉൽകൃഷ്ടമായ ജീവിത വിശുദ്ധിയാണ് ഈ നിയമനത്തിന് ഹേതുവായതു്. ഈ കാൎയ്യങ്ങളിൽ തൻെറ സൎവ്വശക്തികളും ഉപയോഗിച്ച അശ്രാന്തപരിശ്രമം ചെയ്തതുകൊണ്ടു് അദ്ദേഹത്തിൻെറ ആരോഗ്യത്തിന് ഹാനി സംഭവിച്ചു. എങ്കിലും ഈ വിഷമഘട്ടങ്ങളുടെ മദ്ധ്യത്തിലും അദ്ദേഹത്തിൻെറ സ്വഭാവവല്ലരി പുഷ്പിച്ച ദിവ്യപരിമളത്താൽ പരിസരങ്ങൾ സുരഭിലമാക്കിക്കൊണ്ടിരുന്നു. അനേക വിദ്യാൎത്ഥികളുടെ ജീവിതഗതികൾ പാടേ വ്യത്യാസപ്പെടത്തക്കവണ്ണം അതിനു പ്രേരകശക്തിയുണ്ടായിരുന്നു. ഒരു സത്യ ക്രിസ്തീയാദ്ധ്യാപകൻ എന്ന നിലയിൽ അദ്ദേഹം ബഹുമാനിക്കപ്പെട്ടു.

അനേകരുടെ അഭിനന്ദനത്തിനു വിഷയീഭവിച്ചതും എൻെറ മാതുലൻ വരച്ചതുമായ ഒരു എണ്ണഛായാപടം ഞങ്ങളുടെ ഗൃഹത്തിലെ ഭക്ഷണമുറിയിൽ തൂക്കിയിരുന്നു. ഞാൻ അതിൻെറ കീഴിൽ വളൎന്നു. പ്രസ്തുത ചിത്രം എൻെറ വല്യച്ഛനോളംതന്നെ വലിപ്പമുള്ളതും അത്ഭുതമായ വിധത്തിൽ അദ്ദേഹത്തിൻെറ പ്രകൃതിയെ പ്രകടിപ്പിക്കുന്നതുമായിരുന്നു. മ്ലാനവദനനായി പ്രശാന്തനായി ഭിത്തിയിൽനിന്നു അദ്ദേഹം കീഴിലേക്കു നോക്കിക്കൊണ്ടിരുന്നു. എൻെറ ജനനത്തിനുമുമ്പുതന്നെ നിൎയ്യാതനായതുകൊണ്ടു എനിക്കു അദ്ദേഹത്തെ മുഖപരിചയമില്ലായിരുന്നു എങ്കിലും ഈ ചിത്രംമൂലം അദ്ദേഹം എനിക്കു സുപരിചിതനായിരുന്നു. സാധാരണ കുഞ്ഞുങ്ങൾ ചെയ്യാറുള്ളതുപോലെ സങ്കല്പലോകത്തിൽ ഞാൻ അദ്ദേഹത്തോടു സംഭാഷണം നടത്തി. എൻെറ അന്തൎഗ്ഗതങ്ങൾ ഗ്രഹിച്ചഭാവേന അതിനു പ്രത്യുത്തരമായി വല്യച്ഛൻ ചിത്രത്തിൽ നിന്നുകൊണ്ടു എന്നെ നോക്കി പുഞ്ചിരിതൂകുന്നതുപോലെ എനിക്കുതോന്നി.

മരണത്തിനു മുമ്പേ അദ്ദേഹത്തിൻെറ സ്കൂളിൽ നടന്ന ഒരു സംഭവം ശ്രദ്ധേയമത്രേ. ഒരിക്കൽ ക്ലാസ്സിലെ മുതിൎന്ന ഗ്രീക്കു വിദ്യാൎത്ഥികൾ ഗുരുപാദത്തിങ്കൽ ഒരു വടി അൎപ്പിച്ചിട്ടു ഇപ്രകാരം അഭ്യൎത്ഥിച്ചു. "ഞങ്ങൾ അദ്ധ്യയനത്തിൽ

എന്തെങ്കിലും അനാസ്ഥ പ്രദശിപ്പിക്കയോ അങ്ങയുടെ ഇച്ഛാനുസരണം തയ്യാറാകാതെ വരികയോ ചെയ്താൽ ഞങ്ങളെ ശിക്ഷിക്കുന്നതിൽ യാതൊരു വൈമനസ്യവും പ്രദശിപ്പിക്കരുതു്". ഇതിൽ നിന്നും പഠിതാക്കൾക്കു അദ്ദേഹത്തിൻെറ നന്മനസ്സിനെപ്പററിയുള്ള ഉത്തമബോധം പ്രത്യക്ഷമാകുന്നുണ്ടല്ലോ.

ആ ദിവസങ്ങൾ ആശാജനകങ്ങളായിരുന്നു. അദ്ദേഹത്തിൻെറ പ്രശാന്തസ്വഭാവത്തെപ്പററി വിദ്യാത്ഥികൾക്കു ബോധ്യമുണ്ടായിരുന്നതുപോലെ തന്നെ തൻെറ ജീവിതവൃത്തികളിൽ അഭ്യസിച്ചിരുന്ന കണിശമായ പ്രമാണങ്ങളെക്കുറിച്ചും അവക്കു് അറിയാമായിരുന്നു. ദൈവസന്നിധിയിൽ തന്നെയാണു് അദ്ദേഹം പ്രവത്തിച്ചതു്. "നിത്യം എൻെറ പ്രധാന ശില്പിയുടെ ദൃഷ്ടിയിൽ" എന്നു തുടങ്ങുന്ന മിൽററൻെറ സുപ്രസിദ്ധ പദ്യശകലം, അദ്ദേഹത്തിൻെറ അന്ത്യസ്സൂൾ ദിനങ്ങളെ വേണ്ടവണ്ണം വണ്ണിക്കുന്നതിനു് ശക്യങ്ങളാണു്. എൻെറ അച്ഛൻ വല്യച്ഛനെക്കുറിച്ചു പറയുമ്പോഴൊക്കെയും സന്തോഷഭരിതനായിട്ടാണു് വത്തിച്ചിട്ടുള്ളതു്. വല്യച്ഛൻ സവ്വദാ പ്രശാന്തനും പ്രസന്നമുഖനും ആയിരുന്നെങ്കിലും ഭീകരങ്ങളായ ചില ശബ്ദഭേദങ്ങൾ അദ്ദേഹത്തിൻെറ സംഭാഷണത്തിൽ ഉണ്ടായിരുന്നു.

സൂക്ഷ്മക്കുറവിനാൽ യാദൃച്ഛികമായുണ്ടായ ഒരപകടമാണു് അദ്ദേഹത്തിൻെറ മരണത്തിനു് കാരണമായിത്തീന്നതു്. അഗണ്യമായി ആരോ തറയിൽ ഇട്ടിരുന്ന ഒരു നാരങ്ങാത്തൊലിയിൽ പാദം തെററി കഠിനമായി നിലത്തടിച്ചുവീണു. വാദ്ധക്യംമൂലം അധഃപതിച്ചിരുന്ന ആരോഗ്യത്തെ ഈ വീഴ്ച നിശ്ശേഷം നശിപ്പിക്കുകയാൽ അതിൻെറശേഷം ഒരിക്കലും അദ്ദേഹത്തിനു പരിപൂണ്ണസുഖം ഉണ്ടായില്ല. ഈ സംഭവം ഒരിക്കലും എൻെറ അച്ഛൻെറ ഓമ്മയിൽ നിന്നു വിട്ടുപോയിട്ടില്ലായിരുന്നു. ബാല്യത്തിൽ ഞാൻ പിതാവിനോടൊന്നിച്ചു നടക്കാൻ തെരുവിൽ പോകുമ്പോൾ പലേ അവസരങ്ങളിൽ, തറയിൽ കിടക്കുന്ന നാരങ്ങാത്തൊലി എടുത്തു

കളയാൻ അദ്ദേഹം കുനിഞ്ഞുനില്ക്കുന്നതു് ഞാൻ ഓക്കുന്നുണ്ടു്. കാലക്രമേണ അതു എൻെറയും ഒരു തഴക്കമായിത്തീരത്തക്കവണ്ണം അതിനു പ്രേരകശക്തിയുണ്ടായിരുന്നു. തന്നിമിത്തം ഞാനും സ്വമേധയാ ഇങ്ങനെ പ്രവത്തിച്ചുവരുന്നുണ്ടു്.

എൻെറ അച്ഛൻ ഞങ്ങളുടെ ബാലലീലകളിലും കേളികളിലും പങ്കെടുക്കയും ഒരുമിച്ചു ഉലാവുകയും അദ്ദേഹത്തിൻെറ വിശ്രമവേളകളിൽ അനേക വിനോദകഥകൾ പറഞ്ഞു ഞങ്ങളെ സന്തോഷിപ്പിക്കയും ചെയ്യുമായിരുന്നു. ഇങ്ങനെ ഇദ്ദേഹം ഞങ്ങളുടെ വളർച്ചയിൽ സകലത്തിലും സകലവുമായിരുന്നു എങ്കിലും എൻെറ ജീവിതസൌധത്തിൻെറ അടിസ്ഥാനങ്ങൾക്കു ഞാൻ മാതാവിനോടാണ് കടംപെട്ടിരിക്കുന്നതു്. അതിനാൽ എൻെറ ബാല്യവൃത്താന്തങ്ങളുടെ ശിഷ്ടഭാഗം മാതൃസ്മരണയിൽ ഞാൻ വിവരിക്കുന്നതാണ്.

---

അദ്ധ്യായം 2.

## എൻെറ മാതാവു്.

എൻെറ അമ്മയുടെ ഗൃഹം ഇംഗ്ലണ്ടിൻെറ തെക്കുപടിഞ്ഞാറുള്ളതും പുരാതനവും ആയിരുന്നു. അമ്മയെ വീട്ടിൽ വിളിച്ചുവന്ന വാത്സല്യനാമം കാറത്്റൈറ എന്നായിരുന്നു. അവരുടെ സ്വഭാവത്തിൽ വെസ്കു് ജനതയുടെ പല സ്വഭാവവിശേഷങ്ങളും പ്രത്യക്ഷമായിട്ടുണ്ടു്. അവയിൽ ചിലതു് എൻെറ പിതൃവംശക്കാരുടേതിൽനിന്നു വളരെ വൈജാത്യമുള്ളതാണ്. പിതാവിനെ അപേക്ഷിച്ചു എൻെറ മാതാവിൻെറ സ്വഭാവത്തിൽ ആണ് അധികം പ്രായോഗികവശങ്ങൾ ഉണ്ടായിരുന്നതു്. ഇതു് ഗ്രഹിക്കത്തക്കവണ്ണം അദ്ദേഹം ഉദാരമതിയും ബുദ്ധികൂമ്മതയും ഉള്ളവനായിരുന്നതുകൊണ്ടു പ്രധാന ഗൃഹകാര്യങ്ങളിൽ മാതാവിൻെറ ആലോചനയെ സസന്തോഷം സ്വീകരിച്ചു. അവരുടെ മാതാവു സ്കോച്ചുവർഗ്ഗജാതയായിരുന്നു.

അവരുടെ കുടുംബം അനേക അംഗങ്ങളുള്ള ഒന്നായിരുന്നതുകൊണ്ടു ചെലവുകൾ ക്രമപ്പെടുത്തുന്നതിന് വിവിധമായ്ക്കേണ വീട്ടുകാൎയ്യങ്ങൾ ശ്രുപീകരിക്കേണ്ടിയിരുന്നു. ഞങ്ങൾ ആകെ പതിന്നാലുപേരുണ്ടായിരുന്നതിൽ ഒരു പെൺകുട്ടി മാത്രമേ ശൈശവത്തിൽ മരിച്ചുള്ളു. ഇന്നുള്ളതിൽ അധികം ശ്രേഷ്ഠകുടുംബങ്ങൾ അന്നുണ്ടായിരുന്നു. ഗൃഹകാൎയ്യങ്ങൾ മുഖാന്തിരം എന്റെ പിതാവു അധികം ഭാരപ്പെടരുതു് എന്നു അവൎക്കു പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. തന്മൂലം ഒരു ദൈവശുശ്രൂഷകൻ എന്ന നിലയിൽ ഒരുവന് അനുയോജ്യങ്ങളല്ലാത്ത സകല ബാന്ധവങ്ങളിൽനിന്നും വിമുക്തനായിരിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു.

ഇപ്രകാരമുള്ള ഒരു വലിയ കുടുംബത്തിന്റെ പരിപാലനത്തിനായി വിവിധങ്ങളും അസംഖ്യങ്ങളുമായ സംഗതികളിൽ ബുദ്ധിമുട്ടേണ്ടിവന്നെങ്കിലും ഒരിക്കലെങ്കിലും ക്ഷോഭമോ വൈമനസ്യമോ അവർ പ്രദൎശിപ്പിച്ചിട്ടില്ല. അവർ എപ്പോഴും ഉജ്ജസ്വലയായിരുന്നുവെങ്കിലും സുവിശേഷവൃത്താന്തത്തിൽ വൎണ്ണിക്കപ്പെട്ടിരിക്കുന്ന മാൎത്തയെപ്പോലെ അധികശുശ്രൂഷയിൽ ചിന്താകുലപ്പെട്ടില്ല. കുടുംബത്തിൽ ഞാൻ നാലാമനായിരുന്നു; അതായതു എനിക്കു രണ്ടു ജ്യേഷ്ഠസഹോദരങ്ങളും ഒരു ജ്യേഷ്ഠസഹോദരിയുമുണ്ടായിരുന്നു.

1871-ാമാണ്ടു ഫെബ്രുവരി 12-ാംനു- ഞാൻ കാർലൈലിൽ ജാതനായി. എങ്കിലും ടൈൻനദിക്കു സമീപമുള്ള ന്യൂകാസിൽ എന്ന പട്ടണത്തിലേക്കു ഞങ്ങളുടെ വസതി മാറുകയും എന്റെ ബാല്യം അവിടെ കഴിക്കയും ചെയ്തു.

എന്റെ മാതാവിന്റെ സ്വാതന്ത്ര്യ നിൎവ്യാജ്യവും സുസ്ഥിരവും ആയിരുന്നു. ഞങ്ങൾക്കുവേണ്ടി ഓരോ കാൎയ്യങ്ങൾ നിൎവ്വഹിച്ചുതരുന്നതിനു അവൎക്കുണ്ടായ ചിന്താഭാരങ്ങൾ ഞങ്ങളെ ഒട്ടും അറിയിക്കാതെ അവർ പ്രവൎത്തിച്ചുവന്നു എന്നു മനസ്സിലാക്കിയപ്പോൾ ഞങ്ങൾക്കു അവരുടെ പേരിലുണ്ടായ ഭക്തി അവൎണ്ണനീയമായിരുന്നു. അതുപോലെ അവരുടെ മാൎഗ്ഗവും 'രഹസ്യത്തിൽ കാണുന്ന' ആ പിതാവല്ലാതെ മററാരും

അറിയാത്തവണ്ണം അത്ര പ്രശാന്തവും അഗാധവും ആയിരുന്നെന്നു പറയാം. എങ്കിലും അടിയന്തിരതീരുമാനങ്ങൾ ചെയ്യേണ്ട സന്ദർഭത്തിൽ അവരുടെ ഏകാശ്രയസ്ഥാനം ദൈവം മാത്രമായിരുന്നുവെന്നു ഞങ്ങൾക്കു സൂക്ഷ്മമായി മനസ്സിലാക്കാൻ സാധിച്ചു. അവരുടെ ഹൃദയ മണിസൌധത്തിൽ നിറഞ്ഞു കവിഞ്ഞൊഴുകിയ ആ ദിവ്യസാന്നിദ്ധ്യത്തിൻെറ പ്രകാശത്താൽ പ്രശാന്തസുന്ദരമായ ആ കണ്ണുകൾ സർവ്വദാ പ്രശോഭിതമായിരുന്നു. തൻെറ കുഞ്ഞുങ്ങളെ ക്രിസ്തുവിനെക്കുറിച്ചു പഠിപ്പിക്കുന്നതിൽ അവർ അത്യൗത്സുക്യം പ്രദർശിപ്പിച്ചു. അതു പ്രായേണ പ്രമാണമാർഗ്ഗത്തൂടെയല്ല, ദൃഷ്ടാന്തരൂപത്തിലായിരുന്നു. സായാഹ്നവേളകളിൽ ഞങ്ങളെ അരികിലണച്ചുകൊണ്ടു ശ്രുതിമധുരമായി, കരിങ്കല്ലും ആർദ്രമാകത്തക്കവണ്ണം വിശിഷ്ടമായ ശിശുഗാനങ്ങൾ ചൊല്ലിത്തന്നിട്ടുള്ള സമയങ്ങളിലാണു് മാതാവിനെ അത്യന്തം ബഹുമാനിക്കുന്നതിനു ഞങ്ങൾ പഠിച്ചതു്. എന്തെന്നാൽ അപ്പോൾ അവരുടെ ആത്മാവു സ്വാതന്ത്ര്യമായിരുന്നു. മാത്രമല്ല ആ ആത്മപ്രസരത്തിൻെറ സാന്നിദ്ധ്യം ഉയരത്തിൽനിന്നു ഞങ്ങളുടെമേൽ അനന്തശാന്തിയെ വർഷിച്ചുകൊണ്ടിരുന്നു. ഒരിക്കലും വിസ്മരിക്കാവതല്ലാത്ത വിധത്തിൽ, അവർ ഞങ്ങളോടു ക്രിസ്തുവിനെപ്പററി വർണ്ണിച്ചു കേൾപ്പിക്കുമായിരുന്നു.

വല്ല നിവൃത്തിയുമുണ്ടെങ്കിൽ, എൻെറ അമ്മ ഒരു രാത്രിപോലും വീട്ടിൽനിന്നു മാറി മറെറാരിടത്തു താമസിച്ചിരുന്നില്ല. പള്ളിയിൽ പോകുന്നതിനൊഴികെ അവർ ഒരിക്കലും വീട്ടിനു വെളിയിൽ പോകുന്നതിനു മടി പ്രദർശിപ്പിച്ചുവന്നു. അഥവാ വല്ല ഇടങ്ങളിലും പോയാൽ ഏതോ മറന്നുപോയതുപോലെ അവക്കു തോന്നുമായിരുന്നു. അവരെ ഒഴിച്ചുള്ള ഒരു വീടു ഞങ്ങൾക്കു അചിന്ത്യവും അവഹേളനപരവും ആയി തോന്നി. ഞങ്ങൾ വീട്ടിൽനിന്നു വിദൂരത്തിൽ ഇരിക്കുമ്പോൾ അവരുടെ പേക്കാണു കത്തു എഴുതിയിരുന്നതു്. തിരിച്ചുവരുമ്പോൾ ഞങ്ങളെ സ്വാഗതമരുളി സ്വീകരിക്കുന്നതും അവർതന്നെയായിരുന്നു.

അവരോടു ഗാഢബന്ധമുണ്ടായിരുന്ന അനുജത്തി, തന്റെ ഗ്രാമീണ ഭവനത്തിലെത്തി കുറച്ചുനാളെങ്കിലും തന്നോടൊരുമിച്ചു വസിക്കുന്നതിന് അമ്മയെ നിർബന്ധിച്ചു. ഞങ്ങൾ അതിലേയ്ക്കു അവരെ കഴിയുന്നത്ര പ്രേരിപ്പിച്ചു. ഒടുവിൽ ചൂടുമൂലം പട്ടണജീവിതം അസഹനീയമായിരുന്ന ഒരുഷ്ണകാലത്തു നാട്ടുമ്പുറത്തേക്കു പോകുന്നതിന് ഞങ്ങളുടെ മാതാവു് നിർബന്ധിതയായി. എന്റെ സഹോദരങ്ങളിൽ ഒരാൾകൂടി അവരെ അനുഗമിച്ചു. എന്നാൽ ഒരാഴ്ചയ്ക്കു മുമ്പു തന്നെ അവർ തിരികെവരുന്നുവെന്നു ഞങ്ങൾക്കു കമ്പിസന്ദേശം കിട്ടി. ദൂരത്തിലിരുന്നപ്പോൾ വീട്ടിൽ വല്ല ആപത്തും ഉണ്ടാകുമോ എന്നുള്ള ശങ്കകൊണ്ടു അവർക്കു രാത്രിയിൽ ഉറക്കമാകട്ടെ മനസ്സുഖമാകട്ടെ ഉണ്ടായിരുന്നില്ലഎന്നു തിരിച്ചുവന്നപ്പോൾ പറകയുണ്ടായി.

എന്റെ അമ്മയുടെ കുടുംബം വെസക്സിൽ ആയിരുന്നു എങ്കിലും മുമ്പേ പറഞ്ഞതുപോലെ തന്റെ പൂർവ്വിക സ്കോച്ചു പിതാക്കന്മാരെക്കുറിച്ചു വലിയ അഭിമാനത്തോടുകൂടി അവർ സംസാരിച്ചുപോന്നു. ഗ്ലാസ്ഗോയിൽ നിന്നും എഡിൻബറോയിൽ നിന്നും ബന്ധുമിത്രാദികൾ ചിലപ്പോൾ ഞങ്ങളെ സന്ദർശിക്കയും അപ്പോഴെല്ലാം അമ്മ അവർക്കു ഹൃദയംഗമമായി സ്വാഗതംപറകയും ചെയ്തു. അവരുടെ ആഗമനത്തിൽ ഞാൻ ആശാഭരിതനും അത്ഭുതപരതന്ത്രനുമായി വർത്തിച്ചുവന്നു. അതിന്റെ കാരണം സർവ്വപ്രകാരേണയും കമനീയവും അതിശയനീയവുമായ ഉത്തരദേശമാണു് സ്കോട്ടുലണ്ടു എന്നു ബാല്യംമുതൽ എനിക്കുണ്ടായിരുന്ന സങ്കല്പമായിരുന്നു. പീഠപ്രദേശങ്ങളെക്കുറിച്ചുള്ള അമ്മയുടെ വർണ്ണനകളും സാധാരണ എന്നെ കാണിക്കാറുണ്ടായിരുന്ന തന്റെ ചിത്രസഞ്ചയത്തിലെ ഫോട്ടോകളും സർവ്വോപരി കർണ്ണപീയൂഷമായ ഗീതങ്ങളും സ്കോട്ട്ലണ്ടിനെക്കുറിച്ചു എന്നിൽ അനിതരസാധാരണമായ ഒരു സ്നേഹം ഉളവാക്കി. എന്റെ ഹൃദയത്തിൽനിന്നു് അതു് ഒരിക്കലും നീങ്ങിപ്പോകുന്നതുമല്ല. "ഓൾഡ് റോബിൻഗ്രെ" എന്നു തുടങ്ങുന്ന വിനോദഗാനം പിയാനോയിൽ പാ

ട്ടമ്പോഴുള്ള അവരുടെ കോമള വദനവും ഭാവങ്ങളും ഇപ്പോഴും ഞാൻ ഓർക്കുന്നുണ്ട്. സ്വേച്ഛാരാഗങ്ങളും അവരുടെ സ്വഭാവും തമ്മിൽ യാതൊരു വ്യത്യാസവും കണ്ടിരുന്നില്ല.

എന്നാൽ ഇതിലൊക്കയും പ്രധാനമായി അമ്മയോടുള്ള സ്നേഹത്തിനു മറ്റൊരു കാരണമുണ്ടായിരുന്നു. അവളുടെ അന്തരാത്മാവിൻെറ ഒരു ദർശനവും പുത്രസ്നേഹത്തിൻെറ അഗാധതയും വെളിവാക്കുന്ന ഒരു വൃത്താന്തമത്രേ അതു്. അതിനുപുറമേ, മനുഷ്യായുസ്സിലെ ഭയങ്കരങ്ങളായ അരിഷ്ടതയേയും, മരണശയ്യയോളം ഇറങ്ങി ചെല്ലുന്ന സന്ദർഭങ്ങളേയും ഞാൻ ബാല്യകാലത്തിൽ എങ്ങനെ അഭിമുഖീകരിച്ചു എന്നും വ്യക്തമാകാം.

എനിക്കു് ആറുവയസ്സു മാത്രം പ്രായമുണ്ടായിരുന്ന കാലത്തു് കഠിന ശൈത്യദേശമായ ന്യൂകാസിൽ എന്നപട്ടണത്തിൽ വസിക്കുമ്പോൾ ദുർഗ്രഹമായ വാതപ്പനി മൂലം ഞാൻ ആസന്നമരണനായി. അസഹനീയമായ വേദനമൂലം ഞാൻ പല രാത്രിയും പകലും കഷ്ടപ്പെട്ടു. ഒരു വിധത്തിലും അമർത്താൻ പാടില്ലാത്തപ്രകാരം ദീനം വർദ്ധിച്ചിരുന്നു. എൻെറ മാതാവിൻെറ അക്ഷീണശുശ്രൂഷകൊണ്ടും അത്യന്തസൂക്ഷ്മതകൊണ്ടും ഞാൻ ഒരു വിധത്തിൽ ആ ആപത്സന്ധി തരണംചെയ്തു. ഈ സുദീർഘരോഗശയ്യ ഞങ്ങളെ തമ്മിൽ വളരെ അടുപ്പിച്ചു. എൻെറ അസുഖവും വേദനയും അവരെ വല്ലാതെ ഖേദിപ്പിച്ചു. എന്നെ ആശ്വസിപ്പിക്കാൻ അവർമാത്രമേ ശക്തയായുള്ളു. എനിക്കൊരു അസ്വാസ്ഥ്യം തോന്നുന്ന ക്ഷണത്തിൽ അവർ എൻെറ കിടക്കയുടെ സമീപത്തിരുന്നു് എന്നെ മന്ദമായി തലോടുകയും ചെയ്യും.

അവർ കിടക്കയിൽ എൻെറ സമീപത്തിരുന്നു് എൻെറ ശോഷിച്ച കൈകളെ തൻെറ മൃദുലപാണികളിൽ ഗ്രഹിച്ചുകൊണ്ടു, ശിശുക്കളെ ദിവ്യമാറോടണച്ചു തൻെറ തൃക്കരങ്ങൾവച്ചു ആശീർവ്വദിച്ച യേശുവിനെക്കുറിച്ചു ലളിതമധുരമായി സംസാരിച്ചുകൊണ്ടിരിക്കും. ദൈവത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും പ്രാർത്ഥനയെക്കുറിച്ചുമുള്ള എൻെറ ആദ്യ

ചിന്തകൾ ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണു ദൃഢമൂലമായതു്. മററുള്ള സന്ദർഭങ്ങളിൽ ഗ്രഹിക്കുവാൻ പ്രയാസമേറിയ പല സംഗതികളും അകൃത്രിമമായും സുലളിതമായും അമ്മ വിവരിച്ചു മനസ്സിലാക്കിത്തന്നു.

നിസ്സാരമെങ്കിലും ശ്രദ്ധേയമായ ഒരു സംഗതി ഞാൻ ഓർക്കുന്നു. എൻെറ മനസ്സിൽ ഗാഢമായി പതിഞ്ഞിട്ടുള്ളതും നിഷ്പ്രയാസം ഓർക്കാവുന്നതുമായ ഒരു സംഗതിയാണതു്. ദീർഘമാസങ്ങളിലേക്കു എൻെറ ജീവിതം സംശയസ്ഥാനത്തായിരുന്നു. ജീവിതാശ തന്നെ എന്നിൽ നിന്നു വിദൂരമായി. ഒരു പ്രഭാതത്തിൽ കണ്ണുകൾ തുറക്കുമ്പോൾ, ഞാൻ നിദ്രയിലായിരുന്ന വേളയിൽ അമ്മ എൻെറ ശയ്യാസമീപം അർപ്പിച്ചിരുന്ന ഒരു കമനീയ കുസുമം എനിക്കു കാണ്മാൻ ഇടയായി. ഞാൻ ഉണരുമ്പോൾ അതിൻെറ നിസ്തുലഭംഗി എന്നെ സമാശ്വസിപ്പിക്കുമെന്നു അവൾ പ്രതീക്ഷിച്ചു. ആ പുഷ്പദർശനം എൻെറ അകമേ നടന്നുകൊണ്ടിരുന്ന സമരത്തിൽ ഒരു പ്രധാനഘട്ടമായി പരിണമിച്ചു. അതിൻെറ രമണീയത എന്നെ ഹഠാദാകർഷിച്ചതുകൊണ്ടു ഞാൻ വീണ്ടും ജീവിതരാശിയിലേക്കു ആകർഷിക്കപ്പെട്ടു. ഞാൻ കണ്ണുകൾ വിടർത്തി ആ പുഷ്പഭംഗിക്കു സ്വാഗതമരുളിയ നിമിഷത്തിൽത്തന്നെ എന്നിലുണ്ടായ വികാരഭേദങ്ങൾ അവർ ഗ്രഹിച്ചു കഴിഞ്ഞു. ആ പുഷ്പം അവിടെ വെയ്ക്കുന്നതിന്നിടയാക്കിയതു അവളുടെ ആർദ്രസ്നേഹവും യഥാർത്ഥത്തിൽ എനിക്കു പുനർജ്ജീവഹേതുകമായിരുന്നതു അവളുടെ മടുത്തുപോകാതെയുള്ള പ്രാർത്ഥനയുമായിരുന്നു. അന്നു മുതൽ ക്രമാനുഗതമായി ഞാൻ സൌഖ്യം പ്രാപിക്കയും ഒടുവിൽ പരിപൂർണ്ണ സുഖശരീരിയായി പൂർവ്വാധികം സന്തോഷിക്കയും ചെയ്തു.

ഈ ദീർഘരോഗശയ്യ എൻെറ ചെറുപ്പകാലത്തെ ഒരു പ്രധാന സംഗതിയും എൻെറ ഭാവി ജീവിതചര്യയിൽ ഗണ്യമായ വ്യത്യാസം വരുത്തിയതുമത്രേ. അതു കുട്ടികളിൽ സാധാരണയല്ലാത്ത ഒരു കാര്യഗൌരവവും വേദനയെക്കുറിച്ചുള്ള ഗാഢബോധവും എന്നിൽ ഉല്പന്നമാക്കി. എൻെറ പരിത

സ്ഥിതികളും ആന്തരികമായി എന്റെ ചിന്താഗതിയും സദാ വ്യത്യാസപ്പെട്ടുകൊണ്ടിരുന്നിട്ടും ക്രിസ്തുവിലും ദൈവത്തിലും അമർത്ത്യത്വത്തിലും എനിക്കുള്ള അടിസ്ഥാന വിശ്വാസങ്ങൾക്കു അല്പമെങ്കിലും ചലനം സംഭവിക്കാതെ ഇരുന്നതു എങ്ങനെയാണെന്നോർത്തു ഞാൻ എന്നെത്തന്നെ നോക്കി അത്ഭുതപരവശനാകാറുണ്ട്. ഇപ്രകാരം എന്റെ ബാല്യരോഗ ശയ്യയിൽവെച്ചു എനിക്കു എന്റെ മാതാവിൽനിന്നു ശാന്തമായി ലഭിച്ച പ്രേരണ യാതൊന്നിനാലും ധ്വംസിക്കുവാൻ കഴിയാത്തവിധം എന്നിൽ ദൃഢമൂലമായി വളർന്നുകൊണ്ടാണു ഇതു സാധിച്ചതെന്നു എനിക്കു തോന്നുന്നു. ഇതിന്റെശേഷം വളരെ വർഷങ്ങളിലേക്കു ഞാൻ ശോഷിച്ചു ബലഹീനനായിരുന്നു. കുടുംബാംഗങ്ങളുടെ മദ്ധ്യത്തിൽ മെലിഞ്ഞു രക്തപ്രസാദമില്ലാതിരിക്കുന്ന ഒരാളായിട്ടാണു എന്റെ ചിത്രം ഒരു ഗ്രൂപ്പ് ഫോട്ടോയിൽ ഞാൻ കണ്ടിട്ടുള്ളതു്. ചിത്രത്തിൽ ഞാൻ അമ്മയുടെ അരികിൽ വിസ്തീർണ്ണമായ ഫാലപ്രദേശത്തോടും ഒട്ടിയ ഗണ്ഡങ്ങളോടുംകൂടി കാണപ്പെടുന്നു. അല്പം ക്ലേശിച്ചു ചെയ്യേണ്ട ഒരു വ്യായാമവും എനിക്കു ചെയ്വാൻ കഴിഞ്ഞിരുന്നില്ല.

എനിക്കു സൌഖ്യമായതിന്റെ ശേഷം പിതാവിന്റെ വൈദിക വൃത്തിതന്നെ അദ്ദേഹത്തെ ഇംഗ്ലണ്ടിന്റെ വടക്കൻ പ്രദേശങ്ങളിൽനിന്നു മദ്ധ്യഭാഗത്തേക്കു നയിച്ചു. തന്മൂലം അന്നു മുതൽ ധൂമപടലത്താൽ അലങ്കോലമായ അന്തരീക്ഷത്തോടും ജനബാഹുല്യത്തോടുംകൂടിയ വ്യവസായനഗരിയായ ബർമിംഗാമിൽ താമസമുറപ്പിക്കുന്നതിനു് ഞങ്ങൾ നിർബന്ധിതരായി. ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്തു് ശബ്ദബഹുലവും പൊടിയും അഴുക്കും നിറഞ്ഞു വൃത്തിഹീനമായിരുന്നു. സാധാരണ വിളിക്കാറുള്ളതുപോലെ യഥാർത്ഥത്തിൽ ആ “താമസപ്രദേശം” കാടുകളാലോ വയലുകളാലോ ഭഞ്ജിക്കപ്പെടാതെ വിസ്തീർണ്ണമായി വ്യാപിച്ചു കിടന്നിരുന്നു. യന്ത്രശാലകളിൽനിന്നും ലോഹഖനികളിൽനിന്നും നിരന്തരം വമിച്ചുകൊണ്ടിരുന്ന വിഷവാതകങ്ങളുടെയും കല്ക്കരിക്കുന്നുകളു

ടെയും കുപ്പക്കുന്നുകളുടേയും ബാഹുല്യത്താൽ ചെടികൾ യാതൊന്നും തന്നെ അവിടെ തഴച്ചു വളർന്നിരുന്നില്ല. മരവിച്ചു പുകയിററ അടിഞ്ഞ ശുഷ്കപത്രങ്ങളോടുകൂടി അവിടവിടെ ചില പാഴ്മരങ്ങൾ നിൽപുണ്ടായിരുന്നു. സർവ്വപ്രകാരേണ പ്രകൃതി ഭംഗി അവിടെ അപ്രത്യക്ഷമായിരുന്നു. രാത്രികാലങ്ങളിൽ ചൂളകൾ ഉജ്ജ്വലിക്കുന്ന കാഴ്ചതന്നെ ഭയാനകമായിരുന്നു. ചെറുപ്പത്തിൽ, അഗ്നിയും പുകയും നിറഞ്ഞിരിക്കുന്ന ഈ പ്രദേശത്തുകൂടി ചെയ്ത ഒരു തീവണ്ടി യാത്രയും, ഈ കാഴ്ചകൾ മൂലം എനിക്കു അന്നുണ്ടായ ഭീതിയും ഞാൻ നല്ലതുപോലെ ഓർക്കുന്നുണ്ട്.

ഈ പട്ടണത്തിലെ സാഹചര്യങ്ങൾ സുഖപ്രദങ്ങളല്ലായിരുന്നെങ്കിലും ഞങ്ങൾ ക്ഷേമമായും തൃപ്തിയായും വർത്തിച്ചു. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ ജനനം അത്ര സഹനശക്തിയുള്ള ഒരു വർഗ്ഗത്തിലായിരുന്നു. സ്ഥിരാരോഗ്യത്തിനും നിത്യസൌഖ്യത്തിനും ഒരെതിരുപറയാനുണ്ടായിരുന്നെങ്കിൽ അതു് എൻെറ ദീനമായിരുന്നു. മുമ്പെ പറഞ്ഞതുപോലെ ഞങ്ങൾ പതിന്നാലുപേരുണ്ടായിരുന്നതിൽ ഒരാൾ മാത്രമെ ശൈശവത്തിൽ മൃതി അടഞ്ഞുള്ളു. മററുള്ളവരെല്ലാം പൂർണ്ണ വളർച്ച പ്രാപിച്ചു. ഇന്നു ഞങ്ങളിൽ ഒമ്പതുപേർ ജീവിച്ചിരിപ്പുണ്ടു്. എൻെറ മാതാവും പിതാവും മരിക്കുമ്പോൾ അവൎക്കു് 80 വയസ്സിലധികം പ്രായമുണ്ടായിരുന്നു. അവരുടെ സഹോദര സഹോദരികളും അതിലധികകാലം ജീവിച്ചിരുന്നു. അമ്മയുടെ പ്രത്യേക സൂക്ഷ്മംകൊണ്ടും ഞങ്ങളുടെ കുടുംബവൈദ്യൻെറ ബുദ്ധിയുപദേശമനുസരിച്ചു അധിക വ്യായാമങ്ങളിൽ പങ്കെടുക്കാതിരുന്നതുകൊണ്ടും എൻെറ ദേഹക്ഷീണം ക്രമേണ മാറിത്തുടങ്ങി. എങ്കിലും ആ ക്ഷീണം ഒരിക്കലും പരിപൂർണ്ണമായി എന്നിൽനിന്നു വിട്ടുപിരിഞ്ഞില്ല. ദീർഘകാലപ്രവൃത്തിയില്ലാതിരിക്കുന്നതിനു ഞാൻ നിർബ്ബന്ധിതനായിരുന്നതുമൂലം പുസ്തകപാരായണത്തിൽ എനിക്കൊരഭിരുചി ജനിക്കയും ആ അഭിരുചി സ്ഥിരമായി വളരുകയും ചെയ്തു. തന്നിമിത്തം ചെറുപ്പം മുതൽ ചിന്താശീലവും ഭാവനാശക്തിയും

എന്നിൽ പുഷ്ടിപ്പെട്ടു. ഏതെങ്കിലും ഒരു ഗ്രന്ഥം കൈയിലെടുത്താൽ പിന്നെ എൻെറ ചുററും നടക്കുന്ന സംഭവങ്ങൾ യാതൊന്നും അറിയാത്തവണ്ണം അതു എന്നെ ഏകാഗ്രചിത്തനാക്കിത്തീൎത്തിരുന്നു.

ശീഘ്രഗതിയിലുള്ള മാനസികവളൎച്ചയുടെ ആ കാലങ്ങളിൽ എൻെറ മുമ്പിൽ മഹനീയ ഭണ്ഡാഗാരത്തിൻെറ ഒരു കവാടം തുറക്കപ്പെട്ടു. ഒരു അദൃശ്യലോകത്തിൻെറ വിസ്തീൎണ്ണപ്രാന്തപ്രദേശങ്ങളിലേക്കു ഞാൻ പ്രവേശിച്ചു. തദനുസരണമായ ചിന്തകളിൽ ഞാൻ പ്രബലപ്പെട്ടു. ഒരുദിവസം അച്ഛൻെറ പുസ്തകസഞ്ചയത്തിൽ അലമാരിയുടെ മുകളിലെ തട്ടിൽ അഗാധമായ വേദശാസ്ത്രഗ്രന്ഥങ്ങളുടെ പല വാല്യങ്ങൾക്കു പിമ്പിൽ ഒട്ടു മറഞ്ഞു അത്ര കമനീയമല്ലാത്ത അച്ചടിയുള്ളതും പൊതിഞ്ഞതുമായ ഒരു ഗ്രന്ഥം കണ്ടുകിട്ടി. അതിൽ സർ വോൾട്ടർസ്കോട്ടിൻെറ സൎവ്വ നോവലുകളും പദ്യങ്ങളും അടങ്ങിയിരുന്നു. മോശമായ കടലാസിൽ രണ്ടു കോളമായിട്ടു ചെറിയ അക്ഷരത്തിൽ അതു മുദ്രണം ചെയ്യപ്പെട്ടിരുന്നതുകൊണ്ടു അതു വായിക്കുന്നതു വളരെ പ്രയാസമായിരുന്നു. എന്നാൽ അതു കണ്ടുപിടിച്ചപ്പോൾതന്നെ ഒരിക്കലും തീരാത്ത അമൂല്യ ധനങ്ങൾ നിക്ഷേപിക്കപ്പെട്ടിരുന്ന ഒരു രത്നാകരമായിട്ടു എനിക്കു തോന്നി. ദീൎഘഖണ്ഡികകൾ ഗഹനാൎത്ഥഭാഗങ്ങൾ എന്നിവ ഒഴിച്ചു ഞാൻ ആ പുസ്തകം ഒരാവൎത്തി വായിച്ചുതീൎത്തു. അതുകൊണ്ടു ഞാൻ സംതൃപ്തനായില്ല. ഞാൻ വീണ്ടും വായന തുടൎന്നു. ഈ പ്രാവശ്യം എനിക്കു പൂൎവ്വാധികം രസമുണ്ടായിരുന്നു. വളരെ ചെറുപ്പമായിരുന്നെങ്കിലും കഥാസ്വരൂപവും കഥാപാത്രങ്ങളുടെ ഏകദേശസ്വഭാവവും ഗ്രഹിക്കുന്നതിനു ഞാൻ ഉദ്യമിച്ചു. വണ്ടുകൾ മുരണ്ടുകൊണ്ടു തുമരന്ദം തേടി പുഷ്പപംക്തികൾ പരിശോധിക്കുന്നതുപോലെ ഈ സാഹിത്യാരാമത്തിൽ വികസിച്ചു നില്ക്കുന്ന ഓരോ ധന്യപുഷ്പപുടങ്ങളിലും തിങ്ങിത്തുളുമ്പുന്ന നറുന്തേൻ ഞാൻ ശേഖരിച്ചുതുടങ്ങി.

എൻെറ ആയുസ്സിൽ ധാരണാശക്തി പ്രബലമായിരു

ന്ന ആ യൗവനകാലത്തു് സ്കോട്ട് എന്നെ വളരെ സന്തോഷിപ്പിച്ചു. അദ്ദേഹത്തെപ്പോലെ യാതൊരു ഗ്രന്ഥകാരനും ആകൎഷണീയനായി എനിക്കു തോന്നിയിട്ടില്ല. അതു ഞാൻ സാഹിത്യലോകത്തിൽ ആദ്യം അഭിനന്ദിച്ച ദേഹം ആയതുകൊണ്ടായിരിക്കാം. ഞാൻ അദ്ദേഹത്തോടു കടംപെട്ടിരിക്കുന്നതിൽ സൎവ്വപ്രധാനമായിട്ടുള്ളതു് അദ്ദേഹത്തിന്റെ കൃതികളുടെ പിൻപിൽ നിൽക്കുന്ന സന്മാൎഗ്ഗദൎശനമാണു്. അദ്ദേഹത്തിന്റെ കഥകളിലെ ധീരകൃത്യങ്ങൾ നിൎമ്മലവും ശ്രേഷ്ഠവുമാണു്. തന്നിമിത്തം എന്റെ ചിന്തയുടെ ആദ്യഘട്ടത്തിൽ തന്നെ ഒരുത്തമ മാതൃക മുമ്പിൽ പ്രതിഷ്ഠിക്കുന്നതിനു എനിക്കു സാധിച്ചു.

വളരെനാൾ കഴിഞ്ഞുണ്ടായ ഒരു സംഭവം ഞാൻ പറഞ്ഞതിന്റെ യാഥാൎത്ഥ്യത്തെ ഉറപ്പിക്കയും സർ വോൾട്ടർ സ്കോട്ടിന്റെ സ്വാധീനശക്തി എത്ര വിപുലമായിട്ടുണ്ടെന്നു വെളിവാക്കുകയും ചെയ്യും. ബങ്കാളത്തു് ശാന്തിനികേതനത്തിലെ രവീന്ദ്രനാഥടാഗോറിന്റെ ജ്യേഷ്ഠസഹോദരൻ എന്നോടു സംസാരിക്കാറുണ്ടായിരുന്ന ഒരു പ്രധാന സംഗതി, സ്കോട്ടിന്റെ നോവലുകൾ ചെറുപ്പത്തിൽ അദ്ദേഹത്തിൽ വരുത്തിയിട്ടുള്ള വ്യത്യാസങ്ങളെക്കുറിച്ചായിരുന്നു. അദ്ദേഹത്തിന്റെ അനുഭവങ്ങൾ പല പ്രകാരേണയും എന്റെ അനുഭവത്തോടു യോജിക്കുന്നതായി തോന്നി. ടാഗോർ ഒരിക്കലും സ്കോട്ടലണ്ടു സന്ദൎശിച്ചിട്ടില്ലായിരുന്നുവെങ്കിലും അവിടത്തെ മനോമോഹനപ്രദേശങ്ങൾ അദ്ദേഹത്തിനു ദിവ്യങ്ങളായിരുന്നു. സ്കോട്ടിന്റെ മാന്ത്രികശക്തിക്കു അദ്ദേഹം അത്ര വശംവദനായിരുന്നതിനാൽ ബാല്യകാലസ്വപ്നങ്ങളിലുള്ള യോജ്യത ഞങ്ങളെ ആപ്തമിത്രങ്ങളാക്കി.

സ്കോട്ടിന്റെ ഈ ഗ്രന്ഥം കരസ്ഥമായതിൽപിന്നെ ഞാൻ ഒരു നവീനലോകത്തിൽ ചരിച്ചുതുടങ്ങി എന്നു പറയുന്നതു് ഒരു അതിശയോക്തിയല്ല. സ്കോട്ടലണ്ടിൽവെച്ചു നടന്നതായിട്ടു വിവരിക്കുന്ന കഥകൾ എന്നെ പ്രകമ്പിതമാനസനാക്കി. ഞാൻ ആരെക്കുറിച്ചു വായിച്ചുകൊണ്ടിരുന്നോ ആ കഥാ

പാത്രങ്ങളോടൊരുമിച്ചു വസിക്കുന്നതുപോലെ എനിക്കു തോന്നി. സ്കോട്ട്ലൻറ് ധീരകൃത്യങ്ങളുടെ മണിഗേഹമായി ഞാൻ കരുതി. ബർമിംഗാമിനു സമീപമുള്ള സട്ടൻകോൾഡ്ഫീൽഡ് എന്ന സ്ഥലത്തേക്കു തീവണ്ടിമാർഗ്ഗമായി പിതാവു ചിലപ്പോൾ ഞങ്ങളെ കൊണ്ടുപോകുമായിരുന്നു. അവിടെ ഒരു വിസ്തീർണ്ണ വിനോദരംഗവും മനോഹരോദ്യാനങ്ങളും അച്ഛസ്ഫടികനിർഝരികളും പലയിടങ്ങളിലും കാണപ്പെട്ടു. സങ്കല്പലോകത്തിൽ സ്കോട്ടിൻെറ നോവലുകളിൽ വർണ്ണിക്കപ്പെട്ടിരിക്കുന്ന ആ ധീരോദാത്തന്മാരോടൊരുമിച്ച് നടക്കയും ആ വന്യഭൂവിലെ സകല സംഭവങ്ങളിലും അവരോടൊരുമിച്ചു ഭാഗഭാക്കാകയും ചെയ്തുപോലെയുള്ള അനുഭവം എനിക്കുണ്ടായി. ഞങ്ങളുടെ ഭവനത്തിലുള്ള ഉദ്യാനങ്ങളിലും ഈ ധീരനടനങ്ങൾ ഞാൻ നടത്തി. എൻെറ സഹോദരസഹോദരികൾക്ക് ഇതു് മനസ്സിലാകുമോ എന്നുള്ള സന്ദേഹത്താൽ ഈ അനുഭവങ്ങളിൽ അവരെ പങ്കാളികളാക്കുന്നതിനു് ഞാൻ ശങ്കിച്ചു. തന്നിമിത്തം ഏകാന്തജീവിതത്തോടു് എനിക്കു കൂടുതൽ താല്പര്യമുണ്ടായി.

ഞാൻ യൌവ്വനപ്രാപ്തനായതിൻെറ ശേഷവും, ഒരു പക്ഷേ ഈ മനോഹരപ്രദേശങ്ങൾ സന്ദർശിക്കുമ്പോൾ അതു എൻെറ ബാല്യകാലപ്രതീക്ഷയ്ക്കനുസരിച്ചു രാമണീയതയില്ലാത്തതായിരിക്കും എന്നുള്ള സന്ദേഹത്താൽ അവിടം സന്ദർശിക്കുന്നതിൽ ഞാൻ വിമുഖനായിരുന്നു. ഒടുവിൽ, ഭംഗികൊണ്ടും വിജനതകൊണ്ടും സർവ്വപ്രകാരേണ മനോമോഹനമായ ഒരു പ്രദേശമായി ഞാൻ അവിടം കണ്ടു. ഞാൻ ഏകനായി കാൽനടയായിട്ടുതന്നെ ആ പ്രദേശങ്ങളുടെ ഭംഗിയിൽ വിവശനായി, സന്ദർശകന്മാരുടെ പാതകൾ വിട്ടു്, ഒരിടത്തുനിന്നു മറെറാരിടത്തേയ്ക്കു ഇങ്ങനെ അലഞ്ഞുതിരിഞ്ഞു. ഇപ്രകാരം ഈ മാന്ത്രികശക്തി പൂർവ്വാധികം പുതുക്കപ്പെടുകയും ബാല്യസന്തോഷത്തിനു് ഒരുണർച്ചയുണ്ടാകയും ചെയ്തു. പൂർവ്വസ്മരണാതന്തുക്കളാൽ ദിവാസ്വപ്നങ്ങളാകുന്ന ധവളാംബരങ്ങൾ ചമയ്ക്കുന്നതിനു് സൌകര്യം ലഭിച്ചതിനാൽ ഞാൻ സമാശ്വ

സിച്ചു. ഇന്നും എൻെറ ജീവിതയാത്രയുടെ പകുതിയിൽ അധികഭാഗവും കഴിഞ്ഞിട്ടും ഭൂമുഖത്തെ അനേക രമണീയപ്രദേശങ്ങൾ സന്ദശിച്ചുകഴിഞ്ഞിട്ടും സ്കോട്ടലണ്ടിലെ കമനീയ തുംഗഗിരിതടങ്ങൾ എന്നെ എന്തെന്നില്ലാതെ ആകഷിച്ചുകൊണ്ടിരിക്കുന്നു.

ഈ ആഖ്യായികാകാരൻ ബാല്യത്തിൽ എന്നിൽ ഉൽഭൂതമാക്കിയ ഊഹാപോഹങ്ങൾ, ക്രിസ്തുവിൻെറയും അഭിനന്ദനത്തിനു പാത്രീഭൂതമായ, ഈ ദൃശ്യലോകഭംഗികളിൽ രമിക്കുന്നതിന് എനിക്കു ശക്തി നൽകി. അദ്ദേഹത്തിൽനിന്നു ഒരു നിമിഷനേരത്തേയ്ക്കെങ്കിലും അവയെ മാററിവെച്ചു ചിന്തിക്കുന്നതിനു ഞാൻ അപ്രാപ്തനാണ്. പ്രകൃതിഭംഗിയാലും ആത്മികഭംഗിയാലും ഈ ശ്രേഷ്ഠലോകത്തിൽ, എൻെറ ദൃശ്യപഥത്തിൽ പെട്ടിട്ടുള്ളതും എൻെറ ശ്രവണപുടത്തിൽ പതിഞ്ഞിട്ടുള്ളതുമായ സവ്വ ഭംഗികളും, അദ്ദേഹത്തിൻെറ സ്നേഹത്തെക്കുറിച്ച് എനിക്കു ഓമ്മവരുത്തുന്നതിനു സഹായകങ്ങളായിട്ടാണു പരിണമിച്ചിരിക്കുന്നതു്. സ്വഗ്ഗവും ഭൂമിയും ഒഴിഞ്ഞുപോയാലും അദ്ദേഹത്തിൻെറ വചനങ്ങളിൽ ഒരു വള്ളിക്കോ പുള്ളിക്കോ ശൈഥില്യം ഭവിക്കയില്ലെന്നു അവ എനിക്കു ഉറപ്പു തരുന്നു.

എൻെറ ബാല്യകാലസംഭവങ്ങൾ തമ്മിലുള്ള വ്യത്യാസം ഇത്രവഷമെന്നു നിണ്ണയിക്കുന്നതിനു എനിക്കു നിവൃത്തിയില്ല. എനിക്കു സൂക്ഷ്മമായി ഓക്കാവുന്ന അനന്തരസംഭവം, അതു സംഭവിച്ചപ്പോൾ ക്ലേശഭൂയിഷ്ഠമായിരുന്നെങ്കിലും സവ്വപ്രകാരേണയും അതു ശുഭപര്യവസായിയായിരുന്നു.

എൻെറ മാതാവു അവരുടെ വിവാഹവേളയിൽ സാമാന്യം സമ്പന്നയായ ഒരു സ്ത്രീയായിരുന്നു. അതുകൊണ്ടു എൻെറ ചെറുപ്പത്തിൽ ഞങ്ങൾ സുഭിക്ഷമായി ജീവിച്ചുവന്നു. അമ്മയുടെ ഈ മൂലധനത്തിൽ നിന്നുള്ള ആദായം, ഞങ്ങളുടെ കുടുംബച്ചെലവുകൾക്കു ആവശ്യത്തിലധികമുണ്ടായിരുന്നതുകൊണ്ടു്, പ്രതിഫലം കൂടാതെ സഭാശുശ്രൂഷകൾ നടത്തുന്നതിനു പിതാവിനു് സാധിച്ചു. അവരുടെ പണം പ്രത്യേക കരാറി

ന്മേൽ ഒരാളിനെ ഏല്പിച്ചിരുന്നു. പ്രായമാകുന്നതുവരെ ഞങ്ങൾ ഇതുകൊണ്ടു ഉപജീവിക്കണം എന്നായിരുന്നു അവർ കരുതിയിരുന്നതു്.

എന്നാൽ ഒരു ദിവസം ആ ട്രസ്റ്റി അമ്മയുടെ ധനം അപഹരിച്ചിരിക്കുന്നു എന്നുള്ള വിവരത്തിനു് ഒരു കത്തുകിട്ടി. മുൻപ്രസ്താവിച്ച കരാറിൻപ്രകാരം പണം നിക്ഷേപിച്ചിട്ടുണ്ടോ എന്നറിവാൻ, ലണ്ടനിലുള്ള മിക്ക ഖജനാവുകളിലേക്കും അച്ഛൻ കമ്പി അടിച്ചുചോദിച്ചു. അമ്മയുടെ പേരിൽ നിക്ഷേപിച്ചിരുന്ന പണം പിൻവലിച്ചിരിക്കുന്നു എന്നു ആ ദിവസത്തിൽതന്നെ മറുപടികിട്ടി; ട്രസ്റ്റി ഒളിച്ചുപോയിരിക്കുന്നു എന്ന വിവരവും അറിഞ്ഞു. അമ്മയുടെ പണവും അയാളുടെ പണവും ഒന്നിച്ചു ഒരു ഖജനാവിൽ നിക്ഷേപിച്ചതിൽ എന്തോ പ്രമാദം ഭവിക്കയാൽ സർവ്വവും നഷ്ടമായിപ്പോയി എന്നായിരുന്നു അന്നത്തെ അറിവു്. എന്നാൽ അയാൾ ചതിക്കയായിരുന്നു എന്നു കണ്ടുപിടിച്ചതു കുറേവർഷങ്ങൾ കഴിഞ്ഞിട്ടാണു്. അക്കാലത്തു അവൻ ഒരു കുററപ്പുള്ളിയായി ജീവിക്കുകയായിരുന്നു.

അപ്പോഴത്തെ എൻെറ പിതാവിൻെറ മുഖഭാവവും മാതാവു് അദ്ദേഹത്തെ സമാധാനപ്പെടുത്തുവാൻ ശ്രമിക്കുന്നതും ഞാൻ ഇന്നും വ്യക്തമായി ഓക്കുന്നുണ്ടു്. അവർ അതിധീരവനിതയായിരുന്നു. ഈ ചതിവു ചെയ്തയാൾ പിതാവിൻെറ ആത്മമിത്രം ആയിരുന്നതുകൊണ്ടു് ആ മനുഷ്യനെ ട്രസ്റ്റിയാക്കുന്നതിനു പിതാവാണു് ശുപാശി ചെയ്തതു്. അയാൾക്കുവേണ്ടി ശുപാശി ചെയ്തതുകൊണ്ടു് ഈ വൈഷമ്യത്തിനു ഹേതുഭൂതൻ താനാണല്ലോ എന്നുള്ള മനഃപ്രയാസത്തിനു പുറമെ സ്നേഹവിധ്വംസനം അദ്ദേഹത്തെ അധികം കുണ്ഠിതപ്പെടുത്തി. ഒന്നിനു പുറമെ ഒന്നായി അശുഭവാത്താവാഹികളായ ഈ കമ്പിസന്ദേശങ്ങൾ തുറക്കുമ്പോൾ അദ്ദേഹം അനുഭവിച്ച മഹാവേദന അവണ്ണ്യനീയമായിരുന്നു. ഞാൻ അമ്മയോടു കുറെക്കൂടി സമീപിച്ചു; അസ്വാസ്ഥ്യം വദ്ധിച്ചുവരുന്നതായി കണ്ടു; പക്ഷേ സംഗതികളുടെ യാഥാത്ഥ്യം ഗ്രഹിക്കു

ന്നതിനു് തീരെ ചെറുപ്പമായിരുന്നതുകൊണ്ടു് എനിക്കു സാധിച്ചില്ല. എന്നാൽ എൻെറ അച്ഛൻെറ സ്നേഹിതൻ അമ്മയുടെ സൎവ്വധനവും അപഹരിച്ചു എന്നു മാത്രം ഞാൻ ഗ്രഹിച്ചു. പിതാവു് ഇനിയും എന്തുചെയ്യും എന്നിങ്ങനെ ഒരു ബാലഹൃദയത്തിനു പ്രാപ്തമായ വിധം ഞാൻ അതിശയിച്ചുകൊണ്ടിരുന്നു.

മണിക്കൂറുകൾ ഇങ്ങനെ കഴിഞ്ഞു. പതിവുപോലെയുള്ള കുടുംബപ്രാൎത്ഥനയുടെ സമയമായി. മാതാവു പ്രശാന്തധീരയായി തന്നെ വൎത്തിച്ചു. പിതാവു അന്നത്തേക്കുള്ള സങ്കീൎത്തനം വായിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ അമ്മയെ ചാരി ഒരു വശത്തു ഇരുന്നിരുന്നു. വൻചതിയനായ ഒരു കൂട്ടുകാരനെ അധികരിച്ചു ആ വന്ദ്യ എബ്രായഗായകൻ പാടിയിരുന്ന ഒരു സങ്കീൎത്തനമായിരുന്നു അന്നു വായിച്ചതു്. "എനിക്കു ഈ അപമാനം വരുത്തിയതു് ഒരു ശത്രുവായിരുന്നു എങ്കിൽ അതു എനിക്കു് സഹ്യമായിരുന്നു; എന്നാൽ നീഃയാ എൻെറ ഉററമിത്രവും സഹചാരിയും വഴികാട്ടിയും ആയിരുന്നല്ലോ. ഞങ്ങൾ കൂടി ആലോചിക്കയും ദൈവഭവനത്തിൽ സഖാക്കളായി നടക്കുകയും ചെയ്തു". ഈ വാക്യങ്ങൾ അതിലടങ്ങിയിരുന്നു. പിന്നെ അദ്ദേഹം നിറുത്തി. ആ പഴയ വേദഭാഗത്തു വഞ്ചകൻെറമേൽ ചില ശാപവചനങ്ങളും ആശംസിച്ചിരുന്നു. അപ്രകാരമുള്ള വാക്യങ്ങൾ അദ്ദേഹം വായിച്ചിരുന്നില്ല. അതിനുപകരം അപ്പൻ ദൈവത്തോടു പ്രാൎത്ഥിച്ചു. പ്രാൎത്ഥനമദ്ധ്യേ വൻചതിവു പ്രവൎത്തിച്ച തൻെറ കൂട്ടുകാരനിലുള്ള സഹതാപംകൊണ്ടു ഗൽഗദമുണ്ടായതു ഞാൻ കണ്ടു. അവൻെറ പാപക്ഷമയ്ക്കും അനുതാപത്തിനുംവേണ്ടി അദ്ദേഹം പ്രാൎത്ഥിച്ചു. പ്രാൎത്ഥന ഇങ്ങനെ തുടൎന്നപ്പോൾ വ്യക്തിപരമായ തൻെറ ചേതത്തിലുള്ള നിരാശക്കാർമേഘപടലങ്ങൾ സഹോദരസ്നേഹമാകുന്ന ദിവ്യ സൂൎയ്യകിരണങ്ങളിൽ ലയിച്ചു മറഞ്ഞുപോയി. പ്രാൎത്ഥനയിൽനിന്നു എണീററപ്പോൾ അദ്ദേഹത്തിൻെറ ഭാവങ്ങൾ ആസകലം രൂപാന്തരപ്പെട്ടിരുന്നു. ധൈൎമദ്രവ്യനഷ്ടത്തിനു ഒരിക്കലും എടുത്തുകളയാൻ പാടില്ലാത്ത

ആ സ്വൎഗ്ഗീയസന്തോഷത്തിന് എന്റെ മാതാവും ഭാഗഭാക്കായി.

ശേഷം കാൎയ്യങ്ങൾ ശീഘ്രത്തിൽ വിവരിക്കാം. ഞങ്ങളുടെ കുടുംബജീവിതത്തിൽ പ്രസ്തുത സംഭവം ഒരു നന്മയായി പരിണമിച്ചു. ഞാൻ എന്റെ മാതാപിതാക്കളെ പൂൎവ്വാധികം ഭക്തിപുരസ്സരം ബഹുമാനിച്ചു. ഞാൻ ഒരു കുട്ടിയായിരുന്നു എങ്കിലും അവരുടെ അനുഭവങ്ങൾ ഗ്രഹിക്കയും അതിൽ പങ്കെടുക്കയും ചെയ്കയാൽ അവരിലുള്ള എന്റെ സ്നേഹം ശതഗുണീഭവിച്ചു. എന്റെ ആവശ്യങ്ങൾ സാധിക്കുന്നതിനു ഞാൻതന്നെ വേലചെയ്യേണ്ടിവന്നു. അനാവശ്യസുഖേച്ഛയാൽ എന്തെല്ലാം വല്ലായ്മകളാണ് ക്ഷീണനായ ഒരു കുട്ടിയിൽ വരാവുന്നതു എന്നറിയാവുന്നവൎക്കു ഈ അനുഭവത്തിന്റെ അൎത്ഥം സുഗ്രാഹ്യമാണ്.

ദൂരദേശത്തുള്ള ഒരു പബ്ളിക്കുസ്കൂളിലേക്കു എന്നെ അയക്കുന്നതിനു പകരം ബർമിംഗാംനഗരമദ്ധ്യത്തിൽ ആറാമനായ എഡ്വർഡുരാജാവു ആരംഭിച്ച ഒരു സ്കൂളിലാണ് എന്നെ അയച്ചതു്. തന്മൂലം ഒരിക്കലും മാതാപിതാക്കളിൽനിന്നു ദൂരെ ജീവിക്കാഞ്ഞതിനാൽ പ്രകൃത്യാതന്നെ അവർ എന്റെ ഗുരുഭൂതരായിത്തീൎന്നു. പ്രതിദിനജീവിതത്തിൽ ഞാൻ അവരിൽനിന്നു പഠിച്ചതു ദൂരദേശത്തുള്ള ഒരു ബോഡിംഗ് സ്കൂളിൽനിന്നു ഒരിക്കലും പഠിക്കാൻ നിവൃത്തിയില്ലെന്നായിരുന്നു. കൂടാതെ ദൈവഗത്യാ ആ സ്കൂളിലെ എന്റെ അദ്ധ്യയനം സൌജന്യമായി ലഭിച്ചതിനു പുറമെ തദനന്തരം കോളജിൽ ചേൎന്നു ഉപരിപഠനം സാധിക്കുന്നതിനു വേണ്ടിടത്തോളം സമ്പാദിക്കുന്നതിനും എനിക്കു സാധിച്ചു. അപ്രകാരം എന്റെ ചെലവുകൾ കഴിഞ്ഞു അധികമുണ്ടായിരിക്കത്തക്കവണ്ണം എനിക്കു ആ സ്കൂളിൽനിന്നു വേതനം ലഭിച്ചു.

സൎവ്വപ്രധാനമായ അനുഗ്രഹം ഇനിയും പറയേണ്ടിയിരിക്കുന്നു. ഞങ്ങളുടെ വീട്ടിലെ ദാരിദ്ര്യംനിമിത്തം ഞങ്ങളുടെ ഭവനം ഐക്യതയുടെ ഇരിപ്പിടമായിത്തീൎന്നു. മാതാപിതാക്കൾ ധനികരായിരുന്നെങ്കിൽ ഇതു ഒരിക്കലും സാധി

ക്കയില്ലായിരുന്നു. നിസ്സാരസംഗതികളിൽ മററുള്ളവൎക്കുകൂടി സ്ഥാനം കൊടുക്കുന്നതിനും സ്വയം ആൎജ്ജിക്കുന്നതിനേക്കാൾ പരന്മാൎക്കുവേണ്ടി കരുതുന്നതിനും ഞങ്ങൾ അഭ്യസിച്ചു. ഞങ്ങളുടെ സന്തോഷവും അതായിത്തീൎന്നു. ഈ വിധത്തിൽ സൎവ്വവും നന്മയ്ക്കായിക്കൂടി വ്യാപരിച്ചുകൊണ്ടിരുന്നു. അമ്മയുടെ സൎവ്വസ്വത്തും നഷ്ടമായതിൻെറ ശേഷം ഞങ്ങൾക്കുവേണ്ടി അവർ അനുഷ്ഠിച്ച ത്യാഗം അത്ഭുതകരമായിരുന്നു. ഞങ്ങൾക്കുവേണ്ടി നിസ്സ്വാൎത്ഥതയോടുകൂടി അവർ അക്ഷീണ പരിശ്രമം ചെയ്തു. സ്വാൎത്ഥരഹിതവും പരിപാവനവുമായ അവരുടെ വൎത്തനാരീതി സൂക്ഷിച്ചതുകൊണ്ടു അപകൃഷ്ടമായോ സ്വാൎത്ഥപരമായോ പ്രവൎത്തിക്കുന്നതു ഞങ്ങൾക്കു ലജ്ജാകരമായി തോന്നി.

പിന്നെ അമ്മയുടെ ധനത്തിൽ ഒട്ടും തിരികെ ലഭിച്ചില്ലെങ്കിലും ട്രസ്റ്റി അവൻെറ തെററിനെക്കുറിച്ചു അത്യധികമായി പശ്ചാത്തപിച്ചു എന്ന സുവാൎത്ത കിട്ടി. അവനുണ്ടായിരുന്നതും അപഹരിച്ചതും ഒരുപോലെ നഷ്ടപ്പെട്ടതുകൊണ്ടു യാതൊന്നും തിരിച്ചു തരുന്നതിനു് അവനു നിവൃത്തിയില്ലായിരുന്നു. അവൻ ചെയ്തതിനെക്കുറിച്ചു ക്ഷമാപണം ചെയ്ത ക്ഷണത്തിൽതന്നെ അതു അവനു് ദാനംചെയ്കയും അവൻെറ മരണത്തിനു മുമ്പുതന്നെ തമ്മിൽ യോജിക്കയും ചെയ്തു.

---

അദ്ധ്യായം 3.

## ബാല്യകാലം.

ഇക്കാലത്തു ഞങ്ങൾ ലൌകികമായി ദരിദ്രരായിരുന്നുവെങ്കിലും ഞങ്ങളുടെ കുടുംബത്തിൽ അസാധാരണമായ സന്തോഷവും അവൎണ്ണനീയമായ സമാധാനവും ഉണ്ടായിരുന്നു. ഈ അധഃപതനത്തിനു മുമ്പേ എൻെറ ജീവിതത്തിൽ അഗാധമായ അദ്ധ്യാത്മവ്യാപാരം ഉണ്ടായിരുന്നില്ല. ഞാൻ ക്രിസ്തുവിനെപ്പററി പഠിച്ചതു, എൻെറ അമ്മയുടെ സ്നേഹത്തെ

കുറിച്ചും അച്ഛന്റെ നീതിയെക്കുറിച്ചും എനിക്കു ബാല്യകാലത്തിലുണ്ടായ ബോധത്തിൽനിന്നാണു്. എന്റെ മുമ്പിൽ അവർ ക്രിസ്തുവിനെ പ്രതിനിധീകരിച്ചു എന്നു ഏകവാക്കിൽ സംഗ്രഹിക്കാം. അവരുടെ ദൃഷ്ടിമുഖേന ഞാൻ അദ്ദേഹത്തെ കാണുകയും സ്നേഹിക്കയും ചെയ്തു. ഞാൻ എപ്പോഴെങ്കിലും ക്രിസ്തുവിനെക്കുറിച്ചു ചിന്തിക്കുമ്പോൾ എന്റെ മാതാവിനെപ്പോലെ ശാന്തതയും എന്റെ പിതാവിനെപ്പോലെ നിസ്സ്വാർത്ഥതയും (?) ... ഒരാളെ സങ്കല്പിക്ക പതിവാണു്. ക്രിസ്തുവിനെ വിഷയീകരിച്ചുള്ള പഴയ ചിത്രങ്ങളിൽ നല്ല ഇടയന്റെ ചിത്രം എന്നെ അധികം ആകർഷിച്ചു. ആ നല്ല ഇടയന്റെ മുഖഭാവത്തിനു് എന്റെ അമ്മയുടെ നോട്ടത്തോടു വളരെ സാമ്യമുണ്ടായിരുന്നു. ഞാൻ ഇപ്പോഴും ഓർക്കുന്നതുപോലെ ഈ ദർശനം എനിക്കു എപ്പോഴും സന്തോഷപ്രദമായിരുന്നു.

കുറച്ചു വർഷങ്ങളുടെ ശേഷം ഒരു യഥാർത്ഥചിത്രം എന്നുള്ള നിലയിൽ അതിനുള്ള പോരായ്മ മനസ്സിലാക്കി; അതായതു ക്രൂശീകരണത്തിന്റെ മാഹാത്മ്യം കാണിക്കുന്നതിനു അതു ശക്തമായിരുന്നില്ല. ഏതായാലും അന്നു അതു എന്നെ തൃപ്തിപ്പെടുത്തി. ഒരു കുഞ്ഞിന്റെ നിലയിൽ ക്രിസ്തുവിനെ യഥാർത്ഥീകരിക്കുന്നതിനു് തീർച്ചയായി ആ ചിത്രം എനിക്കു സഹായകരമായിരുന്നു. ഇപ്രകാരം അതിന്റെ വാസ്തവമായ സാദ്ധ്യം നിറവേറി.

വേറെ ചില പൂർവ്വസ്മരണകൾ സുസൂക്ഷ്മങ്ങളെന്നു എനിക്കു തോന്നുന്നതുകൊണ്ടു പ്രസ്താവ്യങ്ങളാണെന്നു ഞാൻ കരുതുന്നു. അവ എന്റെ മനോസമതലത്തിൽ നിരാകാരശുഭ്രമേഘങ്ങളാലും ധൂമസമാനമായ ഹിമപാളികളാലും ആവൃതമായ ഒരു ഗിരിശൃംഗമെന്നവണ്ണം പൊന്തിനിൽക്കുന്നു.

ആദ്യത്തേതു, ക്രിസ്തുമസ്സ്കാലത്തു എന്റെ അമ്മ എന്നെയും സഹോദരങ്ങളേയും ചുററിലും അണച്ചുകൊണ്ടു നിൽക്കുന്ന ഒരു ചിത്രമായിരുന്നു. അവർ അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഞങ്ങളോടു, സമാധാനത്തിന്റെ കുമാരൻ എന്ന നാമധേയത്തോടുകൂടി ബേത്ത്ളഹേമിൽ പുതുതായി ജനി

ച്ചിരിക്കുന്ന ആ കുട്ടിയുടെ കഥ പറഞ്ഞു രസിപ്പിക്ക പതിവായിരുന്നു. അവരുടെ സരളമായ രീതിയിൽ സമീപത്തു പുൽത്തൊട്ടിയിൽ തങ്കക്കുടംപോലെ കിടക്കുന്ന ആ ദിവ്യശിശുവിനെ ദയാർദ്രമായി നോക്കിനിൽക്കുന്ന ഗോവൃന്ദത്തെക്കുറിച്ചും വൎണ്ണിച്ചിട്ടുണ്ട്. അതിനിടയിൽ ഈ കുഞ്ഞിനെ കാണേണ്ടതിനു ഇതരമൃഗങ്ങളെ അതിക്രമിച്ചു കഴുത്തു നീട്ടിക്കൊണ്ടു നിൽക്കുന്ന ഒരു ഒട്ടകത്തെക്കുറിച്ചുള്ള വൎണ്ണനങ്ങളുടെ ആഹ്ലാദത്തെ വദ്ധിപ്പിക്കും. കൎത്താവായ യേശു കുഞ്ഞായിരുന്നപ്പോൾ ഈ മിണ്ടാപ്രാണികൾ ദയയായി വൎത്തിച്ചതുകൊണ്ടു നാമും അവയോടു ദയയായി വൎത്തിക്കണമെന്നും അവയും ദൈവത്തിൻെറ വാത്സല്യഭാജനങ്ങളാണെന്നും അവർ ഞങ്ങളോടു ഉപദേശിച്ചു.

പിന്നെ പുതുതായി ജനിച്ച ഈ കുഞ്ഞിനെ വധിക്കാൻ ഹേരോദാരാജാവു ചെയ്ത പരിശ്രമങ്ങളെക്കുറിച്ചു അവർ വിസ്തരിച്ചുകേൾപ്പിക്കും. പിന്നീട് പൂൎവ്വദേശത്തുനിന്നു വരുന്ന മൂന്നു വിദ്വാന്മാരെ ഞങ്ങളുടെ മുമ്പിൽ ചിത്രീകരിക്കും. ശൂന്യപ്രദേശങ്ങളായ ദുരന്തമണലാരണ്യങ്ങളിലും അന്ധതാമസരാത്രികളിലും അവൎക്കു മാൎഗ്ഗദൎശിയായിരുന്ന ആ നക്ഷത്രം അവരുടെ വൎണ്ണനയെ പ്രഭാപൂരിതമാക്കി. ഇവരിൽ ഒരാൾ ചൈനയിൽനിന്നും വേറൊരാൾ ഇൻഡ്യയിൽനിന്നും മറ്റൊരാൾ ഇപ്പോൾ ആഫ്രിക്ക എന്ന നാമധേയത്താൽ അറിയപ്പെടുന്ന എത്തിയോപ്യ പ്രദേശങ്ങളിൽനിന്നും വന്നു എന്നു അവർ ഞങ്ങളോടു പറഞ്ഞു. യേശുക്രിസ്തുവിൻെറ കഥാമൃതം കൎണ്ണദ്വാരാ പാനംചെയ്തുകൊണ്ടു അംഗാരകയിലേക്കു എൻെറ ദൃഷ്ടി പതിച്ചു ശാന്തമായിരിക്കുമ്പോൾ ഈ വിദൂരവിദേശങ്ങളുടെ പേരുകൾ മെസ്മരവിദ്യയാലെന്നവണ്ണം എന്നിൽ ഫലിച്ചു.

കഥാകഥനത്തിൽ എൻെറ മാതാവു അദ്വിതീയയായിരുന്നു വിശേഷിച്ചു പൈതങ്ങളോടുള്ള പെരുമാററത്തിൽ അവർ അതിനൈപുണ്യം പ്രദൎശിപ്പിച്ചു. ഉറങ്ങാൻ പോകുന്നതിനു മുമ്പ അഗ്നി പ്രഭയിൽ ഞാൻ മാതൃമുഖത്തെത്തന്നെ

വീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ക്രിസ്തുമസ്സു കാലോചിതമായ ഈ കഥ എന്നെ വളരെ ആകർഷിച്ചു. എല്ലാ വർഷങ്ങളിലും ക്രിസ്തുമസ്സ് പ്രഭാതത്തിൽ ആറുമണിക്കുതന്നെ പള്ളിയിൽപോകുന്നതിനു സൂര്യോദയത്തിനു മുമ്പു എഴുന്നേൽക്കുന്നതു വളരെ രസപ്രദമായിതോന്നി. ഇരുട്ടത്തു അമ്മയുടെ മുറിയുടെ വാതില്ക്കൽ ഒന്നിച്ചുകൂടി അകത്തേക്കു നോക്കിക്കൊണ്ടു 'ക്രിസ്ത്യാനികളെ ഉണരുവിൻ' എന്ന പാട്ടുപാടി പിരിഞ്ഞുപോകുക സാധാരണമായിരുന്നു.

എഴുതുന്നതിനിടയിൽ വേറൊരു സംഭവം എൻെറ മനോദർപ്പണത്തിൽ തെളിഞ്ഞു വരുന്നു. അതു ഞാൻ ആദ്യമായിട്ടു മരണം കണ്ട അവസരമായിരുന്നു. തന്മൂലമുള്ള പരിഭ്രമം എന്നെ വല്ലാതെ ഉപദ്രവിച്ചു. ഗൃഹത്തിനു സമീപമുള്ള ഒരു സ്ഥലത്തു ഞാൻ എൻെറ അഗ്രജനോടൊന്നിച്ചു കളിച്ചുകൊണ്ടിരിക്കവേ യാദൃച്ഛികമായി അയൽപക്കത്തെ ഒരു കോഴിയെ കൊല്ലുന്ന കാഴ്ച ഞാൻ കണ്ടു. അപ്പോൾ അതു നിലത്തു കിടന്നു മരണവേദനയാൽ പിടച്ചു മറിയുകയായിരുന്നു. പെട്ടെന്നു എൻെറ ഹൃദയം പൊട്ടി വിമ്മി വിമ്മി കരഞ്ഞുകൊണ്ടു ഞാൻ മാതൃസന്നിധിയിലേക്കു ഓടി. ദീർഘകാലത്തേയ്ക്കു എന്നെ ഭയവിഹ്വലനാക്കിത്തീർത്ത ഈ മരണദേവതയുടെ ഭയങ്കരദർശനം മറക്കുന്നതിനു എനിക്കു കഴിഞ്ഞില്ല. ബാല്യകാല ഭീതികളിൽ മറെറാരു സംഗതി ഞാൻ എന്നെത്തന്നെ അകാരണമായ ഭയത്തിന്ന് വശംവദനാക്കിയതായിരുന്നു. ഇതിൽ തെററു പ്രവർത്തിച്ചതു ഞാൻ തന്നെയാണ്. വല്ലാതെ കുപിതനായിരുന്ന ഒരു സന്ദർഭത്തിൽ ജ്യേഷ്ഠനെ 'എടാ മറയാ' എന്നു ഞാൻ വിളിച്ചു. ഉടനെ മിന്നൽ ദ്യുതിപോലെ അഗ്നിനരകത്തെക്കുറിച്ച് ഓർപ്പിക്കുന്ന ഒരു വേദവാക്യം ഹൃദയത്തിൽ തറയ്ക്കുകയാൽ ഞാൻ അതിവേദന അനുഭവിച്ചു. ക്ഷമിക്കപ്പെടാത്ത ഒരു കഠിനപാപം ഞാൻ ചെയ്തുപോയല്ലോ എന്നുള്ള ആകുലചിന്തയാൽ പല അഹോരാത്രങ്ങളും ഞാൻ കരഞ്ഞുകൊണ്ടിരുന്നു. പിന്നെയും പിന്നെയും ഈ ചിന്ത എന്നിലേക്കു തള്ളിക്കയറി അതിനെ നിഷ്ക്കാസനം ചെയ്വാൻ യാതൊന്നും ശക്തമായിരുന്നില്ല.

ഏവംവിധങ്ങളായ ബാല്യപീഡകളിൽ ലളിതഹൃദയത്തോടെ ദൈവത്തിങ്കലേക്കു തിരിയുവാൻ അന്നു ഞാൻ പഠിച്ചിരുന്നില്ല. ഈ അനുഭവം സിദ്ധിച്ചതു പിന്നീടാണ്. ഇപ്പോൾ പിന്തിരിഞ്ഞു ബാലചാപല്യങ്ങളെനോക്കി മന്ദഹസിക്കുമ്പോൾ എൻെറ അപ്പനമ്മമാരുടെ സൽഗുണപരിപൂർണ്ണതയെക്കുറിച്ചു എനിക്കു ഉത്തമബോധമുണ്ടായിരുന്നിട്ടും എൻെറ ഈ ഭീതി അവരെ അറിയിക്കാഞ്ഞതു എന്തുകൊണ്ടാണെന്നോർത്തു അത്ഭുതപ്പെടാറുണ്ട്. അന്നു ദൈവം എനിക്കു ഒരു ഭയങ്കരമൂർത്തിയായിരുന്നുവെന്നു ആ സംഗതി വെളിവാക്കുന്നുണ്ടല്ലോ. 'ഞങ്ങളുടെ പിതാവേ' എന്നുള്ള പ്രാർത്ഥന യഥാർത്ഥമായിട്ടു ഞാൻ അന്നു മനസ്സിലാക്കിയിരുന്നില്ല. ക്രിസ്തുവിനെക്കുറിച്ചുള്ള അന്നത്തെ ചിന്ത സ്നേഹവും ദയയും ഉള്ള ഒരാളെന്നായിരുന്നു. എന്നാൽ ദൈവത്തെക്കുറിച്ചു ദൂരസ്ഥനും ഭയങ്കരനും എന്നു വിചാരിച്ചിരുന്നു.

ഇപ്രകാരമുള്ള അനുഭവങ്ങളിൽനിന്നുമാത്രം എൻെറ ബാല്യദശയെ വ്യക്തമാക്കാൻ ശ്രമിച്ചാൽ അതുകൊണ്ട് ഒരു തെററിദ്ധാരണയേ ഉണ്ടാവാൻ മാർഗ്ഗമുള്ളു. എപ്പോഴെങ്കിലും നാട്ടുമ്പുറങ്ങൾ സന്ദർശിക്കുമ്പോൾ പ്രകൃതിയിൽ ഭംഗിയുള്ള എന്തെങ്കിലുമൊന്നു കണ്ടാൽ ഉടൻ യഥാർത്ഥ സന്തോഷാബ്ധിയിൽ മുഴുകുന്നതിനുള്ള ഒരു അസാധാരണശക്തി എനിക്കു വളരെ ചെറുപ്പംമുതല്ക്കേ ഉണ്ടായിരുന്നു എന്നുള്ളതും പ്രസ്താവ്യമാണ്. എന്നെ സന്തോഷസാഗരത്തിൽ ആറാടിച്ച സുവർണ്ണാവസരങ്ങളായിരുന്നു ആ സന്ദർശനദിവസങ്ങൾ. ഇവ എൻെറ ഓർമ്മയിൽ സുദീർഘമായി കിടക്കുന്നു. വനപ്രദേശങ്ങളിൽ എനിക്കു അത്യധിക താല്പര്യമുണ്ടായിരുന്നു. തമോനിബിഡമായ കാന്താരഭൂവിലെ സൂര്യപ്രകാശം, ഗ്രഹപാർശ്വങ്ങളിലുള്ള മനോഹരോദ്യാനങ്ങളുടെ പ്രതിഭ, അസ്തമയസൂര്യൻെറ ചെങ്കതിരൊളി സ്വർണ്ണവർണ്ണമായി വിളഞ്ഞു നിൽക്കുന്ന ധാന്യങ്ങളിൽ പതിക്കുമ്പോഴുണ്ടാകുന്ന സായാഹ്നപ്രഭ, വർഷാനന്തരം സപ്തസപ്തിയുടെ കിരണങ്ങളാൽ ചിത്രവർണ്ണോജ്ജ്വലമായ പർജ്ജന്യപംക്തികൾ ഇത്യാദി കാഴ്ചകൾ

എന്നെ ബോധരഹിതനാക്കിച്ചമച്ചു. അവ നിത്യസന്തോഷ നിക്ഷേപങ്ങളെ വഹിക്കുന്ന ദൂതരായിരുന്നു. ഞാൻ വളൎന്നു വരുന്തോറും പ്രകൃതിഭംഗിയിലുള്ള ഈ അസാധാരണസന്തോഷം മന്ദംമന്ദം മങ്ങിത്തുടങ്ങി. ഞാൻ അദ്ധ്യാത്മസന്തോഷസാഗരത്തിൽ മുഴുകി ലയിച്ചിരിക്കുന്ന ചില സന്ദൎഭങ്ങളിൽ മാത്രമേ ഈ സന്തോഷം തിരികെ ലഭിച്ചുള്ളു.

ബുദ്ധികൂൎമ്മതയുള്ള തൻെറ കുട്ടികളെ പഠിപ്പിക്കുന്നതിൽ അച്ഛൻ, ഒരുത്തമ ഗുരുവായി പ്രശോഭിച്ചു. അദ്ദേഹം നിൎമ്മലഹൃദയനും കുഞ്ഞുങ്ങളുടെ അത്ഭുതങ്ങളിലും അഭിനന്ദനങ്ങളിലും ഭാഗഭാക്കാകത്തക്കവണ്ണം ലളിത ബാലഹൃദയമുള്ളവനും ആയിരുന്നു. സാധാരണക്കാർ അഗണ്യമാക്കിത്തള്ളുന്ന നിസ്സാരസംഗതികളും സൂക്ഷ്മമായി അറിയുന്നതിനു അദ്ദേഹം ഉൽക്കണ്ഠ പ്രദൎശിപ്പിച്ചുവന്നു. യുവാക്കളായ ഞങ്ങളെ പഠിപ്പിക്കുമ്പോഴും ഒരു യുവാവായി വൎത്തിക്കുന്നതിനു നിഷ്പ്രയാസം സാധിക്കത്തക്കവണ്ണം അദ്ദേഹം നല്ല യൌവ്വനത്തിളപ്പുള്ളവനായിരുന്നു. അദ്ദേഹത്തെ ഒരു വയോധികനെന്നു കരുതാതെ, പലപ്പോഴും ഞങ്ങളിൽ ഒരുവനെപ്പോലെ ഞങ്ങൾ വിചാരിച്ചു. ഞങ്ങളുടെ കളികളിലും പഠനത്തിലും പങ്കെടുപ്പാൻ തക്കവണ്ണം ഞങ്ങളിൽ മൂത്ത ഒരു കുട്ടിയെപ്പോലെയാണു് അദ്ദേഹം വൎത്തിച്ചതു്.

ഇപ്രകാരം വൎത്തിച്ചിരുന്നുവെങ്കിലും എനിക്കു അപ്രമേയങ്ങളും അജ്ഞാതങ്ങളുമായിരുന്ന സംഗതികൾ ഉപദേശിച്ചുതരുന്നതിൽ അദ്ദേഹം ജാഗരൂകനായിരുന്നു. ഞാൻ പെട്ടെന്നു കാൎയ്യങ്ങൾ ഗ്രഹിക്കുമെന്നു അദ്ദേഹത്തിനു നല്ല നിശ്ചയമുണ്ടായിരുന്നതിനാൽ ഏകദേശം അദ്ദേഹത്തോടൊപ്പം എനിക്കു പാണ്ഡിത്യമുണ്ടെന്നു വിചാരിച്ചുകൊണ്ടാണു് എന്നോടു അദ്ദേഹം പലപ്പോഴും സംസാരിച്ചുവന്നതു്. സൎവ്വാശയങ്ങളിലും എന്നെ ഒരു സഹചാരിയെന്നു ഗണിക്കത്തക്കവണ്ണം എൻെറ ബുദ്ധിസാമൎത്ഥ്യത്തെപ്പററി അദ്ദേഹം സന്തോഷിച്ചിരുന്നു.

പരമാൎത്ഥത്തിൽ ഇതു് അദ്ദേഹത്തിൻെറ പ്രകൃതിതന്നെയായിരുന്നു. അദ്ദേഹം എല്ലാവരേയും പൂൎണ്ണമായി വിശ്വ

7

സിച്ചു. ഉദാഹരണമായി, തീവണ്ടിയിലോ മറെറവിടെയെങ്കിലുമോ മുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്ത അപരിചിതന്മാരുടെ സംഘത്തിലായാലും ശരി, അവരോടു സംഭാഷിക്കയും തൻെറ ആശയങ്ങളും അഭിപ്രായങ്ങളും എല്ലാം അവരോടു പറകയും ചെയ്യുന്നതു അദ്ദേഹത്തിൻെറ സ്വഭാവമാണ്. അദ്ദേഹം ഇതുപോലെ ശുദ്ധനും ദയാലുവും ആയിരുന്നതുകൊണ്ട് ആരും അതിൽ അഭിപ്രായവ്യത്യാസം പ്രദർശിപ്പിച്ചതുമില്ല. മാനുഷിക നന്മയിൽ മാത്രം വിശ്വസിച്ചുകൊണ്ട് എല്ലാവരോടും വർത്തിച്ചു. ആരെങ്കിലും തന്നോടു ചോദിച്ചാൽ മുഴുവനും കൊടുക്കുന്ന ഒരു പ്രകൃതിയായിരുന്നതുകൊണ്ട് യാത്രച്ചെലവൊഴിച്ചു അധികം പണം അദ്ദേഹത്തെ ഏല്പിക്കുന്നതു ബുദ്ധിപൂർവ്വമല്ലെന്ന് അമ്മയ്ക്ക് അറിയാമായിരുന്നു. ചില സന്ദർഭങ്ങളിൽ ചിലർ അദ്ദേഹത്തെ കബളിപ്പിച്ചെങ്കിലും മനുഷ്യനന്മയിലുള്ള അദ്ദേഹത്തിൻെറ വിശ്വാസത്തിൻെറ പ്രതിഫലമായി സകലരും അദ്ദേഹത്തെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തു.

അച്ഛൻതന്നെ എൻെറ അദ്ധ്യാപകനായിരുന്നകാലത്ത് എന്നെ നവീനാശയങ്ങളിലേക്കും രസങ്ങളിലേക്കും ആനയിച്ചു. അദ്ദേഹത്തിൽ നിന്ന് പ്രതിദിനപാഠങ്ങൾ ഒന്നും ലഭിക്കാതെ വളരെ നാൾ കഴിഞ്ഞതിൻെറ ശേഷവും എനിക്ക് ലഭിച്ചിട്ടുള്ളതിലേക്കും അധികം സഹതാപമുള്ള ഒരു മിത്രമായിട്ടാണ് ഞാൻ അദ്ദേഹത്തെ കരുതിയിരുന്നതു്. എന്നെ സമനിലയിൽ ഗണിച്ചുകൊണ്ട് എത്രയും അകൃത്രിമമായവിധത്തിൽ ഏതു കാര്യവും എന്നോടു ചോദിക്കുകയും ആലോചിക്കുകയും ചെയ്യുന്നതിന് അദ്ദേഹം സദാ സന്നദ്ധനായിരുന്നു.

എൻെറ ശൈശവകാലം മുഴുവനും അച്ഛനും ഞാനുമായി അന്യോന്യവിശ്വാസത്തിൽ കഴിഞ്ഞുകൂടി. എന്നാൽ ഒരു ദിവസം ഇതിനു ഭംഗംനേരിടത്തക്കവണ്ണം ഒരു കാരണമുണ്ടായി. അതു് എന്നെ വല്ലാതെ വേദനപ്പെടുത്തുകയും എൻെറ മനസ്സമാധാനത്തെ ശിഥിലമാക്കുകയും ചെയ്തു. ഒരു കള്ളം

പറഞ്ഞതാണ് ഇതിൻെറ കാരണം. പ്രസ്തുത സംഭവം ഇപ്ര കാരമായിരുന്നു:—

ഒരിക്കൽ അമ്മയുടെ ഒരു സഹോദരൻ, എൻെറ സഹോ ദരനേയും എന്നേയും ദയാപുരസ്സരം ലണ്ടനിലേക്ക് കൂട്ടി കൊണ്ടുപോയി. ഇതിനു മുമ്പേ ഞാൻ ലണ്ടൻപട്ടണം കണ്ടി ട്ടില്ലായിരുന്നതുകൊണ്ട് ആ സന്ദശ്നം എന്നെ ആഹ്ലാദഭ രിതനാക്കി. ആ സായാഹ്നത്തിൽതന്നെ ഞങ്ങൾ എല്ലാവരും മടങ്ങി എത്താമെന്നായിരുന്നു മാതാപിതാക്കന്മാരോടു ചെ യ്തിരുന്ന കരാർ. എന്നാൽ ഞങ്ങളുടെ ബന്ധുവാകട്ടെ അ ന്നു നടക്കുന്ന ഒരു പ്രദശ്നത്തിലെ ദീപക്കാഴ്ച കാണുന്നതിനു ഞങ്ങളെ നിബ്ബന്ധിച്ചു. ഞങ്ങൾക്കു തീവണ്ടികിട്ടിയില്ല എ ന്നു പറഞ്ഞു കമ്പിയും അടിച്ചു. ഈ വഞ്ചനകാണിക്കാതെ പരമാത്ഥമായ് പ്രവത്തിച്ചിരുന്നെങ്കിൽ ഒരു പ്രയാസവുമു ണ്ടാകയില്ലായിരുന്നു. ഈ സംഗതി പരസ്യമാക്കരുതെന്നു് അദ്ദേഹം ഞങ്ങളെ ശ്രൂപാശ് ചെയ്കയും തദനുസരണം പ്രവ ത്തിക്കാമെന്നു് ഞങ്ങൾ വാഗ്ദത്തം ചെയ്കയും ചെയ്തു.

ഇതൊരു അസത്യം ആയിരിക്കുമെന്നു് എനിക്കു് അ പ്പോൾ ബോദ്ധ്യമില്ലായിരുന്നു. അതുകൊണ്ടാണു് ഞാൻ അ വരോടു യോജിച്ചതു്. എന്നാൽ സംഭവം കഴിഞ്ഞപ്പോഴാണു ഞാൻ ചെയ്തതു വിഹിതമല്ലെന്നു ഗ്രഹിച്ചതു്. അതിൻെറ ശേഷവും സംഗതി രഹസ്യത്തിൽ സൂക്ഷിക്കുന്നതിനു് വാഗ്ദ ത്തംമൂലം ഞാൻ നിർബന്ധിതനായിത്തീർന്നു. ഈ സംഗ തി എനിക്കു് ഒരുപദ്രവമായി ചില മാസങ്ങളിലേക്കു് അ സ്വാസ്ഥ്യഹേതുവായിത്തീൎന്നു. ക്രമേണ അതു് എന്നെ വിട്ടു പിരിഞ്ഞു. പുതിയ പുതിയ സംഗതികൾ എൻെറ മന സ്സിൽ സ്ഥലംപിടിക്കയാൽ അതു് അവിടെനിന്നു വിപാട നം ചെയ്യപ്പെട്ടു എങ്കിലും അതിൻെറ അജ്ഞാനാങ്കം ശേ ഷിച്ചു.

എനിക്കു കുറേക്കൂടി പ്രായമായപ്പോൾ, ഗൃഹജോലികളു ടെ ആധിക്യത്താൽ ദിവസേന എൻെറ സഖിയാകുന്നതിനുള്ള അമ്മയുടെ സൗകര്യം കുറയുകയും എൻെറ വിക്രമങ്ങളിൽ അ

ച്ഛനെ ആദർശപുരുഷനായി സ്വയം വരിക്കയും ചെയ്തു. ലോകത്തിലുള്ള ഏതു രാജ്യങ്ങളെക്കുറിച്ചും ശ്രേഷ്ഠാദർശങ്ങൾ ഉള്ളവനും സർവ്വജ്ഞനും ആയിട്ട് ഞാൻ അദ്ദേഹത്തെ കരുതി. പുരുഷപ്രാപ്തിയായശേഷം എന്റെ ഭാവികർത്തവ്യങ്ങളെക്കുറിച്ചുള്ള പ്രോജ്ജ്വലചിന്തകൾക്ക് ഞാൻ അദ്ദേഹത്തിൽ ആശ്രയിച്ചു. എന്റെ ആശകളെല്ലാം സഫലമാകും എന്നുള്ള നിശ്ചയം എന്നിൽ ഉൽഭൂതമാക്കി. എന്റെ സങ്കല്പങ്ങളെ അദ്ദേഹം ഉദ്ദീപിപ്പിക്കുമായിരുന്നു. അവയെ പുനഃസ്ഥാപിപ്പിക്കേണ്ടതിനും പ്രകാശിപ്പിക്കേണ്ടതിനും അന്യ രാജ്യങ്ങളിൽ നടന്ന വിവിധ വൃത്താന്തങ്ങൾ എന്നെ ഗ്രഹിപ്പിക്ക സാധാരണയായിത്തീർന്നു.

ഒരു ദിവസം ഞാൻ മാതൃസന്നിധിയിൽ ചെന്നു് ഉച്ചഭക്ഷണത്തിനു കുറച്ചു ചോറുകൂടെ ഉപയോഗിക്കുന്നതിനു് എല്ലാ ദിവസവും എന്നെ അനുവദിക്കണമെന്നു് ആവശ്യപ്പെട്ടു.

ആശയോടെ ഞാൻ ഇപ്രകാരം പറഞ്ഞു, "അമ്മേ ഞാൻ കുറേക്കൂടെ വളർന്നശേഷം ഇൻഡ്യയിൽ പോയി ജീവിക്കണമെന്നാഗ്രഹിക്കുന്നു. ഇൻഡ്യാക്കാർ ചോറാണു ഭക്ഷിക്കുന്നതെന്നു് അച്ഛൻ എന്നോടു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അവിടെ പോകുന്നതിനുമുമ്പേ എനിക്കു ചോറുപയോഗിച്ചു പരിചയിക്കണം."

പ്രായമാകുമ്പോൾ വിദേശങ്ങളിലേക്കു പോകണമെന്നുള്ള എന്റെ പരമാർത്ഥമായ ആഗ്രഹത്തെ ഞാൻ ഇപ്രകാരമാണു് അമ്മയെ ഗ്രഹിപ്പിച്ചതു്. ഞാൻ ചോറു ചോദിച്ചതുകൊണ്ട് അവർ എന്നെ നോക്കി പരിഹസിക്കയും ഞാൻ ഒരു ഭോഷനാണെന്നു പറകയും ചെയ്തു. പക്ഷേ, പ്രാപ്തിയാകുമ്പോൾ അവരുടെ കൂടുവിട്ടു പറന്നുപോകുമെന്നുള്ള സംഗതി ആദ്യമായി ഗ്രഹിച്ചതുകൊണ്ടായിരിക്കാം അവരുടെ വാക്കുകളിൽ ഒരു ദീനസ്വരമുണ്ടായിരുന്നതു്. അവരുടെ സന്താനങ്ങളിൽവെച്ചു എന്നെയാണു അധികം വാത്സല്യമായി അമ്മ കരുതിയതു്. അതുപോലെതന്നെ എന്റെ ജീവിതത്തിലെ അഗാധമായ സംഗതികളിൽ ഒന്നു് മാതൃസ്നേഹമായിരുന്നു.

ഒരു ദിവസം കണ്ടുപിടിത്തത്തിന്റെ ആത്മാവിനാൽ പ്രകമ്പിതമാനസനായി ഏകനായ ഞാൻ സററൺ വൂഡ്സ് (Sutton woods) എന്ന വന്യപ്രദേശത്തേക്കു നടന്നു. ധീരവിക്രമങ്ങൾക്കുള്ള വിവിധ രംഗസ്ഥലങ്ങൾ അവിടെ എന്നെ കാത്തുകിടക്കുന്നുണ്ടായിരുന്നു. ഈ വിജനകാനനത്തിന്റെ ഭംഗിയിൽ ഞാൻ അത്ഭുതപ്പെട്ടു. ജനനിബിഡവും വൃത്തികെട്ടതുമായ പട്ടണമദ്ധ്യത്തിൽ വളർത്തപ്പെട്ട എനിക്ക് തുറസ്സായ സ്വാതന്ത്ര്യഭൂവിനുവേണ്ടിയുള്ള ഒരു ആത്മദാഹമുണ്ടായിരുന്നു. പ്രകൃതിഭംഗിപോലെതന്നെ സകല 'മർമ്മ'ങ്ങളും ആ വനത്തിൽ നിഗ്രഹനം ചെയ്തിരിക്കുന്നതുപോലെ എനിക്കു തോന്നി.

ഈ പ്രത്യേക സന്ദർഭത്തിൽ ആ ചതുപ്പുപ്രദേശത്തിന്റെ ഒരു പാർശ്വത്തിലുള്ള കൈതച്ചെടിയിൽ ഞാൻ ഒരു പക്ഷിക്കൂടു കണ്ടുപിടിച്ചു. ശുഭ്രനീലാങ്കിതമായ നാലു ചെറുമുട്ടകൾ അതിൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടിരുന്നു. അതിനെ സമീപിക്കുമ്പോൾ ദുസ്തരമായ ചതുപ്പിൽ താണുപോകുമോ എന്നൊരു ഭീതി! ഒരസാധാരണ കുതൂഹലമല്ലാതെ യാതൊരു ചിന്തയ്ക്കും ഇടംകൊടുക്കാതെ മുട്ടകൾ കരസ്ഥമാക്കിക്കൊണ്ട് അച്ഛനും അമ്മയും ഈ ധീരകൃത്യത്തിൽ എന്നെ അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുമെന്നുള്ള നിശ്ചയമായ പ്രത്യാശയോടുകൂടി ഞാൻ വീട്ടിലേക്ക് ഓടി. അതു് അവരുടെ സന്നിധിയിൽ കൊണ്ടുചെന്നു.

അമ്മ എന്നെ ശാന്തമായി ഒരുവശത്തേക്ക് അടുപ്പിച്ചിട്ട്, ആ കൂട്ടിലേക്ക് പ്രത്യാശയോടെ പറന്നുവരുന്ന തള്ളപ്പക്ഷി അവളുടെ കൂടു ഒഴിഞ്ഞുകിടക്കുന്നതുകണ്ട് സമീപത്തുള്ള ചില്ലിക്കൊമ്പുകൾതോറും കരഞ്ഞുകൊണ്ട് പറന്നുഴലുന്ന ഒരു ദയനീയചിത്രം എന്നെ വരച്ചുകാണിച്ചു. ക്ഷണഭംഗുരമായ ജലത്തിലെ ഒരു പോളയ്ക്കുതുല്യം എന്റെ സന്തോഷങ്ങളെല്ലാം നശിച്ചു. ആ പെൺകിളിക്കുവേണ്ടി ഒന്നുപോലും ശേഷിപ്പിക്കാതെ ആ നാലു മുട്ടകളും അപഹരിച്ചതു് എത്ര ക്രൂരകൃത്യമാണു് എന്ന് അച്ഛനും എന്നോട്

വിസ്തരിച്ചു പറഞ്ഞു. അതു് എന്നെ വല്ലാതെ ചലിപ്പിച്ചു. ആ കാളരാത്രി ഒരുവിധത്തിൽ കഴിഞ്ഞുകൂടി. പ്രഭാതത്തിൽതന്നെ അവിടേക്കുള്ള വഴി മുഴുവൻ ഏകനായി നടന്നു് പുൽച്ചെടികൾ നിൽക്കുന്ന ആ ചതുപ്പുനിലത്തെത്തി. ആ മുട്ടകൾ തിരിച്ചുവെക്കേണ്ടതിനു് ഞാൻ പക്ഷിക്കൂട്ടു് തിരഞ്ഞുനടന്നു. പക്ഷെ ഫലം ഒന്നും ഉണ്ടായില്ല.

ഇതു് ഊഹിക്കാൻപോലും പാടില്ലാത്ത ഒരു പാപമായി വിചാരിക്കത്തക്കവണ്ണം പ്രസ്തുത സംഗതി എന്നെ ഭേമിച്ചു. യഥാൎത്ഥമായ അനുതാപത്തോടെ ഞാൻ ദൈവത്തോടു ഈ സന്ദർഭത്തിൽ ക്ഷമായാചനംചെയ്തു. പ്രാർത്ഥനകളുടെ ശേഷം ഒരുവിധം സമാധാനം കണ്ടെത്തി. ഈ അവസരത്തിൽ എനിക്കു ക്രിസ്തുവിൽ ഒരു മങ്ങിയ വിശ്വാസം മാത്രമേ ഉണ്ടായിരുന്നൊള്ളൂ. ദൈവത്തെക്കുറിച്ചു് തൻെറപുത്രനെപ്പോലെ എന്നെ സ്നേഹിക്കുന്ന ഒരു പിതാവു് എന്നുള്ള വിശ്വാസം ഉണ്ടായിരുന്നു. എൻെറ ആദ്ധ്യാത്മജീവിതത്തെ ഭീകരവും പാപപങ്കിലവുമാക്കിത്തീൎത്ത വേറെ ചില സംഗതികൾ എൻെറ ബാലമനസ്സിൽ തിങ്ങിക്കൂടിക്കൊണ്ടിരുന്നു.

പിതാവിനോടൊരുമിച്ചു് നടക്കാൻ പോകുന്നതു് ബാല്യത്തിൽ എനിക്കു വളരെ സന്തോഷപ്രദമായിരുന്നു. തൻെറ കരത്തിൽ പിടിച്ചുകൊണ്ടു് സശ്രദ്ധം മന്ദം മന്ദം ചെറുപാദങ്ങൾ വെച്ചുപോകുന്ന ഈ ശ്രോതാവിനോടു് അദ്ദേഹം വഴിനീളെ സംഭാഷിച്ചുകൊണ്ടിരുന്നു. മനുഷ്യജീവിതത്തെക്കുറിച്ചും ഭാവിജീവിതത്തെക്കുറിച്ചുമുള്ള മതസിദ്ധാന്തങ്ങൾ പ്രത്യേകരീതിയിൽ ശ്രുതിമധുരമായ വിധത്തിൽ അദ്ദേഹം വൎണ്ണിച്ചു് എന്നെ കേൾപ്പിച്ചു. എഡ്വർഡ് എെർവിംഗിൻെറ പ്രബോധനത്തിൻെറ ഒരു ഛായ അതിനുണ്ടായിരുന്നു. ആ ഗ്രന്ഥകാരൻെറ പ്രസംഗങ്ങൾക്കു വേദപുസ്തകം കഴിഞ്ഞാൽ അടുത്ത സ്ഥാനമാണു് അദ്ദേഹം കല്പിച്ചിരുന്നതു്.

അദ്ദേഹം ഗൗരവസ്വരത്തിൽ ഇങ്ങനെ പറയുമായിരുന്നു. "താഴെ ജനക്കൂട്ടത്തിൽനിന്നു് ശകാരി വരുന്നു എന്നു്

തീൎത്തുപറയുന്നതു് ഒരു ദൈവദൂഷണമാണു്. പാപമൂൎത്തിയായ അന്തിക്രിസ്തു സൎവ്വഭൂമിയിലും പഠിപ്പിക്കുന്ന വലിയ അസത്യം ഇതുതന്നെയാണു്. സൎവ്വശക്തിയും ദൈവത്തിനുള്ളതു്, അതു താഴെനിന്നല്ല, ഉയരത്തിൽനിന്നത്രേ വരുന്നതു്. പൊതുജനശബ്ദം ദൈവശബ്ദം ആണെന്നു പറയുന്നതു് സാത്താൻെറ വൻചതിവാണു്."

ഇതുപോലെ എൻെറ പിതാമഹന്മാരുടെ ഉപദേശങ്ങളുടെ അടിസ്ഥാനവിശ്വാസങ്ങളെ തകൎക്കുന്ന പല അഭിപ്രായങ്ങൾ ഞങ്ങളുടെ വീട്ടിലും എത്തിയിട്ടുണ്ടായിരുന്നു. എഡ്വർഡ് ഐർവിംഗിൻെറ പ്രേരണയിൽ എൻെറ വല്യച്ഛൻ വന്നതിൻെറ ശേഷമാണു് എൻെറ പിതാവിനു് ഈ ഉപദേശം വല്യപ്പനിൽനിന്നു ലഭിച്ചതു്. രാഷ്ട്രത്തിലും രാജാവു ദൈവനിയമിതനാണെന്നു വാദിക്കത്തക്കവണ്ണം അവർ യാഥാസ്ഥികന്മാരായിരുന്നു. വിക്ടോറിയാമഹാരാജ്ഞിയെ ദൈവത്തിൻെറ അഭിഷിക്തയായി അവർ ഗണിച്ചു. ദൈവകല്പനപ്രകാരം എല്ലാവരും ഹൃദയംഗമമായി അങ്ങനെയുള്ള ഭരണകൎത്താവിനോടു സ്വാമിഭക്തിയുള്ളവരായിരിക്കണം എന്നു് അവർ വാദിച്ചു. ഇപ്രകാരം അദ്ദേഹം ഒരു അസാധാരണഭക്തനായിരുന്നതുപോലെ രാഷ്ട്രീയനും സ്വദേശാഭിമാനിയും കൂടെ ആയിരുന്നു. വിക്ടോറിയാ ബ്രിട്ടീഷ് ദ്വീപുകളുടെ രാജ്ഞിയായിരിക്കുന്നതുപോലെ ഇൻഡ്യയുടെ ചക്രവൎത്തിനിയുമാണെന്നു് അഭിമാനപുരസ്സരം അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ടു്. ഹാവ്ലോക്ക് (Havelock) ഔട്ടറാം (Outram) ലോറൻസ്സ് (Lawrence) ആദിയായി ഇൻഡ്യയിലെ ഭയങ്കരവിപ്ലവത്തിലെ പ്രധാന നേതാക്കളുടെ കഥകൾ അദ്ദേഹം പറയുക സാധാരണമാണു്. ബ്രിട്ടീഷുകാരുടെ ഇൻഡ്യയിലെ ധീരപരാക്രമകൃത്യങ്ങൾ എൻെറ ചിന്തയെ ഉദ്ദീപിപ്പിക്കയും പ്രാപ്തിയായശേഷം പൌരസ്ത്യദേശങ്ങളിലേക്കു പോകുന്നതിനുള്ള ആശയെ എന്നിൽ വൎദ്ധിപ്പിക്കുകയും ചെയ്തു. ഇൻഡ്യയിലുള്ള വിസ്തീൎണ്ണമായ ബ്രിട്ടീഷ് സാമ്രാജ്യം ആംഗ്ലോ സാക്സൻ വൎഗ്ഗത്തിൻെറ മാഹാത്മ്യമേറിയ ഒരു സമ്പാദ്യമാണെന്നായി

രുന്നു എൻെറ പിതാവിൻെറ അഭിമതം. പ്രതാപമാന്ന റോമാസാമ്രാജ്യത്തോട് അതിനെ സാമ്യമാക്കാമായിരുന്നു. പിതാവിൻെറ അധരപുടങ്ങളിൽ നിന്ന് നിർഗ്ഗളിക്കുന്ന ഈ ആശയങ്ങളും അഭിപ്രായങ്ങളും കേട്ടുകേട്ട് ഞാൻ ഒരു വിധത്തിൽ മുഷിഞ്ഞു.

ഗ്ലാഡ്സ്റ്റൻെറ (Gladstone) പേരുകേൾക്കുന്നതു് പ്രത്യേകിച്ച് അപമാനകരമെന്ന് അദ്ദേഹം കരുതിയിരുന്ന ഐറിഷ്പ്രശ്നത്തിന് കീഴ്പെട്ടതിൽ പിന്നെ, എൻെറ അച്ഛന് ആ പേരു ക്ഷോഭഹേതുകമായിത്തീൎന്നു. കഠിനമായ വൈരാഗ്യത്തോടെ "ആ ചതിയൻ" എന്ന് അദ്ദേഹത്തെ വിളിച്ചിട്ടുണ്ട്. അടുത്ത ക്ഷണത്തിൽതന്നെ സുസ്മേരവദനനാകയും സാധാരണമാണ്. ആ പിതൃഹൃദയത്തിൽ ഗ്ലാഡ്സ്റ്റനോടുള്ള സ്നേഹബഹുമാനാദികൾക്ക് ഇടം ഇല്ലാതിരുന്നില്ല. എന്തെന്നാൽ അദ്ദേഹംതന്നെ സ്മാരകകൃതിയെന്നു ഗണിച്ചിരുന്നതിൽ "വിശുദ്ധവേദത്തിലെ ദുർഗ്രഹമായ ശില" എന്നു വിളിച്ചിരിക്കുന്നു. എനിക്കു പ്രായമായതിൻെറ ശേഷം അദ്ദേഹം വിനോദമായി ഗ്ലാഡ്സ്റ്റനാണ് ഹക്സിലിയെ (Hucely) ചാട്ടയടിച്ച് കുതിരയെ ഓടിക്കുന്നതുപോലെ ശണ്ഠക്ക് "പ്രേരിപ്പിച്ചതു്" എന്നു പറയുമായിരുന്നു.

എന്നാൽ നേരമറിച്ച്, ബ്രിട്ടീഷ് ഭരണകൂടത്തിൻെറ ബലഹീനതയെക്കുറിച്ച് ഒററവാക്കുപോലും അയാൾ എന്നോടു പറഞ്ഞിട്ടില്ല. ഈ കാൎയ്യങ്ങളിൽ എൻെറ അച്ഛൻ ഒരു കുഞ്ഞിനെപ്പോലെ പരമാൎത്ഥിയായിരുന്നു. സ്വരാജ്യം ഒരു വിദേശത്തോടു തെററായോ നികൃഷ്ടമായോ അനീതിയായോ പ്രവൎത്തിക്കുമെന്നുള്ളതു് അദ്ദേഹത്തിന് അവിശ്വസനീയമായിരുന്നു. അദ്ദേഹത്തിൽനിന്ന് ഞാൻ ആൎജ്ജിച്ച ഈ സ്വദേശത്തെക്കുറിച്ചുള്ള വിശ്വാസങ്ങൾ എൻെറ സ്വഭാവത്തിലും പ്രബലമായിരുന്നതുകൊണ്ടു് ഇവയ്ക്കെല്ലാം ഒരു മറുവശമുണ്ടെന്നു വിശ്വസിക്കുന്നതിന് എനിക്ക് കുറെ കാലദൈൎഘ്യം വേണ്ടിയിരുന്നു.

അദ്ധ്വവിസ്മൃതമായ എൻെറ ബാല്യദശയെ തിരിഞ്ഞു

നോക്കുമ്പോൾ അതു് സർവ്വത്ര സന്തോഷപൂർണ്ണമായി കാണപ്പെട്ടു. ഞാൻ വളരെ ലജ്ജയുള്ളവനും ക്ഷീണഗാത്രനും രോഗിയുമായ ഒരു കൊച്ചുകുട്ടിയായിരുന്നെങ്കിലും ആകുലചിന്തകളിൽനിന്നു് വിമുക്തനും സന്തോഷചിത്തനും ആയിരുന്നു. എൻെറ ജീവനുതന്നെ ഞാൻ കടപ്പെട്ടിരിക്കുന്ന എൻെറ മാതാവിനെയും പിതാവിനെയുംപോലെ ഉററമിത്രങ്ങളായി എൻെറ സഹോദരങ്ങളിൽപോലും ആരുംതന്നെ ഉണ്ടായിരുന്നില്ല. എൻെറ സഹോദരീസഹോദരന്മാർ ഉത്തമ സഹകാരികളും മിത്രങ്ങളും ആയിരുന്നെങ്കിലും എൻെറ ഹൃദയത്തിൻെറ ധ്യാനവിഷയം അച്ഛനും അമ്മയും ആയിരുന്നു. തന്മൂലം അവരും എൻെറ സ്വപ്നങ്ങളിൽ ഭാഗഭാക്കുകളായി.

---

അദ്ധ്യായം 4.

## സഭ.

എൻെറ പിതാവു് ശുശ്രൂഷചെയ്ത ബർമിംഗ്ഹാമിലുള്ള സഭയിൽ അംഗങ്ങൾ അധികം ഇല്ലായിരുന്നുവെങ്കിലും ആത്മികജീവൻ അതിൽ ധാരാളമുണ്ടായിരുന്നു. മദ്ധ്യപ്രദേശങ്ങളിൽ എഡ്വർഡു് ഐർവ്വിംഗിൻെറ ശിഷ്യന്മാർ അന്യോന്യ വിശ്വാസത്തിലും ഐക്യതയിലും ഒരു സംഘം സജ്ജീകരിക്കയും ക്രിസ്തീയ സഭയുടെ ആദിമകാലങ്ങളിലെപ്പോലെ ജീവിക്കയും ചെയ്തു. ഉത്തമ ഭക്തരായ ഈ സംഘം പ്രാർത്ഥനാജീവിതമുള്ളവരും സൽക്കാരപ്രിയരും ഭവനങ്ങൾ ദർശിക്കുന്നവരുമായിരുന്നു. അവരുടെ പൊതുവിശ്വാസത്താൽ അവർ അന്യോന്യം ബന്ധിക്കപ്പെട്ടിരുന്നു. അവരുടെ കർത്താവും രക്ഷിതാവുമായവൻെറ സ്വർഗ്ഗത്തിൽനിന്നുള്ള ശീഘ്ര പ്രത്യക്ഷതയ്ക്കുവേണ്ടി അവർ സദാ പ്രാർത്ഥിച്ചു കാത്തിരുന്നു. അവർ ഇതിനെ "വാഴ്ത്തപ്പെട്ട പ്രത്യാശ" എന്നു വിളിച്ചു. അപ്പോസ്തോലകാലത്തെ ആദ്യശിഷ്യന്മാരുടെ പ്രത്യാശപോലെ മാഹാത്മ്യമേറിയ അവരുടെ ഒരു മുദ്രാവാക്യ

മായിരുന്നു ഇതു്. സാധാരണഗതിയിൽ വളരെ പ്രയാസമായ കാര്യങ്ങൾ അവരുടെ അസാധാരണ ത്യാഗശീലംകൊണ്ടു അവർ സാധിച്ചുവന്നു.

എഡ്‌വർഡ്ഗ് ഐർവിംഗിൻെറ പ്രസംഗങ്ങൾ മുഖാന്തിരം ഈ പുതിയ പ്രസ്ഥാനം ലണ്ടനിൽ അഭിവൃദ്ധിപ്പെട്ടപ്പോൾ പൊതുജനങ്ങൾ അവരെ "ഐർവിംഗ്യസംഘം" എന്നു വിളിച്ചു. ഇർവിംഗ്ഗ് എന്ന ഈ നാമധേയത്തോടു ഘടിപ്പിച്ച് വിളിക്കപ്പെടുന്നതിനു് എൻെറ അപ്പൻ ഇഷ്ടപ്പെട്ടില്ല. എന്തുകൊണ്ടെന്നാൽ ഈ പ്രസ്ഥാനം മാനുഷികമല്ല ഇതു് ദൈവത്താൽ ആരംഭിക്കപ്പെട്ടതെന്നു് അദ്ദേഹം എന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ടു്.

ഈ പുതിയ സമൂഹത്തിൻെറ കാതലായ വിശ്വാസം എന്തെന്നാൽ വിശുദ്ധാത്മാവിൻെറ നേരിട്ടുള്ള പ്രേരണയാൽ വിശ്വാസികളെ ദൈവികമാർഗ്ഗത്തിലേക്കു നടത്തുന്നു എന്നുള്ളതാണു്. ഇതോടുകൂടി ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിലുള്ള അതിയായ വിശ്വാസവുമുണ്ടായിരുന്നു. എൻെറ മാതാപിതാക്കൾവഴിയായി ഈ രണ്ടുപദേശങ്ങളും എന്നിൽ ഗാഢമായി പതിഞ്ഞു. എൻെറ നിത്യവുമുള്ള ജീവിതത്തെ രൂപവൽക്കരിക്കുന്ന രണ്ടു മതസിദ്ധാന്തങ്ങളായി ഇവയെ ഞാൻ കരുതിയിരുന്നു.

അധികനാളുകളുടെ ശേഷം ആൽബട്ട് ഷ്വോയിസ്റ്റർ (Albert Schweitzer) അദ്ദേഹത്തിൻെറ (Quest of the Historical Jesus) "ചരിത്രപുരുഷനായ യേശുവിനെക്കുറിച്ചുള്ള അന്വേഷണങ്ങൾ" എന്ന പുസ്തകം പ്രസിദ്ധപ്പെടുത്തിയപ്പോൾ ആദിമസഭയുടെ പ്രത്യേകലക്ഷണവും ഈ 'ആഗമന'ത്തെക്കുറിച്ചുള്ള കാത്തിരിപ്പായിരുന്നു എന്നു് അദ്ദേഹം സമർത്ഥിക്കുന്നുണ്ടു്. ഈ തെളിവുകൾ പുരാതനകാലത്തേക്കു് അതായതു് ആ സാധു ഗലീലരുടെ ഇടയിൽ തന്നെയും ഈ പ്രത്യാശ ഉണ്ടായിരുന്നു എന്നു അദ്ദേഹം തെളിയിക്കുന്നു. ഞാൻ ബാല്യം മുതൽ ഈ മാതിരി ആശയങ്ങളുടെ മദ്ധ്യത്തിൽ വളർന്നു വന്നതിനാൽ ഇതു എൻെറ ശ്രദ്ധയെ പ്രത്യേകം ആ

കർഷിച്ചു. എൻെറ മാതാപിതാക്കളുടെ ജീവിതത്തിൽ ഇതിന് എത്രമാത്രം സ്വാധീനശക്തിയുണ്ടായിരുന്നുവെന്നും അവരുടെ വിവിധ പ്രവൃത്തികളെ അതു എത്രമാത്രം പ്രശോഭിതമാക്കിത്തീർത്തു എന്നും പരിചയത്തിൽ നിന്നുതന്നെ ഞാൻ അറിഞ്ഞിട്ടുണ്ടായിരുന്നു. ഈ ഭാഗം എഴുതുമ്പോൾ എൻെറ മാതാപിതാക്കന്മാരുടെ ഒരു ചിത്രം ഞാൻ എൻെറ വായനക്കാരുടെ മുമ്പിൽ കൊണ്ടുവരാം. ഈ പ്രത്യാശയുടെ സന്തോഷത്താൽ അവരുടെ മുഖങ്ങൾ ഉജ്ജ്വലിച്ചു.

ക്രിസ്തുവിൻെറ പുനരാഗമനത്തിൽ നിശ്ചയമായി സംഭവിപ്പാനുള്ള അതിശയങ്ങൾ എൻെറ ബാല്യത്തിൽ അവരോടൊന്നിച്ചു ഞാൻ ഓർമ്മയായിരുന്നു. അദ്ദേഹത്തിൻെറ വരവിങ്കൽ ഉണ്ടാകുന്ന അസംഖ്യങ്ങളായ അത്ഭുതങ്ങൾ ആരംഭിച്ചിരുന്നു. സൗഖ്യമാക്കുന്നതിനുള്ള വരം തനിക്കു ലഭിച്ചിരുന്നുവെന്നു എൻെറ അച്ഛൻ ദൃഢമായി വിശ്വസിച്ചു. അദ്ദേഹത്തിൻെറ വിശ്വാസത്താലും സ്പർശനത്താലും പലക്കും രോഗശാന്തി ഉണ്ടായി.

"സാർവ്വത്രികഅപ്പോസ്തോലികസഭ", എന്നായിരുന്നു ഈ വിശ്വാസികൾ തങ്ങളെത്തന്നെ വിളിച്ചുവന്നതു്. ഈ ചെറിയ കൂട്ടത്തിനു് ഇത്ര വിപുലമായ ഒരു നാമം സ്വീകരിക്കുന്നതു് കുറെ സാഹസമായിരുന്നു എങ്കിലും അവരുടെ പ്രമാണമനുസരിച്ചു വേറൊരു പേരു് എടുക്കുവാൻ നിവൃത്തിയില്ലായിരുന്നു.

ആദിമസഭയ്ക്കു ലഭിച്ച പരിശുദ്ധാത്മദാനവും തന്മൂലമുള്ള സന്തോഷവും തങ്ങൾക്കു കിട്ടിയെന്നുള്ള വിശ്വാസംകൊണ്ടാണു അവർ "അപ്പോസ്തോലികസമൂഹം" എന്നു വിളിച്ചുവന്നതു്. പഴയനിയമപ്രവചനങ്ങളിൽ "കണ്ടാലും ഞാൻ മുൻമഴയും പിൻമഴയും അയയ്ക്കു"മെന്നെഴുതീട്ടുണ്ടു്. അവർ അനുഭവിച്ച ഈ ആത്മീയവർഷം പിൻമഴയാണെന്നു അവർ വിചാരിച്ചു. പരിശുദ്ധാത്മാവു് സഭയ്ക്കു് അപ്പോസ്തോലസമൂഹത്തെ വീണ്ടും നിശ്ചയിച്ചു എന്നും അവരാൽ ക്രിസ്തീയസഭ ഭരിക്കപ്പെടണമെന്നും സഭയാകുന്ന മണവാട്ടി തൻെറ മണവാളൻെറ വരവിനായി കാത്തിരിക്കണമെന്നും അവർ സി

ദ്ധാന്തിച്ചു. എല്ലാവൎക്കും ഒരുപോലെ ഈ ദൂതു കൊടുക്കേണ്ടതാണെന്നുള്ള അഭിപ്രായം ഉണ്ടായിരുന്നതുകൊണ്ടാണു് "കാതോലികം" എന്നുള്ള പേരു് അവർ സ്വീകരിച്ചതു്. ഈ വിശ്വാസത്തിൽ മുതിൎന്നവർ തങ്ങൾക്കു ലഭിച്ച ദൂതിനെ കിഴക്കും പടിഞ്ഞാറുമുള്ള സഭകളിൽ പ്രഖ്യാപനം ചെയ്യുന്നതിനു ആളുകളെ അയച്ചിരുന്നു. കാലക്രമേണ ഇവരുടെ ആരാധനക്രമം മേല്പറഞ്ഞ രണ്ടു സഭകളിലും ഉപയോഗിച്ചിരുന്ന ക്രമങ്ങൾ കൂട്ടിച്ചേൎന്നവയായിരുന്നു. ആരാധനയിൽ മെഴുകുതിരി, ധൂപം, വിശുദ്ധ അംശവസ്ത്രങ്ങൾ, ശുദ്ധീകരിക്കപ്പെട്ട ജലം മുതലായവ ഉപയോഗിച്ചുവന്നു. അതേസമയംതന്നെ ആരാധന എല്ലാവിധത്തിലും മഹനീയമായിരുന്നു.

ആരാധനയിലെ ഒരു പ്രധാന ചടങ്ങിനെ "വിശുദ്ധ കുർബാന" എന്നു വിളിച്ചുവന്നു. ഇതു് എല്ലാ ഞായറാഴ്ചയും വളരെ ആഘോഷത്തോടുകൂടി അനുഷ്ഠിച്ചുപോന്നു. അതു ചില പെരുന്നാളുകളിൽ മൂന്നു മണിക്കൂറോളം ദീൎഘിച്ചിരുന്നു. ആബാലവൃദ്ധം ആരാധനയിൽ പങ്കുകൊണ്ടു. ഞാൻ ഒരു ചെറുബാലനായിരുന്നപ്പോൾ അനുഭവിച്ച പ്രയാസം ഇന്നും ഓൎക്കുന്നുണ്ടു്. ഞാൻ ഒരിക്കലും അടങ്ങിയിരിക്കാഞ്ഞതുകൊണ്ടു് അമ്മ എന്നെ എപ്പോഴും അവരുടെ പാൎശ്വത്തിൽ ഇരുത്തിക്കൊള്ളുമായിരുന്നു. എന്നെ അടക്കിയിരുത്തുന്നതിനു് അമ്മ വിവിധമാൎഗ്ഗങ്ങൾ ഉപയോഗിച്ചുവന്നു. അതിലൊന്നു എന്റെ കൈയിൽ നല്ല നിറങ്ങളുള്ള പ്രാൎത്ഥനപ്പുസ്തകം തരികയായിരുന്നു. ശുശ്രൂഷയുടെ ദൈൎഘ്യത്തെ ഇപ്പോഴും ഞാൻ ഓൎക്കുന്നുണ്ടു്. അതുകൊണ്ടു പ്രായം ചെല്ലുമ്പോൾ ഇതിൽ പങ്കെടുക്കയില്ലെന്നു ഞാൻ ദൈവത്തോടു പറഞ്ഞിട്ടുമുണ്ടു്.

ഓരോ കൂട്ടത്തിന്റെയും തലവനായി "ദൂതൻ" എന്നൊരാളെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. "ദൂതൻ" എന്നുള്ള പദം വെളിപാടു പുസ്തകത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളതാണു്. ആ ഗ്രന്ഥത്തിന്റെ എല്ലാ വശങ്ങളും അവർ സശ്രദ്ധം പരിശോധിച്ചുനോക്കി. "ഏഴു സഭയുടെ ദൂതന്മാർ" സ്വൎഗ്ഗീയ ജീവികളല്ല, അവർ സ്വരൂപികളായ മനുഷ്യരാണു് എന്നു

ങ്ങൾക്കു വ്യാഖ്യാനിച്ചുതന്നു. "ഏഴ്" "പന്ത്രണ്ട്" ഈ സംഖ്യകൾക്ക് അവരുടെ ഉപദേശത്തിൽ പ്രധാനസ്ഥാനമുണ്ടായിരുന്നു. ബൈബിളിൽ പറഞ്ഞിട്ടുള്ള സംഖ്യാചിഹ്നങ്ങൾക്കെല്ലാം അവർ പ്രത്യേക രീതിയിലുള്ള വ്യാഖ്യാനങ്ങൾ കൊടുത്തു. പഴയ നിയമത്തിൽ കൂടാരത്തെക്കുറിച്ചും ദേവാലയത്തെക്കുറിച്ചും പറഞ്ഞിരിക്കുന്ന അളവുകൾക്കുപോലും ഗൂഢാർത്ഥങ്ങളുണ്ടെന്ന് അവർ പറഞ്ഞിട്ടുണ്ട്. ലണ്ടനിൽ ഗോർഡൻസ്ക്വയർ (Gordon square) എന്നു പറയുന്ന സ്ഥലത്തുവെച്ച് ഈ പ്രസ്ഥാനത്തിൻെറ ഒരു മഹായോഗം വർഷംതോറും ആകർഷണീയമായ വിധത്തിൽ നടത്തി വന്നു.

ബൈബിളിനെപ്പററി ഇപ്രകാരമുള്ള ധാരണകൾ ഉണ്ടായിരുന്നതുകൊണ്ട് അതിൻെറ സർവ്വഭാഗങ്ങളും ഒരുപോലെ പരിശുദ്ധാത്മാവിനാൽ നിശ്വസിക്കപ്പെട്ടതാണെന്ന് അവർ വിശ്വസിച്ചിരുന്നു. എൻെറ പിതാവു മററുള്ളവരെപ്പോലെ അക്ഷരീകൻ അല്ലായിരുന്നു എങ്കിലും അദ്ദേഹത്തിൻെറ കൃത്തിപ്പുകൾ ക്രമാതീതമായിരുന്നില്ല. ഉദാഹരണമായിട്ടു ഉല്പത്തി പുസ്തകത്തിൻെറ ആദ്യത്തെ അദ്ധ്യായത്തിൽ "ദിവസം" എന്നുള്ളപദം ആയിരം വർഷങ്ങളടങ്ങിയ ഒരു കാലഘട്ടത്തെ വിവക്ഷിക്കുന്നതാണെന്നും ഇങ്ങനെ സൃഷ്ടിവൃത്താന്തത്തിൻെറ ആറു ദിവസങ്ങൾകൊണ്ട് ആറായിരത്തിൽപരം വർഷങ്ങളാണ് അർത്ഥമാക്കിയിരിക്കുന്നതു് എന്നുമുള്ള വ്യാഖ്യാനത്താൽ നവീനശാസ്ത്രസിദ്ധാന്തങ്ങളോട് അതു പൂർണ്ണമായി യോജിക്കുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. "നിൻെറ ദൃഷ്ടിയിൽ ആയിരം വർഷങ്ങൾ ഇന്നലെക്കഴിഞ്ഞുപോയ ദിവസം പോലെയിരിക്കുന്നു." എന്നുള്ള സങ്കീർത്തനത്തിലെ ഭാഗമായിരുന്നു അദ്ദേഹം ആധാരവാക്യമായി എടുത്തതു്. കൂടാതെ, നാലാം ദിനംവരെ സൂര്യചന്ദ്രാദികൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലായിരുന്നതുകൊണ്ട് "ദിവസത്തിന് അക്ഷരീകാർത്ഥം കൊടുക്കുന്നതു യുക്തിയല്ലെന്ന് അദ്ദേഹം വാദിച്ചു. ഈ വ്യാഖ്യാനം അല്പം കടന്നു പോയില്ലേയെന്നു ചിലർ സംശയിച്ചു. ഇപ്രകാരമുള്ള എൻെറ ബാല്യകാല പരി

തസ്ഥിതികളിൽനിന്നു 40 വർഷത്തോളം പിന്മാറിയിരു ന്നതിന്റെ ശേഷം വിദേശസഞ്ചാരാനന്തരം സ്വദേശത്തേ ക്കു തിരിച്ചു ചെന്നപ്പോൾ ഗോർഡൻസ്ക്വയറിലുള്ള ഭദ്രാസന പ്പള്ളിയിൽ ഒരു സന്ധ്യാനമസ്കാരത്തിന്നു സംബന്ധിക്കാനി ടയായി. ശുശ്രൂഷാനന്തരം ഞാൻ മുട്ടുകുത്തി, ധ്യാനനിരതനാ യിരിക്കുമ്പോൾ പണ്ടത്തെ ആ ദിവ്യാനുഷ്ഠാനങ്ങളെക്കുറി ച്ചും ധ്യാനാത്മകമായ ആ അന്തരീക്ഷത്തെക്കുറിച്ചുമുള്ള ഒരു സ്മരണ എന്റെ ഹൃദയാന്തർഭാഗത്തേക്കു് തള്ളിക്കയറി. എ ന്റെ മാതാപിതാക്കളുടെ വേർപാടിനുശേഷം ആദ്യമായി ട്ടാണു് ഞാൻ ആ സ്ഥലം അന്നു സന്ദർശിച്ചതു്. അതു് അവ രുടെ അത്യന്ത പ്രത്യാശാരംഗമായിരുന്നു.

ഞാൻ ഗോവർതെരുവിലുള്ള വിദ്യാർത്ഥിമന്ദിരത്തിൽനി ന്നു് പോകുമ്പോൾ സായംകാലശുശ്രൂഷയുടെ മന്ദധ്വനി എ ന്റെ കണ്ണുകളിൽ മുഴങ്ങുകയും ഭൂതകാലചിന്തകൾ എ ന്റെ മനസ്സിലേക്കു തള്ളിക്കയറുകയും ചെയ്തു. ക്രിസ്തുവിന്റെ പുനരാഗമനത്തിനുവേണ്ടിയുള്ള ആകാംക്ഷയാകുന്ന അദൃശ്യാ ന്തരീക്ഷം കെട്ടിടത്തെ മൂടിയിരിക്കുന്നതുപോലെ തോന്നി. മങ്ങിയ ആത്മികപ്രകാശത്തിൽ അതിന്റെ ഉത്തുംഗമട്ടപ്പാ വുകളും മണിസൗധങ്ങളും വിശിഷ്ട ഗോഥിക (Gothic) ചി ത്രശില്പവേലകളും ഈ വിചാരത്തിന്നു വളരെ സഹായിച്ചു.

ലണ്ടൻ പട്ടണമദ്ധ്യത്തിൽ ഗതാഗതംചെയ്യുന്ന വാഹന ങ്ങളുടെ ആരവത്തിൽനിന്നു് പെട്ടെന്നു ശാന്തമായ ഈ വി ശുദ്ധസ്ഥലത്തേക്കു പ്രവേശിച്ചപ്പോൾ ഒരു വ്യത്യസ്തലോകത്തി ലെത്തിയതുപോലെ എനിക്കു തോന്നി. പന്ത്രണ്ടു് അപ്പോ സ്തോലരിൽ ഒടുവിലത്തെയാളും കടന്നുപോയി. ജീവപര്യ ന്തം ഒരു വിശുദ്ധ പ്രകൃതിയാൽ അദ്ദേഹം വിഭൂഷിതനായി രുന്നു. അകമെയുള്ള സൌന്ദര്യം അനവരതം വഴിഞ്ഞൊ ഴുകി മുഖം പ്രകാശിക്കയാൽ ഒരപ്പോസ്തോലൻ എന്നു വിളി ക്കപ്പെടുവാൻ അദ്ദേഹം യോഗ്യനായിരുന്നു. വന്ദ്യവയോവൃ ദ്ധനായ യോഹന്നാൻ എഫേസൂസിൽവച്ചു പറഞ്ഞതുപോലെ

"കുഞ്ഞുങ്ങളെ അന്യോന്യം സ്നേഹിപ്പിൻ" എന്നു പിന്നെയും പിന്നെയും അദ്ദേഹം പറഞ്ഞിരിക്കണം.

അദ്ദേഹത്തിൻെറ ജീവിതകാലത്തുതന്നെ കർത്താവു വരുമെന്നുള്ള പ്രത്യാശ തനിക്കും മററനേകൎക്കും ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ വിനീത വിശ്വാസത്തിലും സഹിഷ്ണുതയോടുകൂടിയ ആശ്രയത്തിലും ഇവ്വിധ പ്രവചനങ്ങളെ പ്രോത്സാഹിപ്പിച്ചില്ല. അദ്ദേഹം ഒരു ശിശുവിനെപ്പോലെ വിശുദ്ധനും ശാന്തനുമായിരുന്നു. ആദ്യമായി ആത്മീയവരം ലഭിച്ച ആൽബറി (Albery) എന്ന സ്ഥലത്തു അദ്ദേഹം നിത്യസ്വസ്ഥതയിലേക്കു് കടന്നുപോകുന്നതുവരെ ദിവസേന സമാധാനപരമായ ആരാധന നടത്തിക്കൊണ്ടു ജീവിച്ചു. "കർത്താവിൻെറ വരവിനുവേണ്ടി അവൻ കാത്തിരുന്നു".

ഈ അപ്പോസ്തോലികശുശ്രൂഷയിൽ എൻെറ പിതാവിനു് ഉന്നതനിലകൾ ഒന്നുമില്ലായിരുന്നു. അദ്ദേഹം ഒരു "സുവിശേഷകൻ" എന്നുമാത്രം വിളിക്കപ്പെട്ടിരുന്നു. ക്രിസ്തു ഉന്നതങ്ങളിലേക്കു് പ്രവേശിച്ചു മനുഷ്യൎക്കു് ദാനങ്ങളെ കൊടുത്തപ്പോൾ "ചിലരെ അപ്പോസ്തോലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും മററുചിലരെ ഇടയന്മാരായും ചിലരെ ഉപദേഷ്ടാക്കന്മാരായും വിളിച്ചിരിക്കുന്നു എന്നു് വിശുദ്ധ പൌലൂസ്സ് എഫേസ്യൎക്കു എഴുതിയിരിക്കുന്ന ലേഖനത്തിൽനിന്നാണു് ഈ വാക്കു എടുത്തിരിക്കുന്നതു്. ഈ പുതിയ പ്രസ്ഥാനംമൂലം നവീകരിച്ച സഭാശുശ്രൂഷയിൽ ഈ പ്രസ്ഥാനങ്ങളെല്ലാം ഉണ്ടായിരുന്നു; എൻെറ പിതാവു അതിൽ മൂന്നാമത്തെ സ്ഥാനത്തിൽ ഉൾപ്പെട്ടു. ആ വിധത്തിലുള്ള വേദവ്യാഖ്യാനം അംഗീകരിച്ചതുകൊണ്ടു് സഭയിലുള്ള സകല അംഗങ്ങൾക്കും ഓരോ കൎത്തവ്യകൎമ്മങ്ങളുണ്ടായിരുന്നു. പ്രായമായ ഓരോ അംഗവും ഇരുപതാമത്തെ വയസ്സിൽ അപ്പസ്തോലനാലോ അദ്ദേഹത്തിൻെറ പ്രതിനിധിയാലോ "കൈവെപ്പു" സ്വീകരിച്ചു. ഈ വിശുദ്ധ കൎമ്മത്തിൽ പൌരസ്ത്യസഭകൾ വിശുദ്ധ തൈലം ഉപയോഗിക്കുന്നതു അനുകരിച്ചതുകൊണ്ടു് "മുദ്രണം" എന്നും

"അഭിഷേകം" എന്നും ഇതിനെപ്പററി പറഞ്ഞുവന്നു. അപ്പോസ്തോലൻ കൈവെക്കുന്ന ആളിൻെറ നെററിയിൽ ഒരു കുരിശടയാളം വെക്കുമായിരുന്നു. വെളിപ്പാടുപുസ്തകത്തിൽ പറയുന്ന "മുദ്രയിടീൽ" ഈ കർമ്മത്തെക്കുറിച്ചാണെന്നു് അവർ പറഞ്ഞു.

"കാതോലികവും അപ്പോസ്തോലികവുമായ സഭ"യുടെ ഈ സിദ്ധാന്തങ്ങൾ, നിസ്സാരസംഗതികളെക്കുറിച്ചുപോലും പ്രതിപാദിക്കുന്നുണ്ടായിരുന്നു. എന്നാൽ മറുവശമാകട്ടെ ആരാധനയിൽ ഒററ ഒററ വ്യക്തിക്കുകൂടി സ്ഥാനമുള്ള സാമൂഹ്യാരാധനയായിരുന്നു. അവിടെയാകട്ടെ പുരുഷനായാലും സ്ത്രീയായാലും പരിശുദ്ധാത്മാവിനാൽ പ്രേരിപ്പിക്കപ്പെടുന്നപക്ഷം ആക്കും പങ്കെടുക്കുന്നതിൽ വിരോധമുണ്ടായിരുന്നില്ല. ആദ്യകാലത്തു കൊരിന്തുസഭയിൽ ഉണ്ടായിരുന്ന ആ അനുഭവങ്ങൾ വിശേഷിച്ചു "ഭാഷാവരം" വീണ്ടും പ്രത്യക്ഷമായിരിക്കുന്നു. ഈ സന്ദർഭത്തിലുണ്ടാകുന്ന ശരീരചലനം വിശ്വാസികളുടെ മദ്ധ്യത്തിലുണ്ടായപ്പോൾ പൗലുസിൻെറകാലത്തെപ്പോലെ ചിലപ്പോൾ വല്ലാത്ത കലക്കങ്ങൾക്കിടയാക്കി. അന്യഭാഷകളിൽ സംസാരിക്കയും ആത്മാവിൽ പാടുകയും പ്രവചിക്കയും ചെയ്യുന്ന അനുഭവങ്ങളുടെ ഒരു പ്രധാനഘട്ടം വിശുദ്ധ മേശയിൽനിന്നു ഭക്ഷിക്കുന്ന നിശ്ശബ്ദസന്ദർഭത്തിലായിരുന്നു. ഈ നിശ്ശബ്ദതയിൽ അപ്രതീക്ഷിതമായി പ്രസ്തുത സംഘത്തിൽനിന്നും വലിയ പൊട്ടൽപോലെ ഒരു ശബ്ദകോലാഹലവും ബഹളവും ഉണ്ടാകയും ക്ഷണത്തിൽ ഇല്ലാതാകയും ചെയ്യും. ഈ സംഭവം വിശേഷാൽ കുട്ടികളായ ഞങ്ങൾക്കു് സംഭ്രമജനകമായിരുന്നു.

ഇപ്രകാരമുള്ള ആത്മികാനുഭവങ്ങൾ എൻെറ ചുററും സഭയിൽ ധാരാളമായിരുന്ന എൻെറ കുട്ടിക്കാലത്തു് എനിക്കുണ്ടായിരുന്ന ഭാവനാശക്തി എന്നെ കുറേ വിഷമിപ്പിച്ചിരുന്നു. ഒരുവിധത്തിൽ ഞാൻ ആജ്ജിച്ച എൻെറ നൈസർഗ്ഗികഗുണങ്ങളിൽ ഒന്നായിരുന്നു ഇതു്. മറെറാരുവിധത്തിൽ ഇതു് എൻെറ സിരകളിലുള്ള രോഗത്തിൻെറ ഫലമായി

രുന്നിരിക്കാം. എൻെറ മാതാപിതാക്കന്മാർ നിത്യം കാത്തിരുന്ന ഈ ക്രിസ്തുവിൻെറ "വരവിനെ" അവർ എന്നോടു വിവരിച്ചിരുന്ന പ്രകാരം ഗ്രഹിക്കുന്നതിന് എനിക്കൊരു പ്രയാസവുമില്ലായിരുന്നു. ആദ്യം ഇതു് എനിക്കൊരുപദ്രവവും ചെയ്തില്ല. യഥാൎത്ഥത്തിൽ പ്രയാസം നേരിട്ടതു പിന്നീടാണു്.

ആ പ്രാഥമികദിവസങ്ങളിൽ ഈ കല്പിതലോകം, അതിൽ ചരിക്കയും പ്രവൎത്തിക്കയും ചെയ്യുന്നതുകവെണ്ണം എനിക്കു യഥാൎത്ഥമായിരുന്നു. ഞാൻ തീരെ കുഞ്ഞായിരുന്നകാലത്തു എൻെറ മനോദൎപ്പണത്തിൽ മാത്രം കണ്ടതിനെ മാംസചക്ഷുസ്സുകൾക്കു് വിഷയമാക്കാൻ എനിക്കു സാധിച്ചു. അദൃശ്യങ്ങളായ പല സംഗതികൾ എൻെറ ഈ ബാഹ്യ കണ്ണുകൾകൊണ്ടു് ഞാൻ കണ്ടു എന്നു് നിൎവ്വ്യാജം പറയുമ്പോൾ എൻെറ ജ്യേഷ്ഠ സഹോദരി എന്നെ ഹസിച്ചു അലട്ടുന്ന സന്ദർഭങ്ങൾ അപൂൎവ്വമായിരുന്നില്ല. എന്നെ അസത്യവാദിയെന്നു പറഞ്ഞു കുററപ്പെടുത്തുമ്പോൾ "യഥാർത്ഥമായി ഞാൻ കണ്ടതാണു്" എന്നു ഞാൻ മറുപടി പറകയും അവിടെ കാൎയ്യം അവസാനിക്കുകയുമാണു് ചെയ്തിട്ടുള്ളതു്.

ഒരുവൻെറ അന്തർല്ലോകത്തെ ഇപ്രകാരം ബാഹ്യമായി കാണുന്നതുവെറും തോന്നലെന്നു തെററിദ്ധരിക്കരുതു്. ഇവയ്ക്കു മദ്ധ്യേയുള്ള അതൃത്തിരേഖ പക്ഷേ ഇതുവരെ അത്ര വ്യക്തമായി വരച്ചിട്ടില്ല. ഞാൻ പറയുന്ന ഈ സംഗതി സൂക്ഷ്മസംഭവവും ശൈശവപ്രായത്തിൽ ധാരാളം അനുഭവമാകുന്നതുമാണു്. അപൂൎവ്വം ചിലരിൽ ഈ അനുഭവം മററുള്ളവരേക്കാൾ അധികം നീണ്ടു നില്ക്കുന്നു. നടനവാസനയോടു ഇതു് സാമ്യമുള്ളതും പ്രകൃത്യാ അൻരാത്മജ്ഞാനമുള്ളവരിൽ ഈ ശക്തി അധികം പ്രബലപ്പെടുന്നതുമാണു്. ഈ ശക്തി അധികമായി ബലപ്പെട്ടിരിക്കുന്നവനും എനിക്കു സുപരിചിതനുമായ ഒരാൾ ഇൻഡ്യൻ ദേശീയനായ സാധുസുന്ദരസിംഗത്രെ. ഇനി ഒരു അദ്ധ്യായത്തിൽ അദ്ദേഹത്തെക്കുറിച്ചു് ഞാൻ വിവരിച്ചെഴുതുന്നതായിരിക്കും. ഞാൻ അദ്ദേഹത്തോടൊന്നിച്ചു ജീവിച്ചിരുന്ന കാലത്തു് അദ്ദേഹത്തിൻെറ സ്വഭാവം

എനിക്കു നിഷ്പ്രയാസം ഗ്രഹിക്കാമായിരുന്നു; അതു് എൻേറ തിനോടു വളരെ സാമ്യമുള്ളതും പ്രസ്തുത സംഗതിയിൽ വളരെ സൂക്ഷ്മമുള്ളതും ആയി എനിക്കു ബോധപ്പെട്ടു. എൻെറ ശൈശവത്തിൽ ഞാൻ കണ്ട വിധത്തിൽ ആഭ്യന്തര സംഗതികൾ വസ്തുമയമായി അദ്ദേഹം കണ്ടു എന്നു് സുദൃഢമായി വിശ്വസിക്കത്തക്കവണ്ണമുള്ള ചില അസാധാരണവും അപ്രകൃതവുമായ ദർശനങ്ങളെക്കുറിച്ചു് അദ്ദേഹം പറഞ്ഞുതന്നെ ഞാൻ കേട്ടിട്ടുണ്ടു്. മദ്ധ്യപ്രായംവരെയും അദ്ദേഹത്തിൽ ഈ ശക്തി പ്രബലമായിനിന്നു. എൻെറ അനുഭവത്തിലാകട്ടെ, യൗവനാരംഭത്തോടുകൂടി ഈ ഗുണം അപ്രത്യക്ഷമായി. ഭാവി ജീവിതത്തിൽ ദുർല്ലഭം ചില സന്ദർഭങ്ങളിൽ മാത്രമേ ഈ അനുഭവം ഉണ്ടായിട്ടൊള്ളു.

എൻെറ ബാല്യത്തിൽ ഈ വിധത്തിലുള്ള ഭാവനാസഹിതമായ മനശ്ശക്തി മതസംബന്ധമായ ചില ഭീതികളിലേക്കു നയിച്ചു.

ചില കുട്ടികളിൽ ഈ സങ്കോചം പ്രകാശിക്കാതെ ഇരുട്ടിൽതന്നെ ഇരിക്കുന്ന ഒരു മാതിരി ഭീതിയായിട്ടും വേറെ ചിലരിൽ ഭൂതപ്രേതപിശാചുക്കളിലുള്ള അസാധാരണ ഭയമായും രൂപാന്തരപ്പെടുന്നു. എൻെറ പ്രയാസങ്ങളിൽ ഇതു രണ്ടും ഇല്ലായിരുന്നു. എൻെറ വിഷമം ചിലപ്പോൾ വലിയ ഭയമായിത്തീൎന്നു. അതു് എൻെറ മാതാപിതാക്കൾ എന്നെ പഠിപ്പിച്ച വിശ്വാസത്തിൽനിന്നു് വന്നിട്ടുള്ളതത്രെ. ക്രിസ്തുവിൻെറ "വരവു്" അക്ഷരപ്രകാരം "കാഹളനാദത്തിങ്കൽ ഒരു കണ്ണിമയ്ക്കുന്നതിനിടയിൽ" സംഭവിക്കുമെന്നു് അവർ എന്നെ പഠിപ്പിച്ചിരുന്നു. മാത്രമല്ല, മരിച്ചവർ തങ്ങളുടെ ശവക്കുഴികളിൽനിന്നുയിൎക്കയും "ജീവനുള്ള ദൈവത്തിൻെറ മുദ്ര തങ്ങളുടെ നെററിമേലുള്ള" വിശ്വാസികൾ, ആകാശമേഘങ്ങളിൽ തങ്ങളുടെ കൎത്താവിനെ എതിരേല്ക്കേണ്ടതിനു് എടുക്കപ്പെടുകയും അങ്ങിനെ അവർ എന്നേക്കും അവനോടുകൂടെ ആയിരിക്കയുംചെയ്യും എന്നും എന്നെ പഠിപ്പിച്ചു.

ഞാൻ ഒരു ശിശുവായിരുന്നപ്പോൾ ഈ ആശയങ്ങൾ എന്നെസംബന്ധിച്ചിടത്തോളം നിരൎത്ഥകങ്ങളായിരുന്നു. എന്നാൽ കുറേക്കൂടെ പ്രായമായി മതപരമായ ആശകളും അനുഭവങ്ങളും ശക്തിപ്പെട്ടപ്പോൾ ഇവ എന്റെ ശ്രദ്ധയെ ആകൎഷിച്ചുതുടങ്ങുകയും പ്രത്യേകരീതിയിൽ എന്റെ ദൃഷ്ടിക്കു വിഷയമാകയും ചെയ്തു. ക്രമേണ അതു് എന്നെ ചഞ്ചലഹൃദയനാക്കിത്തീൎത്തു എന്നു പറയാം.

ഞാൻ ഈ സംഗതികളെപ്പററി എന്റെ അമ്മയോടു പോലും പറഞ്ഞില്ല. എനിക്കു വല്ലാത്ത അസുഖമായി. മുൻ പ്രസ്താവിച്ചവണ്ണം ഭയാനകമായ ഈ ഉപദേശങ്ങൾ ഞാൻ സാധാരണ കേട്ടതു് പള്ളിയിൽവച്ചാണു്. ചിലപ്പോൾ ചിന്താശീലന്മാരായ കുട്ടികളെ അവ വല്ലാതെ ഭയപ്പെടുത്തുന്നവയായിരുന്നു. ഞാൻ അമ്മയുടെ അടുത്തിരുന്നപ്പോൾ അവർ എന്നെ ആശ്വസിപ്പിച്ചു. പക്ഷേ അവർക്കു്, ഈ ശബ്ദങ്ങൾ മനുഷ്യാധരങ്ങളിൽക്കൂടി പുറപ്പെടുന്ന ദൈവശബ്ദമായിട്ടാണു് തോന്നിയിട്ടുള്ളതു്. ഇതുമൂലം എനിക്കു എന്തെങ്കിലും പ്രയാസമുണ്ടാകുമെന്നു് അവർ സ്വപ്നേപി വിചാരിച്ചില്ല.

പള്ളിയിൽനിന്നു സംഗീതക്ലാസ്സുകഴിഞ്ഞു് രാത്രിയിൽ ഞാൻ വീട്ടിലേക്കു മടങ്ങുന്ന വേളയിൽ ഒരു ശ്മശാനപ്രദേശത്തുക്കൂടി കടന്നുപോകുമ്പോൾ അന്ധകാരത്തിൽ മങ്ങിക്കാണുന്ന കല്ലറകൾകണ്ടു ഭയപ്പെട്ടു് ഓടുക പതിവായിരുന്നു. ക്രിസ്തുവിന്റെ വരവിനെക്കുറിച്ചും മററുമുള്ള ഉപദേശങ്ങൾ എന്നിൽ എത്ര ഗാഢമായി പതിഞ്ഞിരുന്നു എന്നു് ഇതിൽനിന്നു മനസ്സിലാക്കാമല്ലൊ. ആ നിമിഷത്തിൽ ക്രിസ്തു ആകാശത്തിൽനിന്നു കാഹളധ്വനിയോടുക്കൂടി അവരോഹണം ചെയ്കയും മരിച്ചവർ ഉയിൎത്തെഴുന്നേല്ക്കയും ചെയ്യുമെന്നുള്ള ഒരു ഭയം മരണഭീതിപോലെ വാചാമഗോചരമായിരുന്നു. ഞാൻ വേണ്ടവണ്ണം ഒരുങ്ങിയിട്ടില്ല എന്നൊരു ബോധം എനിക്കു തന്നെ ഉണ്ടായിരുന്നു. തയ്യാറാകാതെ ഇരിക്കുന്ന വേളയിൽ സംഭവം നടക്കുമോ എന്നായിരുന്നു എന്റെ ഭയം.

നിസ്സബ്ദരായിരിക്കുന്നതുകൊണ്ട് ഇന്നും പലയിടങ്ങളിലും ഇതുപോലെ പ്രയാസമനുഭവിക്കുന്നവർ ഉണ്ടെന്നു എനിക്കു തോന്നുന്നതുകൊണ്ടാണ് എന്റെ ഈ ബാല്യകാലാനുഭവങ്ങൾ വിവരിക്കുന്നതു്. ഇപ്രകാരം വിശുദ്ധസംഗതികളെക്കുറിച്ച് വല്ല സംശയവുമുണ്ടെങ്കിലും കുട്ടികൾ നിസ്സബ്ദരായിരിക്കും. ഉററബന്ധുക്കളോടുപോലും തന്നെ, ഉപദ്രവിക്കുന്ന പ്രായം എന്താണെന്നു തുറന്നു വിവരിച്ചു പറവാൻ അവൻ അശക്തനായിരിക്കും.

ലോകത്തിലുള്ള സകല മനുഷ്യരും എന്നിൽ ഈവിധം ആത്മീയഭയമുണ്ടെന്നു വിചാരിച്ചാലും എന്റെ മാതാപിതാക്കൾ അതു വിശ്വസിക്കയില്ലായിരുന്നു. ശിക്ഷ ഞങ്ങളുടെ ഭവനത്തിൽ അറിയപ്പെട്ടിരുന്നില്ല എന്നു മാത്രമല്ല, ഒരു പരുഷവാക്കുപോലും അവിടെ ഉച്ചരിക്കയില്ലായിരുന്നു. അവർ രണ്ടുപേരും കർത്താവിന്റെ "വരവിനു"വേണ്ടി അത്യാശയോടെ കാത്തിരിക്കയായിരുന്നു. ഞാനും ഈ സന്തോഷത്തിൽ സഹകരിക്കുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. എന്റെ പിതാവു് സാധാരണയായി പള്ളിയിൽവച്ചു "അന്യഭാഷകളിൽ" സംസാരിക്ക പതിവില്ലായിരുന്നു എങ്കിലും അത്ഭുതമികവും അനിതരസാധാരണവുമായ പ്രവചനശബ്ദങ്ങൾ അദ്ദേഹത്തിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്നു. ഈ അനുഭവം അദ്ദേഹത്തെ ആനന്ദസാഗരത്തിൽ ആറാടിച്ചു. അതിനാൽ എനിക്കു ഭീകരമായി അതിൽ എന്തെങ്കിലുമുണ്ടെന്ന് അദ്ദേഹം സ്വപ്നത്തിൽപോലും ചിന്തിച്ചിട്ടില്ല.

കുട്ടികളുടെ നേക്കുള്ള ക്രിസ്തുവിന്റെ വർത്തനാരീതി എങ്ങനെയായിരുന്നുവെന്നു തെളിവായ സുവിശേഷവിവരണം ഉണ്ടല്ലോ. അമ്മമാർ പൈതങ്ങളെ ക്രിസ്തുവിന്റെ അടുത്തു കൊണ്ടുവന്നപ്പോൾ അവരെ കൈകളിൽ എടുത്തു അദ്ദേഹം അനുഗ്രഹിക്കയാണല്ലോ ചെയ്തതു്. പരുഷമായോ ഇടർച്ചയായോ അവരോടു പെരുമാറിയവരെ അദ്ദേഹം ശകാരിച്ചു. അതുപോലെ എന്നെയും ക്രിസ്തുവിന്റെ അടുക്കൽ കൊണ്ടുവന്നു. അദ്ദേഹം എന്നെ കൈകളിൽ എടുത്തു അനുഗ്രഹിക്ക

ണമെന്ന് അവൎക്ക് വലിയ ആശയായിരുന്നു. അവരുടെ വിശ്വാസവും സ്നേഹവും ഫലപ്രദമാകയും ചെയ്തു. എന്നാൽ ക്രിസ്തുവിൻെറ "വരവിനെ"ക്കുറിച്ച അവർ സൎവ്വാത്മനാ സ്വീകരിച്ചിരുന്നപ്രകാരം അക്ഷരാർത്ഥത്തിലുള്ള ആ വിശ്വാസം ആദിമുതൽ എന്നെ വിട്ടുപിരിയുവാൻ തുടങ്ങി. എൻെറ ജീവിതത്തിൽ അത്യന്താപേക്ഷിതമായ ഒരു ഭാഗമായി അതു വളൎന്നില്ല. വളരെ പ്രയാസപ്പെട്ടു വിശ്വസിക്കുവാൻ ശ്രമിച്ചിട്ടും അതു വെറും ബാഹ്യമായി എനിക്കു തോന്നി.

പള്ളിയിൽവച്ച് ഈ അസാധാരണ ശബ്ദങ്ങളിൽനിന്നു ഞാൻ അസ്വാസ്ഥ്യത്തോടെ ഇങ്ങനെ പിന്മാറുന്നതിൻെറ കാരണം എനിക്ക് അജ്ഞാതമായിരുന്നു. എന്നാൽ കുറച്ചുകാലത്തെ എൻെറ ആന്തരിക പോരാട്ടങ്ങളുടെ ശേഷം എൻെറ ബാല്യകാലത്തിലെ ഈ ആഗ്രഹം യഥാർത്ഥമായിട്ടുള്ളതാണെന്ന് ഞാൻ അറിഞ്ഞു. എൻെറ പിതാവിനെയും പിതാമഹനെയും ഇതു് അധികം ആകൎഷിച്ചതിൻെറ കാരണം, അക്ഷരപ്രകാരം വേദപുസ്തകത്തെ വ്യാഖ്യാനിച്ചതാണു്. ദൈവരാജ്യത്തിൻെറ പെട്ടെന്നുള്ള വരവിനെക്കുറിച്ച ആദ്യശിഷ്യന്മാർ വിചാരിച്ചിരുന്ന ബാഹ്യവിശ്വാസത്തെപ്പോലെ ഇതും ക്രിസ്തുവിൻെറ മനസ്സിൽനിന്നു് വിദൂരമായിരുന്നു. ദൈവരാജ്യത്തിൻെറ ആഗമനം ദൃശ്യമല്ല എന്നു ക്രിസ്തുതന്നെ പറഞ്ഞിട്ടുണ്ടു്.

അപ്പോസ്തലികകാലത്തെപ്പോലെ സൎവ്വവും നവീകരിക്കയും പുനഃസ്ഥാപിക്കയും ചെയ്യണമെന്നുള്ള ഈ ആഗ്രഹം തീർച്ചയായും കാലോചിതമല്ലായിരുന്നു. വളരെ പുരാതന കാലഘട്ടത്തിൽ കഴിഞ്ഞുപോയ ആ സ്വഭാവങ്ങൾക്കു പ്രധാന സ്ഥാനം കൊടുത്തുകൊണ്ടുള്ള ഈ പ്രയത്നം ശ്ലാഘനീയമാണെങ്കിലും വിഫലമായിട്ടുള്ളതാണു്. ജീവിതം അഭിവൃദ്ധിപ്പെടുന്നതു് ആ വിധത്തിലല്ല. ആത്മാവും മണവാട്ടിയും "വരിക" എന്നു പറയുമ്പോൾ—വെളിപ്പാടുപുസ്തകത്തിൽനിന്നുദ്ധരിക്കുമ്പോൾ—നമ്മുടെ ആത്മാവിൻെറ അഗാധത്തിൽനിന്നുള്ള കരച്ചിലും "ആമേൻ, കൎത്താവായ യേശുവേ വേ

ഗം വരേണമേ” എന്നായിരിക്കും. പക്ഷേ നാം ദൈവരാജ്യം വെളിവായ് കാണുന്നതു ആകാശത്തിലേക്കു ചൂണ്ടിക്കാണിച്ച്, “അതാ അവിടെ” അല്ലെങ്കിൽ “ഇതാ ഇവിടെ” എന്നു പറയുന്നതുകൊണ്ടല്ല. എന്നാൽ ദൈവരാജ്യം നമ്മുടെ ഇടയിൽ ഉണ്ട്. അതു നമ്മിലും, നമ്മുടെ സമീപത്തും, നമ്മുടെ ചുററും ഉണ്ട്. ഭൂമയിൽ അന്ധതമോനിബിഡവും ക്രൂരജന്തുകുലവ്യാപൃതവുമായ സ്ഥലങ്ങളിലേക്കെല്ലാം ദൈവസ്നേഹത്തിൻെറ സൂര്യപ്രകാശം കടന്നുചെല്ലുകയും ദൈവമഹത്വം വെളിപ്പെടുകയും ചെയ്യുന്നു. അവിടങ്ങളിൽ ദൈവരാജ്യം വന്നിരിക്കുന്നു. അവിടെ പിതാവിൻെറ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും നിവൃത്തിക്കപ്പെട്ടിരിക്കുന്നു.

യാതൊരു തടസ്സവുംകൂടാതെ തെളിവായി ഇതു കാണുന്നതിന് എനിക്കു വളരെ സമയം വേണ്ടിവന്നു. കഠിനമായ ഈ കഷ്ടതകളിലൂടെ ആദ്യമായി ഒരു വലിയ വ്യത്യാസം ഉണ്ടാകേണ്ടിയിരുന്നു. വലിയ പോരാട്ടങ്ങളുടെ വേദനയിൽ സമ്പാദിതമായ സത്യമാണ് നിശ്ചലമായ് നിലനിന്നിട്ടുള്ളതു്. അപ്പോസ്തലപ്രവൃത്തിയിലെ ആ പ്രധാന കാവല്ക്കാരനെപ്പോലെ വലിയ വില കൊടുത്താണു ഞാൻ സ്വാതന്ത്ര്യം സമ്പാദിച്ചതു് എന്നാണ് എനിക്കു് ഇപ്പോഴും ഏററുപറയാനുള്ളതു്; കാരണം എൻെറ ആത്മീയജീവൻ അഭിവൃദ്ധിപ്പെട്ടതു പ്രാകൃതമായും ലളിതമായുമല്ല. ക്രിസ്തു എന്നെ കാണിപ്പാൻ അന്വേഷിക്കുന്നതു എന്തായിരുന്നുവെന്നറിയുന്നതിന് പിന്തിരിഞ്ഞു തുടരെയുള്ള എൻെറ തോൽവികളെ നോക്കേണ്ടിയിരിക്കുന്നു. ഞാൻ “സ്വതന്ത്രനായ് ജനിച്ചവൻ അല്ലായിരുന്നു.”

സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി ഇറങ്ങിത്തിരിച്ചതിൻെറ ശേഷം നിൽക്കുക എന്നുള്ള സംഗതി എനിക്കു വളരെ പ്രയാസമുള്ളതായിരുന്നു. ഒരിക്കൽ കലപ്പയ്ക്കു കൈവെച്ച ശേഷം പിന്തിരിഞ്ഞുനോക്കി ദൈവരാജ്യത്തിനു് കൊള്ളരുതാത്തവനായിത്തീരുന്നതു പ്രയാസമായിട്ടാണു ഞാൻ കരുതിയിരു

ന്നതു്. അന്നു മുതൽ എന്റെ മാൎഗ്ഗം മുമ്പോട്ടുതന്നെ ദീൎഘമായി കിടന്നു.

അപ്പോസ്തലിക വിശ്വാസപ്രകാരം ക്രിസ്തുവിന്റെ "വരവിനെ"ക്കുറിച്ചുള്ള ഈ സംഗതി സൎവ്വ വ്യാപകമാകുന്നതുവരെ ആ വിശ്വാസപ്രമാണത്തിലുള്ള ഓരോ സംഗതികളും നവീനമായി വ്യാഖ്യാനിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു എനിക്കു ബോധപ്പെട്ടു. ക്രിസ്തുവിനെക്കുറിച്ചുള്ള സജീവസത്യങ്ങളിൽ യാതൊന്നും പുറമെ നിൎജ്ജീവമായിരിക്കുന്ന തോടിനുള്ളിൽ അകപ്പെട്ടു നശിപ്പാൻ അനുവദിച്ചുകൂടാ. ആത്മാവാകുന്ന കൎത്താവിൽക്കൂടെ അനന്തമായ ജീവനിലും ശക്തിയിലും അതു അഭിവൃദ്ധിപ്പെട്ടുവരട്ടെ.

ഒരിക്കൽ ഞാൻ ഒരു പൌരാണികചിത്രം കണ്ടു. സ്വൎണ്ണകിരീടധാരിയായി ധവളവും സുദീൎഘവുമായ താടിമീശയോടുകൂടിയ ഒരു വന്ദ്യവയോധികനായി ദൈവത്തെ അതിൽ ചിത്രീകരിച്ചിരുന്നു. അതു കണ്ടപ്പോൾ എനിക്കുണ്ടായ മനോഭാവം, ആ പൌരാണികചിത്രകാരന്റെ ചിന്താഗതിയിൽനിന്നു വളരെ വിദൂരമായിരുന്നു. നാം ഇപ്പോഴും "കണ്ണാടിയിൽക്കൂടി അവ്യക്തമായി കാണുകയും "അംശമായി" അറിയുകയും മാത്രമേ ചെയ്യുന്നുള്ളു. നിത്യതത്വത്തെ ആസ്പദമാക്കിയുള്ള നമ്മുടെ ചിഹ്നങ്ങളും ഓരോന്നായി അതതു കാലങ്ങളിൽ ബലഹീനങ്ങളായി പരിണമിക്കും. എന്നാൽ നമുക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്ന ഓട്ടത്തെ സ്ഥിരതയോടെ ഓടുന്നതിന്നു നാം മുമ്പോട്ടു പോകുമ്പോൾ ക്രിസ്തു തന്നെയാണു് വിശ്വാസത്തിൽ മുമ്പനായും പൂൎത്തി വരുത്തുന്നവനായും പുരോഗമനം ചെയ്തിരിക്കുന്നതു് എന്നു നമുക്കു മനസ്സിലാകും.

## അദ്ധ്യായം 5.

# മാനസാന്തരം.

എൻെറ ജീവിതകഥയിൽ ഇനിയുള്ള ഭാഗം കഴിയുന്നത്ര ലളിതമായി വിസ്തരിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഞാൻ സ്കൂൾവിട്ടു് കേംബ്രിഡ്ജ് സർവ്വകലാശാലയിൽ പ്രവേശിക്കുന്നതിനു മുമ്പു് എൻെറ ജീവിതത്തിൽ സംഭവിച്ച ഒരു അസാധാരണ വ്യത്യാസത്തിൻെറ യഥാവദപിവരണത്തിനു ഞാൻ ശ്രമിക്കുകയാണു്.

ബർമിംഗാമിൽ എഡ്‌വർഡ് ആറാമനാൽ സ്ഥാപിക്കപ്പെട്ട വിദ്യാലയത്തിൽ ചെന്നു ചേൎന്നപ്പോൾ എനിക്കു അപരിചിതങ്ങളും അപ്രതീക്ഷിതങ്ങളുമായ പല പ്രയാസങ്ങളും പരീക്ഷകളും നേരിട്ടു. ഇതിനെക്കുറിച്ചു മാതാപിതാക്കന്മാരോ ഗുരുക്കന്മാരോ എനിക്കു യാതൊരു മുന്നറിവും തന്നിട്ടില്ലായിരുന്നു. അടങ്ങിപ്പാൎത്തിരുന്ന എൻെറ ആ, ജീവിതദശയിൽ ഈ മാൎഗ്ഗത്തിൽക്കൂടിക്കടക്കുന്നതു് എനിക്കു വളരെ അസുഖകാരണമായിത്തീൎന്നു. ഭീമാകൃതിയിലുള്ള സ്കൂൾ കെട്ടിടവും കുട്ടികൾ തിങ്ങിയിരിക്കുന്ന ക്ലാസ്സ് മുറികളും കണ്ടപ്പോൾ തന്നെ ഞാൻ മുഷിഞ്ഞതിനു പുറമെ ക്ഷീണൻ എന്നു പറഞ്ഞു എൻെറ സതീൎത്ഥ്യർ എന്നെ അപഹസിക്കുകയും ചെയ്തപ്പോഴേക്കു ഞാൻ കുഴഞ്ഞു വശായി.

രോഗിയായ എൻെറ ശരീരക്ഷീണം ഇതുവരെയും നിശ്ശേഷം നീങ്ങിട്ടില്ലായിരുന്നു. അതിനാൽ പബ്ളിക്ക്സ്കൂൾജീവിതം മാനസികമായ അഭിവൃദ്ധിക്കു സഹായിച്ചെങ്കിലും ഞാൻ ക്ഷീണഗാത്രനായിത്തന്നെ വസിച്ചു.

എൻെറ ആത്മീയശക്തിയുടെ ഭണ്ഡാരശാല കണ്ടുപിടിക്കാൻ അതുവരെയും ഞാൻ പഠിച്ചിട്ടില്ലായിരുന്നു. ശൈശവത്തിലെ ആത്മികാഭിവാഞ്ഛകൾ ഈ വലിയ മാററങ്ങൾക്കു സഹായകവുമായിരുന്നില്ല. ചുരുങ്ങിയ കാലത്തിനുള്ളിൽ ഒന്നിനുപുറകെ ഒന്നായി ക്ലാസ്സുകയററം ലഭിച്ചു, ഞാൻ ഉയ

ന്ന ക്ലാസ്സിൽ ചെന്നുചേൎന്നു. തന്നിമിത്തം ഞാൻ എപ്പോഴും ക്ലാസ്സിലെ പ്രായംകുറഞ്ഞ കുട്ടിയായിരിക്കയും അതിനാൽ മുതിൎന്ന കുട്ടികളുടെ അലട്ടലിന്നു പാത്രമായിത്തീരുകയും ചെയ്തു. ഇവയുടെ ഫലമായിട്ടു് സ്വാൎത്ഥമായിട്ടു അ പരിതസ്ഥിതികൾക്കു ഞാൻ അനുകൂലിക്കുകയും എന്നിൽനിന്നു വളരെ വ്യത്യാസമായ വിധത്തിൽ വളൎത്തപ്പെട്ട കുട്ടികളുടെ ദുശ്ശീലങ്ങൾക്കു് അധീനനാകയും ചെയ്തു. ദുഷ്പരിചയങ്ങൾ എനിക്കു താമസിയാതെ സിദ്ധമായി എന്നു സാരം. അശുദ്ധി എന്നിൽ നുഴഞ്ഞുകയറുകയും കുറേക്കാലത്തേക്കു ഞാൻ അതിൻെറ പാൎപ്പിടമാകയും ചെയ്തു. മുമ്പു വിവരിച്ച ആദ്യകാലങ്ങളിലെ സന്തോഷവും പ്രകാശവും എല്ലാം നശിച്ചുതുടങ്ങി. വീട്ടിലെ സൽപ്രേരണകളാൽ ശ്രദ്ധാപൂൎവ്വം വളൎത്തിക്കൊണ്ടുവന്ന മൃദുലമായ ആത്മീയഗുണങ്ങളെല്ലാം തഴമ്പിച്ചു പരുഷമായി ഭവിച്ചു.

ബാഹ്യമായ സകല ഭാവങ്ങളിലും മാറ്റം മുമ്പിലത്തെപ്പോലെയായിരുന്നു. ഞായറാഴ്ചതോറും പള്ളിയാരാധനയ്ക്കു സംബന്ധിക്കുന്നുണ്ടായിരുന്നു. പക്ഷെ ഞാൻ വളരുംതോറും അവ അകമെ യഥാൎത്ഥങ്ങളായിത്തീൎന്നു. ശൈശവത്തിൽ അവയിൽ എനിക്കുണ്ടായിരുന്ന ഉത്സാഹമെല്ലാം മാറിത്തുടങ്ങി. പുറമേയുള്ള ഒരു ഭക്തി മാത്രം ശേഷിച്ചു. സഭാശുശ്രൂഷയാകുന്ന വിശുദ്ധപദവിയിലേക്കു ഞങ്ങളുടെ ആ വലിയ കുടുംബത്തിൽനിന്നു് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടിരുന്ന ആൾ ഞാൻ ആണെന്നായിരുന്നു എൻെറ മാതാപിതാക്കന്മാർ വിശ്വസിച്ചിരുന്നതു്. ഇതെല്ലാം അവർ പറഞ്ഞിട്ടില്ലായിരുന്നു. എന്നാൽ എന്നെക്കുറിച്ചു് അവർ കാംക്ഷിച്ചിരുന്നതു് ഇതായിരുന്നുവെന്നു ഞാൻ മനസ്സിലാക്കി. എൻെറ അഗ്രജനെ ചെറുപ്പത്തിലെതന്നെ ജോലിക്കുവിട്ടു. എൻെറ അനുജന്മാരും ഭാവിയിൽ തൊഴിലാളികളാകുമായിരുന്നു. എന്നാൽ ഞാൻ അപ്പനെ അനുഗമിക്കയും കുടുംബത്തിലെ പാരമ്പൎയ്യശുശ്രൂഷസ്ഥാനം നിലനിറുത്തുകയും ചെയ്യേണ്ടിയിരുന്നു. കേംബ്രിഡ്ജിലുള്ള പെംബ്രോക്കു് (Pembroke) കോളജിൽ ഞാൻ ഒരു

വേതനം സമ്പാദിച്ചു. സർവ്വകലാശാലയിലേക്ക് എനിക്ക് ഒരു വാതിൽ തുറന്നുകിട്ടിയതുകൊണ്ടു് എൻെറ വിജയത്തിൽ മാതാപിതാക്കന്മാർ സന്തോഷിച്ചു.

ഒരുദിവസം ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ എൻെറ ഭാവിയെക്കുറിച്ചുള്ള തൻെറ ഉന്നത ആശകളും പ്രതീക്ഷകളും എല്ലാം അച്ഛൻ എൻെറ മുമ്പിൽ പ്രദർശിപ്പിച്ചു. അദ്ദേഹം ശുശ്രൂഷിച്ചുപോന്ന അപ്പോസ്തലസഭയിലെ ശുശ്രൂഷസ്ഥാനത്തു പ്രവേശിക്കണമെന്നു് അദ്ദേഹം എന്നോടു വ്യക്തമായി പറഞ്ഞു. എൻെറ അമ്മയുടെയും അദ്ദേഹത്തിൻെറയും ഹൃദയംഗമമായ ആശയെ നിവർത്തിക്കണമെന്നു് ആർദ്രസ്വരത്തിൽ ഇങ്ങനെ അപേക്ഷിച്ചുകൊണ്ടിരുന്നു. ഞാൻ വല്ലാതെ ഇളകി വശായി; അപ്രകാരമുള്ള ഒരു വിളിയിൽനിന്നു എൻെറ ആത്മാവു തിരെ പിന്മാറിയിരിക്കയാണെന്നു് തുറന്നു പറവാൻ അന്നു ഞാൻ ധൈര്യപ്പെട്ടില്ല. എൻെറ അന്നത്തെ മനസ്ഥിതിയിൽ അദ്ദേഹത്തിൻെറ ആഗ്രഹം നിവർത്തിക്കുന്നപക്ഷം അതു് എന്നെത്തന്നെ ഒരു കപടഭക്തനാക്കിത്തീർക്കയായിരുന്നു. പരമാർത്ഥമായ അനുതാപത്തിന്നു് അതു വളരെപ്പററിയ ഒരു മുഹൂർത്തമായിരുന്നു; പക്ഷെ നിർഗ്ഗുണമായിരുന്നതുമൂലം ഞാൻ അതു നഷ്ടപ്പെടുത്തി.

ഈ സംഭാഷണം കുറെ നാൾ എന്നെ പ്രയാസപ്പെടുത്തിക്കൊണ്ടിരുന്നു. യഥാർത്ഥമായി പശ്ചാത്തപിക്കുന്നതിന്നുള്ള എൻെറ ഭീരുത്വം തിന്മയെ വർദ്ധിപ്പിക്കുന്നതിന്നു കാരണമായിത്തീൎന്നു. പരമാർത്ഥമായി ജീവിക്കാൻ ഞാൻ എത്രമാത്രം ശ്രമിച്ചോ അത്രയും എൻെറ മനസ്സാക്ഷിയും ഉണൎന്നു. തൻെറ പരമാർത്ഥതയും വിനയവും കൊണ്ടു ഞാൻ അധികമായി സ്നേഹിച്ച എൻെറ പിതാവിനോടു് എൻെറ ഹൃദയം അതുപോലെ പ്രകാശിപ്പിക്കുന്നതിന്നു് ഞാൻ നിർബന്ധിതനായി. പക്ഷെ പിന്നെയും പിന്നെയും ഞാൻ പറയേണ്ടിയിരുന്നതുപോലെ പറയുന്നതിന്നു മടിച്ചു. വാക്കുകൾ എൻെറ ചുണ്ടിൽനിന്നു വീഴുന്നു എന്ന നിലയിലായിട്ടും ഞാൻ പിന്മാറി.

ഒരു സന്ധ്യാസമയം ഞാൻ എൻെറ മുറിയിൽ ഏകനായി വിശ്രമിക്കയായിരുന്നു. കിടക്കയുടെ ഒരു ഭാഗത്തു സന്ധ്യാപ്രാർത്ഥന കഴിക്കേണ്ടതിന്നു ഞാൻ മുട്ടുകുത്തി. യാദൃഛികമായി ഒരു പാപബോധവും എൻെറ അശുദ്ധിയെക്കുറിച്ചുള്ള ഒരു ദുഃഖവും എന്നിലേക്കു് തള്ളിക്കയറി. അസത്യത്തിൻെറ ചെറിയ തരികൾപോലും വെളിപ്പെടുത്തത്തക്കവണ്ണം അതു ബലവത്തായിരുന്നു. ഞാൻ യഥാർത്ഥത്തിൽ എപ്രകാരം ആയിരുന്നുവോ അതുപോലെതന്നെ ഞാൻ എന്നെ അറിഞ്ഞു.

അതിൻെറശേഷമുണ്ടായ കഠിനവേദന വിവരിക്കുന്നതിനു് എനിക്കു ശക്തിപോരാ. അതു് എന്നെ നിശ്ശേഷം തകർത്തു. ഇതിലേക്കു് എന്നെ നയിക്കത്തക്കവണ്ണം ആ പകലിൽ യാതൊന്നും വിശിഷ്യ ഉണ്ടായില്ല, എന്നുമാത്രമല്ല, ഞാൻ സംബന്ധിച്ചിരുന്ന പള്ളിയിലും ക്രിസ്തീയ പുരോഗതിക്കു അത്യന്താപേക്ഷിതമായ ആത്മീയകാര്യങ്ങളിൽ "മാനസാന്തരത്തിനു" വലിയ സ്ഥാനവും കൊടുത്തിട്ടില്ലായിരുന്നു. അതു വല്ലാതെ എന്നെ കഷ്ടപ്പെടുത്തുകയും ഇടിക്കു മുമ്പിലുള്ള അചിരദ്യുതിപോലെ അപ്രതീക്ഷിതവും ഭയങ്കരവുമായി എൻെറ മേൽ വീഴുകയും ചെയ്തു. ഘോരമായ അന്ധകാരമല്ലാതെ യാതൊന്നും എന്നിൽ ശേഷിച്ചില്ല. ഞാൻ എൻെറ കരങ്ങൾക്കിടയിൽ തലയും വച്ചു ദൈവത്തോടുകൂടെ ഏകനായി അവിടെ ഇങ്ങനെ മുട്ടുകുത്തി ഇരുന്നു. എന്നിലുണ്ടായിരുന്ന സകലവും മായിച്ചുകളഞ്ഞിട്ടു വെളിച്ചത്തിനുവേണ്ടി ഇപ്രകാരം തപ്പിനടന്നുഴലുന്ന സ്ഥിതിയിലാക്കിയ ആത്മപൈപ്പാസത്തിൽ ഞാൻ മുഴുകി. ഈ വേദനയാൽ മണിക്കൂറുകൾ കടന്നുപോയതു് ഞാൻ അറിഞ്ഞില്ല.

വളരെ രാത്രിയാകുന്നതുവരെ ഈ പോരാട്ടം നീണ്ടുനിന്നു. ഒടുവിൽ ഒരു പുതിയ അത്ഭുതസമാധാനം എൻെറ ജീവൻെറ ഉള്ളിലേക്കു പ്രവേശിച്ചു. ഒരു ശാന്തിയും ക്ഷാന്തിയും ഉള്ളിൽ വിളയാടി. അശ്രുക്കൾ അരുവിപോലെ പൊട്ടി പ്രവഹിച്ചു. വിമോചനവും എനിക്കു കൈവന്നുകഴിഞ്ഞു. എ

ന്നിലുണ്ടായ വ്യത്യാസത്തെക്കുറിച്ച ഇതിലധികം വൎണ്ണിക്കു ന്നതിനു ഞാൻ തുനിയുന്നില്ല. ആ വിനാഴികമുതൽ ത ന്നെ ക്രിസ്തു എന്റെ വീണ്ടെടുപ്പുകാരനെന്നും അവിടത്തെ സ്നേഹം എന്റെ ഹൃദയത്തെ എന്നെന്നേക്കുമായി കവൎന്നു എന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ദുഷ്പരിചയമാകു ന്ന ചങ്ങല തകരുകയും അതിന്റെ ബന്ധനത്തിൽ നിന്നു ഞാൻ വിമുക്തനാകയും ചെയ്തിരിക്കുന്നു.

എനിക്കുണ്ടായ ആദ്യചിന്ത പ്രായോഗികമായ ഒന്നുത ന്നെയായിരുന്നു. യേശുക്രിസ്തു സുഖമാക്കിയ ആ കുഷ്ഠരോഗി കളുടെ സംഗതി എന്റെ മനസ്സിൽ വന്നു. അവരിൽ ഒ രാളെപ്പോലെ "ദൈവത്തിനു മഹത്വം കൊടുപ്പാൻ" തിരി ച്ചു ചെല്ലണമെന്നു വെളിവായി ബോധപ്പെട്ടു.

ഞങ്ങളുടെ വീട്ടിൽനിന്നു ഒരു മൈലിൽപരം ദൂരമുള്ള പള്ളിയിൽ ആറുമണിക്കു ഒരു പ്രഭാതശുശ്രൂഷ ഉണ്ടായിരുന്നു. ഞാൻ ഇതിനു മുമ്പെ ഒരിക്കലും പള്ളിയിലേക്കു പോകുവാൻ ഇത്ര നേരത്തെ എഴുന്നേററിട്ടില്ല. ചില വിശേഷ അവസര ങ്ങളിലല്ലാതെ ഈ വിചാരം എന്റെ മനസ്സിൽ വന്നിട്ടില്ല. ആ സുദിനം ആഘോഷിക്കേണ്ടതിനു ഞാൻ മുമ്പു പ്രസ്താവി ച്ചതുപോലെ ക്രിസ്തുമസ്സ് പ്രഭാതത്തിൽ കുടുംബമായി പോക പതിവായിരുന്നു. ഈ ശുശ്രൂഷയിൽ അന്നു മാത്രമേ ഞാൻ സംബന്ധിച്ചിട്ടുള്ളു. ഞാൻ ഒരു വലിയ ഉറക്കപ്രിയനായിരുന്ന തുകൊണ്ട് എത്ര ആഗ്രഹിച്ചാലും ഇതുപോലെയുള്ള ഒരു പ്ര ഭാതനാഴികയിൽ പള്ളിയിൽ എത്തത്തക്കവണ്ണം ഉണരുന്നത് അസാദ്ധ്യമായിരുന്നു. ഇപ്പോൾ സമയം അൎദ്ധരാത്രി കഴികയും ചെയ്തിരിക്കുന്നു. പക്ഷെ ഈയവസ്ഥയിൽ എനിക്ക് പ്രയാ സങ്ങളെല്ലാം വളരെ ലഘുവായിട്ടാണ് തോന്നിയത്. അതു കൊണ്ടു തക്ക സമയത്തു ഞാൻ ഉണരുമെന്നുള്ള പൂൎണ്ണ വിശ്വാ സത്തോടെ പോയികിടന്നു.

രാവിലെ ഞാൻ കണ്ണു തുറന്നപ്പോൾ തലേരാത്രിയിലു ണ്ടായ സംഭവത്തിന്റെ ഒരു മങ്ങിയ ഓൎമ്മ മാത്രമേ എനി ക്കുണ്ടായിരുന്നുള്ളു. മണി നോക്കിയപ്പോൾ സമയം ഏകദേശം

അഞ്ചരയായിരുന്നു. ഒരു കണ്ണിമയ്ക്കിടയിൽ എന്റെ ജീവിതത്തിലുള്ള വ്യത്യാസത്തിന്റെ വൃത്താന്തം എല്ലാം മനസ്സിലേക്കു തള്ളി ഒഴുകി. സന്തോഷപാരവശ്യത്തോടുകൂടെ ഉടുപ്പുകൾ ധരിച്ച് പള്ളിയിലേക്കു പുറപ്പെടുകയും പ്രാർത്ഥനകൾ ആരംഭിക്കുന്നതിനുമുമ്പെ അവിടെ എത്തുകയും ചെയ്തു. ശുശ്രൂഷയുടെ സമയത്തും ഞാൻ ചിന്താധീനനായിരുന്നു. ക്രിസ്തുതന്നെ എനിക്കു പാപമോചനം തന്ന് എന്നെ നിത്യമായി തന്റെ സ്വന്തമാക്കിയ ആ രാത്രിയെക്കുറിച്ചു ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു.

പള്ളിയിൽ പ്രാർത്ഥനകൾ ചൊല്ലുകയും വേദഭാഗങ്ങൾ വായിക്കുകയും ചെയ്യുന്നുണ്ടായിരുന്നുവെങ്കിലും ഞാൻ അതൊന്നും ശ്രദ്ധിച്ചില്ല. കാരണം ആ പുതിയ പാട്ട് എന്റെ ഹൃദയാന്തർഭാഗങ്ങളിൽ മാറ്റൊലികൊണ്ടിരുന്നു. എന്റെ ചിന്തകൾ ഭൗമികങ്ങളിൽനിന്നു ഉയന്നുകൊണ്ടിരുന്നു. ആ ആരാധനാസമയം മുഴുവൻ ഈവിധത്തിൽതന്നെ കഴിഞ്ഞു. എന്നാൽ പ്രാർത്ഥനാനന്തരം "നമ്മുടെ കത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസൎഗ്ഗവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ, ആമ്മീൻ" എന്നുള്ള ആശീൎവ്വാദവചനങ്ങൾ പെട്ടെന്ന് എന്റെ കണ്ണുകളിൽ പതിച്ചു.

അനന്തരസംഭവം ഞാൻ എങ്ങനെ വൎണ്ണിക്കേണ്ടു? ഉന്നതത്തിൽനിന്നുള്ള ആ അമൂല്യാനുഗ്രഹം ആ വിശുദ്ധവേളയിൽ ദൈവത്തിങ്കൽനിന്നുള്ള ഒരു സ്നേഹദാനംപോലെ എനിക്കു നൽകപ്പെടുന്നുവെന്നു തോന്നി. ഞാൻ തലേരാത്രിയിൽ അനുഭവിച്ചറിഞ്ഞ പാപക്ഷമയുടെ സന്തോഷസമാധാനങ്ങൾ വീണ്ടും ആയിരംമടങ്ങായി വദ്ധിച്ചു. ഞാൻ അതു സ്വീകരിക്കുന്നതിനുവേണ്ടി മുട്ടുകുത്തിയിരിക്കുമ്പോൾ അല അടിച്ചുകയറുന്ന അഗാധസമുദ്രംപോലെ ദൈവസ്നേഹം എന്റെ ചുററും വ്യാപിക്കുന്നതു ഞാൻകണ്ടു. ദീർഘസമയം യാതൊന്നും അറിയാതെ നന്ദിപൂൎവ്വം ആ നിലയിൽത്തന്നെ ഞാൻ ഇരുന്നു. എന്റെ മനസ്സ് അതിൽ ലയിച്ചിരുന്നതിനാൽ ഞാൻ

ഉറങ്ങുകയാണെന്നു കരുതി ദ്വാരപാലകൻ എൻെറ തോളിൽ അടിക്കുന്നതിന്നിടയായി. സ്വഗൃഹത്തിലേക്കു മടങ്ങിപ്പോകുന്നതിന്നു പള്ളി പൂട്ടണമെന്നു അവൻ ആഗ്രഹിച്ചു. അവൻ എന്നെ വെളിയിലേക്കു നയിച്ചപ്പോൾ എനിക്കുണ്ടായിരുന്ന സംഭ്രമം ഇന്നും ഞാൻ ഓർക്കുന്നു.

ഞാൻ വീട്ടിലേക്കു പോകുമ്പോൾ അരുണവർണ്ണമായ ഭാസ്കരകിരണങ്ങളാൽ തെരുക്കളെല്ലാം സ്വർണ്ണം പൂശിയിരുന്നു. നവജീവൻെറ ഒരു വസന്തകാലപ്രഭാതം എൻെറ തമോഹൃദയത്തിൽ ഉദിച്ചു. എന്നിൽ സംഭവിച്ച വ്യത്യാസം അപ്പനും അമ്മയും ഗ്രഹിച്ചു എങ്കിലും ദീർഘസമയത്തേക്കു ഈ വ്യത്യാസത്തെക്കുറിച്ചു ഞാൻ അപൂർവ്വമായിട്ടേ മററുള്ളവരോടു പറഞ്ഞുള്ളു. എൻെറ ആത്മമിത്രങ്ങളോടുപോലും പറയുന്നതു് അയുക്തമെന്നു തോന്നത്തക്കവണ്ണം അതു വിശുദ്ധമെന്നു ഞാൻ കരുതിയിരുന്നു. "മറിയ സർവ്വവും ഹൃദയത്തിൽ സംഗ്രഹിച്ചു ചിന്തിച്ചുകൊണ്ടിരുന്നു" എന്നു സുവിശേഷങ്ങളിൽ നാം വായിക്കുന്നു. അക്കാലങ്ങളിൽ എൻെറ പ്രധാന ചിന്തയും അതുതന്നെയായിരുന്നു.

നാല്പതു വർഷങ്ങളുടെ ശേഷം ഇപ്പോഴും ഈ സംശയത്തിൽനിന്നു ഞാൻ പൂർണ്ണവിമുക്തനായിട്ടില്ല. അതു് ഒരു ബാധകമായിട്ടുതന്നെ ഇരിക്കുന്നു. എങ്കിലും ഒടുവിൽ വളരെ വൈമുഖ്യത്തോടെയെങ്കിലും അതു മററുള്ളവർക്കു പ്രയോജകീഭവിക്കുമെന്നുള്ള പ്രത്യാശയിൽ ഈ പുസ്തകമാർഗ്ഗേണ എൻെറ അനുഭവങ്ങൾ ഇതരന്മാരെ ഗ്രഹിപ്പിക്കാമെന്നു ഞാൻ സമ്മതിച്ചിട്ടുള്ളതുകൊണ്ടു് ഈ പ്രത്യേകസംഗതിയും വിട്ടുകളയത്തക്കതല്ല. ആ നിമിഷം മുതൽ ക്രിസ്തുവിനെ ഞാൻ ജീവനുള്ള ക്രിസ്തുവായിട്ടുതന്നെ അറിയുന്നു. അതിൻെറ ശേഷം സുവിശേഷവൃത്താന്തം ബൈബിളിൽക്കാണുന്നതുപോലെ ചിത്രീകരിക്കയൊ ഗലീലക്കടൽക്കരയിൽക്കൂടി അവനെ അനുഗമിക്കുന്നതായി സങ്കല്പിക്കയൊ മാത്രമല്ല ചെയ്യുന്നതു്. ഇവിടെയുള്ള അവൻെറ സാന്നിദ്ധ്യത്തിൻെറ രഹസ്യം ഒരു നിത്യ

സത്യമായി ഞാൻ ഗ്രഹിച്ചു. ചിലപ്പോൾ അധികമായറിയുന്നു എങ്കിലും ക്രിസ്തു എന്നും ഒന്നുതന്നെ—ഇന്നും ഇന്നലെയും എന്നേക്കും അനന്യൻതന്നെ.

അതിനാൽ അദ്ദേഹം എനിക്കു് ഇപ്പോഴും ജീവിച്ചിരിക്കുന്ന ക്രിസ്തുതന്നെയാണു്. ഇതിൽനിന്നു വ്യത്യസ്തമായി അതിനെക്കുറിച്ചു ചിന്തിക്കുന്നതിനോ സംസാരിക്കുന്നതിനോ എനിക്കു ശക്യമല്ല. കാരണം, എന്റെ യഥാർത്ഥ ക്രിസ്തീയ ജീവിതം തുടങ്ങിയതു് ആ ദിവസം മുതല്ക്കാണു്. അതു കൂടാതെ, എന്റെ ചിന്തകളിലെല്ലാം പ്രസ്തുത ധാരണയുടെ വർണ്ണസങ്കരം കാണുന്നുമുണ്ടു്. എന്റെ ജീവിതത്തിൽ ക്രിസ്തു എത്ര യഥാൎത്ഥമായിരിക്കുന്നു എന്നും ഞാൻ എത്രമാത്രം അദ്ദേഹത്തോടു് കടപ്പെട്ടിരിക്കുന്നു എന്നും ആർക്കെങ്കിലും ഗ്രഹിക്കണമെങ്കിൽ ഈ സംഗതി സമ്മതിച്ചേ തീരൂ.

ഇതിന്റെ ശേഷം മുൻപ്രസ്താവിച്ചപോലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ദിവസംപ്രതിയുള്ള ഒരു അനുഭവമായിത്തീൎന്നുവെന്നുള്ളതു് ഒരു അതിശയോക്തി ആയിരിക്കയില്ല. ഇതു സുഗ്രാഹ്യമാകുന്നതിന്നു് ചില നിമിഷങ്ങൾ മൗനാവലംബിയായി വൎത്തിക്കുന്നതു് ഉത്തമമെന്നു തോന്നുന്നു. എന്റെ അമ്മയിൽ നിന്നു ലഭിച്ച അറിവനുസരിച്ചു് എന്റെ ശൈശവത്തിൽ ക്രിസ്തുവിനെ ചിത്രീകരിച്ചതും ഇതും തമ്മിൽ അജഗജാന്തരമുണ്ടായിരുന്നു. വെള്ളിമേഘവാഹനനായി അവരോഹണം ചെയ്യുന്ന അദ്ദേഹത്തെ എന്റെ ജഡചക്ഷുസ്സുകൾകൊണ്ടു കാണാം എന്നു ഞാൻ കരുതിയിരുന്നു. അതു പിഞ്ചുബാലഹൃദയത്തിന്റെ ഒരു പ്രതീക്ഷ മാത്രമായിരുന്നു. ഞാൻ പുരുഷപ്രായനായതോടുകൂടി അതു ക്രമാഗതമായി മങ്ങിത്തുടങ്ങി. അതൊരു സ്വപ്നചിത്രം മാത്രമായിരുന്നു. എന്നാൽ എന്നിലുണ്ടായ ഈ നവജീവൻ വ്യത്യസ്തമായ ഒന്നത്രേ. എന്റെ ആത്മാവിനെ രൂപാന്തരപ്പെടുത്തുന്നതിനോ, സന്മാൎഗ്ഗപരമായി എന്റെ വാഞ്ഛയെ ഒന്നു പുതുക്കുന്നതുകൊണ്ടു് എന്നെ വീണ്ടും ജനിപ്പിക്കുന്നതിനോ ഒരു സ്വപ്നത്തിനും കഴികയില്ലായിരുന്നു. ഇവയെല്ലാം ദൈവത്തിന്റെ പ്രവൎത്തനങ്ങളായിരുന്നു. എ

ൻെറ കാഴ്ചയിൽ അവ അതിശയനീയങ്ങളാണ്. ആ രാത്രിയിൽ ദൈവം ക്രിസ്തുവിൽക്കൂടെ എന്നെ സമീപിച്ചു. സങ്കീൎത്തനത്തിൽ പറയുന്നതുപോലെ അദ്ദേഹം എൻെറ പാദങ്ങളെയും ശയ്യയെയും വിവിധവഴികളെയും നോക്കിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ദിവ്യസാന്നിദ്ധ്യത്തിൽ നിന്നു ഓടിഒളിക്കുന്നതു സുകരമായിരുന്നില്ല. ഞാൻ അത്യുന്നതങ്ങളിലേക്കു കയറിയാൽ അദ്ദേഹം അവിടെയുണ്ട്. പ്രത്യുത അത്യഗാധങ്ങളിലേക്കു ഇറങ്ങിയാൽ അവിടെയുമുണ്ട്. സങ്കീൎത്തനസൂക്തങ്ങളിൽ വൎണ്ണിച്ചിരിക്കുന്ന ഈ സൂക്ഷ്മജ്ഞാനത്തിനു് ഞാനും ഓഹരിക്കാരനായിത്തീൎന്നു. അദ്ദേഹം എൻെറ നിരന്തരസഖാവായിത്തീൎന്നു.

ഇതു കൂടാതെ ഈ സങ്കീൎത്തനത്തിലില്ലാത്ത വേറെ ചിലതുമുണ്ടായിരുന്നു. അവനിൽനിന്നു് ഒരു പാപക്ഷമ എൻെറ ഹൃദയത്തിലേക്കു തള്ളിക്കയറി. അതു സമുദ്രത്തെക്കാൾ അഗാധവും അംബരം പോലെ അനന്തവും അപരിമേയവുമായ ദൈവസ്നേഹമായിരുന്നു. ഇതു എന്നെ ഉടച്ചുവാൎത്തു് ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുത്തി. ദൈവപക്ഷത്തു് ഒരു യാഗം ഉണ്ടായിരുന്നു. ആ ദിവ്യയാഗത്തിൻെറ അൎത്ഥം ആ രാത്രിയിൽ വളരെ വ്യക്തമായി ഞാൻ ഗ്രഹിച്ചു. അവൻ സ്വയം എനിക്കുവേണ്ടി തന്നു, ഇതു ദയയാലല്ല, സ്നേഹാധിക്യത്താൽ എന്നെ അവനിലേക്കു വലിച്ചടുപ്പിച്ചു; ഭയത്തെ പുറത്താക്കുന്ന ആ പരിപൂൎണ്ണസ്നേഹത്തിമരന്ദം ഞാൻ നുകരാൻ തുടങ്ങി. എന്നിലും എൻെറ പരിസരങ്ങളിലുമുണ്ടായിരുന്ന ദൈവസാന്നിദ്ധ്യവും വീണ്ടെടുപ്പിൻ സ്നേഹത്തിൻെറ ആത്മാവുമാണു് എൻെറ ഈ യഥാൎത്ഥ രൂപാന്തരത്തിൻെറ ഹേതു.

അല്ല! ഈ സംഭവം കേവലം കല്പനാസൃഷ്ടമല്ല. ഉണരുമ്പോൾ മാഞ്ഞു അപ്രത്യക്ഷമാകുന്ന വെറും പേക്കിനാവും അല്ല. അതു് പാപപ്രതിബന്ധങ്ങളെ അതിക്രമിക്കയും മരണത്തെ അഗണ്യമാക്കയും ചെയ്യത്തക്കവണ്ണം ശക്തിയുള്ള ജീവിതവ്യത്യാസവും പുതിയ ജനനവുമത്രെ.

ഈ ഭാഗങ്ങൾ വെളിവാക്കുന്നതിന്ന് എനിക്കു വാക്കുകൾ പോരാ. എന്നാൽ ഭാഷകൊണ്ടു സാധിക്കുന്ന പക്ഷം ഒരു യഥാർത്ഥംകൂടി വ്യക്തമാക്കുന്നതിന്നു ഞാൻ പരിശ്രമിക്കാം. ദൈവത്തിൻെറ സ്നേഹത്തെക്കുറിച്ചുള്ള എൻെറ ഈ പുതിയ ബോധം ക്രിസ്തുമുഖാന്തിരമല്ലാതെ ഇതര മാൎഗ്ഗങ്ങളിലൂടെ വന്നിട്ടുള്ളതല്ല. ദൈവവും ക്രിസ്തുവും ഒന്നാണെന്ന് ഞാൻ ഗ്രഹിച്ചതു് എങ്ങിനെയാണെന്ന് മററുള്ളവരെ ധരിപ്പിക്കുന്നതിന്ന് എനിക്കു് അന്നു ശക്തിയില്ലായിരുന്നു. ഇന്നും അതിന് ശാസ്ത്രീയമായ ഒരു വിവരണം കൊടുക്കുന്നതിന്നു ഞാൻ അപ്രാപ്തനത്രെ. ഇപ്പോഴാകട്ടെ സദാ എൻെറ സൎവ്വചിന്തകളിലും മുന്നിട്ടു നിൽക്കുന്നതു ക്രിസ്തുവാണ്. ദൈവത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ക്രിസ്തുവിൻെറ മുഖമാണ് എപ്പോഴും എൻെറ മനോമുകുരത്തിൽ പ്രതിഫലിക്കുന്നതു്.

പുറമെ ദൃശ്യമായി യാതൊന്നുമുണ്ടായിരുന്നില്ല എന്നുള്ളതു പരമാർത്ഥം തന്നെ. ശൗലിന്ന് യാത്രാമദ്ധ്യേ ക്രിസ്തുദർശനമുണ്ടായതുപോലെ എനിക്കു അനുഭവസിദ്ധമായ പാപക്ഷമയും സ്നേഹവും ക്രിസ്തുവിൽക്കൂടിയും യഥാർത്ഥമായിത്തീൎന്നു. "ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു" എന്നു വിശുദ്ധ പൗലൂസ് പറയുന്നതിൻെറ സാക്ഷാൽ അർത്ഥം സ്വന്ത അനുഭവത്തിൽനിന്നു ഗ്രഹിക്കുന്നതിന്ന് എനിക്കു സാധിച്ചു. എൻെറ ആ അനുഗ്രഹദിവസങ്ങളിലും ക്രിസ്തുവിൽക്കൂടെ ദൈവം എന്നോടു ക്ഷമിക്കയും എന്നെ സൗഖ്യമാക്കയും ഒരു പുതിയ മനുഷ്യനായി രൂപാന്തരപ്പെടുത്തുകയുമാണു ചെയ്തതു്. ക്രിസ്തുവിൽനിന്ന് അന്യമായിരുന്നെങ്കിൽ ഇതെല്ലാം അമൂർത്തവും നിർഗ്ഗുണവുമായിരിക്കുമായിരുന്നു. ക്രിസ്തുവിൽ, ദൈവം മനുഷ്യനും ആണ്മയും യഥാൎത്ഥവുമായി മാത്രമല്ല ദൈവസ്നേഹംതന്നെ മനുഷ്യോന്മുഖവും ആണ്മയോടു വേൎപ്പെടുള്ളതുമായിത്തീൎന്നു.

ഇൻഡ്യയിൽ (ഞങ്ങൾ) സൎവ്വസാധാരണയായി ഉപയോഗിക്കുന്ന ഒരു പദം എൻെറ ഈ ആശയത്തെ പാശ്ചാത്യൎക്കു

നല്ലവണ്ണം മനസ്സിലാക്കുന്നതിന്നു പര്യാപ്തമായിരിക്കും.. ദൈവത്തിന്റെ സർവ്വവ്യാപകതത്വത്തിൽ നമുക്കു അവിടത്തെ ഗ്രഹിക്കത്തക്കവണ്ണം പ്രത്യേക ആകൃതി ഇല്ല എന്നു പുരാതന സംസ്കൃതഗ്രന്ഥങ്ങൾ പറയുന്നു. അവിടെ ആകൃതി എന്നുള്ളിടത്തു "രൂപം" എന്നാണുപയോഗിച്ചിരിക്കുന്നതു്. എന്നാൽ അരൂപിയായതു രൂപിയാകുന്നതിനും അപാരമായതു ക്ലിപ്തമാകുന്നതിന്നും സർവ്വദാ യത്നിച്ചുകൊണ്ടിരിക്കുന്നു. എനിക്കു് അനുഭവമുള്ളിടത്തോളം ക്രിസ്തുവിനു മനുഷ്യാത്മാവിനോടുള്ള കാതലായ ബന്ധത്തെ ഈ വാചകം ദീപ്തമാക്കുന്നു എന്നു പറയാം. ക്രിസ്തു മുഖാന്തിരം, എനിക്കു ദൈവത്തിൽ അവ്യക്തമായിരുന്നതെല്ലാം സുവ്യക്തമായി; അന്യമായിരുന്നതെല്ലാം അനിത്യവും വ്യക്തിപരവുമായിത്തീർന്നു; അമിതമായിരുന്നതെല്ലാം മിതമായി. ഇപ്രകാരം ക്രിസ്തു എനിക്കു ദൈവത്തിന്റെ 'രൂപവും' വചനവും അദൃശ്യനായ ദൈവത്തെ ദൃശ്യമാക്കുന്ന ഒരു ചിഹ്നവും ആയിത്തീർന്നു. പേടിച്ചു വിറച്ചു അന്ധകാരത്തിൽനിന്നുകൊണ്ടു കരയുന്ന ശിശുക്കളെപ്പോലെ 'അബ്ബാ പിതാവെ' എന്നു വിളിക്കുന്നതിനനുസരണമായി ദൈവം അന്ധകാരത്തിൽനിന്നുകൊണ്ടു് നമുക്കു ഉത്തരമരുളുകയും ദീനാർദ്രമായ ആ കരങ്ങൾ നീട്ടി നമ്മെ തലോടുകയും ചെയ്യുന്നു. ആ ഉത്തരം, ആ വാത്സല്യസ്പർശം, ക്രിസ്തുവാണു്.

എന്റെ സ്നേഹത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ആകാംക്ഷ, ദൈവസ്നേഹത്തിനുവേണ്ടിയുള്ള എന്റെ തൃഷ്ണയുടെ ഒരു മറുവശം മാത്രമായിരുന്നു. മാനുഷ്യോപാധികൾ വഴിയായി സ്വയം പ്രകടിപ്പിക്കുന്ന ദൈവപ്രകൃതിയാണതു്. സ്വർഗ്ഗസ്ഥപിതാവു ക്രിസ്തുവിൽ ചെയ്തിരിക്കുന്നതും അതുതന്നെയാണു്. എന്റെ സ്നേഹിതനുവേണ്ടിയുള്ള ഈശ്വരാഭീഷ്ടം ദൃശ്യമായ ആകൃതി സ്വീകരിച്ചതാണു ക്രിസ്തു. അതുകൊണ്ടാണു ക്രിസ്തു നമുക്കു ദൈവത്തിന്റെ സൌഷ്ഠവവചനമായിത്തീർന്നിരിക്കുന്നതു്. അദ്ദേഹത്തിൽക്കൂടി മധുരമായ ദൈവസ്വരം സുവ്യക്തമാകുന്നു. ദൈവകരങ്ങൾ അവനിൽക്കൂടി

തിരശ്ശീലയെ (മൂടുപടത്തെ) ചീന്തിക്കളെയുന്നു. അനന്തനും നിരാകാരനുമായ ദൈവം അവനിൽ പരിമിതനും രൂപിയുമായിത്തീൎന്നു.

മനുഷ്യൎക്കു മററു അടയാളങ്ങളും നൽകപ്പെട്ടിട്ടുണ്ടു്. ഓരോ പ്രവാചകനും ദൎശകനും ദൈവദൗത്യം വഹിച്ചുകൊണ്ടു ദൈവത്തെ വെളിപ്പെടുത്തുന്ന ദിവ്യശബ്ദങ്ങളായിരുന്നു. "ദൈവം പണ്ടു ഭാഗംഭാഗമായും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു്" എന്നുള്ള മഹനീയവാക്യത്തോടുകൂടിയാണു് എബ്രായലേഖനം ആരംഭിക്കുന്നതു്. വാക്യം അവിടെ അവസാനിക്കുന്നില്ല. ലേഖകൻ കുറേക്കൂടി മുമ്പോട്ടു പോയി "ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തിരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു" എന്നുകൂടി ആ ദൈവത്തെക്കുറിച്ചു പറയുന്നു.

പുരാതനകാലത്തെ പ്രവാചകപ്രഭൃതികളിൽനിന്നു് ആ ദിവ്യപൊരുളിനെക്കുറിച്ചുള്ള ദിവ്യഗാനാമൃതത്തിൻെറ ചില ശീലുകൾ ശ്രവിക്കുന്നതിനും ആ സത്യഭാനുകിരണങ്ങളിൽ ചിലതു സ്വീകരിക്കുന്നതിനും അദ്ദേഹത്തിൻെറ ദിവ്യമനോഹാരിതത്തിൻെറ ഒരു പ്രതിഭ ഏൽക്കുന്നതിനും നമുക്കിടയായിട്ടുണ്ടു്. എന്നാൽ ക്രിസ്തുവിലാകട്ടെ നമുക്കു ഒരു യഥാൎത്ഥ പ്രതിമയും തെളിവായ പൊരുളും പരിപൂൎണ്ണ സാരൂപ്യവും ലഭിക്കുന്നു. "അവൻ അദൃശ്യനായ ദൈവത്തിൻെറ പ്രതിമയാണു്" എന്നു വിശുദ്ധ പൌലൂസു് ഉൽഘോഷിക്കുന്നു. ദൈവത്തെ വെളിപ്പെടുത്താൻ അതു ഏക ചിഹ്നം; ദൈവത്തെ വെളിപ്പെടുത്തുന്ന ഏക വചനം അവനാണു്.

അദ്ധ്യാത്മീയന്മാരായ ദൎശകന്മാരുടെ കൂട്ടത്തിലൊരുവനും ദൈവഭാരതി അനൎഗ്ഗളംനിൎഗ്ഗമിക്കുന്നതിനുള്ള ഉപകരണമാകാൻ ഭാഗ്യംസിദ്ധിച്ചയാളുമായിരുന്ന തുളസീദാസിനാൽ രചിതമായ രാമായണത്തിൽ ഒരു 'വെളിപാടു'ഭാഗമുണ്ടു്. ദൈവസാന്നിദ്ധ്യത്തെ മനുഷ്യനു വെളിപ്പെടുത്തിക്കൊടുക്കുന്ന ദൈവത്തിൻെറ ഒരു 'രൂപത്തിനു'വേണ്ടിയുള്ള മനുഷ്യവാഞ്ഛ

യുടെ സാർവ്വത്രികസ്വഭാവത്തെ അതു പ്രദർശിപ്പിക്കുന്നു. വേദശാസ്ത്രൂപട്ടുവായ താത്വികൻ നിരാകാരനും അനന്തവ്യാപിയും അമൂർത്തനും (പുരുഷവ്യത്യാസമില്ലാത്തവനും) അദൃശ്യനും അജ്ഞേയനും ആയ ദൈവത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ ആശയങ്ങളെ പ്രതിപാദിക്കുന്നതായിട്ട് തുളസീദാസ് പ്രസ്തുത ഗ്രന്ഥത്തിൽ വിവരിക്കുന്നു. എന്നാൽ പ്രസ്തുത ചർച്ചയിൽനിന്നു വിവരിക്കുന്നതിന്നു തത്വജ്ഞന്മാരോട്ട് അപേക്ഷിച്ചിട്ട് "ഭഗവൻ" ഈശ്വരാവതാരത്തെ ഞങ്ങൾക്കു കാണിച്ചുതന്നാലും എന്നു പ്രാർത്ഥിക്കുന്നു.

ലോകത്തിലെ സർവ്വ വേദശാസ്ത്രങ്ങളിലും പ്രതിധ്വനിക്കുന്ന ഈ മനുഷ്യഹൃദയദീനാക്രന്ദനത്തെ പാശ്ചാത്യ കവിമുഖ്യരും വെളിവാക്കുന്നു. ബ്രൌണിംഗിൻെറ 'സോൾ' എന്ന ഗ്രന്ഥത്തിൻെറ ചില വിശിഷ്ട ഭാഗങ്ങളിൽ വിശിഷ്യ അന്ധനായ രാജാവിൻെറ മുമ്പിൽ വീണവായിക്കുന്ന രാജാവിനെക്കുറിച്ച് വിവരിക്കുന്ന ഭാഗങ്ങളിൽ ഈ സംഗതി വ്യക്തമാക്കിയിരിക്കുന്നു.

മാനസാന്തരാനന്തരം മുൻപ്രസ്താവിച്ചതുപോലുള്ള ആശയങ്ങൾ ഗ്രഹിക്കുന്നതിന്ന് ഞാൻ ശക്തനായില്ല. അവയിൽ നവീനമായ എന്തോ ജീവനുള്ളതുപോലെ തോന്നി. അവ എൻെറ ഹൃദയാന്തർഭാഗങ്ങളിൽ ദിവസേന ധ്വനിച്ചുകൊണ്ടിരുന്ന ആ ഗീതിയുടെ ഒരു മാറ്റൊലിമാത്രമാകുന്നു.

ഇങ്ങനെ വീണ്ടും തെളിയിക്കാൻ ശ്രമിച്ച യേശുക്രിസ്തുവിൻെറ മർമ്മം ഇതാണ്. അതായതു്, യേശുവിൻെറ സാന്നിദ്ധ്യം യഥാർത്ഥമാക്കുന്ന ഒരു ആത്മാവിന് അദ്ദേഹം മർത്ത്യനയനങ്ങൾക്കു കാണാവുന്നതും മനുഷ്യരൂപത്തിൽ അറിയാവുന്നതുമായി അവതരിച്ച ദൈവസ്നേഹംതന്നെയാണ്. ഇനിയും അജ്ഞേയനും നിഷേധപദങ്ങളാൽമാത്രം വർണ്ണ്യനമായ ഒരു ദൈവത്തെ ആരാധിക്കുന്നതിലുള്ള പ്രയാസമില്ല. തൽസ്ഥാനത്തു സ്നേഹംതന്നെ പ്രകൃതിയായിട്ടുള്ളവനും, നാം അനുഭവിക്കുന്ന ഓരോ പ്രയാസത്തിലും സഹതപിക്കയും ഓരോ പാപത്തിലും ദുഃഖിക്കത്തക്കവണ്ണം നമ്മോടു സമീപി

ക്കയും ചെയ്യുന്നവനുമായ ഒരു ദൈവത്തെ നാം കാണുന്നു. സ്നേഹബദ്ധനായി ത്യാഗത്തിൻെറ അടിത്തട്ടിലേക്ക് ഇറങ്ങുകയും തൻെറ (വത്സലർക്കുവേണ്ടി എന്തും സഹിക്കുന്ന ആ സ്നേഹമൂർത്തീകരണത്തിൻെറ) മഹത്വം കാണത്തക്കവണ്ണം നമ്മുടെ ഇടയിൽ അധിവസിക്കയും ചെയ്തു. അവർണ്ണനീയമായ വിധത്തിൽ അവൻ നിന്ദിക്കപ്പെടുകയും അപഹസിക്കപ്പെട്ട് മൃഗീയമായി മർദ്ദിക്കപ്പെടുകയും സ്നേഹത്തിനുവേണ്ടി ക്രൂശിക്കപ്പെടുകയും ചെയ്തു.

നാം വെറുംവാക്കുകളിൽ മാത്രമല്ല, സർവ്വ ചര്യകളിലും പ്രവൃത്തികളിലും ദൈവം സ്നേഹമാണെന്നു വിശ്വസിക്കുന്നു. അതു് ഒരു സിദ്ധാന്തമൊ തത്വമൊ ആയിട്ടു മാത്രമല്ല, സർവ്വപ്രകാരേണ യഥാർത്ഥവുമാണ്. അതിനു മറുപടിയായി ഒരു പുതിയ സ്നേഹഗീതം പാടത്തക്കവണ്ണം നമ്മുടെ ഹൃദയത്തെ അത്യധിക ഭക്ത്യാദരാദികൾകൊണ്ടും അത്ഭുതംകൊണ്ടും നിറയ്ക്കുന്നതു ദൈവത്തിൻെറ ഈ സ്നേഹപ്രവൃത്തിയാണ്. നമ്മുടെ വിശ്വാസത്തിനും ആരാധനയ്ക്കുമുള്ള കാരണങ്ങളൊ അടിസ്ഥാനമൊ ചോദിച്ചാൽ അസാധുവല്ലാത്ത അനവധി തെളിവുകൾ നമുക്കു കൊടുപ്പാനുണ്ടു്. യുഗായുഗങ്ങളായിട്ടു "ദൈവമെ നിന്നെത്തന്നെ—അന്യനെയല്ല നിന്നെത്തന്നെ—എനിക്കു കാണിച്ചുതരണമെ" എന്നുള്ള മനുഷ്യഹൃദയത്തിൻെറ സത്യനിലവിളി നോക്കുക. മനുഷ്യജീവിതം ബൌദ്ധികവും ദൈവം യഥാർത്ഥനുമെങ്കിൽ ഇപ്രകാരമുള്ള ഒരു ദീനസ്വരം മനുഷ്യസൃഷ്ടം ആയിരിക്കാൻ തരമില്ല. മനുഷ്യഭാഗത്തും തലമുറതലമുറകളായിട്ടും മനുഷ്യാത്മാവിങ്കലേക്കുള്ള ദൈവാത്മാവിൻെറ ഒരു സമീകരണവും "അബ്ബാപിതാവെ" എന്നു വിളിക്കത്തക്കവണ്ണം നാം ദൈവമക്കൾ എന്നു ആത്മാവും നമ്മുടെ ആത്മാവോടുകൂടി സാക്ഷ്യം പറയുന്ന ഒരനുഭവം നാം കാണുന്നു. ഏതുകാലത്തും ഏതുമതത്തിലും കാണപ്പെടുന്നതും മനുഷ്യാത്മാവിനെ ദൈവത്തിങ്കലേക്കു ഉയർത്തുന്നതുമായ ഈ അനുഭവം ക്രിസ്തുവിൽ മൂർദ്ധന്യമാകുന്നു.

ഈ കാരണംകൊണ്ടാണ് അപ്പസ്തോലസംഘത്തിൽ ജീ

വിച്ചു മരിച്ച പൗലൂസും, യോഹന്നാനും, ഓഗസ്റ്റിനും, മൊനീക്ക്യയും, ബർനാർഡും അസിസിയിലെ ഫ്രാൻസിസ്സും സിയാന്നായിലെ കാതറൈനും അതിൽപിന്നെയുണ്ടായ അസംഖ്യം വിശുദ്ധന്മാരും രക്തസാക്ഷികളും ഐകകണ്ഠ്യേന "ഞാനല്ല, പിന്നെയൊ ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നതു്" എന്നു സാക്ഷിച്ചിട്ടുള്ളതു്. "ഞാൻ ഇപ്പോൾ ജീവിക്കുന്നതൊ എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നത്താൻ ഏല്പിച്ചുതരികയും ചെയ്ത ദൈവപുത്രനിലുള്ള വിശ്വാസത്താൽ അത്രെ." ഇതു പരിശുദ്ധന്മാൎക്കു മാത്രമുള്ള ഒരു അത്യുൽകൃഷ്ട അനുഭവമല്ല. എന്നാൽ ഓരോ കാലത്തുമുള്ള സാധാരണരും സാധുക്കളുമായ സ്ത്രീപുരുഷന്മാൎക്കുമുള്ള അനുഭവവും ഇതുതന്നെയാണു്. ഇംഗ്ലീഷുകാരോ, അമേരിക്കക്കാരോ, ഇൻഡ്യക്കാരൊ, ആഫ്രിക്കന്മാരൊ ചീനരൊ ജപ്പാന്യരൊ ആരായിരുന്നാലും ശരി, ക്രിസ്തുസ്നേഹം അനുഭവിച്ചിട്ടുള്ള ഇവർ എല്ലാം മുക്തകണ്ഠം ഈ ഏകസംഗതിതന്നെ വിളിച്ചുപറയുന്നു. അവരിൽ ജീവിച്ചു പ്രവൎത്തിക്കുന്നതും അവരുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതും ക്രിസ്തുതന്നെയാണു്.

എൻെറ ഹൃദയത്തിലുണ്ടായിരുന്ന ഈ ക്രിസ്തുവിൻെറ സ്നേഹം എൻെറ ജീവിതത്തെ ബന്ധിക്കയും എൻെറ സ്വഭാവത്തെ ആകൃതിപ്പെടുത്തുകയും ചെയ്തു. പരമമായിട്ടുള്ളതിനാണു് ഞാൻ ക്രിസ്തുവിനോടു കടംപെട്ടിരിക്കുന്നതു്.

നാലാമത്തെ സുവിശേഷത്തിൽ അന്ത്യ അത്താഴം കഴിച്ച ആ മാളികമുറിയിലെ ഒരു ദൎശനം അപ്പൊസ്തോലൻ വിവരിക്കുന്നു. "കൎത്താവെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണമെ. ഞങ്ങൾക്കു അതു മതി" എന്നു പിലിപ്പോസ് പറഞ്ഞു. അതിനു ക്രിസ്തു "ഇത്രയുംനാൾ എൻെറകൂടെ നടന്നിട്ടും എന്നെ മനസ്സിലായില്ലല്ലൊ പിലിപ്പോസെ? എന്നെക്കണ്ടവൻ പിതാവിനെക്കണ്ടിരിക്കുന്നു; പിന്നെ ഞങ്ങൾക്കു പിതാവിനെക്കാണിച്ചുതരിക എന്നു പറയുന്നതു എങ്ങിനെ" എന്നു ഉത്തരം പറഞ്ഞു.

എൻെറ സ്വന്ത ജീവിതത്തിൽ ഉണ്ടായിരിക്കുന്ന അനുഭവത്തെത്തന്നെയാണ് ഫിലിപ്പോസിനോടുള്ള ക്രിസ്തുവിൻെറ വാക്കുകൾ വെളിപ്പെടുത്തുന്നതു്. എന്തെന്നാൽ എനിക്കും, ക്രിസ്തുവിനെക്കാണുന്നതു് പിതാവിനെ കാണുന്നതും, അവിടത്തെ സ്നേഹം മനസ്സിലാക്കുന്നതുമായിത്തീന്നിരിക്കുന്നു.

ഇതു് ഒരു വിശ്വാസപ്രമാണമായി സജ്ജീകരിക്കേണ്ട ആവശ്യം എനിക്കില്ലായിരുന്നു. അതു് എനിക്കുണ്ടായ ഒരു ആത്മീയ അനുഭവമായിരുന്നു; ഞാൻ കൊടുത്ത ഒരു ലക്ഷണമോ യുക്തിപൂർവ്വകമായ നിർവ്വചനമൊ അല്ല; ഞാൻ വിശ്വസിക്കുന്നതിനെ തത്വശാസ്ത്രപരമായി നിർവ്വചിക്കുന്നതിനു് ഒരുമ്പെട്ടു്, ഈ ആത്മികാടിസ്ഥാനത്തിൽ നിന്നു് എപ്പോഴെല്ലാം വ്യതിചലിച്ചിട്ടുണ്ടോ, അപ്പോളൊക്കെയും ശക്തിക്കു പകരം എനിക്കു മാന്ദ്യവും യഥാൎത്ഥബോധത്തിനു പകരം അനിശ്ചയവുമാണു് ഉണ്ടായിട്ടുള്ളതു്. നാം പരമാൎത്ഥമായി അനുഭവിക്കുന്നതിനെ കഴിയുന്നേടത്തോളം ഭാഷ മുഖാന്തരം വെളിവാക്കേണ്ടതിൻെറ ആവശ്യകത എനിക്കു സുഗ്രാഹ്യമാണു്; പക്ഷെ പരമാൎത്ഥമല്ല, പരമാൎത്ഥത്തിൻെറ ചിഹ്നങ്ങൾ എന്നവണ്ണം ഒടുവിൽ വാക്കുകൾ മാത്രം ശേഷിക്കുന്നു.

അടുത്തദിവസംതന്നെ പുതുതായി ലഭിച്ച ഈ സന്തോഷം പ്രായോഗികമാക്കിത്തുടങ്ങി. ഞാൻ എല്ലാ ഞായറാഴ്ചയും ആരാധിച്ചുകൊണ്ടിരുന്ന ദേവാലയത്തിൻെറ പരിസരപ്രദേശത്തു് ഒരു സാധുജന സങ്കേതം (Slum) ഉണ്ടായിരുന്നു. അവരുടെ അത്യന്ത ദാരിദ്ര്യപീഡമൂലം എല്ലാവിധ അന്ധകാരങ്ങളിലേക്കും ദുൎമ്മാൎഗ്ഗങ്ങളിലേക്കും നടത്തപ്പെട്ടുകയാൽ അവരുടെ ഇടയിൽ പല ദുർവൃത്തസംഘങ്ങൾ ഉണ്ടായി. മുമ്പൊരിക്കലും വൃത്തിഹീനമായ ഇവരുടെ ചെററക്കുടിലുകൾ സന്ദശിക്കണമെന്നോ ഈ സാധുക്കളെ കാണണമെന്നോ ഞാൻ സ്വപ്നേപി ചിന്തിച്ചിരുന്നില്ല. എന്നാൽ ഇപ്പോഴാകട്ടെ ക്രിസ്തുമൂലം അവർ എനിക്കു സ്നേഹഭാജനങ്ങളായി പരിണമിച്ചു. എൻെറ അഗാധമായ ആന്തരികാനുഭവങ്ങളെക്കു

റിച്ച് എനിക്ക് അധികം പറയാൻ നിവൃത്തിയില്ല. ഒരു നിസർഗ്ഗബോധം എന്നെ അതിൽ നിന്നു തടയുകയും ചെയ്തു. എന്നാൽ എനിക്കു മിത്രങ്ങളെ ലഭിക്കുന്നതിന്നു് പ്രയാസമില്ലായിരുന്നു. ഏതെങ്കിലും ആവശ്യമുണ്ടായിരുന്നാൽ ഉടൻ അവരെ സഹായിക്കത്തക്കവണ്ണവും വിവിധ ജനങ്ങളുടെ നാനാവിധത്തിലുള്ള പ്രയാസങ്ങളും എന്താണെന്നു് അറിയുന്നതിന്നു ഞാൻ വീടുകൾതോറും നടന്നു. ഈവിധം ആഴ്ചകളും മാസങ്ങളും കടന്നു പോകയും ഈ സമയമെല്ലാം ക്രിസ്തുവിൻെറ ദർശനം ഇനിക്കു എന്നിൽ സ്ഥിരമായിരിക്കയും ചെയ്തു.

---

അദ്ധ്യായം 6.

## കോളേജ്ദിനങ്ങൾ.

ഞാൻ മുൻപ്രസ്താവിച്ച അനുഭവങ്ങൾ ആകസ്മികമായി എന്നിൽ ഉണ്ടായിട്ടുള്ളവയല്ല, അതു ഗോപ്യമായി വെച്ചിരിക്കുന്ന ഒരു ഭണ്ഡാകാരത്തെത്തുറക്കുന്നതിന്നു് എനിക്കു കരസ്ഥമായിരുന്ന താക്കോൽ പോലെയായിരുന്നു. പുതിയ നിയമം എനിക്കു ഒരു നവീന ഗ്രന്ഥമായിത്തീർന്നു. അതിലെ രഹസ്യങ്ങൾ കണ്ടുപിടിക്കുന്നതിന്നു ആവശ്യമായ ഹൃദയസന്തുഷ്ടിയോടുകൂടി ഞാൻ ദീർഘസമയം ചെലവിട്ടു. പുതിയ നിയമപ്രതിപാദനങ്ങളിൽ ഗഹനമായ വിശു: പൌലൂസിൻെറ എഴുത്തുകളിലെ ദുർഘടഭാഗങ്ങൾ പോലും എനിക്കു അനായാസേന മനസ്സിലായി. തുലനം ചെയ്യുമ്പോൾ എൻെറ മാനസാന്തരാനുഭവത്തോടു് അത്ഭുതമായ സാമ്യമുള്ള ഒരു അനുഭവമാണു് അദ്ദേഹത്തിന്നു ലഭിച്ചതും. "ക്രിസ്തുവിനോടുള്ള സ്നേഹത്തിൽനിന്നു നമ്മെ ആർ വേർപെടുത്താൻ സാധിക്കും", "ക്രിസ്തുവിൻെറ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു", കൂടാതെ "എനിക്കു, ജീവിക്കുന്നതു ക്രിസ്തു" എന്നു് അത്ഭുതാവഹമായ വചനവും ക്രിസ്തുവിങ്കൽനിന്നു എ

നിക്കു നേരിട്ട പ്രഭാപ്രവാഹിനികളും ജീവദായകങ്ങളുമായ ദൂതുകളായിത്തീൎന്നു. നിൎവ്യാജസന്തോഷത്താൽ പുളകിതഗാത്രനായിട്ടാണു് ഞാൻ ഇവയുടെ ഔൽകൃഷ്ട്യം കണ്ടുപിടിക്കയും അനൎഘരത്നങ്ങളെപ്പോലെ അവയെ എൻെറ ഹൃദയത്തിൽ നിക്ഷേപിക്കയും ചെയ്തതു്. സൎവ്വപ്രധാനമായി ഞാൻ സ്നേഹിക്കുന്ന ഒരു ഭാഗം "എനിക്കോ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിൻെറ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതു്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു" എന്നുള്ള വചനമാണു്.

നവീനമായ എന്തോ ഒന്നു് എൻെറ ജീവിതഭ്രുവിൻെറ ചക്രവാളത്തിൽ പ്രത്യക്ഷമായി. എൻെറ പ്രതിദിനജീവിതത്തിൻെറ ദൎശനം തന്നെ രൂപാന്തരപ്പെടുത്തി എന്നുള്ള വാസ്തവം ഈ ദിവസത്തിൽ എനിക്കു ബോദ്ധ്യമായി. മീതെ ആകാശം ഇന്ദ്രനീലപ്രഭമായിത്തീരുകയും പ്രകൃതിഭംഗി അധികം മനോമോഹനമായിത്തീരുകയും ചെയ്തു. ഒരു പൌൎണ്ണമി രാത്രിയിൽ ഞാൻ എഴുന്നേററു് ചന്ദ്രപ്രഭ കണ്ടു ആനന്ദിച്ചു് സൂൎയ്യോദയമാകുന്നതുവരെ ഇങ്ങിനെ നടന്നുകൊണ്ടിരുന്നു. എൻെറ ശാരീരികാവശ്യങ്ങളെക്കുറിച്ചു എനിക്കു യാതൊരു ചിന്തയുമില്ലായിരുന്നു. ദൈവവും പ്രകൃതിയും എൻെറ സഹചാരികളെന്നു എനിക്കു തോന്നി. ഞാൻ പാടി സന്തോഷിച്ചുകൊണ്ടിരുന്നു. ഞാൻ ആ കാലങ്ങളിൽ അധിവസിച്ചിരുന്ന ആ മഹനീയാത്മലോകത്തിൽ ഇപ്രകാരമുള്ള അനുഭവങ്ങൾ എനിക്കു സൎവ്വസാധാരണമായിരുന്നു. പ്രകൃതിയിൽ എനിക്കുണ്ടായിരുന്ന സന്തോഷം പൂൎവ്വാധികമായി വൎദ്ധിച്ചു.

മനുഷ്യവദനങ്ങൾ വിശേഷിച്ചു ദാരിദ്ര്യദുഃഖപീഡിതമായിരുന്നവ എന്നെ ഹഠാൽ ആകൎഷിച്ചു. ആൎക്കെങ്കിലും എന്തെങ്കിലും ഒരു സഹായം ചെയ്യുന്നതിനു് എനിക്കു നിവൃത്തിയുണ്ടോ എന്നായിരുന്നു എൻെറ ആശ. എത്ര നിസ്സാരമായ ശുശ്രൂഷയും പരന്മാർ അറിയാതിരുന്നാൽ അതു് എ

നിക്കു് അധികസന്തോഷത്തെ പ്രദാനംചെയ്തു. ആ കാലഘട്ടത്തിൽ "രഹസ്യത്തിൽ കാണുന്ന പിതാവു് നിങ്ങൾക്കു പ്രതിഫലംതരും" എന്നു ക്രിസ്തു പറഞ്ഞപ്പോൾ അദ്ദേഹം അൎത്ഥമാക്കിയതു് എന്താണെന്നു എനിക്കു് നിശ്ചയാസം മനസ്സിലായി.

ഇപ്പോഴും എൻെറ മനസ്സിൽ സൎവ്വഭാഗ്യം തള്ളിക്കയറിവരുന്നതും എൻെറ അഗാധാനുഭവങ്ങളെ സൂചിപ്പിക്കുന്നതുമായ വേറൊരു വശം പറയാം. വൃക്ഷങ്ങളെല്ലാം തളിൎത്തു അരുണവൎണ്ണമായ ഇളംതളിരുകളേന്തി പ്രശോഭിക്കുന്ന ഒരു ശരൽക്കാലത്തിൽ, ഞങ്ങൾ, അവധിക്കാലത്തു താമസിച്ചിരുന്ന വീട്ടിൽനിന്നു് ലിച്ച്ഫീൽഡിലേക്കു പോകുകയായിരുന്നു. പ്രകൃത്യാകാശത്തിലെന്നവണ്ണം എൻെറ ഹൃദയഗഗനത്തിലും സൂൎയ്യൻ തെളിഞ്ഞു പ്രകാശിക്കുന്നുണ്ടായിരുന്നു. റോഡിൻെറ ഒരു തിരിവിനു ചെന്നപ്പോൾ വൃക്ഷങ്ങളുടെ ഇടയിൽക്കൂടി ഉയൎന്ന കുന്നിൻപുറത്തു നിൽക്കുന്ന ഒരു ദേവാലയം ഞാൻ കണ്ടു. ഇതു ഞാൻ എൻെറ യാത്രാമദ്ധ്യേ പ്രതീക്ഷിക്കാഞ്ഞ ഒരു കാഴ്ചയായിരുന്നതുകൊണ്ടു് അതു എന്നെ വളരെ ആകൎഷിച്ചു. സന്തോഷത്താൽ എൻെറ ഹൃദയസാഗരം പ്രകമ്പിതമായി. ഞാൻ അംബരമാൎഗ്ഗേണ എന്നപോലെ ആ ദിവ്യപ്രദേശത്തു എത്തിച്ചേൎന്നു. ഒടുവിൽ ശുശ്രൂഷകനും ഹാജരായി.

സന്ധ്യാകീൎത്തനത്തിനുള്ള സമയം ആഗതമായിരിക്കുന്നു; ഞാൻ ശാന്തഹൃദയനായി ആൎച്ചുകളും കോമളസ്തംഭങ്ങളും മററും നോക്കി അത്ഭുതപരതന്ത്രനായി. കിളിവാതിലുകളിൽക്കൂടി അസ്തമയസൂൎയ്യൻെറ അരുണകിരണപ്രഭ ഉള്ളിലേക്കു പ്രവഹിക്കുന്നുണ്ടായിരുന്നു. മനുഷ്യാത്മാവിനെ പ്രകൃതലോകത്തിൽനിന്നു് ഉയൎത്തത്തക്ക ഒരു ശക്തി അതു് ആ പരിസരങ്ങളിൽ വ്യാപിപ്പിച്ചിരുന്നു. പരിപൂൎണ്ണ പദം പ്രാപിച്ച വിശുദ്ധാത്മാക്കളുടെ ആത്മാക്കളും സ്വൎല്ലോകത്തെ നിരവധി സൈന്യങ്ങളും അദൃശ്യമായി അവിടെ സന്നിഹിതരായിരുന്നതുപോലെ തോന്നി. ഗീതം ആരംഭിച്ചപ്പോൾ ഗായകസംഘത്തിൻെറ പ്രശാന്തമധുരമായ ശബ്ദം സംഗീതയ

ന്ത്രത്തിൽനിന്നു് ഉത്ഭവിച്ച ആകൎഷണീയധ്വനിയോടു സമ്മേളിച്ചു് എൻെറ കൺപുടങ്ങളിൽ പതിച്ചു.

തദനന്തരം ഒരു അവൎണ്ണ്യസംഭവം ഉണ്ടായി. സ്ഥലകാലഭേദത്തേയും പരിതസ്ഥിതികളേയും അതിലംഘിച്ചു് ഊഹിക്കാൻ പാടില്ലാത്തവണ്ണം പ്രഭാപൂരിതമായ ഒരു ഗോളത്തിലേക്കു ഞാൻ പ്രവേശിച്ചു. ഈ അനുഭവത്തിൻെറ ശേഷം എൻെറ ചുററുപാടുകളെക്കുറിച്ചു എനിക്കു ബോധംവരികയും ഞാൻ ആനന്ദതുന്ദിലനായി എഴുന്നേററു് എൻെറ വഴിക്കു പോകയും ചെയ്തു.

ഒരിക്കൽ വഴിമദ്ധ്യേ കണ്ട ഒരു ഭിക്ഷു എന്നോടു ധൎമ്മം ചോദിച്ചപ്പോൾ സസന്തോഷം എൻെറ കൈവശമുണ്ടായിരുന്ന പണം മുഴുവൻ കൊടുത്തതു ഞാൻ നല്ലവണ്ണം ഓൎക്കുന്നുണ്ടു്. അന്നു ഞാൻ യാതൊന്നും ഭക്ഷിച്ചിരുന്നില്ല എന്നു തന്നെയല്ല വീട്ടിൽനിന്നു വളരെ ദൂരം നടക്കയും ചെയ്തിരുന്നു. തീവണ്ടിമാൎഗ്ഗമായിട്ടു തിരിച്ചുപോകണമെന്നു ഞാൻ നിശ്ചയിച്ചിരുന്നതുകൊണ്ടു് പണവും കരുതിയിട്ടുണ്ടായിരുന്നു. എന്നാൽ അന്നത്തെപ്പോലെ ആത്മീയദൎശനമുണ്ടായ ഒരു ദിവസത്തിൽ, എനിക്കു സകലത്തിലും സകലവുമാകുന്ന ക്രിസ്തുവിൽനിന്നും ഇത്തരമായ യാതൊന്നിനെക്കുറിച്ചും ചിന്തിക്കാൻ നിവൃത്തിയില്ലായിരുന്നു. യാത്രാക്ലേശംകൊണ്ടൊ ഭക്ഷിക്കാതിരുന്നതുമൂലമൊ ഉണ്ടായ യാതൊരു ക്ഷീണവും ഓൎക്കാതവണ്ണം സ്നേഹബന്ധത്താൽ എന്നെ ആകൎഷിച്ച ആ ദിവ്യസഖാവിനോടുള്ള സ്നേഹംകൊണ്ടു് കൃതജ്ഞതാവചസ്സുകൾ എന്നിൽ നിന്നു നിൎഗ്ഗളിച്ചുകൊണ്ടിരുന്നു.

ഇതിലെല്ലാം പ്രവൃത്തിയല്ലാതെ വാക്കുകൾ എനിക്കു സന്തോഷത്തെ പ്രദാനംചെയ്തില്ല. ഈ സംഭവങ്ങളെക്കുറിച്ചു ഞാൻ നിശ്ശബ്ദനായിരുന്നു. ഇപ്രകാരമുള്ള ലജ്ജയാൽ ഞാൻ വല്ലാതെ പീഡിപ്പിക്കപ്പെട്ടു. എന്നാൽ എപ്പോഴെങ്കിലും ക്രിസ്തുവിനുവേണ്ടി ഒരു നിസ്സാരശുശ്രൂഷ ചെയ്യുമ്പോൾ എന്നിലുള്ള സന്തോഷനിൎഝരികൾ കവിഞ്ഞൊഴുകുകയും

ക്രിസ്തുവിൻെറ ശുശ്രൂഷ ചെയ്യാനുള്ള ആശ പുനർജ്ജീവിക്കയും ചെയ്യുന്നതു പതിവാണു്.

നിസ്സാരമെങ്കിലും എനിക്കു സന്തോഷകരമായിരുന്ന ഒരു കാൎയ്യം ഞാൻ ഓൎക്കുന്നുണ്ടു്. നാട്ടിൻപുറത്തേക്കുള്ള ഒരു യാത്രയിൽ മററുള്ളവരെ ബുദ്ധിമുട്ടിക്കരുതെന്നു കരുതി ഒരു വലിയ കുട്ട നിറച്ചു ഭക്ഷണസാധനങ്ങൾ ഞാൻ തന്നെ ചുമന്നു. ഇതിനു മുമ്പാണെങ്കിൽ ഇപ്രകാരമുള്ള ഒരു പ്രവൃത്തിക്കു ഞാൻ ഒരിക്കലും സന്നദ്ധനാകയില്ലായിരുന്നു. ഇപ്പോഴാകട്ടെ ആ ചുമടു വഹിച്ചു ഞെരുങ്ങുന്നതു എനിക്കു സന്തോഷഹേതുവായിത്തീൎന്നിരിക്കുന്നു. ഇപ്രകാരമുള്ള ഒരു ആത്മീയ തീക്ഷ്ണതയെ നശിപ്പിക്കാൻ ഒന്നിനും ശക്തിയില്ലയെന്നു ക്രിസ്തുവിനോടു് വളരെ അടുത്തിരുന്ന ആ സന്തോഷദിവസങ്ങളിൽ ഞാൻ കരുതിയിരുന്നു.

അലക്സന്ത്രിയായിലെ ക്ലമന്തിൻെറ എഴുത്തുകളിൽ ക്രിസ്തീയ ജീവിതത്തെ നിത്യ വസന്തകാലമായിട്ടു് വൎണ്ണിക്കുന്നു. എൻെറ അനുഭവവും ഇതുതന്നെയായിരുന്നു. ദുഃഖത്തിൻെറയും അരിഷ്ടതകളുടെയും താഴ്വരകളിൽക്കൂടെ കടന്നിട്ടുണ്ടെങ്കിലും അതിൻെറ താരുണ്യം എൻെറ ജീവിതത്തിൽനിന്നു വിട്ടുമാറുന്നില്ല.

രാവിലത്തെ പള്ളിആരാധന എനിക്കു യഥാൎത്ഥത്തിൽ കൎത്താവുമായുള്ള കൂടിക്കാഴ്ചാസന്ദൎഭമായിത്തീൎന്നു. ബൎമിംഗാമിലായിരുന്നപ്പോൾ അതു് മുടക്കാതിരിക്കുന്നതിൽ ഞാൻ ബദ്ധശ്രദ്ധനായിരുന്നു. അവിടുത്തെ ഗീതങ്ങളും വേദവായനയും സങ്കീൎത്തനങ്ങളും എൻെറ ജീവിതത്തിൻെറ അഗാധത്തിലേക്കു കടക്കുകയാൽ സന്തോഷംകൊണ്ടു തുടിക്കുന്ന ഹൃദയത്തോടുകൂടിയാണു് ഞാൻ മടങ്ങിപ്പോകുന്നതു്. ദൈവത്തിൻെറ മഹനീയകൃപ എൻെറ ഹൃദയത്തിൽ പ്രതിദ്ധ്വനിപ്പിക്കുന്ന സ്വരമാധുൎയ്യത്താൽ ഞാൻ ഉച്ചത്തിൽ പാടിക്കൊണ്ടാണു് പോകുക പതിവു്. എൻെറ ഗുരുവിൻെറ കാരുണ്യത്താൽ 1890-ൽ കേംബ്രിഡ്ജിലെ പെംബ്രോക്കു കോളജിൽ പ്രവേശിക്കുന്നതിനു മുമ്പാണു് ഈ അനുഭവങ്ങ

ളുണ്ടായതു്. ഈ വ്യത്യാസങ്ങളുണ്ടാകുന്നതിനു മുമ്പെ ഞാൻ അവിടെ പോയിരുന്നു എങ്കിൽ എത്ര അഗാധത്തിലേക്കു വീണുപോകുമായിരുന്നുവെന്നു മനസ്സിലാക്കുന്നതിനു് അത്ര പ്രയാസമില്ല. എന്നാൽ തൽസ്ഥാനത്തു എന്റെ ജീവൻ ദൈവസ്നേഹമാകുന്ന ആ സൂൎയ്യപ്രഭയിൽ വളൎന്നു പുഷ്ടിച്ചു.

വിശേഷിച്ചു എന്റെ സൎവ്വകലാശാലാഭ്യസനത്തിന്റെ പ്രാരംഭത്തിൽ എന്നെക്കാൾ വളരെ പ്രായമുള്ളവനും ജ്ഞാനിയുമായ ചാറത്സ് ഹെർമൻ പ്രയറിനെ സമീപിക്കുന്നതിനു് സാധിച്ചതുതന്നെ എന്റെ ഭാഗ്യമെന്നു ഞാൻ എണ്ണുന്നു. അദ്ദേഹം പ്രത്യേകോപാദ്ധ്യായൻ (റ്റ്യൂട്ടർ) ആയിരുന്നു.

ഞാൻ അവിടെ അപരിചിതനായിരുന്നെങ്കിലും പ്രഥമവീക്ഷണത്തിൽതന്നെ എന്റെ ഹൃദയരഹസ്യങ്ങൾ അദ്ദേഹം അറിഞ്ഞു കഴിഞ്ഞു. അതിന്റെ ശേഷം ഞാൻ കണ്ടുമുട്ടിയ എല്ലാ ആപ്തമിത്രങ്ങളെക്കാളും അധികമായിട്ടു മുൻപ്രസ്താവിച്ച സന്തോഷത്തിൽ പങ്കുകൊള്ളുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. അയാളെക്കുറിച്ചു സ്വതന്ത്രമായി പറയാൻ സാധിച്ചതു എനിക്കു ഒരു പുതുമയായി തോന്നി. അദ്ദേഹത്തിന്റെ യൗവനത്തിലും ഈ ഉണൎവ്വിന്റെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. പക്ഷെ ഇക്കാലത്താകട്ടെ, അധരോദ്ഗളിതമായ ഓരോ വാക്കുപോലും ക്രിസ്തുസ്നേഹഭരിതമായിരിക്കുന്ന ആ അനുഭവം, അദ്ദേഹത്തിൽ നിഷ്പ്രഭമായിരുന്നു. ഗുരുവും ശിഷ്യനും എന്ന നിലവിട്ടു് സംസാരിക്കാതിരിക്കുന്ന ഒരു രീതി അദ്ധ്യാപകന്മാൎക്കുണ്ടല്ലോ. ആ മറ അദ്ദേഹം അന്നുതന്നെ ഞങ്ങളുടെ മദ്ധ്യത്തിൽനിന്നു നീക്കിക്കളഞ്ഞു. അദ്ദേഹത്തെ സ്നേഹിക്കേണ്ടതു എങ്ങിനെയെന്നു് എനിക്കു വശമായപ്പോൾ എന്റെ ഹൃദയം അദ്ദേഹത്തോടു ബന്ധിക്കപ്പെട്ടു. അടുത്തറിയുന്തോറും എനിക്കു അദ്ദേഹത്തോടുള്ള ബഹുമാനം പൂൎവ്വാധികം വൎദ്ധമാനമായി.

ആ സൎവ്വകലാശാലയിൽ ഞാൻ ഒരു പ്രാഥമികാദ്ധ്യേതാവു മാത്രമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ അത്യന്ത ഇഷ്ടനാവാൻ എനിക്കു സ്വാതന്ത്ര്യം തന്ന ആ മഹാമനസ്കതയെ

ഞാൻ സർവ്വാത്മനാ അഭിനന്ദിക്കുന്നു. എന്റെ വീട്ടിലെപ്പോലെ, എനിക്കു അദ്ദേഹത്തിന്റെ വസതിയിൽ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. എനിക്കു കുഞ്ഞുങ്ങളോടുള്ള സ്നേഹവും അദ്ദേഹവും ഭാര്യയും മനസ്സിലാക്കിയതുകൊണ്ട് അവരുടെ കുടുംബാംഗങ്ങളിൽ ഒരുവനാകുന്നതിന് അവർ എന്നെ പ്രേരിപ്പിച്ചു. ഏതു വിശ്വാസത്തിലാണ് എന്നെ അഭ്യസിപ്പിച്ചതെന്ന് ഞാൻ അദ്ദേഹത്തോടു സവിസ്തരം പറഞ്ഞുതുടങ്ങി. ഈ വിശ്വാസത്തെക്കുറിച്ച് ഞങ്ങൾതമ്മിൽ ഒരിക്കലും തർക്കിക്കുകയാകട്ടെ അതു ഖണ്ഡനംചെയ്യുന്നതിന് അദ്ദേഹം ശ്രമിക്കുകയാകട്ടെ ചെയ്തിട്ടില്ല. തന്റെ വിശ്വാസത്തിലേക്കു എന്നെ ചായിക്കുന്നതിന്നു ഈ സ്നേഹം ഒരുപാധിയാക്കണമെന്നു അദ്ദേഹം സ്വപ്നേപി വിചാരിച്ചിട്ടില്ല. എന്നാൽ ബൗദ്ധികമായുള്ള ചില സംശയനിവാരണാർത്ഥം ഞാൻ അദ്ദേഹത്തെ സ്വീകരിച്ചിട്ടുണ്ട്. ആ സന്ദർഭങ്ങളിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള പാണ്ഡിത്യം, അദ്ദേഹത്തിന്റെ സൗശീല്യംപോലെതന്നെ അസാധാരണമായിരുന്നു. അങ്ങനെയുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ അദ്ദേഹം എനിക്ക് ഒരു പാറയിൽ മറവിടമായിരുന്നു. “മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും; നിർജ്ജനപ്രദേശം ഉല്ലസിച്ചു പനിനീർപുഷ്പംപോലെ പൂക്കും” എന്നിങ്ങനെ ആരംഭിക്കുന്ന യശയ്യായുടെ 35-ാം അദ്ധ്യായം അദ്ദേഹത്തിനു സന്തോഷപ്രദങ്ങളായിരുന്ന പഴയനിയമഭാഗങ്ങളിൽ പ്രധാനമായിരുന്നു. അദ്ദേഹത്തിന്റെ ദിവ്യസ്വഭാവപുഷ്പവാടിയിൽനിന്ന് അടിച്ചുപാറുന്ന ആ പരിമളത്തോടുള്ള ചാർച്ചകൊണ്ടായിരിക്കാം, ആ അദ്ധ്യായം എനിക്കും ഹൃദയംഗമമായി പരിണമിച്ചിരിക്കുന്നു. ഒരു ദിവസം ആ അദ്ധ്യായം മുഴുവനും എന്നെ വായിച്ചുകേൾപ്പിച്ചതു ഓർക്കുമ്പോൾ എന്റെ ശരീരം രോമാഞ്ചകഞ്ചുകിതമാകുന്നു. അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്കു വരും; നിത്യാനന്ദവും അവരുടെ തലമേൽ ഉണ്ടായിരിക്കും. അവർ ആനന്ദവും സന്തോഷവും പ്രാപി

കും. ദുഃഖവും നെട്ടവീപ്പും ഓടിപ്പോകും; എന്നുള്ള അവസാന വാക്യങ്ങളിൽ എത്തിയപ്പോഴേക്കു് അദ്ദേഹത്തിൻെറ സ്വരം ഇടറുകയും ഹൃദയ'നിറകുടം' പൊട്ടി അച്ഛസ്ഫടികബാഷ്പധാര അദ്ദേഹത്തിൻെറ കപോലങ്ങളിൽക്കൂടി പ്രവഹിച്ചുതുടങ്ങുകയും ചെയ്തു.

വിവിധ പ്രവൃത്തിപഥങ്ങളിൽ മനസ്സു ചരിപ്പിച്ചു വത്തിക്കാൻ ശക്തിയുള്ള ഒരു പണ്ഡിതശിരോമണിയായിരുന്നു ചാററസ്സ് പ്രയർ.

അദ്ദേഹം ഒരു നല്ല വിദ്യാലംകൃതനായിരുന്നെങ്കിലും ഒരു ശിശുവിനെപ്പോലെ എളിമയുള്ളവനുമായിരുന്നു. എൻെറ അവിടത്തെ അഭ്യസനാവസരത്തിൽത്തന്നെ അദ്ദേഹത്തിൽക്കൂടി ക്രിസ്തു പ്രതിബിംബിക്കുന്നതായിട്ടു ഞാൻ കണ്ടു. സ്പൃശ്യനും ദൃശ്യനുമായിരിക്കത്തക്കവണ്ണം രൂപം സ്വീകരിച്ച ഒരു ക്രിസ്തുവോ എന്നു സന്ദേഹിക്കത്തക്കവണ്ണം അദ്ദേഹം ധമ്മനിരതനും വിശുദ്ധനുമായിരുന്നു. അദ്ദേഹത്തിൻെറ മൈത്രിയുടെയും പ്രേരണയുടെയും ഫലമായിട്ടു ആ പരിശോധനയുടെ ദിവസങ്ങളിൽ ഞാൻ ബലഹീനനാകുന്നതിന്നു പകരം പൂവ്വാധികം ശക്തിപ്പെട്ടു. ബൌദ്ധികമായി എൻെറ ദശ്നത്തിൽ അല്പ വ്യത്യാസം വന്നെങ്കിലും എൻെറ ജീവിതകേന്ദ്രമായി ഞാൻ ക്രിസ്തുവിനേത്തന്നെ കരുതിപ്പോന്നു. ഈ അത്യാവശ്യസമയത്തു് ലഭിച്ചതുപോലെയുള്ള ഒരു സ്നേഹബന്ധം ഇൻഡ്യയിലെത്തുന്നതുവരെ എനിക്കു ലഭിച്ചിട്ടില്ല.

സംശയമാകുന്ന ചണ്ഡവാതം ശമിച്ചിരിക്കുന്നു. കൊടുംകാററിൽപെട്ട വൃക്ഷശാഖപോലെ എൻെറ പഴയ വിശ്വാസം അങ്ങോട്ടും ഇങ്ങോട്ടും അടിച്ചുലയ്ക്കപ്പെട്ടിരുന്നു. ഇപ്പോഴാകട്ടെ എൻെറ ജീവിതപോതം പുറക്കടലിലേക്കു കടന്നുകഴിഞ്ഞിരിക്കുന്നു. അവിടെയുള്ള പാറക്കെട്ടുകളിൽ എൻെറ പൂവ്വവിശ്വാസം അടിച്ചുടയ്ക്കപ്പെട്ടുകഴിഞ്ഞു. വിജനവും ഭയാനകവുമായിരിക്കുന്ന തീരത്തുള്ള ഘോരശിലാപടലങ്ങളിൽ കപ്പൽ ഉടഞ്ഞിട്ടു ചീറി മറിയുന്ന വൻതിരകളെക്കൊണ്ടു അതു തരണം ചെയ്യുന്നതിനുള്ള മാഗ്ഗം അന്വേഷിച്ച

ഭഗ്നാശനായി നിൽക്കുന്ന ഒരു കപ്പൽദ്ധാരനെപ്പോലെയായിരുന്നു അപ്പോഴത്തെ എന്റെ സ്ഥിതി. ഇവ്വിധങ്ങളായ സംശയവൈഷമ്യങ്ങളിൽപെട്ടുഴലുന്ന ഒരുവൻ ആ അസഹ്യവാതശമനത്തിനു മുമ്പേ പലവിധത്തിൽ കഷ്ടപ്പെടേണ്ടതായ് വരും.

ഹാ! മൈത്രി എന്നതു് എത്ര മഹനീയമാണു്. ഞാൻ പിമ്പിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ഇപ്രകാരമുള്ള ദുർഘടവൻകടൽ കടക്കുന്നതിനു് എന്നെ ശക്തനാക്കിയതു് ഈ പുതിയ സ്നേഹബന്ധമായിരുന്നു എന്നു തോന്നുന്നു. എനിക്കു യാതൊരുവിധത്തിലുമുള്ള ഒഴികഴിവുകൾ ഇല്ലായിരുന്നു. ഇതിനൊരുത്തരം കണ്ടുപിടിക്കുന്നതിനു് വിജ്ഞനസ്ഥലത്തേക്കു പോയിട്ടുള്ള പലേഘട്ടങ്ങൾ ഞാൻ ഓക്കുന്നുണ്ടു്. ഞാൻ തിരിച്ചെത്തുമ്പോഴൊക്കെയും പഴയ അന്വേഷണമാർഗ്ഗത്തിൽക്കൂടി പുരോഗമിക്കുന്നതിനു് മനസ്സില്ലാതെയാണിരുന്നിട്ടുള്ളതു്.

സർവ്വകലാശാലാക്രൈസ്തവ വിദ്യാർത്ഥിസംഘത്തിന്റെ മേധാവികളുടെ അസാധാരണ ധൈര്യംകണ്ടിട്ടു അവരിലേക്കു ഞാൻ ആകൎഷിക്കപ്പെട്ടുപോയതിൽ അതിശയത്തിനു വകയില്ല. ക്രിസ്തുവിനോടുള്ള അവരുടെ അസാധാരണ ഭക്തിയും ധീരതയും തീക്ഷ്ണതയുമാണു് എന്നെ അവരിലേക്കു ആകൎഷിച്ചതു്. പക്ഷെ എനിക്കു് അനുകരിക്കാൻ പ്രയാസമായ ഒരു സംഗതി ഉണ്ടായിരുന്നു. അവർ വലിയ യാഥാസ്ഥിതികന്മാരായിരുന്നു. ഞാനാകട്ടെ ബൈബിളിലെ ഓരോ പദങ്ങളും പരിശുദ്ധാത്മനിശ്വാസ്യമാണെന്നുള്ള ആശയത്തിൽനിന്നു വിമുക്തനായിരുന്നു. എങ്കിലും ക്രമമായി അവരുടെ പ്രാർത്ഥനായോഗങ്ങളിൽ സംബന്ധിക്കുന്നതു് എനിക്കു് ആത്മശക്തിസംദായകമായിരുന്നു.

ബൈബിൾ അക്ഷരംപ്രതി പരിശുദ്ധാത്മനിശ്വാസ്യമാണെന്നുള്ള സിദ്ധാന്തത്തിൽനിന്നു് അനേകവാക്യങ്ങളടിസ്ഥാനമാക്കി, നിത്യദണ്ഡനത്തെക്കുറിച്ചുള്ള ഒരുപദേശമുത്ഭവിച്ചു. ക്രിസ്തു വെളിപ്പെടുത്തിയതുപോലെ സ്നേഹമൂർത്തിയാ

യ ദൈവത്തെക്കുറിച്ച് ഇപ്രകാരം ചിന്തിക്കുന്നതിനേക്കാൾ വലുതായ ഒരു ദൈവദൂഷണം ഇല്ലെന്നു എനിക്കു തോന്നി. ഈ ഭയങ്കരമായ നരകപ്രമാണത്തിനും ഉത്തരവാദി ആ അൻപുള്ള രക്ഷകനാണെന്നുള്ള ഈ സംഗതി എന്നെ വല്ലാതെ ഭേമിച്ചു. ഒരു കുരികിലിൻെറ വീഴ്ചയെപ്പററി കരുതലും നമ്മുടെ തലയിലെ രോമങ്ങൾപോലും നിശ്ചയവുമുള്ള പിതാവിനെക്കുറിച്ച് പഠിപ്പിക്കയും നിർമ്മലശിശുക്കളെ മൃദുലകരങ്ങളിലേന്തി അവരെ അനുഗ്രഹിക്കുകയും ചെയ്ത ആ പരമ രക്ഷകനാണുപോലും ഈ പ്രമാണത്തിന് കാരണഭൂതൻ! ഈ നിത്യയാതനയുടെ ഹേതുഭൂതൻ ആ പരമ കാരുണികൻ ആണെന്നു സങ്കല്പിച്ചിരുന്നു. കഷ്ടം!

ഒരു യോഗാനന്തരം ഞാൻ എൻെറ മുറിയിൽ ഉപവിഷ്ടനായശേഷം അന്നു കേട്ട ഉപദേശത്തെപ്പററി ദീർഘമായി ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. എൻെറ മുമ്പിൽ മേശപ്പുറത്ത് നിവിർത്ത ഒരു ബൈബിൾ ഇരിക്കുന്നുണ്ട്; ഇതുകൂടാതെ അനേക പ്രശ്നങ്ങൾ എന്നെ അലട്ടുന്നുണ്ടായിരുന്നു. ദീപം പ്രകാശിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. പക്ഷെ ഇതുവരെയും എൻെറ മാർഗ്ഗദർശിയായിരുന്ന ആ ആത്മദീപം ഇപ്പോൾ നിഷ്പ്രഭമായി എനിക്കു തോന്നി. ഇതിനുമുമ്പ് വിശുദ്ധമായി ഗണിച്ചിരുന്ന പല സംഗതികളും നിഷേധിക്കുന്നതിന് ഞാൻ നിർബന്ധിതനായി. പക്ഷേ ആയിരം വാക്യങ്ങൾ ഉദ്ധരിച്ചു ഞാൻ തെളിയിച്ചാലും സ്നേഹംതന്നെയാണ് ദൈവത്തിൻെറ പ്രകൃതി എന്ന മൌലികവിശ്വാസം നിഷേധിക്കുന്നതിന് ഞാൻ മുതിരുകയില്ല. ഈ നിഷേധത്തിന് വശംവദനാകുന്നപക്ഷം ഞാൻ എനിക്കുതന്നെ ആത്മനാശം വരുത്തുകയായിരിക്കും.

ഇപ്രകാരമുള്ള ക്ഷീണാവസരത്തിലാണ് എനിക്ക് ഒരിക്കലും വിസ്മരിക്കാൻ പാടില്ലാത്തവണ്ണമുള്ള ഒരു വെളിച്ചം ലഭിക്കയും ദർശനമുണ്ടാകുകയും ചെയ്തതു്. അതു് എൻെറ ജീവിതത്തെ ആസകലം വീണ്ടും വ്യത്യാസപ്പെടുത്തി. ബാഹ്യരൂപങ്ങളൊന്നും ഞാൻ കണ്ടില്ല. പക്ഷേ ഒരു സാധന

ത്തിൻെറ സാന്നിദ്ധ്യം എൻെറമേൽ നിഴലിടുന്നതു ഞാൻ അറിഞ്ഞു. നിത്യമായ കരങ്ങളിൽ എന്നെ ശാന്തമായി താലോലിക്കുന്നതുപോലെ എനിക്കു തോന്നി. സമാധാനക്കടലിൽ ഞാൻ നിമഗ്നനായി. ആനന്ദതരംഗങ്ങൾ എൻെറ മീതേ കളിയാടി. ഈ പ്രകാശനം ആന്തരികമായിരുന്നു. അതു് എൻെറ ആത്മാവിൽ സർവ്വത്ര വ്യാപിച്ചു. മുമ്പൊരിക്കൽ എനിക്കുണ്ടായതുപോലെ തന്നെ ഇപ്പോഴും അതു അവിചാരിതമായ ഒരു സംഭവമായിരുന്നു. അതു യഥാർത്ഥമായിട്ടു് ആദികാലങ്ങളിലെ അനുഭവങ്ങളുടെ പൂർത്തീകരണം തന്നെയായിരുന്നു. നിത്യശാന്തിയെക്കുറിച്ചു എനിക്കു് പരിപൂർണ്ണ ധൈര്യമുണ്ടായി. തദനന്തരമുണ്ടായ സന്തോഷത്തിരകളിൽ ഞാൻ ആറാടി.

ഈ അനുഭവത്തെക്കുറിച്ചു മററുള്ളവരോടു തുറന്നു പറയുന്നതു് എനിക്കു് ഒരു പ്രയാസമായിരുന്നു. പക്ഷേ ഞാൻ അതിനെ ഗണ്യമാക്കിയില്ല. അത്യാവശ്യ സന്ധികളിൽ അതു് എന്നെ ധൈര്യപ്പെടുത്തി. എൻെറ വഴികളിൽ എന്നെ നടത്തുന്നതിനു് അതു് എൻെറ ഉൾപ്പൂവിലെ പ്രകാശത്തെ പ്രഫുല്ലമാക്കി.

ഇപ്രകാരം ഏതാനും വർഷങ്ങൾ കോളജിൽ കഴിച്ചപ്പോൾ വീടിനെക്കുറിച്ചുള്ള ചിന്ത എന്നെ ഭാരപ്പെടുത്തി. അച്ഛൻ ഹൃദ്രോഗബാധിതനായിരിക്കുന്നു എന്നു് എനിക്കു സന്ദേശം ലഭിച്ചു. അതു മരണഹേതുകമായിരിക്കുമോ എന്നൊരു ശങ്കയും ഉണ്ടായിരുന്നു. ദീനം ശമിക്കുന്നില്ല. ശാരീരികമായോ മാനസികമായോ രോഗിയെ അസഹ്യപ്പെടുത്തരുതു് എന്നു ഡോക്ടർ ആജ്ഞാപിക്കയും ചെയ്തു.

പ്രകൃത്യാ എൻെറ മാതാവിൻെറ വ്യാകുലം അതുല്യമായിരുന്നു. അവളുടെ നിസ്വാർത്ഥമായ ദൈവാശ്രയംകൊണ്ടു അവൾ അതിനെ കീഴ്പ്പെടുത്തി. അച്ഛനു സഹിക്കാൻ നിവൃത്തിയില്ലാതിരുന്നപ്പോൾ കേംബ്രിഡ്ജിൽ വെച്ചു നീ അ

ച്ചനെ ദുഃഖിപ്പിച്ചതു് എന്തുകൊണ്ടു്? എന്നുള്ള ചോദ്യത്തിന്നെതിരെ ഞാൻ പലപ്പോഴും നില്ക്കേണ്ടതായി വന്നു. എൻെറ ആദ്യത്തെ വിശ്വാസത്തിൽനിന്നു ഞാൻ വ്യതിചലിച്ച എന്നുള്ളതു് അദ്ദേഹത്തിന്നു് ഒരിക്കലും വിശ്വസിക്കാമായിരുന്നില്ല. അങ്ങനെയുള്ള വിശ്വാസത്തിന്നു് ഞാൻ എതിരായിട്ടു നില്ക്കും എന്നു് അദ്ദേഹത്തിന്നു് എന്നെക്കുറിച്ച വിശ്വാസമുണ്ടായിരുന്നു. ഞാൻ ചോദ്യങ്ങൾ ചോദിക്കുമ്പോൾ, അപ്പോസ്തോലിക സഭയിലെ പ്രവചനവരം തന്നെ അദ്ദേഹത്തിനുമുണ്ടെന്നുള്ളതു ചൂണ്ടിക്കാണിച്ചായിരുന്നു അദ്ദേഹം ഉപസംഹരിക്കുന്നതു്. ദൈവത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ അനുഭവം തെറെറന്നു ഒരു നിമിഷത്തേക്കെങ്കിലും വിചാരിക്കുന്നതിന്നു് എനിക്കു കഴിയുമോ?

അദ്ദേഹത്തിൻെറ നിർവ്യാജാവസ്ഥയെക്കുറിച്ചോ ആത്മികാനുഭവത്തെക്കുറിച്ചോ എനിക്കു ഒരിക്കലും സംശയമുണ്ടായിരുന്നില്ല. എങ്കിലും ഞാൻ മുമ്പിലത്തെ സ്ഥിതിയിൽ തന്നെ ഇരുന്നു. അഭിമുഖമായി അദ്ദേഹത്തോടു വാദിക്കുന്നതിന്നു് പകരം ഞാൻ സ്വീകരിച്ചിരിക്കുന്ന നില കാണിച്ചുകൊണ്ടു അദ്ദേഹത്തിനു എഴുതാൻ ശ്രമിച്ചു. പക്ഷേ അതു് അദ്ദേഹത്തെ അധികം ചലിപ്പിക്കയേ ഉള്ളു. അദ്ദേഹത്തിൻെറ സൌഖ്യത്തെ ഉദ്ദേശിച്ച അതിൽനിന്നു പിന്മാറുന്നതിന്നു് ഞാൻ നിർബന്ധിതനായി.

ഞാൻ ചുരുങ്ങിയ വാക്കുകളിൽ പ്രസ്താവിച്ച ഈ സംഗതികൾ ഉപസംഹരിക്കുന്നതിന്നു് അസുഖകരങ്ങളായ ദീർഘവർഷങ്ങൾ വേണ്ടിവന്നു. ആ സന്ദർഭത്തിലെല്ലാം എൻെറ വിശ്വാസം എന്നിൽ അധികമധികം ഉറച്ചു.

ദീർഘസമയമായി ശകുനങ്ങൾ കണ്ടുതുടങ്ങിയിരുന്ന പൊട്ടൽ ആസന്നമായി. ഭയങ്കരമായ തെററിദ്ധാരണകളുടേയും നിരർത്ഥകങ്ങളായ വാദപ്രതിവാദങ്ങളുടേയും ശേഷം അഗാധമായ ഹൃദയവേദനയോടും മനഃപീഡയോടും കൂടി ഞങ്ങൾ പിന്മാറി. പൂർവ്വമനഃസ്ഥിതിയിൽ എത്തുന്നതിന്നു് കുറച്ചുസമയം വേണ്ടിയിരുന്നു. ഈ സമയമെല്ലാം അമ്മ മര

നമായിത്തന്നെ വൎത്തിച്ചു. അവർ എന്നോടു് ഒരിക്കലും വാഗ്വാദത്തിലേൎപ്പെട്ടിട്ടില്ല. എന്നാൽ അവരുടെ ആധി അവൎണ്ണനീയമായിരുന്നു. വാദവേളയിൽതന്നെ അതു എനിക്കു ബോദ്ധ്യമായി.

ഇതിലെല്ലാം ഭയങ്കരമായ പടിയിലേക്കു ഞങ്ങളെ ആനയിക്കുന്നതിനു പ്രധാന ഹേതുവായിരുന്നതു് ഒരു സഹപാഠിയുടെ സ്ഥിരമായ സ്നേഹമായിരുന്നു. മരിച്ചുപോയ ഡർഹാമിലെ ബിഷോപ്പിന്റെ ഇളയ പുത്രനായ ബേയിസിൽ വെസ്റ്റുകോട്ടു് ആ കാലത്തെ എന്റെ അത്യന്ത സ്നേഹിതനായിരുന്നു. അദ്ദേഹം പ്രയറിന്റെ ഭാൎയ്യാസഹോദരനായിരുന്നതുകൊണ്ടു് അവരുടെ ഗൃഹത്തിൽവച്ചുതന്നെ ഞങ്ങൾ പരിചയക്കാരായി. എവിടെയും കൂട്ടവിദ്യാൎത്ഥികൾ ചെയ്യാറുള്ളതുപോലെ ഞങ്ങൾ, എല്ലാം പൊതുവിൽ ഉപയോഗിക്കയും ദിവസവും ഒരുമിച്ചിരുന്നു പഠിക്കുകയും ചെയ്തു.

ഞങ്ങളുടെ സ്നേഹബന്ധത്തിന്റെ ആദ്യഘട്ടങ്ങളിൽ, വളരെ പ്രയാസപ്പെട്ടാണെങ്കിലും എന്റെ വിശ്വാസത്തെപ്പററി തുറന്നു പറഞ്ഞിട്ടുണ്ടു്. ഞാൻ യാതൊന്നും മറച്ചില്ല. അദ്ദേഹം ഒരു കൊടിയ ഹൈചൎച്ചു സഭാംഗവും ആയിരുന്നു. എന്റെ മനോഗതിയനുസരിച്ചു പ്രവൎത്തിക്കുന്നതിനു് ഞാൻ പ്രദൎശിപ്പിച്ച വൈമനസ്യം അദ്ദേഹത്തെ അധികം വേദനപ്പെടുത്തി. എന്റെ വിശ്വാസനൌകയെ ഈ ചാലിലൂടെ നിയന്ത്രിക്കുന്നതു് തകരാറാണെന്നു് സ്നേഹപൂൎവ്വം അദ്ദേഹം എന്നെ ചൂണ്ടിക്കാണിച്ചു. മാത്രമല്ല, ഞങ്ങളുടെ സ്നേഹബന്ധത്തെപ്പോലും ധ്വംസിക്കുന്നതിനു് അതു കാരണമാകും എന്നു ഖണ്ഡിതമായിട്ടു പറഞ്ഞു.

ആ ക്ഷണത്തിൽതന്നെ വേറെ ഒരു പുതിയ വശത്തുനിന്നു വന്ന യാഥാൎത്ഥ്യവുമായിട്ടു ഞാൻ കണ്ടുമുട്ടി. ഒടുവിൽ അദ്ദേഹത്തിന്റെ മുമ്പിൽ കുററക്കാരൻ എന്നു് എനിക്കു ബോദ്ധ്യമായി. എന്റെ മനസ്സാക്ഷിയും അതിനു ശരിവച്ചു. എത്ര വിഷമമായിരുന്നാലും വീട്ടിൽനിന്നു പിരിയേണ്ടിവന്നാലും മുമ്പോട്ടുതന്നെ പോകേണ്ടതാണെന്നു ഞാൻ തീരുമാനിച്ചു.

വളരെ മുമ്പ് ആശിച്ചതുപോലെതന്നെ ക്രമേണ സംഗതിയും കലാശിച്ചു. വേർപാടുണ്ടായിക്കഴിഞ്ഞു. ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ ലിച്ച്ഫീൽഡ് ഭദ്രാസനപ്പള്ളിയിൽ വെച്ചു ഞാൻ സ്ഥിരീകരിക്കപ്പെട്ടു. ആ വിശുദ്ധ ശുശ്രൂഷ നടന്ന അവസരത്തിൽപോലും സന്തോഷിക്കാൻ കഴിയാതവണ്ണം മാതാപിതാക്കളിൽ നിന്നു വേർപെട്ടതുകൊണ്ടുള്ള വേദനയിൽ എൻെറ ഹൃദയം മുങ്ങിയിരുന്നു. അഭിനന്ദനീയമായ ആ വിശുദ്ധ മന്ദിരത്തിൻെറ ഭംഗി എന്നെ ആകർഷിച്ചില്ല. ബിഷപ്പു ശാന്തമായി തൻെറ കൈ എൻെറ തലയിൽ വെച്ചുകൊണ്ടു ആശീർവ്വചനങ്ങൾ ഉച്ചരിക്കുമ്പോഴും അതു് എൻെറ ഹൃദയാഗാധത്തിൽ പെരുകിക്കൊണ്ടിരുന്ന വ്യഥയെ വദ്ധിപ്പിച്ചതേ ഉള്ളു.

ആ സമയം മുതൽ മാതാപിതാക്കളോടും സഹോദരങ്ങളോടും ഒന്നിച്ചു ചെറുപ്പത്തിൽ സംബന്ധിക്കാറുള്ള പള്ളിയിൽ വിശുദ്ധ സംസർഗ്ഗത്തിൽ പങ്കുകൊള്ളുന്നതു എനിക്കു വലിയ പ്രയാസമായിത്തുടങ്ങി. ഞാൻ കേംബ്രിഡ്ജിലായിരിക്കുമ്പോൾ ഞായറാഴ്ച രാവിലെ അവർ പള്ളിയിലേക്കു പോകുന്ന വഴിയിൽ കൂടിയല്ല ഞാൻ പോകുന്നതു്. എൻെറ സ്വന്ത പ്രവൃത്തിമൂലം ഞാൻ അവരിൽനിന്നു മുടക്കപ്പെട്ടു.

അനന്തരം ഇങ്ങനെയുള്ള വിഷയങ്ങളിൽ എൻെറ അഭിപ്രായങ്ങൾ വ്യത്യാസപ്പെടുകയും കുറേക്കൂടി വിസ്തീർണ്ണമാകയും ചെയ്തു. വളരെനാളത്തെ ചിന്തയുടെ ഫലമായിട്ടു, എൻെറ മാതാപിതാക്കളോടൊരുമിച്ചു് വിശുദ്ധ സംസർഗ്ഗത്തിൽ സംബന്ധിക്കാതിരിക്കത്തക്കവണ്ണം ഞങ്ങളെ തമ്മിൽ വിയോജിതരാക്കിയ എൻെറ ആ പ്രവൃത്തിയിൽ ഞാൻ തെററിപ്പോയി എന്നു് എനിക്കു ബോധപ്പെട്ടു. ബാഹ്യജീവിതത്തിൽ ഞങ്ങളുടെ പാതകൾതമ്മിൽ വളരെ അകലം ഉണ്ടായിരുന്നെങ്കിലും ക്രിസ്തുവിലുള്ള ഞങ്ങളുടെ പൊതുവിശ്വാസത്തിനു് യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല. കൂടാതെ എൻെറ മാനസാന്തരത്തിനുമുമ്പുണ്ടായിരുന്നതിനെക്കാൾ ഞാൻ എൻെറ മാതാപിതാക്കളോടു സമീപിച്ചിട്ടുണ്ടായിരുന്നു.

ബുദ്ധ്യനുസരണമായി ഞങ്ങൾതമ്മിൽ ഇങ്ങനെ ഒരു അസ്വാസ്ഥ്യം ഉണ്ടായിരുന്നെങ്കിലും ആത്മികമായി ഞങ്ങൾ അധികം അടുത്തുവന്നു. ഇതിനിടയിൽ ഞങ്ങൾ രണ്ടുഭാഗക്കാൎക്കും ഈ വ്യത്യസ്ഥകാഴ്ചകളിൽക്കൂടി ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പുതിയ ദൎശനമുണ്ടായി. ഇപ്രകാരം ഞങ്ങളെ ക്രൂശിനോടു അധികം അടുപ്പിച്ചു. ഒടുവിൽ ഞാൻ ചെയ്യാൻ നിൎബ്ബന്ധിതനായതൊക്കെയും ക്രിസ്തുവിൻെറ പേൎക്കാണ് ചെയ്തിരിക്കുന്നതു് എന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. ഏതായാലും ഞങ്ങളൊരുമിച്ചു ഒരു വിശുദ്ധ മേശയിൽനിന്നു ഭക്ഷിച്ചുകൂടാ എന്നു അദ്ദേഹം തീൎച്ചപ്പെടുത്തി.

ശൂന്യസ്ഥലമായിട്ടു ഒരിടം ഒഴിച്ചിടുന്നതിനു പ്രകൃതി ഇഷ്ടപ്പെടുന്നില്ല. എൻെറ പോരാട്ടത്തിൻെറ അവസാനത്തിൽ ഞാൻ ഉപേക്ഷിച്ച സ്ഥാനത്തു, ചൎച്ച് ഓഫ് ഇംഗ്ലണ്ടിലെ ശുശ്രൂഷ സ്വീകരിക്കുന്നതാണല്ലോ സംഭവ്യം. ആദ്യം ഞാൻ ശീതബാധിതനായിരിക്കുന്നതുപോലെ എനിക്കു തോന്നിയെങ്കിലും നിത്യവുമുള്ള വിശുദ്ധ സംസൎഗ്ഗം എന്നെ ചൂടുപിടിപ്പിക്കുകയും ആരാധിക്കുന്നതിന് ജീവൻനൽകുകയും ചെയ്തു. പുതിയ ആത്മികസന്തോഷം വീണ്ടും ലഭ്യമായി. എൻെറ വിശ്വാസത്തിൻെറ അടിത്തട്ടുകൾ അടിച്ചുലയ്ക്കുമ്പോൾ ഉറപ്പുനൽകുന്ന നങ്കൂരമായി ഞാൻ കണ്ടുപിടിച്ചിരുന്നതു് പെംബ്രോക്കു് കോളജിൻെറ എതിരെ സ്ഥിതിചെയ്യുന്ന സെൻറ്മേരീസ് പള്ളിയിൽ രാവിലത്തെ വിശുദ്ധ സംസൎഗ്ഗത്തിൽ സംബന്ധിക്കുക എന്നുള്ളതായിരുന്നു. പ്രതിദിനം അവിടെ നടത്തുന്ന ശുശ്രൂഷയിലാണ് വീണ്ടും ക്രിസ്തുവിൻെറ സാന്നിദ്ധ്യം എനിക്കു അനുഭവമായതു്. നിത്യവും വിശുദ്ധ മേശയിൽ പങ്കെടുക്കുന്ന ഒരു പരിശീലനവും എനിക്കുണ്ടായി. ആദ്യം ഈ അനുഭവം ഹൈച്ചൎച്ച് ആശയങ്ങളോടു ഗാഢമായി ബന്ധിക്കപ്പെട്ടിരുന്നെങ്കിലും കാലാന്തരത്തിൽ ക്രിസ്തുവിനോടുള്ള ആ സംസൎഗ്ഗത്തെ കുറേക്കൂടി സാൎവ്വത്രികമായ വിധത്തിൽ വീക്ഷിക്കുന്നതിനു എനിക്കു സാധിച്ചു.

ഞാൻ ഇത്രയും എഴുതിയതുകൊണ്ടു ഒരു സംഗതി വ്യക്തമാക്കുന്നതിനാണ് ഞാൻ ശ്രമിച്ചതു്. പക്ഷേ കഥനം വളരെ ലളിതമായിട്ടാണ് ചെയ്തതു്. എന്തുകൊണ്ടെന്നാൽ ഒരു മാർഗ്ഗത്തിൽ മാത്രമേ എനിക്കു സംശയവും പ്രയാസവുമുണ്ടായിരുന്നുള്ളു എന്ന ധാരണയാണ് ഈ ചിത്രം മുഖേന ഉണ്ടാകുന്നതു്. എന്നാൽ കേംബ്രിഡ്ജിലെ ആ ചാഞ്ചല്യദിവസങ്ങളിൽ ദൈവത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും മരണാനന്തരമുള്ള ജീവിതത്തേക്കുറിച്ചും എന്നേ പഠിപ്പിച്ചിരുന്ന സംഗതികളേപ്പററിയായിരുന്നു എൻെറ അധിക സംശയങ്ങളും എന്നു പറയുന്നതുകൊണ്ടു അതു കുറെക്കൂടി വ്യക്തമാകും. ഇതുപോലെയുള്ള ഒരു പരിവർത്തനഘട്ടത്തിൽ യാതൊന്നും അന്വേഷിക്കാതെയും കൃത്തിക്കാതെയും വിടാൻ പാടില്ല.

അതു അന്വേഷണത്തിൻെറ ഒരു കാലമായിരുന്നു. ശാസ്ത്രീയമായ അന്വേഷണങ്ങൾക്കും കണ്ടുപിടിത്തങ്ങൾക്കുമായി നാനാമുഖങ്ങളായ ചിന്താസരണികളിലേക്കും തിരിഞ്ഞു പ്രവർത്തിക്കുന്നതിന് സന്നദ്ധമായവരിൽ കേംബ്രിഡ്ജ് യൂണിവേർസിററിക്കാർ മുമ്പന്മാർ തന്നെയാണ്. പൂർവ്വികജ്ഞാനമാകുന്ന സൈകതാതൃത്തികളെ അതിക്രമിച്ചുവരുന്ന ഏതു ചിന്താതരംഗത്തേയും അവർ അഭിവാദ്യം ചെയ്യും.

ഇപ്രകാരം പ്രക്ഷോഭജനകമായ അന്തരീക്ഷത്തിൽ ക്രിസ്തീയ ജീവിതത്തിൽ ചുവടുറയ്ക്കുന്ന കാര്യം കുറച്ചു പ്രയാസമായിരുന്നു. ഞാൻ ഒരു അദ്ധ്യേതാവായിട്ടും അദ്ധ്യാപകനായിട്ടും കേംബ്രിഡ്ജിൽ താമസിച്ചിരുന്ന ഈ വർഷങ്ങളെ അഭിമാനപൂർവ്വമാണ് സ്മരിക്കുന്നതു്. ഒരു യുവാവിൻെറ മനസ്സിനു് ഇപ്രകാരമുള്ള സന്ധിയിൽ ആവശ്യമായിരുന്ന സർവ്വ ആനുകൂല്യങ്ങളും പ്രദാനം ചെയ്യുന്നതിന് അവിടം പര്യാപ്തമായിരുന്നു എന്നുള്ളതാണ് അതിൻെറ രഹസ്യം.

ഇപ്രകാരമുള്ള കൊടുങ്കാററിൻെറ അമളിയിൽനിന്നു വിമുക്തമായിട്ടു കാററിൻെറ ശക്തിയിൽനിന്നു മറപററി വിശ്രമിക്കത്തക്കവണ്ണം ചെറുതുറമുഖങ്ങൾ കണ്ടെത്തിയിട്ടാണ് ഈ വൃത്താന്തം എഴുതിയിട്ടുള്ളതു്. ഓട്ടകയും ഒളിക്കയും ചെയ്യു

ന്ന ഒരു സുകൃതം എനിക്ക് ഒരിക്കലും ആകഷ്ണീയമായി തോന്നിയിട്ടില്ല, എന്നു ഞാനും മിൽടനോടുകൂടി പറയട്ടെ. യേശുവിനെ അനുഗമിക്കാൻ ധൈര്യമായി ഇറങ്ങിത്തിരിച്ച തിൻെറ ശേഷം വിസ്തീൎണ്ണമായ മാൎഗ്ഗത്തിലൂടെ പുതിയ പുതിയ നാടുകളിലേക്കു ഞാൻ അയയ്ക്കപ്പെടുന്നു. തിര തല്ലി മറിയുന്ന വിസ്തീൎണ്ണ സമുദ്രത്തിൻെറ പുതിയ തീരങ്ങൾ കണ്ടുപിടിക്കേണ്ടതാണ് എൻെറ ധൎമ്മം. ക്രിസ്തുവിൻെറ ശബ്ദം വീണ്ടും ഈ ഉണർച്ചതരുന്നു. എപ്പോഴെങ്കിലും ധൈര്യം നശിക്കയോ ഹൃദയം തണുത്തുപോകുകയോ ചെയ്യുമ്പോൾ അവൻെറ മൃദുലകോമളശബ്ദം എൻെറ കർണ്ണങ്ങളിൽ പതിക്കുന്നു. "ധൈര്യമായിരിക്ക."

---

## അദ്ധ്യായം 7.

## ഉന്നതദേശം.

എൻെറ മാതാപിതാക്കളുടെകൂടെ ആരാധിക്കുവാൻ പാടില്ലാത്തവണ്ണവും അവരിൽനിന്നു എന്നെ വേർപിരിക്കയും എൻെറ ജീവിതത്തിൽ ഒരു വലിയ പിളൎപ്പിനു കാരണമാക്കുകയും ചെയ്ത ആ സംഭവത്തിനുശേഷം ചൎച്ച് ഓഫ് ഇംഗ്ലണ്ടിലെ ഒരു ശുശ്രൂഷാസ്ഥാനത്തേക്കു ഞാൻ ആകർഷിക്കപ്പെട്ടു. ജീവപൎയ്യന്തമുള്ള എൻെറ വേല സാധുക്കളുടെ ഇടയിലായിരിക്കണം എന്നാണ് എൻെറ പ്രധാന ആഗ്രഹം. ആ വേലയാണ് ഞാൻ അധികം ഇഷ്ടപ്പെട്ടതു്. എൻെറ ഹൃദയവും അതിൽ പ്രവേശിച്ചു. ആ സാധുക്കളുടെയിടയിൽ ഞാൻ ക്രിസ്തുവിനെ കണ്ടു.

കോളജിലെ ആദ്യവർഷങ്ങളിൽ സൗകൎയ്യം ലഭിച്ചപ്പോഴൊക്കെയും കോളജിൻെറ വേലസ്ഥലവും, ലണ്ടൻെറ തെക്കുകിഴക്കു സ്ഥിതിചെയ്യുന്നതുമായ വാൾവേർത്തിൽ (Walworth) പോകുമായിരുന്നു. ഞാൻ അവിടെ കണ്ട സന്തോഷത്താൽ കോളജിൽവച്ചുണ്ടായ സംശയങ്ങളും പ്രയാസ

ങ്ങളും എന്നെ വിട്ടുപോയതുപോലെ എനിക്കു തോന്നി. അവിടത്തെ ജീവിതം ലളിതമായിരുന്നു. സാധുക്കളുടെ അരിഷ്ടതയിൽ എൻെറ ഹൃദയം ആർദ്രമായി. ഞാൻ മനഃപൂർവ്വമായിട്ടു ദൈവശുശ്രൂഷയിൽ പങ്കുകൊണ്ടു. അതായിരുന്നു എൻെറ വലിയ സന്തോഷം. അവൻെറ സാന്നിദ്ധ്യം എന്നെ സദാ സന്തോഷസാഗരത്തിൽ ആറാടിച്ചു.

എൻെറ ആപ്തമിത്രവും ഗുരുനാഥനുമായിരുന്ന ചാറത്സ് പ്രയർ എൻെറ ആഗ്രഹം മനസ്സിലാക്കി. കോളജുമിഷ്യനിലേക്കു ഞാൻ പട്ടമേററിട്ട്, എൻെറ ഹിതാനുസാരം, കേംബ്രിഡ്ജ് വേലസ്ഥലമായി സ്വീകരിക്കാതെ സാധുജനമദ്ധ്യത്തിൽ വേലചെയ്യുന്നതിന് സദാ അദ്ദേഹം എന്നെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. കുറച്ചുകാലത്തേക്കെങ്കിലും സർവ്വകലാശാലാബന്ധം വിട്ടിട്ടു ജീവിതത്തിലെ യഥാർത്ഥമായ അനുഭവങ്ങളിൽക്കൂടി കടന്നുപോകേണ്ടതു എന്നെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായിരുന്നുവെന്നു അദ്ദേഹം എന്നെ വ്യക്തമായി മനസ്സിലാക്കി. ഇതുവരെയും ഞാൻ ഒരു സ്വപ്നദർശി മാത്രം ആയിരുന്നു.

ഈ ഉദ്ദേശത്തോടുകൂടി കോളജു വിദ്യാർത്ഥികളുടെ സുവിശേഷഘോഷണത്തിനുള്ള ഒരുക്കമായിട്ടു, കഠിന ശീതളമായ വടക്കൻപ്രദേശത്തുള്ള ഒരു സ്ഥലം അദ്ദേഹം എനിക്കു തിരഞ്ഞെടുത്തുതന്നു. എൻെറ ജീവിതത്തിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്തവിധമുള്ള അസംഖ്യം കഷ്ടതകളിൽ കൂടി കടന്നു പോകുന്നതിന് അവിടെയുള്ള പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും ഒരുപോലെ നിർബന്ധിതരായിരുന്നു. 1895 ശരൽക്കാലത്തിൽ കുറച്ചു നാളേക്കു കേംബ്രിഡ്ജു കോളജുവിട്ടു (Durham) ഡർഹാം എന്ന മഹായിടവകയിലെ ഒരു പ്രവർത്തകനായിട്ടു യാത്രതിരിച്ചു. (Basil) ബയിസിലിൻെറ പിതാവ് അവിടെ ബിഷോപ്പായിരുന്നു.

മിസ്റ്റർ പ്രയർ എൻെറ പുതിയ വാസസ്ഥലമായിട്ടു തിരഞ്ഞെടുത്ത സ്ഥലം സർവ്വപ്രകാരേണ അഭിനന്ദനീയംതന്നെ

യായിരുന്നു. ഈ തിരഞ്ഞെടുപ്പിൽ നിസ്സാര സംഗതികൾ പോലും അദ്ദേഹം ഗൗനിച്ചിരുന്നു എന്നു എനിക്കു പിന്നീടു മനസ്സിലായി. സാക്സന്മാരുടെ കാലത്തിനുമുമ്പുതന്നെ സ്ഥാപിതവും വിശു: പത്രോസിൻെറ അഭിധാനത്താൽ അറിയപ്പെട്ടിരുന്നതുമായ ആ ഇടവക വെയർനദിയുടെ അഴിവക്കത്തുള്ള (Monkwear mouth) മോൺക്‌വെയർമൗത്ത് ആയിരുന്നു.

ആ നദീതടം ഒരിക്കൽ ഒരു ആശ്രമത്തിൻെറ വിശുദ്ധ സ്ഥലമായിരുന്നു. വടക്ക് സമുദ്രത്തിൽ നോർവെയെ ദർശനമാക്കി നദീമുഖത്ത് പൊന്തിനിന്നിരുന്ന പുളിനത്തിൽ ആ ആശ്രമം പണികഴിപ്പിച്ചിരുന്നു. അനേക സംവത്സരങ്ങളിലേക്ക് അതു് ഒരു അതിത്ഥിസ്തംഭമെന്നവണ്ണം പരിലസിച്ചുകൊണ്ടിരുന്നു. കൊടുങ്കാററുള്ളപ്പോൾ സ്വയരക്ഷാർത്ഥം അനേക കപ്പലുകൾ മുകളിലേക്കു പോയി നങ്കൂരമിട്ടു വിശ്രമിക്കുന്നതു് അസാധാരണമായിരുന്നില്ല. ആദ്യകാലങ്ങളിൽ പലപ്രാവശ്യം ഈ ആശ്രമം അഗ്നിക്കിരയായിട്ടുണ്ടു്. പിന്നെയും അതു പണിതു. ഭയങ്കരമായ കൊടുങ്കാററിലും അതു സ്ഥിരമായിട്ടുതന്നെ നിന്നു. ഇപ്രകാരം അതു് ചർച്ച് ഓഫ് ഇംഗ്ലണ്ടിൻെറ ഒരു പ്രതിച്ഛായയായി പരിലസിച്ചു.

പൂർവ്വികകാലത്തു് ആ സ്ഥലം കപ്പൽവ്യവസായത്തിനു് വിശ്വവിശ്രുതമായിരുന്നു. അതിൻെറ കപ്പൽക്കോതികകൾ പ്രഭാതംമുതൽ സായാഹ്നംവരെയും യന്ത്രങ്ങളുടെ സംഘട്ടനധ്വനി പ്രതിധ്വനികളാൽ മുകളിതമായിരുന്നു. ഭഗീരഥപ്രയത്നം ചെയ്യുിട്ടും അവിടത്തെ ശമ്പളം തുലോം കുറവായിരുന്നു. ദുർഹാമ്യജോലിക്കാർ ഈവിധത്തിലുള്ള കഠിനജോലികൊണ്ടു ക്ഷീണിച്ചു വശായി. അതു ദാരിദ്ര്യദേവതയുടെ നടനരംഗമായിരുന്നു. മിക്കവരും അരപ്പട്ടിണിക്കാരായി ജീവിച്ചുവന്നു. കുഞ്ഞുങ്ങളെ വേണ്ടവണ്ണം കരുതുന്നതിനോ പോററിപ്പുലർത്തുന്നതിനോ അവർക്കു സൗകര്യമുണ്ടായിരുന്നില്ല.

ഞാൻ ഈ ജോലി ഭരമേൽക്കുന്നതിനുമുമ്പുതന്നെ "നിന്നെപ്പോലെതന്നെ നിൻെറ അയല്ക്കാരനെയും സ്നേഹിക്കുക"

എന്ന തങ്കപ്രമാണം ശിരസാ വഹിക്കുന്നതിനു നിശ്ചയിച്ചിരുന്നു. കഴിയുന്നത്ര അതു പ്രായോഗികമാക്കുന്നതിന്ന് ഞാൻ ശ്രമിച്ചു. എൻെറ കൂട്ടാളികളായിരുന്ന കൂലിക്കാരിൽ ഒരുവനെപ്പോലെതന്നെ ഞാനും അവരുടെയിടയിൽ താമസമുറപ്പിച്ചു. ആ ഇടവകയുടെ വികാരി എനിക്കൊരു മുറി തന്നിരുന്നു. വാടക കൊടുക്കേണ്ടതല്ലായിരുന്നതിനാൽ അതു് എനിക്കൊരു സഹായമായിത്തീൎന്നു. ഭക്ഷണവും മററു ചെലവുകളും ഒരാഴ്ചയിൽ 10 ഷില്ലിംഗ്കൊണ്ടു നടത്തുന്നതിനു ഞാൻ ശ്രമിച്ചു. അതുകൊണ്ടു പലപ്പോഴും ഞാൻ ക്ഷുത്പീഡിതനായിരുന്നു. ഭക്ഷണമില്ലാതിരുന്നാലുള്ള സ്ഥിതി എന്തെന്നു ഞാൻ അനുഭവിച്ചറിഞ്ഞു. അനുകരണത്തിൽ ഞാൻ ക്രിസ്തുവിനോടു സമീപിച്ചതുകൊണ്ടു് അധികം സന്തോഷിച്ചു.

അവിടത്തെ വികാരി ഒരു നല്ല മൎയ്യാദക്കാരനും അസാമാന്യ പാണ്ഡിത്യമുള്ളവനുമായിരുന്നു. അവിടെ അദ്ദേഹം താമസമാക്കിയിട്ടു മുപ്പതു കൊല്ലത്തോളം കഴിഞ്ഞിരുന്നു. ക്രിസ്തുസദൃശമായ അദ്ദേഹത്തിൻെറ പ്രവൃത്തിയും ഉൽകൃഷ്ടസ്വഭാവവും കണ്ടു സാധുക്കൾ അദ്ദേഹത്തെ സൎവ്വാത്മനാ സ്നേഹിച്ചു. അദ്ദേഹം പ്രയറിൻെറ ഒരത്യന്ത സ്നേഹിതനായിരുന്നു. അവർ ഒന്നിച്ചു കോളജിൽ പഠിച്ചപ്പോൾ സ്നേഹിതരാവുകയും ആ ബാന്ധവം എന്നും നിലനിൽക്കുകയും ചെയ്തു. അതുകൊണ്ടു് അദ്ദേഹം പ്രയറിൻെറ പ്രതിനിധിയായിട്ടു എന്നെ സ്വാഗതം ചെയ്തു.

സൺഡർലാണ്ടിലെ ഒരു സംഗതി ഇവിടെ പ്രസ്താവ്യമാണു്. മോങ്ക്‌വയർമെൎത്തുപള്ളിയിലെ വാതിൽകാവൽക്കാരൻ—ഭീമഗാത്രനായ ജോൺ ജോബ്ളിംഗ്—ഒരുകാലത്തു് ഒരു കുപ്രസിദ്ധ കുടിയനായിരുന്നു. അന്നു് ആത്മികം അവൻ വളരെ ഹാസ്യമായി കരുതി. ഇതുകൂടാതെ ആ പ്രദേശത്തെ മത്സരപ്പിടുത്തക്കാരിൽ അവൻ അദ്വിതീയനും അസാധാരണ ശക്തനും ആയിരുന്നുതാനും.

ഒരു സായാഹ്നത്തിൽ അവൻ മദ്യോന്മത്തനായി ഇടവക സമ്മേളനത്തിൽ പ്രവേശിച്ചു; സണ്ടേസ്കൂൾ അദ്ധ്യാപികയാ

യിരുന്ന ഒരു മാന്യകുടുംബിനിയെ അപമാനിച്ചു. തൽക്ഷണം മുമ്പോട്ടു കുതിച്ചുചാടിയ ഇടവകശുശ്രൂഷകൻെറ മുഷ്ടിപാതമേററു അവൻ നിലംപതിച്ചുകഴിഞ്ഞു.

സമാധാനപരിപാലകനായ ഒരാത്മികശുശ്രൂഷകൻെറ ഈദൃശമായ കടുംകൈ മറെറാരവസരത്തിലായിരുന്നുവെങ്കിൽ ഒരുവിധത്തിലും സാധുവായിരിക്കയില്ലായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ നടന്നതു് ഇങ്ങനെയായിരുന്നു. ജോൺ സുബോധനായി എഴുന്നേൽക്കയും അന്നുമുതൽ ക്രമമായി പള്ളിയിൽ സംബന്ധിക്കുകയും ചെയ്തു. ഒരു പരമാർത്ഥമാനസാന്തരമാണു് പിന്നാലെയുണ്ടായതു്. അവൻെറ ശരീരാത്മദേഹികളെ ക്രിസ്തുവിൻെറ ശുശ്രൂഷയ്ക്കുവേണ്ടി ,അവൻ സമപ്പിച്ചു.

1895-ൽ ഞാൻ അവനെ കണ്ടപ്പോൾ വിവിധ പരീക്ഷകളിലും പരിശോധനകളിലും ഉറച്ചുനിൽക്കുന്ന ഒരു യോദ്ധാവായിട്ടാണു് കണ്ടതു്. അതിൻെറശേഷം പലർ അവനെ അലട്ടിയെങ്കിലും അവനിൽനിന്നു് ഒരെതിർവാക്കുപോലും പുറപ്പെട്ടില്ല. അവയെല്ലാം പ്രശാന്തനായി സഹിക്കയും അവൻെറ ഹൃദയത്തെ സ്നേഹത്തിൽ നിമഗ്നമാക്കയും ചെയ്തു. അതിൽപിന്നെ അവൻ മദ്യം സ്പർശിക്കപോലും ചെയ്തിട്ടില്ല. ഞങ്ങളുടെ സ്നേഹബന്ധത്തിൻെറ ആദിയിൽ തന്നെ അവൻെറ സ്വന്ത വാക്കിൽനിന്നു, ക്ഷണത്തിലുണ്ടായതും ഇതുവരെയും നിലനിന്നതുമായ വ്യത്യാസത്തെപ്പററി ഞാൻ കേട്ടു. യേശുക്രിസ്തുവിൻെറ സ്പർശനത്താൽ സൗഖ്യമായ ആ കുരുടൻ യോഹന്നാൻെറ സുവിശേഷത്തിൽ പറയുന്നതുപോലെ എനിക്കു തോന്നി—"ഒരു സംഗതി ഞാൻ അറിയുന്നു. ഞാൻ കുരുടനായിരുന്നു. ഇപ്പോൾ ഞാൻ കാണുന്നു."

യോഹന്നാൻെറ സുവിശേഷത്തിൽ പറയുന്ന വിവരണം പദംപ്രതി ജോൺജിബിലിയിൽ ശരിയായിരുന്നു. യേശു അവൻെറ പ്രകൃതിയെ ആസകലം രൂപാന്തരപ്പെടുത്തി അവനെ ഒരു പുതിയ സൃഷ്ടിയാക്കിത്തീർത്ത അത്ഭുതസംഗതി വിനീതമായി എന്നോടു പറഞ്ഞു.

ആ ഇടവകയിൽതന്നെ ഒരു വൃദ്ധയുണ്ടായിരുന്നു. അവളുടെ ആയുസ്സുമുഴുവൻ അവൾക്കു ദാരിദ്ര്യത്തോടു പോരാടേണ്ടിയിരുന്നു, എങ്കിലും അവൾ പരമാത്ഥമായി ദൈവത്തിൽ വിശ്വസിച്ചു. എന്നാൽ ആത്മാവിനെ പരിപൂൎണ്ണമായി രൂപാന്തരപ്പെടുത്തുന്ന ആ വെളിച്ചത്തെ അതു ഉൽഭൂതമാക്കിയിരുന്നില്ല.

വലിയവെള്ളിയാഴ്ചയും സമാഗതമായി, തിരുകഷ്ടപ്പാടുകളെക്കുറിച്ചു ധ്യാനിച്ചുകൊണ്ടു് പ്രാൎത്ഥനയിൽതന്നെ തലേരാത്രി ഞാൻ കഴിച്ചു. ആ രാത്രി മനോഹരവും ശാന്തവുമായിരുന്നു. ശിശിരചന്ദ്രൻ മന്ദംമന്ദം മേഘശൂന്യമായ മദ്ധ്യാകാശത്തേക്കു ആരോഹണം ചെയ്തു, തുഷാരശീതളചന്ദ്രിക നാടെങ്ങും വ്യാപിപ്പിക്കുന്നുണ്ടായിരുന്നു. ദുഃഖവെള്ളിയാഴ്ചത്തെ മൂന്നുമണിക്കൂറുനേരത്തെ ശുശ്രൂഷാനന്തരം ആ ഗൃഹിണി എൻെറ അടുത്തുവന്നു. ദുഃഖവിമോചനത്തിനായിട്ടായിരുന്നു അവൾ എന്നെ അഭയം പ്രാപിച്ചതു്. അദൃശ്യമായ ഒരു ശക്തിയാൽ അവൾ എൻെറ സമീപത്തേക്കു ആകൎഷിക്കപ്പെട്ടു. പാപക്ഷമയുടെ നിത്യസമാധാനം ലഭ്യമാകുന്നതു അസാദ്ധ്യമാണെന്നു അവൾ എന്നോടു പറഞ്ഞു. അവളുടെ ആത്മാവു ദാഹിച്ചുകൊണ്ടിരുന്നതു അതിനുവേണ്ടിമാത്രം ആയിരുന്നു. പക്ഷേ സംശയങ്ങളും ഭയവും അവളുടെ ആത്മികവെളിച്ചത്തെ നിഷ്പ്രഭമാക്കി. ഒടുവിൽ അന്ധകാരം മാത്രം ശേഷിച്ചു.

ക്രൂശിൻെറ സുവിശേഷം എൻെറ ഹൃദയത്തിൽ പ്രതിഭാസിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടു ഞാൻ അവളോടു സകലവും പൂൎത്തിയായിരിക്കുന്നു എന്നു പറഞ്ഞപ്പോൾ നിൻേറയും എൻേറയും പാപത്തിനു് ശാന്തിയുണ്ടായില്ലേ എന്നു ലളിതമധുരമായിട്ടു ചോദിച്ചു. എൻെറ ചോദ്യത്തിലും ഭാവത്തിലും അന്തർലീനമായിരുന്ന ഏതോ ഒന്നു് അവളുടെ പാപക്ഷമയുടെ ദൗത്യം വഹിച്ചിരുന്നു.

എൻെറ ലളിതപദങ്ങൾ ആ വൃദ്ധയുടെ കാതുകളിൽ പതിച്ചപ്പോൾ അവളുടെ ജരാപീഡിതമായ വക്ത്രത്തിൽ

കളിയാടിയ കതിരൊളികളെ ഞാൻ എങ്ങനെ വൎണ്ണിക്കേണ്ടു. ആനന്ദവീചികൾ അതിൽ പരിലസിച്ചു. ദുർബ്ബലനായ മനുഷ്യനെ ആയുധമാക്കി, ദൈവസ്നേഹം അത്ഭുതം പ്രവൎത്തിച്ചിരിക്കുന്നു. ആ നിമിഷംമുതൽ അവളുടെ ജീവിതം പാടെ വ്യത്യാസപ്പെട്ടു. അവൾ കുതൂഹലചിത്തയായി അവൾ "കൎത്താവിനെ കണ്ടു".

കേംബ്രിഡ്ജ് സൎവ്വകലാശാലയിൽ എനിക്കു കഴിച്ചുകൂട്ടുവാൻ ഉണ്ടായിരുന്ന രണ്ടു, അവസാനവൎഷങ്ങളും "വീണ്ടെടുപ്പിനെ"ക്കുറിച്ചു പ്രത്യേകമായിട്ടു പഠിക്കുന്നതിനു് വിനിയോഗിച്ചു. ഞാൻ അതു ആസ്പദമാക്കി ഒരുപന്യാസവും എഴുതിയിട്ടുണ്ടു്. എന്നാൽ മനുഷ്യാത്മാവിൻെറ ഈ അഭിവാഞ്ഛകളോടു മുഖാമുഖമായിട്ടു വരുമ്പോൾ ഓരോരുത്തരുടെയും നേൎക്കു നമ്മിൽനിന്നു പ്രവഹിക്കുന്ന സ്നേഹമാണു്, കൃപമുഖാന്തിരമുണ്ടാകുന്ന അതിശയങ്ങൾക്കു കാരണമായി ഭവിക്കുന്നതു്.

എൻെറ പരിചയക്കുറവുമൂലം ദൈവത്തിൻെറ ക്ഷമയെക്കുറിച്ചു് എനിക്കു അനുഭവമില്ലായിരുന്നുവെങ്കിൽ സണ്ടർലണ്ടിലെ ക്ഷുൽപിപാസാപീഡിതരും ദരിദ്രരുമായ സാധുക്കുലിക്കാൎക്കു് എന്നിൽനിന്നു യാതൊരു പ്രയോജനവും ഉണ്ടാകയില്ലായിരുന്നു. അഗ്നിസ്ഫുലിംഗം മാത്രമെ അഗ്നിസ്ഫുലിംഗത്തെ ഉത്ഭവിപ്പിക്കയുള്ളു.

ഞാൻ അവിടെയായിരിക്കുമ്പോൾ എനിക്കു വേറൊരു മാൎഗ്ഗത്തിൽ അനുഭവസിദ്ധമായ ഒരു നിൎമ്മലസന്തോഷത്തെപ്പററി ഓൎക്കുന്നുണ്ടു്. മുൻപ്രസ്താവിച്ചതുപോലെ ഞങ്ങൾ ആരാധന നടത്തിക്കൊണ്ടിരുന്നതു, ഒരു സന്യാസമഠത്തിൻെറ ഒഴിഞ്ഞുകിടന്നിരുന്ന ഒരു കെട്ടിടത്തിൽവച്ചായിരുന്നു. ഈ സംഗതിയാണു് "മോങ്കു്വെയർമൌത്തു്" എന്ന് നാമത്തിനു ഹേതുഭൂതമായിരുന്നതു്.

1400 വൎഷത്തെ ചരിത്രത്തിൻെറ പാരമ്പൎയ്യം അതിനുണ്ടായിരുന്നു. ബിനിഡിക്ടു് ബിഷപ്പു് (Benedic Bishop) ഡീക്കൻ ജേംസ് (Deacon James) വെനറബിൾ ബീഡു്

(The Venerable Bede) പ്രഭൃതികൾ അവിടെ ആരാധിച്ചുതായി ധാരാളം ലക്ഷ്യങ്ങളുണ്ടു്. അവർനിന്ന സ്ഥലങ്ങളെ സൂചിപ്പിക്കുന്നതിന്നു് അതതു സ്ഥലങ്ങളിൽ കല്ലുകളും ഇട്ടിട്ടുണ്ടായിരുന്നു.

എന്റെ മാതാപിതാക്കന്മാരിൽനിന്നു് എനിക്കു ലഭിച്ച മതചിന്ത മിക്കവാറും ഭാവിയെ വിഷയമാക്കിയുള്ളവയായിരുന്നു. യേശുക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ചുള്ള ഏകചിന്ത, ഇതരചിന്തകളെ ഗ്രസിച്ചുകളഞ്ഞു. ഭൂതകാലഭംഗികൊണ്ടാണു് പുതിയ നിയമം നിറഞ്ഞിരിക്കുന്നതു് എന്നതു പരമാർത്ഥമാണു്. വിശേഷിച്ചു അതു എന്റെ മാതൃവദനത്തിൽനിന്നു കഥാമാർഗ്ഗേണ നിർഗ്ഗളിച്ചപ്പോഴുണ്ടായിരുന്ന ആസ്വാദ്യത എത്ര യാഥാർത്ഥ്യമായിരുന്നു. കൂടാതെ (Line Upon Line) എന്ന ചെറുപുസ്തകം എന്റെ കുട്ടിക്കാലത്തിൽ എന്നെ ആഹ്ലാദിപ്പിച്ചു. ഞാൻ അതു പല ആവൎത്തി വായിച്ചു. അതിന്റെ മിക്കഭാഗവും ഞാൻ ഹൃദിസ്ഥമാക്കിയിരുന്നു. പക്ഷെ അന്നത്തെ എന്റെ ചാരിത്രികജ്ഞാനം കേവലം ശുഷ്കമായിരുന്നു. ക്രിസ്തീയ വിശ്വാസത്തിന്നു് സഭയെക്കുറിച്ചും വിശുദ്ധന്മാരുടെ സംസൎഗ്ഗത്തെക്കുറിച്ചുമുള്ള ജ്ഞാനം അത്യാവശ്യമെന്നുമാത്രം ഞാൻ മനസ്സിലാക്കി.

എങ്കിലും ഞാൻ മോങ്കു്വെയർമൌത്തിൽ ആയിരുന്നപ്പോൾ പല കാലങ്ങളിൽ വിശുദ്ധന്മാർ മുട്ടുകുത്തിയിട്ടുള്ള ആ വിശുദ്ധ സ്ഥലത്തുതന്നെ വസിച്ചു. ഒരു ദീപസ്തംഭത്തിൽനിന്നെന്നവണ്ണം ആശ്രമത്തിൽനിന്നു പ്രകാശിച്ച ദീപം കണ്ടു കപ്പൽക്കാർ പ്രക്ഷുബ്ധസമുദ്രം ത്യജിച്ചു് ആശ്രമത്തിലെത്തുമ്പോൾ പ്രാർത്ഥനയിൽ മുട്ടുമടക്കിയിരുന്ന യോഗിവൎയ്യന്മാരെയാണു കാണുന്നതു്.

കൊള്ളക്കാർ ആ ഭാഗങ്ങളെയെല്ലാം ശൂന്യമാക്കിയെങ്കിലും ആ ക്രിസ്തീയവിശ്വാസം ഇന്നും സുസ്ഥിരമായി നിൽക്കുന്നു. സംഗതികൾ എല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു. പക്ഷേ ക്രിസ്തു മാറാത്തവൻ!

ഈ സ്ഥലത്തെക്കുറിച്ചുള്ള പൂൎവ്വസ്മരണകൾ എന്റെ മ

നസ്സിലേക്കു തള്ളിക്കയറിയപ്പോൾ കുറച്ചു വർഷങ്ങൾക്കു മുമ്പേ ഞാൻ അവിടെ ജീവിച്ചിരുന്നപ്പോഴത്തെ ഒരു ദർശനം ഉണ്ടായി. അതു ഇതരചിന്തകളിൽ ലയിച്ചുപോകുന്ന വെറും തോന്നലോ, സന്തോഷപ്രദങ്ങളായ അന്യവിചാരങ്ങൾക്കിടയിൽ മറന്നുപോകത്തക്കവണ്ണം അപ്രധാനകാര്യമോ അല്ലായിരുന്നു. പ്രത്യുത എൻെറ ജീവിതത്തിൽ അഗാധരേഖകൾ ഇട്ടിട്ടുള്ള ആത്മാവിൻയഥാൎത്ഥങ്ങളായിരുന്നു അതു്.

എൻെറ സ്ഥാനാഭിഷേകത്തിനു മുമ്പുതന്നെ ഇംഗ്ലണ്ടിൻെറ മാതൃസഭയോടു എനിക്കു ഒരു പ്രത്യേക സ്നേഹം ഉദിച്ചു. സുദീൎഘമായ അതിൻെറ സ്മരണകൾ എന്നിൽ പതിഞ്ഞു കിടന്നിരുന്നു. ഇതഃപര്യന്തം ഈ സ്നേഹം വളൎന്നുകൊണ്ടിരിക്കുന്നു. എന്നിൽ നിന്നു് ഒരുവിധത്തിലും നിഷ്കാസനം ചെയ്യാൻ നിവൃത്തിയില്ലാത്ത സ്വദേശസ്നേഹംപോലെ ഒരു സ്ഥാനം, ഇതും അർഹിക്കുന്നുണ്ടു്. നിമ്നലിഖിതത്തിൽ ഇതിനെതിരായി വല്ലതും വരികയാണെങ്കിൽത്തന്നെയും എൻെറ സ്നേഹത്തിനു ഭംഗം വന്നിട്ടുണ്ടെന്നോ എൻെറ വിശ്വാസത്തിന് എന്തെങ്കിലും ഉലച്ചിൽ സംഭവിച്ചിട്ടുണ്ടെന്നോ ഗണിക്കേണ്ടതില്ല. അതിൻെറ എതിരാണു സംഗതികളുടെ യഥാൎത്ഥത്തെ കാണിക്കുന്നതു്. പൌരസ്ത്യദേശങ്ങളിൽ കഴിച്ച എൻെറ ജീവിതംകൊണ്ടു് എൻെറ മാതൃദേശത്തോടും അവിടത്തെ ആരാധനയോടുമുള്ള ഭക്തിവൎദ്ധിച്ചിട്ടുള്ളതല്ലാതെ ഒരു വിധത്തിലും കുറഞ്ഞുപോയിട്ടില്ല.

ശുശ്രൂഷസ്ഥാനത്തേക്കു ഞാൻ പ്രവേശിച്ചു. പെംബ്രോക്കു കോളെജുമിഷ്യൻെറ ഒരംഗമായി (Walworth) വാൾവത്ത് പ്രദേശങ്ങളിലെ സാധുജനങ്ങളുടെ ഇടയിൽ പോയി പ്രവൎത്തിക്കാനുള്ള ആ സുവൎണ്ണാവസരത്തെ ധ്യാനിച്ചു ഞാൻ കാലംകഴിച്ചു. ഭാവിയിൽ ഞാൻ സ്വീകരിക്കേണ്ട ഓരോ പടികളെക്കുറിച്ചും എൻെറ ഗുരുനാഥൻ ആലോചിച്ചു വേണ്ട മുൻകരുതലുകൾ ചെയ്തിരുന്നു. അവിടെ അദ്ദേഹത്തോടൊരുമിച്ചു ക്രിസ്തുവിനുവേണ്ടി പ്രവൎത്തിക്കാമല്ലോ, എന്നുള്ള ചിന്ത എന്നേ ആഹ്ലാദഭരിതനാക്കി. അദ്ദേഹത്തിൻെറ ചിന്ത എപ്പോഴും സാധുക്കളോടു കൂടിയായിരുന്നു. ഒരുപ്രകാരത്തിൽ

മിഷ്യന്റെ കാരണഭൂതനും അദ്ദേഹമായിരുന്നു എന്നു പറയാം. അതിന്റെ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം സ്ഥിരമായി പ്രവൎത്തിച്ചു. എന്തെങ്കിലും പുതിയ അഭിവൃദ്ധിയുണ്ടായെങ്കിൽ അതു അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നു.

ഇംഗ്ലീഷുസഭയിലുള്ള എന്റെ ഈ പുതിയ ജീവിതപുഷ്പത്തിന്റെ രമണീയദളങ്ങൾ പൊട്ടിവിടൎന്നു ഇളംതെന്നലിൽ ആടിക്കളിക്കുന്നു. ബാലസൂൎയ്യന്റെ ചെങ്കതിരുകൾ അവയിൽ തട്ടി സൎവ്വത്ര പ്രതിഫലിക്കുന്നു. അതു സന്തോഷപ്രദമായ ഒരു സമയമായിരുന്നു. എനിക്കു നല്ല ആരോഗ്യമുണ്ടായിരുന്നു. ദൈവം സ്വൎഗ്ഗത്തിൽ സിംഹാസനസ്ഥനായിരുന്നു, ലോകത്തിലും സൎവ്വവും ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

അതുപോലെതന്നെ വിശുദ്ധസംസൎഗ്ഗം മുഖാന്തിരം ക്രിസ്തുവിനോടു സംസൎഗ്ഗം ചെയ്യുന്നതിനുള്ള പദവി ലഭിച്ചതുകൊണ്ടു, വിശുദ്ധകുർബാന എനിക്കധികം സന്തോഷപ്രദമായി. അതിൽ സംബന്ധിക്കുന്നതിനു രാവിലെ എത്ര മൈൽ വേണമെങ്കിലും നടക്കുന്നതിന് എനിക്കു മടിയില്ലായിരുന്നു. പക്ഷേ ഈ ഹൈച്ചർച്ച് ദിവസങ്ങളിൽ ഞാൻ അതിൽ മാത്രം ആശ്രയിച്ചിരുന്നില്ല. ഈ ലോകം മുഴുവൻ ഒരു വിശുദ്ധസംസൎഗ്ഗശുശ്രൂഷപോലെ എനിക്കു തോന്നി. ആത്മികസംസൎഗ്ഗത്തിന്റെ യഥാർത്ഥ സന്തോഷം എനിക്കു ശീലമായിരുന്നു. സൎവ്വോപരി സാധാരണ ദിനചൎയ്യകളിൽ ദാരിദ്ര്യപീഡിതരിലും വയോധികരിലും കുഞ്ഞുങ്ങളിലും ക്രിസ്തുവിനെ കാണുന്നതിന് എനിക്കു പ്രാപ്തി ഉണ്ടായിരുന്നു.

മോങ്കുവെയർമൌത്തിനെപ്പററി സ്മരിക്കുന്നതിനു വിശേഷിച്ചു ഒരു സംഗതികൂടെയുണ്ടു്. വിവാഹജീവിതസൌഭാഗ്യം ഞാൻ അറിഞ്ഞിട്ടില്ല. അതിന്റെ പിടിയിൽനിന്ന് അവർ ഉപേക്ഷിക്കപ്പെട്ടിരുന്നു. തന്മൂലമുള്ള നഷ്ടം തീർച്ചയായിട്ടും അപരിഹാൎയ്യമാണ്. ഓരോ വർഷത്തിലും വിവിധമായ പല സംഗതികൾ നിൎവ്വഹിക്കേണ്ടതുകൊണ്ടു് പുത്രകളത്രാദികളോടുകൂടിയുള്ള ഒരു ഗൃഹജീവിതം എനിക്കു സുകരവുമല്ലായിരുന്നു. ലോകമെങ്ങും ചുററിസഞ്ചരിക്കയായിരുന്നു എന്റെ

പതിവു്; അതുകൊണ്ടു മററൊരൎത്ഥത്തിൽ ഒരു കുടുംബസജ്ജീകരണത്തിനു ഞാൻ നിൎബ്ബന്ധിതനായി.

വിവാഹബന്ധത്തിൽനിന്നു സമുൽഭൂതമാകുന്ന ആ നിൎമ്മലപ്രേമം ഞാൻ മനഃപൂൎവ്വം ത്യജിച്ചിരുന്നുവെങ്കിലും സ്വഭാവസൌകുമാൎയ്യത്തിനു ഞാൻ സ്ത്രീകളോടു കടംപെട്ടിരുന്നു. അവരുടെ പ്രേരണകൊണ്ടാണു ക്രിസ്തുവിനെക്കുറിച്ചുള്ള എൻെറ ദൎശനം പ്രഭാപൂരിതമായി നിലനിൎത്തുന്നതിനു എനിക്കു സാധിച്ചതു്. സ്ത്രീസഹജമായ ഈശ്വരവിശ്വാസത്തിൻെറ പ്രേരണ ഇല്ലായിരുന്നെങ്കിൽ എൻെറ വിശ്വാസംതന്നെയും നിലനില്ക്കയില്ലായിരുന്നു. അവരിൽ എൻെറ നിലനില്പിനു സഹായമായിരുന്നവരെ വ്യക്തിവ്യക്തിയായിട്ടു ഞാൻ ഓൎക്കുന്നുണ്ടു്. ഇവരിൽ പ്രഥമവും പ്രധാനവുമായുള്ളതു് എൻെറ പ്രിയമാതാവുതന്നെയാണു്.

ഈ ഉത്തരദേശവാസത്തിൽ എൻെറ മാന്യമിത്രമായ ബെയിസിൽവെസ്റ്റ്കോൎട്ടിൻെറ ജ്യേഷ്ഠസഹോദരിയെക്കുറിച്ചു് എനിക്കു വളരെ ബഹുമാനം തോന്നി. അവരു ഒരു രോഗിണിയായിരുന്നു. ശൈശവാനന്തരം അവരു ശയ്യതന്നെ അവലംബമാക്കി. അവളുടെ ഇഹലോകാരിഷ്ടതകരു കഴിയാറായിരുന്നു. തൻെറ ജീവിതസൂൎയ്യൻെറ അസ്തമയം അത്ര വിദൂരമല്ലെന്നു് അവരു മനസ്സിലാക്കിയിരുന്നെങ്കിലും സസന്തോഷം തൻെറ വേൎപാടിനുവേണ്ടി നോക്കിപ്പാൎത്തു. ബാഹ്യസംഗതികളുടെ മറ അവരു കീറിക്കളഞ്ഞിരുന്നു. നിത്യമായവയെപ്പററി മാത്രം അവരു ചിന്തിച്ചുകൊണ്ടും ഇരുന്നു. അങ്ങിനെ അവളുടെ വേദന സന്തോഷമായി രൂപാന്തരപ്പെട്ടു. അവളുടെ മുഖം സൎവ്വസുന്ദരമായി പ്രശോഭിച്ചു. ദിവ്യത്വത്തിൻെറ ലക്ഷണങ്ങരു സ്ഫുരിക്കുന്ന മുഖപ്രസന്നതയോടെ തലയണകളിന്മേൽ അവരു ചാരിക്കിടന്നിരുന്നു. ചിലപ്പോരു അകത്തു പ്രവേശിക്കുന്നതിനു എനിക്കു അനുവാദം തന്നു. ഈ ദൎശനം എന്നെ ദൈവസന്നിധിയിലേക്കുതന്നെ നടത്തുന്നതുപോലെ തോന്നി. ബെയിസിലിനോടു് അവരുക്കുണ്ടായിരുന്ന സ്നേഹം അത്യഗാധമായിരുന്നു. രാത്രിയും പകലും

എപ്പോഴും അവൾ അദ്ദേഹത്തിനുവേണ്ടി പ്രാൎത്ഥിച്ചുകൊണ്ടുമിരുന്നു.

ഈ സഹോദരസ്നേഹംകൊണ്ടു് അവൾ സദാ പ്രാൎത്ഥനയിൽ എന്നെയും സ്മരിച്ചുവന്നു. ആ മെലിഞ്ഞു ദുർബലമായ കൈകൾകൊണ്ടു അവൾ എനിക്കു ചില കത്തുകൾ എഴുതിയിട്ടുണ്ടു്. അവ ഞാൻ പല ആവൎത്തി വായിക്കപതിവാണു്. ആ കത്തുകളുടെ തലക്കെട്ടായിട്ടു അവൾ പലപ്പോഴും എഴുതാറുള്ളതു് കീബ്ബിളിൻെറ (Christian Year) എന്ന കൃതിയിൽ നിന്നുള്ള ചില ഉദ്ധരണികളായിരുന്നു. എൻെറ ജീവിതത്തിൻെറ ഓരോ പ്രധാന ഘട്ടത്തിലും യാതൊരു ഭംഗവും കൂടാതെ കത്തുകൾ എഴുതുന്നതിൽ അവൾ ജാഗ്രുകയായിരുന്നു. അവളുടെ വേദനയിൽ അവളെ സമാശ്വസിപ്പിച്ച ആ ക്രിസ്തുവിനോടുള്ള സ്നേഹം എൻെറ സ്നേഹത്തേയും ഭക്തിയേയും വൎദ്ധിപ്പിച്ചു.

ദിവസങ്ങളുടെ പേരു ചുവന്നമഷിയിൽ മുദ്രണം ചെയ്തിരുന്ന സഭാപഞ്ചാംഗം അവൾക്കു വളരെ സഹായപ്രദമായിരുന്നു. അതു അവളുടെ മുറിയിൽ തൂക്കിയിട്ടിരിക്കും. അവളുടെ വിശേഷ ദിവസങ്ങൾ എല്ലാം അതിൽ അടയാളപ്പെടുത്തിയിരുന്നു. നിവൃത്തിയുണ്ടെങ്കിൽ ആ ദിവസങ്ങളിലെല്ലാം തിരുവത്താഴം കൈക്കൊള്ളുമായിരുന്നു. അതു സാധിച്ചില്ലെങ്കിൽ ആ സമയത്തു് ക്രിസ്തുവിനോടു ആത്മികമായി സംസൎഗ്ഗം ചെയ്തുകൊണ്ടു് ഇരിക്കും. അവളുടെ വിശുദ്ധജീവിതത്തിൽകൂടി സ്വൎഗ്ഗീയ ലാവണ്യം പ്രതിബിംബിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്.

നിസ്സാരസംഗതികളിൽപോലും അവൾ വളരെ സൂക്ഷ്മമുള്ളവളായിരുന്നു. സൂൎയ്യൻെറ അരുണകിരണങ്ങൾ സൎവ്വത്ര പ്രവേശിച്ചു് അവളുടെ കൃപയോടു സമ്മേളിച്ച ആ മുറിയെ പ്രകാശിപ്പിച്ചു. അവളുടെ സഹോദരങ്ങളിൽ മൂന്നുപേർ ഇൻഡ്യയിലായിരുന്നതിനാൽ അവളുടെ ഹൃദയവും അവരോടൊന്നിച്ചു ഇൻഡ്യയിലായിരുന്നു. ഒടുവിൽ ബയിസിലും അവരോടു ചേൎന്നപ്പോൾ വെറും സ്വപ്നാവസ്ഥയിലിരുന്ന

സ്മരണ, ഉല്കൃതമായ സുഷുപ്താവസ്ഥയിലേക്ക കടന്നു. ഭാരതീയവനിതകളെക്കുറിച്ചുള്ള അവളുടെ ബഹുമാനം യഥാൎത്ഥവുമായിരുന്നു. അവളുടെ മുഖത്തു പ്രകാശിച്ച ലജ്ജാഭാവം പൌരസ്ത്യവനിതകളുടെ പ്രകൃതഭൂഷണമായിരിക്കുന്ന ലജ്ജാഭാവത്തെക്കുറിച്ചു മനസ്സിലാക്കുന്നതിനു വളരെനാളുകളുടെ ശേഷം എന്നെ സഹായിച്ചു.

രക്തസാക്ഷിപ്രവീരന്മാരാലും വിശുദ്ധന്മാരാകുന്ന രത്നങ്ങളാലും വിഭൂഷിതമായിരിക്കുന്ന കത്തോലിക്ക്സഭയോട്ട് അവൾക്ക വളരെ ബഹുമാനമായിരുന്നു. അവളുടെ ധ്യാനത്തിൽ പൌരസ്ത്യസഭയെ ഒരിക്കലും വിസ്മരിച്ചിട്ടില്ല. ഇൻഡ്യയും, ചൈനായും വിശിഷ്യാ പ്രസ്താവ്യമാണ്. അവളുടെ രോഗമുറിയിൽ ലോകം മുഴുവൻ സന്നിഹിതമായിരുന്നതുപോലെ തോന്നി. അവളുടെ മുറിയിലുള്ള വാസം തന്നെ ലോകത്തെക്കുറിച്ചൊരു ദൎശനം ഉണ്ടാക്കുന്നതായിരുന്നു. അവളുടെ വാക്കുകൾ തന്നെ അല്ല, ദിനചൎയ്യയിലെ ഓരോ നിസ്സാരസംഗതിയും ഇതിനു സഹായമായിരുന്നു.

ഇപ്രകാരം അല്പകാലത്തിനിടയിൽ വിവിധമാൎഗ്ഗത്തിൽക്കൂടി ക്രിസ്തുവിൻെറ ചിത്രം, ഒരു മനുഷ്യപുത്രൻ എന്ന നിലയിൽ എൻെറ മുമ്പിൽ തെളിഞ്ഞു വികസിച്ചു. എനിക്ക ക്രിസ്തുവിനോടുണ്ടായിരുന്ന ഭക്ത്യാദരങ്ങൾ ലേശം പോലും മങ്ങിയുമില്ല. ചരിത്രം അഭിവൃദ്ധിപ്പെട്ടതോടുകൂടി ദേശകാലഭേദമെന്യേ എവിടെയും ക്രിസ്തുവിൻെറ കാലടി പതിഞ്ഞുകിടക്കുന്നതായി നമുക്ക കാണാൻ സാധിക്കും. അദ്ദേഹം ഏകാന്തമായ എൻെറ ജീവിതത്തെ മാത്രമല്ല, ഞാൻ ആഗ്രഹിച്ചതുപോലെ എൻെറ പരിതസ്ഥിതികളും രൂപാന്തരപ്പെടുത്തിയിരുന്നു. കൊളമ്പാ, ഐഡൻ, ബീഡ്, ഹിൽഡാ, ലിങ്കനിലെ ഹ്യൂഗ്, നോർവിച്ചിലെ മതർ ജൂലിയൻ മുതൽ വിക്ലിഫ്, റിഡ്ലെ, ജോർജ്ജ്ഫോക്സ്, ജോൺവെസ്ലി, കീബിൾ, ജോസിഫയിൻ ബട്ട്ലർ ആദിയായി എൻെറ സ്വദേശീയരായ വിശുദ്ധന്മാരും വിശുദ്ധമതികളും ക്രിസ്തുവിനുവേണ്ടി ജീവിക്കയും മരിക്കയുംചെയ്തു. സംഖ്യാതീത

മായ ആ സാക്ഷികളുടെ സംഘത്തിൽ ഉൾപ്പെട്ടവരായിരുന്നു. വിനീതനായിട്ടു, വിശുദ്ധ പൌലോസിൻെറ പ്രൗഢഗംഭീരമായ വാക്കുകളിൽ പറയുന്നപക്ഷം, ഇവരെല്ലാം എനിക്കുള്ളവരായിരുന്നു, ഞാൻ ക്രിസ്തുവിൻെറയും ക്രിസ്തു ദൈവത്തിൻെറയും ആയിരുന്നുതാനും.

---

അദ്ധ്യായം 8

## കോളജ്ജുമിഷ്യൻ

സൻഡർലണ്ടിൽനിന്നു് ഞാൻ സ്ഥാനാഭിഷേകത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കവെ, പെംബ്രോക്ക കോളജ്ജു മിഷ്യനിലേക്കുപോയി. അവിടെ ഉണ്ടായിരുന്ന എൻെറ സ്നേഹിതന്മാർ എന്നെ സസന്തോഷം സ്വീകരിച്ചു. ആ ഡിസ്ട്രിക്ടു് പുരാതന കെൻറുറോഡിൻെറ സമീപത്തായിരുന്നു. ലണ്ടനിലെ ദരിദ്രരിൽ ദരിദ്രരായ പഴക്കച്ചവടക്കാരും നൈമിത്തിക-? കാശയവേലക്കാരും ആണു് അവിടെ താമസിച്ചിരുന്നതു്. ലണ്ടൻ നഗരിയിൽ ഓരോ ഭാഗത്തേയും ദാരിദ്ര്യാവസ്ഥ മനസ്സിലാക്കുന്നതിനുവേണ്ടി ചാറത്സ് ബൂത്തു് രചിച്ചിരിക്കുന്ന ചിത്രത്തിൽ ഈ ഡിസ്ട്രിക്ടു് നീലം കലന്ന കറുപ്പായിട്ടാണടയാളപ്പെടുത്തിയിരിക്കുന്നതു്. അന്നു് ഏകദേശം നാല്പതുവർഷം മുമ്പേ ഈ പ്രദേശം ദരിദ്രശുഷ്ക്കമായിരുന്നതിനും പുറമെ നാനാവിധ വക്ഷളതഎങ്ങൾക്കും അതു വിളനിലമായിരുന്നു എന്നു പ്രസ്തുത ചിത്രം വെളിവാക്കുന്നുണ്ടു്. തദനന്തരം ഉണ്ടായിട്ടുള്ള അഭിവൃദ്ധി അനിർവാച്യമാണു്. തൊഴിലില്ലായ്മകൊണ്ടും അനാരോഗ്യംകൊണ്ടും ആ ഡിസ്ട്രിക്ടിലുള്ള അനേകരും ദാരിദ്ര്യ ദേവതയുടെ വദനഗഹ്വരത്തിൽ പതിച്ചിരുന്നു. അതുകൊണ്ടു അവിടത്തെ വേലയുടെ പ്രധാനഭാഗം അന്നവസ്ത്രാദികൾ കൊടുക്കുക എന്നതായിരുന്നു. ഒരിടുക്കുമുറിയിൽ പല കുടുംബങ്ങൾ ഒരുമിച്ചുറങ്ങുന്നതു അവിടെ സർവ്വസാധാരണമത്രേ. എന്നു മാത്രമല്ല, ഇങ്ങനെ കഷ്ടപ്പെട്ട കുഞ്ഞു

ങ്ങളുടെ ജീവിതം ദയനീയവുമായിരുന്നു. അവിടെ എന്നും മരണമെ കേൾക്കാനുണ്ടായിരുന്നുള്ളു. അതിലധികവും ശിശുമരണം തന്നെയായിരുന്നു.

ഞങ്ങളുടെ ചുററും വൃത്തികെട്ട തെരുവുകളും നിമ്നസ്ഥലങ്ങളുമെ കാണ്മാനുണ്ടായിരുന്നുള്ളു. എന്നാൽ ഈ ഫലിതരസികന്മാരെക്കാൾ അധികം സന്തോഷിക്കുന്ന ഒരു കൂട്ടം ആളുകളെ കണ്ടുപിടിക്കുന്നതു എളുപ്പമല്ല. അവരുടെ വിനോദങ്ങളും രസിക ഭാവങ്ങളും ജീവിതത്തെ സന്തോഷകരമാക്കി. പ്രതിബന്ധങ്ങളുടെ ഇടയിലും അവർ ധൈൎയ്യമായി മന്ദഹസിച്ചുകൊണ്ടു പുരോഗമനം ചെയ്യുന്നതു കാണേണ്ടതു തന്നെയാണു്. മഹായുദ്ധകാലത്തു, അരപ്പട്ടിണിയായി ജീവിക്കുന്ന കൃശഗാത്രരായ ഈ ആളുകൾ കിടങ്ങുകളിൽ പ്രദൎശിപ്പിച്ചിട്ടുള്ള ധൈൎയ്യവും സഹിഷ്ണുതയും ആരെയും അത്ഭുതപരതന്ത്രരാക്കുന്നതിനു മതിയായവയത്രേ.

പെംബ്രോക്കിലെ ഞങ്ങളുടെ മിഷ്യൻവീട്ടു് ഒരു സമ്മേളനസ്ഥലം പോലെയായിരുന്നു. കുട്ടികൾ രാത്രിയിലും പകലും അവിടെ നടന്നുകൊണ്ടിരുന്നു. എന്നോടുകൂടി വടക്കൻ പ്രദേശത്തുനിന്നും വന്ന മിസ്സ് ഗോസയുടെ രക്ഷാകൎത്തൃത്വത്തിൽ അവർ ഭരമേല്പിക്കപ്പെട്ടിരുന്നു. കോളജിലെ പ്രാഥമിക വിദ്യാൎത്ഥികൾ സദാ വേലകളിൽ സംബന്ധിക്കയും ഞങ്ങളോടൊരുമിച്ചു വിനോദിക്കുകയും ഞങ്ങളുടെ മിഷ്യൻവീട്ടിൽ സ്ഥലമില്ലാത്തവണ്ണം ചിലപ്പോൾ പതിനഞ്ചിലധികംപേർ ഞങ്ങളോടൊന്നിച്ചു താമസിക്കയും ചെയ്തിട്ടുണ്ടു്. എനിക്കു മുമ്പേ ചുമതല വഹിച്ചിരുന്ന സിംസനും ഭാൎയ്യയും കാരുണ്യഗുണം മൂൎത്തി എടുത്തതുതന്നെയോ എന്നു സന്ദേഹിക്കത്തക്കവണ്ണമാണു് എന്നോടു വൎത്തിച്ചതു്. അവർ വളരെ ക്ലേശമനുഭവിച്ചു പ്രവൎത്തിച്ചിരുന്നതുകൊണ്ടു് ശരീരാരോഗ്യം തീരെ നശിച്ചിരുന്നു.

മനുഷ്യജീവിത തത്വത്തിന്റെ വിവിധവശങ്ങൾ ചിത്രീകരിച്ചു കാണിക്കുന്നതിനു പൎയ്യാപ്തമായിരുന്നതിനാൽ ബോൾവത്തിലെ ജീവിതം എനിക്കു സന്തോഷപ്രദമായിത്തോന്നി.

ദുർഘമായ വിശപ്പുകൊണ്ടു വലഞ്ഞു ആഹാരസമ്പാദനത്തിനുവേണ്ടി കഠിനപ്രയത്നംചെയ്യുന്ന സാധുക്കളെ ഇരുപാർശ്വങ്ങളിലും ധാരാളംകാണാമായിരുന്നു. ഞങ്ങൾ കഴിയുന്നിടത്തോളം അവരോടു സഹകരിച്ചു. ഇവരെപ്പോലെ ഉള്ള ആളുകളെ ശുശ്രൂഷിക്കുന്നതിനോ സ്നേഹിക്കുന്നതിനോ ഒരു പ്രയാസവുമില്ലായിരുന്നു. ഏതു മന്ദബുദ്ധിയും തിരിച്ചറിയത്തക്കവണ്ണം അവരുടെ നന്ദി അത്ര സമൃദ്ധമായിരുന്നു എന്നുള്ളതാണ് ഇതിൻെറ കാരണം.

ഞങ്ങളുടെ മിഷ്യൻഭവനം വെറും ഒരു ആരാധനസ്ഥലം മാത്രം ആയിരുന്നില്ല. ആ ദേശീയരുടെ ഒരു കുടുംബവുമായിരുന്നു. അതു തങ്ങളുടെ സ്വന്തം എന്നെല്ലാവരും കരുതിവന്നു. അവിടെ ഏവക്കും പ്രവേശനം ഉണ്ടായിരുന്നതുകൊണ്ടു് പ്രഭാതം മുതൽ സന്ധ്യവരെയും ആബാലവൃദ്ധം ജനങ്ങൾ അവിടെ വരികയും പോകയും ചെയ്തു. ചിലക്ക് എന്തെങ്കിലും പ്രത്യേകം ആവശ്യം ഉണ്ടായിരിക്കും; വേറെ ചിലർ എന്തെങ്കിലും സംസാരിച്ചു സമയംപോക്കുന്നതിനുമാത്രവും ആഗതരായിരുന്നു. അവിടെ ഒരുകോണിൽ താമസിച്ചിരുന്ന മിസ് പ്രിററ്ച്ചാഡ് വളരെ സഹിഷ്ണുതയും സൂക്ഷ്മതയും ഉള്ള ഒരു സ്ത്രീ അല്ലായിരുന്നുവെങ്കിൽ ഇതു അസഹ്യമായി കലാശിക്കാൻ എളുപ്പമായിരുന്നു. ഞായറാഴ്ചയും ഇതുപോലെതന്നെ നടന്നുവന്നു.

അവൾ എളിമ വിശ്വാസമുള്ളവളും വ്യക്തമായ ദർശനമുള്ളവളുമായിരുന്നു. ക്രിസ്തുവിലുള്ള അവളുടെ സ്നേഹവിശ്വാസങ്ങൾ കത്തിക്കാളിപ്രശോഭിച്ചു. ആ ദേശവാസികൾ ആബാലവൃദ്ധം അവളുടെ വിയോഗത്തിൽ ദുഃഖിക്കത്തക്കവണ്ണം അവൾ അവരുടെ സ്നേഹത്തിനു പാത്രീഭൂതയായിരുന്നു.

അവിടത്തെ സന്ദർശകരിൽ അധികവും കുട്ടികളായിരുന്നു. ശുശ്രൂഷസ്ഥലത്തു് ആരാധനനടത്തിക്കൊണ്ടിരിക്കുമ്പോൾ മാത്രം അവിടെ ഭക്തിയും ക്രമവും പാലിക്കുന്നതിനു ഞങ്ങൾക്കു സാധിച്ചു. അല്ലാത്ത അവസരങ്ങളിൽ ആരാധനസ്ഥലം മാത്രം ഒരു മറകൊണ്ടു വിഭാഗിച്ചു് മററുഭാഗങ്ങളിലെല്ലാം ബോക്സിംഗ്കളികളും മററുവിനോദങ്ങളും നടത്തിവന്നു.

ഓരോ സൂര്യവാരസായാഹ്നത്തിലും അഞ്ചുമണിമുതൽ അൎദ്ധരാത്രിവരേയും ഞങ്ങളുടെ സമ്മേളനമുറികൾ, ഒന്നാമതായിട്ട ലീലാകേളികളിൽ ഏൎപ്പെട്ടിരിക്കുന്ന ബാലികാബാലന്മാരെക്കൊണ്ടും, രണ്ടാമതു ജോലികഴിഞ്ഞു സുഖദമായ അഗ്നികുണ്ഡത്തിനു ചുററും ആസനസ്ഥരായി ശ്വാസോച്ഛ്വാസം ചെയ്യാൻ പ്രയാസമാകുംവണ്ണം അന്തരീക്ഷത്തെ ധൂമപരിപൂരിതമാക്കിച്ചെയ്യുന്ന ചില പുരുഷന്മാരെക്കൊണ്ടും, നിബിഡമായിരിക്കും. ആണ്ടിൽ ഒരിക്കൽ ഞങ്ങൾ പെംബ്രോക്ക സൎവ്വകലാശാലയിലും കേംബ്രിഡ്ജ് സൎവ്വകലാശാലയിലും ചെന്നു് അവിടത്തെ പ്രാഥമിക വിദ്യാൎത്ഥികളോടൊന്നിച്ചു താമസിക്കുക പതിവായിരുന്നു. ഉച്ചകഴിഞ്ഞിട്ട ക്രിക്കററു് മത്സരക്കളികൾ നടത്തിയിട്ട ഒരു സദിരിന്റെ ശേഷം ഞങ്ങൾ വോൾവെത്തിൽ എത്തുമ്പോഴേയ്ക്കു ഏകദേശം പാതിരാ ആകുക പതിവാണു്.

പുരുഷന്മാരിലും അധികമായിട്ട കോളേജുമിഷ്യൻ സന്ദൎശിച്ചതു വനിതകളായിരുന്നു. അവരുടെ യോഗങ്ങൾ ഉച്ചയ്ക്കുശേഷമാണു നടത്തിയിരുന്നതു്. ഞായറാഴ്ച ഒഴിച്ചുള്ള പല ദിവസങ്ങളിലും മാതൃസംഘങ്ങൾ നടത്തിക്കൊണ്ടിരുന്നതു മിസ്സ് ലാംഗിലിയും മിസ്സ് വെസ്ററും ആണു്. ഓരോ ആഴ്ചയും അവർ ഒരു പെട്ടിയിൽ നിക്ഷേപിച്ചിരുന്ന ദ്രവ്യംകൊണ്ട നാട്ടുംപുറങ്ങളിൽ ഉള്ളവരെ സാഹായിച്ചുവന്നു.

ഏകോദരസഹോദരഭാവത്തോടുകൂടിയ ഒരു ലോകത്തിൽ ജീവിക്കുന്നതു് ആനന്ദസന്ദായകവും സമാകൎഷണീയവുമാണു്. ഉരുണ്ടുയരുന്ന ഓരോ തിരയുടേയും മുകളിൽ കുതിച്ചുകയറുമ്പോൾ ഒരുവനുണ്ടാകുന്ന സന്തോഷം എത്രയാണു്. ജീവരക്തംകൊണ്ടു് അവന്റെ ധമനികൾ നിറയുന്നതുപോലെ അവനു തോന്നുന്നു. വിവിധപ്രയാസങ്ങളാകുന്ന ചിലന്തികൾ എന്റെ ഹൃദയത്തിന്റെ കോണുകളിൽ കെട്ടിയിരുന്ന മാറാലകൾ സ്വയം ക്ഷാളിതമായി. ഞാൻ അതു അറിഞ്ഞില്ല. എന്റെ പരിസരങ്ങളിൽ ഒരു പുതിയ അന്തരീക്ഷം വ്യാപിച്ചു. വീണ്ടും ഞാൻ പുതിയ ജീവൻകൊണ്ട നിറഞ്ഞു.

നവയൌവ്വനം അവിചാരിതമരണം, ഉല്ലാസം അരിഷ്ടത ഇങ്ങനെ സുഖദുഃഖസമ്മിശ്രമായ ഒരന്തരീക്ഷത്തിൽ കേംബ്രിഡ്ജിൽവച്ചു മുമ്പേ ഇല്ലായിരുന്നവണ്ണം സുവിശേഷം എനിക്കു യഥാൎത്ഥമായിത്തീൎന്നു. കേംബ്രിഡ്ജ് സൎവ്വകലാശാലയുടെ അദ്ധ്യയനശാലയിൽനിന്ന് എന്നെ വിദൂരമാക്കി. ചാററസ് പ്രയറിൻെറ ഈ അഭിനയം എന്നിൽ ഫലിച്ചു. ക്രിസ്തീയസത്യങ്ങൾ എപ്പോഴും യഥാൎത്ഥമുള്ളതും അതു ഏതു ആശയത്തിലൂടെ നാം പ്രസ്പഷ്ടമാക്കുന്നുവോ അതിനോളം തന്നെ തൂക്കമുള്ളതുമാണ്.

ഇപ്രകാരം എൻെറ സ്നേഹിതന്മാരുടെ മദ്ധ്യത്തിൽ ഞാൻ താമസിക്കുമ്പോഴും എൻെറ ഹൃദയത്തിൽ വല്ലാത്ത പോരാട്ടം നടന്നുകൊണ്ടിരുന്നു. ക്രിസ്തുവിൻെറ ദൎശനത്തിനുവേണ്ടി ഞാൻ ജാഗരൂകനായിരുന്നു. സാധുജനഹൃദയനിൎഗ്ഗളിതമായ നന്ദി ഞാൻ പ്രതിഗ്രഹിച്ചു മുമ്പോട്ടു പോകുമ്പോഴും എൻെറ സ്ഥാനാഭിഷേകത്തെക്കുറിച്ചുള്ള ചിന്തയാൽ ഞാൻ പ്രകമ്പിതമാനസനായിട്ടാണു വൎത്തിച്ചിട്ടുള്ളതു്.

ക്രിസ്തുവിനെ ജീവനായിട്ടും മാൎഗ്ഗമായിട്ടും മാത്രം കാണുന്നതിനല്ല ഞാൻ ആഗ്രഹിച്ചതു്. അവനെ സത്യമായിട്ടു സാക്ഷാൽക്കരിക്കാതെ എൻെറ ഹൃദയത്തിനു ശാന്തി ലഭ്യമാകയില്ലായിരുന്നു. അതായതു വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും എന്നോടുതന്നെ സത്യസന്ധനായിരിക്കണമെന്നുതന്നെ എനിക്കു നിൎബ്ബന്ധമുണ്ടായിരുന്നു. ഇതു സാധിതമായെങ്കിൽ മാത്രമേ അദ്ദേഹത്തിൻെറ ശിഷ്യപദത്തിൽ സ്വയം അഭിമാനിക്കുന്നതിന് എനിക്കവകാശമുണ്ടായിരുന്നുള്ളു.

സ്ഥാനാഭിഷേകത്തെക്കുറിച്ചു ഞാൻ ചിന്തിച്ച ഓരോ വേളയിലും സ്ഥാനാൎത്ഥി ചൊല്ലേണ്ടതായിട്ടു പ്രാൎത്ഥനാപുസ്തകത്തിൽ നിൎദ്ദേശിച്ചിരിക്കുന്ന ആ പ്രാൎത്ഥന എന്നെ വല്ലാതെ പ്രയാസപ്പെടുത്തി. ആ വാഗ്ദത്തത്തിന് ഓരോരുത്തരും ഒപ്പുവെയ്ക്കേണ്ടിയിരുന്നു. എൻെറ വിശ്വാസമനുസരിച്ചു ഒപ്പുവെയ്ക്കാൻ നിവൃത്തി ഇല്ലാത്ത ചില സംഗതി അതിൽ രേഖ

പ്പെടുത്തിയിരുന്നു. ഞാൻ ഒപ്പുവെയ്ക്കുന്നപക്ഷം എത്രത്തോളം പരമാൎത്ഥമുണ്ടായിരിക്കുമെന്നും ഞാൻ സംശയിച്ചു. എന്തായാലും സാധുക്കളുടെ ഇടയിൽ വേല ചെയ്യുന്നതാണ് എന്നെക്കുറിച്ചുള്ള ദൈവഹിതം എന്ന് എനിക്കറിയാമായിരുന്നു. കുറച്ചുനാളേക്ക് ഈ വിശ്വാസത്തിനു ഒപ്പുവച്ചുകൊടുക്കുന്നതിന് എനിക്കു നിവൃത്തി ഇല്ലായിരുന്നു. ഒടുവിൽ ഞാൻ അതിനൊപ്പുവെച്ചപ്പോഴും അതിലെ സംഗതികളും ഞാൻ അംഗീകരിച്ചിരുന്നില്ല. ഞാൻ പിന്നെയും സംശയഗ്രസ്തനായിരുന്നു. കാലചക്രഗതിയിൽ പെട്ടു അതു തേഞ്ഞുമാഞ്ഞു് പോകുന്നതിനുപകരം ശക്തങ്ങളായിത്തീൎന്നു.

ആ വിശുദ്ധ ശുശ്രൂഷയെക്കുറിച്ചുതന്നെ എനിക്കു ഓൎമ്മ വരുന്നു. ഞാൻ മുട്ടുകുത്തി അവിശ്വാസമെന്നു സങ്കല്പിച്ചിരുന്നതിനെക്കുറിച്ചു അനുതപിച്ചു. പക്ഷെ പ്രാൎത്ഥനാമദ്ധ്യത്തിലും സംശയങ്ങൾ എന്നിലേക്കു തള്ളിക്കയറിക്കൊണ്ടിരുന്നു. ദിവ്യശുശ്രൂഷ ദീൎഘിച്ചുകൊണ്ടിരുന്നു. "സമാധാനം സുവിശേഷിക്കുന്നവരുടെ പാദങ്ങൾ എത്ര എത്ര മനോഹരം" എന്ന പ്രതിവാക്യഗീതത്തോടുകൂടി ഞാൻ തല ഉയൎത്തി. അതിൻെറ ശേഷം പ്രതിഷ്ഠയുടെ പ്രാൎത്ഥനയായിരുന്നു. എൻെറ ഗുരുവും യജമാനനുമായ ക്രിസ്തുവിനു, എന്നെ പരിപൂൎണ്ണമായി പ്രതിഷ്ഠിച്ചതുകൊണ്ടുള്ള സന്തോഷം എൻെറ സകല ഭീതികളേയും ഹനിച്ചുകളഞ്ഞു. എൻെറ ശരീരാത്മദേഹികളേയും അദ്ദേഹത്തിൻെറ ശുശ്രൂഷയ്ക്കായിട്ടു, ആ ദിവ്യപാദാരവിന്ദങ്ങളിൽ ഞാൻ സമൎപ്പിച്ചുകഴിഞ്ഞു.

ഈ ആനന്ദം, എൻെറ ആകുലചിന്തകളാകുന്ന ഭാരച്ചുമടുകളെ നീക്കി, ഏകാഗ്രചിത്തനായി അദ്ദേഹത്തെ സേവിക്കുന്നതിനു എനിക്കു ശക്തിനൾകി. കോളജു മിഷ്യനിലെ വേലയിലും അതു പ്രതിഭാസിക്കുന്നുണ്ടായിരുന്നു.

മിഷ്യൻ ഡിസ്ട്രിക്ടിൽ എനിക്കു പരിചയമുള്ള മദ്യപയായ ഒരു സ്ത്രീ ഉണ്ടായിരുന്നു. മുപ്പതുവൎഷത്തിനുള്ളിൽ അവൾമദ്യപിക്കാത്ത ഒരാഴ്ചപോലും ഇല്ല എന്നായിരുന്നു

ജനശ്രുതി. തൻനിമിത്തം അവൾ പൊറുക്കാത്ത വ്യാധിയാൽ ബാധിതയായിത്തീൎന്നിരുന്നു. ഒരു ശുശ്രൂഷാവസാനത്തിൽ അവൾ സുബോധമില്ലാതെ ദൈവത്തിനായിട്ടു സമൎപ്പിക്കുന്നതിനു മുമ്പോട്ടുവന്നു. ആ അവസ്ഥയ്ക്കു അവളെ അതിൽ സംബന്ധിപ്പിക്കുന്നതിനു് ഞാൻ ശങ്കിച്ചു. എങ്കിലും എത്ര അധഃപതിതരിലും അതിശയങ്ങൾ പ്രവൎത്തിക്കുന്നതിനു ദൈവകൃപയ്ക്കു കഴിയും എന്നു എന്നെ എന്തോ ഉൽബോധിപ്പിച്ചു. ഞാനും അവളോടൊരുമിച്ചു മുട്ടുകുത്തി. അന്നുമുതൽ ഒരു പുതിയ ജീവിതം നയിക്കണമെന്നുള്ള നിശ്ചയത്തോടുകൂടി അവൾ സ്വഗൃഹത്തിലേക്കു മടങ്ങുകയും ചെയ്തു. അവൾ പോകുന്നതിനു മുമ്പേ പിറേറദിവസത്തെ പ്രഭാതശുശ്രൂഷയ്ക്കു വരണമെന്നു ഞാൻ പറഞ്ഞു. അവൾ സുബോധത്തോടുകൂടി വീണ്ടും വരികയും അനുതാപത്തേയും വിശ്വാസത്തേയും ഏററുപറകയും ചെയ്തു. അവൾ മുമ്പോട്ടു തന്നെ ഗമിച്ചു. അവളുടെ സ്വഭാവം പാടെ വ്യത്യാസപ്പെട്ടു.

"ഇന്നലെനാംകണ്ട തേവിടിപ്പെണ്ണല്ലി-
തിന്നിവൾചാരിത്രചാരുമൂൎത്തി!
ഒററനാൾകൊണ്ടൊക്കെ മാറിമറിഞ്ഞിവൾ
മറെറാരുജന്മംജനിച്ചപോലായ്"

ദിവ്യകൃപ അവളെ പാപ പാശബന്ധത്തിൽ നിന്നു് വിമുക്തയാക്കിയിരിക്കുന്നു.

ഈ വിധങ്ങളായ സന്തോഷങ്ങൾ എൻെറ സംശയത്തേയും ഭയത്തേയും എന്നിൽ നിന്നു ബഹിഷ്കരിച്ചു. കൎത്താവായ യേശുക്രിസ്തുവിൻെറ കൃപയും ദൈവത്തിൻെറ കൃപയും പരിശുദ്ധാത്മാവിൻെറ സ്നേഹവും ഞങ്ങളുടെ ഇടയിൽ ദൃശ്യമായി. മാനുഷികമായ ഏതു വിശ്വാസസമ്മതത്തെക്കാളും അഭിനന്ദനീയമായുള്ളതു് ഈ അനുഭവമാണു്.

ആ കാലത്തെ ഈ സംശയങ്ങളിൽ നിന്നു വിമുക്തനായതിൻെറ ശേഷവും മററു മാൎഗ്ഗങ്ങളിൽ മനഃസാക്ഷി എന്നെ കുത്തിക്കൊണ്ടിരുന്നു. എനിക്കു ലജ്ജയോടുകൂടിയല്ലാതെ

പ്രസ്താവിപ്പാൻ നിവൃത്തി ഇല്ലാത്ത രണ്ടു സംഗതികളുണ്ടായിരുന്നു. വല്ല നിവൃത്തിയുമുണ്ടെങ്കിൽ ഞാൻ അതു വിട്ടുകളയുമായിരുന്നു. സ്വന്ത ഇഷ്ടമനുസരിച്ചു അങ്ങനെ ചെയ്യുന്നതു് എനിക്കു അസുഖഹേതുകവുമത്രെ. ചില സന്ദർഭങ്ങളിൽ അവ ചൊല്ലുന്നതിനും ഞാൻ നിർബന്ധിതനായിട്ടുണ്ടു്.

അതിൽ ഒന്നു് സങ്കീർത്തനങ്ങളെ സംബന്ധിച്ചായിരുന്നു. ഒരു മാസത്തിൽ പല ദിവസങ്ങളിലെ ആരാധനയിൽ ദ്വേഷിക്കയും പ്രതികാരത്തിനുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്ന ചില സങ്കീർത്തനങ്ങൾ ചൊല്ലേണ്ടതായ്‌വരും. അതു ഏതെല്ലാം സന്ദർഭങ്ങളിലാണു വരുന്നതെന്നു എനിക്കു നിശ്ചയമുണ്ടായിരുന്നു. ഗിരിപ്രഭാഷണവും നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരെയും സ്നേഹിക്ക എന്ന തങ്കപ്രമാണവും ആദർശമായിരിക്കുന്ന ഒരു സഭായോഗത്തിൽ അതു ദൈവദൂഷണമെന്നു ഞാൻ കരുതി.

രണ്ടാമത്തെ തടങ്ങൽപാറ ശിക്ഷാവിധി വാചകങ്ങളെന്നറിയപ്പെടുന്ന വാചകങ്ങളോടുകൂടെ ആരംഭിക്കുന്ന അത്താനാസ്യോസിന്റെ വിശ്വാസപ്രമാണമായിരുന്നു. മതപ്രതിപാദിതങ്ങളായ ലേഖനങ്ങളിൽ 'വിശുദ്ധ വേദരേഖകൾ കൊണ്ടു തെളിയിച്ചിട്ടുള്ളതിനാൽ ആരും അംഗീകരിക്കയും വിശ്വസിക്കയും ചെയ്യേണ്ട മൂന്നു വിശ്വാസപ്രമാണങ്ങൾ' എന്നാണു് ഇതിനു നാമകരണം ചെയ്തിരിക്കുന്നതു്.

വിശ്വാസം ഏററുപറച്ചിലിനു പകരം ഈ വിശ്വാസപ്രമാണത്തെ ഒരു സ്തോത്രഗീതമായിട്ടു സ്വീകരിക്കാവുന്നതാണു് എന്നു സ്ഥാപിക്കുന്ന ന്യായങ്ങളേയും ഞാൻ അവഗണിച്ചു. ഈ ന്യായം എനിക്കു ഹൃദിസ്ഥമായിരുന്നെങ്കിലും അതിന്റെ ആദ്യവാചകത്തിൽ പ്രസ്താവിച്ച വിശ്വാസികളുടെ മേലുള്ള ശിക്ഷാവിധി കർണ്ണാരുന്തുദമായിത്തന്നെ സ്ഥിതി ചെയ്തിരുന്നു. ഒരു ദൈവപുരുഷനെന്നവണ്ണം ഞാൻ ആദരിച്ചിരുന്ന ബിഷപ്പ് വെസ്റ്റ്ക്കോട്ടിനെപ്പോലുള്ള മഹാത്മാക്കൾക്കു ഐതിഹാസികമായിട്ടു (ചാരിത്രികവില കല്പിച്ചു) ചൊല്ലുവാൻ കഴിയുമല്ലോ എന്നു ഞാൻ എന്നോടുതന്നെ സ

മാധാനം പറയുന്നുണ്ടായിരുന്നു. പക്ഷെ അതും എനിക്കു അംഗീകാര്യമായിത്തോന്നിയില്ല. ഞാൻ പാലിച്ചുകൊണ്ടിരുന്ന സാധുജനതയ്ക്കു ബിഷപ്പിനെപ്പോലെ ചാരിത്രികമായി പരിശീലനം ലഭിച്ചിട്ടുമില്ലായിരുന്നല്ലോ.

ഇപ്രകാരം കോളേജു മിഷ്യൻവേലയുടെ ചിത്രത്തിൻെറ മങ്ങിയ വശവും ശോഭായമാനമായ വശവും അതുപോലെ തന്നെ വിഷമങ്ങളും സന്തോഷവും ഒരുപോലെ ചിത്രീകരിക്കുന്നതു ആവശ്യമായിത്തീൎന്നു. സൎവ്വവും വിനിയോഗിച്ച സാധുക്കളുടെ ഇടയിൽ ക്രിസ്തുവിൻെറ മഹനീയശുശ്രൂഷ നടത്തുന്നതുകൊണ്ടു ഞാൻ അധികം സന്തോഷിച്ചു. ഓരോ പ്രഭാതത്തിലും വിശുദ്ധ സംസൎഗ്ഗം നടത്തുമ്പോൾ സ്നേഹമാകുന്ന സഖ്യവും ഞാൻ പുതുക്കിക്കൊണ്ടിരുന്നു. എങ്കിലും പിന്നെയും പഴയ സംശയങ്ങൾ എന്നെ ഉപദ്രവിച്ചു. ചിന്താകുലപ്പെട്ടു അസമയമാകുന്നതുവരെയും ഉറക്കൊഴിഞ്ഞു ഞാൻ പട്ടം ഏല്ക്കേണ്ടതാവശ്യമായിരുന്നൊ എന്നു് സന്ദേഹിക്ക പതിവാണു്. ഉടൻതന്നെ ഞാൻ പിരിഞ്ഞിട്ടു ആളാംപ്രതി വേലയെക്കുറിച്ചു ചിന്തിക്കുമായിരുന്നു. വിശ്വസ്തനായിരിക്കുന്നതിനു ദൈവം എന്നെ വിളിച്ചുകൊണ്ടിരിക്കുന്ന ശബ്ദത്തെ അവഗണിച്ചു അവിശ്വാസിയാകുന്നതുകൊണ്ടു ഞാൻ എന്നെത്തന്നെ ശപിച്ചു.

ഇങ്ങനെ എൻെറ മനസ്സിലുണ്ടായിക്കൊണ്ടിരുന്ന പ്രക്ഷോഭണങ്ങൾ ഒരു ദീൎഘദീനമായിട്ടു പരിണമിച്ചു. എന്നെ സന്ദൎശിച്ച ഭിഷഗ്വരന്മാർപോലും അത്ഭുതപ്പെട്ടു. നിസ്സാരമായ ഒരു പനിയും ഉറക്കക്കുറവുമല്ലാതെ ദീനലക്ഷണങ്ങളൊന്നും കാണപ്പെട്ടില്ല. വിവിധ വ്യാപാരകേന്ദ്രമായ ലണ്ടൻ നഗരിയിലെ ഗതാഗതത്തിൽ കഠിനപ്രയത്നംകൊണ്ടു സുഖമായിരിക്കാൻ നിവൃത്തിയുമില്ലായിരുന്നു.

കേംബ്രിഡ്ജു് കോളേജിൽ ഒരദ്ധ്യാപകനായിട്ടു ചെല്ലണമെന്നു എനിക്കു ക്ഷണം ലഭിച്ചു. എന്നാൽ ആ സാധുക്കളുടെ മദ്ധ്യത്തിൽ വസിക്കണമെന്നായിരുന്നു എൻെറ ആഗ്രഹം. വിയോഗദുഃഖം അപാരമായിരുന്നു. ഒരവധിക്കാലത്തു ഞാൻ

മിസ്റ്റർ പ്രയറിനോടും വെസ്റ്റ്ക്കോട്ടിനോടും ഒരുമിച്ച യോക്ഷ് ഷെയറിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ, രോഗവിമുക്തനാകുന്നതു പ്രയാസമാണെന്നു മനസ്സിലായി. ഡോക്ടറന്മാരുടെ നിർദ്ദേശാനുസരണം കോളജ്ജ് മിഷ്യൻ വിടുന്നതിനു ഞാൻ നിർബന്ധിതനായി.

ഞാൻ കേംബ്രിഡ്ജിൽ എത്തി അധികനാൾ കഴിയുന്നതിനു മുമ്പുതന്നെ മിസ്റ്റർ പ്രയർ ഒരു തീവ്രവ്യാധിക്കധീനനായി. അതു ശസ്ത്രക്രിയ നടത്താൻ പാടില്ലാത്ത കവിൾവാപ്പ്പായിരുന്നു. എൻെറ ജീവിതത്തിൽ ആദ്യമായിട്ടു ദുഖഃമായ സങ്കടത്തിനു എന്നെ വിധേയനാക്കിയതു് അദ്ദേഹത്തിൻെറ നിര്യാണമത്രേ.

ജീവിതത്തിൻെറ അന്ത്യഘട്ടം സമീപിച്ച അവസരത്തിൽ അദ്ദേഹത്തിൻെറ അന്തരാത്മാവിൽ പ്രകാശിച്ചിരുന്ന യേശുക്രിസ്തുവാകുന്ന ദിവ്യദീപ രശ്മികന്ദളങ്ങൾ നിർമ്മല മുഖദർപ്പണത്തിലൂടെ പ്രതിബിംബിച്ചു. കഠിനവേദനയിൽ ഈ കാന്തി പ്രവൃദ്ധമായതേ ഉള്ളു.

അദ്ദേഹത്തിൻെറ അത്യന്തവാത്സല്യത്തിനു് പാത്രീഭൂതരായ വോൾവത്തിലെ സാധുക്കൾക്കുള്ള ഒരു സന്ദേശം അദ്ദേഹം എന്നെ ഏല്പിച്ചു.

“പക്ഷേ അവരിൽ ചിലരുടെ രോഗശയ്യയിൽ ആശ്വാസപ്രദമായിരിക്കാവുന്നതുകൊണ്ടു് ഇതു അവരോടു പറയണം. അവസാന സംസർഗ്ഗത്തിൽ. ക്രിസ്തുവാകുന്ന മുന്തിരിയേക്കുറിച്ചുള്ള ചിന്തയാകുന്നു എന്നിൽ പ്രധാനമായിരിക്കുന്നതു്. ക്രിസ്തുവിൻെറ ജീവരസം കൊമ്പുകളിൽക്കൂടി ഒഴുകിക്കൊണ്ടിരിക്കുന്നു. മററാക്കും അറിയുവാൻ നിവൃത്തിയില്ലാത്ത അനേക ബലഹീനതകൾ എന്നിലുണ്ടെങ്കിലും ഞാൻ ആ സത്യമുന്തിരിച്ചെടിയുടെ ഒരു ജീവശിഖരമാണെന്നു എനിക്കു ധൈര്യമുണ്ടു്. രോഗശയ്യാവലംബിയായിരിക്കുന്ന ഈ സമയത്തും ഈ ചിന്ത എന്നെ കുതൂഹലചിത്തനാക്കുന്നു. എൻെറ ബാഹ്യമനുഷ്യൻ ദിനേ ദിനേ നശിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും അകത്തെ മനുഷ്യൻ പൂർവ്വാധികം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു.” എന്നു് അദ്ദേഹം എന്നോടു പറഞ്ഞു.

യേശുവിലുള്ള അവന്റെ വിശ്വാസത്തെക്കുറിച്ചു പൂൎണ്ണ ധൈൎയ്യമുണ്ടായിരുന്നതുകൊണ്ടു അവന്റെ ഭാൎയ്യ സുസ്മേരവദന യായിത്തന്നെ വൎത്തിച്ചു. മരണത്തിന്മേലുള്ള വിജയത്തിൽ ഭാഗഭാക്കാകുന്നതിനു അവളും സന്നദ്ധയായിരുന്നു. ശവക്കല്ലെറയ്ക്കൽനിന്നു തിരിച്ചുവന്ന സന്ധ്യയിൽ അവൾ കുട്ടികളെ സമീപത്തണച്ച് പാട്ടു പാടിക്കൊണ്ടിരുന്നു.

ആ ദിവ്യഗാനങ്ങൾ തന്റെ പ്രിയതമനു വളരെ താല്പൎയ്യമുള്ളവയായിരുന്നു. ഹാ! എത്ര മഹനീയകൃത്യം! അവൾ എന്റെ അമ്മയാണോ എന്നു ഞാൻ സംശയിച്ചുപോയി. ഞാൻ അവിടെ ഇരുന്നപ്പോൾ ബാല്യകാലചിന്തകൾ എന്നിലേക്കു തള്ളിക്കയറി. പക്ഷെ ആ കുഞ്ഞുങ്ങൾക്കുണ്ടായതുപോലുള്ള ഒരു നഷ്ടം എനിക്കുണ്ടായിരുന്നില്ല. എന്റെ മാതാപിതാക്കൾ അപ്പോഴും സുഖശരീരികളായിരുന്നു.

കോളെജിൽ എനിക്കുണ്ടായിരുന്ന സുഹൃത്തുക്കളിൽ പ്രഥമനായ ബെയിസ്സിൽവെസ്റ്റ്കോട്ട് ഒരു മിഷ്യനറിയായി ഡൽഹിയിലേക്കു പോയിരുന്നു. അവിടെയുള്ള അനുഭവങ്ങളെക്കുറിച്ച് അദ്ദേഹം എന്റെ പേൎക്കു തുടരെ എഴുതിക്കൊണ്ടിരുന്നു. സെൻറ് സ്റ്റീഫൻസ് കോളെജിലെ വൈസ്പ്രിൻസിപ്പാലായ സുസിൽകുമാരരുദ്ര എന്ന മഹാത്മാവ് അദ്ദേഹത്തിന്റെ ആപ്തമിത്രമായിത്തീൎന്നു. മൂന്നു കുഞ്ഞുങ്ങളെ വിട്ടിട്ട് അദ്ദേഹത്തിന്റെ ഭാൎയ്യ പരലോകപ്രാപ്തയായിക്കഴിഞ്ഞു. അവളുടെ വിയോഗത്തിൽ ബെയിസ്സിലും അനുശോചിച്ചു. അവരുടെ സ്നേഹബാന്ധവം ലളിതമധുരമായിരുന്നു.

അതിന്റെശേഷം ദുഃഖഹേതുവായ ഒരു വേൎപാടുണ്ടായെങ്കിലും അതു മഹനീയമായി തോന്നി. ഡൽഹികോട്ടയിൽ കോളറാബാധിതനായ ഒരു ബ്രിട്ടീഷ്പടയാളിയെ ശുശ്രൂഷിക്കുന്നതിനു പോകാൻ ബെയിസ്സിൽ നിൎബ്ബന്ധിതനായി. വേണ്ട ശരീരാരോഗ്യം ഇല്ലായിരുന്നതുകൊണ്ട് അദ്ദേഹവും രോഗിയായി. സുസിൽ അദ്ദേഹത്തിന്റെ സമീപത്തുണ്ടായിരുന്നതുകൊണ്ട് എനിക്ക് അന്ത്യസന്ദേശമയച്ചു.

ഇങ്ങനെ കേംബ്രിഡ്ജിലുള്ള എൻെറ ജീവിതകാലത്തു വാത്സല്യഭാജനങ്ങൾ തുടരെത്തുടരെ മരിച്ചതുകൊണ്ടു ഞാൻ മരണനിഴലുകളുടെ താഴ്വരയിൽക്കൂടി യാത്രചെയ്തു. ആ വഴി എനിക്കു സുപരിചിതമായിത്തീർന്നു.

ഈ ദിവസങ്ങളിൽ അത്ഭുതപൂർവ്വമായവിധത്തിൽ ക്രിസ്തുവും അദൃശ്യലോകവും എനിക്കു യഥാർത്ഥങ്ങളായിത്തീൎന്നു. എൻെറ ആത്മമിത്രങ്ങളുടെ മരണശയ്യയെ സമീപിച്ചപ്പോൾ എനിക്കു ചെറുപ്പത്തിലുണ്ടായിരുന്ന സംശയങ്ങളെല്ലാം അപ്രത്യക്ഷമായി. ദൈവസംസൎഗ്ഗം എന്നിൽ ദൃഢമായിത്തീൎന്നു. സംശയനിവാരണാർത്ഥം എൻെറ സമീപത്തു വന്ന കോളജുവിദ്യാർത്ഥികളോടു ഞാൻ എൻെറ അനുഭവങ്ങൾ തുറന്നു പറഞ്ഞു. ക്രിസ്തു എനിക്കു സകലത്തിലും സകലവും ആയി പരിണമിച്ചിരിക്കുന്നു. വെസ്റ്റ്കോട്ടിൻെറ മരണാനന്തരം വേലസ്ഥലത്തേക്കു പോകുന്നതു ക്രിസ്തുവിനോടു് അധികം സമീപിക്കുന്നതിനുള്ള ഒരു മുഖാന്തിരമായിരിക്കുമല്ലോ എന്നു ഞാൻ വിചാരിച്ചു. ആദ്യകാലങ്ങളിൽ ക്ലേശഭൂയിഷ്ഠമായ മദ്ധ്യആഫ്രിക്കയിലേക്കു ഞാൻ ആകർഷിക്കപ്പെട്ടു. എന്നാൽ വെസ്റ്റ്കോട്ടു ഡൽഹിയിൽവച്ചു നിര്യാതനാകയാൽ അവിടെ അദ്ദേഹത്തിൻെറ സ്ഥലം ഒഴിഞ്ഞുകിടക്കുന്നു. അതുകൊണ്ടു് അവിടേക്കുതന്നെ പോകണമെന്നു നിശ്ചയിച്ചു. കോളജിലെ ജോലിയിൽനിന്നു എപ്പോൾ വിമുക്തനാകാം എന്നൊരു പ്രശ്നം മാത്രമേ ഇനിയും ശേഷിച്ചിട്ടുള്ളു. അവസാനമായിട്ടു കേംബ്രിഡ്ജിലെ എൻെറ ഒരു പൂർവ്വസ്നേഹിതനായിരുന്ന ഡാക്ടർ റൈൽ (Ryle) ഈ സംഗതി തീർച്ചയാക്കി.

"നിങ്ങൾക്കു ഇപ്പോൾ മുപ്പത്തിമൂന്നു വയസ്സുണ്ടല്ലൊ; ഈ പ്രായത്തിലാണല്ലൊ ക്രിസ്തു അദ്ദേഹത്തിൻെറ വേല അവസാനിപ്പിച്ചതു്. ഇൻഡ്യയാണു വേലസ്ഥലമായിട്ടു തിരഞ്ഞെടുക്കുന്നതെങ്കിൽ ഒരു നിമിഷംപോലും താമസിക്കരുതു്. കാലംകഴിയുംതോറും കോളജിൽനിന്നു പിരിയുന്നതു പ്രയാസമായിവരും. കലപ്പയ്ക്കു കൈ വച്ചശേഷം പിൻപോട്ടു നോക്കുന്നവൻ ദൈവരാജ്യത്തിനു യോഗ്യനല്ല" എന്നു അദ്ദേഹം

എന്നെ ഉപദേശിച്ചു. ഈ വാക്ക എന്നെ ധൈൎയ്യപ്പെടുത്തി. എന്നെ വിളിച്ചിരിക്കുന്നു എന്ന് എനിക്കു നിശ്ചയമായി. ദൈവമാണ് അദ്ദേഹത്തിൽക്കൂടി എന്നോടു സംസാരിച്ച തെന്നുള്ളതിനു എനിക്കൊരു സംശയവുമില്ല.

ഈ സ്വാതന്ത്ര്യത്താൽ സന്തോഷഭരിതനായതുകൊണ്ടു പല വൈഷമ്യങ്ങളും ഞാൻ നിഷ്പ്രയാസം തരണംചെയ്തു. 1904-ഫെബ്രുവരിയിൽ ഞാൻ ബോംബെയിലേക്കു കപ്പൽ കയറി. (എന്റെ മാതാപിതാക്കന്മാർ യാതൊരെതിരും പറയാതെ എന്നെ അനുഗ്രഹിച്ചയച്ചു.)

കേംബ്രിഡ്ജിൽവച്ചുണ്ടായ ഒരു അസാധാരണ സംഭവം എന്റെ ക്രിസ്തീയജീവിതത്തെ നല്ലപോലെ സ്പൎശിച്ചു. അ ക്കാലത്തു ഞാൻ അദൃശ്യമായ ലോകത്തെക്കുറിച്ചുള്ള ബോധ ത്തോടുകൂടി ജീവിച്ചുകൊണ്ടാണിരുന്നതു്. അന്നത്തെ എ ന്റെ സഖാക്കൾ കഠിനമായ രോഗം, മരിക്കാറായവരുടെ അ ന്ത്യസന്ദേശങ്ങൾ, മരണം മുതലായവയായിരുന്നു. ഒരു ശര ൽക്കാല സന്ധ്യാവേളയിൽ ഞാൻ കോളജിൽ ഒരു സ്ഥല ത്തു നില്ക്കുകയായിരുന്നു. സൎവ്വത്ര ശാന്തത വ്യാപിച്ചിരു ന്നു. കുർബാനക്കുപ്പായവുമിട്ടു വിശുദ്ധ ദ്രവ്യങ്ങളും വഹിച്ചു കൊണ്ടു എന്റെ സമീപത്തേക്കു ഒരാൾ വരുന്നതു ഞാൻകണ്ടു. അതു സെൻറ് മേരീസ് പള്ളിയിലെ വികാരിയായിരുന്നു. കോളജിൽ ദീനമായികിടക്കുന്ന ആൎക്കോ വിശുദ്ധ സക്രമന്തു കൊണ്ടുവരികയാണെന്നു ഞാൻ വിചാരിച്ചു. ഒട്ടും അത്ഭുത പ്പെടാതെ ഞാൻ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. അവിടെ അപ്രകൃതമായി എന്തെങ്കിലുമുണ്ടെന്നു എനിക്കു തോന്നിയില്ല. എന്റെ മനസ്സും നിശ്ചലമായിരുന്നു. ഞാൻ നില്ക്കുന്ന സ്ഥലത്തുകൂടെ അദ്ദേഹം കടന്നുവരികയാണെങ്കിൽ ബഹുമാ നപുരസ്സരം വഴി ഒഴിഞ്ഞുകൊടുക്കുന്നതിനു ഞാൻ തയ്യാറാ യിനിന്നു. കോളജിൽ ആരായിരിക്കാം അത്യാസന്നമരണ നായി കിടക്കുന്നതെന്നോൎത്തു് ഞാൻ അൽഭുതപ്പെട്ടു നിന്നി രുന്നു. ആ രൂപം മുമ്പോട്ടു വരുന്നതിനു പകരം പഴയ മുഖ പ്പിന്റെ വാതിലിന്റെ നേൎക്കു തിരിഞ്ഞു മറഞ്ഞു പോയി.

അതിൻെറശേഷം ആ വാതിൽ മുമ്പിലത്തെപ്പോലെതന്നെ ലതകൾ മൂടി കിടക്കുന്നതു ഞാൻ കണ്ടു.

അതു അകത്തുനിന്നുണ്ടായ ഒരു ദർശനമാണെന്നു കുറേക്കഴിഞ്ഞുമാത്രമേ ഞാൻ ഗ്രഹിച്ചുള്ളു. അങ്ങിനെയുള്ള ഒരു രൂപം പ്രത്യക്ഷപ്പെടത്തക്കവണ്ണം ഞാൻ ചിന്തിക്കാഞ്ഞതുകൊണ്ടു അതെൻെറ മന്ദപ്രജ്ഞയിൽ (Sub concious level of mind) നിന്നുണ്ടായതായിരിക്കാം. ഏതായാലും ഒരു ബാഹ്യസംഭവംപോലെയാണു ഇനിക്കു ബോധപ്പെട്ടതു്. അതിൻെറ ശേഷം വളരെക്കാലത്തേ മാംസചക്ഷസ്സുകൾക്കു അപ്രാപ്യമായിരിക്കുന്ന യാഥാർത്ഥ്യങ്ങളെ മുറുകെ പിടിക്കുന്നതിനു ആ ദർശനം എന്നെ വളരെ സഹായിച്ചു. ദൈവത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും അമർത്ത്യതയെക്കുറിച്ചുമുള്ള യാഥാർത്ഥ്യങ്ങൾ നിത്യമായവയെന്നു ഞാൻ കരുതുന്നു.

ഈ ആഭ്യന്തരദർശനങ്ങൾ ബാഹ്യമായ കണ്ണുകൾക്കു വിഷയമാകുന്നതു പക്ഷെ ചിലക്കു നിസ്സാരസംഗതിയായിരിക്കാം: അതുകൊണ്ടു അതു മനസ്സിലടക്കിവച്ചുകൊണ്ടു ചിന്തിക്കേണ്ട സ്വാന്തകാര്യങ്ങളിലൊന്നാണു്. എന്നാൽ എൻെറ ആത്മികശക്തിയുടെ കാരണമായ സന്തോഷത്തെ നിലനിത്തുന്നതിനു ഇങ്ങനെയുള്ള ഒരു അനുഭവം എനിക്കു സഹായമായിരുന്നു.

---

അദ്ധ്യായം 9.

## ഇൻഡ്യായിലെ എൻെറ നൂതനജീവിതം

എൻെറ ജീവിതദശയിൽ രണ്ടാം ജന്മദിനമായി ഞാൻ കരുതുന്ന ഒരു തീയതിയുണ്ടു്. എല്ലാ നല്ല വരങ്ങളുടെയും ദാതാവായ ദൈവത്തോടുള്ള അഗാധമായ കൃതജ്ഞതയോടുകൂടി ഏകദേശം മുപ്പതു് സംവത്സരങ്ങളോളം വഷംപ്രതി ഞാൻ അതു് അനുസ്മരിച്ചുപോരുന്നു. അതു മാർച്ചുമാസം ഇരുപതാം തീയതിയാണു്. 1904-ാമാണ്ടു് പ്രസ്തുത തീയതിയിലത്രെ

ഇദംപ്രഥമമായി ഞാൻ ഭാരതഭൂമിയിൽ കാലെടുത്തുകുത്തി യതും അങ്ങനെ പൌരസ്ത്യനാട്ടുകളിലെ എൻെറ ജീവിതദ ശ ആരംഭിച്ചതും. വടക്കെ ഇൻഡ്യയിൽ പ്രചാരത്തിലിരി ക്കുന്ന ഭാഷകളിൽ മിക്കവയിലും പൊതുവെയുള്ള ഒരുവാക്ക ത്രെ 'ദ്വിജൻ' എന്നുള്ളതു്; അതിൻെറ അത്ഥം രണ്ടാമതു് ജ നിച്ചവൻ എന്നാണു്. എത്രയും വാസ്തവമായ ഒരത്ഥത്തിൽ ഞാൻ ഒരു ദ്വിജനാണു്. കാരണം എൻെറ ജീവിതദശ രണ്ടു തുല്യഭാഗങ്ങളായി പിരിഞ്ഞിരിക്കുന്നു. അതിൻെറ പൂവ്വാ ദ്ധം പാശ്ചാത്യരാജ്യങ്ങളിലും ഉത്തരാദ്ധം പൌരസ്ത്യരാജ്യങ്ങ ളിലുമത്രെ കഴിഞ്ഞുകൂടിയിരിക്കുന്നതു്. പാശ്ചാത്യക്കും പൌ രസ്ത്യക്കും മദ്ധ്യേ നിന്നുകൊണ്ടു്, അന്യോന്യം മനസ്സിലാ ക്കുന്നതിനു് ഇരുകൂട്ടരെയും സഹായിക്കുന്ന ഒരുവൻ എന്നുള്ള അഭിമാനത്തിനു് എനിക്കു് വല്ല അർഹതയുമുണ്ടെങ്കിൽ അ തിൻെറ ആരംഭകാരണം ഇതുതന്നെ. ഞാൻ ഭാരതത്തിലെ ത്തിയ ആ ദിവസം തന്നെ അത്യന്തം ആകർഷകവും എന്നാ ൽ അപരിചിതത്വംകൊണ്ടു് വിഷമകരവുമായ ഒരു നവീന ചിന്താലോകത്തിലേക്കു് പ്രവേശിച്ചതായിട്ടു് എനിക്കു ബോ ധപ്പെട്ടു. പക്ഷെ ഇത്തരം നാനാത്വത്തിനടിയിൽ കിടക്കു ന്ന മനുഷ്യസ്വഭാവൈക്യത്തെപ്പററി നന്നായി പഠിക്കാൻ പി ന്നീടു് എനിക്കു് സാധിച്ചു. എങ്കിലും ആരംഭത്തിൽ എനി ക്കു് ഇതു കാണ്മാൻ പാടില്ലാത്തവണ്ണം നവീന പരിതസ്ഥി തികൾമൂലം എൻെറ കണ്ണു് മങ്ങിപ്പോയി.

പൌരസ്ത്യനാട്ടിൽ മുപ്പതു വർഷക്കാലം കഴിച്ചുകൂട്ടിയ തിൻെറ ഫലമായി എൻെറ മതബോധത്തിൽ ചില പ്രധാ ന തത്വങ്ങൾ മുന്നിട്ടു നിൽക്കുന്നുണ്ടു്. അവയിൽ ഏററവും മുഖ്യമായിട്ടുള്ളതു് എന്തെന്നാൽ ക്രിസ്തുവിൻെറ സാവ്വജനീന ത്വത്തിൽ എനിക്കുണ്ടായിരുന്ന വിശ്വാസം കുറഞ്ഞു കുറഞ്ഞ ല്ല, പ്രത്യുത വദ്ധിച്ചു വദ്ധിച്ചാണു് വന്നതു് എന്നുള്ളതുതന്നെ. ക്രിസ്തുവിൻെറ ദിവ്യത്വവും കൂടുതൽ കൂടുതലായി എൻെറ ദൃഷ്ടിയിൽ പ്രകാശിച്ചുവന്നു. കാരണം ഏഷ്യായിലും യൂറോ പ്പിലുമുള്ള എല്ലാത്തരം സ്വഭാവമഹിമകളുടെയും മൂത്തീകര

ണമായി എനിക്കു് അദ്ദേഹത്തെ കാണാൻ കഴിഞ്ഞു എന്നുള്ളതാണു്.

ഇങ്ങിനെ പൌരസ്ത്യദൃഷ്ട്യാ വിവേചിച്ചു് ക്രിസ്തുവിനെപ്പററി നൂതനമായ പരിജ്ഞാനം സമ്പാദിക്കാൻ എനിക്കു് ഇടയായതിനാൽ അവിടുത്തെ കേവലം പാശ്ചാത്യരീതിയിൽ ചിത്രീകരിച്ചു് വർണ്ണിക്കുന്നതിലുള്ള ന്യൂനതകൾ ചൂണ്ടിക്കാണിക്കുന്നതു് എനിക്കിപ്പോൾ സുസാദ്ധ്യമായിത്തീർന്നിട്ടുണ്ടു്. ക്രിസ്തുവിലുള്ള സമ്പൂർണ്ണതയെ ഗ്രഹിക്കുന്നതിനു് പാശ്ചാത്യരുടെ ആദർശങ്ങളും ആശയങ്ങളും മതിയാകയില്ല എന്നു് എനിക്കു നല്ലപോലെ മനസ്സിലായിക്കഴിഞ്ഞു. ക്രിസ്തുവിൻെറ ചിത്രം പാശ്ചാത്യർ വരച്ചിട്ടുള്ളതിൽ അദ്ദേഹത്തിൻെറ മുഖ്യലക്ഷണങ്ങളിൽതന്നെ ചിലതു് കാണാനില്ല. പൌരസ്ത്യാദർശങ്ങളെയും ആശയങ്ങളെയുംപററി എനിക്കുള്ള പരിജ്ഞാനത്തോടുകൂടെ ക്രിസ്തുവിൻെറ യഥാർത്ഥമായ ഒരു ചിത്രം എന്നെങ്കിലുമൊരിക്കൽ നൂതനമായി വരച്ചുണ്ടാകണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഒന്നാം ശതകത്തിൽ ക്രിസ്തുമതം യൂറോപ്പിലേക്കു കടക്കാതെ ഏഷ്യാഖണ്ഡത്തിൽ മാത്രം പ്രചരിച്ചിരുന്നെങ്കിൽ പൌരസ്ത്യർ വരച്ചുണ്ടാക്കുമായിരുന്ന അവിടത്തെ ചിത്രവും വളരെ അപൂർണ്ണമായിത്തന്നെ ഇരിക്കുമായിരുന്നു. പാശ്ചാത്യർക്കു് അതൊരുനാളും പൂർണ്ണസംതൃപ്തി നൽകി എന്നു വരികയില്ല. അവർ അവരുടെ രീതിക്കു് ഒരു നവീനചിത്രം ചമയ്ക്കുന്നതിനു് തുനിയുമായിരുന്നു.

ക്രിസ്തുവിൻെറ സ്വഭാവത്തിലെ ഏററവും അത്ഭുതകരമായ മാഹാത്മ്യം എന്തെന്നു് ചോദിച്ചാൽ, എല്ലാ വർഗ്ഗക്കാരുടെയും ഉൽകൃഷ്ടഗുണങ്ങൾ മനുഷ്യചരിത്രത്തിൽ മററൊരാളിലും കാണാത്തവിധം അദ്ദേഹത്തിൽ സമ്മേളിച്ചിട്ടുണ്ടെന്നുള്ളതുതന്നെ. പുരാതനലോകത്തിൽ കിഴക്കോട്ടും പടിഞ്ഞാറോട്ടും ഒഴുകിക്കൊണ്ടിരുന്ന രണ്ടു മഹാജീവിതപ്രവാഹങ്ങളുടെ സമ്മേളനസ്ഥലത്തിനടുത്തായിരുന്നു യേശുക്രിസ്തു ജനിച്ചതും തൻെറ ശൈശവപ്രായം കഴിച്ചുകൂട്ടിയതും. ഇങ്ങി

നെ താൻ ജനിച്ചവളൎന്ന സ്ഥലകാലങ്ങൾ മേൽപറഞ്ഞ പ്ര കാരമുള്ള ഒരു സ്വഭാവരൂപവല്ക്കരണത്തിന് സഹായമായിരു ന്നുവെങ്കിലും മനുഷ്യപുത്രനായി ജനിച്ച ക്രിസ്തുവിൻെറ മനു ഷ്യസ്വഭാവത്തെ സാക്ഷാൽ രൂപവൽക്കരിച്ചതു് ഉയരത്തി ൽനിന്നിറങ്ങിയ ദൈവികാഗ്നികണങ്ങളായിരുന്നു.

ഇങ്ങിനെയുള്ള ഒരവകാശവാദം പുറപ്പെടുവിക്കയെന്നു ള്ളതു് ഒട്ടും ലഘുതരമായ ഒരു സംഗതിയല്ല. മുൻകാലങ്ങളി ൽ ഇതുപോലെയുള്ള ഒരു വാദം ശരിയൊ തെററൊ എന്നു് തീർച്ചപ്പെടുത്തുന്നതു് അസാദ്ധ്യമായിരുന്നു. എന്തെന്നാൽ ജ നസാമാന്യത്തെപ്പററിയുള്ള സമ്പൂൎണ്ണമായ ജ്ഞാനം ഈ അ ടുത്ത കാലംവരെയും ലഭിച്ചിട്ടില്ലായിരുന്നു. എന്നാൽ നമ്മു ടെ ഈ തലമുറയിലാകട്ടെ, മനുഷ്യജാതിയുടെ ചരിത്രത്തി ലെ പ്രധാനങ്ങളായ വസ്തുതകളോടു് മേൽപറഞ്ഞ അവകാ ശവാദം അനുരൂപമായിരിക്കുന്നതായി കാണാവുന്നതാണു്. അന്യജാതിക്കാരുമായി ഏററവും അടുത്തു് ഇടപെട്ടിട്ടുള്ള തിനാൽ അവരെപ്പററി അഭിപ്രായം പറയുന്നതിനു് അൎഹ തയുള്ള ആളുകൾ സാക്ഷീകരിച്ചിട്ടുള്ളതു് ലോകത്തിൽ ഏ തൊരു ഭാഗത്തുള്ളവരും ഏതു വംശക്കാരും തങ്ങൾക്കു് പ്ര ത്യേകം പററിയ തത്വങ്ങൾ യേശുക്രിസ്തുവിൻെറ സുവിശേ ഷത്തിൽ കാണുന്നുണ്ടെന്നും തൻെറ സ്നേഹകണം അവരുടെ ഹൃദയങ്ങളെ സ്പൎശിക്കുന്നുണ്ടെന്നും അത്രെ. വിവിധ ജാതിക ളെയും കാലഘട്ടങ്ങളെയും അനുബന്ധിച്ച് മനുഷ്യകുലത്തെ ഏകീകരിക്കുന്ന ഒരു സ്വൎണ്ണപാശമായിട്ടത്രെ ക്രിസ്തുവിൻെറ അത്യുൽകൃഷ്ടസ്വഭാവം തീൎന്നിരിക്കുന്നതു്. "ഈ മനുഷ്യ പുത്രൻ ആരാകുന്നു?" എന്ന ചോദ്യം ഓരൊ തലമുറയിലും ആവൎത്തിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യകുലത്തിൻെറ സമ്പൂ ൎണ്ണമായ ആത്മികവാഞ്ഛകളെ പൂൎണ്ണമായി തന്നിൽതന്നെ മൂൎത്തീകരിച്ചതായി യേശുക്രിസ്തുവിനെ അല്ലാതെ വേറൊ രാളിനെയും ചരിത്രത്തിൽ കാണ്മാനില്ല.

യൂറോപ്പിൽനിന്നു് ഇൻഡ്യയിലേക്കു വന്നതിനു ശേഷം എൻെറ മനസ്സിൽ ശക്തിയായി പതിഞ്ഞ മഹത്തരമായ ഒ

രു ചിന്തയത്രെ ഇതു്. അതുപോലെതന്നെ ദൈവികസംഗതികളുടെ സാരാത്ഥത്തെപ്പററി വേറൊരു തത്വവും എനിക്കു ഗ്രഹിപ്പാൻ സാധിച്ചു. എങ്കിലും അതിപ്പോഴും പൂണ്ണമായി ഗ്രഹിപ്പാൻ സാധിച്ചിട്ടില്ല. പൌരസ്ത്യരിൽനിന്നു് എനിക്കു ലഭ്യമായ താഴെ വിവരിക്കുന്ന സത്യം അപ്രതീക്ഷിതമായ ഒന്നായിരുന്നില്ല. കാരണം ഭാരതീയ മതാദശങ്ങളെ പയ്യവേക്ഷണം ചെയ്തു പഠിച്ചിരുന്ന വെസ്ററുകോട്ടിൻെറ കീഴിൽ ഞാൻ മുമ്പുതന്നെ അദ്ധ്യയനം ചെയ്തിരുന്നു.

ഇംഗ്ലണ്ടിൽവച്ചു് ദൈവത്തെപ്പററി പഠിച്ചിരുന്ന പ്രധാന തത്വം, ദൈവം മനുഷ്യജാതിയുടെ ഒക്കെയും സ്രഷ്ടാവും ഭരണകത്താവുമാണു് എന്നുള്ളതായിരുന്നു. “ആകാശത്തിൻെറയും ഭൂമിയുടെയും സ്രഷ്ടാവായി സവ്വശക്തനായ പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു” എന്നല്ലെ, വിശ്വാസപ്രമാണത്തിൽ നാം ചൊല്ലുന്നതു്. ഇതിൽനിന്നും എൻെറ മനസ്സിൽ സ്വാഭാവികമായി ദൈവത്തെപ്പററി പതിഞ്ഞ ചിത്രം എന്നിൽനിന്നു് അന്യനായി, തൻെറ ശക്തിയാൽ ലോകത്തെ സൃഷ്ടിച്ചവനും ഭൂമിയിലെ രാജ്യങ്ങളുടെമേൽ ഭരണം ചെയ്യുന്നവനും ആയ മഹോന്നതൻ എന്നുള്ളതായിരുന്നു. ഈ വിശ്വാസത്തിൽനിന്നുളവാകുന്ന ഭയഭക്തിയെ കൂടുതൽ ശക്തിമത്താക്കിത്തീക്കുന്ന ഒന്നായിരുന്നു എൻെറ കുടുംബത്തിലെ അഭ്യസനരീതിയും. ഇതിൽനിന്നു വ്യത്യസ്തമായ ഒരു വികാരത്തെ എന്നിലുളവാക്കിയതു് “സ്വഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ” എന്നുള്ള വാക്കുകളായിരുന്നു. ഈ വാക്കുകൾ എന്നെ ക്രിസ്തുവിലേക്കും അവിടത്തെ സ്നേഹത്തിലേക്കും നേരെ കൊണ്ടുചെല്ലുകയും എൻെറ ഭയത്തെ അല്പമായി ശമിപ്പിക്കുകയും ചെയ്തു.

എന്നാൽ ഇൻഡ്യയുടെ ഹൃദയത്തിൻെറ അഗാധതയിലേക്കു ഞാൻ ഇറങ്ങിയപ്പോൾ മനുഷ്യാത്മാവിനുള്ളിൽ ആന്തരികമായി ഈശ്വരസാക്ഷാല്ക്കാരം ലഭിക്കുന്നതിനു സവ്വപ്രാധാന്യം കല്പിച്ചിരിക്കുന്നതായി ഞാൻ കണ്ടു. പാശ്ചാത്യനാടുകളിൽ ദൈവത്തെപ്പററിയുള്ള ഭയഭക്തിയെക്കാൾ ഒട്ടും കുറ

വല്ല ഇൻഡ്യയിലുള്ളതു്. എന്നാൽ അതു് സ്വഭാവത്തിൽ കുറേക്കൂടെ ആന്തരികമായിട്ടുള്ളതാണു്. ഇതു ഞാൻ വേണ്ടപോലെ ധരിച്ചപ്പോൾ പാശ്ചാത്യരാജ്യങ്ങളിൽ സാധാരണയായുള്ള മതോപദേശത്തിന്റെ സഹായത്തോടുകൂടി മനസ്സിലാക്കാവുന്നതിൽ കൂടുതലായി വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിന്റെ അന്തഃപുഷ്ടി ഗ്രഹിക്കുന്നതിനു് എനിക്കു സാധിച്ചു. "ഞാനും എന്റെ പിതാവും ഒന്നാകുന്നു" എന്നു് ക്രിസ്തുവിനു മാത്രമല്ല ദൈവത്തിന്റെ മക്കൾ എന്നുള്ള നിലയ്ക്കു നമുക്കും അതു് വിനയാദരപൂർവ്വം പറയാനുള്ള അർഹതയുണ്ടു് എന്നാണു് അതിന്റെ അർത്ഥം.

നിത്യനായ ദൈവാത്മാവിനെ, മനുഷ്യാത്മാവിനുള്ളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന ആ പരമാത്മാവിനെ, സ്ഥലകാലഭേദങ്ങൾക്കു് അധീനനല്ലാതെയും എന്നാൽ സ്ഥലകാലങ്ങൾ വഴിയായി തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നവനായും അത്രെ പൌരസ്ത്യർ കരുതുന്നതു്. അവൻ അവ്യക്തനാണു് എങ്കിലും ഹൃദയവിശുദ്ധിയുള്ളവരുടെ അന്തർഭാഗങ്ങളിൽ പ്രതിബിംബിക്കുന്നു; അവൻ അദൃശ്യനാണു് എങ്കിലും മഹാത്മാക്കളിൽ അവൻ ദൃശ്യനായി ഭവിക്കുന്നു; അവൻ അരൂപിയാണെങ്കിലും മനുഷ്യനിൽ രൂപം കൈക്കൊള്ളുന്നു.

ദൈവത്തെപ്പററിയുള്ള പൌരസ്ത്യരുടെ ഉപദേശത്തിന്റെ സാരം അവരുടെ സാഹിത്യത്തിലും ചിത്രകലാരൂപങ്ങളിലും കാണുന്നതു് ഈ വിധമാണു്. ഇങ്ങിനെ ദൈവത്തെപ്പററി വിചാരിക്കുന്നതിനാണു് ഇൻഡ്യായിലെ സാധാരണ ഗ്രാമീണന്മാർപോലും അഭ്യസിച്ചിരിക്കുന്നതു്. അവരുടെ വിഗ്രഹാരാധനകണ്ടാൽ അശേഷം വ്യത്യാസപ്പെട്ട ഒരു ധാരണ നമുക്കുണ്ടാകാവുന്നതാണെങ്കിലും വാസ്തവം മേൽപറഞ്ഞതാണു്. ക്രിസ്തീയ വേദപുസ്തകത്തിലെ പഴയ നിയമത്തിന്റെ ചില ഭാഗങ്ങൾ ദൈവത്തെപ്പററിയുള്ള ഈ ആന്തരികമായ ഉപദേശത്തോടു് അടുത്തുവരുന്നതാണു്. 145-ാം സങ്കീർത്തനം ഇതിലേക്കു് ഒരു ഉദാഹരണമാണു്. എന്നാൽ "സൈന്യ

ങ്ങളുടെ കർത്താവു്" എന്നുള്ള സാധാരണയായ ചിത്രം ബാഹ്യമായ ഒരു ചിത്രീകരണമത്രെ. തത്വജ്ഞാനിയായ പ്ലേറ്റോയുടെ എഴുത്തുകളിൽ ഈ ആശയം വേറൊരു പരിപൂർണ്ണമായ രൂപത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ യൂറോപ്പിൻെറ ഉത്തരഭാഗങ്ങളിൽ അദ്ദേഹത്തിൻെറ ഉപദേശത്തിനു വേരൂന്നുവാൻ ഇതേവരെയായി സാധിച്ചിട്ടില്ല. പൊതുവെ പറയുമ്പോൾ അഖിലാണ്ഡത്തിനുപരിയായി സ്ഥിതി ചെയ്യുന്ന ഒരു ദൈവത്തിനെയാണ് അഖിലാണ്ഡത്തിനുള്ളിൽ വ്യാപരിക്കുന്ന ഒരു ദൈവത്തിനേക്കാൾ കൂടുതലായി പാശ്ചാത്യർ വിശ്വസിച്ചു് പോന്നിട്ടുള്ളതു്.

ക്രിസ്തുവിൻെറ ദിവ്യത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും ചിത്രം ശരിയായി വരയ്ക്കുന്നതിനു് പൌരസ്ത്യാശയങ്ങളും പാശ്ചാത്യാശയങ്ങളും രണ്ടും ആവശ്യമാണെന്നു് എൻെറ സ്വന്ത അനുഭവത്തിൽനിന്നുതന്നെ ഞാൻ മനസ്സിലാക്കി തുടങ്ങി. പാശ്ചാത്യപൌരസ്ത്യദേശങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെ പരാമർശിക്കുന്ന ഒരു തത്വസിദ്ധാന്തമല്ല എന്നെ ഒരു ക്രൈസ്തവസത്യാന്വേഷി എന്ന നിലയിൽ മതപരമായ നവീനാശയങ്ങളെപ്പററി ചിന്തിക്കുന്നതിനു് പ്രോത്സാഹിപ്പിച്ചതു്. ഡൽഹിയിലെ ദൈനംദിനജീവിതത്തിലെ വിഷമങ്ങളായ പരമാൎത്ഥാനുഭവങ്ങളാണു് പ്രായോഗിക വശങ്ങളെ അഭിമുഖീകരിക്കുന്നതിനും എൻെറ ഗുരുവായ ക്രിസ്തുവിൻെറ പാദങ്ങളെ അനുഗമിക്കുന്നതിൽ യാതൊരു വീഴ്ചയും നേരിടാതിരിക്കത്തക്കവണ്ണം പ്രത്യേകം സൂക്ഷിക്കുന്നതിനും എന്നെ പ്രേരിപ്പിച്ചതു്. അവിടന്നു് നിർദ്ദേശിച്ച മാൎഗ്ഗത്തിൽക്കൂടി പ്രാൎത്ഥനാപൂൎവ്വമാണു് ഞാൻ മുന്നോട്ടു് ഓരോ അടിയും വെച്ചതു്. വഴിയും സത്യവും ജീവനുമായി അവിടന്നു് എനിക്കു അനുഭവപ്പെട്ടു.

ബാസിലിൻെറ ഏററവും ഉററ മിത്രമായിരുന്ന സുസിൽരുദ്രാ ഡൽഹിയിൽ എന്നെ രണ്ടുകൈകൊണ്ടും നീട്ടി സ്വീകരിച്ചു. അദ്ദേഹത്തിൻെറ സ്വൎണ്ണവേളയിൽ പ്രയാസങ്ങൾ മാഞ്ഞുപോകയും ഒരു പൌരസ്ത്യരാജ്യത്തിലെ നവീന ജീവി

തരീതിയുടെ അപരിചിതഭാവം അപ്രത്യക്ഷമാകയും ചെയ്തു. എന്തെന്നാൽ ഒരുത്തമസ്നേഹിതനെയാണ് ഞാൻ അദ്ദേഹത്തിൽ കണ്ടതു്. ഇത്രവേഗം ഭാരതീയരെ ഞാനും അവർ എന്നേയും മനസ്സിലാക്കാനിടയായതു് എങ്ങിനെയാണെന്ന് അനേകം പേർ വളരെ ആശ്ചര്യപ്പെട്ടിട്ടുണ്ടു്. അതിൻെറ മറുപടി എത്രയും എളുപ്പവും അതിൻെറ രഹസ്യം പെട്ടെന്ന് പറഞ്ഞു തീർക്കാവുന്നതുമത്രേ. സുസിൽരുദ്രായെപ്പോലെ ഒരു ററമിത്രത്തെ ലഭിക്കുന്നതിനുള്ള ഭാഗ്യം വളരെ ചുരുക്കം പേർക്കെ ഉണ്ടാകുന്നുള്ളു. ബാസിലിൻെറ ഒരു സ്നേഹിതനെന്ന നിലയിലാണ് ആദ്യം അദ്ദേഹം എന്നെ സ്വീകരിച്ചതു്. എങ്കിലും പിന്നീടു് ഞങ്ങൾ തന്നെ ഉത്തമ സ്നേഹിതന്മാരായിത്തീരുകയും ആ സ്നേഹം ജീവിതകാലം മുഴുവൻ നിലനിൽക്കത്തക്കവണ്ണം ദൃഢമാകയും ചെയ്തു.

ഞാൻ ആദ്യം അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹത്തിന് മധ്യപ്രായം കഴിഞ്ഞിരുന്നു. സാധാരണ ആളുകൾ വിവാഹം ചെയ്യാറുള്ളപ്രായം കഴിഞ്ഞിട്ടായിരുന്നു അദ്ദേഹം വിവാഹം ചെയ്തതു്. അദ്ദേഹത്തിൻെറ മൂന്നുമക്കളും ഇക്കാലത്തു് തീരെ ചെറുപ്പമായിരുന്നു. അദ്ദേഹത്തിൻെറ ഭാര്യ മരിച്ചപ്പോൾ എല്ലാററിലും ഇളയപുത്രൻ ഒരു ചെറിയ ശിശു മാത്രമായിരുന്നു. ഞങ്ങളെല്ലാവരും ഒരു വീട്ടിൽ ഒരു കുടുംബം എന്നപോലെ താമസിച്ചു. അദ്ദേഹത്തിൻെറ മക്കൾ അദ്ദേഹത്തെ കഴിഞ്ഞാൽ പിന്നെ എന്നെയത്രെ ഏററവും അധികമായി സ്നേഹിച്ചതു്. ഒരു ഭാരതീയ കുടുംബത്തിലെ അംഗമായി അതിലെ മററുള്ള അംഗങ്ങളുടെ അതിയായ സ്നേഹത്തിന് പാത്രീഭവിച്ചു് ജീവിക്കുന്നതിനുള്ള വലിയ പദവി ഇങ്ങിനെ ആദ്യം മുതൽതന്നെ ഞാൻ അനുഭവിച്ചുപോന്നു. ഇതുമൂലം ഭാരതത്തിൻെറ അഭിനവജീവിതഗതികളെ അവയുടെ ഉള്ളിൽ നിന്നുതന്നെ വീക്ഷിക്കുന്നതിന് എനിക്കു സാധിച്ചു. യുവഭാരതത്തിൻെറ നവീനചിന്താസരണിയുമായി സുസിൽരുദ്രാ എന്നെ അടുത്തു പരിചയപ്പെടുത്തുകയും മാതൃഭൂമിയോടുള്ള അദ്ദേഹത്തിൻെറ തീവ്രമായ ഭക്തികൊണ്ടു് എന്നെ പ്രബുദ്ധ

നാശകയും ചെയ്തു. അദ്ദേഹത്തിൻെറ സ്വരാജ്യസ്നേഹം അനന്യസാധാരണമായിരുന്നു. അതിലും കൂടുതൽ ഞാൻ വിലമതിച്ചതു് ക്രിസ്തുവിനോടുള്ള ഭക്തിയിൽ ഞങ്ങൾ പങ്കാളികളായിരുന്നു എന്നുള്ളതത്രെ. ക്രിസ്തുവിനെ കർത്താവും ഗുരുവുമായി അദ്ദേഹം സ്വീകരിച്ചു് അവിടത്തേക്കു് തൻെറ ജീവിതം മുഴുവനും സമർപ്പണം ചെയ്തിരുന്നു. അദ്ദേഹത്തിൻെറ അഗാധമായ മതവിശ്വാസം ദിവസംപ്രതി തൻെറ ഓരോ വാക്കിനെയും പ്രവൃത്തിയെയും പ്രശാന്തമായി സ്പർശിക്കയും രൂപവല്ക്കരിക്കയും ചെയ്തുകൊണ്ടിരുന്നു.

അദ്ദേഹത്തിൻെറ അച്ഛൻ പീയാറിമോഹനരുദ്രാ തൻെറ ചെറുപ്പകാലത്തു് കല്ക്കത്തായിൽ വെച്ചു് ഡാക്ടർ ഡഫ് എന്ന സുപ്രസിദ്ധ മിഷ്യനറിപ്രവരൻെറ ഉപദേശത്തിൻെറ ആകർഷണശക്തിക്കു് വശംവദനായിരുന്നു. യാഥാസ്ഥിതിക ഹൈന്ദവകുടുംബങ്ങളിൽ പെട്ട ഒരു ചെറിയ കൂട്ടം സമത്ഥന്മാരായ യുവാക്കൾ, ഡാക്ടർ ഡഫിൻെറ സ്വാധീനത്തിൽ പെട്ടു് ക്രിസ്തുവിനെ പരസ്യമായി സ്വീകരിക്കയുണ്ടായി. തന്മൂലം അവർ ഹൈന്ദവസമുദായത്തിൽനിന്നു പരിപൂർണ്ണമായി വേർപെടേണ്ടിവന്നു. പൌരസ്ത്യമായ സകലത്തിനെയും ഉപേക്ഷിക്കത്തക്കവണ്ണം ഈ മാററം അവരിൽ ചിലരെ സംബന്ധിച്ചിടത്തോളം അത്ര ശക്തിയായിരുന്നു. പാശ്ചാത്യരുടെ വസ്ത്രധാരണരീതിയും സാമൂഹ്യാചാരമര്യാദകളും എല്ലാം ക്രിസ്തുമതത്തിൻെറ ഒരംശം എന്നപോലെ അവർ സ്വീകരിച്ചു. എന്നാൽ സുസിലിൻെറ അച്ഛൻ അങ്ങിനെയല്ല ക്രിസ്തുവിനെ ഗ്രഹിച്ചിരുന്നതു്. തൻെറ ഗുരുവിനെ ആ വിധത്തിൽ അനുഗമിക്കുന്നതിനല്ല, തൻെറ മക്കളെ അദ്ദേഹം അഭ്യസിപ്പിച്ചതും. തൻെറ ആഭ്യന്തരജീവിതത്തെ കൂടുതൽ കൂടുതലായി ക്രിസ്തുരൂപാന്തരപ്പെടുത്തിക്കൊണ്ടിരുന്നപ്പോഴും ബാഹ്യസംഗതികളിൽ അദ്ദേഹം ഒരു ഹിന്ദുവായിത്തന്നെ കഴിഞ്ഞുകൂടിയിരുന്നു. ഹൈന്ദവസംസ്കാരത്തോടു് ഈ മനോഭാവംതന്നെയാണു് അദ്ദേഹത്തിൻെറ പുത്രനും പരിപാലിച്ചുവന്നതു്.

സുസിലിന് പ്രായപൂൎത്തി വന്നതോടുകൂടെ വിശ്വാസസംബന്ധമായ കഠിന പരീക്ഷണങ്ങളിൽകൂടെ അദ്ദേഹം കടക്കേണ്ടിവന്നു. ഈ സംഗതിയിൽ ഞങ്ങൾ രണ്ടുപേരും ഒരുപോലെയായിരുന്നു. എങ്കിലും ഞങ്ങളുടെ പ്രയാസങ്ങളെല്ലാം ഒന്നുപോലെയായിരുന്നില്ല. കല്ക്കത്തായിൽ സൎവ്വകലാശാലാക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം താമസിച്ചിരുന്നതു് ഓക്സ്ഫോഡ്മിഷ്യൻവിദ്യാൎത്ഥിമന്ദിരത്തിലായിരുന്നു. അന്നു് അദ്ദേഹം അവിടെ കണ്ടു പരിചയിച്ച പ്രാൎത്ഥനാപൂൎവ്വവും ധ്യാനപരവുമായ പ്രശാന്തജീവിതരീതി, പില്ക്കാലത്തു് സംശയങ്ങളാകുന്ന കൊടുങ്കാററു് അതിശക്തിയായി അദ്ദേഹത്തിൻെറ മേൽ ചുററിഅടിച്ചപ്പോഴും അദ്ദേഹത്തെ താങ്ങി രക്ഷിച്ചു. മഹത്തരമായ ഉദ്ദേശശുദ്ധിയോടുകൂടെ അദ്ദേഹം ഈ സംശങ്ങളുമായി മല്ലിട്ടു് അവയെ തരണം ചെയ്തു് അവസാനത്തിൽ ശാന്തമായ തുറമുഖത്തെത്തി.

ഒടുവിൽ ആത്മാവിൽ ശക്തിപ്രാപിച്ചും തൻെറ രക്ഷിതാവും വീണ്ടെടുപ്പുകാരനുമായ ക്രിസ്തുവിനോടുള്ള ഉജ്ജ്വലമായ സ്നേഹത്തിൽ സന്തോഷിച്ചുംകൊണ്ടു് അദ്ദേഹം ഡൽഹിയിൽ വന്നുചേൎന്നു. മദ്ധ്യപ്രായത്തിൽ തനിക്കുണ്ടായ ഒരു മാനസാന്തരം വഴിയായി അദ്ദേഹം ക്രിസ്തുവിനെ ഒരു പുതിയ രീതിയിൽ ദൎശിച്ചിരുന്നു. വിശുദ്ധ യോഹന്നാൻെറ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായി "ഞാൻതന്നെ പുനരുത്ഥാനവും ജീവനും ആകുന്നു" എന്നുള്ള ക്രിസ്തുവിൻെറ വാക്കുകളത്രെ അദ്ദേഹത്തിൽ ഈ വലിയ അന്തരം വരുത്തിയതു്. ഞങ്ങളുടെ രണ്ടുപേരുടെയും ഹൃദയങ്ങൾ സ്നേഹത്തിൽ സംയോജിക്കുന്നതിനിടയാക്കിയ ഒരു പൊതുസമ്മേളനസ്ഥാനമായിരുന്നു ഇതു്. ഞങ്ങൾക്കു് ഏററവും പ്രിയമായിരുന്ന പ്രത്യാശകളെപ്പററിയും ഞങ്ങളുടെ ഉല്ക്കണ്ഠകളെപ്പററിയും സംശയങ്ങളെപ്പററിയും എല്ലാം ഞങ്ങൾ പരസ്പരം അറിയിക്ക പതിവായിരുന്നു. ഇങ്ങിനെ ഞങ്ങളുടെ വിശ്വാസത്തിലും ഭക്തിയിലും ഞങ്ങൾ അന്യോന്യം പങ്കുകൊണ്ടതിൻെറ ഫലമായി ഞങ്ങളുടെ സ്നേഹബന്ധം ദൃഢീകരിച്ചുകൊണ്ടിരുന്നു.

ദ്രുതഗതിയിലുള്ള മാററങ്ങളും പുതിയ അനുഭവങ്ങളും ഉണ്ടായിക്കൊണ്ടിരുന്ന ഇമ്മാതിരി ഒരു സമയത്തു് സുസിലിനെപ്പോലെ ഉത്തമനും ഉൽകൃഷ്ടനുമായ ഒരാളിൻെറ പരിശുദ്ധവും ഹൃദയപൂൎവ്വവുമായ സ്നേഹം എനിക്കു് എത്ര വിലയേറിയ ഒരു ദാനമായിരുന്നു എന്നു മനസ്സിലാക്കി ഞാൻ ദിനമ്പ്രതി ദൈവത്തെ സ്തുതിച്ചുപോന്നു. ഞാൻ അറിഞ്ഞിട്ടുള്ളവരിലേക്കും ഏററവും താഴ്മയുള്ള മനുഷ്യനായിരുന്നു അദ്ദേഹം. അതേസമയത്തുതന്നെ യഥാൎത്ഥ മഹത്വത്തിനു യോജിച്ചതായ പ്രശാന്തഗൌരവം അദ്ദേഹത്തിൻെറ ഓരോ ചെറിയ പ്രവൃത്തിയിൽപോലും പ്രകാശിച്ചിരുന്നു. അദ്ദേഹത്തിൻെറ സന്നിധിയിൽ ഗൌരവബോധമില്ലാതെ സംസാരിക്കാൻ ആരും തുനിഞ്ഞില്ല, എങ്കിലും ഭയവും അമ്പരപ്പും ആൎക്കും തോന്നിയിരുന്നുമില്ല. അദ്ദേഹത്തിൻെറ ഹൃദയകാരുണ്യം ഒരു പഴഞ്ചൊല്ലായിത്തീൎന്നു. അന്യൎക്കു് ഒരിക്കലും വേദനയുണ്ടാക്കാൻ ഉദ്യമിക്കാത്ത ഒരുവനെയാണു് സാക്ഷാൽ മാന്യൻ എന്നു പറയാവുന്നതു് എന്നുള്ള ന്യൂമാൻെറ വിവരണം ശരിയായിട്ടുള്ളതാണെങ്കിൽ സുസിൽ ഒരു തികഞ്ഞ മാന്യനായിരുന്നു എന്നുള്ളതു് നിസ്തൎക്കമാണു്. തൻെറ മരണദിനം വരെയും ഇരുപതു് ദീൎഘസംവത്സരത്തോളം എൻെറനേൎക്കുള്ള അദ്ദേഹത്തിൻെറ സ്നേഹം ഭേദപ്പെടാതെ എന്നല്ല ഭേദപ്പെടാൻ നിവൃത്തിയില്ലാത്തതായിത്തന്നെ നിലനിന്നു.

ദിവസമ്പ്രതി ഞങ്ങൾ ഒന്നിച്ചു് നടക്കാൻ പോക പതിവായിരുന്നു. ചിലപ്പോൾ "കാശ്മീർഗയിററു" കടന്നു് വെളിയിലോട്ടും ചില ദിവസം ഡൽഹികോട്ടയുടെ നേൎക്കും മററുചില ദിവസം ഹുമയൂൺചക്രവൎത്തിയുടെ ശവകുടീരത്തിൻെറ അടുക്കലേക്കും ഞങ്ങൾ നടന്നിരുന്നു. വേറെ ചില അവസരങ്ങളിൽ ജനനിബിഡമായ പട്ടണത്തിൽ കടന്നു് ഞങ്ങളുടെ കോളജിൽ പഠിച്ചിരുന്ന വിദ്യാൎത്ഥികളുടെ രക്ഷാകൎത്താക്കളായ ഹിന്ദുക്കളും മുസ്ലിങ്ങളുമായ സ്നേഹിതരെ കാണുകയും പതിവായിരുന്നു. യമുനാനദിയിലെ പാലം കടന്നു് അതിനപ്പുറത്തുള്ള ഗ്രാമങ്ങളെ സന്ദൎശിക്കുന്നതും അസാ

ധാരണയായിരുന്നില്ല. സുസിൽ ഒരു ഇൻഡ്യാചരിത്രകാരനായിരുന്നു. അതിനാൽ ഞങ്ങൾ ഗ്രാമവാസികളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ സാമ്പത്തികസ്ഥിതികളെപ്പററിയും മററും അദ്ദേഹം ചെയ്യാറുണ്ടായിരുന്ന പ്രസ്താവനകൾ എനിക്കു് ഏററവും വിജ്ഞാനപ്രദവും സഹായവും ആയിരുന്നു. ഇൻഡ്യയിലെ പട്ടണങ്ങളെമാത്രം തോതാക്കിവച്ചുകൊണ്ടു് ആ മഹാരാജ്യത്തെപ്പററി ഒന്നാകെ ഒരഭിപ്രായം രൂപവല്ക്കരിക്കുക എന്ന ഭീമമായ അബദ്ധത്തിൽ ചാടാതെ അദ്ദേഹം എന്നെ സഹായിക്കുകയും ആ രാജ്യത്തിൻെറ വലിയ ഭൂരിഭാഗമായ ഗ്രാമങ്ങളുടെ ഉദ്ധാരണത്തിനായി അത്യുത്സാഹത്തോടെ പ്രവൎത്തിക്കുന്നതിനു് പ്രേരിപ്പിക്കയും ചെയ്തു.

ഇങ്ങനെയുള്ള ദീർഘങ്ങളായ സായാഹ്നസഞ്ചാരങ്ങൾമൂലം ഞങ്ങൾക്കു് അന്യോന്യം ഏററവും അടുത്തറിയുന്നതിനിടയായി. ആ അവസരങ്ങളിൽ ബാസിൽവെസ്ററ്കോട്ടിനെപ്പററിയുള്ള ഞങ്ങളുടെ സ്മരണകൾ പരസ്പരം അറിയിക്കുകയും ഇംഗ്ലണ്ടിൽ തൻെറ ദീനക്കിടക്കയിൽനിന്നും സുസിലിനു് ദീർഘകത്തുകളയച്ചുകൊണ്ടിരുന്ന ബാസിലിൻെറ സോദരി കേററിയെപ്പററി കൂടക്കൂടെ ഞങ്ങൾ സംഭാഷിക്കയും ചെയ്യാറുണ്ടായിരുന്നു. ഇങ്ങിനെയും മററുവിധത്തിലും ഇൻഡ്യയിൽ ആദ്യം എനിക്കു തോന്നിയ അപരിചിതത്വം മാറി അതു് അവിടത്തെ ആളുകളോടുള്ള ഏററവും അടുത്ത ഒരു ബന്ധമായി പരിണമിച്ചു. ഞാൻ സുസിലിൻെറ ഉററമിത്രമായിരുന്നതിനാൽ ഞാൻ കാണാനിടയായ ആളുകൾ എനിക്കു് സുസിലുമായുള്ള സ്നേഹബന്ധംവഴിയായി ആകൃഷ്ടരാകയും അതുവഴിയായിതന്നെ ഞാൻ അങ്ങോട്ടു് ആകൎഷിക്കപ്പെടുകയും ചെയ്തു. എനിക്കു് ഭാരതീയരുമായി പരിചയപ്പെടുന്നതിനു് ഇങ്ങനെ ആദ്യംമുതല്ക്കേ മദ്ധ്യവൎത്തിയായി പ്രവൎത്തിച്ചതു് അദ്ദേഹമായിരുന്നു. അദ്ദേഹത്തിൻെറ സാന്നിദ്ധ്യംകൊണ്ടു് എനിക്കു് പല വലിയ സംഗതികളും ലബ്ധമായി.

അദ്ധ്യായം 10.

## ഡൎഹറിയിലെ കേംബ്രിഡ്ജ് മിഷ്യൻ.

ഇൻഡ്യയിലെ എന്റെ താമസത്തിനിടയിൽ ആശ്ചൎയ്യകരമായ ഒരനുഭവം എനിക്ക് പലപ്പോഴും ഉണ്ടായിട്ടുണ്ട്. ആശ്ചൎയ്യകരമെന്ന് ഞാൻ പറഞ്ഞെങ്കിലും അതു കൂടെക്കൂടെ എനിക്കുണ്ടായിട്ടുള്ളതിനാൽ എന്നെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അതു് ഒരു സാധാരണ സംഭവമായിട്ടാണു തോന്നിക്കുന്നതു്. അതിനെപ്പറ്റി താഴെ കാണും വിധം വിവരിക്കാനേ എനിക്ക് സാധിക്കയുള്ളു. പലപ്പോഴും പുതിയ മുഖങ്ങളെ ഞാൻ കാണുമ്പോൾ ആ മുഖങ്ങളിൽ ക്രിസ്തുവിനെ കാണുന്നതുപോലെയൊ, ഞങ്ങളുടെ മദ്ധ്യേ ക്രിസ്തുസന്നിഹിതനായിരിക്കുന്നതുപോലെയൊ എനിക്കു തോന്നാറുണ്ട്, എന്നുള്ളതത്രെ പ്രസ്തുത അനുഭവം. ക്രിസ്തുസാന്നിധ്യത്തെപ്പറ്റി എത്രയും ശക്തിയായ ഒരു ബോധം ഇങ്ങിനെ എന്റെ മനസ്സിലുണ്ടാകുന്നു. എന്റെ അനുഭവം വിവരിക്കുന്നതിനായി ഞാനിവിടെ ഉപയോഗിച്ച ഭാഷ അവ്യക്തമായ ഒന്നാണെന്ന് എനിക്കു നല്ല ബോധമുണ്ട്. എന്നാൽ പ്രസ്തുത അനുഭവത്തെ വേറൊരുരീതിയിൽ വിവരിക്കാൻ എനിക്കറിഞ്ഞുകൂടാ. എന്റെ അനുഭവത്തെ ഏററവും ലളിതമായ വിധത്തിലാണു് മീതെ പ്രസ്താവിച്ചിട്ടുള്ളതു്. പുതുതായി ഞാൻ കാണുന്ന ചില ആളുകളോട്ട് ഒരക്ഷരംപോലും സംസാരിക്കുന്നതിനു മുമ്പായിത്തന്നെ അവരോട്ട് അനുകമ്പയും സോദരഭാവവും എന്നിൽ ഉളവാക എന്നുള്ളതു സാധാരണയാണു്.

സുസിലിനെ ആദ്യമായി ഞാൻ കണ്ടപ്പോൾ എനിക്കുണ്ടായ അനുഭവം ഇതുതന്നെയാണ്. അദ്ദേഹത്തിന്റെ മുഖം തന്നെ ക്രിസ്തുവിനോട്ട് ഏററവും സാദൃശ്യം ഉള്ളതായിരുന്നു. അതു കണ്ടയുടൻ എന്റെ കുട്ടിക്കാലം മുതൽ എനിക്ക് പ്രിയമായിരുന്ന നല്ലയിടയന്റെ വേഷത്തിലുള്ള യേശുവിന്റെ ചിത്രം എന്റെ മനസ്സിൽ തോന്നി. എന്നാൽ അദ്ദേഹത്തി

ൻെറ ബാഹ്യരൂപത്തെക്കാൾ ആന്തരസ്വഭാവമത്രെ ദിവസം പ്രതിയുള്ള തൻെറ ഓരോ പ്രവൃത്തിമുഖാന്തിരമായും ക്രിസ്തുവിനെ ചിത്രീകരിച്ച് കാണിച്ചതു്.

ഞാൻ ഡൽഹിയിൽ ചെന്നു് അധികം താമസിയാതെ ഞങ്ങളുടെ സൌഹാർദ്ദത്തെ കഠിനപരീക്ഷണത്തിന് വിഷയമാക്കിയ ഒരു സംഗതി ഉണ്ടായി. ഞങ്ങളുടെ കോളജിലെ പ്രിൻസിപ്പാളായിരുന്ന ഒരു ഇംഗ്ലീഷ് മിഷ്യനറി, ഉദ്യോഗം ഒഴിഞ്ഞുപോയി. അക്കാലത്തെ നടപ്പനുസരിച്ച് ആ സ്ഥാനത്തുവരേണ്ടതു് ഒരു ഇംഗ്ലീഷ് മിഷ്യനറിതന്നെയായിരുന്നു. ഞാൻ ആ ഉദ്യോഗം സ്വീകരിക്കണമെന്നായിരുന്നു സുസിലിൻെറ ആഗ്രഹം. എന്നാൽ ഇരുപതു വർഷത്തിൽപരം വൈസ്പ്രിൻസിപ്പാളായിരുന്ന അദ്ദേഹത്തിൻെറ അവകാശം അവഗണിച്ച് അദ്ദേഹത്തിൻെറ സ്വന്ത നാട്ടിൽ ആ സ്ഥാനത്തു് ഒരു ഇംഗ്ലീഷുകാരനെകൊണ്ടു പ്രതിഷ്ഠിക്കുന്നതു് സർവ്വത്ര അനീതിയായി എനിക്കുതോന്നി. അനീതിപരമായ പ്രസ്തുത ആലോചനയെ ഞാൻ ശക്തിയായി എതിർത്തു് സുസിലിനെ പ്രിൻസിപ്പാളാക്കുന്നതിന് എന്നാൽ കഴിയുന്നതൊക്കെ ഞാൻ പ്രവർത്തിച്ചു. ഒടുവിൽ അതു സാധിക്കുകയും ചെയ്തു. അതിനെപ്പററി മിഷ്യനിലെ കൂടുതൽ പ്രായവും പരിചയവുമുള്ള അംഗങ്ങൾക്കു് വളരെ ആശങ്കകൾ ഉണ്ടാകാതെയിരുന്നില്ല. അദ്ദേഹത്തിൻെറ കീഴിൽ ജോലി ചെയ്യാൻ സാധിച്ചതിൽ എനിക്കു് അപാരമായ സന്തോഷംതോന്നി. അദ്ദേഹത്തെ പ്രിൻസിപ്പാളാക്കാതെ ഞാൻ ആ ഉദ്യോഗം കൈയ്യേററിരുന്നെങ്കിൽ എന്തു വൻപിച്ച അബദ്ധമായിരുന്നെനേ എന്നു് ഈ സംഗതിയെപ്പററി ഓർക്കുമ്പോളൊക്കെയും എനിക്കു് തോന്നാറുണ്ടു്. അദ്ദേഹം കോളജിലുണ്ടായിട്ടുള്ളതിലേക്കു് ഏററവും സമർത്ഥനായ ഭരണകർത്താവായി പരിലസിച്ചു.

സുസിൽരുദ്രായെപ്പോലെതന്നെ ക്രിസ്തുവിൻെറ ചിത്രം എന്നെ അനുസ്മരിപ്പിച്ച വേറെയും ആളുകൾ ഡൽഹിയിൽ ഉണ്ടായിരുന്നു. അങ്ങിനെയുള്ളവരിൽ പ്രത്യേക പ്രസ്താവനയ്ക്കു് അർഹനായ് ഒരാളത്രെ മുൻഷിസ്സാകാ അള്ളാ എന്ന വൃദ്ധ

നം സിദ്ധനമായിരുന്ന ഒരു മുസൽമാൻ. സ്നേഹബന്ധത്തിൽ ഞങ്ങൾ തമ്മിൽ ഏററവും അടുത്തു. അല്പകാലംമുമ്പ് പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുള്ള ഒരു പുസ്തകത്തിൽ അദ്ദേഹത്തിൻെറ മനോഹരവും പ്രശാന്തവുമായ സ്വഭാവത്തെപ്പററി ഞാൻ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹം എന്നെ തൻെറ മകൻ എന്ന് വിളിക്കുകയും അങ്ങിനെ തന്നെ എന്നോടു പെരുമാറുകയും ചെയ്തുവന്നു. ഒരു കാലത്തു ദിവസംതോറും ഞാൻ അദ്ദേഹത്തെ വീട്ടിൽചെന്ന് കാണണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. എനിക്കുണ്ടായിരുന്നിടത്തോളം ശക്തിമത്തായ വാഞ്ഛയോടുകൂടെത്തന്നെയായിരുന്നു അദ്ദേഹവും ഞങ്ങളുടെ സന്ദർശനവേളകളെ കാത്തുകൊണ്ടിരുന്നത്. അദ്ദേഹത്തിൻെറ ഹൃദയത്തിന് ഏററവും പ്രിയമായിരുന്ന മതകാര്യങ്ങളെപ്പററി ഞങ്ങൾ സ്വാതന്ത്ര്യത്തോടുകൂടെ സംസാരിച്ചുപോന്നു. എങ്ങിനെയെങ്കിലും അദ്ദേഹത്തെ ഒരു ക്രിസ്ത്യാനിയാക്കണമെന്നുള്ള ഉദ്ദേശത്തോടെയല്ല, ഇതിലൊക്കെയും ഞാൻ പങ്കുകൊണ്ടതു്. അദ്ദേഹത്തിൽ ക്രിസ്തുസാന്നിദ്ധ്യമുള്ളതായി എനിക്ക് നല്ലപോലെ തോന്നി. അതു എനിക്കു വലിയ ആനന്ദത്തെ നൽകുകയും ചെയ്തു.

മതപരിവർത്തനത്തെപ്പററി യാതൊരു ചിന്തയുമില്ലാതെ ഒരു ക്രിസ്തീയ മിഷ്യനറി ഒരു മുസൽമാനുമായി ഇത്ര അടുത്ത ചങ്ങാത്തം കൂടുകയെന്നതു് അക്കാലത്തു് ഒട്ടും സാധാരണയല്ലായിരുന്നു. മററു മുസ്ലീമങ്ങൾക്കു് ഇതൊക്കെയും തെററിദ്ധാരണ ഉണ്ടാക്കിയേക്കുമെന്നുള്ള ഒരപകടം അല്പം ഇല്ലാതെയിരുന്നില്ല. എന്നാൽ സുസിലിൻെറ സഖിത്വം ഈ കാര്യത്തിൽ എനിക്കു വളരെ പ്രയോജനപ്പെട്ടു. എന്തെന്നാൽ മതപരിവർത്തന മാർഗ്ഗങ്ങളോടു് ഒട്ടും തന്നെ ആനുകൂല്യമില്ലാത്ത ഒരുവനാണ് അദ്ദേഹമെന്ന് ഡൽഹി ഒട്ടുക്കു പ്രസിദ്ധമായിരുന്നു. ഇക്കാര്യത്തിൽ ഞാനും എത്രയും വേഗത്തിൽ അദ്ദേഹത്തിൻെറ നില അവലംബിച്ചു.

പാട്യാലസംസ്ഥാനത്തെ റീജൻസി കൌൺസിലിൻെറ പ്രസിഡണ്ടായ ഒരു സിക്കുകാരൻ സർദാർ ഉണ്ടായിരുന്നു;

അദ്ദേഹത്തിൻെറ നന്മയെപ്രതി എനിക്ക് അദ്ദേഹത്തോടു വളരെ ആദരവുതോന്നി. ഞാൻ അദ്ദേഹത്തെ കാണാൻ പോയപ്പോളൊക്കെയും അഗാധമായ മതകാൎയ്യങ്ങളെപ്പററി ഞങ്ങൾ സംസാരിച്ചുപോന്നു. അതു് ഒരു വിവാദമനോഭാവത്തോടുകൂടെ അല്ലായിരുന്നു; പ്രത്യുത ദൈവത്തിൻെറ ഭക്തന്മാർ എന്നുള്ള നിലയ്ക്കു മാത്രമായിരുന്നു. എനിക്കു നിവൃത്തിയുള്ളപ്പോഴൊക്കെ അദ്ദേഹത്തെ ഞാൻ ചെന്നുകാണണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. ഇങ്ങനെ ഞങ്ങൾ തമ്മിൽ വലിയ ഇഷ്ടമായി. ദൈവിക സംഗതികളെപ്പററി പ്രതിപാദിക്കുന്നവയായ ഉർദ്ധുഭാഷയിലുള്ള അദ്ദേഹത്തിൻെറ ചില പുസ്തകങ്ങൾ അദ്ദേഹം എനിക്കു തന്നു. ഞാൻ അടുക്കൽനിന്നു പോരുമ്പോഴൊക്കെയും അദ്ദേഹം എന്നെ ആലിംഗനം ചെയ്യുകയും ഞാൻ വീണ്ടും അദ്ദേഹത്തിൻെറ അടുക്കൽ ചെല്ലണമെന്നു് നിർബന്ധിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഈ രണ്ടു മതഭക്തന്മാരും തങ്ങളുടെ നിത്യ സ്വസ്ഥതയിലേക്കു് പ്രവേശിച്ചിട്ടു് വളരെനാളായി. എന്നാൽ അവരെപ്പററിയുള്ള ഓൎമ്മ എൻെറ മനസ്സിൽ സജീവമായിത്തന്നെ ഇരിക്കുന്നു. ഞാൻ ഇതെഴുതുമ്പോഴും അവരുടെ മുഖങ്ങൾ എൻെറ മനസ്സിൽ പ്രതിബിംബിക്കുന്നു.

ക്രിസ്ത്യേതരമതസ്ഥരെ വാദിച്ചു തോല്പിക്കാനുള്ള മത്സരബുദ്ധി പഞ്ചാബിലെ ചില മിഷ്യനറിമാരുടെ ഇടയിൽ അക്കാലത്തു് ഉണ്ടായിരുന്നു; അതു എനിക്കു് വളരെ വെറുപ്പായി തോന്നി. ഞങ്ങളുടെ മിഷ്യനറിസമൂഹത്തിൽപ്പെട്ട ഒരാൾ എന്നോടു പറഞ്ഞ ബുദ്ധിപൂൎവ്വമായ വാക്കുകൾ മുൻപൊരിടത്തു് ഞാൻ ഉദ്ധരിച്ചിട്ടുണ്ടല്ലോ. ഭാഗ്യവശാൽ കേംബ്രിഡ്ജ്മിഷ്യനിൽപ്പെട്ട യുവാക്കളായ ചില മിഷ്യനറിമാർ അദ്ദേഹത്തിൻെറ നിലയെ സ്വീകരിച്ചിരുന്നു; അതിനാൽ അങ്ങിനെയുള്ള പരിഷ്കൃതാശയങ്ങൾ സ്വീകരിക്കുന്നതിൽ ഞാൻ ഏകനായിരുന്നില്ല. എന്നാൽ പഞ്ചാബിലെ മററുചില മിഷ്യനറിമാരുടെ നില ഇതിൽനിന്നു വളരെ ഭിന്നമായിരുന്നു. രണ്ടുകൂട്ടരും തമ്മിൽ ഉഗ്രമായ വാദ

പ്രതിവാദങ്ങൾ ഉണ്ടായിക്കൊണ്ടുമിരുന്നു. തക്കം തീക്കുന്നതിനായി ക്ഷണിക്കപ്പെട്ട ബിഷോപ്പ് ആകട്ടെ, ഒരു മദ്ധ്യനിലയെ അവലംബിക്കയാണ് ചെയ്തതു്. മുസൽമാന്മാരുമായുള്ള വാദപ്രതിവാദത്തിനു് അദ്ദേഹം കേൾവികേട്ടവനായിരുന്നു. അദ്ദേഹത്തിൻെറ വാദപ്രതിവാദ ഫലമായി ഒരു കരുടനായ മൌലവിയെ മനസ്സുതിരിച്ചു എന്നുള്ള പ്രഖ്യാതിയും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ കാലം മാറിവരികയാണെന്നും അതിനാൽ മിഷ്യനറിമാരുടെ വീക്ഷണം അതിനനുസരിച്ചു് മാറേണ്ടതാണെന്നും അദ്ദേഹത്തിനു ബോധപ്പെട്ടു.

സുരഭിലമായ സത്യ ക്രിസ്തീയജീവിതത്തിൻെറ നിശ്ശബ്ദമായ സ്വാധീനശക്തി ഒട്ടുവളരെ പ്രചരണപ്രസംഗങ്ങളെക്കാൾ വിലയേറിയതെന്നായിരുന്നു ഏതാദൃശസംവാദങ്ങളെ സംബന്ധിച്ചു് സുസിലിൻെറയും ഡൽഹിയിലെ പ്രമുഖ്യന്മാരായ ഇൻഡ്ധ്യൻ ക്രിസ്ത്യാനികളുടെയും അഭിപ്രായം. സുസിലിൻെറ അഭിപ്രായം മിക്കവാറും അതേവാക്കുകളിൽതന്നെ മഹാത്മാഗാന്ധി പ്രസ്താവിച്ചിട്ടുണ്ടെന്നു് പിൽക്കാലങ്ങളിൽ അറിയാനിടയായപ്പോൾ എനിക്കു വളരെ സന്തോഷം തോന്നി. വിടന്നുവരുന്ന റോസപ്പൂവു് ചുററുമുള്ള ലോകത്തോടു് അതിൻെറ സൌരഭ്യത്തെപ്പററി ഘോഷിക്കേണ്ട ആവശ്യമില്ലല്ലോയെന്നു് അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അതിൻെറ സൌരഭ്യംതന്നെ സ്വന്തമായ മാധുൎയ്യത്തിനു് സാക്ഷിയായി നിലകൊള്ളുന്നു. അപ്രകാരംതന്നെ ഒരു റോസപ്പൂവുകണക്കെ നിശ്ശബ്ദമായി വികസിച്ചു് നാലുപാടും പരിമളം വീശുന്ന ഒരു ക്രിസ്തീയ ജീവിതമത്രെ ക്രിസ്തുവിനു് ഏററവും സത്യസാക്ഷ്യം വഹിക്കുന്നതു് എന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്.

യോക്ക്ഷേയറിൽവച്ചു് വെസ്റ്റ്കോട്ടുബിഷോപ്പും ഞാനും കൂടെ നടക്കാൻപോകുമ്പോൾ ഞങ്ങൾ ചെയ്യാറുണ്ടായിരുന്ന സംഭാഷണങ്ങൾ ഇതിലേക്കു എന്നെ തയ്യാറാക്കുന്നതിനു് വളരെ സഹായിച്ചിരുന്നു. കേംബ്രിഡ്ജ്മിഷ്യൻെറ സ്ഥാപകന്മാർ

കേംബ്രിഡ്ജിലെ അഭ്യസ്തവിദ്യരായ ലൈററ്ഫൂട്ട്, വെസ്റ്റ്കോട്ട്, ഹോട്ട് എന്ന മൂന്നു പണ്ഡിതന്മാരായിരുന്നു. ആദിമസഭയെ ഉദ്ദേശിച്ച അലക്സന്ത്രിയായിൽ ക്ലമന്തും ഓറിഗനും അവരുടെ ശിഷ്യന്മാരും നിർവ്വഹിച്ച സംഗതിതന്നെ ഇൻഡ്യയിൽ സാധിക്കണമെന്നുള്ളതായിരുന്നു പ്രസ്തുത മിഷ്യൻെറ ലക്ഷ്യം. സാധാരണയായി ദൂരദേശങ്ങളിൽ പോകുന്ന മിഷ്യനറിമാൎക്കുള്ളതിനേക്കാൾ കൂടുതൽ സ്വാതന്ത്ര്യം ഇങ്ങിനെ എനിക്കു അനുവദിച്ചിരുന്നു.

ഞാൻ എന്നും കൃതജ്ഞതയോടു സ്മരിക്കുന്ന വേറൊരു പ്രേരകശക്തി കേംബ്രിഡ്ജിൽ ഞാൻ താമസിച്ച നാളുകളിൽ എന്നിൽ പ്രവൎത്തിച്ചിരുന്നു. പ്രഫെസ്സർ ഇ. ജി. ബ്രൌൺ എൻെറ കോളജിലെ ഒരു "ഫെല്ലൊ" ആയിരുന്നു. ഞാൻ അദ്ദേഹത്തിൻെറ മുറിയിൽ പോയി അദ്ദേഹത്തിൻെറ സംഭാഷണങ്ങൾ സകൌതുകം ശ്രവിക്കയും പൌരസ്ത്യരാജ്യങ്ങളെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന അതിയായ ആസക്തി ഉൾക്കൊള്ളുകയും ചെയ്യാറുണ്ടായിരുന്നു. ഞങ്ങൾതമ്മിലുണ്ടായ ദീൎഘസംഭാഷണങ്ങൾ ഇസ്ലാംമതത്തെ അനുകമ്പാപൂൎവ്വം മനസ്സിലാക്കുന്നതിന് എന്നെ പ്രാപ്തനാക്കി. ഡൽഹിയിലെത്തിയപ്പോൾ ഇതു് എനിക്കു ഒരു വലിയ സഹായമായിത്തീൎന്നു.

ഇതൊക്കെ ആയിരുന്നെങ്കിലും ചെറുപ്പംമുതൽ പരമ്പരാസിദ്ധമെന്നപോലെ എന്നിൽ ദൃഢമൂലമായിരുന്ന ചില മുൻവിധികളെ പറിച്ചെറിഞ്ഞുകളകയെന്നുള്ളതു് ഒട്ടുംതന്നെ എളുപ്പമല്ലായിരുന്നു. ഇൻഡ്യാ, ബ്രിട്ടീഷുകാരുടെ ഒരു നേട്ടമാണെന്നു് ഇംഗ്ലണ്ടിലെ യാഥാസ്ഥിതികന്മാൎക്കുള്ള സാധാരണമായ അഭിപ്രായം എൻെറ പിതാവിനും ഉണ്ടായിരുന്നു. അതു് എൻെറ മനസ്സിൻെറ ആഴത്തിൽ കടന്നുകൂടിയുമിരുന്നു. അതു് എന്നിൽനിന്നു പാടേ ദൂരീകരിക്കുന്നതു് എത്ര പ്രയാസമാണെന്നുള്ള കാൎയ്യം ചിലപ്പോഴൊക്കെ വ്യസനകരമാംവണ്ണം എനിക്കു വെളിപ്പെട്ടു. ഈ കാൎയ്യത്തിലും എനിക്കു് ഏററവും വലിയ സഹായമായിരുന്നതു് സുസിലാണ്. ബ്രിട്ടീ

ഷുകാരുടെ വൎഗ്ഗീയവും സാമ്രാജ്യപരവുമായ ഈ ദുരഭിമാനം എന്നിൽ പൊന്തിവരുമ്പോഴൊക്കെ അതിൽനിന്ന് അദ്ദേഹം എന്നെ പിൻതിരിക്കാറുണ്ടായിരുന്നു. അദ്ദേഹം എന്നെ അഗാധമായും പരമാൎത്ഥമായും സ്നേഹിച്ചിരുന്നതുകൊണ്ടും എന്നെ നല്ലപോലെ മനസ്സിലാക്കിയിരുന്നതുകൊണ്ടും വൎഗ്ഗീയവും മതപരവുമായ അഹങ്കാരം എൻെറ അഭിപ്രായങ്ങളിൽ വെളിപ്പെട്ടപ്പോഴും എന്നോട്ട് അക്ഷമനായി വൎത്തിച്ചില്ല. അദ്ദേഹം ഇംഗ്ലീഷുകാരോടുകൂടെ ദീൎഘനാൾ താമസിച്ചിരുന്നതുകൊണ്ട് അവരെ നല്ലപോലെ മനസ്സിലാക്കിയിരുന്നു. രാഷ്ട്രീയകാൎയ്യങ്ങളിലാകട്ടെ മതവിഷയങ്ങളിലാകട്ടെ ആക്രമണനയം അദ്ദേഹം എപ്പോഴും നിഷിദ്ധമായി കരുതിയിരുന്നു. അദ്ദേഹം ഉറച്ച സ്വരത്തിൽ എന്നോട്ട് "ചാർലി, വിശുദ്ധ പൌലൊസിൻെറ ലേഖനങ്ങൾ വായിക്കുന്നതു് ചിലപ്പോൾ എനിക്കു വിഷമമായി തോന്നുന്നു. തൻെറ സ്വന്ത അഭിപ്രായത്തെ സ്വീകരിക്കുന്നതിന് അദ്ദേഹം മററുള്ളവരെ ഭേമിക്കയും ഒരൊററ ആളിൻെറ മതപരിവൎത്തനത്തിനായി കടലും കരയും ചുററിനടക്കയും ചെയ്യുന്നു. ഇതിൽ ഇംഗ്ലീഷുകാരായ നിങ്ങളെപ്പോലെയാണ് അദ്ദേഹം. ക്രിസ്തുവാകട്ടെ വിജയമടയുന്നതിലേക്ക് അങ്ങിനെയുള്ള ബലപ്രയോഗമാൎഗ്ഗങ്ങൾ ഒരിക്കലും ഉപയോഗിക്കുന്നില്ല. ആരുമറിയാതെ സാവധാനത്തിൽ വളൎന്നുകൊണ്ടിരിക്കുന്ന വിത്തിൻെറ ഉപമ അവിടത്തെ മനോഭാവത്തെ നല്ലപോലെ പ്രകാശിപ്പിക്കുന്നതാണ്. ഈ രീതിയിലുള്ള വളൎച്ച പൌരസ്ത്യർ നിഷ്പ്രയാസം മനസ്സിലാക്കുന്നു" എന്നു പറഞ്ഞു.

വിശുദ്ധ പൌലൊസിൻെറ പ്രവൎത്തനമാൎഗ്ഗങ്ങളെപ്പററിയുള്ള പ്രസ്തുത വിമൎശനം ഏകപക്ഷമായിരിക്കാം. സ്നേഹത്തിൻെറ മാഹാത്മ്യത്തെപ്പററിയുള്ള തൻെറ ഗീതത്തിൽ അദ്ദേഹം ക്രിസ്തുവിനോടു വളരെ സമീപിച്ചുവരുന്നുണ്ടു്. അതു് തൻെറ സ്വന്ത അനുഭവത്തിൻെറയും പരിശീലനത്തിൻെറയും ഫലമായി അദ്ദേഹം പാടിയിട്ടുള്ളതുമാണ്. സുവിശേഷങ്ങളിൽനിന്ന് ക്രിസ്തുവിൻെറ സ്വഭാവത്തെപ്പററി ഞാൻ

കൂടുതൽകൂടുതലായി പഠിച്ചതനുസരിച്ച് സഭാകാര്യങ്ങളിലാകട്ടെ രാഷ്ട്രീയവിഷയങ്ങളിലാകട്ടെ പൌരസ്ത്യരോടുള്ള പെരുമാററത്തിൽ പാശ്ചാത്യർ സ്വീകരിച്ച പ്രയോഗസമ്പ്രദായങ്ങളെപ്പററി എനിക്കുള്ള അതൃപ്തി വർദ്ധിച്ച് വർദ്ധിച്ചുവന്നു. വർഗ്ഗീയമേന്മയും സാമ്രാജ്യശക്തിയുംകൊണ്ടുള്ള മദം "കുറുനരികൾക്ക് കുഴികളും ആകാശത്തിലെ പറവകൾക്ക് കൂടുകളുമുണ്ട്; എന്നാൽ മനുഷ്യൻെറ പുത്രന് തലചായ്പാൻ ഇടമില്ല," എന്നു പറഞ്ഞ ആ മഹാപുരുഷൻെറ ഉപദേശത്തിനു് എത്രയൊ വിരുദ്ധമായിട്ടുള്ളതാണ്.

എൻെറ സംതൃപ്തിഭാവത്തിൽ നിന്ന് എന്നെ തള്ളിമറിക്കുന്നതിന് പര്യാപ്തമായ ഓരൊ പ്രസ്താവനമൂലം സൂസിൽ എൻെറ ദൃഷ്ടിയെ ക്രിസ്തുവിലേക്ക് പിൻതിരിപ്പിക്കാറുണ്ടായിരുന്നു. എനിക്ക് പല വിശാലമായ ആശയങ്ങളുണ്ടായിരുന്നെങ്കിലും ഞാൻ ഇക്കാലത്ത് ഒരു ഹൈച്ചർച്ചുകാരനായി ജീവിച്ചു. സൂസിലിന് ഇക്കാര്യത്തിൽ എന്നെ അനുഗമിക്കാൻ നിവൃത്തിയില്ലായിരുന്നു. എങ്കിലും വിശുദ്ധ കർബാനയുടെ മഹിമയെപ്പററി അദ്ദേഹത്തിന് ഏററവും അഗാധമായ ബോധമുണ്ടായിരുന്നു. എല്ലാ ഞായറാഴ്ചയും അതിരാവിലെ ഒന്നിച്ചുപോയി കർബാന കൈക്കൊൾക എന്നതു് ഞങ്ങളുടെ ഒരാനന്ദമായിരുന്നു.

എന്നാൽ ചില പ്രത്യേക ഉപദേശങ്ങൾ സ്വീകരിക്കുന്നവരെ മാത്രമെ കർബാനയിൽ സംബന്ധിപ്പിക്കാവൂ എന്ന നിയമം അദ്ദേഹത്തിന് അസഹ്യമായിരുന്നു. സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന ശതാധിപനെ സാക്ഷാൽ ദൈവത്തിൻെറ ഒരു മകനായി ക്രിസ്തു സ്വാഗതം ചെയ്യുന്നതിനു മുൻപു അയാൾ സ്നാനപ്പെടുന്നതിനൊ യഹൂദമതാവലംബിആയിത്തീരുന്നതിനൊ ആവശ്യമുണ്ടായിരുന്നോ എന്ന് സൂസിൽ എന്നോടു ചോദിച്ചിട്ടുണ്ട്. "യിസ്രായേലിലെങ്ങും ഇപ്രകാരമുള്ള വിശ്വാസം കണ്ടിട്ടില്ല" എന്ന് ആ ശതാധിപനെപ്പററി ക്രിസ്തു പ്രസ്താവിച്ചില്ലയോ? സകല മനുഷ്യവർഗ്ഗത്തിനുംവേണ്ടി നമ്മുടെ കർത്താവായ ക്രിസ്തുവിനുണ്ടായിരുന്ന

സ്നേഹത്തെക്കാൾ കുറഞ്ഞ ഒരു സ്നേഹംകൊണ്ടു് നാം തൃപ്തിപ്പെടാമൊ? "ഗുരുവിനെപ്പോലെ ആയിരിക്കുന്നതു് ശിഷ്യന്നമതി" എന്ന ക്രിസ്തുവിൻെറ വാക്കുകൾ സുസിൽ ഉദ്ധരിക്കാറുണ്ടായിരുന്നു.

ഹൈച്ചർച്ചു് ആംഗ്ലേയരുടെ സിദ്ധാന്തങ്ങൾ ഇൻഡ്യയിൽ തുടൎന്നുകൊണ്ടു പോകുന്നതും ആവൎത്തിക്കുന്നതും അസാദ്ധ്യമാണെന്നു് എനിക്കു വേഗം നല്ലപോലെ മനസ്സിലായി. അധികം താമസിയാതെ ഒരു പരീക്ഷണ സന്ദർഭം ഉണ്ടായി. ഒരിക്കൽ കുറെ ഇംഗ്ലീഷ് മിഷ്യനറിമാരും ഇൻഡ്യൻ ക്രിസ്ത്യാനികളും ആത്മിക സംസൎഗ്ഗത്തിനായി ഒരുമിച്ചുകൂടി. എല്ലാവരും കൂടി കൎത്താവിൻെറ അത്താഴം എന്ന വിശുദ്ധ കൎമ്മത്തിൽ പങ്കുകൊള്ളണമെന്നും അതിൻെറ ശുശ്രൂഷ നടത്തുന്നതു് പ്രസ്ബിറ്റീറിയൻ സഭയിൽപെട്ട വൃദ്ധനും വിശുദ്ധനുമായ റെ: ഠാക്കൂർ ചാറ്റർജി എന്ന ദേഹം ആയിരിക്കണമെന്നും അവിടെ കൂടിയവർ അഭിപ്രായപ്പെട്ടു. ഇൻഡ്യൻ ക്രിസ്ത്യാനികളോടും, അവിടെ ഉണ്ടായിരുന്ന ശേഷം ആളുകളോടുംകൂടെ കൎത്താവിൻെറ അത്താഴത്തിൽ സംബന്ധിക്കുന്നതിൽ ഞാൻ ഒരു ആംഗ്ലേയക്കാരനാണെന്നുള്ള കാരണം പറഞ്ഞു് വൈമുഖ്യം കാണിപ്പാൻ എനിക്കു് നിവൃത്തിയില്ലായിരുന്നു. സുസിൽ എൻെറ കൂടെ അവിടെ ഉണ്ടായിരുന്നു. ഞങ്ങൾ ഇരുവരും പോയി വിശുദ്ധ കൎമ്മത്തിൽ സംബന്ധിച്ചു. ഇങ്ങിനെ എൻെറ സഭയിലുണ്ടായിരുന്ന പരമ്പരാഗതമായ ഒരു നടപടിയെ ഞാൻ ലംഘിച്ചു. അതിനു ഞാൻ സന്നദ്ധനല്ലായിരുന്നെങ്കിൽ, ക്രിസ്തുയേശുവിൽ ഞാൻ സ്നേഹിച്ചിരുന്ന ആളുകളോടു് അഗാധമായ ക്രിസ്തീയ സംസൎഗ്ഗം ചെയ്യുന്നതിനു് നിവൃത്തിയില്ലാതെ അവരിൽ നിന്നു് വേർപെട്ടു് നില്ക്കേണ്ടിവന്നേനേ.

എന്നെ മററുള്ളവരിൽനിന്നു അകററി നിൎത്തിയിരുന്ന മതിലുകൾ ഓരോന്നോരോന്നായി ഇടിഞ്ഞുവീണു. ഒരു വേനൽക്കാലത്തു് ഞാൻ പലപ്രാവശ്യം മലമ്പനി പിടിച്ചു് ക്ഷീണിച്ചു് നിദ്രയില്ലാതെ കഷ്ടപ്പെട്ടിരുന്നു. അപ്പോൾ സി.

ബി. യങ്ങ് എന്ന പേരുള്ള ഡൽഹിയിലെ ചെറുപ്പക്കാരനായ ഒരു ബാപ്റ്റിസ്റ്റ്മിഷ്യനറി ഒരു നല്ലശമര്യാക്കാരനെപ്പോലെ എന്നെ പട്ടണത്തിനു വെളിയിൽ ഒരു മിഷ്യനറിബംഗ്ലാവിൽ കൊണ്ടുപോയി ശുശ്രൂഷിച്ചുപോന്നു. അങ്ങിനെ ചെയ്തുവരവേ അദ്ദേഹംതന്നെ സുഖക്കേടു പിടിപെട്ട് കിടപ്പിലായിപ്പോയി. അപ്പോൾ അദ്ദേഹത്തിനു പകരം അദ്ദേഹത്തിൻെറ മിഷ്യനിലെ പള്ളിയിൽ പോയി ശുശ്രൂഷ നടത്താമെന്നു ഞാൻ ഏററു; ഞാൻ പോയില്ലെങ്കിൽ അന്ന് ആ പള്ളിയിൽ ശുശ്രൂഷ മുടങ്ങിപ്പോകുമായിരുന്നു. എന്നാൽ ഞാൻ അങ്ങിനെ ഭരമേററതിന്, തൻെറ മഹായിടവകയിൽ പട്ടക്കാരനായി ശുശ്രൂഷിക്കുന്നതിന് എനിക്കു ലഭിച്ചിരുന്ന ലൈസൻസ് എടുത്തുകളയേണ്ടതായി വന്നേക്കുമെന്ന് ലാഹോറിലെ ബിഷപ്പ് എന്നോടു പറഞ്ഞു. അദ്ദേഹം ഒരു ഉത്തമനായ ആളായിരുന്നു; അദ്ദേഹത്തെ ഞാൻ സ്നേഹിച്ചുമിരുന്നു.

ഇതു നടന്നിട്ടിപ്പോൾ 20 സംവത്സരത്തിനുമേലായി. പഞ്ചാബിലെങ്കിലും ഇങ്ങിനെ ഒരു സംഗതി ഇപ്പോൾ നടക്കയില്ല എന്നു തോന്നുന്നു. എന്നാൽ പ്രസ്തുത വിഷമഘട്ടത്തിൽ എന്തെങ്കിലും പെട്ടെന്ന് ഒരു തീരുമാനം ഉണ്ടാക്കണമെന്ന് എനിക്കു ബോധപ്പെട്ടു. കാനോൻ നിയമപ്രകാരം ഞാൻ ബിഷോപ്പിനെ അനുസരിക്കുന്നതിന് കടംപെട്ടവനെങ്കിലും ഈ സംഗതിയിൽ ഞാൻ മനുഷ്യനെക്കാൾ കൂടുതലായി ദൈവത്തെ അനുസരിക്കുമെന്ന് എത്രയും താഴ്മയോടും ആദരവോടും അദ്ദേഹത്തെ അറിയിച്ചു. കുറെക്കൂടെ വിസ്തൃതമായ ഒരു രംഗത്തിൽ പ്രവേശിച്ച് എൻെറ ശുശ്രൂഷ തുടരുന്നതിന് ഒടുവിൽ ഇടയാക്കിയ സംഗതികളിൽ ഒന്നത്രെ ഇതു്.

ഇങ്ങിനെയുള്ള മത്സരത്തിലൊക്കെയും സുസിലും മററ് ഇൻഡ്യൻ ക്രിസ്തീയ നേതാക്കന്മാരും പൊതുവെ എന്നെ അനുകൂലിച്ചിരുന്നു. എങ്കിലും അവരിൽ പലരുടെയും വരുമാനം മിഷ്യനിൽനിന്നുള്ള ശമ്പളം മാത്രമായിരുന്നതിനാലും

അവർ വിവാഹിതരും തങ്ങളുടെ കുടുംബസംരക്ഷണത്തിനു കടപ്പെട്ടവരുമായിരുന്നതിനാലും മിഷ്യൻ അധികാരികളെ മുഷിപ്പിക്കുന്നതിനു് അവൎക്കു ഭയമായിരുന്നു; തന്മൂലം തങ്ങളുടെ അഭിപ്രായങ്ങളെ തുറന്നു പറയുന്നതിനു് അവർ മടിച്ചു. എങ്കിലും ഓരോ ചെറിയ സംഗതിയിൽപോലും പാശ്ചാത്യരുടെ ഇടയിലുള്ള നടപ്പനുസരിച്ചു് പ്രവൎത്തിക്കുന്നതു വലിയ ഭാരമായി ദീർഘനാൾ അവൎക്കു തോന്നിയിരുന്നതിനാൽ സൌകൎയ്യം കിട്ടുമ്പോൾ ആ ഭാരത്തിൽനിന്നു വിമുക്തരാകുന്നതിനു് അവർ തീർച്ചപ്പെടുത്തിയിരുന്നു.

മററുചില പ്രയാസങ്ങളും നേരിടാൻ തുടങ്ങി. ദൈവമനുഷ്യരും വിശുദ്ധന്മാരുമായ വെസ്റ്റ്കോട്ടുബിഷപ്പും കാൻറർബറി ആച്ചുബിഷോപ്പും ഒക്കെപ്പോലും ഇംഗ്ലണ്ടിൽ ആംഗ്ലേയമതനിയമത്തിനു് ഒപ്പുവെക്കുക എന്നുള്ളതു് ഒരുകാൎയ്യം; എന്നാൽ ഇൻഡ്യയിലെ ശൈശവപ്രായത്തിലിരിക്കുന്ന സഭയുടെ തലയിൽ അതു് കെട്ടിവെയ്ക്കുക എന്നുള്ളതു് തുലോം വ്യത്യാസപ്പെട്ട മറെറാരു കാൎയ്യമാണു്.

ഇംഗ്ലണ്ടിൽവെച്ചു് പ്രസ്തുത മതനിയമത്തിനു് സമ്മതം കൊടുക്കാൻ എനിക്കു തോന്നിയ പ്രയാസങ്ങൾ ഒക്കെയും ഇപ്പോൾ വളരെമടങ്ങു് കൂടുതലായ ശക്തിയോടു് പ്രത്യക്ഷമായി. മുൻപു തോന്നിയ പ്രയാസങ്ങളെ അവഗണിച്ചു് ഞാൻ പ്രവൎത്തിച്ചതു് തെററായിപ്പോയി എന്നും എനിക്കിപ്പോൾ മനസ്സിലായി. ഡെൽഹിയിൽവെച്ചു കൂടിയ ചെറുതെങ്കിലും അതിപ്രധാനമായ ഒരു മിഷ്യൻ കൌൺസിൽയോഗത്തിൽ ലാഹോർ ബിഷോപ്പും ഇൻഡ്യയിലെ ആംഗ്ലേയ മെത്രാപ്പോലീത്താ ആയ കല്ക്കത്താ ബിഷോപ്പും സന്നിഹിതരായിരുന്നപ്പോൾ തന്നെ, സുസിൽരുദ്രാ വായിച്ച ഒരുപന്യാസത്തിൽ താൻ പട്ടക്കാരനാകാൻ വിസമ്മതിച്ചതു് മേൽപറഞ്ഞ മതനിയമവും മററും സ്വീകരിക്കുന്നതിനു് നിവൃത്തി കാണാത്തതിനാലാണെന്നു് പ്രസ്താവിക്കയും അവയൊക്കെ സ്വീകരിക്കണമെന്നുള്ള ആംഗ്ലേയസഭയുടെ വ്യവസ്ഥയെ ശക്തിയായി പ്രതിഷേധിക്കയും ചെയ്തു. ഈ സംഗതിയിൽ

MALABAR ... LIBRARY CALICUT 1053



യോഗം എൻെറ അഭിപ്രായം ആവശ്യപ്പെട്ടപ്പോൾ ഞാൻ സൂസിലിൻെറ നിലയോടു് അനുകൂലിക്കയും അപ്പോസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകത്തിൽനിന്നു് ഒരു വാക്യം ഉദ്ധരിച്ചുകൊണ്ടു് "നമ്മുടെ പിതാക്കന്മാക്കാകട്ടെ നമുക്കാകട്ടെ വഹിക്കാൻ പാടില്ലാതെയിരുന്ന ഒരു നുകം ശിഷ്യന്മാരുടെ കഴുത്തിൽ വെക്കരുതെന്നു്" പറകയും ചെയ്തു.

ഈ മത്സരലക്ഷണങ്ങൾ കണ്ടു് ബിഷോപ്പന്മാർ രണ്ടുപേരും ക്ഷുബ്ധരായി. എങ്കിലും ഈവക ദോഷങ്ങൾ ദൂരീകരിക്കുന്നതിനുള്ള സമയം ആയിട്ടില്ലായിരുന്നു. എനിക്കുണ്ടായിരുന്ന സംശയങ്ങളുടെ ശല്യം ഇംഗ്ലണ്ടിൽവെച്ചു് ഒട്ടു് ശമിച്ചിരുന്നെങ്കിലും ഇപ്പോൾ അവ കൂടുതൽ ഗൌരവമായ ഒരു രൂപത്തിൽ പുനരാവിർഭവിച്ചു. ഈ സംഗതിയിലും മനുഷ്യനെക്കാൾ കൂടുതലായി ദൈവത്തെ ഞാൻ അനുസരിക്കുമോ എന്നു നിശ്ചയിക്കുന്നതിനു് ഇപ്പോഴല്ലെങ്കിൽ അല്പം കഴിഞ്ഞിട്ടു ഞാൻ നിർബന്ധിതനാകുമെന്നു് എനിക്കുതോന്നിത്തുടങ്ങി.

ഒടുവിൽ ഒരു ക്രിസ്തുമസ്സ് ദിവസം രാവിലെ കാര്യങ്ങൾക്കൊരു തീരുമാനം ഉണ്ടാക്കിയേ കഴിയൂ എന്ന ഒരു ഘട്ടം വന്നുചേർന്നു. അതിരാവിലെയുള്ള വിശുദ്ധകുർബാനശുശ്രൂഷാവേളയിൽ എൻെറ ഹൃദയം എൻെറ കർത്താവായ യേശുക്രിസ്തുവിൻെറ നേക്കു് താൻ ലോകത്തിൽ സ്ഥാപിച്ച വിശ്വാസത്തിൻെറ മനോഹരത്വത്തെക്കുറിച്ചുള്ള കൃതജ്ഞതകൊണ്ടും സ്നേഹംകൊണ്ടും നിറഞ്ഞൊഴുകി. ആട്ടിടയന്മാക്കു പ്രത്യക്ഷരായ ദൈവദൂതന്മാർ പാടിയ "ഭൂമിയിൽ സമാധാനവും മനുഷ്യക്കു സംപ്രീതിയും" എന്നുള്ള ഗാനം എൻെറ ചെവികളിൽ മുഴങ്ങിക്കൊണ്ടിരുന്നു. സുസിലും ഞാനും ഒന്നിച്ചു വിശുദ്ധകുർബാന കൈക്കൊണ്ടു.

അതിൻെറശേഷം കാലത്തെ പ്രാർത്ഥനാശുശ്രൂഷ ആരംഭിച്ചു. അപ്പോൾ ഇൻഡ്യൻക്രിസ്ത്യാനികളെക്കൊണ്ടു പള്ളി നിറഞ്ഞിരുന്നു. വെള്ളക്കുപ്പായം ധരിച്ച ബാലഗായകന്മാരുടെ അണിക്കു പുറകിലായി ഞാനും ഗായകസംഘത്തിലുണ്ടായിരുന്നു. മനോഹരമായ ഒരു ക്രിസ്തുമസ്സ്ഗീതത്തോടുകൂടെ

ശുശ്രൂഷ ആരംഭിച്ചു. അതിൻെറശേഷം അന്നത്തേക്കു പ്രത്യേകം നിശ്ചയിക്കപ്പെട്ടിട്ടുള്ള അത്തനാസ്യോസിൻെറ വിശ്വാസപ്രമാണം ചൊല്ലുന്നതിനായി പട്ടക്കാരൻ സൂചന കൊടുത്തു. എൻെറ ഹൃദയം നിരുന്മേഷമായി താണു. എൻെറ മുമ്പിൽ നിന്നിരുന്ന ഭാരതീയബാലൻ ഉർദ്ദുഭാഷയിൽ "ഈ വിശ്വാസം ആരെങ്കിലും പൂൎണ്ണമായും നിഷ്കളങ്കമായും പാലിക്കാതെയിരുന്നാൽ സംശയംവിനാ അവൻ എന്നേക്കും നശിച്ചുപോകും" എന്നു് ചൊല്ലിത്തുടങ്ങി. ഇതിൻെറ ഭയാനകമായ അൎത്ഥം മനസ്സിലാക്കാതെയാണു് ആ കുട്ടികൾ ഈ വാക്കുകൾ ഉച്ചരിച്ചതു്. അവിടെ കൂടിയിരുന്ന വലിയ ജനക്കൂട്ടം അതിൽ പങ്കെടുത്തതും മിക്കവാറും അങ്ങിനെതന്നെ ആയിരുന്നു. എങ്കിലും അതിൻെറ അൎത്ഥം മനസ്സിലാക്കിതന്മൂലം തങ്ങളുടെ മനസ്സാക്ഷി ഇടറിയവരായ ചുരുക്കം ചില വിചാരശീലന്മാർ അങ്ങിങ്ങായി ആ കൂട്ടത്തിൽ ഉണ്ടായിരുന്നിരിക്കണം. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തനു ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവൻെറ കഴുത്തിൽ വലിയൊരു തിരികല്ലു കെട്ടി അവനെ സമുദ്രത്തിൻെറ ആഴത്തിൽ താഴ്ത്തിക്കളയുന്നതു് അവനു നന്നു്" എന്നുള്ള ക്രിസ്തുവിൻെറ വാക്കുകൾ എന്നെന്നും സത്യമായി തന്നെയിരിക്കുന്നു.

ഇങ്ങിനെ ആ ക്രിസ്തുമസ്സുദിനം നിരുന്മേഷതയിൽ അവസാനിച്ചു. സുസിൽ ആ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നില്ല. ഞാൻ അദ്ദേഹത്തിൻെറ വീട്ടിൽ മടങ്ങിച്ചെന്നപ്പോൾ അക്ഷമനായി പരുഷസ്വരത്തിൽ അദ്ദേഹം എന്നോടു് "ഈ ഭയങ്കരമായ അടിമത്വത്തിൽ നമ്മൾ എത്രനാളാണു് കഷ്ടപ്പെടേണ്ടതു്" എന്നു ചോദിച്ചു. അദ്ദേഹം തുടൎന്നു പറഞ്ഞതു് "ഞാൻ എൻെറ മകനോടു് ഒരു സംഗതി ഒരുനാളും ചെയ്യരുതെന്നു് പറഞ്ഞിട്ടുണ്ടു്. അതു് മിഷ്യൻവേല ഒരിക്കലും ഒരു കാരണവശാലും സ്വീകരിക്കരുതെന്നുള്ളതാണു്."

ദൈവം എൻെറ ഹൃദയത്തിൽ ഇത്ര സ്പഷ്ടമായി സംസാരിച്ചു ആ വേളയിൽത്തന്നെ ഈവക ദോഷങ്ങൾക്കെതിരായി

പരസ്യമായി മത്സരിക്കാഞ്ഞതു് എന്താണെന്നു് ഞാൻ ഇപ്പോൾ തിരിഞ്ഞുനോക്കി എന്നോടുതന്നെ ചോദിക്കുമ്പോൾ നൽകുന്ന മറുപടി പ്രസ്തുത കാൎയ്യങ്ങൾ അടിസ്ഥാനമാക്കിക്കൊണ്ടു് മിഷ്യൻവേലയിൽനിന്നു പിൻവലിയുന്നതിനു് സമയമായി എന്നെനിക്കു് അപ്പോൾ തെളിവായ ബോധമില്ലായിരുന്നു എന്നുള്ളതാണു്. മിഷ്യനിൽനിന്നുകൊണ്ടുതന്നെ ആവക ദോഷങ്ങളോടു സമരംചെയ്യുന്നതാണുത്തമം എന്നെനിനിക്കു തോന്നി. ഈ കാൎയ്യത്തിൽ എനിക്കു സുസിലിൻെറ അനുകമ്പയും മാൎഗ്ഗനിർദ്ദേശവും ഉണ്ടായിരുന്നു.

എന്നാൽ ഇതിനെക്കാളും ഗൌരവങ്ങളായ ദോഷങ്ങളെ എതിരിട്ടു് തകൎക്കേണ്ടതുണ്ടായിരുന്നു. മിക്കവാറും എല്ലാ രാജ്യങ്ങളിലുംതന്നെ ക്രിസ്തീയവിശ്വാസത്തിൻെറ ഉറവകളിൽ വിഷം കലക്കി ക്രൈസ്തവലോകത്തിൽ ഭിന്നതകളെ ഉളവാക്കിക്കൊണ്ടിരുന്ന വൎണ്ണവിരോധവും വൎഗ്ഗീയഭേദവും ഇവയിൽ പ്രധാനപ്പെട്ടവയായിരുന്നു. ഈ സംഗതിയിൽ അപരിഹാൎയ്യമായ കലാപം നേരിടാതിരിക്കണമെങ്കിൽ അത്യന്തം സാഹസീയമായി സമരം നടത്തേണ്ടിയിരുന്നു. ഇതുകാരണം പ്രധാനമെങ്കിലും താരതമ്യേന ലഘുവായ സംഗതികളിൽനിന്നു ശ്രദ്ധ പിൻവലിക്കേണ്ടിയിരുന്നു.

---

അദ്ധ്യായം 11.

## സിംലാമലകൾ.

ഞാൻ ഡൽഹിയിൽ താമസിച്ച നാളെല്ലാം സഭയ്ക്കു വിരോധമായി മത്സരിച്ചുകൊണ്ടിരിക്കയായിരുന്നെന്നും അതു് എൻെറ ബിഷോപ്പുമായി ഒരു ഗൌരവമായ പിണങ്ങിപ്പിരിയലിൽ കലാശിച്ചുവെന്നുമുള്ള ഒരു ധാരണയാണു് കഴിഞ്ഞ അദ്ധ്യായത്തിൽനിന്നു് വായനക്കാൎക്കു് ലഭിക്കുന്നതെങ്കിൽ അതു് സൎവ്വത്ര പിശകാണു്. എത്ര കാൎയ്യമായ സംഗതിക

ളിൽതന്നെ അഭിപ്രായവ്യത്യാസം ഉണ്ടായാലും അതുകൊണ്ടു് ചലിക്കാത്ത വിധത്തിൽ അഗാധവും ശക്തിമത്തുമായ ഒരു സ്നേഹമായിരുന്നു ബിഷോപ്പിനു എൻെറ നേക്കുണ്ടായിരുന്നതു്. എൻെറ ചില തീരുമാനങ്ങൾ അദ്ദേഹത്തിനു എന്തുമാത്രം ദുഃഖകരമായിരുന്നു എന്നു് എനിക്കു് നല്ലപോലെ അറിയാമായിരുന്നു; എങ്കിലും മററുവിധത്തിൽ ഞാൻ അദ്ദേഹത്തെ സഹായിച്ചുകൊണ്ടും അദ്ദേഹത്തിനു് വളരെ സന്തോഷത്തെ നൽകിക്കൊണ്ടുമാണു് ഇരുന്നതെന്നുള്ളതു് പ്രസ്താവ്യമാണു്. എല്ലാററിനും മേലായി അദ്ദേഹത്തിൻെറയും എൻെറയും കത്താവായ ക്രിസ്തുവിൻെറ നേക്കു് എനിക്കുണ്ടായിരുന്ന തീവ്രമായ സ്നേഹത്തെ അദ്ദേഹം മനസ്സിലാക്കിയിരുന്നു. ലാഹോറിലെ അദ്ദേഹത്തിൻെറ വീട്ടു് എൻെറ വീടായിത്തന്നെ ഞാൻ കരുതിയിരുന്നു. ഞാൻ അദ്ദേഹത്തിൻെറകൂടെ താമസിക്കുന്നതു് അദ്ദേഹത്തിനു് എത്രയും സന്തോഷവുമായിരുന്നു. "മനുഷ്യാ! നിങ്ങളെ കാണുന്നതു് എന്തൊരു സന്തോഷമാണു്" എന്നു പറഞ്ഞുകൊണ്ടായിരുന്ന അദ്ദേഹം മിക്കപ്പോഴും എന്നെ സ്വാഗതം ചെയ്തുപോന്നിരുന്നതു്. ഈ സ്നേഹോദിതമായ വാക്കുകൾ ഉച്ചരിക്കുമ്പോൾ അദ്ദേഹത്തിൻെറ മുഖം സന്തോഷംകൊണ്ടു് പ്രകാശിച്ചിരുന്നു. അദ്ദേഹത്തിനു് എന്തുമാത്രം സന്തോഷമുണ്ടായിരുന്നു എന്നുള്ളതു് അദ്ദേഹത്തിൻെറ കരഗ്രഹണം ഒന്നിൽനിന്നുതന്നെ തെളിവായിരുന്നു.

ഞാൻ ഡൽഹിയിൽ വരുന്നതിനു വളരെ മുമ്പുതന്നെ എനിക്കു് ഒരു ക്രിസ്തീയ മിഷ്യനറിവീരൻെറ മാതൃകയായിരുന്നതു് ലഫ്രോയിബിഷോപ്പായിരുന്നു. അദ്ദേഹം എനിക്കു പരിചയമുള്ളവരിൽവെച്ചു് ഏററവും ധീരനും വിനീതനുമായിരുന്നു. ഒരിക്കലും തീരാത്ത ഫലിതവും ഉൽകൃഷ്ടമായ ധീരതയും ആ ഐറിഷുകാരനിൽ ഒരുമിച്ചു് സമ്മേളിച്ചിരുന്നു. അദ്ദേഹത്തിനു സദൃശനായി മോണ്ടുഗോമറിബിഷോപ്പിനെ മാത്രമേ ഞാൻ ഗണിച്ചിരുന്നുള്ളു. ഇദ്ദേഹം ഇപ്പോൾ തൻെറ ആയുസ്സിൻെറ അവസാനനാളുകൾ ഡോനിഗൽ എന്ന സ്ഥ

ലത്തു് ശാന്തമായി കഴിച്ചുകൂട്ടുന്നു. ലഫ്രോയിയെപ്പോലെതന്നെ ഇദ്ദേഹവും, വിശാലഹൃദയനും ഉദാരബുദ്ധിയുമായ ഒരു ഐറിഷുകാരനാണു്. ദീർഘസംവത്സരങ്ങൾ ശാരീരികമാവേദന അവസാനത്തോളം ക്ഷമയോടു സഹിച്ചശേഷം ലഫ്രോയിബിഷോപ്പു് തൻെറ നിത്യസ്വസ്ഥതയിൽ പ്രവേശിച്ചിരിക്കുന്നു.

തീവ്രമായ നിയമങ്ങൾ കൊണ്ടായിരുന്നു അദ്ദേഹം തൻെറ ദിനംപ്രതിയുള്ള ജീവിതത്തെ നിയന്ത്രിച്ചുകൊണ്ടിരുന്നതു്. ആപത്തിനെ ഭയപ്പെടാതെയും വേണ്ടിവന്നാൽ അത്യന്തം ആപൽക്കരമായ ഏതൊന്നിലും പ്രവേശിക്കുന്നതിനു് ബദ്ധകങ്കണനായിക്കൊണ്ടും അദ്ദേഹം ക്രിസ്തുരാജ്യത്തിൻെറ വിസ്തൃതിക്കുവേണ്ടി നവീന പന്ഥാക്കളിൽക്കൂടെ ക്ലേശസഹിഷ്ണുതയോടെ മുന്നോട്ടുപോകുന്നതിനുള്ള വിളിയുണ്ടാകുമ്പോൾ അതിനെപ്പോഴും സന്നദ്ധനായിരുന്നു. ഏതെങ്കിലും ഒരു പുതിയ ഉദ്യമത്തിൽ അദ്ദേഹം എന്നെ ശ്രദ്ധാപൂർവ്വം കേട്ടു് മനസ്സിലാക്കുമെന്നുള്ള ഉറപ്പോടുകൂടെ സഹായത്തിനും പ്രോത്സാഹനത്തിനുമായി എനിക്കു് അദ്ദേഹത്തിൻെറ അടുക്കൽ ചെല്ലാമെന്നുള്ളതു ഞാൻ മനസ്സിലാക്കിയിരുന്നു. ക്രിസ്തീയ സേവനത്തിനായി പുതിയ മാർഗ്ഗങ്ങൾ തുറക്കാനിടയുള്ള ഏതെങ്കിലും ഒരു വീരകർമ്മത്തേക്കാൾ കൂടുതൽ ആനന്ദപ്രദമായി അദ്ദേഹത്തിനു് ഒന്നുമില്ലായിരുന്നു.

കുറെ വർഷങ്ങൾ ഞാൻ ഡൽഹി കോളജിലെ ജോലി നോക്കിക്കൊണ്ടു് സന്തോഷമായി താമസിച്ചു. സുസിലിൻെറ സഹായത്തോടെ പട്ടണത്തിൽ പലരുടെയും സൌഹാർദ്ദം സമ്പാദിക്കുന്നതിനു ശ്രമിക്കയും ചെയ്തു. കോളജിലെ ജോലി തുടൎന്നുകൊണ്ടിരിക്കത്തന്നെ ദരിദ്രരുടെ ഇടയിൽ അവരിലൊരുത്തനെപ്പോലെ താമസിക്കണമെന്നുള്ള ആഗ്രഹം വീണ്ടും എൻെറ മനസ്സിൽ അടക്കാൻ പാടില്ലാത്തവണ്ണം കടന്നുകൂടി. സുസിലിനോടല്ലാതെ ആരോടും ഞാൻ ഇതെപ്പററി അധികമൊന്നും പറഞ്ഞില്ല. എന്നാൽ അദ്ദേഹത്തോടു ഞാൻ എൻെറ മനസ്സു തുറന്നു് എല്ലാം പറഞ്ഞു.

കോളജിൽ നിന്നു് ഒരു സൈക്കിൾസവാരികൊണ്ടെ ത്താവുന്ന ദൂരത്തിൽ പഴയ ഡൽഹി പട്ടണത്തിനടുത്തു് ഒരു ഗ്രാമം സ്ഥിതി ചെയ്തിരുന്നു. അവിടെ ചാമർ എന്നു പറയു ന്ന ഒരു തീണ്ടൽജാതിയായ അധഃകൃതവർഗ്ഗം താമസിച്ചിരു ന്നു. അവരിൽ ഒരു ചെറിയ പങ്കു് ക്രിസ്ത്യാനികളായിരുന്നു. അവക്കുവേണ്ടി ഞങ്ങൾ ഒരു ചെറിയ പള്ളി പണിയിച്ചു. അ വിടെ പലപ്പോഴും ഞാൻ പോയി ശുശ്രൂഷ നടത്തുകപതി വായിരുന്നു. അവരുടെ ഇടയിൽ താമസിച്ചുകൊണ്ടു് കോളജി ലെ എൻെറ ജോലി തുടരുന്നതു് സുസാദ്ധ്യമായിരിക്കുമെന്നു് എനിക്കുതോന്നി.

ഇതൊന്നു പരീക്ഷിച്ചു നോക്കേണ്ടതാണെന്നുള്ളതിൽ സു സിൽ എന്നോടു യോജിച്ചു. എന്നാൽ എൻെറ ആരോഗ്യ സ്ഥിതി എത്ര നാളത്തേക്കു് ഇതനുവദിക്കുമെന്നുള്ളതിനെപ്പ ററി അദ്ദേഹത്തിനു് ബലമായ സംശയമുണ്ടായിരുന്നു. എൻെറ മിഷ്യൻെറ മേലാവായിരുന്ന ഓൾനട്ടിനോടു് ഒടുവിൽ എ ൻെറ ഈ ആഗ്രഹം ഞാൻ അറിയിച്ചു. അദ്ദേഹം ബിഷോപ്പി ൻെറ അഭിപ്രായം അറിയാനായി എന്നെ അങ്ങോട്ടയച്ചു. അ ങ്ങിനെ ഞാൻ ലാഹോറിൽ ബിഷോപ്പിൻെറ അടുക്കൽ ചെ ന്നു. എൻെറ ആഗ്രഹങ്ങൾ അദ്ദേഹത്തെ അറിയിച്ചപ്പോൾ അദ്ദേഹത്തിനു് എന്തുമാത്രം സന്തോഷമുണ്ടായി എന്നുള്ളതു് ഇപ്പോഴും ഞാൻ നല്ലപോലെ ഓക്കുന്നുണ്ടു്.

എന്നാൽ പ്രയോഗപരീക്ഷണത്തിൽ എൻെറ പ്ലാൻ അസാദ്ധ്യമായി കാണപ്പെട്ടു. അക്കാലത്തു് ഡൽഹി കഠി നമായ മലമ്പനിക്കു് കേൾവികേട്ടിരുന്ന സ്ഥലമായിരുന്നു. അതു് ഇക്കായ്യത്തിൽ അനിവായ്യമായ ഒരു പ്രതിബന്ധമായി ത്തീൎന്നു. എനിക്കു കൂടക്കൂടെ മലമ്പനി വന്നുകൊണ്ടിരുന്ന തിനാൽ ഇൻഡ്യയിൽനിന്നു് എന്നേക്കുമായി യാത്രപറഞ്ഞു് ഇംഗ്ലണ്ടിൽ മടങ്ങിപ്പോയി സ്ഥിരമായി താമസിക്കേണ്ടിവ ന്നേക്കുമെന്നു് തോന്നിപ്പോയി.

ഓരോ തവണയും പനിവന്നു് സുഖപ്പെടുമ്പോൾ ക്ഷീ ണം തീൎക്കുന്നതിലേക്കു സുഖവാസസ്ഥലങ്ങളായ മലമ്പ്രദേ

ശങ്ങളിൽ പോയി താമസിക്കേണ്ടതായിവന്നു. ഇതു് അവസാനത്തിൽ ഒരനുഗ്രഹമായി ഭവിച്ചു. ഈ മലമ്പ്രദേശങ്ങളിൽവച്ചു് രണ്ടു് അസാധാരണമനുഷ്യരുമായി ഏററവും അടുത്തു പരിചയപ്പെടുന്നതിനു് എനിക്കിടയായി. ക്വേക്കർ മതവകുപ്പിൽ ജനിച്ചു വളൎന്ന അമ്മേരിക്കാക്കാരനായ സാമുവൽ സ്റ്റോക്സ് എന്ന യുവാവും അദ്ദേഹം മുഖാന്തിരം പരിചയപ്പെട്ടുലോം ചെറുപ്പക്കാരനും അന്നു് പഞ്ചാബിനു വെളിയിൽ അത്ര പ്രസിദ്ധനല്ലാതിരുന്ന സാധു സുന്ദരസിംഗുമായിരുന്നു മേൽപറഞ്ഞ രണ്ടു പേർ.

ദരിദ്രരുടെയിടയിൽ താമസിക്കുന്നതിനു് എന്റെ ഉള്ളിൽ ഉണ്ടായിരുന്ന അഭിവാഞ്ഛയിൽ അവരും പൂൎണ്ണമായി പങ്കുകൊണ്ടിരുന്നു. മുൻപുതന്നെ അവർ വളരെ പ്രായോഗികമായ രീതിയിൽ ഈ കാൎയ്യം നിൎവ്വഹിച്ചുകൊണ്ടിരുന്നവരാണു്. പൊക്കണമൊ വടിയൊ രണ്ടുടുപ്പോ ഒന്നും എടുക്കാതെ സുവിശേഷത്തെപ്രതി ദാരിദ്ര്യത്തെ സന്തോഷത്തോടു വരിച്ചുകൊണ്ടു് വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ക്രിസ്തുവിനെ അനുഗമിക്കുന്നതിനായി അവർ ഇറങ്ങി പുറപ്പെട്ടിരുന്നു. വിശ്വാസികളായ സ്ത്രീപുരുഷന്മാരുടെ ഹൃദയങ്ങൾ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞിരുന്ന ആ ഒന്നാം ക്രിസ്തീയ നൂററാണ്ടിൽ അവർ അനുഭവിച്ച ത്യാഗഫലമായ ആനന്ദം പഞ്ചാബിലെ കുഴഞ്ഞുകിടന്നിരുന്ന സഭയിൽ ഒരളവിൽ പുനരാവിർഭവിപ്പിക്കുന്നതിനു് തങ്ങളുടെ ഈ മാതിരി അതിലളിതമായ ക്രിസ്തീയജീവിതംകൊണ്ടു് അവൎക്കു സാധിച്ചു. ശരീരക്ഷീണത്തിന്റെ കാലത്തു് എനിക്കു് ഇവരെ മലയിൽ വെച്ചു കാണുന്നതിനും അവരോടുകൂടെ താമസിക്കുന്നതിനും ഇടയായതു് ഒരനുഗ്രഹംതന്നെയായിരുന്നു.

ഞാൻ സ്റ്റോക്സിനെയും സുന്ദരസിംഗിനെയും കണ്ടതു് മിക്കപ്പോഴും മലയിൽവെച്ചായിരുന്നു. എങ്കിലും അവർ ശീതകാലത്തു് അടിവാരങ്ങളിൽ പോയി ഗ്രാമങ്ങൾതോറും പാദരക്ഷപോലുമില്ലാതെ ചുററി സഞ്ചരിക്കാറുണ്ടായിരുന്നു. ഡൽഹിയിൽ വരുമ്പോഴൊക്കെയും അവരെ സുസിൽരുദ്രായു

ടെ ഭവനത്തിൽ അത്യന്തം സന്തോഷത്തോടെ അതിഥികളായി സ്വീകരിച്ചിരുന്നു. അവരിൽ ആരെങ്കിലും മുന്നറിവുകൂടാതെ പെട്ടെന്നു വന്നുകയറുമ്പോൾ ഞങ്ങൾക്കു തോന്നിയിരുന്ന ആനന്ദം അനല്പമത്രെ.

അനേകനാളത്തേക്ക് കൊല്ലംതോറും മദ്ധ്യവേനൽ ഒഴിവ് ആരംഭിച്ച് ഡൽഹിയിലെ ഉഷ്ണം ദുസ്സഹമായി തുടങ്ങുമ്പോൾ സുസിൽരുദ്രായും അദ്ദേഹത്തിൻെറ രണ്ടുകുട്ടികളും ഞാനും ഒരുമിച്ച് ഹിന്ദുസ്ഥാൻ-ടിബററ് റോഡിൽക്കൂടെ നടന്ന് സിംലായ്ക്കു അഞ്ചാറുസവാരിദൂരം അപ്പുറംവരെ പോകാറുണ്ടായിരുന്നു. മിസസ്സ് ബേററ്സ് എന്നു പേരായി ഞങ്ങൾക്ക് സുപരിചിതയായ ഒരു വിധവ ആ റോഡരികെ ബാഗേറി എന്ന സ്ഥലത്ത് താമസിച്ചിരുന്നു. അവർ തൻെറ ഭവനത്തിൽ ഞങ്ങളെ സ്വീകരിച്ചുപോന്നു. അവിടെനിന്ന് 5000-ൽപരം അടി താഴെ മലകളിൽക്കൂടെ സററ്ലജ്നദി വക്ത്രഗതിയായി പ്രവഹിച്ചുകൊണ്ടിരുന്നു. മേലോട്ടു നോക്കിയാൽ ദൂരത്തായി ഹിമാലയൻ പർവ്വതനിരകളിലെ ഹിമാവൃതങ്ങളായ കൊടുമുടികൾ ആകാശത്തിൽ ഉയൎന്നുനിൽക്കുന്നതു് ദൃശ്യമായിരുന്നു. പ്രസ്തുത റോഡിൽ കൂടെക്കൂടെ നടന്നാൽ ഹൈന്ദവഗ്രാമങ്ങൾ അവസാനിച്ചതായും പ്രാൎത്ഥനാചക്രങ്ങളോടുകൂടിയ ബൗദ്ധവിഹാരങ്ങൾ ആരംഭിച്ചതായും കാണാം. ടിബററിലേക്കു അവിടെനിന്നു വളരെ ദൂരമില്ല. ഹാത്തുമലയുടെ മുകളിൽ കയറി നോക്കിയാൽ ഹിമവൽശൃംഗങ്ങളുടെ അതിമനോഹരമായ ഒരു ദൎശനം ലഭിക്കും. അതിലേക്കായി ഒരവസരത്തിൽ ബിഷോപ്പും ഞാനുംകൂടെ പ്രസ്തുത മല കയറാൻ പോയി. എന്നാൽ അതിൻെറ മുകളിൽ ചെന്നപ്പോഴേക്കു മൂടൽമഞ്ഞു വീഴുകയും കാർമേഘം വന്നു നിറയുകയും ചെയ്തതിനാൽ ഒന്നും കാണാൻ പാടില്ലാതെ ഞങ്ങൾ അത്യന്തം ഭഗ്നാശയരായി. ഞങ്ങൾ ഒരു പാറപ്പുറത്ത് ഇരുന്നുകൊണ്ട് ബിഷോപ്പ് പ്രാൎത്ഥനപ്പുസ്തകം എടുത്തു എന്നോടൊന്നിച്ചു രാവിലത്തെ ശുശ്രൂഷയുടെ ക്രമം വായിച്ചുതുടങ്ങി. “ദൈവമെ ഞങ്ങൾ നിന്നെ

സ്തുതിക്കുന്നു. നീ കർത്താവെന്നു ഞങ്ങൾ സമ്മതിച്ചു പറയുന്നു. നിത്യപിതാവായ നിന്നെ സകല ലോകവും വന്ദിക്കുന്നു" എന്നീ വാക്കുകൾവരെ വായിച്ചു. അതിനു താഴെയുള്ള "ക്രിസ്തുവേ നീ മഹത്വത്തിന്റെ രാജാവാകുന്നു" എന്ന ഭാഗത്തു വന്ന മാത്രയിൽ ഞങ്ങളെ ചുററിയിരുന്ന ഹിമാവരണം നീക്കി സൂര്യൻ അത്യന്തം പ്രഭയോടെ പെട്ടെന്നു പ്രത്യക്ഷമായി. സദാ മഞ്ഞു് മൂടിക്കിടക്കുന്ന പർവ്വതനിരകൾ ഒന്നിനുമേൽ ഒന്നായി സൂര്യപ്രകാശം തങ്ങളുടെ ശിരസ്സുകളിൽ വിളയാടിക്കൊണ്ടു് ഞങ്ങൾക്കു് കാണായ്‌വന്നു.

ഈ കാഴ്ച കണ്ടയുടൻ ഞങ്ങൾ രണ്ടുപേരും പെട്ടെന്നു വായന അല്പനേരത്തേക്കു നിറുത്തി. പിന്നീടു്, അതിനു മുൻപു് ഒടുവിൽ വായിച്ച ഭാഗം ആഹ്ലാദത്തോടെ ഞങ്ങൾ വീണ്ടും ചൊല്ലി. "ക്രിസ്തുവേ നീ മഹത്വത്തിന്റെ രാജാവാകുന്നു. നീ പിതാവിന്റെ നിത്യപുത്രനാകുന്നു".

ഈ സൌന്ദര്യദർശനം എന്റെ സ്മരണയിൽ ദീർഘനാൾ സജീവമായി സ്ഥിതിചെയ്തു. മലയിൽവെച്ചു് കർത്താവു് മറുരൂപപ്പെട്ടു് ശോഭാപരിപൂർണ്ണനായി ഭവിക്കയും "കർത്താവെ ഇവിടെ ഇരിക്കുന്നതു നമുക്കു നല്ലതു്" എന്നു പത്രോസു് വിളിച്ചുപറകയും ചെയ്തപ്പോൾ ആ മൂന്നുശിഷ്യന്മാർക്കുണ്ടായ വികാരങ്ങൾ എന്തായിരിക്കണമെന്നു് ഗ്രഹിപ്പാൻ എനിക്കു സാധിച്ചു.

ഒരു സംവത്സരത്തിന്റെ അവസാനഘട്ടത്തിൽ ഒരിക്കൽ സുന്ദരസിംഗിനോടൊന്നിച്ചു് സാമുവൽ സ്റ്റോക്സു് പ്രസ്തുത പർവ്വതനിരകളിൽ സമീപത്തുള്ളവ കടന്നു് പ്രയാണം തുടന്നു. ശൈത്യാധിക്യംകൊണ്ടു് സുന്ദരസിംഗിന്റെ ശക്തി ക്ഷയിച്ചു, കുറേദൂരം സ്റ്റോക്സു് സുന്ദരസിംഗിനെ ചുമന്നുകൊണ്ടു പോയി, അങ്ങിനെ കുറെ നടന്നപ്പോൾ സ്റ്റോക്സും അവശനായി. തങ്ങളുടെ അവസാന നാഴിക വന്നിരിക്കുന്നു എന്നു് തങ്ങളുടെ ബോധം മറയുന്നതിനു മുൻപു് അവർ രണ്ടുപേരും വിചാരിച്ചു. മാനുഷികമായ ബലഹീനതയുടെ അത്യുൽകൃഷ്ടവേളയിൽ താൻ സ്നേഹിച്ചിരുന്ന കർത്താവു് തന്നെ

ആശ്വസിപ്പിച്ചുകൊണ്ടും പുതിയ ശക്തി പ്രദാനം ചെയ്തുകൊണ്ടും തന്റെ മുൻപാകെ പ്രത്യക്ഷനായതുപോലെ തോന്നി എന്നു് സ്റ്റോക്സ് എന്നോടു പറഞ്ഞിട്ടുണ്ടു്. ഒടുവിൽ അവർ രണ്ടുപേരും മരണത്തിൽനിന്നു രക്ഷപ്പെട്ടു. കഴുതപ്പുറത്തു് സവാരിചെയ്തു് ആവഴി വന്ന ചില യാത്രക്കാർ ഇവർ നിലത്തു കിടക്കുന്നതു കണ്ടു് അവരെ എടുത്തുകൊണ്ടുപോയി രക്ഷിച്ചു.

വേറൊരവസരത്തിൽ സുസിലും ഞാനും സ്റ്റോക്സിനോടും സുന്ദരസിംഗിനോടും ഒന്നിച്ചു് ഈ മലകളിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ ഒരിക്കൽ സ്റ്റോക്സിന്റെ കഥ കഴിഞ്ഞുപോകുമായിരുന്നു. തന്റെകൂടെ ദീർഘനാൾ താമസിച്ചിരുന്ന മലയജാതിക്കാരനായ ഒരു ബാലൻ ക്രിസ്ത്യാനിയായിത്തീരാൻ ആഗ്രഹിച്ചതനുസരിച്ചു് സ്റ്റോക്സ് അവനെ സ്നാനപ്പെടുത്തി. അവന്റെ സജാതീയന്മാർ അതറിഞ്ഞു് കോപാക്രാന്തരായി സ്റ്റോക്സിനെ ഉപദ്രവിക്കാൻ ഇറങ്ങിതിരിച്ചു. അവരുടെ ഈ പുറപ്പാടിനെപ്പറ്റി ഞങ്ങൾക്കറിവു് കിട്ടിയിരുന്നില്ല. സുസിലും ഞാനും എന്തൊ വായിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ ഭയാനകങ്ങളായ അട്ടഹാസങ്ങൾ കേട്ടു് ഞങ്ങൾ പുറത്തു ചാടി നോക്കി. സുസിലിന്റെ മകൻ ഷുധിരും ദിനനാഥ് എന്നു പേരായ വേറൊരു ഇൻഡ്യൻ ക്രിസ്ത്യൻ യുവാവും കൂടെ ഞങ്ങൾക്കു മുൻപായി ഓടി മലയജാതിക്കാരെ തടുത്തുനിർത്തി. ഞങ്ങളും പുറകെ എത്തി. എങ്കിലും സ്റ്റോക്സിന്റെ തലയ്ക്കു കഠിനമായ ഒരു പ്രഹരമേററിരുന്നു. തൻമൂലം നെററിയിലുണ്ടായ വലിയ മുറിവും വിളറിയ മുഖവും കണ്ടു് ഞങ്ങൾക്കു വലിയ ഭയം തോന്നി. ലഹളക്കാർ അദ്ദേഹത്തെ അൽപ്രാണനാക്കിയശേഷം ഓടിക്കളഞ്ഞു.

ഒരു പകലും രാവും അദ്ദേഹം ബോധരഹിതനായി കഴിച്ചുകൂട്ടി. ഞങ്ങൾ ശിരസ്സിൽ ശീതജലം ഒഴുക്കിക്കൊണ്ടു് അദ്ദേഹത്തിന്റെ അടുക്കൽ ഇരുന്നിരുന്നു. ഈ സമയമെല്ലാം അതിദയനീയമായ ഒരു നേരിയ ശബ്ദം അദ്ദേഹത്തിൽനി

ന്നു പുറപ്പെട്ടുന്നുണ്ടായിരുന്നു. പിന്നീട് ഹിന്ദിഭാഷയിൽ ഒരു വാചകം അദ്ദേഹം ആവത്തിച്ചാവത്തിച്ച് ഉച്ചരിച്ചുകൊണ്ടിരുന്നു. തന്നെ കൊല്ലാനായി ഉദ്യമിച്ച ലഹളക്കാക്കെതിരായി യാതൊരു നടപടിയും നടത്തരുതെന്ന് ഞങ്ങളോടപേക്ഷിക്കുന്ന ഒരു വാചകമായിരുന്നു അതു്. കുറെ സുഖം പ്രാപിച്ചപ്പോൾ തന്നെ വധിക്കുന്നതിനൊരുമ്പെട്ടവക്ക് മോചനം നൽകണമെന്നപേക്ഷിക്കാനായി സിംലായിൽ ഡെപ്യൂട്ടിക്കമ്മീഷണരുടെ അടുക്കൽ തന്നെ എടുത്തുകൊണ്ടു പോകണമെന്ന് അദ്ദേഹം നിർബന്ധിച്ചു. അവസാനത്തിൽ അദ്ദേഹത്തിൻെറ ആഗ്രഹം സാധിച്ചു. ആ ലഹളക്കാരെല്ലാം ശിക്ഷയിൽ പെടാതെ രക്ഷപ്പെട്ടു.

ഇങ്ങിനെയുള്ള പ്രക്ഷോഭകരങ്ങളായ സംഭവങ്ങളുടെ മദ്ധ്യേ ക്രിസ്തുവിൻെറ സേവയിൽ അഗാധമായ സ്നേഹത്തോടുകൂടെ അന്യോന്യസംസഗ്ഗത്തിലും കൂട്ടായ്മയിലും ഞങ്ങൾ അനേക മാസങ്ങൾ ഒരുമിച്ചു കഴിച്ചുകൂട്ടി. വേറൊരവസരത്തിൽ മലവാസികളുടെയിടയിൽ വിഷൂചികരോഗം പടൎന്നുപിടിച്ചപ്പോൾ അനേകം ദീനക്കാരെയും മരണക്കിടക്കയിൽ കിടന്നിരുന്നവരെയും ഞങ്ങൾ പരിചരിച്ചുപോന്നു. സന്തോഷത്തിലും ദുഃഖത്തിലും ക്രിസ്തു ഞങ്ങളുടെകൂടെ ഉണ്ടായിരുന്നു.

ഞങ്ങൾ താമസിച്ച സ്ഥലം മലകളുടെയിടയിൽ ശാന്തമായ ഒഴിഞ്ഞ ഒരു കോണായിരുന്നതുകൊണ്ട് സുന്ദരസിംഗിന് അതു വളരെ ഇഷ്ടമായിരുന്നു. ക്രിസ്തുവിനോടു സംസഗ്ഗംചെയ്തുകൊണ്ട് ഏകാന്തനായിരിക്കുന്നതു് അദ്ദേഹത്തിനു വളരെ പ്രിയമായി തോന്നി. ബാറേറിയിൽനിന്നു് ഏകദേശം മൂവായിരമടി താഴെയായി കോട്ട്ഗാർ എന്ന സ്ഥലത്തു് ഒരു ചെറിയ ക്രിസ്തീയദേവാലയം ഉണ്ടായിരുന്നു. വൃദ്ധനായി നരച്ച താടിയോടുകൂടെ റവ: ഐ. ബ്യൂട്ടൽ എന്നൊരു ജമ്മൻമിഷ്യനറി തൻെറ വൃദ്ധയായ ഭാൎയ്യയുമൊരുമിച്ചു വേനൽക്കും വർഷത്തിലും എപ്പോഴും അവിടെത്തന്നെ താമസിക്കുന്നുണ്ടായിരുന്നു. തങ്ങളുടെ ആയുസ്സിൻെറ ഭൂരിഭാഗവും അവർ മലകളിലാണു് കഴിച്ചുകൂട്ടിയിരുന്നതു്.

സ്റ്റോക്സ് താഴ്‌വരകളിൽനിന്നു കുറെ കൊച്ചുകുട്ടികളെ കൊണ്ടുവന്നു. അവരാണ് തൻെറ കുടുംബമെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. അവരെല്ലാം വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടു. ഒരുത്തൻ കുരുടനും വേറൊരുത്തൻ മുടന്തനുമായിരുന്നു. കുഷ്ഠരോഗം പിടിച്ച മാതാപിതാക്കന്മാരിൽനിന്നു ജനിച്ചവരായിരുന്നു മൂന്നുപേർ. എങ്കിലും അവരെ കുഷ്ഠരോഗം ബാധിച്ചിരുന്നില്ല. അവരെല്ലാവരും എത്രയും അരിഷ്ട ജീവിതത്തിൽനിന്നു രക്ഷിക്കപ്പെട്ട അനാഥരായിരുന്നു; എങ്കിലും അവരെക്കാൾ സന്തോഷമുള്ള ഒരുകൂട്ടം ആളുകളെ ലോകത്തിലൊരിടത്തും കാണാൻ പ്രയാസമായിരുന്നു. കാരണം, തങ്ങളുടെ പൂൎണ്ണഹൃദയത്തോടെ അവർ അന്യോന്യം സ്നേഹിച്ച് ഉള്ളതൊക്കെയും പൊതുവേയനുഭവിച്ചുപോന്നു. ആ ദിനങ്ങൾ എത്രയൊ ആനന്ദപ്രദമായിരുന്നു.

സാധു സുന്ദരസിംഗിനു ഏകാന്തവാസം ഏററവും പ്രിയമായിരുന്നുവെന്ന് ഞാൻ മുൻപു പറഞ്ഞതല്ലൊ. പലപ്പോഴും അനേകം ആഴ്ചവട്ടത്തേക്കു് അദ്ദേഹത്തെ കാണാനില്ലായിരിക്കും. അതുകഴിഞ്ഞു് പതുക്കെ തിരികെ വന്ന് ഞങ്ങളുടെകൂടെ താമസിച്ച് ജോലി നോക്കുകയും സാധാരണമത്രെ. ചില വഷങ്ങളിൽ അദ്ദേഹത്തെ ഒരിക്കലും കാണുകയില്ല. അദ്ദേഹം എവിടെ പോയിരിക്കയാണെന്ന് ആക്കും അറിവുണ്ടായിരിക്കയുമില്ല. മലമുകളിൽ പോയി രാത്രി മുഴുവൻ പ്രാൎത്ഥിച്ചുകൊണ്ടിരിക്ക എന്നുള്ളതു് അദ്ദേഹത്തിൻെറ പതിവായിരുന്നു. കോട്ട്ഗാറിൽനിന്നും ദൂരത്തല്ലാതെ വനത്തിൽ ഒരു ഗുഹയുണ്ടായിരുന്നു. പകൽസമയത്തു് പ്രാൎത്ഥനയ്ക്കും ദൈവസംസൎഗ്ഗത്തിനുമായി ഈ ഗുഹയിലാണ് അദ്ദേഹം പൊയ്ക്കൊണ്ടിരുന്നതു്.

ഇദ്ദേഹത്തെക്കാൾ വിശുദ്ധരായ ആളുകളെ വളരെ ദുർല്ലഭമായിട്ടേ ഞാൻ അറിഞ്ഞിട്ടുള്ളു. തൻെറ കൎത്താവും യജമാനനുമായ ക്രിസ്തുവിനെയുള്ള സ്നേഹമായിരുന്നു അദ്ദേഹത്തിൻെറ ജീവിതത്തിലെ ഏററവും അഗാധമായ പ്രേരകശക്തി; സകലത്തിൻെറയും കേന്ദ്രസ്ഥാനം ഇതായിരുന്നു. ഹിന്ദു

സ്ഥാൻ ററിബററുറോഡിൻെറ അങ്ങേഅററംവരെ പോയി ക്രിസ്തുവിൻെറ നാമം അറിയപ്പെട്ടിട്ടില്ലായിരുന്ന ററിബററുരാജ്യത്തിൽ കടക്ക എന്നുള്ളതായിരുന്നു തൻെറ വലിയ ആഗ്രഹം. വളരെ കിഴക്കാംതൂക്കായുള്ള ഒരു ചുരം കടന്നേ ററിബററിൽ കയറാൻ നിവൃത്തിയുണ്ടായിരുന്നുള്ളു. അതിനു ശ്രമിച്ചിട്ടുള്ള ആളുകൾ ആ പ്രയാണം എത്ര ഭയങ്കരമാണെന്നു് എന്നോടു പറഞ്ഞിരുന്നു. 1908_ാമാണ്ടു് അദ്ദേഹം അതു് സാധിച്ചു. 1919_ാമാണ്ടു് വേനൽക്കാലത്തു് അദ്ദേഹം വീണ്ടും അവിടെ പോയി. എന്തെല്ലാം കഷ്ടപ്പാടു് അദ്ദേഹത്തിനുണ്ടായി എന്നുള്ളതിനെപ്പററി നമുക്കു് സൂക്ഷ്മമായി ഒരു ജ്ഞാനവുമില്ല. യാത്രയിൽ ആദ്യവസാനം അദ്ദേഹത്തിൻെറ ജീവൻ അപകടത്തിലായിരുന്നു എന്നുമാത്രമറിയാം.

ററിബററിൽനിന്നും ഹിന്ദുസ്ഥാൻ ററിബററു് റോഡിൽകൂടെ ഹെഡിൻ എന്നു പേരായ ഒരു യൂറോപ്യൻസഞ്ചാരി വരുന്നുണ്ടെന്നുള്ള വർത്തമാനം ഞങ്ങൾ ബാറേറിയിൽവെച്ചു് കേട്ടപ്പോൾ എന്തുത്സാഹം മനസ്സിൽ തോന്നിയെന്നു് ഞാനിപ്പോഴും നല്ലപോലെ ഓൎക്കുന്നുണ്ടു്. കുറെ ദിവസം കഴിഞ്ഞു് സുപ്രസിദ്ധനായ ആ സഞ്ചാരി ററിബററുകാരായ വഴികാട്ടികളുമൊന്നിച്ചു് വന്നുചേൎന്നു. ഒരു ഞായറാഴ്ച സായാഹ്നശുശ്രൂഷയിൽ സംബന്ധിക്കാനായി ഞങ്ങൾ ബാറേറിയിൽ നിന്നും കോട്ടുഗാറിലേക്കു പോയി. പള്ളിയിൽ താടിനീട്ടിയ അപരിചിതനായ ഒരാളെ ഞങ്ങൾ കണ്ടു. അതു് ഹെഡിൻതന്നെയായിരുന്നു. അന്നു് അദ്ദേഹം എത്രയും സമുചിതമായ ഒരു കൃത്യം ചെയ്തു. ഉന്നതഗിരികളിൽക്കൂടെയൊക്കെ താൻ സഞ്ചരിച്ച രണ്ടു വൎഷവും തന്നെ ക്ഷേമമായി പരിപാലിച്ചുകൊണ്ടുപോന്ന ദൈവത്തോടു് അവിടത്തെ വലിയ കരുണകൾക്കായുള്ള കൃതജ്ഞതയുടെ സൂചകമായി അദ്ദേഹം തൻെറ സ്വൎണ്ണഘടികാരം മിസ്റ്റർ ബ്യൂട്ടലിനു് കൊടുത്തു. തൻെറ യാത്രയിലൊക്കയും അദ്ദേഹം ഉപയോഗിച്ചിരുന്ന വാച്ചായിരുന്നു അതു്. മിഷ്യൻെറ ആവശ്യത്തിനായി ഏതെങ്കിലും വിധത്തിൽ അതുപയോഗിച്ചുകൊള്ളുന്നതിനു് അനുവാദവും കൊടുത്തു.

ദീനനാഥൻെറ സഹോദരനായി അമരനാഥൻ എന്നൊരു രോഗിയായ വിദ്യാൎത്ഥിയെ ഞാൻ ബാറേറിയിൽ ശുശ്രൂഷിച്ചുപോന്നു. പ്രസിദ്ധ ദേശാടനക്കാരനായ ഹെഡിൻ വന്നിട്ടുണ്ടെന്നു കേട്ട് അമരനാഥൻ ഉത്സാഹംകൊണ്ടിളകി. അദ്ദേഹത്തെ ഒന്നു കാണണമെന്നുള്ള മോഹവും അവനിൽ ജ്വലിച്ചു. ഇൻഡ്യൻക്രിസ്ത്യാനിയായ ഈ യുവവിദ്യാൎത്ഥിയുടെ ആഗ്രഹം സാധിപ്പിക്കുന്നതിലേക്ക് തൻെറ യാത്രാമദ്ധ്യേ വഴിവിട്ട് അല്പം ഒന്നു പോകാമൊ എന്ന് ഹെഡിനോട്ട് ഞാൻ ചോദിച്ചു. അദ്ദേഹം സന്തോഷത്തോട്ട് അതിനു സമ്മതിക്കുകയും അപ്രകാരം വരികയും ചെയ്തു. തൻെറ ആശ്ചൎയ്യകരമായ ദേശാടനാനുഭവങ്ങളെപ്പററി അദ്ദേഹം പ്രസ്തുത ബാലനുമായി സംഭാഷിച്ചുകൊണ്ട് ദീൎഘനേരം അവിടെ കഴിച്ചു. കുട്ടിയുടെ മുഖം ആഹ്ലാദംകൊണ്ട് ശോഭിതമായി. ഈ കുട്ടിയ്ക്കു് തൻെറ ദീനത്തിൽനിന്ന് ഒരിക്കലും പൂൎണ്ണസുഖമുണ്ടായില്ല. എന്നാൽ തൻെറ ചുരുങ്ങിയ ആയുസ്സിൻെറ അവസാനംവരെയും ഈ ദയാകൃത്യത്തെപ്പററിയുള്ള സ്മരണ അവനിൽ നിലനിന്നു. രണ്ടുവൎഷം ചിലവാനമായിട്ട് ഒരു യൂറോപ്യൻഭാഷയിൽ ആളുകളുമായി സംഭാഷിക്കുന്നതിന് രണ്ടാംപ്രാവശ്യം ഇടയായതു് ഞങ്ങളോടായിരുന്നുവെന്ന് പറഞ്ഞിട്ടാണ് ഹെഡിൻ പോയതു്. അദ്ദേഹത്തിൻെറ ആദ്യത്തെ സംഭാഷണം നടന്നതു് ചുരത്തിൽ വേലയ്ക്കായി താമസമുറപ്പിച്ചിരുന്ന ഒരു മൊറേവ്യൻ മിഷ്യനറിയുമായിട്ടായിരുന്നു.

ഞങ്ങളുടെകൂടെ താമസിച്ചിരുന്ന കാലത്തു് സുന്ദരസിംഗ് തങ്ങളുടെ സാമാനങ്ങൾ വിററഴിച്ച് പകരം പുതപ്പുവാങ്ങിക്കൊണ്ട് സ്വദേശത്തേക്കു മടങ്ങുന്ന ററിബററുകാരെക്കണ്ട് പലപ്പോഴും സംഭാഷിക്കാറുണ്ടായിരുന്നു. അവരിൽനിന്നും അവരുടെ ഭാഷ പഠിക്കാനായി അദ്ദേഹം ശ്രമിച്ചുപോന്നു. മരണത്തിനിടയായാലും ഒന്നുകൂടെ ക്രിസ്തുവിനെപ്പററി ററിബററിൽ പോകണമെന്ന് അദ്ദേഹം ഉറച്ചിരുന്നു. മുൻപിലത്തെ തൻെറ ററിബററുയാത്രയിൽ യുവാവായ തൻെറ

മേൽ ദയതോന്നിയ ചില സ്ത്രീകളുടെ സഹായംകൊണ്ടുമാത്രം താൻ രക്ഷപെട്ട വസ്തുത അദ്ദേഹം എന്നോടു പറഞ്ഞിരുന്നു.

ഇതിലൊക്കെയും ഏകാകിയായി കഷ്ടതയുടെ ഏററവും പ്രയാസംകൂടിയ പാതയിൽകൂടെ ക്രിസ്തുവിനെ അനുഗമിക്കുന്നതിനായിരുന്നു അദ്ദേഹം ആഗ്രഹിച്ചുകൊണ്ടിരുന്നതു്; അതായിരുന്നു അദ്ദേഹത്തിൻെറ സന്തോഷം. അദ്ദേഹത്തിൻെറകൂടെ മൌനമായി കുറെ സമയം കഴിച്ചുകൂട്ടുന്നതു് എനിക്കെപ്പോഴും ഉജ്ജീവനമായിരുന്നു. അതെന്നെ ക്രിസ്തുവിനോടു കൂടുതൽ അടുപ്പിക്കുന്ന ഒരനുഭവമായിരുന്നു. പില്ക്കാലങ്ങളിൽ ജപ്പാൻ, അമ്മേരിക്ക, യൂറോപ്പു് മുതലായ വിദേശരാജ്യങ്ങളിൽ താൻ സഞ്ചരിക്കയും തൻെറ അധരങ്ങളിൽനിന്നു വീഴുന്ന വാക്കുകൾ ശ്രവിക്കുന്നതിലേക്കു് ആയിരക്കണക്കായി ആളുകൾ തൻെറ ചുററും ഓടിക്കൂടുകയും ചെയ്തപ്പോഴും ലോകത്തിൻെറ സ്തുതികൊണ്ടു് ഒട്ടും ഭ്രമിക്കാതെ വിനീതബുദ്ധിയായിത്തന്നെ അദ്ദേഹം സ്ഥിതിചെയ്തു. അപ്പോഴും ജനക്കൂട്ടത്തിൽനിന്നു പിൻവലിഞ്ഞു് തൻെറ കത്താവിനോടുകൂടെ തനിച്ചിരിക്കയായിരുന്നു അദ്ദേഹത്തിനു കൌതുകം.

നാലിൽ ചിലപാനം വർഷം മുൻപു് സുന്ദരസിംഗിനെ അവസാനമായി കാണാനുള്ള ഭാഗ്യം എനിക്കുണ്ടായി. സിംലായിലുള്ള ഒരു ഇൻഡ്ധ്യൻ ക്രിസ്തീയ ദൈവാലയത്തിൽ എന്നെ കാണാനായി മാത്രം അദ്ദേഹം വന്നു. ക്ഷീണനായും രോഗബാധിതനായും അദ്ദേഹത്തെ ഞാൻ കണ്ടു. എന്നിട്ടും ഞങ്ങളുടെ സംഭാഷണമദ്ധ്യേ ക്രിസ്തുവിൻെറ നാമം അനുസ്മരിപ്പിക്കുന്ന ഘട്ടത്തിലൊക്കെയും അദ്ദേഹത്തിൻെറ മുഖം ആനന്ദംകൊണ്ടു പ്രകാശിച്ചു് ക്ഷീണഭാവം ദൂരീകൃതമായതു് ഇപ്പോഴും ഞാൻ ഓക്കുന്നുണ്ടു്. ഇൻഡ്ധ്യയിൽനിന്നു ഞാൻ പോരുന്നതിനുമുൻപായി അവസാനമായി അദ്ദേഹത്തെ കണ്ടതു് ഈ അവസരത്തിലത്രെ.

അതിൽ പിന്നെ ഞാൻ പലപ്പോഴും അദ്ദേഹത്തെപ്പ

ററി അന്വേഷിച്ചിട്ടുണ്ടെങ്കിലും വിശ്വസിക്കത്തക്കതായ വിവരങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. അദ്ദേഹത്തിൻെറ സുഖക്കേട്ട് വദ്ധിച്ചെന്നും കണ്ണിൻെറ കാഴ്ച വളരെ കുറഞ്ഞെന്നും ഒരു വത്തമാനം പലയിടത്തും പരന്നിട്ടുണ്ട്. ഇതൊക്കെയായിട്ടും "ക്രിസ്തുവിൻെറ അപ്രമേയധനങ്ങളെ" ററിബററിൽ ഉൽഘോഷിക്കുന്നതിനായി ആ നാടിൻെറ ഉള്ളിലേക്ക് കടക്കണമെന്നുള്ള അദ്ദേഹത്തിൻെറ നിശ്ചയത്തിന് വ്യതിചലനം ഉണ്ടായില്ല. അദ്ദേഹം ഇപ്പോൾ ജീവനോടിരിക്കുന്നുണ്ടോ എന്നുതന്നെ തീർച്ചയില്ല. അദ്ദേഹത്തിൽനിന്നും എന്തെങ്കിലും വത്തമാനം ലഭിച്ചിട്ട് ഇപ്പോൾ മൂന്നു സംവത്സരങ്ങളോളമായി. അദ്ദേഹം ററിബററിനു തിരിക്കുന്ന സമയം എത്രയോ ക്ഷീണനായിരുന്നുവെന്ന് കണ്ടറിയാനിടയായവരായി ഇൻഡ്യയിലുള്ള തൻെറ ആപ്തമിത്രങ്ങൾ അദ്ദേഹം മരിച്ചുപോയിരിക്കുമെന്ന് ഊഹിച്ചു തുടങ്ങിയിരിക്കുന്നു. താൻ ദീർഘനാളായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഈ വിമോചനം അദ്ദേഹത്തിന് ലഭിച്ചോ ഇല്ലയോ എന്നുള്ള സംഗതി എങ്ങിനെയിരുന്നാലും ഒരുകാര്യം തീർച്ചയാണ്. തൻെറ കത്താവും യജമാനനുമായ യേശു ഭൗമജീവിതകാലത്ത് പ്രവത്തിച്ചതുപോലെയുള്ള കൃപയുടെ അത്ഭുതങ്ങളെ ആത്മാവിൻെറ ശക്തിയാൽ ഇപ്പോഴും പ്രവത്തിക്കുന്നതിന് പ്രാപ്തനാണെന്ന് വെളിപ്പെടുത്തിക്കൊണ്ട് അദ്ദേഹം നയിച്ചതായ ക്രിസ്തീയ ജീവിതത്തിൻെറ ആ പരമമായ സാക്ഷ്യം നമ്മുടെ തലമുറയിൽ ക്രിസ്തീയ സഭയുടെ അതൃത്തികളിൽ ഒക്കെയും വ്യാപിച്ചിട്ടുള്ള സാക്ഷ്യങ്ങളിൽവെച്ച് ഏററവും ഹൃദയസ്പൃക്കായ ഒന്നാണെന്നുള്ളതു തന്നെ.

അദ്ധ്യായം 12.

## ഈശാനുകരണം

സ്റ്റോക്ക്സ്, ലാഹോറിലെ ബിഷോപ്പിനോടും മററും അവധാനപൂർവ്വം ആലോചിച്ചശേഷം ഈശാനുകരണ സഹോദരസംഘം എന്ന അഭിധാനത്തിൽ ഒരു സമിതി സ്ഥാപിക്കുന്നതിനു തീരുമാനിച്ചു. ഇതിൻെറ അംഗങ്ങളെ സംബന്ധിച്ചുള്ള നിഷ്കർഷ, തങ്ങളുടെ കർത്താവും യജമാനനുമായ യേശുക്രിസ്തുവിൻെറ ഐഹികജീവിതസമ്പ്രദായങ്ങളെ അക്ഷരംപ്രതി അനുഷ്ഠിക്കണമെന്നുള്ളതായിരുന്നു. "ഞാൻ വിശന്നവനായിരുന്നു" എന്നിത്യാദിയുള്ള വാക്യത്തിൽ അടങ്ങിയിരിക്കുന്ന അവിടത്തെ മഹത്തായ നിയോഗം അവർ പ്രത്യേകം അനുസരിക്കേണ്ടിയിരുന്നു. അവിടത്തെപ്രതി സകലവും സന്തോഷത്തോടെ അവർ ഉപേക്ഷിക്കണം. ഒന്നും തന്നെ സ്വന്തമായി സൂക്ഷിക്കാൻ അവർക്കവകാശമില്ലായിരുന്നു. ക്രിസ്തുവിൻെറ ഏററവും പ്രിയപ്പെട്ടവരായ ദരിദ്രരെ ശുശ്രൂഷിക്കുന്നതിലായിരുന്നു അവരുടെ പ്രത്യേക ശ്രദ്ധയും കരുതലും. അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിൻെറ അനുചരന്മാരെപ്പോലെ ഇവരും "ദരിദ്രരുടെ എളിയ സഹോദരന്മാർ" ആയിരുന്നു.

ഈ പുതിയ സഹോദരസംഘം തുടങ്ങിയതു് മൂന്നുപേർ കൂടിയാണു്.—സ്റ്റോക്സു്, സുന്ദരസിംഗു്, ബ്രദർ വെസ്റ്റേൺ. ഇവരിൽ ഒടുവിൽ പറഞ്ഞ ദേഹം കേംബ്രിഡ്ജ് മിഷ്യനിലെ യുവാവായ ഒരംഗവും പല വർഷങ്ങളായി സ്റ്റോക്സിൻെറയും സുന്ദരസിംഗിൻെറയും ആദർശങ്ങളിൽ പങ്കുകൊണ്ടുപോന്നിരുന്ന ആളുമായിരുന്നു.

എനിക്കു് ഈ സംഘത്തിൽ ചേരാൻ സാധിക്കാഞ്ഞതിൽ അഗാധമായ കുണ്ഠിതമുണ്ടായിരുന്നു. എനിക്കു കൂടെക്കൂടെ വരാറുണ്ടായിരുന്ന പനി ഹേതുവായി അതു് ചിന്തിക്കാൻപോലും നിവൃത്തിയില്ലാത്തവിധം അത്ര അസാദ്ധ്യമായി ഭവിച്ചു. എങ്കിലും ക്രിസ്തുവിൻെറ നാമത്തിൽ വിശ്വാസത്തിൻെറ ധീ

രയത്നങ്ങൾക്ക് ഒരുമ്പെട്ട ഈ വീരന്മാരായ മൂന്നുപേരെ എപ്പോഴും ഞാൻ ഭക്ത്യാദരവോടുകൂടെ ഓൎത്തുകൊണ്ടിരുന്നു. ലഹോരായി ബിഷോപ്പും ഇവരെ ഈ നവീന പ്രസ്ഥാനത്തിൽ അനുമോദിക്കയും ധൈൎയ്യപ്പെടുത്തുകയും ചെയ്തു. ഈ വിഷയത്തിൽ അദ്ദേഹം അത്യുത്സാഹിയായി കാണപ്പെട്ടു. ഇങ്ങിനെ ഒരു സംഘം സ്ഥാപിച്ചതു് പഞ്ചാബിലെ തന്റെ എപ്പിസ്കോപ്പൽ ഭരണകാലത്തു സഭയ്ക്കുണ്ടായിട്ടുള്ളതിലേക്കും മഹത്തരമായ സംഗതിയായി അദ്ദേഹം വിചാരിച്ചുംപോന്നു. ലാഹോറിലെ ഭദ്രാസനപ്പള്ളിയിൽ ഹൃദയാവൎജ്ജകമായ ഒരു ദിവ്യശുശ്രൂഷാമദ്ധ്യേ അദ്ദേഹം ഇവരുടെ മേൽ കൈവെച്ചു് ദൈവത്തിന്റെ അനുഗ്രഹത്തോടുകൂടെ ഇവരെ തങ്ങളുടെ വേലയ്ക്കായി നിയോഗിച്ചയച്ചു.

ഈ മൂന്നു സഹോദരന്മാരിൽ ഓരോരുത്തരും ഓരോ പ്രത്യേകതരത്തിലുള്ള ശുശ്രൂഷ നിറവേററുന്നതിനാണുദ്യമിച്ചതു്. ദൈവസംസൎഗ്ഗത്തിനും പ്രാൎത്ഥനയ്ക്കുമായി അവർ ഇടയ്ക്കിടെ ഒരുമിച്ചുകൂടിയിരുന്നു. അവരിൽ നായകനായ സ്റ്റോക്സ് സിംലാ മലകളിലെ സബാതു എന്ന സ്ഥലത്തുള്ള ഒരു കുഷ്ഠരോഗാശുപത്രിയിൽ പോയി അവിടെയുള്ള കുഷ്ഠരോഗികളെ തന്റെ സ്വന്തകൈകൾകൊണ്ടു് ശുശ്രൂഷിച്ചുപോന്നു. സാധുസുന്ദരസിംഗു് പഞ്ചാബിലെ ഗ്രാമങ്ങളിൽ നഗ്നപാദങ്ങളോടുകൂടെ സഞ്ചരിച്ചു, അഗതികളും ദരിദ്രരുമായ ആളുകളുടെ ഇടയിൽ താമസിച്ചുപോന്നു. ബ്രദർ വെസ്റ്റേൺ ഡൽഹിയിലെ തന്റെ അദ്ധ്യാപകവൃത്തി തുടൎന്നുപോന്നെങ്കിലും അദ്ദേഹത്തിന്റെ താമസം അവിടത്തെ ദരിദ്രരോടുകൂടെ ആയിരുന്നു. അവരുടെ പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും അദ്ദേഹം പങ്കുകൊണ്ടുമിരുന്നു. ഇങ്ങനെ കുറെ ഏറെ നാളത്തേക്കു് സംഗതികൾ നടന്നുകൊണ്ടിരുന്നു. അങ്ങിനെയിരിക്കെ സ്റ്റോക്സിന്റെ അഭിപ്രായങ്ങളിൽ ഒരു വലിയ വ്യത്യാസം നേരിടുകയും തൽഫലമായി പ്രസ്തുത സംഘംതന്നെ ഉടഞ്ഞുപോകാൻ ഇടയാകയും ചെയ്തു. ആ കഥ അല്പം വിസ്തരിച്ചുപറയേണ്ടിയിരിക്കുന്നു. എന്റെ ക്രിസ്തീയജീവിതത്തിലെ അനേക

സംഗതികളും പുനരാലോചിക്കുന്നതിനു് അതു് ഹേതുവായി ത്തീൎന്നു; അങ്ങിനെ എന്റെ അനന്തരനടപടികളെ ഒരു വ ലിയ അളവിൽ അതു് നിയമനം ചെയ്തു.

തന്റെ പൂൎണ്ണഹൃദയത്തോടും ആത്മാവോടുംകൂടെ താൻ സ്നേഹിച്ചുപോന്ന മലവാസികളുടെ ഇടയിൽ താമസമുറപ്പി ക്കുന്നതിനു് സ്റ്റോക്സ് ഉദ്യമിച്ചുവരവേ തന്റെ ക്രിസ്തീയസേ വയുടെ യഥാൎത്ഥമായ ആന്തരത്തെ അവർ അശേഷം തെററി ദ്ധരിച്ചിരിക്കയാണെന്നുള്ള വസ്തുത അദ്ദേഹം കൂടുതൽ കൂടുതലാ യി മനസ്സിലാക്കി. തന്റെ സ്വന്ത ആത്മികാഭിവൃദ്ധിക്കായു ള്ള സ്വാൎത്ഥപരമായ ഒരു ജീവിതഗതിയായിട്ടത്രെ അവർ അതു് ധരിച്ചതു് എന്നദ്ദേഹം ഗ്രഹിച്ചു. തന്റെ ക്രിസ്തീയ സാക്ഷ്യം നിഷ്ഫലമാകത്തക്ക വിധത്തിൽ എന്നല്ല ദോഷഫല ങ്ങളെ ഉളവാക്കത്തക്കവിധത്തിൽതന്നെ അത്ര ഗൌരവമായ ഒരു തെററിദ്ധാരണയായിരുന്നു അതു്. "ഹാ നിങ്ങൾകുടുംബ ഭാരമില്ലാത്ത ആളാണു്, നിങ്ങൾക്കു് വേഗം പുണ്യംനേടാൻ സാധിക്കും. എന്നാൽ പാപസംപൂൎണ്ണമായ ലോകമദ്ധ്യേ താ മസിക്കുന്ന സാധുക്കളായ ഞങ്ങൾക്കു് മതചിന്തകൾക്കു് സമ യംതന്നെയില്ല. ഞങ്ങൾക്കു് ഞങ്ങളുടെ ഉപജീവനമാൎഗ്ഗം അന്വേഷിക്കണം. നിങ്ങൾ വേഗം മുക്തി പ്രാപിക്കും. എ ന്നാൽ ഞങ്ങൾ ഈ സംസാരബന്ധത്തിൽനിന്നു് വിമുക്തരാ കാൻ അനേക ജന്മാന്തരങ്ങളിൽകൂടെ കടക്കേണ്ടിയിരിക്കുന്നു" എന്നു് അവർ അദ്ദേഹത്തോടു കാൎയ്യമായിട്ടു പറയാറുണ്ടായി രുന്നു.

താൻ വീടുംകൂടുമില്ലാത്ത ഒരു ബ്രഹ്മചാരിയായിരുന്നതി നാൽ, സാമുഹ്യചുമതലകൾ ഒന്നും നിൎവ്വഹിക്കാതെ തങ്ങൾ ക്കുതന്നെ പുണ്യം സമ്പാദിക്കാനായി ഗ്രാമങ്ങൾതോറും ഭി ക്ഷാടനം ചെയ്തുകൊണ്ടു് അലഞ്ഞുനടക്കാറുള്ള ഇൻഡ്യയിലെ സാധാരണ ഭിക്ഷുക്കളുടെ കൂട്ടത്തിലത്രെ തന്നെയും ആളുകൾ എണ്ണിപ്പോന്നിരുന്നതു് എന്നുള്ളതു് നാൾക്കുനാൾ അദ്ദേഹ ത്തിനു് കൂടുതൽ കൂടുതൽ മനസ്സിലായി. താൻ ചെയ്തതെ ല്ലാം തന്റെ ത്യാഗപൂൎവ്വമായ ജീവിതം മുഴുവൻതന്നെയും ക്രി

സ്തുവിൻെറ നാമത്തിൽ അവരുടെപേക്കായിമാത്രം അദ്ദേഹം കഴിച്ച ഒരു സ്നേഹയജ്ഞമായിരുന്നുവെന്നുള്ളതും തൻെറ യജമാനനായ ക്രിസ്തുവിനെ സേവിക്കണമെന്നുള്ളതുമാത്രമായിരുന്ന അദ്ദേഹത്തിൻെറ വാഞ്ഛ, അല്ലാതെ തനിക്കുതന്നെ പുണ്യം നേടണമെന്നുള്ളതു് അല്ലായിരുന്നുവെന്നുള്ളതും അവർ ഒട്ടുംതന്നെ ഗ്രഹിച്ചില്ല.

ഇതു് അതിഗൌരവമായ ഒരു പ്രശ്നമായി സ്റ്റോക്സിനു തോന്നി; ക്രിസ്തുവിൻെറ പേക്കായുള്ള തൻെറ ശുശ്രൂഷാജീവിതം തെററിദ്ധാരണയുടെ അയഥാൎത്ഥമായ അടിസ്ഥാനത്തിന്മേലാണൊ പണിചെയ്തുകൊണ്ടിരുന്നതു്? "പുണ്യം സമ്പാദിക്ക എന്നുള്ള" ആദൎശത്തെ ഒരുവിധത്തിലും താങ്ങണമെന്നു അദ്ദേഹം സ്വപ്നേപി ആഗ്രഹിച്ചിരുന്നില്ല. എങ്കിലും അദ്ദേഹത്തിൻെറ പ്രവൃത്തികളുടെ ഫലം അതായി കലാശിച്ചു. ദൈവത്തിങ്കൽനിന്നു മറുപടി ലഭിക്കുന്നതിനായി ശ്രദ്ധാപൂൎവ്വമായ പ്രാൎത്ഥനയോടുകൂടെ കാത്തിരുന്നുകൊണ്ടു് രാപകൽ ഈ വിഷയത്തെപ്പററി അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്നു. ഈ കാലങ്ങളിൽ മിക്കപ്പോഴും ഞാൻ അദ്ദേഹത്തോടുകൂടെ ആയിരുന്നു; തൻെറ ആന്തരവിഷമതകളെപ്പററി മിക്കപ്പോഴും അദ്ദേഹം എൻെറ അഭിപ്രായം ചോദിച്ചുംപോന്നു. ഈവക വിഷയങ്ങളെപ്പററി സംഭാഷിച്ചുംകൊണ്ടു് ഞങ്ങൾ മലകളിൽകൂടെ ദീൎഘനേരം നടക്ക പതിവായിരുന്നു. അക്കാലത്തു് കേംബ്രിഡ്ജ് സൎവ്വകലാശാലയിൽ ഉൾപ്പെട്ട സെൽവിൻ കോളജിൻെറ അദ്ധ്യക്ഷനായിരുന്ന ദേഹവും തൻെറ ഒരുററ മിത്രവുമായിരുന്ന ഡാക്ടർ ജെ. ഒ. എഫ്. മുറെയുടെ പേക്കു് അദ്ദേഹം ഇതുസംബന്ധിച്ചു് എഴുതിച്ചോദിക്കയുണ്ടായി. ഉത്തമനായ ലാഹോർ ബിഷോപ്പിൻെറ അടുക്കൽ പോയി അദ്ദേഹത്തോടും ഇതുസംബന്ധിച്ചു് സംഭാഷണം നടത്തി. ഈ വിഷമപ്രശ്നം തൻെറ മനസ്സിൽ ഉദിച്ച ദിവസം മുതൽ സ്റ്റോക്സ് അതിനു് ഒരു പ്രതിവിധിയെ കണ്ടിരുന്നുള്ളു. മലവാസികളുടെ ഇടയിൽ താമസിച്ചു് വിജയകരമായി വേല ചെയ്യണമെങ്കിൽ അവരെപ്പോലെതന്നെ വിവാഹജീവിതത്തിൻെറ ഭാര

ങ്ങളും ചുമതലകളും കൈയ്യേററു് ഒരു ഗൃഹസ്ഥനായിത്തീരുക എന്നുള്ളതായിരുന്ന പ്രസ്തുത പ്രതിവിധി. അവരുടെ കൂട്ടത്തിൽനിന്നുതന്നെ വിവാഹംകഴിച്ചു് അവരിൽ ഒരുവനെപ്പോലെ അവരുടെയിടയിൽ താമസിക്കണം. ഇങ്ങിനെ എല്ലാവിധത്തിലും അവരോടു് ഏകീഭാവമുണ്ടാകണം.

ദീർഘകാലത്തെ പ്രാത്ഥനാപൂർവ്വമായ ഒരുക്കങ്ങളോടുകൂടെ ആരംഭിച്ച ഈശാനുകരണസംഘം ശിഥിലീഭവിക്കയെന്നുള്ളതു് എനിക്കു് ആദ്യം വളരെ വിഷമമായി തോന്നിയെങ്കിലും അവസാനത്തിൽ സ്റ്റോക്സിൻെറ വാദങ്ങൾ ഞാൻ സമ്മതിച്ചു കൊടുത്തു. ബിഷോപ്പാകട്ടെ ആദിമുതൽ ശക്തിയായി സ്റ്റോക്സിനെ എതിക്കയാണുണ്ടായതു്; ഒടുവിൽവരെയും സ്റ്റോക്സിൻെറ നവീനാഭിപ്രായത്തോടു യോജിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. സുസിൽരുദ്ര സ്റ്റോക്സിനോടനുകൂലിച്ചു് അദ്ദേഹത്തെ താങ്ങി.

ഒടുവിൽ അവിടെത്തന്നെ ജനിച്ചുവളന്ന ഒരു നാട്ടുക്രിസ്ത്യാനിയായ രാജപുത്തു് സ്ത്രീയെ അദ്ദേഹം വിവാഹം കഴിച്ചു. കോട്ടു്ഗാററിൽ തേയില കൃഷിക്കായി വന്നു് ഈ കുടുംബത്തിൽ നിന്നു് വിവാഹം കഴിച്ച ഒരു ചീനക്രിസ്ത്യാനിയായിരുന്നു സ്റ്റോക്സു് തൻെറ ഭാൎയ്യയായി തെരഞ്ഞെടുത്ത യുവതിയുടെ വല്യപ്പൻ. ഇങ്ങിനെ അദ്ദേഹത്തിൻെറ മക്കളുടെ നാഡികളിൽ കൂടെ മൂന്നു ഭിന്നജാതികളുടെ രക്തം ഒഴുകുന്നുണ്ടു്.

ഈ തീരുമാനം ചെയ്യുന്നതിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചതായ വേറൊരു സംഗതിയുമുണ്ടായിരുന്നുവെന്നു് സ്റ്റോക്സു് എന്നോടു പറഞ്ഞിട്ടുണ്ടു്. ക്രിസ്ത്യാനികളെന്നഭിമാനിച്ചുപോന്നിരുന്ന യൂറോപ്യന്മാരുടെ ഇൻഡ്യാക്കാരോടുള്ള വൎഗ്ഗീയബുദ്ധിയോടുകൂടിയ പെരുമാററം അദ്ദേഹത്തിൻെറ ക്രിസ്തീയ മനസ്സാക്ഷിയെ ദണ്ഡിപ്പിച്ചിരുന്നു. യൂറോപ്യന്മാരുടെയും നാട്ടുകാരുടെയും മൃതശരീരങ്ങൾ അടുത്തടുത്തു് സംസ്കരിക്കുന്നതിനുപോലും അന്നു് അവർ വിസമ്മതിച്ചിരുന്നു. അത്രയ്ക്കു് ശക്തിമത്തായിരുന്നു അവരുടെ വൎണ്ണവിദ്വേഷം. പഞ്ചാബിലെ ക്രിസ്തീയ സഭയെ ഞെക്കിക്കൊല്ലത്തക്കവണ്ണം ഈ ദോഷം അ

ത്രയ്ക്കു പ്രബലമായി അതിനെ പിടികൂടിയിരുന്നു. ഇതിനെ എത്രയും ശക്തിയോടു പ്രതിഷേധിക്കുന്നതിനുള്ള മാർഗ്ഗമായി തൻെറ പത്നീപദത്തിൽ തന്നോടൊന്നിച്ച് വസിച്ച് ജീവിതത്തിൻെറ പരിപാവനങ്ങളായ അനുഭവങ്ങളിൽ പങ്കുകൊള്ളുന്നതിന് ഒരിൻഡ്ധ്യൻ ക്രിസ്ത്യൻയുവതിയെ വിവാഹം ചെയ്യാൻ താൻ ഒരുങ്ങി. "ക്രിസ്തുയേശുവിൽ യഹൂദനെന്നില്ല. യവനനെന്നില്ല ബർബ്ബരനെന്നില്ല, ശകനെന്നില്ല, ബദ്ധനെന്നില്ല, സ്വതന്ത്രനെന്നില്ല, ക്രിസ്തുവത്രെ സകലത്തിലും സകലവും" എന്ന് ഇൻഡ്ധ്യൻ ക്രിസ്തീയ സഭയ്ക്ക് ദൃഷ്ടാന്തപൂർവ്വം തെളിയിച്ചുകൊടുക്കുന്നതിലേക്ക് ക്രിസ്തുവിനെ പ്രതി താൻ ഇതു ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിൻെറ ബോധം.

ഈ രീതിക്കു നോക്കുമ്പോൾ അതു എത്രയും ഉൽകൃഷ്ടമായ ഒരാഗ്രഹംതന്നെയായിരുന്നു. ക്രിസ്തീയ വിവാഹത്തിൽ അന്തർഭവിച്ചിരുന്ന ചുമതലകളും പദവികളുമെല്ലാം വേണ്ടപോലെ അതിൻെറ അവസാനപടിവരെയും ഞാൻ പര്യാലോചിച്ചുവെച്ചിരുന്നില്ല. എങ്കിലും സ്റ്റോക്സ് സ്വാനുഭവ പരീക്ഷണത്തിനായി തയ്യാറായപ്പോൾ അദ്ദേഹത്തിനു വിജയം ആശംസിക്കേണ്ടതു് എൻെറ കടമയാണെന്നെനിക്കുതോന്നി. ഒരു സംഗതിയെപ്പററി എനിക്ക് തീർച്ചയുണ്ടായിരുന്നു. നമ്മുടെ തലമുറയിൽ ക്രിസ്തുവിൻെറ കുരിശിന് എതിരിടുന്ന ഏററവും അപായകരമായ ശത്രു വർണ്ണവിദ്വേഷമാണെന്നുള്ളതുതന്നെ. ദക്ഷിണാഫ്രിക്ക, അമ്മേരിക്കായിലെ ഐക്യനാടുകളിലെ ദക്ഷിണസംസ്ഥാനങ്ങൾ മുതലായ വിദേശരാജ്യങ്ങളിലെ എൻെറ അനുഭവം പ്രസ്തുത ബോധത്തെ സ്ഥിരീകരിച്ചിട്ടുള്ളതെയുള്ളു.

എന്നാൽ സ്റ്റോക്സിനെ നല്ലപോലെ അറിഞ്ഞിരുന്ന എനിക്ക് തൻെറ വേലയുടെ ഉദ്ദേശത്തെപ്പററി മലവാസികൾക്കുണ്ടായിരുന്നതായി മുൻപ്രസ്താവിച്ച തെററിദ്ധാരണ നീക്കുന്നതിനുവേണ്ടിയായിരുന്നു താൻ ഇപ്പോൾ ആലോചിച്ചുകൊണ്ടിരുന്ന പുതിയ ജീവിത ഗതിയിലേക്ക് തന്നെ തിരിച്ചതു് എന്നു മനസ്സിലായി. തൻെറ ഈ ഉദ്ദേശത്തിൽനിന്ന് അദ്ദേ

ഹത്തെ വ്യതിചലിപ്പിക്കുന്നതിന് ഭൂമിയിലുള്ള ഒരു ബിഷോപ്പിനും സാധിക്കയില്ലായിരുന്നു. ഭവിഷ്യത്തുകളെ തൃണവൽഗണിച്ച് തൻെറ മനസ്സാക്ഷിക്ക് ഉത്തമമെന്നു തോന്നുന്നത് അവസാനംവരെ ചെയ്യുന്ന ഒരാളാണദ്ദേഹം. തൻെറ കേചക്കർ പാരമ്പര്യവും ബാല്യപരിശീലനവും ഇതിലേക്ക് സഹായവുമായിരുന്നു.

തൻെറ ഭാര്യയായി മലജാതിക്കാരിൽനിന്നും അദ്ദേഹം തിരഞ്ഞെടുത്ത യുവതീരത്നം ആ പദത്തിന് സർവ്വത്ര യോഗ്യയായി തെളിഞ്ഞു. അവർ ഒരുത്തമ ക്രിസ്ത്യാനിയും ധൈര്യവതിയും തൻെറ ജനത്തിന് ഒരു യഥാർത്ഥ മാതാവുമായിരുന്നു. അവരുടെ വാത്സല്യ കുട്ടികളിൽ ഒന്നിൻെറ "തല തൊട്ടപ്പെന്നാ"യി തീരുന്നതിനുള്ള പദവി പിന്നീടെനിക്കു ലഭിച്ചു. അവർ ഒരു വലിയ കുടുംബത്തിൻെറ മാതാവായിതീർന്നു. തൻെറ കുട്ടികളെയൊക്കയും മലജാതിക്കാരെപ്പോലെതന്നെയാണ് അവർ വളർത്തിപ്പോന്നത്. ചുററുമുള്ള ആളുകളുടെമേൽ അവർക്കുണ്ടായിരുന്ന സ്വാധീനശക്തി അസാധാരണമായത്രെ. ആ മഹതിയെ അവർ അത്യധികം ബഹുമാനിച്ചുംപോന്നു. അവരുടെ സ്ത്രീകൾ തങ്ങളുടെ വലുതും ചെറുതുമായ പ്രയാസങ്ങൾക്കൊക്കെയും പരിഹാരം ആ സ്ത്രീരത്നത്തിൻെറ അടുക്കലത്രെ അന്വേഷിച്ചത്. ഭക്തിയും സേവനവും തികഞ്ഞതായ ഒരു പുതിയ ജീവിതം ആ മാന്യ തൻെറ ഭർത്താവിന് സാധ്യമാക്കിത്തീർക്കയും ചെയ്തു. എല്ലാസമയത്തും അവരുടെ ആലോചനയെ അദ്ദേഹം ആദരിച്ചുപോന്നു.

ഇരുപതു ദീർഘസംവത്സരങ്ങളുടെ ശേഷം ഇപ്പോൾ തിരിഞ്ഞു നോക്കികൊണ്ട് അദ്ദേഹത്തിൻെറ അന്നത്തെ തീരുമാനം തന്നെയും തൻെറ ജീവിത ശുശ്രൂഷയെയും സംബന്ധിച്ചിടത്തോളം തൽഫലങ്ങളാൽ പരിപൂർണ്ണമായി സാധൂകരിക്കപ്പെട്ടിരിക്കുന്നുവെന്ന് എനിക്കു തീർച്ചയായുംപറയാം. ഞാൻ അദ്ദേഹത്തിൻെറ കുടുംബത്തിൽ താമസിച്ചിട്ടുള്ളതിനാൽ സ്വാനുഭവസിദ്ധമായ അറിവോടുകൂടിയത്രെ ഇതു പറയുന്നത്.

എന്നാൽ അദ്ദേഹത്തിൻെറ ഈ പ്രവൃത്തിയിൽനിന്നു് ഉൽഭൂതമായ മററു് ഭവിഷ്യത്തുകളെപ്പററി അങ്ങിനെതന്നെ ഖണ്ഡിതമായി പറയാൻ നിവൃത്തികാണുന്നില്ല. അദ്ദേഹത്തിൻെറ ഈ വിവാഹഫലമായി 'ഈശാനുകരണസംഘം' ശിഥിലീഭവിച്ചു; ഇന്നേയോളം അതു പുനഃജ്ജീവിച്ചിട്ടുമില്ല. ഇതിൽ ലാഹോർ ബിഷോപ്പ് ഏററവും വിഷണ്ണനായിതീൎന്നു. ഇതുകൊണ്ടുണ്ടായ ഇളക്കം മററുള്ളവരുടെ ഉള്ളിൽ തട്ടി. എങ്കിലും ദീർഘദൃഷ്ടിയുള്ളവൎക്കു് ഇതിലും ദൈവത്തിൻെറ കൈയ്യ് മനുഷ്യൻെറ ബലഹീനതയിൽ കൂടെത്തന്നെ ആശിച്ചിരിക്കാത്ത ഫലങ്ങളെ ഉളവാക്കുമാറു് പ്രവൎത്തിച്ചുകൊണ്ടിരുന്നതായി കാണാം. എന്തെന്നാൽ മേൽപറഞ്ഞ സംഘം കഴിഞ്ഞുപോയതുകൊണ്ടത്രെ സാധുസുന്ദരസിംഗ് ലോകത്തിലെങ്ങുമുള്ള ക്രിസ്തീയസഭയുടെ സേവനത്തിനായി വിമുക്തനായതു്. പ്രസ്തുത സംഘനായകൻെറ നേരിട്ടുള്ളഭരണത്തിൽനിന്നു് സ്വതന്ത്രനായിരുന്നെങ്കിൽ കിഴക്കും പടിഞ്ഞാറുമുള്ള ക്രിസ്തീയലോകത്തിലെങ്ങും അറിയപ്പെട്ടും ലക്ഷോപലക്ഷം ആളുകളാൽ സ്നേഹിക്കപ്പെട്ടും പോരുന്ന സാധുസുന്ദരസിംഗായി ഭവിക്കുന്നതിനു് അദ്ദേഹത്തിനു സാധിക്കയില്ലായിരുന്നു. ഏതൊരു സംഘത്തിൻെറയും അംഗമായിജീവിക്കുന്നതിനു് അദ്ദേഹത്തിനു് പ്രയാസമത്രേ. കാരണം ക്രിസ്തുവിനോടുകൂടെ തനിച്ചു് ജീവിക്കുകയും ക്രിസ്തുവിൻെറ ആജ്ഞയിൻകീഴു് സ്വന്തബോധം അനുസരിച്ചു പ്രവൎത്തിക്കയുംചെയ്യുന്ന ഒരാളായിരുന്നു അദ്ദേഹം.

പ്രസ്തുത സംഘത്തിൻെറ മൂന്നാമത്തെ അംഗമായിരുന്ന ബ്രദർ വെസ്റ്റ്ണിനെപ്പററി പറയുകയാണെങ്കിൽ, തന്നെക്കൊണ്ടുമാത്രം സാധിക്കാമായിരുന്ന ചില പ്രത്യേക വേലകൾക്കായി അദ്ദേഹം വിമുക്തനാകയും ദൈവം തൻെറ മഹത്തായ ഉദ്ദേശനിവൃത്തിക്കായി തൻെറ സഭയിൽ വേറൊരു ഭാഗത്തു് അദ്ദേഹത്തെ ഉപയോഗിക്കയും ചെയ്യുന്നതിനിടയായി. അദ്ദേഹം ഇപ്പോൾ തെക്കെ ഇൻഡ്യയിൽ തിരുനൽവേലി മഹായിടവകയുടെ ബിഷോപ്പാണു്. ഭൂരിപക്ഷം വളരെ സാധുക്കളായുള്ള ഒരു വലിയ ഇൻഡ്യൻ ക്രിസ്ത്യൻ

സമുദായത്തെ അദ്ദേഹം അവിടെ ശുശ്രൂഷിച്ചുപോരുന്നു. അവർ അദ്ദേഹത്തിൻെറ ഭക്തിപരവും ശുശ്രൂഷാപരവുമായ ജീവിതം മൂലം അദ്ദേഹത്തെ അഗാധമായി സ്നേഹിച്ചുപോരുന്നു.

ഇങ്ങിനെ സ്റ്റോക്സിൻെറയും സാധുസുന്ദരസിംഗിൻെറയും മററും കഥകൾ പറയുന്നതോടൊന്നിച്ച് ഞാൻ എൻെറ ജീവിതചരിത്രത്തിൻെറ ഒരു പ്രധാന ഘട്ടം വിവരിച്ചുവെന്നേയുള്ളു. സേവനത്തിൻെറ സത്യമാർഗ്ഗം ഞാൻ കണ്ടുപിടിച്ചു എന്നുള്ള ആശകൊണ്ട് എൻെറ ഹൃദയത്തെ തുടിപ്പിക്കമാറ്, അത്ഭുതകരങ്ങളായ മാർഗ്ഗങ്ങളിലൂടെ ജീവനുള്ള ക്രിസ്തുവിൻെറ സാന്നിദ്ധ്യം എനിക്ക് ഇൻഡ്യയിൽവെച്ച് ഗ്രഹിക്കുന്നതിനിടയായി. ഈ പ്രസ്ഥാനത്തിലെ പ്രധാന നടന്മാരുടെ ആദർശങ്ങളെയും അഭിപ്രായങ്ങളെയും ഞാൻ ശ്രദ്ധാപൂർവ്വം വീക്ഷിച്ചു. സുഖക്കേടു പിടിപെട്ടിരുന്നില്ലെങ്കിൽ സ്റ്റോക്സിൻെറ നേതൃത്വത്തിൽ ആ സംഘത്തിലെ ഒരംഗമായി തീരുന്നതിന് ഞാൻ തയ്യാറാകുമായിരുന്നു. കോളജിലെ ജോലി വിടുന്നതിന് ഇങ്ങിനെ ഞാൻ പ്രേരിതനായി. എൻെറ വാസന ആ ജോലിക്ക് അത്ര പററിയതല്ലായിരുന്നുതാനും. തന്മൂലം ഒരു പുതിയ സ്വാതന്ത്ര്യം എനിക്കു ലഭിച്ചതുപോലെ തോന്നിയതിനാൽ ചിറകടിച്ച് ഉയരത്തിൽ പറക്കുന്നതിനുള്ള ഒരാഗ്രഹവും എന്നിൽ അങ്കുരിച്ചു. പുതിയപുതിയ ഉദ്യമങ്ങളിൽ പ്രവേശിക്കുന്നതിനുള്ള എൻെറ അക്ഷമ കണ്ടു് ഞങ്ങളുടെ മിഷ്യൻെറ അധിപനായ ഓൾനട്ട് പലപ്പോഴും പുഞ്ചിരിതൂകിയെങ്കിലും ഒരിക്കലും എന്നെ അധൈര്യപ്പെടുത്തിയില്ല.

വാക്കുകൾകൊണ്ടു് വിവരിക്കാൻ പ്രയാസമാണെങ്കിലും ഒരു സംഗതികൂടെ ഇവിടെ പറയേണ്ടതായിട്ടുണ്ടു്. ക്രിസ്തീയാദർശങ്ങളനുസരിച്ച് വിവാഹജീവിതത്തിൻെറ അർത്ഥമെന്താണെന്നും അതേസമയത്തുതന്നെ ഒരു സമുദായത്തിൽ അവിവാഹിതജീവിതത്തിൻെറ സ്ഥാനം എന്താണെന്നും ഉള്ളതാണ് ആ വിഷയം.

വിവാഹത്തെപ്പററിയുള്ള തൻെറ അഭിപ്രായങ്ങൾ എന്തുമാത്രം വ്യത്യാസപ്പെട്ടു എന്നും തൻെറ പുതിയ അഭിപ്രാ

യങ്ങളെ താൻ പ്രയോഗത്തിൽ വരുത്താൻ നിശ്ചയിച്ചിരിക്കുന്നുവെന്നും സ്റ്റോക്സ് എന്നോടു് പറഞ്ഞപ്പോൾ ആദ്യമായി എനിക്കൊരു ഭ്രമമാണുണ്ടായതു്. ഏതായാലും ക്രിസ്തുവിൻെറ ഉപദേശത്തിൽ കാണുന്ന വിവാഹജീവിതവും അവിവാഹിതജീവിതവും തമ്മിലുള്ള ബന്ധത്തെപ്പററി സൂക്ഷ്മമായി ഞാൻ പുനരാലോചിക്കുന്നതിനു് അദ്ദേഹം കാരണമായിഭവിച്ചു.

ബ്രഹ്മചര്യവ്രതം വിവാഹജീവിതത്തെക്കാൾ ഉയൎന്ന ഒരു പടിയായി ഇൻഡ്യയിൽ ആളുകൾ തെററിദ്ധരിച്ചുപോകാൻ ഇടയുണ്ടെന്നുള്ള സ്റ്റോക്സിൻെറ വാദം മുൻപു് അത്ര കാൎയ്യമായി ഞാൻ കരുതിയില്ല. എന്നാൽ അതു പ്രസ്താവിച്ചയുടൻ തന്നെ അതു് ക്രിസ്തുവിൻെറ ഉപദേശത്തിനു വിപരീതവും അതിനാൽ ത്യാജ്യവുമായ ഒരഭിപ്രായമാണെന്നു് എനിക്കു തോന്നി. വിവാഹം ഒരു വലിയ രഹസ്യ (കൂദാശ) മെന്നും അതു സൃഷ്ടിയുടെ ആരംഭം മുതൽ ഉള്ളതെന്നും കുടുംബജീവിതം അതിപാവനമെന്നും കുഞ്ഞുങ്ങൾ ഭൂമിയിൽ സ്വൎഗ്ഗത്തിൻെറ നിദൎശനങ്ങളെന്നും അല്ലൊ ക്രിസ്തുവിൻെറ ഉപദേശത്തിൽ നാം കാണുന്നതു്. മനുഷ്യജീവിതത്തെപ്പററി ക്രിസ്തുവിൻെറ അവതാരത്തിലും വിശുദ്ധരഹസ്യങ്ങളിലും (കൂദാശകളിലും) പ്രകാശിച്ചുകാണുന്ന അഭിപ്രായവും അതിനു് അനുസരണമായിട്ടുള്ളതുതന്നെ. അസാധാരണകാൎയ്യങ്ങൾക്കായി അസാധാരണ സാഹചര്യങ്ങളിൽ മാത്രം നീതീകരിക്കത്തക്ക ഒന്നായിട്ടെ ബ്രഹ്മചര്യവ്രതത്തെ ഗണിക്കാൻ പാടുള്ളു. ക്രിസ്തുതന്നെ സൂചിപ്പിച്ചിരിക്കുന്നപ്രകാരം അതു് മനുഷ്യജാതിക്കായി പ്രകൃതി നിശ്ചയിച്ചിരിക്കുന്ന ക്രമപ്രകാരമുള്ള ജീവിതമല്ല, പിന്നെയൊ നമ്മുടെ ഈ ലോകത്തിൽ അപൂൎണ്ണമായ ഒരു ജീവിതമായിട്ടെ അതിനെ കണക്കാക്കാവൂ. അതിനാൽ അവിവാഹിതജീവിതത്തെക്കാൾ ഉപരിയായ ഒരവസ്ഥയായി ബ്രഹ്മചര്യത്തെ ഗണിക്കുന്നതു് ക്രിസ്തുവിൻെറ ഉപദേശത്തിൽ നിന്നുള്ള ഒരു വ്യതിചലനമാണു്. യഹൂദവേദമാകുന്ന "പഴയ നിയമ"ത്തിൽ കാണുന്ന പാരമ്പൎയ്യാദൎശങ്ങൾക്കും അതു് പ്ര

തിക്രലമാണ്. ബ്രഹ്മചര്യവ്രതത്തിന് മേന്മ കല്പിക്കുന്നതായ ചില വാക്യങ്ങൾ അങ്ങിങ്ങായി വേദപുസ്തകത്തിൽ കണ്ടേക്കാം. എന്നാൽ ഇവയൊന്നും ക്രിസ്തുവിന്റെ നേരിട്ടുള്ള ഉപദേശത്തിൽ പെട്ടിട്ടുള്ളവയല്ല. വേദപുസ്തകത്തിലെ പൊതുവേയുള്ള ഉപദേശരീതി ഇതിന്ന് എതിരായിട്ടുള്ളതത്രെ. ക്രിസ്തീയസഭാചരിത്രത്തിലും ചിലപ്പോഴൊക്കെ വിവാഹജീവിതത്തെ ഏറെക്കുറെ നിഷിദ്ധമായി എണ്ണുന്ന സന്ന്യാസാദൎശം പ്രത്യക്ഷമായിട്ടുണ്ട്. എങ്കിലും യഥാൎത്ഥ ക്രിസ്തീയാദൎശമെ കാലാന്തരത്തിൽ പ്രബലപ്പെട്ടിട്ടുള്ളു.

സിംലായിക്കപ്പുറമുള്ള മലകളിൽ സ്റ്റോക്സിനോടും സുന്ദരസിംഗിനോടും സുസിൽരുദ്രായോടും കഴിച്ച ആ കാലത്തിന പിൻപായുള്ള ഏകദേശം ഇരുപതുവൎഷത്തെ വിവിധ ക്രിസ്തീയാനുഭവങ്ങളുടെ ശേഷം ഇപ്പോൾ ഞാൻ തിരിഞ്ഞുനോക്കുമ്പോൾ ആത്മീകരാജ്യത്തിലെ ഒരു നിയമം മുൻപിലത്തെക്കാൾ തെളിവായി കാണാൻ എനിക്കു സാധിക്കുന്നു. കോതമ്പുമണി നിലത്തുവീണു ചാകുന്നെങ്കിൽ മാത്രമെ അതു ഫലിക്കാൻ സാധിക്കയുള്ളു എന്നുള്ള അതിമനോഹരമായ ഉപമ മുഖാന്തിരം ക്രിസ്തു പഠിപ്പിച്ചിട്ടുള്ള നിയമംതന്നെയാണ് അതു്. "അതു ചാകുന്നില്ലെങ്കിൽ തനിയെ ഇരിക്കുന്നു. എന്നാൽ അതു ചാകുന്നിന്നെങ്കിലൊ വളരെ ഫലം കായ്ക്കുന്നു" എന്നത്രെ ക്രിസ്തു പറഞ്ഞതു്.

ഇൻഡ്യയിലെ ഫലഭൂയിഷ്ഠമായ മണ്ണിൽ സ്റ്റോക്സും അദ്ദേഹത്തിന്റെ ചെറിയ കൂട്ടവും വിതച്ച ഈശാനുകരണമെന്ന ഉദ്യമത്തെ ഈ വിധത്തിലാണ് ഞാൻ വീക്ഷിക്കുന്നതു്. സ്റ്റോക്സിന്റെ വിവാഹത്തോടുകൂടെ ആ സംഘം അസ്തമിച്ചുപോയെങ്കിലും ആ മഹത്തായ ആദൎശം ഇൻഡ്യൻ ദേശീയ ക്രൈസ്തവ സഭയിൽ അതിമനോഹരങ്ങളായ നവീനരൂപങ്ങളിൽ പുനരാവിർഭവിച്ചിട്ടുണ്ടു്. തൃപ്പത്തൂർ, ആൽമോറാ മുതലായ സ്ഥലങ്ങളിലെ ക്രിസ്തീയ ആശ്രമങ്ങൾ പൂനായിലെ ക്രിസ്തുസേവാസംഘം മുതലായ വിശ്വാസ വീരോദ്യമങ്ങൾ തെളിയിക്കുന്നതു് എന്തെന്നുവെച്ചാൽ എളിമപ്പെട്ടവരും ന

ഷ്ടപ്പെട്ടുപോയവരുമായ ജനങ്ങളെ ശുശ്രൂഷിക്കുന്നതിൽ തന്നെ അനുഗമിക്കാനായി ഇപ്പോഴും ക്രിസ്തു ആളുകളെ ക്ഷണിച്ചു കൊണ്ടിരിക്കുന്നുവെന്നുള്ളതുതന്നെ. ആ ക്ഷണം നമുക്കു ലഭിക്കുന്നതു വിവിധ മാർഗ്ഗങ്ങളിലൂടെയാണു്. അവിടത്തെ വരവിനായി നാം ജാഗ്രതയോടെ കാത്തിരിക്കണം. അന്ധകാര പരിപൂർണ്ണമായ രാത്രിയിൽ കൊടുങ്കാററു് അടിച്ചുകൊണ്ടിരിക്കവെ മിന്നൽപിണർസമാനമായ പ്രകാശത്തോടുകൂടെ പെട്ടെന്നായിരിക്കാം അവിടന്നു വരുന്നതു്. മദ്ധ്യാഹ്നപ്രയാണം കൊണ്ടു് ക്ഷീണിച്ചും ഉഷ്ണിച്ചും ഇരിക്കുമ്പോഴൊ ഉഷസ്സിന്റെയോ സന്ധ്യയുടെയോ നിശ്ശബ്ദതയിലൊ ആയിരിക്കാം അവിടന്നു വരുന്നതു്. വേലയ്ക്കായി നമ്മുടെ അരകൾ കെട്ടിയും തങ്ങളുടെ കർത്താവിനുവേണ്ടി കാത്തിരിക്കുന്നവരെപ്പോലെ നമ്മുടെ ഹൃദയങ്ങൾ പ്രത്യാശകൊണ്ടു് ശോഭിച്ചും ഇരിക്കണം.

---

അദ്ധ്യായം 13.

## ആൽബർട്ടു് ഷൈഡററ്സർ.

ക്രിസ്തുവിന്റെ കാൽചുവടുകളെ പിൻതുടരുന്നതിനും അവിടത്തെ ഇഷ്ടത്തെ അക്ഷരംപ്രതി അനുവർത്തിക്കുന്നതിനും ഞാൻ പരിശ്രമിച്ചുകൊണ്ടിരുന്ന ആ കാലത്തു് ആൽബട്ടു് ഷൈഡററ്സർ എന്ന സുപ്രസിദ്ധ ക്രിസ്തീയ മിഷ്യനറിയോടു് ആത്മികമായി അത്യധികം അടുക്കുന്നതിനു എനിക്കിടയായി. ഡൽഹിയിൽ പല വിഷമതകൾ അനുഭവിച്ചുകൊണ്ടിരുന്ന എനിക്കു് ഈ ആത്മികസമ്പക്കം മനോദപ്പണത്തിലെ പൊടിയും മൂടലുകളും നീക്കിക്കളയുന്ന സ്വച്ഛവായുവിന്റെ പ്രവാഹംപോലെ സമുദ്രത്തിന്റെ മറുകരയിൽനിന്നു ലഭിച്ചു. അദ്ദേഹത്തിന്റെ ലേഖനങ്ങളും ഗ്രന്ഥങ്ങളുംമൂലമാണു് ഞാൻ ആദ്യം അദ്ദേഹത്തെ അറിഞ്ഞതു്. എന്നാൽ ഇതു പിന്നീടു് നേരിട്ടുള്ള പരിചയംകൊണ്ടും സ്നേഹംകൊണ്ടും സുദൃഢമായി.

'ചരിത്രപുരുഷനായ യേശുവിനെപ്പററിയുള്ള അന്വേഷ

ണം' (Quest of the Historical Jesus) എന്ന തൻെറ പുതിയ കൃതിയാണ് ആദ്യം എന്നെ അദ്ദേഹത്തോടടുപ്പിക്കുന്നതിനിടയാക്കിയതു്. ചിലപ്പോൾ ഒരൊററ പുസ്തകം ഒരുവൻെറ ജീവിത വീക്ഷണഗതിയെ ആകമാനം ഭേദപ്പെടുത്തിയേക്കാം. യേശുവിൻെറ ജീവിതത്തെപ്പററിയുള്ള ഈ മഹാഗ്രന്ഥത്തിന് എൻെറമേലുണ്ടായ ശക്തി ഇതുപ്രകാരമുള്ളതായിരുന്നു. അതിലെ അവസാനത്തെ അദ്ധ്യായമാണ് എന്നെ അത്യധികം ചലിപ്പിച്ചതു്. അതിൽ അദ്ദേഹം എൻെറ ആത്മാവിനോടുതന്നെ സംസാരിക്കുന്നതായി എനിക്കു തോന്നി.

ഞാൻ പൌരസ്ത്യനാട്ടിലേക്കു വന്നശേഷം ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ പ്രത്യേക ശ്രദ്ധയോടെ പഠിക്കയായിരുന്നു. എൻെറ വായന മിക്കവാറും അതേപ്പററി ആയിരുന്നുവെന്നു പറയാം. പൌരസ്ത്യരുടെ വൈദികസാഹിത്യവുമായി ഇവയെ സംബന്ധിപ്പിക്കുന്നതു് ആവശ്യമായിരുന്നു. ഇങ്ങനെ എൻെറ പഠനം തുടൎന്നുകൊണ്ടിരിക്കവെ കൃഷ്ണനെയും ബുദ്ധനെയും പററിയുള്ള കഥകളിൽ ഒരു വലിയ പങ്ക് കേവലം കെട്ടുകഥകളാണെങ്കിലും സുവിശേഷങ്ങളിൽ കാണുന്നതായ ക്രിസ്തുചരിതത്തിനും അങ്ങിനെയുള്ള ഒരപകടം പററിയിരിക്കയില്ലെ എന്നുള്ള ഒരു വിഷമം എൻെറ മനസ്സിൽ പലപ്പോഴും ഉദിച്ചിരുന്നു. സത്യമേതു്, കെട്ടുകഥയേതു് എന്ന് എങ്ങിനെയാണ് തിരിച്ചറിയുക. ക്രിസ്തുചരിതത്തിൽ ധാരാളം കെട്ടുകഥയില്ലെന്നോ അതു മുഴുവൻതന്നെ ഒരു കെട്ടുകഥയല്ലെന്നോ ഉള്ള നിൎണ്ണയം എങ്ങിനെയാണ് ക്രിസ്ത്യാനികൾക്കുണ്ടാകാൻ സാധിക്കുന്നതു്.

രക്തത്തിൽ മലമ്പനിയണുക്കൾ കയറി എൻെറ ചൈതന്യത്തെ കെടുത്തിക്കൊണ്ടിരുന്നതിനാൽ ശാരീരിക ദൗർബലതയും മാനസികക്ഷീണവും സഹിച്ചുകൊണ്ടിരുന്ന എനിക്ക് ഈവക ദുൎഘടവിഷയങ്ങളെയും സംശയങ്ങളെയും അഭിമുഖീകരിക്കുന്നതിനുള്ള ബുദ്ധിയുടെ തെളിവും വിമൎശകശക്തിയും മിക്കപ്പോഴും ഇല്ലാതെയുമിരുന്നു. കേംബ്രിഡ്ജ് സൎവ്വകലാശാലയിൽവെച്ച് ഇതേ വാദങ്ങളെത്തന്നെ വേറേരൂപങ്ങളിൽ ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ ഇപ്പോൾ കേംബ്രിഡ്ജിലെ പ

ണ്ഡിതന്മാരിൽനിന്നും എത്ര ദൂരത്തായിരുന്നു ഞാൻ സ്ഥിതി ചെയ്തിരുന്നതു്. ഡൽഹിയിലും ലാഹോറിലും ഓരോ വായനശാലയുണ്ടായിരുന്നെങ്കിലും ആവശ്യംപോലെ ഉത്തമഗ്രന്ഥങ്ങൾ കിട്ടുന്നതു് അത്ര എളുപ്പമായിരുന്നില്ല. അതിനാൽ ഓരോ പുതിയ വിഷമപ്രശ്നങ്ങളുണ്ടാകുമ്പോൾ സ്ഥലത്തു കിട്ടുന്ന വല്ല പുസ്തകങ്ങളും വായിച്ചു് അവയ്ക്കു സമാധാനം കണ്ടുപിടിക്കാൻ ശ്രമിക്കുന്നതിനേ സാധിച്ചുള്ളു.

എന്നെ അഭിമുഖീകരിച്ചതായ സംശയങ്ങളിൽ ഒന്നുമാത്രമാണു് മേൽപറഞ്ഞതു്. ജോലിത്തിരക്കിനിടയിൽ ഈ വക വിഷയങ്ങളെപ്പററിയും വിചാരിക്കേണ്ടിവന്നതു് എനിക്കു വലിയ വിഷമമായിരുന്നു. എങ്കിലും ഇങ്ങിനെയുള്ള സംശയങ്ങൾക്കു് നിവാരണം ഉണ്ടാക്കാതെയിരുന്നാൽ അതു് എന്റെ ആത്മികശക്തിയെ ക്ഷയിപ്പിക്കുമെന്നു് എനിക്കു മനസ്സിലായി. ഒരുവശത്തു് ഈവക യുക്തിവാദഫലമായ വികല്പങ്ങളിൽക്കൂടെ കടന്നുകൊണ്ടിരിക്കെ മറുവശത്തു് സാന്മാൎഗ്ഗികപ്രശ്നങ്ങൾ കൂടുതൽ വിഷമങ്ങളാകുന്നതായിട്ടു് എനിക്കു അനുഭവപ്പെട്ടു. വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ഒരുഭാഗത്തു് ക്രിസ്തു തന്റെ ശിഷ്യന്മാരോടു് "കുറഞ്ഞൊന്നു കഴിഞ്ഞിട്ടു് നിങ്ങൾ എന്നെ കാണുകയില്ല. പിന്നെയും കുറഞ്ഞൊന്നുകഴിഞ്ഞിട്ടു് നിങ്ങൾ എന്നെ കാണും" എന്നു് പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ പ്രസ്താവന ക്രിസ്തുവിലുള്ള എന്റെ ജീവിതത്തെപ്പററി ആദ്യന്തം യഥാൎത്ഥമായാണു് ഭവിച്ചിട്ടുള്ളതു്. ചില സമയങ്ങളിൽ വേറൊരു സാക്ഷ്യവും ആവശ്യമില്ലാത്തവിധം അവിടത്തെ സാന്നിദ്ധ്യം എനിക്കു അത്ര അടുത്തു ബോധപ്പെട്ടിട്ടുണ്ടു്. അപ്പോൾ ശിഷ്യന്മാർ പറഞ്ഞതുപോലെ "ഇപ്പോൾ നീ സദൃശം ഒന്നും പറയാതെ സ്പഷ്ടമായി സംസാരിക്കുന്നു......ഇതിനാൽ നീ ദൈവത്തിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നുവെന്നു് ഞങ്ങൾ വിശ്വസിക്കുന്നു" എന്നു് എനിക്കും പറയാൻ സാധിച്ചിട്ടുണ്ടു്. എന്നാൽ മററുചില അവസരങ്ങളിൽ അന്ധകാരം വന്നു് വ്യാപിക്കയും കാർമേഘപടലങ്ങൾ എന്റെ ദൃഷ്ടി

യെ മറയ്ക്കയും ചെയ്തിട്ടുണ്ട്. ആത്മാവിൻെറ നങ്കൂരമാകുന്ന വിശ്വാസത്തോടും പ്രത്യാശയോടും പററിപ്പിടിച്ചു കിടക്കേണ്ടതിൻെറ അത്യാവശ്യം എനിക്ക് ആ സന്ദർഭങ്ങളിൽ തോന്നിയിട്ടുണ്ട്. ഡൽഹിയിൽ ഞാൻ താമസിച്ച വത്സരങ്ങളിൽ ഇങ്ങിനെയുള്ള സംശയഘട്ടങ്ങൾ സാധാരണയായിരുന്നു. സുസിൽരുദ്രായ്ക്കു് എന്നെ നേരിട്ടു് സഹായിപ്പാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും അദ്ദേഹത്തിൻെറ അനുകമ്പയും സ്നേഹവും എല്ലായ്പോഴും എനിക്കു വലിയ സഹായമായിരുന്നു. അദ്ദേഹത്തിനും വിശ്വാസസംബന്ധമായ ചില പ്രത്യേക പ്രയാസങ്ങൾ ഉണ്ടായിരുന്നു. അവയൊക്കെയും അദ്ദേഹം വിജയപൂർവ്വം തരണംചെയ്തു. എങ്കിലും ക്രിസ്തുവിനോടുള്ള സ്നേഹം അദ്ദേഹത്തിൽ ജ്വലിച്ചുകൊണ്ടിരിക്കെത്തന്നെ അദ്ദേഹത്തിൻെറ ആലോചനാഗതികൾ എൻേറതുപോലെ ഇളകിയും മറിഞ്ഞുംകൊണ്ടിരുന്നു. എന്നാൽ സുന്ദരസിംഗിനെ കണ്ടപ്പോഴൊക്കെയും അദ്ദേഹത്തിൻെറ ശിശുസമാനമായ വിശ്വാസവും ഉജ്ജ്വലമായ ധീരതയും എനിക്കു വലിയ സന്തോഷം നല്കി. അദ്ദേഹം ഒരു പരിപൂർണ്ണനായ ക്രിസ്തീയ യോദ്ധാവും ദൈവത്തെ കണ്ടുകൊണ്ടിരിക്കുന്ന ഹൃദയവിശുദ്ധിയുള്ളവരിൽ ഒരുവനുമായിരുന്നു.

ഇങ്ങിനെയുള്ള വികല്പങ്ങളുടെ മദ്ധ്യേയായിരുന്നു ആൽബർട്ടു് ഷ്വെററ്സറിൻെറ പുസ്തകം എൻെറ ഭാരത്തെ നീക്കാനായി ഒരു ദാനമെന്നപോലെ എനിക്കു കിട്ടിയതു്. അദ്ദേഹം പണ്ഡിതൈകസാദ്ധ്യമായ ഒരു രീതിയിൽ പുതിയ നിയമസംബന്ധമായുള്ള എല്ലാ വിഷമപ്രശ്നങ്ങളും അവയോടു ഘടിപ്പിച്ചുള്ള ചരിത്രസംബന്ധമായ പ്രശ്നങ്ങളും അതിൽ വ്യവഹരിക്കുന്നുണ്ടു്. ക്രിസ്തുവിൻെറ ജീവിതത്തെപ്പററി രചിച്ചിട്ടുള്ള സുപ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങളെ ഓരോന്നോരോന്നായി അദ്ദേഹം വിമർശിച്ചിട്ടുമുണ്ടു്. ഓരോ കാലത്തും അനേകമാളുകൾ തന്നെ സ്വീകരിക്കുന്നതിനും അതുപോലെതന്നെ പലരും തന്നെ എതിർക്കുന്നതിനും യേശു കാരണമായി ഭവിച്ചിട്ടുള്ളതായി അദ്ദേഹം കാണിക്കുന്നു. ആത്മാവിൻെറ

പരിപൂർണ്ണമായ കീഴ്വണക്കത്തിന് ക്രിസ്തു അർഹനാണെന്ന് അദ്ദേഹം വാദിക്കുന്നു. പ്രസ്തുത പുസ്തകത്തിലെ അവസാന അദ്ധ്യായമാണ് എന്നെ ഏററവും ആകർഷിച്ചതു്. അതിൽ വിദഗ്ദ്ധൻപരമായ വാദനൈപുണ്യത്തോടെ അല്ല ഒരു പരിശുദ്ധൻെറ ഭാവാവേശത്തോടെ ക്രിസ്തുവിനെപ്പററിയുള്ള അദ്ദേഹത്തിൻെറ വാദവും വ്യാഖ്യാനവും മുൻപോട്ട് കൊണ്ടുപോകുന്നു. ആ പുസ്തകത്തിൽ നിന്നും ഞാൻ മനസ്സിലാക്കിയ ആശയങ്ങളുടെ ഒരു സംക്ഷേപം എൻെറ സ്വന്തഭാഷയിൽ ഞാനൊന്നു വിവരിക്കട്ടെ.

സുവിശേഷകഥയിലുള്ള പ്രകൃത്യാതീതമായ അംശങ്ങളെല്ലാം നീക്കി അവശിഷ്ടഭാഗം സൂക്ഷിച്ചുകൊണ്ട് ക്രിസ്തുവിൻെറ ജീവിതവിവരണം ചരിത്രസംഗതികളോട്ട് യോജിപ്പിക്കാമെന്ന് വിചാരിക്കുന്നതു് ശരിയല്ല. പത്തൊൻപതാം ശതകത്തിലെ പണ്ഡിതന്മാർ നിർമ്മിച്ച ചട്ടക്കൂടിനകത്തു് കൈയ്യും കാലും ബന്ധിച്ച് യേശുവിനെ നിലകൊള്ളിക്കുവാൻ ഒരിക്കലും സാധിക്കുന്നതല്ല. അവിടന്ന് എല്ലാക്കാലത്തേക്കുമായുള്ള ആളാണ്. കേവലം ഒരു ഗുരുമാത്രമല്ലായിരുന്നു പിന്നെയൊ മനുഷ്യാത്മാവിൻെറ പരിപൂർണ്ണമായ കീഴ്വണക്കത്തെ ആവശ്യപ്പെടുകയും സ്വീകരിക്കയും ചെയ്യുന്ന ഒരു ആദ്ധ്യാത്മികലോകസാമ്രാട്ടായിരുന്നു. അവിടത്തെ വിസ്മയാവഹമായ ആത്മചൈതന്യത്തിൻെറ സാന്നിദ്ധ്യമുള്ളിടത്തൊക്കയും കൃപയുടെ അത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുന്നു. അവ അവിടത്തെ 'വരവി'ൻെറ അടയാളങ്ങളത്രെ. അന്നു് ജനങ്ങൾ ജീവിച്ചിരുന്നതു് അത്ഭുതഭരിതമായ ഒരു കാലഘട്ടത്തിലായിരുന്നു. എന്നാൽ എല്ലാററിലും വലിയ അത്ഭുതം ക്രിസ്തുതന്നെയായിരുന്നു.

ഇന്നു് ക്രിസ്തുവിനെ നമ്മുടെ ജീവിതമാർഗ്ഗദർശിയായി ആത്മാർത്ഥമായും നിഷ്കപടമായും സ്വീകരിക്കുന്നതിന് നമുക്കൊരുക്കമുണ്ടോ, എന്നു് ഷ്വൈററ്സർ ചോദിക്കുന്നു. ആദിമശിഷ്യന്മാരെപ്പോലെ സകലവും ഉപേക്ഷിച്ച് അവിടത്തെ അനുഗമിക്കുന്നതിന് നാം തയ്യാറാണൊ? തൻെറ പുനരാഗമനം ആസന്നഭാവിയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചി

രുന്നതിൽ ക്രിസ്തുവും തൻെറ അപ്പൊസ്തോലന്മാരും തെററി പ്പോയിരുന്നുവെന്നു വന്നാൽ തന്നെയും അന്നുമുതലുള്ള ലോകചരിത്രം, സൂക്ഷ്മാത്ഥത്തിൽ ആ വിശ്വാസം തെററായിട്ടില്ലെന്നു് വേണ്ടുവോളം തെളിയിക്കുന്നില്ലേ? എല്ലാക്കാലത്തുമുള്ള ആളുകളെ സ്ത്രീപുരുഷഭേദമെന്ന്യേ, കാന്തം ഇരുമ്പിനെയെന്നപോലെ, തങ്കലേക്കു് ആകർഷിച്ചടുപ്പിക്കത്തക്കവണ്ണം അവിടത്തേക്കുള്ള വിചിത്രമായ ആത്മികശക്തി എന്താണു്? അവിടന്നു് പരിപൂൎണ്ണ സത്യവാനല്ലായിരുന്നെങ്കിൽ ലോകത്തിൽ തനിക്കുള്ള അക്ഷയമായ സ്വാധീനശക്തിയെപ്പററി എന്തു സമാധാനമാണു് പറയാനുണ്ടായിരുന്നതു്?

മനുഷ്യകുലത്തിലെ അതിമുഖ്യ പുരുഷനായ യേശുവിനെയുള്ള പരമാന്വേഷണത്തെ താഴെപ്പറയുന്ന വിധത്തിൽ ഷ്വൈററ്സർ വിവരിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ സുപ്രസിദ്ധമായ പുസ്തകത്തിലെ അവസാനവാക്കുകൾ തന്നെയാണവ. “ക്രിസ്തുനാമംകൊണ്ടു പരിച്ഛേദ്യനാകാതെ അജ്ഞാതനായ ഒരുവനായി നമ്മുടെ അടുക്കലേക്കുവരുന്നു. തൻെറ മനുഷ്യജീവിതകാലത്തു് കായൽക്കരയിൽ തന്നെ അറിയാത്തവരായിരുന്ന ആളുകളുടെ അടുക്കലേക്കു് ചെന്നതുപോലെതന്നെ ‘നീ എന്നെ അനുഗമിക്ക’ എന്ന അതേവാക്കുകൾതന്നെ അവിടന്നു് നമ്മോടും പറയുന്നു. നമ്മുടെ ഇക്കാലത്തു് അവിടത്തേക്കു് നിവൎത്തിപ്പാനുള്ള ജോലിചെയ്യുന്നതിനു് നമ്മെ നിയോഗിക്കുന്നു. അവിടന്നു് അധികാരത്തോടു് കല്പിക്കതന്നെ ചെയ്യുന്നു. അവിടത്തെ അനുസരിക്കുന്നവൎക്കു് അവർ ജ്ഞാനികളായിരുന്നാലും ലളിതബുദ്ധികളായിരുന്നാലും തൻെറ സഹഭാവത്തിൽ അവർ ഏൽക്കുന്ന വിരുദ്ധതകളിലും കഷ്ടതകളിലും അദ്ധ്വാനങ്ങളിലും കൂടെ അവിടന്നു് സ്വയം വെളിപ്പെടുത്തികൊടുക്കുന്നു. അവിടന്നാരാണെന്നു് അവരുടെ സ്വന്ത അനുഭവം വഴിയായി ഒരു മഹാരഹസ്യം എന്നോണം അവർ ഗ്രഹിക്കയും ചെയ്യും.”

ഇങ്ങിനെ ജീവനുള്ള ക്രിസ്തുവിങ്കലേക്കു് ഷ്വൈററ്സർ എന്നെ തിരികെ കൊണ്ടുവന്നു. എൻെറ ജീവിതത്തിലെ

അത്യുത്തമങ്ങളായ വേളകളിൽ ഞാൻ അറിയുകയും സ്നേഹി ക്കയും ചെയ്തിരുന്ന ക്രിസ്തുവിങ്കലേക്കുതന്നെ എന്റെ ഹൃദയ ത്തിലെ രഹസ്യത്തെ ഗ്രഹിച്ച് അതിനെത്തന്നെ തന്റെ ഗ്ര ന്ഥത്തിൽ അദ്ദേഹം പ്രസ്താവിച്ചതുപോലെ എനിക്കു തോന്നി.

ഷ്വൈറ്റ്സറിന്റെ പുസ്തകത്തിലെ വേറൊരു സംഗ തിയും വളരെ ശക്തിയായി എന്റെ മനസ്സിൽ പതിഞ്ഞു. ചരിത്രപുരുഷനായ യേശുവിന്റെ സാക്ഷാൽ ചിത്രത്തെപ്പ റ്റിയുള്ള അന്വേഷണമദ്ധ്യേ, ഉജ്ജ്വലമായ പ്രതീക്ഷയിലും അത്ഭുതകരമായ പ്രത്യാശയിലും ഒന്നാംശതകത്തിൽ സ്ഥിതി ചെയ്തിരുന്ന സഭയുടെ ജീവിതത്തെ അദ്ദേഹം വിവരിക്കുന്നു. ക്രിസ്തുവിന്റെ പെട്ടെന്നുള്ള പുനരാഗമനത്തെ കുറിക്കുന്ന വേദ ഭാഗങ്ങൾ മറികടന്നുപോകാതെ അദ്ദേഹം അവയ്ക്കു തക്ക പ്രാ ധാന്യം കൊടുക്കതന്നെ ചെയ്യുന്നു. ആദിമശിഷ്യന്മാരുടെ അ നുഭവത്തിൽ പ്രകൃത്യാതീതാംശങ്ങൾക്കുള്ള സ്ഥാനത്തെ അദ്ദേ ഹം സുവ്യക്തമാക്കുന്നുണ്ട്. ഇതിലൊക്കെയും അദ്ദേഹം എ ന്റെ മുൻജീവിതത്തിലെ അനുഭവങ്ങളിലേക്കും ചിന്തകളി ലേക്കും എന്റെ ദൃഷ്ടിയെ വീണ്ടും തിരിച്ചു. എന്റെ മാതാ പിതാക്കന്മാർ, എന്റെ കുടുംബം, പ്രകൃത്യതീതാനുഭവങ്ങളോ ടുകൂടിയ അപ്പൊസ്തോലികസഭ എന്നിവയിലേക്കുതന്നെ. ഇ വയെപ്പററിയൊക്കെ പുതുതായി ആലോചിക്കുന്നതിനും എ ന്റെ സ്വന്തജീവിതത്തെ സംബന്ധിച്ചിടത്തോളം അതി ന്റെയൊക്കെയും അർത്ഥം എന്താണെന്ന് അന്വേഷിക്കുന്നതി നും ഞാൻ നിർബ്ബന്ധിതനായി.

എനിക്കുള്ള ഓരോ എഴുത്തിലും എന്റെ പിതാവു ക്രി സ്തുവിന്റെ പുനരാഗമനത്തെ ദിവസംപ്രതി പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നതായി പറയാറുണ്ടായിരുന്നു. എങ്കിലും എ ന്റെ മാതാപിതാക്കന്മാർക്കുണ്ടായിരുന്ന ഈവക വിശ്വാസങ്ങൾ അക്ഷരംപ്രതി സ്വീകരിക്കയെന്നുള്ളത് എന്നെക്കൊണ്ടു സാ ധിക്കയില്ലെന്ന് എനിക്കു നല്ലതുപോലെ തെളിവായിരുന്നു. ദൈവത്തിനിഷ്ടമാകുന്നപക്ഷം പ്രകൃതിക്കു് സർവ്വത്ര വിപരീ

തമായി സംഗതികൾ സംഭവിച്ചേക്കാമെന്നു് ഒരു ശിശുഹൃദയത്തോടു് എൻെറ പിതാവു വിശ്വസിച്ചിരുന്നതുപോലെ എനിക്കു് വിശ്വസിപ്പാൻ കഴിഞ്ഞതുമില്ല. എന്നാൽ പ്രകൃത്യതീതമായ ഒരു കൃപാലോകത്തിൽ ഞാൻ പൂൎണ്ണഹൃദയത്തോടു വിശ്വസിച്ചിരുന്നു. എന്തെന്നാൽ ഞാനതു് അനുഭവിച്ചറിഞ്ഞിട്ടുണ്ടായിരുന്നു. ഹൃദയത്തിനുള്ളിലും ബാഹ്യലോകത്തിലും സകലത്തെയും സദാ നവീകരിച്ചും ഉല്ലാദിപ്പിച്ചുംകൊണ്ടിരിക്കുന്ന ഉല്പത്തിസ്ഥാനമായ ദൈവത്തോടുകൂടെയുള്ള ആത്മജീവിതത്തെ ഞാൻ പ്രത്യാശിച്ചുകൊണ്ടിരുന്നു. അതിനെ ഒരിക്കലും എനിക്കു സംശയിക്കാൻ കഴിഞ്ഞില്ല. എന്തെന്നാൽ അതു് എൻെറ ജീവിതത്തിൻെറ ഒരു ഭാഗമായിത്തന്നെ തീൎന്നിരുന്നു.

എൻെറ അപ്പൻ തൻെറ ശരീരാകൃതിയിൽത്തന്നെ കൎത്താവായ യേശുവിൻെറ അടയാളങ്ങൾ വഹിച്ചിരുന്നു. അദ്ദേഹത്തിൻെറ മുഖത്തു് തൻെറ ക്രിസ്തീയ സ്വഭാവം സ്ഫുരിച്ചിരുന്നു. അദ്ദേഹത്തിൻെറ പരിശുദ്ധസ്വഭാവവും ആത്മികസൌന്ദൎയ്യവും, തൻെറ രക്ഷിതാവും യജമാനനുമായ ക്രിസ്തുവിൽ തനിക്കുണ്ടായിരുന്ന ശിശുസമാനമായ വിശ്വാസത്തിൻെറ ഫലവും നീതീകരണവുമാണു്. ക്രിസ്തുവിൻെറ പ്രത്യാഗമനത്തെപ്പററി ചില ചില്ലറ പിശകുകൾ അദ്ദേഹത്തിനു് ഭവിച്ചിരുന്നിരിക്കാമെങ്കിലും വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിങ്ങനെയുള്ള ശാശ്വതാനുഭവങ്ങളിൽ അദ്ദേഹം എത്തിച്ചേൎന്നു. അദ്ദേഹത്തിൻെറ ക്രിസ്തീയജീവിതത്തിൽ തിളങ്ങിയിരുന്ന കവിഞ്ഞൊഴുകുന്ന ആനന്ദവും ഉജ്ജ്വലമായ പ്രത്യാശയും ഭക്തിതീക്ഷ്ണതയും കുറേക്കൂടെ വിസ്തൃതമായ ഒരു രംഗത്തു് പ്രകാശിപ്പിക്കയെന്നുള്ളതായിരുന്നു എൻെറ ചുമതല. ഞാൻ പണിചെയ്തിരുന്ന വിശ്വാസസൌധത്തിൻെറ അടിത്തറയെ പരീക്ഷിക്കുന്നതിലേക്കു് എൻെറ കഴിഞ്ഞ കാലത്തെ അനുഭവത്തെ ഒന്നാകെ ഇങ്ങിനെ വീണ്ടും പരിശോധിക്കേണ്ടതായി വന്നുകൂടി. ഉറച്ച പാറയിന്മേലല്ലാതെ ഇളകിപ്പോകുന്ന മണലിന്മേൽ അടിസ്ഥാനമിടരുതല്ലൊ.

വേറൊരു വിധത്തിലും മറെറല്ലാവരെയുംകാൾ കൂടുതൽ

ആൽബെട്ട്ഷ്വൈററ്സർ എന്നെ സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ സ്വന്ത ജീവിതമാകുന്ന ദൃഷ്ടാന്തംകൊണ്ടുതന്നെ തൻെറ പുസ്തകത്തിൽ താൻ എഴുതിയിട്ടുള്ള വിധത്തിൽ തന്നെ പ്രവൃത്തിച്ചു ജീവിക്കുന്നതിനും ചരിത്രപുരുഷനായ യേശുവിനെയുള്ള അന്വേഷണം വാക്കിൽ മാത്രമല്ല പ്രവൃത്തിയിലും തുടൎന്നുകൊണ്ടിരിക്കുന്നതിനും അദ്ദേഹം തീരുമാനിച്ചിരുന്നു. യൂറോപ്പിൽ അതിവിദഗ്ദ്ധനായ ഒരു സംഗീതജ്ഞനും പണ്ഡിതനും എന്നുള്ള നിലയിൽ തനിക്കുണ്ടായിരുന്ന സ്ഥാനം ഉപേക്ഷിച്ച് ദീർഘശതകങ്ങളായി മനുഷ്യരുടെ അക്രമങ്ങൾമൂലം കഷ്ടതകളനുഭവിക്കുന്ന ആഫ്രിക്കാനിവാസികളുടെയിടയിൽ പോയി സേവനം ചെയ്യുന്നതിലേക്ക് അദ്ദേഹം വൈദ്യപരിശീലനം കഴിച്ചിരുന്നു. അതിൻെറ ശേഷം അദ്ദേഹം ആഫ്രിക്കയിൽ പോയി മലമ്പനി ബാധിതമായ ഒരു ഡിസ്ട്രിക്ടിൻെറ മദ്ധ്യത്തിൽ താമസമുറപ്പിച്ചു. അവിടെ ക്രിസ്തുവിൻെറ നാമത്തിൽ രോഗികളെയും ആസന്നമരണരെയും ശുശ്രൂഷിക്കുന്നതിനായി തൻെറ ജീവിതത്തെ പ്രതിഷ്ഠിച്ചിരിക്കയാണ്. ഒരു നല്ല വൈദ്യനായി ക്രിസ്തുവിനെ അനുഗമിക്കുന്നതിലേക്ക് തനിക്കുണ്ടായിരുന്നതെല്ലാം ഉപേക്ഷിക്കയാൽ സുവിശേഷത്തിലെ ഉപദേശത്തെ താൻ അക്ഷരംപ്രതി അനുസരിച്ചിരിക്കുകയാണ്.

ആഫ്രിക്കയിലെ നിശ്ശബ്ദങ്ങളായ വിസ്തൃത വനാന്തരങ്ങളിൽ ക്രിസ്തു തനിക്കേററവും അടുത്ത് സന്നിഹിതനായിരിക്കുന്നതായി അദ്ദേഹത്തിന് അനുഭവപ്പെടുന്നു. തൻെറ ജീവിതം മുഴുവനിലും പ്രകൃത്യതീതമായ ദൈവനടത്തിപ്പുണ്ടെന്നുള്ള തെളിഞ്ഞ ബോധത്തോടുകൂടി ഇപ്പോഴും ദിനംപ്രതിയുള്ള തൻെറ വേല അദ്ദേഹം തുടൎന്നുകൊണ്ടിരിക്കയാണ്. ക്രിസ്തുവിനെപ്രതി സാധുക്കളെ ശുശ്രൂഷിക്കുന്നതിൽ അദ്ദേഹത്തിനുള്ള ആനന്ദം താൻ അനുഭവിച്ചിട്ടുള്ള കഷ്ടതകളെ ഒക്കെയുംകാൾ ഉപരിയായിട്ടുള്ളതാണ്.

പൌരാണികരേഖകളിൽനിന്ന് വിഭിന്നപരമായ പശ്ചവേക്ഷണംകൊണ്ട്, ഗ്രഹിക്കേണ്ട ഒരു ഭൂതകാലചരിത്രപുരുഷ

നായി മാത്രമല്ല അദ്ദേഹം ക്രിസ്തുവിനെ കാണുന്നതു്. ക്രിസ്തു, മനുഷ്യരുടെ ഹൃദയങ്ങളിൽ എന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുസാന്നിദ്ധ്യത്തിൻെറ അന്വേഷണത്തിനു് എത്ര ക്ഷമയും സഹനശക്തിയും ആവശ്യമാണെന്നു മനുഷ്യജാതി മനസ്സിലാക്കിത്തുടങ്ങുന്നേയുള്ളു. പരിപൂൎണ്ണമായി അറിയുന്നതിനും ഭക്തിയോടെ ആരാധിക്കുന്നതിനും ഓരോ കാലത്തുമുള്ള ധീരാത്മാക്കൾ നവംനവമായി അവിടത്തെ അന്വേഷിക്കേണ്ടിയിരിക്കുന്നു. ഓരോ രാജ്യത്തും ഇങ്ങിനെ അവിടത്തെ കാണുകയും അറിയുകയും ചെയ്തിട്ടുള്ള നിർഭീകന്മാരായ ഭക്തന്മാരുണ്ടുതാനും. എല്ലാ മാമൂലുകളോടും അവിടന്നു് സദാ പോർവിളി നടത്തിക്കൊണ്ടിരിക്കുന്നു. അവിടത്തെ വരവിൻെറ ഓരോ സന്ദർഭത്തിലും നാം അത്യന്തം ഗൌരവാവഹമായ തീരുമാനങ്ങൾ ചെയ്യുന്നതിനു് നിർബ്ബന്ധിതരാകയും തദ്വാരാ സ്വയം ഒരു ന്യായവിധിക്കു് വിധേയരാകയും ചെയ്യുന്നു. പരാജയമെന്നു പുറമേ തോന്നുന്നതു് അവിടത്തെ നാമത്തിൽ പുതിയ വിജയത്തിനുള്ള പാതയെ തുറക്കുന്നു. ക്രിസ്തുതന്നെ മാൎഗ്ഗദൎശിയായി മുൻപോട്ടു ഗമിച്ചുകൊണ്ടിരിക്കുന്നു. അവിടന്നു് ജീവിക്കാനായി മരിക്കുന്നു. ജീവനെ രക്ഷിപ്പാനായി അവിടന്നു് തൻെറ ജീവനെ ത്യജിക്കുന്നു.

എൻെറ ആയുസ്സിൽ പിന്നീടൊരുകാലത്തു് ഞാൻ യൂറോപ്പിലായിരുന്നപ്പോൾ കുറച്ചുസമയം ആൽബർട്ടു് ഷ്വെററ്സറോടുകൂടെ താമസിക്കാനുള്ള വലിയ പദവി എനിക്കു ലഭിച്ചു. ഇന്നു ജീവിച്ചിരിപ്പുള്ളവരിൽ ജപ്പാനിലെ കഗാവായും സുന്ദരസിംഗും ഒഴികെ ഇദ്ദേഹത്തെപ്പോലെ യേശുവിനെ പൂൎണ്ണമായി അനുകരിക്കുന്നവർ ഉണ്ടെന്നു തോന്നുന്നില്ല. ക്രിസ്തുവിനു് അദ്ദേഹത്തിൻെറ ജീവിതത്തിലുള്ള സ്ഥാനം അദ്ദേഹത്തിൻെറ ത്യാഗപൂൎവ്വമായ സേവ ഇതിനകമായി ലോകത്തിനു വ്യക്തമാക്കിത്തീർത്തിട്ടുണ്ടു്. അദ്ദേഹം തൻെറ ആയുസ്സിൽ ഇതഃപൎയ്യന്തം ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ലളിതമാനസനായിട്ടാണു് ഇരുന്നിട്ടുള്ളതു്. താൻ ആരാധിച്ചുപോരുന്ന ജീവനുള്ള ക്രിസ്തുവത്രെ അദ്ദേഹത്തിൻെറ സ്വഭാവത്തി

ന്റെ ഓരോ അംശവും രൂപപ്പെടുത്തിയിട്ടുള്ളത്. ഷെപറ്ഡ്സ റിന്റെ പുസ്തകം ഞാൻ വായിച്ചപ്പോൾ, എനിക്ക് ചെറുപ്പകാലത്ത് എന്റെ കുടുംബത്തിൽ ലഭിച്ചതായ പരിശീലനത്തിൽ ദൈവികമായ ഒരുദ്ദേശമുണ്ടായിരുന്നതായി ശക്തിമത്തായ ബോധം വന്നു. ഞാൻ എത്രകണ്ട് അയോഗ്യനായിരുന്നാലും ചരിത്രപുരുഷനായ യേശുവിനെ ഇതുപോലെ അന്വേഷിപ്പാൻ ദൈവം എന്നെ പ്രാപ്തനാക്കുമെന്ന് എനിക്കു നിർണ്ണയം വന്നു. ആദിമസഭയിൽ പരിലസിച്ചതായ പരിശുദ്ധാത്മാവിന്റെ പ്രകൃത്യതീതദാനങ്ങൾ ഇക്കാലത്തു പുനരാവിർഭവിക്കുന്നതിലേക്കു പ്രാർത്ഥിക്കുന്നതിലും അദ്ധ്വാനിക്കുന്നതിലും ക്രിസ്തുവിന്റെ നാമത്തിൽ എന്നാൽ കഴിയുന്നതൊക്കെയും ചെയ്യണമെന്നു ഞാൻ തീരുമാനിച്ചു. മനുഷ്യർ എവിടെയൊക്കെ കഷ്ടപ്പെടുന്നുണ്ടോ അവിടെയൊക്കെ ക്രിസ്തുവിനെ ഞാൻ അന്വേഷിച്ച് കണ്ടെത്തുകയും നിരർത്ഥകങ്ങളായ വാക്കുകൾകൊണ്ടു മാത്രമല്ല എല്ലാ രാജ്യങ്ങളിലുമുള്ള സാധുക്കളെ ശുശ്രൂഷിക്കുന്നതുവഴിയായിത്തന്നെ അവിടത്തെ ഞാൻ സ്തുതിച്ച് ആരാധിക്കയും വേണം എന്ന് എനിക്കു ബോധപ്പെട്ടു. കായൽതീരത്ത് അതിരാവിലെ ആദിമശിഷ്യന്മാർ അവിടത്തെ കണ്ടപ്രകാരം ഞാനും അവിടത്തെ സാന്നിദ്ധ്യത്തെ ഇങ്ങനെ പുതുതായി കാണുകയും "നീ എന്നെ അനുഗമിക്ക" എന്ന് കല്പിക്കുന്ന അവിടത്തെ ശബ്ദം കേൾക്കുകയും ചെയ്യേണ്ടതാണെന്ന് എനിക്കു മനസ്സിലായി.

വേദനകൊണ്ടും സംശയംകൊണ്ടും ദണ്ഡപ്പെടുന്നതും, കഷ്ടതകൊണ്ടും ദുരിതംകൊണ്ടും നിറഞ്ഞിരിക്കുന്നതുമായ ഈ അരിഷ്ടലോകത്തിൽ പ്രത്യക്ഷമായി ആവശ്യമായിരിക്കുന്നത് അപ്പൊസ്തോലികകാലത്തുള്ളവർ പരിപൂർണ്ണമായ അളവിൽ പ്രാപിച്ചിരുന്നതായ പരിശുദ്ധാത്മാവിന്റെ ഉത്തമഫലങ്ങളുടെ പുനരാവിർഭാവംതന്നെയാണ്. നാം ഒന്നാംശതകത്തിലെ ക്രിസ്ത്യാനികളായിത്തീരുകയെന്നുള്ളതാണ് വേണ്ടത്. ആദിമസഭ അപക്വതകൊണ്ടും യുവസഹജമായ ആവേശംകൊണ്ടും ക്രിസ്തുവിന്റെ വരവിനെപ്പററി അതിലളി

...BAR CHRISTIAN COLLEGE L...
1053

തമായ രീതിയിൽ വ്യാഖ്യാനിച്ചു. എൻെറ പ്രിയ പിതാവിനെപ്പോലെ അവരും കേവലം അക്ഷരപ്രകാരമുള്ള വ്യാഖ്യാനങ്ങൾക്ക് വിധേയരായിരുന്നു. എങ്കിലും പാപവും മരണവുമുള്ള ലോകത്തിൽ ദൈവകൃപ അത്ഭുതകരമായ വിധത്തിൽ ഇടപെടുമെന്നുള്ള പ്രത്യാശയെപ്പററി ഒരു സംശയത്തിനും ക്രിസ്തു ഇടയാക്കിയിട്ടില്ല. ഇതാണ് സുവിശേഷമെന്നു പറയുന്ന സദ്വത്തമാനം. ക്രിസ്തു വെളിപ്പെടുത്തുവാനായിവന്ന സാക്ഷാത്തായ ദൈവരാജ്യം ഇതുതന്നെയാണ്. പരിശുദ്ധാത്മാവിൻെറ മഹാപ്രവാഹത്തെപ്പററി ആ ആദിമ ശിഷ്യന്മാർക്ക് നല്ല ബോധമുണ്ടായിരുന്നു. അവർ ജീവിച്ചിരുന്നപ്പോൾതന്നെ ഒരാത്മികലോകത്തിൽക്കൂടി ചരിച്ചിരുന്നതായി അവക്ക് സ്വയം തോന്നി. അവർ രോഗികളെ സൌഖ്യമാക്കുകയും കുരുടരുടെ കണ്ണുകളെ തുറക്കുകയും ചെയ്തു. കത്താവു് എപ്പോഴും അടുക്കൽതന്നെയായിരുന്നു. ദൈവരാജ്യം വാതില്ക്കൽതന്നെ സ്ഥിതി ചെയ്തു.

ക്രിസ്തീയക്കൂട്ടായ്മയുടെ ഉൾത്തട്ടിലേക്കു നമ്മെ ആനയിക്കുകയും അക്കാലത്തെ പ്രതീക്ഷാസ്തബ്ധമായ അന്തരീക്ഷത്തിലേക്കു നമ്മെ പ്രവേശിപ്പിക്കുകയും ചെയ്യുന്ന ഹൃദയസ്പർശകമായ ഒരു യഥാത്ഥകഥ വിശുദ്ധയോഹന്നാൻെറ സുവിശേഷത്തിൽ കടശ്ശിഭാഗത്തു് രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കണ്ണിൻമുമ്പിൽ ആ സംഭവം നടക്കുന്നതായി നമുക്കു തോന്നത്തക്കവണ്ണം അത്ര വിശദമായി അതു് ചിത്രീകരിച്ചിരിക്കുന്നു. യേശു വിശിഷ്യ സ്നേഹിച്ച ശിഷ്യൻ മരിക്കയില്ലെന്നും "കത്താവു വരുന്നതുവരെയും ജീവനോടെ ഇരിക്കുമെന്നും" ഒരു വത്തമാനം പരന്നിരുന്നു. അതിനാൽ കുരിശിൻെറ രാജ്യത്തിൻെറ അവകാശികളെന്നുള്ള നിലയ്ക്കു് തങ്ങളുടെ മുൻപാകെ വെയ്ക്കപ്പെട്ടിരുന്ന ഗൌരവമായ ചുമതലകളിലേക്കു ക്രിസ്തുവിൻെറ യുവാക്കളായ അനുഗാമികളുടെ മനസ്സുകളെ തിരിക്കുന്നതിന് ആ സംഭവം സാക്ഷാൽ നടന്നതുപോലെ തന്നെ ആവത്തിച്ചു പറയേണ്ടതു് ആവശ്യമായിഭവിച്ചു. സുവിശേഷകൻ പറയുന്നതു് "എന്നാൽ യേശു ആ ശിഷ്യനോ

ട്ട് അവൻ മരിക്കയില്ല എന്നല്ല പിന്നെയോ ഞാൻ വരുന്ന തുവരെയും അവൻ ജീവനോടിരിക്കേണമെന്ന് എനിക്കു മന സ്സാകുന്നെങ്കിൽ അതു നിനക്കെന്തു്. നീ എന്നെ പിന്തുടരുക എന്നത്രെ പറഞ്ഞതു്.

കത്താവായ യേശുവിൻെറ കഥ ആ വൃദ്ധനായ വിശുദ്ധ ൻ എപ്പേസോസിൽ യുവാക്കളായ ശിഷ്യന്മാരോടു ആവത്തി ച്ചാവത്തിച്ചു പറയുന്ന ആ രംഗം നമുക്കു നല്ലതുപോലെ ഭാവ നചെയ്യാൻ കഴിയും. ക്രിസ്തുവിൻെറ രണ്ടാമത്തെ വരവു് എത്ര ബലവത്തായി അവക്കു് ആകർഷകമായിരുന്നുവെന്നും ഈ ബാഹ്യലോകത്തിൻെറ അടിമത്വത്തിൽ നിന്നു് വിമുക്ത രായി ക്രിസ്തു അദൃശ്യനായി സന്നിഹിതനായിരിക്കുന്ന ആ നിത്യരാജ്യത്തിൽ ജീവിക്കുന്നതിനു അതു് എത്ര ശക്തിദായ കമായിരുന്നുവെന്നും ഉള്ളതിലേക്കു് ഒരു ഉൾക്കാഴ്ച ഈ കഥവ ഴിയായി നമുക്കു ലഭിക്കുന്നു.

കത്താവിൻെറ വരവിനെപ്പററി വാച്യാത്ഥമനുസരിച്ചു ള്ള ആദിമകാലത്തെ പ്രത്യാശ കുറെനാൾ തുടൻകൊണ്ടിരിക്കേ ണമെന്നുള്ളതു് ദൈവത്തിൻെറ നല്ല വിചാരണയിൽ ഒരുപ ക്ഷെ ആവശ്യമായിരുന്നിരിക്കാം; ബീജങ്കുരത്തെ സംരക്ഷി ക്കുന്നതിനു് പുറംതോടാവശ്യമാണല്ലൊ. ഗണ്യമായ യാതൊ രു പാരമ്പര്യവുമില്ലാത്ത കേവലം സാധാരണന്മാരായിരുന്ന ആ പാവപ്പെട്ട സ്ത്രീപുരുഷന്മാക്കു് അതികഠിനങ്ങളായ കഷ്ട പ്പാടുകൾ ധീരതയോടു് സഹിക്കാൻ സാധിച്ചു എന്നുള്ളതാ ണു് അത്ഭുതം. എത്രയും സ്ഥൂലമായ ഒരു പ്രത്യാശ അതിലേ ക്കാവശ്യമായിരുന്നു. അതിൻെറ പ്രത്യക്ഷ രൂപങ്ങൾ അസം സ്കൃതമായിരുന്നെങ്കിൽ തന്നെയും അവരെ അതിലേക്കാക്ഷേ പിക്കാൻ നാം ആരു്? വൃദ്ധനായ വിശുദ്ധ യോഹന്നാൻ എഴു തുന്നതു് "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹി ക്കരുതു്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നെങ്കിൽ പിതാവി ൻെറ സ്നേഹം അവനിൽ ഇല്ല.....ജഡമോഹം, കണ്മോഹം, ജീവനത്തിൻെറ വൻപു് ഇങ്ങിനെ ലോകത്തിലുള്ളതൊക്കെ യും പിതാവിങ്കൽനിന്നുള്ളതല്ല, ലോകത്തിൽനിന്നുള്ളതത്രെ.

ലോകവും അതിൻെറ മോഹവും ഒഴിഞ്ഞുപോകുന്നു, ദൈവേഷ്ടംചെയ്യുന്നവനോ എന്നേക്കും നിലനിൽക്കുന്നു. ചെറിയ കുഞ്ഞുങ്ങളെ ഇതവസാന നാഴികയത്രെ."

അവസാനനാഴിക ജീവനെയോ മരണത്തെയോ നിർണ്ണയിക്കുന്ന തീരുമാനം കെട്ടിയിരിക്കുന്ന അര, കത്തിക്കൊണ്ടിരിക്കുന്ന വിളക്ക് ഇവയൊക്കെയും സുവിശേഷത്തിലെ സുസ്പഷ്ടമായ ഒരു കാര്യഭാഗമാണ്. അതു് ഒരു മദ്ധ്യസ്ഥിത സിരപോലെയാണ്. അതു നീക്കിയാൽ ശരീരം മുഴുവൻ സ്തംഭിച്ചുപോകും. വെറും ദിവാസ്വപ്നംകൊണ്ടു് പ്രയോജനമില്ല. കുരിശിക്കപ്പെട്ടവൻെറ അനുഗാമികൾ "നീ എന്നെ അനുഗമിക്ക" എന്നുള്ള തങ്ങളുടെ കർത്താവിൻെറ വിളിക്കായി ഓരോ വിനാഴികയും ഒരുങ്ങിയിരിക്കണം. അതു് അർദ്ധരാത്രിയിലായിരിക്കാം വരുന്നതു്, അതിരാവിലെയായിരിക്കാം, ശാന്തമായിരിക്കുന്ന കായൽക്കരയിൽവെച്ചായിരിക്കാം, ഉഷസ്സിൻെറ നിശ്ശബ്ദമായ നാഴികയിലായിരിക്കാം അതു വരുന്നതു് എപ്പോഴും നിനച്ചിരിയാത്ത സമയത്തായിരിക്കും. എങ്കിലും സതു് സദാ പ്രതീക്ഷിതവുമാണ്.

ജീവപ്രദവും ഉന്മേഷജനകവുമായ ആ പ്രതീക്ഷയുടെ അന്തരീക്ഷത്തിൽ ആത്മാവിനെ നശിപ്പിക്കുന്നതായ ലോകസ്നേഹം, കണ്മോഹം, ജീവിതത്തിൻെറ പ്രതാപം എന്നിവയ്ക്കു് നമ്മുടെമേൽ പിടിമുറുകുകയില്ല. ക്രിസ്തുവിങ്കലുള്ള പ്രകൃത്യതീതമായ ജീവിതം മന്ദബുദ്ധികളെ ഉൽബുദ്ധരാക്കുകയും വാടിത്തളന്ന ഹൃദയങ്ങളെ നവോല്ലാസംകൊണ്ടു് ഉജ്ജ്വലിപ്പിക്കുകയും ചെയ്യും. ക്രിസ്തു സകലത്തിലും സകലവുമായി ഭവിക്കും.

ബലഹീനതയുടെയും സംശയത്തിൻെറയും മദ്ധ്യേ ആൽബട്ട് ഷ്വെപററ്സിൻെറ പുസ്തകം വഴിയായി എനിക്കു ലഭിച്ച ദൈവദാനം ഇതാണ്. പാവപ്പെട്ടവരുടെ കഷ്ടതകളിലേക്കും എളിയവരുടെയും താണവരുടെയും ഭവനങ്ങളിലേക്കും എന്നെ പറഞ്ഞയയ്ക്കുന്നതിനു് അതു കാരണമായി ഭവിച്ചു. എൻെറ പുസ്തകങ്ങൾ ഉപേക്ഷിച്ചു് ഗ്രാമങ്ങളിൽ പോയി അവിടെയുള്ള പാവപ്പെട്ട ആളുകളിൽനിന്നു് മനുഷ്യജീവിതം

എന്താണെന്നു നവമായി പഠിപ്പാൻ ഞാൻ ആരംഭിച്ചു. വിശ്വാസംകൊണ്ടെൻെറ ഹൃദയം വീണ്ടും തിളങ്ങുവാൻ തുടങ്ങി. എൻെറ ആത്മാവിനെ പ്രദീപ്തമാക്കിക്കൊണ്ടു് പരിശുദ്ധാത്മാവിറങ്ങി വന്നപ്പോൾ എൻെറ ഉള്ളിലെ ഭക്തിദീപം അഗ്നിജ്വാലകണക്കെ കത്തിക്കാളി. ഒരു പുതിയ വിളിക്കായി ഞാൻ കാത്തുകൊണ്ടിരുന്നു.

---

## അദ്ധ്യായം 14.

# ക്രിസ്തുവും നവയുഗവും.

കേംബ്രിഡ്ജ്മിഷ്യൻ സഹോദരസംഘം വിട്ടു് ഒരു ബിഷോപ്പിൻെറ കീഴിലുള്ള പട്ടത്വവേലയും ഉപേക്ഷിച്ചു്, കുറേക്കൂടെ വിസ്തൃതമായ ഒരു ലോകത്തിൽ ചെന്നെത്താൻ വേണ്ടി അജ്ഞാതമായ ഒരു സമുദ്രത്തിൽ സഞ്ചരിപ്പാൻ ഞാൻ തീരുമാനിച്ചതു് എൻെറ മുൻജീവിതഗതിയിൽ നിന്നുള്ള ഒരു വലിയ പരിവത്തനമായിരുന്നു. ഇതു ഞാൻ ദ്രുതഗതിയിൽ ചെയ്ത ഒരു തീരുമാനമല്ല. സംശയത്തിലും അനിശ്ചിതാവസ്ഥയിലും പല കൊല്ലങ്ങൾ കഴിഞ്ഞുകൂടി. "നീ എന്നെ അനുഗമിക്ക" എന്നു് കായൽക്കരയിൽവെച്ചു് അതിരാവിലെ സകലവും നിശ്ശബ്ദമായിരുന്ന ആ സമയത്തു് കത്താവു് കല്പിച്ച വാക്കുകൾ വീണ്ടും വീണ്ടും എന്നെ വിളിക്കുന്നതായി ഞാൻ കേട്ടു. അവസാനം ആ അന്തർധ്വനിക്കു് വഴിപ്പെടേണ്ടിവരുമെന്നു് ഞാൻ അറിഞ്ഞു.

എൻെറ ഭാവികാര്യപരിപാടി സംശയഗ്രസ്തമായും അന്ധാളിപ്പിക്കുന്ന ആശങ്കകളാൽ ഞാൻ ചഞ്ചലിതനായും ഇരുന്ന ആ ആത്മപരിശോധനയുടെ നാളുകളിൽ എത്രയും തെളിവായി എൻെറ കണ്ണുകൾക്കു മുൻപാകെ വെളിപ്പെട്ട എൻെറ യജമാനനാകുന്ന ക്രിസ്തുവിൻെറ ചിത്രം അല്പമൊന്നു വർണ്ണിക്കട്ടെ. ഈ ചിത്രത്തിലെ ചില രേഖകൾ തെളിക്കുന്നതിനു് ഷെപ്പേർഡ്സനിൻെറ പുസ്തകം വളരെ സഹായിച്ചി

ട്ടണ്ടെങ്കിലും ചിത്രം ആകപ്പാടെ എൻേറതുതന്നെയാണ്. മനസ്സിൻെറ കണ്ണുകൾകൊണ്ടു് ഞാൻ കണ്ടിട്ടുള്ള ദർശനങ്ങളിൽ ഒന്നുമാത്രമാണതു്. എങ്കിലും എൻെറ ചിന്താഗതി എങ്ങോട്ടായിരുന്നെന്നും എൻെറ ജീവിതത്തിലെ ഏററവും വിപ്ലവകരമായ തീരുമാനത്തിന് എന്നെ പ്രേരിപ്പിച്ച ശ്രദ്ധകാരണമെന്തായിരുന്നെന്നും അതു കാണിക്കുന്നു.

ഞാൻ ഡൽഹിയിൽ താമസിച്ചിരുന്ന ഈ ശതകത്തിൻെറ പ്രാരംഭവർഷങ്ങളിലെ ഇൻഡ്യയിലെ രംഗം പത്തൊൻപതു ശതകങ്ങൾക്കു മുൻപ് ഉണ്ടായിരുന്ന റോമാസാമ്രാജ്യത്തിലെ രംഗത്തോടു് വളരെ സാമ്യമുള്ളതായിരുന്നു. ബാഹ്യസംഗതികളിൽ സാമ്രാജ്യശക്തിയുടെ ഫലമായി സാർവ്വത്രികവും അഭംഗവുമായ സമാധാനവും അചഞ്ചലമായ ക്രമീകരണവും പ്രബലപ്പെട്ടിരുന്നു. അഗ്നിപർവ്വതത്തിൻെറ ഉള്ളിൽനിന്നു് വഹ്നിദ്രാവകങ്ങൾ പൊട്ടിച്ചാടുന്നതുപോലെ ശാന്തപരമായി കാണപ്പെട്ടിരുന്ന ഈ രാജ്യത്തു് പെട്ടെന്നു് തള്ളിത്തിങ്ങി വിജൃംഭിച്ച ഒരു പ്രക്ഷോഭം വെളിപ്പെട്ടുതുടങ്ങി. ദേശീയപ്രസ്ഥാനമെന്നാണ് ആളുകൾ അതിനെ നാമകരണം ചെയ്തതു്. എന്നാൽ അതിൻെറ ശക്തിയും വ്യാപ്തിയും അതിനെക്കാൾ വിപുലമായിരുന്നു. ഒരു ഭൂഖണ്ഡത്തിലെ ജനസമുദായം ഒന്നാകെ ചേർന്നു് നവീനരീതികളിൽ തങ്ങളുടെ ജീവിതത്തെ രൂപവൽക്കരിക്കുന്നതിനുള്ള ഒരു വിപ്ലവമായിരുന്നു അതു്. ഉൽപത്തിപ്പുസ്തകത്തിൽ ദൈവാത്മാവ് ആദ്യതമസ്സിന്മേൽ വ്യാപരിച്ചതായി കാണിച്ചിരിക്കുന്ന ആ ചിത്രമാണ് മേൽപറഞ്ഞ പ്രസ്ഥാനത്തെ വിവരിക്കുന്നതിന് ഏററവും ഉപയുക്തമായതു്. "ദൈത്തിൻെറ ആത്മാവ് വെള്ളങ്ങളുടെമേൽ പരിവർത്തിച്ചുകൊണ്ടിരുന്നു. വെളിച്ചമുണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു, വെളിച്ചമുണ്ടായി" ക്രിസ്തു അവതരിച്ചപ്പോൾ റോമായുടെ ഭരണത്തിൻകീഴിരുന്ന ഗലീലയിലും പൌരസ്ത്യദേശത്തിലൊക്കയും അങ്ങിനെയുള്ള ആഭ്യന്തരമായ ഒരു വിജൃംഭണം ഭവിച്ചുകൊണ്ടിരിക്കയായിരുന്നു. ഗലീലയിൽതന്നെ അതു് മതപരമായ ഒരു ഗതി

കൈക്കൊണ്ടുമിരുന്നു. നസ്രേത്തിലെ യുവാവായ തച്ചൻ ഇ ങ്ങിനെ പ്രത്യക്ഷമായ നവീനശക്തികളുടെ ഗതിയെ ദിവ്യ ചക്ഷുസ്സുകൊണ്ടെന്നപോലെ ഗ്രഹിച്ച് ആ പ്രസ്ഥാനത്തെ ദൈവരാജ്യത്തിനായി അവകാശപ്പെടുത്തുന്നതിന് യുവസഹ ജമായ ധീരതയോടെ അവയുടെ മദ്ധ്യത്തിലേക്ക് എടുത്തു ചാടി.

ഇതിൽ അവിടന്ന് ഏകനല്ലായിരുന്നു. ദൈവത്തിന് വഴി ഒരുക്കുന്നതിനായി വനത്തിൽനിന്ന് ഒരു വിളംബര ധ്വ നി പുറപ്പെട്ടു കഴിഞ്ഞിരുന്നു. പുരാതനകാലങ്ങളിലെപ്പോലെ തൻെറ ജനത്തെ സന്ദർശിക്കുന്നതിനും വിടുവിക്കുന്നതിനുമാ യി കർത്താവു വരുമെന്ന് നിശ്ശങ്കമായ ഒരു പ്രത്യാശ ഗലീല യിൽ എല്ലാ ഭാഗത്തും പ്രബലപ്പെട്ടിരുന്നു. അവിടത്തെ ഗ്രാ മീണന്മാർ മാർഗ്ഗമദ്ധ്യേ പരസ്പരം കാണുമ്പോഴും രാത്രിയിൽ തീകായുന്നതിനായി വട്ടം കൂടിയിരിക്കുമ്പോഴും അതിനെപ്പ റ്റി സംഭാഷിക്കാറുണ്ടായിരുന്നു.

വിടുതൽ സമീപിച്ചിരിക്കുന്നു എന്നുള്ള സദ്വർത്തമാനം ജനങ്ങൾക്കു കൊണ്ടുവരുന്നതിനായി ഈ ജീവിതരംഗത്തിൽ യേശു പ്രവേശിക്കുന്നതോടെയാണ് ആ മഹാനാടകം ആരം ഭിക്കുന്നതു്. മീൻ വഞ്ചികളിൽനിന്നും ഉൾനാടുകളിൽനിന്നും യുവാക്കളായ ഒരു കൂട്ടം ശിഷ്യരെ അവിടന്ന് ശേഖരിക്കുന്നു. തന്നെപ്പോലെതന്നെ അവരും കായബലമുള്ളവരും കഠിനമാ യി അദ്ധ്വാനിച്ച് പരിശീലിച്ചിട്ടുള്ളവരുമാണ്. താൻ അവ രെ "മനുഷ്യരെ പിടിക്കുന്നവർ" ആക്കിത്തീർക്കും.

ഇങ്ങിനെ ആ പ്രസ്ഥാനം ആരംഭിക്കുന്നു. രോഗികൾ സൌഖ്യപ്പെടുന്നു. കുരുടന്മാർക്ക് കാഴ്ചലഭിക്കുന്നു. ദരിദ്രർക്ക് വി മോചനത്തിൻെറ സദ്വർത്തമാനം പ്രസംഗിക്കപ്പെടുന്നു. ഗലീ ലക്കാർ വാഞ്ഛയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നതു് ഇങ്ങി നെ സംഭവിച്ചുതുടങ്ങി. ദൈവരാജ്യത്തിലെ നവജീവിതം പ്രത്യക്ഷമായി കഴിഞ്ഞിരിക്കുന്നു. അതിൽ പങ്കെടുക്കുന്നവ രായ യുവശിഷ്യരുടെ ഔത്സുക്യാധിക്യം അതിർത്തികളില്ലിൽ

അടക്കി നിത്താൻ സാദ്ധ്യമല്ല. പഴയനിയന്ത്രണങ്ങളും നിരോധനകളും എല്ലാം തള്ളിമാററുന്നു. പോകുംവഴി നവീനരൂപങ്ങളെ സൃഷ്ടിച്ചുകൊണ്ടു് ജീവിതപ്രവാഹം അതിരു കവിഞ്ഞൊഴുകുന്നു, ദൈവരാജ്യത്തിൻെറ പുതിയവീഞ്ഞു് പതഞ്ഞു കയറുന്നു. പുതിയ തുണിക്കണ്ടം പഴയ വസ്ത്രത്തെ ചീന്തുന്നു. യുവസഹജമായ സീമയററ ആത്മവിശ്വാസത്തോടെ യേശു ഈ അഭിവാഞ്ഛകളെയൊക്കയും സ്വാഗതം ചെയ്യുന്നു.

എന്നാൽ ശാസ്ത്രികളും പരീശന്മാരും ചന്തസ്ഥലത്തിരിക്കുന്ന ദുർമ്മുഖന്മാരായ കുട്ടികളെപ്പോലെ, പഴകി ജീർണ്ണിച്ച വസ്തുക്കൾ ദൂരെ കളഞ്ഞിട്ടു് ഇപ്പോൾ നടത്താൻ പോകുന്ന മഹത്തായ ജീവിതക്കളിയിൽ ചേരണമെന്നുള്ള ഓരോ അഭ്യർത്ഥനയും നിഷേധിക്കുന്നു. ഇവിടെ ഈ നാടകത്തിൽ ദുരന്തമായ ഒരു ഗതി സൂചിതമാകുന്നു. യോഹന്നാൻ സ്നാപകനിൽനിന്നാകട്ടെ, യേശുവിൽനിന്നുതന്നെയാകട്ടെ, വരുന്നതായ ദൈരാജ്യത്തെപ്പററിയുള്ള പുതിയ സത്യങ്ങളെ ഗ്രഹിക്കുന്നതിനു് അവക്കു ശക്തിയില്ല. കട്ടിയുള്ള പുറന്തോടുപോലെ പഴയ മാമൂലുകൾ അവരെ ഉൾക്കൊണ്ടിരിക്കുന്നു. അവരുടെ ഇടുങ്ങിയ ജാതീയ മതവിശ്വാസം അവരെ കൈയും കാലും കൂട്ടി ബന്ധിച്ചിരിക്കുന്നു. ഉള്ളിൽ പ്രകാശം കയറാത്ത വിധത്തിൽ കട്ടിയുള്ള ഒരു പുറന്തോടു് അവർ പോകുന്നിടത്തൊക്കെയും വഹിച്ചുകൊണ്ടു നടക്കുന്നു. അന്ധരെ വഹിക്കുന്ന അന്ധരെപ്പോലെ അവർ അന്ധകാരത്തിൽ തപ്പിനടക്കുന്നു. പരിജ്ഞാനത്തിൻെറ താക്കോലുകൾ അവരുടെ കൈകളിൽ നിന്നു് എന്നേക്കുമായി എടുക്കപ്പെട്ടിരിക്കുന്നെങ്കിലും അതു ഇപ്പോഴും തങ്ങളുടെ കൈയിൽതന്നെ ഉണ്ടെന്നാണു് അവരുടെ ഭാവം.

എന്നാൽ യേശുവും അവിടത്തെ ശിഷ്യന്മാരും മൃതമായ ഭൂതകാലത്തിൻെറ ജീർണ്ണിച്ച ആ മരണത്തിൽനിന്നു് തങ്ങളെത്തന്നെ വിമുക്തരാക്കിയിരിക്കുന്നു. ഒരു നവയുഗത്തിലത്രെ അവർ ജീവിക്കുന്നതു്. ലോകത്തിൽ ദൈവത്തിൻെറ ശക്തിയുള്ള പ്രവൃത്തികൾ കണ്ടു് യേശു ആത്മാവിൽ ആനന്ദി

ക്കുന്നു, ആക്രമണത്താലെന്നപോലെ ആ നവയുഗത്തെ അവകാശപ്പെടുത്തുന്നവരെ ഒക്കെയും തൻെറ അനുഗാമികളായി അവിടന്നു് സ്വാഗതം ചെയ്യുന്നു. "യോഹന്നാൻ സ്നാപകൻെറ നാളുകൾ മുതൽ ഇന്നേവരെ സ്വർഗ്ഗരാജ്യത്തെ ബലാല്ക്കാരം ചെയ്യുന്നു; ബലാല്ക്കാരികൾ അതിനെ പിടിച്ചടക്കുന്നു" എന്നു അവിടന്നു് പറഞ്ഞിരിക്കുന്നു. ഇതു് യുവാക്കൾക്കു യുവാവു കൊടുക്കുന്ന സന്ദേശമാണു്. ഒന്നുകിൽ ജീവിതം അല്ലെങ്കിൽ മരണം എന്നു തീർച്ചയാക്കുന്ന ഒരു സമരം സമീപിക്കുന്നു. ഒന്നുകിൽ സർവ്വവും നഷ്ടം. അല്ലെങ്കിൽ സർവ്വവും നേട്ടം.

കവിഞ്ഞൊഴുകുന്ന സന്തോഷാധിക്യത്തോടെ യേശു വിശ്വാസത്തിൻെറ മഹാവീരസംരംഭത്തിനു ഒരുങ്ങിപ്പുറപ്പെടുന്നു. ഒരു കല്യാണമഹോത്സവമാണു് ഇപ്പോൾ ആരംഭിക്കാറായിരിക്കുന്നതു്. മണവാളൻെറ കൂട്ടർ സമീപിച്ചുവരുന്നതോടെ കുഴലുകൾ ഊതുന്നു. ഒരുത്തരും താമസിച്ചുപോകാൻ പാടില്ല. സകല മനുഷ്യവർഗ്ഗത്തിനുമുള്ള മഹാസന്തോഷത്തിൻെറ സദ്വർത്തമാനം കീർത്തിക്കപ്പെടുന്നു. ഇങ്ങിനെയുള്ള ശുഭമുഹൂർത്തത്തിൽ, മണവാളൻ തങ്ങളോടുകൂടെയുള്ളപ്പോൾ തൻെറ തോഴർക്കു് ഉപവസിപ്പാൻ കഴികയില്ല.

അവർ ഉപവസിക്കേണ്ടതായ കഷ്ടതയുടെ ഒരു സമയവും തീർച്ചയായും സമീപിക്കുന്നുണ്ടു്. എന്നാൽ ആ സമയം ഇനിയും വന്നിട്ടില്ല. യേശു മുൻകൂട്ടി കണ്ടതായ പ്രാണവേദനയും ദൈവരാജ്യത്തിൻെറ അപരിത്യാജ്യമായ ഒരംശമായിരുന്നു. ദുഃഖമായാലും ആനന്ദമായാലും ഉപവാസമായാലും ഉത്സവമായാലും വേദനയായാലും സന്തോഷമായാലും പിതാവിൻെറ നാമം പരിശുദ്ധമാക്കപ്പെടുകയും സ്വർഗ്ഗത്തിലെപ്പോലെ തന്നെ ഭൂമിയിലും പിതാവിൻെറ ഇഷ്ടം ചെയ്യപ്പെടുകയും വേണം എന്നുള്ളതായിരുന്നു ആവശ്യം. ദൈവത്തിൻെറ പരമാധികാരഭരണം സർവ്വോപരിയത്രെ.

ഇതാണു് ക്രിസ്തുവിൻെറ ജീവിതത്തിലെ സർവ്വപ്രധാനമായ പ്രമാണം. യേശുവിൻെറ അധരങ്ങളിൽനിന്നു പുറപ്പെട്ട "പിതാവു്" എന്നുള്ള ഒററ വാക്കു് ഒരു വെളിപാടും

ഒരു പുതിയ നിയമവും തന്നെയായിരുന്നു. ഒരു നിപുണനായ ഗായകൻ വീണയിലെന്നപോലെ യേശു പൂൎണ്ണ മാധുൎയ്യമുള്ള സംഗീതം പുറപ്പെടുവിക്കുമാറു് ഈ പദം പ്രയോഗിക്കുന്നു. മററാൎക്കും സാദ്ധ്യമല്ലാത്തവിധം യേശുവിനു് ഈ സംഗീതം പുറപ്പെടുവിക്കാൻ കഴിയും. ഭയലേശം കൂടാതെ പൂൎണ്ണാശ്രയത്തോടെ ദൈവത്തിൻെറ പ്രപഞ്ചത്തെ വീക്ഷിക്കുന്ന ശിശുത്വം പൂണ്ട ആത്മാവു് യേശുവിനുണ്ടായിരുന്നു., ലളിതവും വിനീതവും ഭയരഹിതവും സത്യവുമായ ആത്മാവുതന്നെ. ലോകം പിതാവിൻെറ സ്വന്തം സൃഷ്ടിയായതിനാൽ എത്രയും നല്ലതായിരിക്കണമെന്നു യേശുവിനറിയാമായിരുന്നു. അനേകം ഹൎമ്മ്യങ്ങളുള്ളതും അതിമനോഹരവും അത്ഭുതകരവുമായ തൻെറ പിതാവിൻെറ ഈ ഭവനത്തിലെ ഓരോ ചെറിയ സംഗതിയെപ്പററിയും അവിടത്തെ ഹൃദയം ആനന്ദംകൊണ്ടും ആദരവുകൊണ്ടും നിറഞ്ഞിരുന്നു. ബഹുമാനവും പ്രത്യാശയും സ്നേഹവുംകൊണ്ടു നിറഞ്ഞു് തൻെറ പിതാവിൻെറ ജോലി നോക്കിക്കൊണ്ടു് അവിടന്നു് നടക്കുന്നു.

അവിടന്നു് പിതാവിനെ അറിയുന്നതുപോലെ മററാൎക്കും അറിയാനോ അവിടത്തെപ്പോലെ മററാൎക്കും പിതാവിനെ വെളിപ്പെടുത്താനൊ കഴികയില്ല. എന്തെന്നാൽ അവിടന്നും തൻെറ പിതാവും ഒന്നാകുന്നു. ഇതാണു് അവിടത്തെപ്പററിയുള്ള മഹാരഹസ്യം. അവിടന്നു് പിതാവിൻെറ പുത്രനാണു്. സാന്മാൎഗ്ഗികമായ അൎത്ഥമൊന്നുമില്ലാത്ത കേവലം തത്വജ്ഞാനപരമായ ഏതൊ ശ്രദ്ധാൎത്ഥത്തിലല്ല പിന്നെയൊ അഗാധമായ ആത്മികഐക്യത്തിൽതന്നെ. മനസ്സിലും ഇഷ്ടത്തിലും ഉദ്ദേശത്തിലും സ്വഭാവത്തിലും അവിടന്നും പിതാവും ഒന്നാണു്.

യേശു മനുഷ്യവൎഗ്ഗത്തിൻെറ ആദൎശഗണനയിൽ വരുത്തിക്കൂട്ടിയിട്ടുള്ള ഏററവും സാരമായ മാററം ദൈവത്തിൻെറ സ്വഭാവത്തെപ്പററിയുള്ള തൻെറ ഉപദേശംമൂലമാണു്. ഈ മാററം ക്രിസ്തീയ വിശ്വാസത്തെ ഒരു നവീനമതം ആക്കിത്തീൎക്കത്തക്കവണ്ണം അത്രയ്ക്കു് അഗാധവും നൂതനവും ലളിത

വുമാണ്. ക്രിസ്തീയ വിശ്വാസം അതിനു മുൻപുണ്ടായിരുന്നതിൻെറ കേവലം ഒരു സംഗ്രഹമല്ല പിന്നെയൊ അതിൻെറ നൂതനത്വത്തിൽ വിസ്മയനീയമായ ഒന്നും അതിൻെറ ബാഹ്യഫലങ്ങളെ സംബന്ധിച്ച് മനുഷ്യചരിത്രത്തിലെ ഒരു പുതിയ ആരംഭവുമാകുന്നു.

ദൈവത്തിൻെറ സ്വഭാവം ഒരു ചെറിയ ശിശുവിൻേറതുപോലെ അത്ര ലളിതമാണെന്നും നിഷ്കപടഹൃദയമുള്ളവർക്ക് അവിടത്തെ ഇങ്ങനെ ഗ്രഹിക്കാമെന്നും പറയാൻ യേശു മുതിർന്നു. ദൈവത്തിൻെറ സ്വഭാവമുണ്ടായിരിക്ക എന്നുള്ളതുതന്നെയാണ് ദൈവരാജ്യത്തിൽ പ്രവേശിക്കയെന്നതു്. സ്വർഗ്ഗം എന്നു പറയുന്നതു് യഥാർത്ഥത്തിൽ അതുതന്നെയാണ്. നിങ്ങളുടെ മനസ്സു മുഴുവൻ മാറി നിങ്ങൾ ചെറിയ ശിശുക്കളേപ്പോലെ ആയിത്തീരുന്നില്ലെങ്കിൽ നിങ്ങൾ ഒരുപ്രകാരത്തിലും സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നാത്രെ യേശു പറയുന്നതു്. തൻെറ അർത്ഥത്തെപ്പററി, യാതൊരു തെററിദ്ധാരണയും ഉണ്ടാകാതെയിരിക്കുന്നതിലേക്ക് യേശു ആവർത്തിച്ചു പറയുന്നതു് "ഈ ചെറിയ ശിശുവിനേപ്പോലെ തന്നത്താൻ താഴ്ത്തുന്നവനൊക്കെയും സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവനായിരിക്കും" വീണ്ടും യേശു പറയുന്നതു്, "ഒരു ചെറിയ ശിശുവിനെപ്പോലെ ദൈവരാജ്യത്തെ കൈക്കൊള്ളാത്തവനാരും ഒരുപ്രകാരത്തിലും അതിൽ പ്രവേശിക്കുകയില്ല".

കാപട്യമില്ലാത്ത ചെറിയ ശിശുക്കളുടെയിടയിൽ മാമൂലുകളാകുന്ന മതിൽക്കെട്ടുകളൊന്നുമില്ല. മാമൂൽചടങ്ങുകൾ ഉടച്ചുകളയത്തക്കവണ്ണം അകൃത്രിമസ്വഭാവമുള്ളവരാണ് ശിശുക്കൾ. ദൈവത്തിൻെറ സത്യത്തെ സംബന്ധിച്ചും ഇതുതന്നെ പറയാവുന്നതാണ്. ആധുനിക ശാസ്ത്രത്തിലെ ലളിതവും എന്നാൽ അതിപ്രധാനവുമായ ഏതാനും പ്രകൃതിതത്വങ്ങളുടെ കണ്ടുപിടിത്തം ഇക്കാലത്തെ വൻപിച്ച ഭൌതിക പരിഷ്കാരാഭിവൃദ്ധിക്ക് അടിസ്ഥാനമായിരിക്കുന്നതുപോലെ ദൈവത്തിൻെറ ആത്മികലോകത്തിലും എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന ലളിതവും എന്നാൽ അതിപ്രധാനവുമായ ഒരു

സാർവ്വത്രിക സത്യമുണ്ട്. ഈ സത്യം ക്രിസ്തു പ്രസ്പഷ്ടമാക്കിയിരിക്കുന്നു.

ഇങ്ങിനെ ക്രിസ്തുവിൻെറ തത്വബോധത്തിൽ ദൈവവും സ്വർഗ്ഗരാജ്യവും അവിഭാജ്യമായ ചിന്തകളത്രെ. ഇവ മിക്കവാറും പര്യായശബ്ദങ്ങളാണ്. സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവർ ഏററവും ശിശുസമാനന്മാരും ലളിതമാനസന്മാരുമായിട്ടുള്ളവരാണല്ലൊ. ദൈവത്തെസംബന്ധിച്ചുതന്നെയും ഈ പ്രമാണം സാധുവാണ്. ദൈവം അളവില്ലാത്ത വിനയവും ക്ഷമയുമുള്ള ആളാണ്. മനുഷ്യൻെറ സ്നേഹത്തെ ലഭിക്കുന്നതിനായി ദൈവം പരിശ്രമിക്കുമ്പോൾ അവിടന്ന് എല്ലാവരിലും വിനീതനായി വെളിപ്പെടുന്നു. അവിടന്ന് മനുഷ്യൻെറ സൌകര്യം കാത്തുനിൽക്കുന്നു. അവിടന്ന് സ്വതന്ത്രനായിരിക്കുന്നതുപോലെ നാമും സ്വതന്ത്രരായിരിക്കണമെന്നു അവിടന്ന് തിരുമനസ്സാകുന്നു. അവിടത്തെ ഏററവും മത്സരബുദ്ധികളായ മക്കൾക്കുതന്നെയും സുബോധംവരുത്താനായി അവിടന്ന് ബലംപ്രയോഗിക്കുന്നില്ല. സ്നേഹംമൂലം മാത്രമെ അവിടത്തേക്ക് വിജയം പ്രാപിക്കേണ്ടു.

മുടിയൻപുത്രനോടു ദൈവം എത്ര വിനീതനായി പെരുമാറി എന്നു നോക്കുക. മകൻ ദൂരത്തായിരിക്കുമ്പോൾതന്നെ അപ്പൻ അവനെ എതിരേല്പാനായി ഓടിച്ചെല്ലുന്നു. അവൻെറ അനുതാപത്തിൻെറ ഏററുപറച്ചിൽ കേൾക്കാൻ അപ്പനു മനസ്സില്ല. കഴിഞ്ഞ കഥകളൊക്കെയും പണ്ടെ വിസ്മൃതമായിരിക്കുന്നു. അനുതപിക്കുന്ന ഒരു പാപിയെച്ചൊല്ലി ഇപ്രകാരം സ്വർഗ്ഗത്തിൽ സന്തോഷമുണ്ട് എന്നു യേശു പറയുന്നു.

മനുഷ്യരുടെ പരിഗണനയ്ക്കൊക്കെയും അപ്പുറമായി ദൈവം ക്ഷമയിൽ ധാരാളിയാണ്. ഏഴോ, എഴുപതോ വട്ടമല്ല ദൈവം ക്ഷമിക്കുന്നതു്. "നിങ്ങളെ പകയ്ക്കുന്നവർക്ക് നന്മ ചെയ്യിൻ. നിങ്ങളെ പഴിക്കയും പീഡിപ്പിക്കയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. സ്വർഗ്ഗത്തിലുള്ളവനായ നിങ്ങളുടെ പിതാവിൻെറ മക്കളായിരിപ്പാൻതന്നെ. എന്തെന്നാൽ അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും സൂര്യ

നെ ഉദിപ്പിക്കയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ......നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ" എന്നത്രെ യേശു പറഞ്ഞിരിക്കുന്നതു്. ദൈവത്തെപ്പററി ഈ സംഗതികൾ ഇത്ര ലളിതമായ രീതിയിൽ പ്രസ്താവിപ്പാൻ ഇതിനുമുൻപു് ആരും തുനിഞ്ഞിരുന്നില്ല. എങ്കിലും പ്രപഞ്ചത്തിൻെറയുള്ളിൽ പ്രകാശിക്കുന്നതായ ദൈവസ്വഭാവം യഥാർത്ഥത്തിൽ ഇതുതന്നെയാണു്. ഒരു കുരികിലിൻെറ വീഴ്ചയെപ്പററിപോലും കരുതുന്നവനാണു് നമ്മുടെ പിതാവ്. നമ്മുടെ തലയിലെ രോമങ്ങളുമെല്ലാം എണ്ണപ്പെട്ടിരിക്കുന്നു. കഴിഞ്ഞ കാര്യങ്ങളെ വിട്ടുംവച്ചു് മുൻപോട്ടു ഗമിക്കുന്നതിനു് മനുഷ്യനെ പ്രേരിപ്പിക്കുന്നതായി അവനുള്ളിൽ സ്ഥിതിചെയ്യുന്ന ആത്മാവ് ദുഷ്ടമല്ല നല്ലതുതന്നെയാണു്. അതിനാൽ ഭാവി ശുഭമായിരിക്കുമെന്നു് നിർണ്ണയിക്കാം. ഭയത്തോടും ഞെട്ടലോടുംകൂടെ ഭാവിയെപ്പററി ചിന്തിച്ചിട്ടാവശ്യമില്ല.

ഇങ്ങിനെ ദൈവം സദാ നവീകരിച്ചും സൃഷ്ടിച്ചും യഥാസ്ഥിതമാക്കിയുംകൊണ്ടിരിക്കുന്നു. നാം ദൈവത്തിൻെറ മക്കളാകുന്നുവെന്നു് ആത്മാവും താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യംവഹിക്കവെ അബ്ബാ പിതാവെ എന്നു വിളിച്ചുകൊണ്ടു് ദൈവത്തിൻെറ ഹൃദയത്തോടു് അനുകൂലിക്കുന്ന ശിശുഹൃദയം മനുഷ്യനിൽ ഉളവാകുന്നതിലേക്കു് അവിടുന്നു് കാത്തിരിക്കുന്നു.

ദൈവത്തിൽനിന്നുള്ള ഈ അത്ഭുതകരമായ സദ്വാർത്തമാനത്തിൻെറ തെളിവെന്തെന്നു് നാം ചോദിക്കുന്നപക്ഷം ക്രിസ്തു ഒരു തത്വജ്ഞാനിയെപ്പോലെ ശാസ്ത്രീയമായ ഭാഷയിൽ നമ്മോടു് ന്യായവാദം ചെയ്യുന്നില്ല. അവിടുന്നു് അക്ഷരംപ്രതി പരിപൂർണ്ണമായി അതനുസരിച്ചു് ജീവിച്ചു് അതു വാസ്തവമാണെന്നു് തൻെറ ജീവിതംവഴിയായി തെളിയിക്കുന്നു. ഒരു പരീക്ഷണശാലയിലെന്നപോലെ സ്വന്ത ഭൌമജീവിതംകൊണ്ടുതന്നെ അവിടുന്നു് ഒരു പരീക്ഷണം നട

ത്തുന്നു. ഈ പരീക്ഷണം പരാജയത്തിൽ കലാശിക്കുന്നപക്ഷം സകലവും പൊയ്ക്കൊള്ളട്ടെ എന്നാണ് അവിടന്ന് വെച്ചിരിക്കുന്നത്. മനുഷ്യനിൽ ആത്മികസത്യങ്ങളെപ്പററിയുള്ള നിശ്ചയം ഉളവാക്കണമെങ്കിൽ അതിനുള്ള ഏക മാർഗ്ഗം തന്നിലുള്ള വിശ്വാസത്തിനനുസരണമായി അവസാനംവരെ അവിടന്ന് ജീവിക്ക എന്നുള്ളതാണ്. ഇതത്രെ യേശു ചെയ്യുന്നത്.

അവിടത്തെ ഈ അത്ഭുതകരമായ വിശ്വാസത്തിൽ വെറും ഒരു ഗുണഭംഗാവലോകനം അല്ല സ്ഥിതിചെയ്യുന്നത്. താൻ അതിനുവേണ്ടി സഹിക്കേണ്ടതായി വന്നു കൂടുന്നത് എന്തായിരിക്കുമെന്ന് ക്രിസ്തുവിനെപ്പോഴും അറിയാമായിരുന്നു. പരിപൂർണ്ണമായ മനുഷ്യത്വം അവിടത്തെ ഉള്ളിൽ നിറഞ്ഞിരുന്നു. തൻെറ ഭയങ്ങളെ അവിടന്ന് മറച്ചുവെക്കുന്നില്ല. ഒടുവിൽ അതിവ്യഥ അതിൻെറ പൂർണ്ണയളവിൽ തന്നെ നേരിട്ടപ്പോൾ തൻെറ ധീരാത്മാവുതന്നെയും അല്പം പിൻവാങ്ങി "അബ്ബാ പിതാവേ നിനക്കു സകലവും കഴിയുമല്ലോ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമെ" എന്ന് അവിടന്ന് നിലവിളിച്ചു പറഞ്ഞു.

എങ്കിലും ആ അതിവ്യഥ മാറി താൻ വീണ്ടും ശക്തി പ്രാപിച്ചപ്പോൾ തൻെറ സ്വാഭാവികമായ പ്രശാന്തപ്രഭാവത്തോടെ യേശു പത്രോസിനോട് "നിൻെറ വാൾ നിൻെറ ഉറയിൽ ഇടുക. എൻെറ പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയൊ" എന്ന് ചോദിക്കുന്നു. അവസാനതുള്ളിവരെയും അവിടന്ന് അതു കുടിക്കുകയും ചെയ്തു.

സുവിശേഷങ്ങളിലെല്ലാം പീഡാനുഭവവാരത്തിൽ നടന്ന പരിമള തൈലഭരണിയുടെ കഥ രേഖപ്പെടുത്തിയിരിക്കുന്നു. ആ ഭയങ്കരസമയത്തെ യേശുവിൻെറ മനസ്ഥിതിയിലേക്ക് ഒന്നു നോക്കുന്നതിനു ആകഥ നമ്മെ പ്രാപ്തരാക്കുന്നു. ആ സ്ത്രീ ആ പെട്ടി തുറന്നപ്പോൾ താൻ മരിക്കേണ്ടതാണെന്നുള്ളതു് പെട്ടെന്ന് അതു് അവിടത്തെ ഓർപ്പിച്ചു. ആ പരിമള തൈലഭരണി പൊട്ടിച്ചതുപോലെ തൻെറ സ്വന്തദേഹവും ന

റുക്കപ്പെട്ടെങ്കിലേ അവിടത്തെ സുഗന്ധം നാലുപാടും വീശുക യുള്ളു. "എൻെറ ശവസംസ്കാരത്തിനായി അവർ ഇതുചെയ്തു" എന്നത്രെ അവിടന്നു പറഞ്ഞതു്. ശിഷ്യന്മാർ ആ സ്ത്രീയോടു് "ഈ വെറും ചിലവു് എന്തിന്നു്" എന്നു പറഞ്ഞു മുഷിഞ്ഞു. വെറും ചിലവു് എന്ന ആ വാക്കു് അവിടത്തെ മനസ്സിനെ പെട്ടെന്നുണർത്തി. തൻെറ സ്വന്ത മരണത്തെപ്പററിയായിരുന്നു അവിടന്നു വിചാരിച്ചുകൊണ്ടിരുന്നതു്. അല്ല, തൻെറ സാഹ സികമായ ആത്മബലി ഒരുനാളും വെറുംചെലവല്ല എന്നു് അവിടത്തേക്കു് പൂർണ്ണബോധമുണ്ടായിരുന്നു. ആ സ്ത്രീയുടെ ഹൃ ദയം പ്രസ്തുത സത്യം ഭംഗിയായി മനസ്സിലാക്കിയിരുന്നു. സ്ത്രീക ളുടെ സഹജബോധത്തോടെ അവർ അതു ശരിയായും സൂക്ഷ്മമാ യും ഗ്രഹിച്ചിരുന്നു. തന്നത്താൻ ധാരാളമായി ചെലവിടുന്ന ഗു ണമാണു് ദൈവത്തിൻെറ ഹൃദയത്തിലുള്ളതു്. യേശുവിൻെറ സ്വഭാവത്തിലും സ്ത്രീകളുടെ ധാരാളമായ സ്വയത്യാഗഗുണവും പുരുഷന്മാരുടെ ഉന്നത ധീരതയും ഒന്നിച്ചു കലർന്നിരുന്നു.

ദൈവം നിറഞ്ഞുകവിയുന്ന നന്മയും സ്വയത്യാഗം ചെ യ്യുന്ന സ്നേഹവും മാത്രമാണു് എന്നുള്ള ഈ വിശ്വാസം മനുഷ്യ രിൽ നട്ടുവളർത്തുന്നതിനായി യേശു അതിസൂക്ഷ്മതയോടെ പ രിശ്രമിച്ചുകൊണ്ടിരുന്നു. ഇതിൽ അവിടന്നു് ഒരു യഥാർത്ഥ ക വിയും കലാകുശലനുമാണു്. മനുഷ്യസ്വഭാവത്തെ ദൈവപ്രതി മ അതിൽ പതിയത്തക്കവണ്ണം അവിടന്നു് രൂപവൽക്കരിക്കു ന്നു. അവിടന്നു് അതിന്മേലൂതി അതിനു് ജീവശ്വാസം ന ൽകുന്നു. ഒരു കവി പദങ്ങളെക്കൊണ്ടും ഒരു ഗായകൻ സ്വര ങ്ങളെകൊണ്ടും എന്നപോലെതന്നെ നിർമ്മാണപദ്ധതി നമുക്കു കാണാൻ കഴിയുകയില്ലെങ്കിലും അതിൻെറ ഫലം നാം അ റിയുന്നു.

ദൈവത്തിൻെറ നന്മ ദോഷത്തോടെതിരിടുമ്പോൾ ഉഗ്ര വും ഭയാനകവുമായിട്ടുള്ളതാണു്. യേശുവിൻെറ സ്നേഹം കേ വലം ഒരു ഭാവനമാത്രമല്ല, അതിവ്യഥയുടെ ഒരു തീവ്രകർമ്മമാ ണതു്. മദ്ധ്യആഫ്രിക്കയിൽ ആൽബെട്ടു് ഷൈപററു്സർ ശ സ്ത്രക്രിയയ്ക്കുള്ള കത്തികൊണ്ടു് പലപ്പോഴും രോഗികളുടെ

ശരീരങ്ങളെ ഭയം തോന്നാത്ത.ക്കവിധത്തിൽ മുറിപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. എന്നാൽ രോഗത്തെ പാടെ ഉന്മൂലനാശം ചെയ്ത് രോഗിയെ സൌഖ്യപ്പെടുത്തുന്നതിനുള്ള മുറിവുകൾ മാത്രമാണതു്. ദൈവത്തിൻെറ സ്നേഹവും അതുപോലെയുള്ളതുതന്നെ. അതു് എവിടെ അധികം മുറിപ്പെടുത്തുന്നുവോ അവിടെ അധികം സൌഖ്യം വരുത്തുന്നു. അവ ഒരു സ്നേഹിതൻ വരുത്തുന്ന വിശ്വസ്തതയുള്ള മുറിവുകളത്രെ. എബ്രായക്കുള്ള ലേഖനത്തിൻെറ കർത്താവു് ഈ ലക്ഷണം നല്ലതുപോലെ ഗ്രഹിച്ചിരുന്നതായി താഴെവരുന്ന ഭാഗത്തുനിന്നറിയാം. "കർത്താവു താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു. താൻ കൈക്കൊള്ളുന്ന ഏതു മകനേയും തല്ലുന്നു. നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടെന്നപോലെ നിങ്ങളോടു പെരുമാറുന്നു. അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ."

തൻെറ പിതാവു നട്ടിട്ടില്ലാത്ത നടുതലകളെപ്പററി അവ വേരോടെ പറിച്ചെറിഞ്ഞുകളയേണ്ടിയതത്രെ എന്നു് ക്രിസ്തുതന്നെയും പറയുന്നു. ലോകത്തിലെ തിന്മയുടെ രഹസ്യം നിഷ്പ്രയാസം വ്യാഖ്യാനിക്കാൻ പാടില്ലാത്തവണ്ണം അത്ര അഗാധമാണു്. ഒരു സ്ത്രീയുടെ പ്രസവവേദന സന്തോഷത്തിൽ പര്യവസാനിക്കുന്നു; കോതമ്പു കളപ്പുരയിൽ കൂട്ടുകയും കളകളെ നശിപ്പിക്കുകയും ചെയ്യുന്നു, ഫലം കായ്ക്കുന്നതിലേക്കു വിത്തു നശിക്കേണ്ടിയിരിക്കുന്നു. എന്നിത്യാദിയുള്ള ഉപമകൾമൂലം തിന്മയുടെ നാശം അവ്യക്തമായ മുൻസൂചനകൊണ്ടു കുറിക്കാനേ കഴിയുകയുള്ളൂ.

പെട്ടെന്നു് നിനച്ചിരിയാത്തവിധം ആഹ്ലാദത്തിൻെറയും നിരാശയുടെയും മനോവൃത്തികൾ യേശുവിൽ ഉളവാകാറുണ്ടായിരുന്നു. ഇതിലും യേശുവിനു് ഒരു കവിസ്വഭാവമാണുണ്ടായിരുന്നതു്. ഇവിടെയും യേശു പരിപൂർണ്ണമായി സാക്ഷാൽ മനുഷ്യനാണു്. ശിഷ്യന്മാർ തിരികെ വന്നു് അവർ ചെയ്ത സംഗതികളെപ്പററി തന്നോടറിയിച്ചപ്പോൾ അവരുടെ വിജയത്തെപ്പററി അവക്കു തോന്നിയ സന്തോഷത്തിൽ യേശു ഭാഗഭാക്കായി "സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നു വീ

ഴുന്നതു ഞാൻ കണ്ടു" എന്നു പറഞ്ഞതു് ഇതിനൊരു ദൃഷ്ടാന്തമാണു്. ആ നാഴികയിൽത്തന്നെ യേശു ആത്മാവിൽ ആനന്ദിച്ചു പറഞ്ഞതു് പിതാവേ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ നീ ഇതു് ജ്ഞാനികൾക്കു മറച്ചു് ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു് ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ പിതാവേ ഇങ്ങനെയല്ലൊ നിനക്കു പ്രസാദം തോന്നിയതു്" എന്നിങ്ങനെ നാം വായിക്കുന്നു.

അതുശേഷം വ്യത്യാസപ്പെട്ട വേറൊരു വേളയിൽ മാളികമുറിയിൽ തൻെറ ശിഷ്യന്മാരോടുകൂടെയുള്ള ആ രംഗത്തിൻെറ ഭാവാവേശം നിലച്ചപ്പോൾ പറഞ്ഞതായ "എൻെറ ആത്മാവു് മരണത്തോളം അതിദുഃഖത്തിൽ മരുവുന്നു. നിങ്ങൾ ഇവിടെയിരുന്നു് എന്നോടുകൂടെ ജാഗരിപ്പിൻ" എന്നീ വാക്കുകളിൽനിന്നു് തൻെറ മനസ്സിൽ ഉളവായ പ്രതിപ്രവർത്തനം നമുക്കു് ഏറക്കുറെ മനസ്സിലാക്കാം.

യേശു തൻെറ മനോവൃത്തികളെ നമ്മിൽനിന്നു് ഒരിക്കലും മറച്ചുവെക്കുന്നില്ല. ഈ സംഗതിയിലും ഒരു ശിശുമനസത്രെ അവിടത്തേക്കുള്ളതു്. തൻെറ മനസ്സിൽ തോന്നുന്നതു് അവിടന്നു് നമ്മെ അറിയിക്കുന്നു. എന്നാൽ ഇങ്ങിനെ മാറിമാറിക്കൊണ്ടിരിക്കുന്ന ഓരോ മനോവൃത്തിയേയും തനിക്കു് അധീനമാക്കിയിട്ടു് അതിൽനിന്നൊക്കെയും അവിടന്നു് മാധുര്യമേറിയ സംഗീതം പുറപ്പെടുവിക്കുന്നു. അതിവിദഗ്ദ്ധനായ ഒരു ഗായകൻ അതിലളിതങ്ങളായ രാഗങ്ങളെച്ചേർത്തു് മാഹാത്മ്യമേറിയ ഒരു ഗാനം ചമയ്ക്കുന്നതുപോലെതന്നെ. കുരിശിന്മേൽവെച്ചുതന്നെയും വേദന സുസഹമാക്കിത്തീർക്കുന്നതിനു് അവിടന്നു് ഒന്നും ചെയ്യുന്നില്ല; തൻെറ ജീവിതത്തിൽ തനിക്കു നേരിടുന്നതൊക്കെയും അവിടന്നു് പരിപൂർണ്ണമായി അനുഭവിക്കുന്നു. "അവർക്കു് ജീവനുണ്ടാവാനും അതിസമൃദ്ധിയായുണ്ടാവാനും അത്രെ ഞാൻ വന്നതു്" എന്നല്ലൊ അവിടന്നു പറഞ്ഞിരിക്കുന്നതു്.

സന്തോഷവും ദുഃഖവും മാറിമാറിക്കൊണ്ടിരിക്കുന്നെങ്കിലും അവിടത്തെ ആത്മാവു് ഒരിക്കലും സമനില വിടുന്നില്ല.

ജീവിതത്തിലെ അത്യഗാധങ്ങളും അതിലളിതങ്ങളുമായ അനുഭവങ്ങളിൽനിന്ന് ഉൽഭൂതമായിട്ടുള്ള പദങ്ങളും വാക്യങ്ങളും യേശുവിൽനിന്ന് നമുക്കു ലഭിക്കുന്നു. ഓരോ ഭാഷയിലേക്കുമുള്ള വിവർത്തനംമൂലമായി ഏതൊരു ജാതിയേയും സ്പർശിക്കുന്നതിന് യേശുവിൻെറ വചനങ്ങൾക്കുള്ള ശക്തിയുടെ കാരണം ഇതാണ്. അത്യുത്തമങ്ങളായ വേളകളിൽ മനുഷ്യഹൃദയം അറിയുന്ന മഹാരഹസ്യങ്ങളത്രെ യേശുവിൻെറ വചനങ്ങളിൽ നാം കാണുന്നത്.

കവിവര്യനായ രവീന്ദ്രനാഥടാഗോറിൻെറ ജ്യേഷ്ഠസഹോദരൻ ദ്വിജേന്ദ്രനാഥടാഗോർ ശാന്തിനികേതനത്തിൽ വച്ച് എന്നോട് യേശുവിൻെറ വചനങ്ങളെപ്പററി പ്രതിപാദിക്കുന്നതിന്നിടയിൽ ഈ വസ്തുത എന്നോടു പറയാറുണ്ടായിരുന്നു. അദ്ദേഹം ഒരു വൃദ്ധനായ തത്വജ്ഞാനിയും ഋഷിയും തൻെറ ചെറുപ്പകാലത്ത് ഒരു വലിയ കവിയുമായിരുന്നു. അദ്ദേഹം ഞങ്ങൾക്കെല്ലാവക്കും ഒരു ജ്യേഷ്ഠസഹോദരനായി വത്തിച്ചു. അതിനാൽ അദ്ദേഹത്തിൻെറ പരിചയക്കാർ അദ്ദേഹത്തെ "ബോറൊദാദാ" എന്നാണു വിളിച്ചുവന്നിരുന്നതെന്നു മുൻപൊരിടത്തു ഞാൻ പറഞ്ഞിട്ടുണ്ടല്ലൊ. ഒരു ശിശുഹൃദയത്തോടും മനോഹരമായ സഹിഷ്ണുതയുള്ള മനഃസ്ഥിതിയോടും കൂടിയ ഒരു ഹിന്ദുവായിരുന്നു അദ്ദേഹം. ഒരു തത്വജ്ഞാനി എന്ന നിലയിൽ അദ്ദേഹം അഗാധ ബുദ്ധിമാനും അദ്ദേഹത്തിൻെറ പരിജ്ഞാനം വിസ്തൃതവുമായിരുന്നു. അദ്ദേഹത്തിൻെറ വാദ്ധക്യനാളുകളിൽ ദിവസംപ്രതി തൻെറ വരാന്തയിൽ ദീർഘനേരം ഇറങ്ങിയിരിക്കയും അണ്ണാനും കിളികളുമൊക്കെ തൻെറ ചുററും വന്ന് കളിക്കയും സാധാരണയാണ്. ഇങ്ങിനെ ശാന്തമായ ധ്യാനത്തിൽ തൻെറ പാവനമായ ജീവിതത്തെ അവസാനംവരെയും അദ്ദേഹം നയിച്ചു. തൻെറ ഹൃദയത്തെ ദൈവത്തിങ്കലേക്കുയത്തുന്നതിനു പര്യാപ്തമെന്ന് തൻെറ ദീർഘയനുഭവംകൊണ്ട് തനിക്കു ബോധപ്പെട്ടിരുന്ന ചുരുക്കം ചില മഹദ്വാക്യങ്ങൾ അദ്ദേഹം എപ്പോഴും ധ്യാനിച്ചുകൊണ്ടിരുന്നു.

അപാരപാണ്ഡിത്യമുള്ളവനെങ്കിലും അദ്ദേഹം ഒരു ശുദ്ധ നം വിനീതബുദ്ധിയുമായിരുന്നു. അദ്ദേഹത്തിൻെറ അധരങ്ങളിൽ എപ്പോഴും സത്യം വിളയാടിക്കൊണ്ടിരുന്നു. എല്ലാ ദിവസവും സന്ധ്യാസമയത്ത് പതിവുള്ള അദ്ദേഹത്തിൻെറ തുച്ഛമായ ആഹാരം കഴിഞ്ഞശേഷം ഞാൻ അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു കുറെ സമയം കഴിച്ചുകൂട്ടണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആ ദിവസം തൻെറ മനസ്സിലുണ്ടായ ചിന്തകളൊക്കെയും അദ്ദേഹം ആ സമയത്ത് എന്നോടു പറയാറുണ്ടായിരുന്നു. തൻെറ ആയുസ്സിൻെറ അവസാനനാളുകളിൽ പലപ്പോഴും അദ്ദേഹം ക്രിസ്തുവിൻെറ പർവ്വതപ്രസംഗത്തെപ്പററി ഓക്കയും അതിലെ അതിപ്രധാനങ്ങളായ വാക്യങ്ങളെ ധ്യാനിക്കയും പതിവായിരുന്നു.

അദ്ദേഹം ഒരു ദിവസം എന്നോടു പറഞ്ഞതു് "അവ എൻെറ ആഹാരവും പാനീയവുമാണ്. ഒരു കുഞ്ഞിനുപോലും മനസ്സിലാകത്തക്കവണ്ണം അവ അത്ര ലളിതമാണ്. അതേസമയംതന്നെ അവയുടെ ആന്തരാത്ഥം അത്യഗാധംതന്നെ. അവയും ഉപനിഷദ്വാക്യങ്ങളും മനുഷ്യവർഗ്ഗത്തിൻെറ അപൂർവ്വവും അതിവിശിഷ്ടവുമായ സ്വത്താണ്. 'എൻെറ വചനങ്ങൾ ഒരുനാളും നശിച്ചുപോകയില്ല' എന്നു ക്രിസ്തു പറഞ്ഞതു് എന്തു ധൈര്യമാണ്. എന്നാൽ അതെത്രയോ വാസ്തവമായി പരിണമിച്ചിരിക്കുന്നു. ദിനംപ്രതി ഞാൻ അതിനെ ധ്യാനിക്കുന്നു. രാത്രി ഉറക്കമില്ലാതെ കിടക്കുന്ന നാഴികകളിൽ ഞാൻ അവയെപ്പററി ഓക്കുന്നു. അവയെ മനസ്സിലാക്കുന്നതിനു ഒരു വ്യാഖ്യാനഗ്രന്ഥവും ആവശ്യമില്ല. അവയെപ്പററിയുള്ള ധ്യാനത്തിൽ എനിക്കൊരിക്കലും മുഷിച്ചിൽ തോന്നിയിട്ടില്ല. അവയുടെ അത്ഥം മുഴുവനും ഞാൻ ഗ്രഹിച്ചുകഴിഞ്ഞു എന്നുള്ള വിചാരവും എനിക്കൊരിക്കലും ഉണ്ടാകുന്നില്ല. ഒരു മനുഷ്യന് അവസാനംവരെയും മരണവേളയിൽതന്നെയും ശക്തിയും ധൈര്യവും നൽകുന്ന സത്യങ്ങൾ അവയിലടങ്ങിയിരിക്കുന്നു."

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ

ക്കാണും" എന്നുള്ള വാക്യമാണ് അദ്ദേഹത്തിന് യേശുവി ന്റെ വചനങ്ങളിൽ വെച്ച് ഏററവും അത്ഥവത്തായി തോന്നിയത്. മറെറാരു വചനത്തിനും സാദ്ധ്യമാകാത്തവിധം ഇത് അദ്ദേഹത്തിന് പരിപൂണ്ണതൃപ്തിയെ പ്രദാനം ചെയ്തു. മിക്കപ്പോഴും ഇതു് അദ്ദേഹത്തിന്റെ മനസ്സിൽ വന്നുകൊണ്ടുമിരുന്നു. ഏകദേശം ഇതുപോലെതന്നെ അദ്ദേഹത്തിന് പ്രിയമായിരുന്ന വേറൊരു വാക്യം "ദൈവരാജ്യം നിങ്ങളുടെ ഉള്ളിലത്രെ" എന്നുള്ളതായിരുന്നു. മനുഷ്യഹൃദയമാകുന്ന രാജ്യത്തെ—ഹൃദയത്തിനുള്ളിലെ സ്വർഗ്ഗത്തെ—കുറിക്കുന്ന ഈ പദങ്ങളുടെ ആന്തരാത്ഥത്തെ ധ്യാനിക്കുന്നതു് അദ്ദേഹത്തിന് പ്രത്യേകിച്ചും ഇഷ്ടമായിരുന്നു.

അദ്ദേഹം തന്റെ അഗാധമായ ആത്മികഭാവത്തോടും കവിമനോവൃത്തിയോടുംകൂടെ ഞാൻ ഒരിടത്തും വായിച്ചിട്ടില്ലാത്ത നവീന വ്യാഖ്യാനങ്ങൾ എനിക്കു മിക്കപ്പോഴും നൽകിക്കൊണ്ടിരുന്നു. ഇത്തരത്തിലുള്ള വ്യാഖ്യാനം പലപ്പോഴും എന്റേതിൽനിന്ന് വ്യത്യാസപ്പെട്ടിരുന്നു. എന്നാൽ ക്രിസ്തുവിനെപ്പോലെയുള്ള ഒരു മഹാഗുരുവിന്റെ വചനങ്ങളുടെ ആഴം ഒരിക്കലും അളക്കാൻ പാടില്ലാത്തതാണെന്ന് അദ്ദേഹം എന്നോടു് പറയുമായിരുന്നു. അവ മനുഷ്യവർഗ്ഗത്തിന്റെ ആത്മിക തൃഷ്ണയെ ശമിപ്പിക്കുന്നതിനായി നിത്യംപ്രവഹിച്ചുകൊണ്ടിരിക്കുന്ന പരിപാവന തീത്ഥത്തിന്റെ ഒരു ചൈതന്യമുള്ള ഉറവയത്രെ. ഈ ഉറവയിൽനിന്നുതന്നെ പാനം ചെയ്യുന്നതിനായി ഓരോ തലമുറയും അങ്ങോട്ടു് നവീന പ്രയാണം ചെയ്യുന്നു. മനുഷ്യപ്രകൃതിയുടെ മൌലിക ആവശ്യങ്ങൾ നിലനിൽക്കുന്ന കാലത്തോളം ഭാവി തലമുറകളും അപ്രകാരം തന്നെ ചെയ്തുകൊണ്ടിരിക്കും.

തന്റെ ക്രൂശാരോഹണകാലത്തു് യേശു യുവത്വത്തിന്റെ പരമാവസ്ഥയിലെത്തിയിരുന്നു. അവിടന്ന് യുവാവായിട്ടുതന്നെ മരിച്ചു. മദ്ധ്യവയസ്സിന്റെ നിഴൽപാടു് അവിടത്തെ മാർഗ്ഗത്തിൽ വ്യാപിച്ചിരുന്നില്ല. അവിടന്നു് ഉച്ചരിക്കുന്ന ഓരോ വാക്കിലും യുവത്വത്തിന്റെ മുദ്ര തെളിഞ്ഞിരുന്നു. ഇ

ത്ത ഹൃദയമാർദ്ദവവും യുവത്വവും മനുഷ്യത്വവും നിറഞ്ഞ ഒരാളിനു് ഈ ക്രൂശാരോഹണം അനുഭവിക്കേണ്ടിവന്നു എന്നുള്ളതിലാണു് ഇതിൻെറ അത്യന്ത ദയനീയത്വം സ്ഥിതിചെയ്യുന്നതു്. "എൻെറ വ്യസനം പോലെയുള്ള ഒരു വ്യസനമുണ്ടോ എന്നു നോക്കുവിൻ" എന്ന പ്രവചനവാക്കുകൾ അവിടത്തെ പീഡാനുഭവത്തിൽ നിവൎത്തിച്ചിരിക്കുന്നു.

അതിയായി തെളിഞ്ഞ അനുഭൂതിയോടു കൂടിയ അവിടത്തെ യുവത്വംകൊണ്ടുതന്നെ സുഖദു:ഖാനുഭവങ്ങൾക്കു് ക്രമാതീതമായ ശക്തി അവിടത്തേക്കു് ലഭിച്ചിരുന്നു. ഒരു സന്യാസിയുടെ മനോഭാവത്തിൽ അവിടന്നു് തൻെറ ഇന്ദ്രിയദ്വാരങ്ങളെ നിൎവ്യാപാരങ്ങളാക്കി തീൎത്തില്ല. തിന്നും കുടിച്ചുംകൊണ്ടാണു് അവിടന്നു് ലോകത്തിൽ ചരിച്ചിരുന്നതു്. ജീവിതത്തെ അതിൻെറ സൎവ്വവിധമായ സൂക്ഷ്മസൌന്ദൎയ്യത്തിലും വൎണ്ണപ്രകൎഷത്തിലും രൂപഭേദത്തിലും അവിടന്നു് ആസ്വദിച്ചു. ഒരു ശരത്തിനു തുല്യം ലക്ഷ്യത്തിൻ നേരെ ചെന്നു് പതിക്കുന്ന അന്തൎഭേദിയായ തൻെറ മനസ്സിൻെറ വ്യാപാരങ്ങളെ അവിടന്നു് തടഞ്ഞു നിറുത്തിയിരുന്നില്ല. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്നതു് ധിഷണാ സ്വാതന്ത്ര്യത്തിൻെറ ശാശ്വതമായ ഒരു ശാസനമാണു്. അതിഭീമങ്ങളായ പ്രതിബന്ധങ്ങളോടു് അസ്തപൌരുഷനാകാതെ എതിരിട്ടും ഏതിനും പോരുന്ന തൻെറ ആത്മബലത്താൽ അവയെ കീഴടക്കിയും വിളയാടിക്കൊണ്ടിരുന്ന ഒരു യുവ ശക്തിയെ ക്രിസ്തു, മനുഷ്യചരിത്രത്തിൽ മററാൎക്കും സാധിക്കാത്ത വിധം പ്രതിനിധീകരിച്ചു കാണിക്കുന്നു. ലോകത്തിലുള്ള മററു മതസ്ഥാപകന്മാർ അവരവരുടെ മതവൃത്തത്തിൽ ശ്രേഷ്ഠമായ വിധം ദീൎഘകാലം ജീവിക്കുകയും തങ്ങളുടെ സിദ്ധാന്തങ്ങളെ പിന്നിൽ വിട്ടിട്ടു് വാൎദ്ധക്യത്തിൽ മരിക്കയും ചെയ്തവരാണു്. എന്നാൽ ക്രിസ്തുവിൽ സൎവ്വാതിശായിയായി ഈ ഒരു വിശേഷഗുണം നാം കാണുന്നു. ഏതെന്നാൽ അദ്ദേഹം എല്ലാകാലത്തും യുവശക്തിയുടെ മതത്തെ പരിപൂൎണ്ണരൂപത്തിൽ പ്രതിനിധീകരിക്കുന്നു എന്നുള്ളതു തന്നെ.

ക്രിസ്തുവിൻെറ സന്ദേശം പുതുതായി ലോകത്തിൽ പ്രതിധ്വനിച്ച നാൾമുതൽ ഓരോ കാലത്തിലുമുള്ള മനുഷ്യർ അതിലെ പൂർവ്വാപരവൈപരീത്യഭാവത്തിൽ കാണുന്ന സത്യപ്രസ്താവനകളെ യഥേഷ്ടം വ്യാഖ്യാനിച്ച് ദുർബലമാക്കിക്കൊണ്ടു് അതിനെ തങ്ങളുടെ സാമാന്യനിലയിലേക്ക് താഴ്ത്തുന്നതിനും അതിൻെറ തീക്ഷ്ണത കുറയ്ക്കുന്നതിനും യത്നിച്ചുനോക്കിയിട്ടുണ്ടു്. എന്നാൽ യേശു മലകളെ നീക്കുവാൻ പര്യാപ്തമായ വിശ്വാസത്താൽ മാത്രം സാധിക്കുന്ന അസാദ്ധ്യകാര്യങ്ങളെയത്രെ മനുഷ്യനിൽ നിന്നു് എപ്പോഴും ആവശ്യപ്പെടുന്നതു്.

"ഞാൻ ഒരു പുതിയ ആകാശത്തെയും ഒരു പുതിയ ഭൂമിയേയും കണ്ടു. എന്തെന്നാൽ ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും നീങ്ങിപ്പോയി" എന്നിത്യാദി വചനങ്ങളുടെ സംഗീതം പുതിയ പുതിയ തലമുറകളെ പ്രവൃത്തിപഥത്തിലേക്ക് ഉണർത്തിവിടുകയും സ്വർഗ്ഗത്തെ മുഴുവനെയും തന്നെ ഗാനംകൊണ്ടു് മാറ്റൊലിക്കൊള്ളിക്കുകയും ചെയ്യുന്നിരിക്കുന്നു.

റഷ്യൻ സഭയിൽ ഈസ്റ്റർ പെരുന്നാൾ ആരംഭിക്കുന്നതു് "ക്രിസ്തു ഉയർത്തെഴുന്നേററിരിക്കുന്നു" എന്നുള്ള അഭിവന്ദനത്തോടുകൂടെയാണു്. പിന്നീടു് വിജയധ്വനി മുഴക്കപ്പെടുന്നു. "പുനരുത്ഥാനത്തിൻെറ അവർണ്ണനീയമായ പ്രഭകൊണ്ടു് പ്രകാശിതനായി ക്രിസ്തുവിനെ കാണുന്നതിനും നാം ജയഗീതം പാടിക്കൊണ്ടിരിക്കുമ്പോൾ 'സന്തോഷിക്ക' എന്നു് വ്യക്തസ്വരത്തിൽ അവൻ പറയുന്നതു് കേൾക്കുന്നതിനുമായി നമ്മുടെ ഭൗതിക ഇന്ദ്രിയങ്ങളെ നമുക്കു് ശുദ്ധീകരിക്കാം. എന്തെന്നാൽ ക്രിസ്തു ഉയർത്തെഴുന്നേററിരിക്കുന്നു, അവൻ നമ്മുടെ നിത്യാനന്ദമാകുന്നു. ആമ്മീൻ"

ലോകത്തിലുള്ളതിലേക്കും വിപ്ലവകാരിയായ മതചിന്തകനെന്നുള്ള നിലയ്ക്കു് ക്രിസ്തുവിനുള്ള നൂതനത്വം പൌരസ്ത്യ നാട്ടിലെ എൻെറ ജീവിതകാലത്തു് പാശ്ചാത്യരാജ്യത്തിൽ ഞാൻ ആയിരുന്നപ്പോഴത്തെക്കാൾ കൂടുതലായി എൻെറ ഹൃദയത്തിൽ അഗാധമായി പതിഞ്ഞിട്ടുണ്ടു്. വാർദ്ധക്യവും അതിൻെറ പരിപക്വമായ ബുദ്ധിയും വന്നുചേരുമ്പോ

ം, ബുദ്ധനിൽ പ്രകാശിച്ചിരുന്ന പ്രശാന്ത മഹിമയ്ക്കു് ന്യായമായ ഒരു സ്ഥാനമുണ്ടു്. എന്നാൽ വികാരതീക്ഷ്ണങ്ങളായ വചനങ്ങൾ യൌവനത്തിന്റെ പ്രത്യേകമായിട്ടുള്ള അവകാശാധികാരമാകുന്നു. മനുഷ്യവർഗ്ഗത്തെ ഇളക്കുന്നതിനു് ആവശ്യമായ ഉത്തേജകശക്തികളിൽ ഒന്നാണതു്.

അതിനാൽ യുവാക്കളുടെ ഔദാര്യജന്യമായ രോഷത്തിനു് ദൈവരാജ്യത്തിൽ ഒരുസ്ഥാനമുണ്ടു്. ദൈവഭക്തരെന്നു നടിക്കുന്ന പരീശരുടെ മേൽ കല്പിക്കുന്ന ആത്മാവിനെ വിറപ്പിക്കത്തക്കവണ്ണം ഭയങ്കരമായ ന്യായവിധിയുടെ കൊടുങ്കാറ്റു് അവസാനിക്കുന്നതു് ഹൃദയം തകൎന്നുള്ള വിലാപത്തിലാണു്. അവിടത്തെ കോപം കണ്ണുനീരിൽ ലയിക്കുന്നതോടെ "യരുശലേമെ, യരുശലേമെ പ്രവാചകരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേൎക്കുംപോലെ നിന്റെ മക്കളെ ചേൎത്തുകൊള്ളുവാൻ എനിക്കു് എത്രവട്ടം മനസ്സായിരുന്നു, നിങ്ങൾക്കൊ മനസ്സായില്ല. നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും" എന്നിങ്ങനെയത്രെ അവിടന്നു് വിലപിക്കുന്നതു്.

ആരംഭത്തിൽ ക്രോധാവേശം ആയിരുന്നെങ്കിൽ അവസാനത്തിൽ സഹതാപത്തിന്റെ ആവേശവും കാണുന്നുണ്ടു്. ഇടിയും മിന്നലും ഉടനുണ്ടാകുന്ന ഒരു ഘോരമാരി ഭൂമിയെ ശുദ്ധമാക്കി വീണ്ടും സൂൎയ്യപ്രകാശം തട്ടുമ്പോൾ പൂൎവ്വാധികം ശോഭിപ്പിക്കുന്നതുപോലെയുള്ള അത്യത്ഭുതവത്തായ ഒരാത്മികസംഭവമത്രെ ഇതിൽ നാം കാണുന്നതു്. മനുഷ്യന്റെ ആത്മികപ്രകൃതിയെ ഇങ്ങിനെ ശുദ്ധീകരിക്കേണ്ട ആവശ്യമുണ്ടു്.

ക്രിസ്തു സ്വഭാവത്തിൽ അത്യഗാധങ്ങളെ സ്പർശിക്കയും അതേ സമയത്തുതന്നെ അത്യുന്നതസ്ഥാനങ്ങളിൽ എത്തുകയും ചെയ്യുന്ന ഈ വീരാത്മകമായ അംശം സുവിശേഷത്തിന്റെ ഒരു മൂലാധാരതത്വമാണു്. പഴയതും ജീൎണ്ണിച്ചതുമായ എല്ലാററിനും എതിരായി നടത്തുന്ന വിജയപ്രക്ഷോഭണത്തിന്റെ ഒരു വൻപിച്ച ബഹിർ പ്രവാഹമത്രെ ക്രിസ്തുവിന്റെ

ജീവിതത്തിൽ നാം കാണുന്നതു്. സമുദ്രത്തിലെ വൻതിരമാലപോലെ അതു് അടിച്ചുകയറുന്നു. അതു് സകലത്തെയും ശുദ്ധീകരിക്കുന്നു. ദൈവരാജ്യത്തിന്റെ വീര്യംകൂടിയ പുതുവീഞ്ഞു് പഴയതോൽകുടങ്ങളിൽ അടച്ചുവെച്ചാൽ അതു നുരെച്ചുകയറി അവയെ പൊട്ടിച്ചു് പുറത്തുചാടും.

ജീവനും വീര്യവുമില്ലാത്ത കേവലം ഒരു ഭക്തനായി സൂക്ഷ്മതയോടെ മതകർമ്മങ്ങൾ അനുഷ്ഠിക്കുകയും മാമൂലനുസരിച്ചു്, സന്മാർഗ്ഗം പരിപാലിക്കുകയും ചെയ്യുന്ന ഒരാളായി ക്രിസ്തുവിനെ കാണിക്കുന്ന ചിത്രം അത്യന്തം വികൃതമാണു്; അതു് നിശ്ശങ്കം തള്ളിക്കളയപ്പെടേണ്ടതാണു്. അതിനു് ചരിത്രവുമായി യാതൊരു ബന്ധവുമില്ല. ഇതുപോലെയുള്ള സ്വഭാവത്തോടുകൂടിയ ഒരുവനു് ക്രിസ്തുവിനെപ്പോലെ ലോകത്തിലെ ദോഷശക്തികളെ തനിക്കെതിരായി കോപഭ്രാന്തിൽ ഇളക്കി ബഹളം കൂട്ടത്തക്കവിധം ഉണർത്തിവിടാൻ ഒരിക്കലും സാധിക്കയില്ല. അങ്ങിനെയുള്ള ഒരുവനു് ഒരുകാലത്തും യുവഹൃദയത്തെ തരിപ്പിക്കുന്നതിനും സാധിക്കയില്ലായിരുന്നു.

പ്രകാശത്തിലേക്കു് പൊട്ടിപുറത്തുവരാനായി തള്ളിനിൽക്കുന്ന അന്തഃസ്ഥിതമായ നവജീവബീജത്തെ മാമൂൽ ചടങ്ങുകളാകുന്ന പുറന്തോട്ടു് എപ്പോഴും തടഞ്ഞുനിർത്തുന്നു. മനുഷ്യന്റെ ഉൽബുദ്ധമായ ആത്മചൈതന്യത്തെ ബന്ധിച്ചു നിറുത്താനായി ഭൂതകാലത്തിന്റെ ജഡാവരണങ്ങൾ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവയിൽ നിന്നു നമ്മെ വിമുക്തരാക്കുന്നതിനു് ക്രിസ്തു വരുന്നു.

---

## അദ്ധ്യായം 15.

# ദക്ഷിണാഫ്റിക്കാ.

ഈ ശതാബ്ദത്തിന്റെ ആരംഭദശയിൽ സുസമ്മതന്മാരായി ഗണിക്കപ്പെട്ടിരുന്ന ഇന്ത്യൻ നേതാക്കന്മാരിൽ ഒരാൾ ഗോഖലെ ആയിരുന്നു. ദക്ഷിണാഫ്രിക്കയിൽ അന്നു നടപ്പിലിരുന്ന കരാർനിമിത്തം വളരെ കഷ്ടതകൾ അനുഭവിച്ചുപോരു

ന്ന ഇന്ത്യാക്കാരെ സഹായിക്കുന്നതിനായി ഉടനെ അവിടേക്കു പോകണമെന്നു 1913 നവംബർമാസത്തിൽ ഗോഖലെ കമ്പിമാർഗ്ഗം എന്നോടാവശ്യപ്പെട്ടു. അന്നു ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ നേതാവു് മഹാത്മാ ഗാന്ധി ആയിരുന്നു.

1861-ാം ആണ്ടുമുതൽ ഒരു പ്രത്യേക കരാറിൻപ്രകാരം നേററലിലെ തോട്ടങ്ങളിൽ ജോലി ചെയ്യുന്നതിന് ഇന്ത്യയിൽനിന്നു കൂലിക്കാരെ കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. ഈ കരാറിലെ നിബന്ധനകൾ കാലാന്തരത്തിൽ ദുഷിക്കുകയും അതു ഭേദപ്പെടുത്തുന്നതു ക്ഷിപ്രസാദ്ധ്യമല്ലാതാകുകയും ചെയ്തു. ആളൊന്നിനു ഇത്രവീതം എന്നു വച്ചു പണം കൊടുത്തുവന്നിരുന്നതിനാൽ ഇന്ത്യയിൽനിന്നും ആളുകളെ ശേഖരിക്കുന്നതിൽ പലപ്പോഴും ചതിപ്രയോഗങ്ങളും നടന്നുകൊണ്ടിരുന്നു. ചേർക്കപ്പെടുന്നതു് ഒരു സ്ത്രീയെ എങ്കിൽ കൂടുതൽ പണം കൊടുത്തുവന്നിരുന്നു. ഈ ഏർപ്പാടിൻപ്രകാരം അനേകായിരം ജനങ്ങൾ നേററലിൽ ചെന്നു താമസമാക്കുകയും അവരുടെ സംഖ്യ അവിടെ മുമ്പുണ്ടായിരുന്ന യൂറോപ്യന്മാരുടേതിൽ അധികമാകുകയും ചെയ്തു. ഈ ഏർപ്പാടിൻെറ ആരംഭദശയിൽ ആഫ്രിക്കയിൽ പോകുന്ന കൂലിക്കാർക്കു് അഞ്ചുവർഷത്തെ ജോലിക്കു ശേഷം അവിടത്തന്നെ കുടിയേറിപ്പാർക്കുന്നതിന് ഇന്ത്യാഗവമെൻറുമായി ചെയ്തിരുന്ന ഉടമ്പടി അനുസരിച്ചു്, അനുവാദമുണ്ടായിരുന്നു. എന്നാൽ ഈ ഉടമ്പടിക്കു വിരോധമായി പ്രവർത്തിക്കുന്നതിനു പല പരിശ്രമങ്ങളും നടത്തുകയും തൽഫലമായി കരാറിൽനിന്നു വിട്ടുതിർപ്പെട്ട ഓരോ ഭാരതീയനും മൂന്നുപവൻ വീതം ഒരു നികുതി ചുമത്തുകയും ചെയ്തു. എന്നാൽ തിരികെ തോട്ടങ്ങളിൽ കരാറിൻപടി ജോലിക്കായി പോകുന്നവർക്കു് ഇതു ഇളവുചെയ്തുകൊടുത്തിരുന്നു. തിരികെ ജോലിക്കു പോകാതെയും ഈ നികുതി കൊടുക്കാതെയുമിരുന്നാലുള്ള ശിക്ഷയോ ദക്ഷിണാഫ്രിക്കയിൽനിന്നുള്ള ബഹിഷ്കരണമാണു്.

ഈവക നടപടികളാൽ ഇന്ത്യാക്കാരെ തിരികെ തോട്ടങ്ങളിലേക്കുതന്നെ അയയ്ക്കുന്നതിനോ അല്ലെങ്കിൽ നാട്ടിൽനിന്നു ഓടിക്കുന്നതിനോ നേററൽഗവമെൻറു പരിശ്രമിക്കുകയാ

ണ് ചെയ്തത്. ഇത്രയും കഠിനതരമായ ഒരു നികുതി വിശിഷ്യ സ്ത്രീകളുടെ മേലും 15 വയസ്സിൽ കൂടുതൽ പ്രായമുള്ള കുട്ടികളിൽപോലും ചുമത്തിയിരുന്നതിനാൽ നിയമാനുസരണം വർത്തിക്കുന്നതിനു് ഇന്ത്യാക്കാരായ സാധു കൂലിക്കാർക്ക നിർവ്വാഹമില്ലാതെ വന്നു.

ഈ കരാറിൽ ഉൾപ്പെടുത്തപ്പെട്ട കൂലിക്കാരുടെ സ്ഥിതി പകുതി അടിമത്വമായിരുന്നു. "അടിമതുല്യം" എന്നാണു് ചരിത്രകാരനായ ഹൻറർ അതിനെപ്പററി പറയുന്നതു്. അതു ശരിയായ ഒരു വിവരണമെന്നു് വളരെ സൂക്ഷ്മമായ പര്യവേഷണത്തിനുശേഷം എനിക്കും ബോദ്ധ്യപ്പെട്ടു. ഒരു ഇന്ത്യൻ കൂലിക്കാരനു്, ഇഷ്ടമുള്ള യജമാനൻെറ കീഴിൽ ജോലി ചെയ്യുന്നതിനോ ഇഷ്ടമുള്ളപ്പോൾ വിട്ടുപോകുന്നതിനോ അനുവദിച്ചിരുന്നില്ല. അങ്ങനെ ചെയ്യുന്നവരെ കേസിൽ ഉൾപ്പെടുത്തുകയും ചെയ്ക പതിവായിരുന്നു.

യജമാനന്മാർക്കും മററും എതിരായി സാക്ഷിപ്പെടുത്തുന്നതിനു കൂലിക്കാർക്ക ഭയമായിരുന്നതിനാൽ ഗവൎമ്മെൻറു മേലന്വേഷണം ഉണ്ടായിരുന്നിട്ടും ക്രൂരതകൾക്കും മററും പരിഹാരം ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ ഈ ഏർപ്പാടിൻെറ കഷ്ടാൽ കഷ്ടതരമായ ഒരു ഭാഗം നൂറു പുരുഷന്മാരുടെകൂടെ നാല്പതു സ്ത്രീകളെ മാത്രമെ ജോലിക്കാക്കിയിരുന്നുള്ളൂ എന്നുള്ളതാണു്. വിവാഹിതരായി ഇന്ത്യയിൽനിന്നു വന്ന ആളുകളുടെ എണ്ണം ചുരുക്കമായിരുന്നതിനാൽ സ്ത്രീപുരുഷന്മാരുടെ എണ്ണത്തിലുള്ള ഈ വ്യത്യാസം ഭയങ്കരമായ ദുൎന്നടപ്പിനു കാരണമായിത്തീൎന്നു. ഇതെല്ലാം ഞാൻ നേരിട്ടു കണ്ടും കേട്ടുമറിഞ്ഞവയാണു്.

1834_ൽ അടിമവ്യാപാരം നിൎത്തലാക്കപ്പെട്ടതോടുകൂടി അടിമവേലക്കാർക്ക പകരമായി ഉടമ്പടിപ്രകാരം ഇങ്ങനെ ഇന്ത്യൻ കൂലിക്കാരെ മോറീഷ്യസ്സ്, ബ്രിട്ടീഷ് ഗിനിയാ, ട്രിനിഡാഡ്, ജമൈക്ക, ഗ്രസാഡാ എന്നീ സ്ഥലങ്ങളിലും മററു കരിമ്പുകൃഷിയുള്ള സ്ഥലങ്ങളിലും ധാരാളമായി ഏർപ്പെടുത്തിയിരുന്നു. എല്ലായിടങ്ങളിലും അടിമത്വത്തിൻെറ ദുഷ്യഫല

ങ്ങൾ ഉത്ഭവിച്ചു. കൂലിക്കാരുമായി യോഗ്യമായി പെരുമാറി വന്ന നല്ല യജമാനന്മാർ ഉണ്ടായിരുന്നു എങ്കിലും ക്രൂരന്മാരുടെ കീഴിലുണ്ടായിരുന്ന സാധു തൊഴിലാളികൾ അനുഭവിച്ചുവന്ന ദുരിതാധിക്യം ചില ഘട്ടങ്ങളിൽ ആത്മഹത്യക്ക അവരെ പ്രേരിപ്പിച്ചു. ഈ ഏർപ്പാടിന്റെ അതിനീചഫലമായിരുന്ന ദുർന്നടപ്പുമൂലം കൊലപാതകങ്ങളും സാധാരണമായി. ഈ കരാർ നടപ്പിലിരുന്ന സ്ഥലങ്ങളിലെല്ലാം ആത്മഹത്യയുടെയും കൊലപാതകങ്ങളുടെയും എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നുവെന്നു ഗവമ്മെൻറു റിപ്പോർട്ടുകളിലും പ്രത്യക്ഷപ്പെടുത്തിയിരുന്നു.

ഇന്ത്യാക്കാരെ തോട്ടങ്ങളിലേക്ക തിരികെ പോകുന്നതിനു നിർബ്ബന്ധിക്കുന്നതിനായി നടപ്പിൽ വരുത്തിയിരുന്ന നികുതിഏർപ്പാട് ഒരുവിധത്തിലും ന്യായാനുസൃതമല്ല എന്നുള്ള അഭിപ്രായം വളരെക്കാലമായി പ്രചാരത്തിലിരുന്നെങ്കിലും യൂറോപ്യന്മാരുടെ എതിർപ്പു നിമിത്തം അന്നു ഭരണനേതാക്കന്മാരായിരുന്ന ജനറൽ ബോത്തായും ജനറൽ സ്മട്ട്സും ഇതു നിർത്തലാക്കുന്നതിനു വിസമ്മതം പ്രകടിപ്പിച്ചു. അവർ രണ്ടുപേർക്കും ഇതിനാഗ്രഹമുണ്ടായിരുന്നു; അങ്ങിനെ ചെയ്യാമെന്നു ഗോഖലെ ദക്ഷിണാഫ്രിക്കയിൽ ചെന്ന സമയം അവർ പ്രതിജ്ഞ ചെയ്തിരുന്നുവെങ്കിലും അവരുടെ വാക്ക പാലിക്കുന്നതു് അവർക്ക അസാദ്ധ്യമായിത്തീൎന്നു.

മററു സകല മാർഗ്ഗങ്ങളും പരീക്ഷിച്ചു് നിഷ്ഫലമെന്നു മനസ്സിലാക്കിയശേഷം മഹാത്മഗാന്ധിയും അദ്ദേഹത്തിന്റെ അനുചരന്മാരും ധർമ്മസമരം അനുഷ്ഠിക്കുന്നതിനു തീർച്ചയാക്കി. അദ്ദേഹം നേററലിന്റെ വടക്കഭാഗത്തുള്ള കൽക്കരി ഖനികളിൽ കരാറിൻപ്രകാരം വേലചെയ്തിരുന്ന കുറെ ഇന്ത്യൻ കൂലിക്കാരെ കൂട്ടിച്ചേർത്തു് ഇന്ത്യാക്കാരുടെ കഷ്ടതകളെ പൊതുജനങ്ങളുടെ ഇടയിൽ കൊണ്ടുവരുന്നതിനായി ട്രാൻസ്വാളിലേക്ക തിരിച്ചു. സ്ത്രീപുരുഷന്മാരും കുട്ടികളും ഉൾപ്പെടെ രണ്ടായിരത്തിൽപരം ആളുകൾ അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ഡ്രാക്കൻസുബർഗ്ഗ പർവ്വതനിരകളെ തരണംചെയ്യുന്നതിനു് അദ്ദേഹത്തെ അനുഗമിച്ചു. ഒരിക്കൽക്കൂടെ ആവശ്യ

പ്പെടുന്നപക്ഷം പുറപ്പെടുവാൻ സന്നദ്ധരായി അനേകായിര ങ്ങൾ കാത്തിരുന്നു. ഖനികൾ വിട്ടുപോയതിനാലും ട്രാൻസ്വാളിൽ പ്രവേശിച്ചതിനാലും ജയിൽവാസം അവർ സ്വയം വരിക്കയാണു ചെയ്തതു്. മജിസ്ട്രേട്ടിനു ഇഷ്ടമുള്ളപക്ഷം ഈ രണ്ടു കുററങ്ങൾക്കും കഠിനതടവുശിക്ഷ കല്പിക്കാവുന്നതാണു്. കരാറിൻപടി ജോലിചെയ്തിരുന്ന കൂലിക്കാർക്കും സ്വതന്ത്രരായിരുന്ന ഇന്ത്യാക്കാർക്കും പുറപ്പെടുന്നതിനുമുമ്പുതന്നെ ഇതു നല്ലപോലെ അറിയാമായിരുന്നിട്ടും മാർഗ്ഗമദ്ധ്യേ കഠിനതരമായ കഷ്ടാരിഷ്ടതകൾ സഹിക്കേണ്ടിവന്നിട്ടും അവരിൽ ഏകനെങ്കിലും പിൻതിരിഞ്ഞില്ല. മഹാത്മഗാന്ധിയും ശേഷം നായകന്മാരും ജയിലിലാക്കപ്പെട്ടു. ഇന്ത്യാക്കാർ തോട്ടങ്ങൾ വിട്ടു പോരുവാൻ ശ്രമിച്ചപ്പോൾ നേററലിൽ കലാപവും വെടിവയ്പും മററുമുണ്ടായി. ഈ വർത്തമാനമെല്ലാം ഇൻഡ്യയിൽ അറിഞ്ഞപ്പോൾ പൊതുജനങ്ങൾ രോഷാകുലരായി. അന്നു വൈസ്രായിയായിരുന്ന ഹാർഡിഞ്ചു പ്രഭു ഭാരതീയരുടെ പക്ഷം പിൻതാങ്ങി പ്രൌഢഗംഭീരമായ ഒരു പ്രസംഗം ചെയ്തു.

സ്ഥിതിഗതികൾ ഇപ്രകാരവും മഹാത്മഗാന്ധി ജയിലിലും ആയിരുന്ന ഘട്ടത്തിലാണു നേററലിലേക്കു പോകുന്നതിനു ഗോഖലെ കമ്പിമാർഗ്ഗം എന്നോടാവശ്യപ്പെട്ടതു്. കഠിനരോഗബാധിതയായിരുന്ന എന്റെ മാതാവു് സുഖംപ്രാപിക്കുമെന്നാശയില്ലാതിരുന്നതിനാൽ ഞാൻ വീട്ടിലേക്കു ചെല്ലാം എന്നെഴുതിയിരുന്നു. എന്നാൽ ആ മഹിളാരത്നം തന്റെ നിസ്വാർത്ഥജീവിതത്തിലെ അവസാന ത്യാഗങ്ങളിലൊന്നു് അപ്പോൾ അനുഷ്ഠിക്കുകയും, നേററലിലെ തന്റെ ഭാരതീയസഹോദരികൾക്കു് അവരുടെ വലിയ ആവശ്യത്തിൽ സഹായിക്കുന്നതിനു് എന്നോടു് ആവശ്യപ്പെടുകയുമാണുണ്ടായതു്. അനന്തരം എന്റെ അമ്മയെ കാണുവാൻ എനിക്കു സാധിച്ചിട്ടില്ല. എന്തെന്നാൽ ഞാൻ ആഫ്രിക്കയിൽ ചെന്നു് അധികം കഴിയുന്നതിനുമുമ്പു് അവർ അനിത്യമായ ഐഹികവാസത്തിനു് അവസാനമായി യാത്ര പറഞ്ഞു.

മാഞ്ചെസ്റ്റർ എന്ന സ്ഥലത്തു കോൺഗ്രിഗേഷണൽ സഭയിലെ ഒരു സുപ്രസിദ്ധ പട്ടക്കാരനായിരുന്ന ഡാക്ടർ സാമുവൽ പേഴ്സന്റെ മകനായ വില്ലിപേഴ്സനും എന്റെകൂടെ നേററലിലേക്കു വന്നു. അയാളുടെ മാതാവു് ക്വേക്കർസമുദായത്തിലെ ഒരു അംഗമായിരുന്നു. അയാൾ ഡൽഹിയിൽവച്ചു് എന്റെ ഉററ സ്നേഹിതന്മാരിൽ ഒരുവനായിത്തീർന്നു. ഞാൻ പോന്ന സമയം സകലവും ധൃതിയിൽ ശട്ടംകെട്ടുചെയ്യേണ്ടതായി വന്നു. കമ്പി കിട്ടിയ ദിവസം അർദ്ധരാത്രിക്കു യാത്ര തിരിച്ചു. വില്ലി എന്റെ അടുക്കൽ വന്നു് "നിങ്ങൾ പോകുന്നതിനുമുമ്പായി ഞാൻ നിങ്ങൾക്കു ഒരു ചെറിയ സംഭാനം തരുവാൻ പോകയാണു്" എന്നു പറഞ്ഞു. അതെന്തായിരിക്കാം എന്നു വിചാരിച്ചു ഞാൻ നോക്കിയപ്പോൾ "എന്നെത്തന്നെ" എന്നയാൾ പറഞ്ഞു പൊട്ടിച്ചിരിച്ചു.

അയാൾ തന്ന സന്തോഷപ്രദമായ ആ സംഭാവന അയാളുടെ ഉല്ലാസത്തോടുകൂടിയ സ്വഭാവത്തിനു് അനുയോജ്യമായിരുന്നു. അയാൾ എനിക്കു് ഒരു ഉത്തമസ്നേഹിതനായിരുന്നുവെന്നു മാത്രമല്ല, നേററലിൽ ചെന്നിറങ്ങിയ നിമിഷംമുതൽ അവിടുത്തെ ഭാരതീയരുടെ സ്നേഹത്തിനു പാത്രമാകുകയും ചെയ്തു. ഞാൻ പിന്നീടു ചെയ്ത പല യാത്രകളിലും പല സംഗതികളിലും ഞാൻ അയാൾക്കു കടപ്പെട്ടിരിക്കുന്നു. ഇററലിയിൽവച്ചു് ഒരു തീവണ്ടിയിൽനിന്നു വീണതുകൊണ്ടു 1924-ൽ അയാൾ ഇഹലോകവാസം വെടിഞ്ഞതു് എന്റെ ജീവിതത്തിലുണ്ടായിട്ടുള്ള സങ്കടകരമായ സംഗതികളിൽ സർവ്വപ്രധാനമായ ഒന്നാണു്. അതു് അപ്രതീക്ഷിതവും അതിഘോരവും ആയിരുന്നതിനാൽ കൂടുതൽ ദുസ്സഹവുമായിരുന്നു.

ഒരു കൊടുങ്കാററുനിമിത്തം കൊളമ്പിൽനിന്നു ഡർബാനിലേക്കുള്ള ഞങ്ങളുടെ യാത്രയ്ക്കു അഞ്ചുദിവസം കൂടുതൽ വേണ്ടിവന്നു. കപ്പൽ അടുത്ത സമയം മഹാത്മഗാന്ധി ഞങ്ങളെ കാത്തു കരയിൽ നില്ക്കുന്നതു കണ്ടു ഞങ്ങൾ അത്ഭുതപരതന്ത്രരായി. അദ്ദേഹവുമായി സമാധാനമാകുന്നതിനുവേ

ണ്ടി ജനറൽ സ്മട്ട്സ് അദ്ദേഹത്തെ നിരുപാധികമായി മോചിപ്പിച്ചിരുന്നു.

ദക്ഷിണാഫ്രിക്കയിലെ സകല വൈഷമ്യങ്ങളുടെയും മൂലകാരണം വർഗ്ഗീയപ്രശ്നം ആണെന്നു ഞങ്ങൾ ശീഘ്രം മനസ്സിലാക്കി. കരിമ്പുകൃഷിയുമായി ബന്ധം ഇല്ലാതിരുന്ന യൂറോപ്യന്മാരുടെ ഏക ലാക്ക് ഭാരതീയരെ ആ നാട്ടിൽനിന്നു വല്ലവിധവും ബഹിഷ്ക്കരിക്കണമെന്നായിരുന്നു. അവിടെ ഭാരതീയരെ പ്രവേശിപ്പിക്കേണ്ടതേയില്ലായിരുന്നു എന്നും അവർ വിചാരിച്ചു. എന്നാൽ അവർ അവിടെ വസിക്കുന്നിടത്തോളം കാലം വർണ്ണവ്യത്യാസമുള്ള മററു ജാതിക്കാർ അനുഭവിച്ചിരുന്ന രാഷ്ട്രീയവും സാമുദായികവുമായ അവശതകൾ അനുഭവിച്ചുകൊണ്ടു് തങ്ങളെക്കാൾ താഴ്ന്ന ഒരു നിലയിലായിരിക്കണമെന്നത്രേ യൂറോപ്യന്മാരുടെ അഭിപ്രായം.

ഞാൻ ഡൽഹിയിൽ ആയിരുന്നപ്പോഴും സ്റ്റോക്സിനോടുകൂടെ സിംലാമലകളിൽ ആയിരുന്നപ്പോഴും ജാതിവ്യത്യാസപ്രശ്നങ്ങൾ പലപ്പോഴും എൻെറ മനസ്സിനെ വ്യാകുലപ്പെടുത്തിയിരുന്നു. ക്രിസ്ത്യാനികൾ എന്ന മുറയ്ക്കു വർണ്ണവ്യത്യാസം, പാലിക്കുന്നതു് അസാദ്ധ്യമാണെന്നു് എനിക്കു തോന്നി. എന്തെന്നാൽ അതു് ഒരു പുതിയ ജാതിവ്യത്യാസത്തിനു ഹേതുവായിത്തീരുമല്ലോ. അങ്ങിനെയുള്ള ഒരു കാര്യം, ദൈവത്തിൻെറ പിതൃത്വം മനുഷ്യരുടെ സാഹോദര്യം, എന്നിവ പഠിപ്പിച്ചിരുന്ന എൻെറ ഗുരുനാഥനായ ക്രിസ്തുവിൻെറ ഇഷ്ടമായിരിപ്പാൻ ഇടയില്ല. വർഗ്ഗീയവ്യത്യാസംമൂലം ക്രിസ്തീയസഭ പല ഭാഗങ്ങളായി തിരിയുകയും, വിശുദ്ധ സക്രമെന്തുശുശ്രൂഷയിൽ ഭാഗഭാക്കാകുന്നതിനു് ഒരുവനെ വിരോധിക്കുന്നു എന്നു വരികയും ചെയ്താൽ, ക്രിസ്തുവിൻെറ ക്രൂശുമരണത്താൽ സ്ഥാപിതമായ സർവ്വമാനുഷസാഹോദര്യം എന്ന അടിസ്ഥാനതത്വം വിഫലമായിപ്പോകുകയും നാം ദൈവപുത്രനെ വീണ്ടും ക്രൂശിൽ തറയ്ക്കുകയും അധിക്ഷേപിക്കുകയും ചെയ്യുകയാണെന്നും എനിക്കു ബോധപ്പെട്ടു.

യഹൂദന്മാരുടെ ഇതരവൎഗ്ഗ വിദ്വേഷഫലമായി ക്രിസ്തുസഭ വിഭാഗിക്കപ്പെട്ടുമെന്നു ഭയപ്പെടേണ്ടിവന്ന ഘട്ടത്തിൽ പൌലൊസപ്പോസ്തോലൻ അന്ത്യോക്യയിൽവച്ചു പത്രോസിൻെറ പ്രതിപക്ഷത്തു നിന്നു എന്നു ഞാൻ പുതിയനിയമഗ്രന്ഥത്തിൽ നിന്നു ഗ്രഹിച്ചിരുന്നു. ഈ ഒരു സംഗതിയാണു പൌലൊസിൻെറ സകല ലേഖനങ്ങളിലും കാണുന്ന ഒരു വിവാദവിഷയം.

ഏവംവിധം പുതിയനിയമപുസ്തകത്തിൽ മറെറാരു സംഗതിയെക്കുറിച്ചും ഇല്ലാത്ത വിധത്തിൽ അത്രയ്ക്കു വ്യക്തമാക്കിയാണു് ഈ വിഷയത്തെപ്പററി പ്രസ്താവിക്കുന്നതു്. പ്രസ്തുത വിഷയത്തെ പുരസ്കരിച്ചു ക്രിസ്തുവിൻെറ ഉപദേശവും വളരെ സ്പഷ്ടമായിരിക്കുന്നു. "അവനിൽ യവനനും യഹൂദനും എന്നില്ല; ബർബ്ബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ എന്നുമില്ല; ക്രിസ്തുവത്രെ എല്ലാവരിലും എല്ലാം ആകുന്നു" എന്നു് പൌലൊസ് എഴുതിയിരിക്കുന്നു.

എങ്കിലും ഞാൻ നേററലിൽ ചെന്നപ്പോൾ പൌലോസു ശക്തിയുക്തം സഭയിൽ പ്രതിഷേധിച്ചിരുന്ന ആ വ്യത്യാസങ്ങളോടു് ഏററവും സാമ്യമുള്ള സ്ഥിതി കാണുന്നതിനിടയായി. വൎഗ്ഗീയ സഭകൾ ധാരാളമായി ഉത്ഭവിച്ചുകൊണ്ടിരുന്നു. ക്രിസ്ത്യാനികളുടെ ഇടയിലും ഉദ്യോഗ നടപടികളാൽ മാത്രമല്ല നിയമനിൎമ്മാണത്താലും കൂടെ വൎണ്ണവ്യത്യാസം നടപ്പിലാക്കിയിരുന്നു. വൎഗ്ഗീയവ്യത്യാസമനുസരിച്ചു് സമുദായം വിഭാഗിക്കപ്പെടുകയും പൊതുജനാഭിപ്രായം അപ്രകാരം രൂപവല്ക്കരിക്കപ്പെടുകയും ചെയ്തുവന്നു.

ചില കാൎയ്യങ്ങളിൽ ഈ വ്യതിയാനം മുമ്പുണ്ടായിരുന്ന ബോവർ രാജ്യങ്ങളിൽനിന്നും അവകാശമായി ലഭിച്ചതായിരിക്കണം. ആ രാജ്യങ്ങളിലെ നിയമങ്ങളുടെ അടിസ്ഥാനം തന്നെ "രാഷ്ട്രീയകാൎയ്യങ്ങളിലാകട്ടെ, സഭാകാൎയ്യങ്ങളിലാകട്ടെ വെള്ളക്കാൎക്കും നാട്ടുകാൎക്കും സമത്വം പാടില്ല" എന്നുള്ളതായിരുന്നു. നേററലിൽ കുടിയേറിപ്പാൎത്ത യൂറോപ്യന്മാരുടെ ഗതിയും ഈ സ്ഥിതിയിലേക്കു നയിക്കപ്പെടുന്നതായിരുന്നു.

ഡർബാനിൽ ഞങ്ങൾ ആഗതരായ സമയം മുതൽ വൎഗ്ഗീയവിദ്വേഷം പ്രത്യക്ഷമായി കാണാമായിരുന്നു. അധികം താമസിയാതെ അതു് അതിൻെറ കഷ്ടതരമായ രൂപത്തിൽ ഞങ്ങൾക്കും അനുഭവമായി. ഒരു സുഖശരീരത്തിൽ വിഷബീജം കടന്നുകൂടുന്നതുപോലെയാണു് ഈ ദോഷം വ്യാപിച്ചതു്. ദക്ഷിണാഫ്രിക്കയിൽ ഈ വിഷം കലൎന്നിരുന്നുവെങ്കിലും അതു തടയുന്നതിനു യാതൊരു പരിശ്രമവും ചെയ്തിരുന്നില്ല. ക്രിസ്തുസഭതന്നെയും അതിൻെറ ചില വിഭാഗങ്ങളിൽ ദൂഷിച്ചിരുന്നു.

ഇസ്ലാം മതത്തിൻെറ നില ഏററവും വ്യക്തമായിരുന്നു. ആ മതാനുസാരികൾക്കു് അന്യോന്യം വൎഗ്ഗീയ വ്യത്യാസം ഉണ്ടായിരുന്നില്ല. എന്നാൽ പ്രവൃത്തി പ്രസംഗത്തിനു് അനുയോജ്യമല്ലാതെയിരുന്നതിനാൽ ക്രിസ്തുസഭയ്ക്കു ശൈത്യസമേതം ഇതിനെക്കുറിച്ചു പ്രസ്താവിപ്പാൻ കഴിഞ്ഞില്ല. മഹാത്മഗാന്ധിക്കു എൻെറ പ്രസംഗം കേൾക്കണമെന്നാഗ്രഹമുണ്ടായിരുന്നതിനാൽ എന്നെ പ്രസംഗത്തിനു ക്ഷണിച്ചിരുന്ന ഒരു ക്രിസ്തുദേവാലയത്തിൻെറ വാതിൽ വരെ വില്ലിപേഴ്സൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്നു. എന്നാൽ അദ്ദേഹം ഒരു ഏഷ്യക്കാരനായിരുന്നതിനാൽ കൈക്കാരന്മാർ അദ്ദേഹത്തിനു പ്രവേശനമനുവദിച്ചില്ല എന്നു ഞാൻ പിന്നീടറിഞ്ഞു. അങ്ങിനെ പ്രവേശനം തടഞ്ഞതു് ക്രിസ്തുവിനെ ആരാധിക്കുന്ന ദേവാലയത്തിൽ ക്രിസ്തുവിനുതന്നെ പ്രവേശനം നല്കാതിരുന്നതുപോലെ എനിക്കു തോന്നി. താദൃശനടപടികൾ സൎവ്വസാധാരണമായിരുന്നുവെന്നു് അവിടുത്തെ സ്ഥിതിഗതികൾ ശരിയായി അറിയാവുന്നവരിൽ നിന്നു ഞാൻ മനസ്സിലാക്കി.

പിന്നീടൊരവസരത്തിൽ നേററലിലെപ്പോലെ തന്നെ വൎഗ്ഗീയദ്വേഷമില്ലാത്ത കേപ്പ്ടൗണിലേക്കു ഞാൻ പോകയുണ്ടായി. എന്നെ ശുശ്രൂഷിക്കുന്നതിനു മഹാത്മഗാന്ധി അദ്ദേഹത്തിൻെറ പുത്രൻ മണിലാലിനെ എൻെറ കൂടെ അയയ്ക്കുകയും അയാൾ എനിക്കു വളരെ ഉപകാരങ്ങൾ ചെയ്യുകയും ചെ

ച്ചു. ആ ബാലനെ ഞാൻ ഒരു മകനെപ്പോലെ ഗണിച്ചു. ഒരു ദിവസം ഞാൻ പ്രസംഗിക്കുന്നതു കേൾക്കുവാൻ അയാൾക്കു കൂടെ വരാമോ എന്നെന്നോടു ചോദിച്ചു. പട്ടണത്തിനടുത്തുള്ള ഒരു പള്ളിയിൽ ഞാൻ അയാളെ ഒരിക്കൽ കൂട്ടിക്കൊണ്ടുപോയി. അവിടുത്തെ പട്ടക്കാരൻ ഭാരതീയരുടെ ഒരു സ്നേഹിതനായിരുന്നു. എന്നു മാത്രമല്ല ആ പള്ളിക്കാർ വിദേശങ്ങളിലുണ്ടായിരുന്ന മിഷ്യനറിവേലയ്ക്കു ധനസഹായം ചെയ്യുന്നവരുമായിരുന്നു.

ഞങ്ങൾ പട്ടക്കാരനോടും ഭാര്യയോടുംകൂടെ ചായകഴിച്ചു. എന്റെ പ്രസംഗം കേൾക്കുന്നതിനായി മണിലാൽ എന്റെ കൂടെ പള്ളിയിൽ വരുന്നുവെന്നു ഞാൻ പറയുന്നതുവരെ, ആഹ്ലാദപൂർവ്വം വർത്തിച്ച പട്ടക്കാരൻ അതു കേട്ട മാത്രയിൽ വിഷാദം പ്രകടിപ്പിച്ചു. അദ്ദേഹത്തിനു അങ്ങിനെ ഒരാളിനെ സ്വീകരിക്കുന്നതു സന്തോഷമായിരിക്കുമെങ്കിലും സഭക്കാർ വിരോധിക്കും എന്നുള്ളതായിരുന്നു വിഷാദഹേതു. ക്രിസ്തുവിന്റെ ദൂതു കേൾക്കുന്നതിനായി ഒരു ഭാരതീയബാലൻ തങ്ങളോടൊപ്പം ഇരിക്കുക എന്നതു് അവർക്കു ദുസ്സഹമായിരുന്നു. ഒടുവിൽ ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുകയും അതിൻപ്രകാരം മണിലാൽ പട്ടക്കാരന്റെ ഭാര്യയോടുകൂടെ പിൻഭാഗത്തു വാതിലിനടുത്തു ഇരുന്നു സുവിശേഷം കേൾക്കുകയുമുണ്ടായി.

ഇങ്ങിനെയുള്ള പല സംഭവങ്ങൾ ഒന്നിനുപുറകിലൊന്നായിഉണ്ടായിക്കൊണ്ടിരുന്നു. അവയിൽ ഒന്നു നിസ്സാരമെന്നു തോന്നുവാൻ ഇടയുള്ളതാണെങ്കിലും എന്റെ മനസ്സിൽ അതു ശക്തിയായി പതിഞ്ഞതിനാൽ അതുകൂടെ താഴെ വിവരിക്കാം.

ഒരു ഞായറാഴ്ച അതിരാവിലെ കേപ്ടൌണിലുള്ള സെന്റ്ജോർജ്ജ്സ് ഭദ്രാസനപ്പള്ളിയിൽ ഞാൻ വിശുദ്ധ സംസർഗ്ഗം ആചരിക്കുകയായിരുന്നു. ആ പള്ളിയിൽ വർണ്ണവ്യത്യാസം പാലിച്ചിരുന്നില്ല! സക്രമെന്തു കൈക്കൊള്ളുവാൻ ആഗ്രഹിച്ചിരുന്നവർ എല്ലാവരും കൈക്കൊണ്ടു എന്നു വിചാരിച്ചു് ശുശ്രൂഷ തുടരുന്നതിനു മുമ്പു ഞാൻ ചുററും നോക്കിയപ്പോൾ വൃദ്ധയായ ഒരു നീഗ്രോസ്ത്രീ തനിയെ നടന്നുവരുന്നതു കണ്ടു.

യൂറോപ്യന്മാർ എല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽ പോയി ഇരുന്നശേഷം മാത്രമായിരുന്നു അവർ മുമ്പോട്ടു വന്നതു്. ഞാൻ വിശുദ്ധ വസ്തുക്കളെ അവൎക്കു കൊടുക്കുന്നതിനായി കൊണ്ടുചെന്നപ്പോൾ യൂറോപ്യന്മാരുടെ ക്രൂരതകൾ അനുഭവിച്ചു വലയുന്ന ആഫ്രിക്കതന്നെ മൂൎത്തിമതിയായി മുഖം മറച്ചുകൊണ്ടിരുന്നതുപോലെ എനിക്കു തോന്നി. ഈ ദ്രോഹങ്ങളെ സഹിക്കുന്നതിൽ ആഫ്രിക്കാ പ്രദൎശിപ്പിച്ച വിനയം അവരുടെ മോചനത്തിൻെറ ആചാരം തന്നെ ആകുന്നു.

ഒരു ഞായറാഴ്ച രാവിലെ ഭദ്രാസനപ്പള്ളിയിൽ പ്രസംഗിക്കുന്നതിനായി അവിടുത്തെ ഡീൻ എന്നോടാവശ്യപ്പെട്ടു. എൻെറ ദൃഷ്ടിക്കു വിഷയീഭവിച്ചിരുന്ന ക്രൂരകൃത്യങ്ങളാൽ ഹൃദയം ജ്വലിച്ചുകൊണ്ടിരുന്നു. ബാലിൻെറ പ്രവാചകന്മാരോടു് ഏലിയാവു പറഞ്ഞ വാക്കുകൾ എൻെറ പ്രസംഗവാക്യമായി ഞാൻ തെരഞ്ഞെടുത്തു. ആഫ്രിക്കർ രണ്ടു വിഗ്രഹങ്ങളെ ആരാധിച്ചുവന്നു എന്നും അവ സ്വൎണ്ണവും വൎഗ്ഗീയവിദ്വേഷവും ആണെന്നും അതിൽ രണ്ടാമത്തേതിനെക്കുറിച്ചാണു് പ്രസംഗിപ്പാനുദ്ദേശിക്കുന്നതെന്നും ഞാൻ പ്രസ്താവിച്ചു. എൻെറ മനസ്സിലുണ്ടായിരുന്ന വികാരങ്ങൾ ആ പ്രസംഗത്തിൽ പുറത്തുവന്നു.

തദനന്തരം ഞാൻ നിരാശപ്പെട്ടു. എൻെറ പ്രസംഗം ഒരു ഫലവും ഉണ്ടാക്കിയില്ല എന്നും ആളുകൾ അതു ശ്രദ്ധിച്ചില്ല എന്നും എനിക്കു തോന്നി. എന്നാൽ ജെ. എക്സ്. മെറിമാൻ എന്നു പേരായി നിയമസഭയിൽനിന്നും വിരമിച്ച ഒരാളിൻെറ പക്കൽനിന്നും ദയാപൂൎവ്വമായ ഒരു കത്തു് എനിക്കു വന്നതിൽ "ബാലിൻെറ മുമ്പിൽ മുട്ടുമടക്കാത്തവരായി യിസ്രായേലിൽ ഞങ്ങൾ ചുരുക്കം ചിലരുണ്ടെന്നു നിങ്ങൾ അറിയണമെന്നു ഞാൻ വാഞ്ഛിക്കുന്നു. ഇവരിൽ ഒരാൾ ഒരു വിശുദ്ധനാണു്. നിങ്ങൾ അയാളെ കാണണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അയാളുടെ ഒരു പദ്യകൃതി ഇതോടൊന്നിച്ചയയ്ക്കുന്നു" എന്നെഴുതിയിരുന്നു.

ആ കൃതിയുടെ കർത്താവ് മാഷോണാലാൻഡ് എന്ന സ്ഥലത്തു പാർത്തിരുന്നയാളും, ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ ഒരു ബിരുദധാരിയും, അസാധാരണ കവിതാവാസനയുള്ളവനുമായ ആർതർ ഷർലി ക്രിപ്പ്സ് ആയിരുന്നു. അദ്ദേഹം ആഫ്രിക്കാക്കാരോടുകൂടെ അവരുടെ കഷ്ടതകൾ അനുഭവിച്ചുകൊണ്ടു ക്രിസ്തീയമായ വിധത്തിൽ ജീവിതം നയിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ ആ പദ്യകൃതി അദ്ദേഹവും ഞാനുമായി ഒരു ആത്മാർത്ഥ സ്നേഹബന്ധത്തിനു കാരണമാക്കി.

അധികതാമസമെന്യേ ആഫ്രിക്കാക്കാരായ ബൻററു ജാതിക്കാരോടും എനിക്കു വളരെ സഹതാപം തോന്നി. ഒലിവ് ഷ്രൈർനർ എന്ന എൻെറ ഒരു സ്നേഹിതയിൽനിന്ന് ആഫ്രിക്കാക്കാരെ മനസ്സിലാക്കുന്നതിന് എനിക്കു കഴിഞ്ഞു. അതേസംബന്ധിച്ചു കുറേക്കൂടെ ഗ്രഹിക്കുന്നതിനു ദക്ഷിണാഫ്രിക്കാക്കാരിയായ മിസ് മോൾടെനോ എന്നെ സഹായിച്ചു. അവരും ഒലിവ്ഷ്രൈർനരും ബാലിൻെറ മുമ്പിൽ മുട്ടുകുത്താത്തവരുടെ ഗണത്തിൽ ഉൾപ്പെട്ടവരായിരുന്നു. മിസ് മോൾടെനോയുടെ വെളുത്ത മുടിയും ക്ഷീണിച്ച മുഖവും ഞെരുക്കപ്പെട്ടവർക്കായി അവർ വ്യയംചെയ്ത അവരുടെ ജീവിതത്തിൻെറ പ്രത്യക്ഷ ഫലങ്ങളായിരുന്നു. "നിങ്ങൾ എത്രത്തോളം സഹിക്കുന്നതിനു തയ്യാറായിരിക്കുന്നുവോ അത്രത്തോളം മാത്രമെ നിങ്ങൾക്ക് ആഫ്രിക്കയുടെ ഉത്തമസന്താനങ്ങളാകുവാനും നിങ്ങളുടെ മാതാവിനെ സ്നേഹിപ്പാനും അർഹതയുണ്ടാകുകയുള്ളു; സഹിക്ക എന്നതു നമ്മുടെ ദൈവിക അവകാശം ആകുന്നു; അതു സ്നേഹത്തിങ്കലേക്കുള്ള ദൈവികപന്ഥാവത്രെ; ആഫ്രിക്കയുടെ ഭാരം വഹിപ്പാൻ നിങ്ങൾ തയ്യാറാകണമെങ്കിൽ നിങ്ങൾ ആഫ്രിക്കയെ സ്നേഹിക്കണം" എന്നിങ്ങനെ അവർ ഭാരതീയരുടെ ഒരു യോഗത്തിൽ പ്രസ്താവിക്കുന്നതു ഞാൻ കേട്ടു. കൂടാതെയും തൻെറ ചെറുപ്പകാലത്തു് ഒരു ബോവർകുടുംബത്തിൽ ജനിച്ച്, ശാന്തമായ കുന്നുകളുടെയും ശക്തിയോടെ പ്രവഹിക്കുന്ന അരുവികളുടെയും, നക്ഷത്രപ്രശോഭിതമായ പുൽതകിടികളുടെയും മദ്ധ്യത്തിൽ അവരുടെ സ്വന്തആളുകളുടെ ഇടയിൽ

പലയിടങ്ങളിലും സഞ്ചരിച്ചുവെന്നും മററും അവർ വിവരിച്ചു. അക്കാലത്തു മൂന്നു സംഗതികൾ വ്യക്തമായി അവക്കു ബോധപ്പെട്ടിരുന്നു.

അതിൽ ഒന്നാമത്തേതു സംഗീതത്തിൻെറ ശക്തി ആയിരുന്നു. സംഗീതവും, സ്നേഹഗീതം പാടുന്ന മനുഷ്യസ്വരവുംപോലെ വേറെ ഒന്നിനും ഒരു ആഫ്രിക്കാക്കാരൻെറ ഹൃദയത്തെ ഇളക്കുന്നതിനു ശക്തിയില്ല. അങ്ങിനെയുള്ള അവസരങ്ങളിൽ ദ്വേഷവും പകയും ഹൃദയത്തിൽനിന്നു നീങ്ങിപ്പോകുന്നു.

രണ്ടാമത്തേതു് സഹനത്തിൻെറ ശക്തി ആയിരുന്നു. ആഫ്രിക്കയിലെപ്പോലെ മറെറാരു രാജ്യത്തും സഹനശക്തി ആവശ്യമായിരുന്നില്ല. എന്നാൽ അവരുടെ കഷ്ടതകൾ അവരുടെ ഹൃദയത്തെ കഠിനമാക്കുകയല്ല പിന്നെയോ മൃദുവാക്കുകയത്രേ ചെയ്യുന്നതു്. അവസാനത്തിൽ സഹനത്തിൻെറ നിലവിളി ശ്രദ്ധിക്കപ്പെടുകതന്നെ ചെയ്യും.

മൂന്നാമത്തേതു് സ്ത്രീകളുടെ ധാർമ്മികശക്തിയായിരുന്നു. അതു് ഭാവിയിൽ വരാനുള്ളതാണു്. സ്ത്രീകൾ ലോകത്തിൽ എല്ലായിടത്തും ഭാരം വഹിക്കുന്നവരാണെങ്കിലും ആഫ്രിക്കയിലെപ്പോലെ ഒരു സ്ഥലത്തും സ്ത്രീകൾക്കു കഷ്ടത ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടു് അവർ അഗ്നിയിൽ ശുദ്ധിചെയ്ത സ്വർണ്ണംപോലെ കഷ്ടതയാൽശുദ്ധീകരിക്കപ്പെട്ടവരായിത്തീരും.

മിസ് മോൾടേനോ ഈ വാക്കുകൾ പ്രസ്താവിച്ചപ്പോൾ ക്രിസ്തുവിൻെറ ദൂതു് എല്ലാക്കാലത്തേക്കും എല്ലാ ആളുകൾക്കുമായി ഉള്ളതാണെന്നും; സ്നേഹം എല്ലാററിലും വലിയതാണെന്നും, സ്നേഹത്താൽ മാത്രമേ ആഫ്രിക്കയ്ക്കു വിടുതൽ ലഭിക്കുകയുള്ളു എന്നും എനിക്കു് ഒരു പുതിയ ദർശനം ലഭിച്ചു.

അത്യന്തം ഹൃദയസ്പൃക്കായ ഒരു സംഭവം പിന്നീടൊരിക്കൽ എനിക്കനുഭൂതമായി. സഹനം ഒരു ദൈവിക അവകാശമാണെന്നു മിസ് മോൾടേനോ പറഞ്ഞതിനു ദൃഷ്ടാന്തമാണതു്. എനിക്കു യാത്ര പറയുന്നതിനായി ഡർബാനിലുള്ള ഭാരതീയർ ഒരു യോഗം വിളിച്ചുകൂട്ടി. സുലുജാതിയിൽപെട്ട

വളരെ ആളുകൾ ആ യോഗത്തിൽ സന്നിഹിതരായിരുന്നു. ഞാൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ മുഖത്തെ സങ്കടഭാവം പ്രത്യേകം സൂക്ഷിക്കുകയുണ്ടായി. ഈ അവസാന യോഗത്തിനുശേഷം ഞാൻ മിയാൻഖാൻ എന്നൊരു മുസൽമാൻെറ വീട്ടിലേക്കു പോയി. അദ്ദേഹത്തോടുകൂടെയായിരുന്നു ഞാൻ താമസിച്ചിരുന്നതു്. ഞാൻ അദ്ദേഹത്തോടൊന്നിച്ചു ചായകുടിക്കുവാനിരുന്നപ്പോൾ സുളു ജാതിക്കാരുടെ നേതാക്കന്മാരിൽ രണ്ടുപേർ അവിടെ പ്രവേശിച്ചു. ഇരിക്കുവാൻ ഞങ്ങൾ അവരോടപേക്ഷിച്ചു. അവരിൽ ഒരാൾ എന്നെ ചൂണ്ടിക്കാണിച്ചുകൊണ്ടു "അയാളോടു ഞങ്ങൾക്കു് ഒന്നു ചോദിപ്പാനുണ്ടു്" എന്നു് മിയാൻഖാനോടു പറഞ്ഞു. അതു തർജ്ജിമ ചെയ്തപ്പോൾ എന്തു വേണമെങ്കിലും ചോദിക്കാമെന്നു ഞാൻ സമ്മതിച്ചു. അപ്പോൾ അയാൾ എന്നെ നോക്കിക്കൊണ്ടു് "നിങ്ങൾ ഭാരതീയരോടു സംസാരിക്കുമ്പോൾ നിങ്ങളുടെ കണ്ണിൽ സൂക്ഷിച്ചു നോക്കിയതിൽ നിങ്ങൾ അവരുടെപേക്ക് മരിപ്പാൻപോലും സന്നദ്ധനാണെന്നു ഞങ്ങൾ ഊഹിക്കുന്നു. എന്നാൽ ഞങ്ങൾക്കുവേണ്ടി മരിക്കുവാനും നിങ്ങൾ തയ്യാറാണോ?" എന്നിങ്ങനെ ചോദിച്ചു.

ലളിതമായ ഈ ചോദ്യം എൻെറ ഹൃദയത്തെ സ്പർശിച്ചു. പൂർണ്ണപരമാർത്ഥതയോടുകൂടി ഉത്തരം പറയേണ്ടതിനു ഞാൻ കുറച്ചു സമയം ചിന്താമഗ്നനായിരുന്നശേഷം ഇങ്ങനെ പ്രസ്താവിച്ചു:—"അതേ; അതിനുള്ള സമയം വരുമ്പോൾ ഞാൻ അതിനു തയ്യാറായിരിക്കും". ക്രിസ്തുവിൻെറ സേവയിൽ വർഗ്ഗീയ വ്യത്യാസത്തെപ്പററി ആലോചിക്കുവാൻ കൂടി പാടില്ലെന്നു പെട്ടെന്നു് എനിക്കു ബോധപ്പെട്ടു. സകല മനുഷ്യരും അവനിൽ ഒന്നല്ലോ. സകല മനുഷ്യരും ഒന്നായിരിക്കുന്ന ദൈവസ്നേഹം ഒന്നേയുള്ളു.

ഞാൻ സാധാരണയായി കണ്ടിരുന്ന മറെറാരു മഹാത്മാവു് ഡബ്ലിയു. ഈ. ഗ്ലാഡ്സ്റ്റൻെറ പുത്രിയായ മിസ്സസ്സ് ഡ്രൂ അത്രെ. അവക്കു ഭാരതീയരോടു പൂർണ്ണ സഹതാപം ഉണ്ടായിരുന്നു. അവിടത്തെ ഗവർണർജനറൽ ആയിരുന്ന അവ

രുടെ സഹോദരൻ ഗ്ലാഡ്സ്റ്റൻപ്രഭൃ മുഖാന്തിരം ഇക്കാര്യത്തിൽ അവർ കഴിയുന്ന സഹായങ്ങൾ ചെയ്തുതന്നു. അവരുടെ കണ്ണുകളിൽ സ്നേഹം ജ്വലിച്ചുകൊണ്ടിരുന്നു. അവർ ദുഃഖത്തിന്റെ ആഴം കണ്ടിട്ടുണ്ടായിരുന്നു. അവരും ഞാനുമായി ചെയ്ത സംഭാഷണങ്ങളും മഹാത്മഗാന്ധിയോടും പത്നിയോടും അവർക്കുണ്ടായിരുന്ന സഹതാപവും വലിയ അനുഗ്രഹങ്ങൾ ആണു്.

മഹാത്മഗാന്ധിയെ ഞാൻ ആദ്യമായി ദക്ഷിണാഫ്രിക്കയിൽവച്ചാണു കണ്ടതു്. സഹനത്താൽ വിജയം പ്രാപിക്കുന്നതിനുള്ള അസാധാരണ ശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. ഞങ്ങൾ തമ്മിൽ കണ്ട നിമിഷം മുതൽ ഞങ്ങളുടെ ഹൃദയങ്ങൾ സ്നേഹപാശങ്ങളാൽ ദൃഢബദ്ധമായി. അദ്ദേഹത്തോടുകൂടെയായിരിക്കുക എന്നതു് എന്നിൽ ഉണ്ടായിരുന്ന നല്ല ഗുണങ്ങൾക്കു് ഒരു നവജീവൻ പ്രദാനം ചെയ്യുന്നതിനും എന്നിൽ ഒരു ധൈര്യം ജ്വലിപ്പിച്ചു പ്രകാശിപ്പിക്കുന്നതിനും പര്യാപ്തമായിരുന്നു. വേദന അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏതൊന്നുതന്നെയായിരുന്നാലും അതിന്റെ നേർക്കു് അദ്ദേഹത്തിനുണ്ടായിരുന്ന ആർദ്രത അദ്ദേഹത്തിന്റെ അക്ഷീണമായ സത്യാന്വേഷണത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു.

ട്രാൻസുവാളിൽ പ്രിട്ടോറിയായ്ക്കടുത്തു ചൂടുള്ള ഒരു ദിവസം ഞങ്ങൾ രണ്ടുപേരുംകൂടെ ഒരു അരുവിക്കരികെ ഇരുന്നതു ഞാൻ ഓർക്കുന്നു. ഉയർന്ന ജീവിതനിലയിൽ എത്തിയ ജീവികൾ താണവയെ ഭക്ഷിക്കുക എന്നതു പ്രകൃതിയിൽ സാധാരണയായി കണ്ടുവരുന്ന ഒന്നായതുകൊണ്ടു മനുഷ്യൻ ഭക്ഷണത്തിനായി ഹിംസിക്കുന്നതിൽ തെററില്ല എന്നു ഞാൻ വാദിച്ചു. പെട്ടെന്നു് അദ്ദേഹം എന്റെ നേർക്കു തിരിഞ്ഞു് "ഒരു ക്രിസ്ത്യാനിയായിരിക്കെ നിങ്ങൾ അങ്ങിനെ വാദിക്കുന്നതു ശരിയോ? കർത്താവു ലോകത്തിൽ അവതരിച്ചതു ജീവനെ നശിപ്പിപ്പാനല്ല, രക്ഷിപ്പാനാണെന്നും; ക്രിസ്തുവിന്റെ ജീവൻ തന്നെ നിങ്ങൾക്കും മററുള്ളവർക്കുമായി ത്യജിച്ചതിനാൽ സത്യം കണ്ടെത്തി എന്നു നിങ്ങൾ വിശ്വസിക്കുന്നു എന്നും

ഞാൻ വിചാരിച്ചു. സകലത്തിലും ദൈവികമായ സ്വഭാവം ജീവനെ എടുക്കുകയല്ല, പിന്നെയോ ജീവനെ കൊടുക്കുകയല്ലയോ?" എന്നു പറഞ്ഞു.

അദ്ദേഹത്തിന്റെ വാക്കുകൾ ഒരു മിന്നൽപോലെ അദ്ദേഹത്തിന്റെ ആത്മാവിനെ പെട്ടെന്നു മനസ്സിലാക്കുവാൻ എനിക്കു സഹായിച്ചു. അതായതു തുടർച്ചയായി തന്റെ ജീവനെ അന്ത്യംവരെ കൊടുക്കുകയും അങ്ങനെ കൊടുക്കുന്നതിൽ സന്തോഷം കണ്ടെത്തുകയും ചെയ്യുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആദർശം. അദ്ദേഹത്തെ കണ്ടതുമുതൽ ആത്മീയജീവിതത്തിൽ ഏററവും ഉയന്ന നിലയെ പ്രാപിച്ച ഒരു ഭക്തൻ എന്നു മാത്രമല്ല പിന്നെയോ ഒരു പുതിയ ആത്മീയ സത്യവുംകൂടെ ലോകത്തിൽ ആവിർഭവിച്ചു എന്നു് എനിക്കു തോന്നി. ആ സത്യം യഥാൎത്ഥത്തിൽ പുതിയതല്ലായിരുന്നുതാനും. സഹനവും സ്നേഹവും ജയിക്കാൻ പാടില്ലാത്ത ശക്തികളാണെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ദൂതു്. മിസ് മോൾടേനോയുടെ പ്രസംഗത്തിൽ അവർ സൂചിപ്പിച്ചിരുന്ന ദൂതും ഇതുതന്നെയായിരുന്നു.

ദക്ഷിണാഫ്രിക്കയിലെ സമരത്തിൽ ആദ്യവസാനം ഞാൻ ഇതു വീക്ഷിച്ചുകൊണ്ടിരുന്നു. പീഡ അനുഭവിച്ചുവന്നിരുന്ന ആ ചെറിയകൂട്ടം ഭാരതീയർ ആദിമ ക്രിസ്ത്യാനികൾ സകലതും പൊതുവിലുള്ളതെന്നുവച്ചു് അനുഭവിച്ചുവന്ന ആ കാലഘട്ടത്തെ സ്മരിപ്പിച്ചു. പുറത്തുണ്ടായിരുന്ന വൎഗ്ഗീയവിദ്വേഷത്തിൽ നിന്നു് എത്രയും വ്യത്യസ്തമായ ഒരു ശാന്തതയും മാധുൎയ്യവും അവിടെയുണ്ടായിരുന്നു.

മഹാത്മഗാന്ധിയും അദ്ദേഹത്തിന്റെ അനുഗാമികളും തങ്ങളുടെ ആത്മീയ ജീവിതത്തിന്റെ കേന്ദ്രസ്ഥാനമാക്കിവച്ചിരുന്ന ഫീനിക്സ് ആശ്രമത്തിൽ ഞാൻ ആദ്യം ആഗതനായ ആ നിശാവേളയിൽത്തന്നെ അതെനിക്കു ബോദ്ധ്യമായി. തന്റെ പത്നിയും പുത്രന്മാരും ജയിൽവാസം അനുഭവിച്ചുകൊണ്ടിരുന്ന ആ കാലത്തു് അദ്ദേഹം താൻ സ്നേഹിച്ച പൈതങ്ങളുമായി ആ ആശ്രമത്തിൽ താമസിച്ചുവരികയായിരുന്നു.

അദ്ദേഹത്തിൻെറ കൈയിൽ ഇൻഡ്യയിലെ അയിത്തജാതിയിൽപെട്ട ഒരു പൈതലും അനാരോഗ്യവാനായ ഒരു മുസ്ലിം ചെറുബാലനും ഉണ്ടായിരുന്നു. സുളുമിഷ്യൻ വേലസ്ഥലത്തേക്ക പോകുന്ന വഴിക്ക ഭക്ഷണം കഴിക്കുന്നതിനായി സുളുജാതിയിൽപെട്ട ഒരു സ്ത്രീയും അവിടെ കുറെ സമയം താമസിച്ചു. ബോവർ ജാതിക്കാരെയും ബ്രിട്ടീഷുകാരെയുംപററി അന്ന് അവർ പറഞ്ഞ വാക്കുകൾ ഒക്കെയും ഭയപൂർവ്വം ഉച്ചരിക്കപ്പെട്ടു. "വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്നു ഉല്ലാസവും ഹൃദയപരമാർത്ഥതയുംപൂണ്ടു ഭക്ഷണം കഴിക്കയും തിരുനാമം നിമിത്തം കഷ്ടം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെട്ടുകയാൽ സന്തോഷിക്കയും ചെയ്തു" എന്നിങ്ങനെ അപ്പോസ്തല പ്രവൃത്തികളുടെപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന വാക്കുകൾ കൂടെക്കൂടെ എൻെറ സ്മൃതിപഥത്തിൽ എത്തിക്കൊണ്ടിരുന്നു.

അടുത്തദിവസം രാവിലെ, നേററലിലെ കരാർ ഏർപ്പാടുമൂലം ഗവമ്മെൻറു മേൽനോട്ടം ഉണ്ടായിരുന്നിട്ടും നടന്നുവന്ന അസുഖ സംഭവങ്ങളിൽ ഒന്നു ഞാൻതന്നെ കാണേണ്ടിവന്നു. മഹാത്മഗാന്ധിയോടുകൂടി ഞാൻ സഞ്ചരിക്കുമ്പോൾ ഒരു മനുഷ്യൻ ഒരു കരിമ്പുചെടിയുടെ അടുത്തു പതുങ്ങിയിരിക്കുന്നു. മഹാത്മാഗാന്ധിയെ കണ്ടപ്പോൾ അയാൾ അടുത്തുവന്നു പാദംതൊട്ടു നമസ്കരിച്ചശേഷം അയാളുടെ പുറത്ത് അടികൊണ്ടു പൊട്ടി കരിയാതിരുന്ന വ്രണങ്ങൾ ചൂണ്ടിക്കാണിച്ചു. അഭയത്തിനായി ഒളിച്ചോടിവന്ന ഒരാളായിരുന്നു അത്. ഞാൻ അല്പം പിന്നിലായിരുന്നതിനാൽ ശരിയായി അയാളെ കാണുന്നതിനായി കുറച്ച് അടുത്തുചെന്നു. ഒരു യൂറോപ്യനാണു ഞാനെന്നു കണ്ടപ്പോൾ, അടിക്കുമെന്നു ഭയന്നിട്ടെന്നപോലെ, അയാൾ ഞെട്ടി പിന്നോട്ടുമാറി. ഞാൻ ശത്രുവല്ല സ്നേഹിതനാണ് എന്ന് അയാളെ പറഞ്ഞു മനസ്സിലാക്കി ധൈര്യപ്പെടുത്തി. അയാളുടെ മുഖത്ത് അപ്പോൾ കണ്ടതായ ആ ഭയം കുറേ ദിവസങ്ങളിലേക്ക് എന്നെ വല്ലാതെ വിഷമിപ്പിച്ചുകൊണ്ടിരുന്നു. എൻെറ ഹൃദയം ആർദ്രമായി.

ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുന്നതിനിടയിൽ സോൽ

കണ്ടും ഞാൻ ഇംഗ്ലണ്ടിൽനിന്നു പ്രതീക്ഷിച്ചിരുന്ന കമ്പി എനിക്കു ലഭിച്ചു. എന്റെ മാതാവു് ഇഹലോകവാസം വെടിഞ്ഞു! ആ ദുഃഖവാൎത്ത ഗ്രഹിച്ച ഞാൻ ഏകാകിയായിരുന്ന ആ അവസരത്തിൽ ചുരുക്കം ചില ഭാരതീയ മാതാക്കൾ മഹാത്മഗാന്ധിയുടെ പത്നിയോടുകൂടെ എന്നെ ആശ്വസിപ്പിക്കുന്നതിനായി വന്നു. സ്നേഹവും ആൎദ്രതയും വിശ്വസ്തതയും നിറഞ്ഞ ഭാരതീയ സഹോദരികളേ നിങ്ങൾ എത്ര വിശ്വസ്തകളും ധീരകളും ആകുന്നു. എന്റെ സങ്കടാവസരത്തിൽ നിങ്ങൾ എന്റെനേൎക്ക പ്രദൎശിപ്പിച്ച ആ സ്നേഹം ഒരുനാളും ഞാൻ വിസ്മരിക്കുന്നതല്ല.

---

## അദ്ധ്യായം 16.

# ക്രിസ്തുവും വൎഗ്ഗീയത്വവും.

എന്റെ മാതാവിന്റെ മരണാനന്തരം ദക്ഷിണാഫ്രിക്കയിലെ കഷ്ടതയുടെയും സങ്കടത്തിന്റെയുമിടയിൽ, സഹനസമരം ഒരിക്കൽകൂടെ ആവൎത്തിക്കേണ്ടിവരുമോ എന്നു സംശയിച്ചിരുന്ന ആ കാലത്തു മനുഷ്യരുടെ ഹൃദയത്തിൽ ക്രിസ്തുവിന്റെ രാജ്യം എന്നതിനെപ്പററി പുതിയ പല ആശയങ്ങളും തോന്നിവരികയും അവനെക്കുറിച്ചുള്ള എന്റെ ദൎശനം കുറേകൂടെ വ്യക്തമാകയും ചെയ്തു. സമരം അവസാനിച്ചാലുടൻ ഞാൻ ഇംഗ്ലണ്ടുവഴിയായി മടങ്ങുന്നതാണെന്നു എന്റെ പിതാവിന്റേപേക്കെഴുതി. ഞാൻ ഭരമേററിരുന്ന പ്രവൃത്തിയിൽ അദ്ദേഹം ഹൃദയപൂൎവ്വമായ സഹതാപം പ്രദൎശിപ്പിച്ചിരുന്നു.

അന്നു ദക്ഷിണാഫ്രിക്കയിൽ രണ്ടു സംഗതികൾ പ്രത്യക്ഷമായിരുന്നു. ക്ഷമയോടുകൂടെ കഷ്ടത സഹിക്കുകയും, നന്മകൊണ്ടു തിന്മയെ ജയിക്കയും എന്നിങ്ങനെ ശരിയായ ക്രിസ്തീയരീതിയിൽ മഹാത്മാ ഗാന്ധിയും അനുയായികളും പ്രവൎത്തിക്കുന്നതു കണ്ടപ്പോൾ ബുദ്ധൻ ഇന്ത്യയിൽ പഠിപ്പിച്ചിരുന്ന ആൎദ്രതയുടെ പ്രമാണവും ക്രിസ്തുവിലുള്ള സാൎവ്വത്രിക സ്നേ

ഹത്തിൻെറ പ്രമാണവും തമ്മിൽ മുമ്പെങ്ങും പ്രത്യക്ഷപ്പെട്ടിട്ടില്ലാത്തവിധം ഒരു ബന്ധം കാണുന്നതിനായി ഞാൻ ശ്രമിച്ചു. മനുഷ്യജീവിതത്തിലും മനുഷ്യചരിത്രത്തിലും ആഴമായി കിടന്നിരുന്ന ഒരു രമണീയതത്വവും യോജിപ്പും ഞാൻ കണ്ടു. "എല്ലാ നല്ലദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു്, വെളിച്ചങ്ങളുടെ പിതാവിൽനിന്നു വരുന്നു; അവനു വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല" എന്നു വിശുദ്ധ യാക്കോബിൻെറ ലേഖനത്തിലെ വാക്യത്തെ കൂടക്കൂടെ എന്നെ സ്മരിപ്പിച്ചു.

രണ്ടാമതായി മഹാത്മാ ഗാന്ധിയിലും അനുഗാമികളിലും കണ്ടതും സത്യക്രിസ്തീയമെന്നു ഞാൻ ഗണിച്ചതുമായ രീതിക്കു നേരെ വിപരീതമായി പ്രവൎത്തിക്കുന്ന ക്രിസ്തുസഭയെ ഞാൻ കണ്ടു. വാക്കുകളാലല്ല പ്രവൎത്തിയാൽ വിധിക്കപ്പെടുന്നു എന്ന ക്രിസ്തീയ പ്രമാണം അനുസരിച്ചു പരിശോധിക്കുന്നപക്ഷം അവൻ ഏതു പക്ഷത്തു കാണും എന്നുള്ള സംശയത്തിനവകാശമില്ലായിരുന്നു. പ്രവൃത്തിയുമായി യാതൊരു ബന്ധവുമില്ലാതെ പ്രസംഗത്തിൽ മാത്രം ആശ്രയിച്ചിരുന്ന മതത്തെ, പുരാതനത്വംകൊണ്ടു് എത്ര മാഹാത്മ്യമുള്ളതിയിരുന്നാലും അതിനെ ശക്തിയേറിയ വാക്കുകളാലാണു് ക്രിസ്തു വിധിക്കുന്നതു്. അതിനു "കപടഭക്തി" എന്നു പേരുവിളിച്ചു. അതത്രേ "പരീശന്മാരുടെ പുളിച്ച മാവു്".

ജനറൽ സ്മട്ട്സിനെ കാണുന്നതിനായി ഞാനും മഹാത്മാ ഗാന്ധിയും കൂടെ പ്രിറോറിയായിൽ താമസിച്ചിരുന്നപ്പോൾ പലപ്പോഴും രാത്രിയിൽ ഞാൻ ഉണൎന്നു കിടന്നു നക്ഷത്രപ്രശോഭിതമായ ആകാശത്തേക്കു നോക്കി അതിൻെറ മഹത്വത്തെയും അത്ഭുതത്തെയുംപററി ചിന്തിക്ക പതിവായിരുന്നു. അതു് മദ്ധ്യവേനൽക്കാലമായിരുന്നതിനാൽ ഞങ്ങൾ വെളിംപ്രദേശത്തായിരുന്നു ഉറങ്ങിവന്നതു്. പലപ്പോഴും ഞാൻ സൂൎയ്യോദയത്തിനു മുമ്പു് ഉണൎന്നു ശാന്തമായിരുന്നുകൊണ്ടു്, എത്രയും നിസ്സാരമെങ്കിലും സാരസമ്പൂൎണ്ണമായ മനുഷ്യജീവിതത്തെയും അതിൻെറ ക്ഷണികതത്വത്തെയുംപററി ചിന്തിക്കു

ക പതിവായിരുന്നു. നിർജ്ജീവമായ ഒന്നുമില്ലായ്മയിൽനിന്നു ക്ഷണനേരത്തേക്കുമാത്രം ഉണ്ടായി പെട്ടെന്ന് ഇല്ലാതെയാവുന്ന ഒന്നാണ് മനുഷ്യജീവിതം എന്നും അതിനാൽ അതിന്റെ ഓരോ നിമിഷവും ക്രിസ്തുവിന്റെ നടത്തിപ്പിനും കല്പനയ്ക്കും അനുസരണമായി ദൈവസേവയ്ക്കു വിനിയോഗിക്കേണ്ടതാണെന്നും എനിക്കു തോന്നി.

സമരം അത്യുച്ചത്തിൽ എത്തിയിരുന്നപ്പോഴും, ഞാൻ മഹാത്മഗാന്ധിയെ സഹായിച്ചുകൊണ്ടിരുന്നപ്പോഴും, ഒരു പൂർണ്ണഹിന്ദുവും എന്നാൽ എത്രെയും ഉന്നതമായ ക്രിസ്തീയതത്വം നിറഞ്ഞതുമായ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആത്മീയ അർത്ഥം എന്തായിരിക്കുമെന്നു ഞാൻ അറിയാതെതന്നെ ചിന്തിച്ചുകൊണ്ടിരുന്നു. ഈ വിഷയത്തെപ്പററി ഞാൻ കുറെ ലേഖനങ്ങൾ പരമ്പരയായി എഴുതുകയും എന്റെ സ്നേഹിതനായ രാമാനന്ദചാറർജി അവർകൾ അതു് കൽക്കത്തായിൽ നിന്നു പുറപ്പെടുന്ന “മോഡേൺറവ്യൂ”യിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പുറമെ വ്യത്യസ്തമായിരുന്ന മതങ്ങളിൽ അന്തർലീനമായിരുന്ന ഒരു ഐക്യത്തെ ആ ലേഖനങ്ങൾ സൂചിപ്പിച്ചു. മനുഷ്യജാതി മുഴുവൻ ആത്മീയമായ നിലയിൽ യോജിക്കണമെങ്കിൽ ഈ ഐക്യത്തെപ്പററി കൂടുതൽ അന്വേഷണം നടത്തണം. എന്നാൽ ഇതിനായി സകല മതങ്ങളുടെയും ചരിത്രം പരിശോധിക്കുന്നതായാൽ അവ തമ്മിൽ ബന്ധം ഉണ്ടെന്നു കാണാവുന്നതല്ല. പിന്നെയോ തന്റെ സകല മക്കളെയും ഒരുപോലെ സ്നേഹിക്കുന്നവനും അവരെ തന്നോടും അന്യോന്യവും കൂടുതൽ അടുപ്പിക്കുന്നതിനു സർവ്വദാ ശ്രമിച്ചുകൊണ്ടിരിക്കുന്നവനുമായ ഏക പിതാവിൽനിന്നു പുറപ്പെടുന്ന ഒരു ബന്ധമാണ് ഇവതമ്മിലുള്ളതു്.

ശാപവാചകങ്ങളോടുകൂടെയുള്ള അത്താനാസ്യോസിന്റെ വിശ്വാസപ്രമാണത്തിലെ ആ ഉപദേശത്തെക്കാളും, ഇന്ത്യയിലും ചൈനായിലും “അന്ധകാരത്തിൽ കിടന്നു നശിക്കുന്ന ജാതികൾ” എന്നും മററും ഇപ്പോഴും പഠിപ്പിക്കുന്ന വൈദിക സിമ്മനാരികളിലെ ഉപദേശത്തെക്കാളും ദൈവത്തെപ്പററി

യുള്ള ഈ വിചാരം ക്രിസ്തുവിൻെറ മനസ്സിനോടു കൂടുതൽ യോജിച്ചതത്രെ. മുൻവിവരിച്ച വിധത്തിലുള്ള വാക്കുകൾ ഇന്നും പാട്ടുകളിലും പ്രസംഗങ്ങളിലും ഉപയോഗിച്ചുവരുന്നു. അങ്ങിനെ "രക്ഷിക്കപ്പെ"ടാതെ" മരിക്കുന്ന ആളുകൾ മരണശേഷം നരകത്തിൽ വേദന അനുഭവിക്കുന്നു എന്നൊരഭിപ്രായവും അതിനോടനുബന്ധിക്കപ്പെട്ടിരിക്കുന്നു.

ഈവകശോപദേശങ്ങൾ ക്രിസ്തുവിനു് അശേഷം യോജിച്ചതല്ലെന്നു കാണുകയാൽ ഞാൻ അവയെ വളരെ മുമ്പുതന്നെ ഉപേക്ഷിച്ചിരുന്നു. ഞാനും മഹാത്മാഗാന്ധിയുമായി വളരെ സ്നേഹത്തിലിരുന്നതിനാൽ ഒരു പട്ടക്കാരൻ എന്ന നിലയ്ക്കു ഞാൻ പള്ളിയിൽവച്ചു അത്താനാസ്യോസിൻെറ വിശ്വാസപ്രമാണം ചൊല്ലുന്നതിൽ പങ്കെടുക്കുന്നതു ശരിയാണോ എന്ന വിഷയത്തെക്കുറിച്ചു് അദ്ദേഹത്തിൻെറ അഭിപ്രായം ചോദിച്ചു. ഞാൻ സകലവും വിവരിച്ചു പറഞ്ഞപ്പോൾ, അദ്ദേഹം എന്നെ കുററപ്പെടുത്താതെ, അതു സംബന്ധിച്ചു് എന്തെങ്കിലും പ്രവൎത്തിക്കുവാൻ ഉടനെ എന്നെ നിർബന്ധിക്കുന്നില്ലെന്നും, എന്നാൽ ഞാൻ കുറെക്കൂടെ വിസ്തൃതമായ ഒരു വേലസ്ഥലത്തു് ക്രിസ്തുവിൻെറ ശുശ്രൂഷക്കാരനായി ക്രിസ്തീയശുശ്രൂഷ നിറവേററേണ്ട സമയംവരും എന്നും അദ്ദേഹം മറുപടി പറഞ്ഞു. ഞാൻ ലണ്ടനിൽ എത്തിയപ്പോൾ ഗോഖലെ അവർകളുമായി ഈ വിഷയത്തെപ്പററി സംസാരിക്കുകയും അദ്ദേഹവും ഇതേ മറുപടി തന്നെ പറയുകയും ചെയ്തു. എന്നാൽ പിന്നീടു ശാന്തി നികേതനത്തിൽവച്ചു രവീന്ദ്രനാഥ ടാഗോറിൻെറ സഹായത്താൽ മാത്രമാണു് എനിക്കു് ഈ വിഷമത്തിൽനിന്നും അവസാനമായ വിടുതലും സ്വാതന്ത്ര്യവും ലഭിച്ചതു്. ഈ കാലഘട്ടത്തിൽ എൻെറ മനസ്സിലുണ്ടായ ഈവകചിന്തകൾ സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്ന ക്രിസ്തുവിൻെറ ലളിത ഉപദേശങ്ങൾ ശരിയായി പഠിപ്പാൻ എന്നെ പ്രേരിപ്പിച്ചു. ദക്ഷിണാഫ്രിക്കയിലെ ഈ വിഷമങ്ങളെ ഞാൻ എതിരിട്ടപ്പോൾ എനിക്കു ലഭിച്ച പുതിയ വെളിച്ചത്തിൽ ഞാൻ ആശ്ചര്യപ്പെട്ടു. ക്രിസ്തുവിനെ വളരെ വേദനപ്പെടുത്തിയതും ത

ൻെറ ശക്തിപൂൎവ്വമായ ശാസനയ്ക്കു പാത്രമായതുമായ ഇതരവ
ൎഗ്ഗീയ വിദ്വേഷം തന്നെയാണ് ഞാൻ അവിടെ കണ്ടതു്. ഭ
ക്തനായ പരീശനു ദൃഷ്ടാന്തത്തിനായി നിന്ദ്യനായ ശമൎയ്യക്കാ
രനെ യേശു മനഃപൂൎവ്വം തിരഞ്ഞെടുത്തതെന്തുകൊണ്ടാണെന്നു
എനിക്കു മനസ്സിലായി. ചുങ്കക്കാരും പാപികളും തങ്ങളെക്കാ
ൾ മുമ്പെ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കും എന്നു പറഞ്ഞു
യേശു പരീശരെ കോപിപ്പിച്ചതും എനിക്കു മനസ്സിലായി.
കേംബ്രിഡ്ജിൽവച്ചു സുവിശേഷങ്ങൾ ശ്രദ്ധയോടുകൂടി പഠി
ക്കുന്നതിനു ഞാൻ കുറെ വൎഷങ്ങൾ ചെലവഴിച്ചെങ്കിലും ഇക്കാ
ലംവരെ ഞാൻ കാണാതിരുന്ന ഒരു സംഗതി ഇപ്പോൾ ഞാൻ
കണ്ടു. ക്രിസ്തുതന്നെ തൻെറ യുവധൈൎയ്യത്തോടും, ദൈവം ത
ൻെറ ഹൃദയത്തിലുണ്ടായിരുന്നതിനാൽ ലഭ്യമായ ശക്തിയോ
ടുംകൂടെ തൻെറ സ്വന്ത നഗരത്തിൽ സ്വജനങ്ങളുടെ ഇടയി
ൽവച്ചു ഈ സംഗതിക്കായി തൻെറ ജീവനെ കരുതാതെ
സംസാരിച്ചു. യഹൂദന്മാരല്ലാതെ ജാതികളായിരുന്ന സുറിയാ
ക്കാരനായ നയമാനും, സരെപ്തയിലെ വിധവയ്ക്കും യഹൂദന്മാ
ൎക്കു ലഭിക്കാത്ത പ്രത്യേക കൃപകൾ ദൈവം നൽകി എന്നു
താൻ നസറേത്തിൽവച്ചു് അവരോടു പ്രസ്താവിച്ചു.

ദക്ഷിണാഫ്രിക്കയിൽ ആയിരുന്നതിനാൽ അങ്ങിനെയു
ള്ള ഒരു പ്രസ്താവന ഗൗരവതരമായ ഫലം പുറപ്പെടുവിച്ചതു്
എങ്ങിനെ എന്നു മനസ്സിലാക്കുവാൻ എനിക്കു സാധിച്ചു. "അ
വർ ഇതു കേട്ടിട്ടു് എല്ലാവരും കോപം നിറഞ്ഞവരായി എഴു
നേററു് അവനെ പട്ടണത്തിനു പുറത്താക്കി, അവരുടെ പട്ടണം
പണിതിരുന്ന മലയുടെ വക്കോളം കൊണ്ടുപോയി തലകീഴാ
യി തള്ളിയിടുവാൻ ഭാവിച്ചു" എന്നു നാം വായിക്കുന്നു.

ഇതിനെയെല്ലാം കുറിച്ചു ഞാൻ ആലോചിച്ചതിൻെറ
ഫലമായി വൎഗ്ഗീയ വിദ്വേഷത്തിനു് എതിരായി ഞാൻ മുമ്പു
ചെയ്തിരുന്നതിലും അധികം ശക്തിയോടെ പ്രവൎത്തിപ്പാൻ ഉറ
ച്ചു. ഒരു ക്രിസ്ത്യാനി എന്ന നിലയ്ക്കു ഞാൻ ക്രിസ്തുവിനു സാ
ക്ഷ്യം വഹിക്കേണ്ടുന്നതിനായി എൻെറ രാജ്യക്കാൎക്കും സഹ
ക്രിസ്ത്യാനികൾക്കും എതിരായിപ്പോലും ഉറച്ചുനിൽക്കേണ്ട

താണെന്നു് എനിക്ക വ്യക്തമായി ബോധപ്പെട്ടു. എൻെറ അവകാശങ്ങളിലോ വിദ്യാഭ്യാസത്തിലോ സഭയിലോ ക്രമാശകളിലോ അല്ല, പിന്നെയോ മനസ്സാക്ഷി ശരിയെന്നു പറയുന്നതു ചെയ്യുന്നതിനെ ആശ്രയിച്ചാണു് ഒരു ക്രിസ്ത്യാനിയുടെ കത്തവ്യകമ്മം സ്ഥിതിചെയ്യുന്നതു്. ദൈവഇഷ്ടം ചെയ്യുക എന്നുള്ളതായിരുന്നു എല്ലാററിലും ഉപരിയായുള്ള സംഗതി. ക്രിസ്തുവിൻെറ അമ്മയും സഹോദരന്മാരും അവനോടു സംസാരിക്കുന്നതിനു ഭാവിച്ചപ്പോൾ അവൻ പറഞ്ഞതു് "എൻെറ അമ്മയും സഹോദരന്മാരും ആരു്? ദൈവത്തിൻെറ ഇഷ്ടം ചെയ്യുന്നവൻ തന്നെ എൻെറ സഹോദരനും സഹോദരിയും അമ്മയും ആകുന്നു" എന്നായിരുന്നു.

ക്രിസ്തുവിൻെറ ആദ്യശിഷ്യന്മാർ ദക്ഷിണാഫ്രിക്കയിൽ ഞാൻ കണ്ടതുപോലെ വർഗ്ഗീയമായും മതപരമായുമുള്ള മുൻവിധികളോടുകൂടെത്തന്നെ ജീവിതം ആരംഭിച്ചുവെങ്കിലും ക്രിസ്തുവിലുള്ള ദൈവാത്മാവു് ഇപ്രകാരമുള്ള ഇടുങ്ങിയ അതിരുകളെ അതിലംഘിച്ചു പ്രവത്തിക്കുന്നതു കണ്ടപ്പോൾ അവരും പടിപടിയായി തങ്ങളുടെ ഗുരുവിനെ അനുഗമിക്കുകയും അങ്ങിനെ അവരുടെ ഹൃദയങ്ങളിൽ നിന്നു മുൻവിധികൾ ഓരോന്നായി നീങ്ങിപ്പോകുകയും ചെയ്തു. അവൻെറ ഇഷ്ടം ചെയ്യുക എന്നു പറയുന്നതിൽ ഒരുവലിയ ഭാഗവും ഇങ്ങനെയുള്ള പ്രവൃത്തികൾ ആകുന്നു. അവർ ക്രിസ്തുവിനെ സൂക്ഷിക്കുകയും, ദൈവകരുണയുടെ നിയമത്തിനു പുറത്തുള്ളവരും അവൻെറ കൃപയ്ക്കു അന്യപ്പെട്ടവരെന്നു വിചാരിക്കപ്പെട്ടിരുന്നവരുമായ ശമറിയാക്കാരൻ, റോമശതാധിപൻ, സുറഫൊയ്നിക്യക്കാരി സ്ത്രീ എന്നിവരോടുള്ള സ്നേഹത്താൽ അവൻെറ ഹൃദയം അലിയുന്നതു കാണുകയും ചെയ്തു. ദൈവത്തിൻെറ വിചാരങ്ങളാകട്ടെ അവരുടെ മനസ്ഥിതിക്കു നേരെ വിപരീതമായ ഒന്നാണെന്നു് അവർ പഠിക്കേണ്ടിയിരുന്നു. നിന്ദിതരും പ്രത്യേക പദവികൾ ലഭിക്കാത്തവരുമായ ആളുകളെ അക്കാരണത്താൽ ദൈവം കുറവായിട്ടല്ല കൂടുതലായിട്ടാണു സ്നേഹിക്കുന്നതെന്നും അവർ മനസ്സിലാക്കേണ്ടിയിരുന്നു.

ജാതികൾ എന്നു വിളിച്ച് സമുദായത്തിൽനിന്നു തള്ളിക്കളഞ്ഞിരുന്നവരെ സഹോദരന്മാരായി സ്വീകരിക്കണം എന്നു ദൈവനടത്തിപ്പുണ്ടായപ്പോൾ, അപ്പോസ്തലന്മാർ, തങ്ങളെയും അതുപോലെ തള്ളിക്കളയും എന്നു ഭയപ്പെടേണ്ടിയിരുന്നിട്ടും മടിക്കൂടാതെ അവരെ സ്വീകരിക്കയും ദൈവത്തിനു സ്തോത്രം ചെയ്യുകയുമാണു ചെയ്തതു്. വളരെ ധൈര്യത്തോടുകൂടിയ ഒരു പ്രവൃത്തിയായിരുന്നു അതു്. യഹൂദൻ എന്നും ജാതികൾ എന്നുമുള്ള വ്യത്യാസം കൃത്യമായി പാലിച്ചുവന്ന യഹൂദസഭയുടെ അതിരിനെ തരണം ചെയ്യേണ്ടിവന്ന അവർ മുമ്പൊരിക്കലും മനസ്സിലാക്കിയിട്ടില്ലാത്തവിധത്തിൽ ദൈവസ്വഭാവത്തിൻെറയും ക്രിസ്തുവിൻ സുവിശേഷത്തിൻെറയും മനോഹരത്വം മനസ്സിലാക്കി. "ദൈവം സ്നേഹംതന്നെ" എന്ന വാക്കുകളുടെ യഥാൎത്ഥ അൎത്ഥം അവർ ഗ്രഹിച്ചു. അതു് ഭിത്തിയിൽ തൂക്കിയിട്ടിരുന്ന നിരൎത്ഥകമായ ചില വാക്കുകളായിട്ടല്ല, പിന്നെയോ മനുഷ്യരുടെ അഭിപ്രായങ്ങളെ പാടേ മാററുന്നതിനും പ്രയാസമേറിയ പല നിശ്ചയങ്ങളും ചെയ്യുന്നതിനും ഇടയാക്കുന്ന അത്ഭുതകരമായ ഒരു വാസ്തവമായിട്ടുതന്നെ അവർ മനസ്സിലാക്കി.

ഒന്നു രണ്ടു പ്രാവശ്യം അവർ പിന്മാറുകതന്നെ ചെയ്തു. പത്രോസു്, ജാതികളിൽ നിന്നു് ക്രിസ്ത്യാനികളായിത്തീൎന്നവരോടുകൂടി ഭക്ഷണം കഴിക്കുന്നതിനു വിസമ്മതിച്ച അവസരം ഇതിൽ ഒന്നായിരുന്നു. "അവനിൽ കുററം കാണുകയാൽ" പൗലൊസു് അവനു് എതിരായി നിൽക്കേണ്ടിവന്നു. എന്നാൽ പൊതുവെ നോക്കുന്നതായാൽ അവർ അത്ഭുതകരമായ ധൈര്യം പ്രദൎശിപ്പിച്ചു. അവർ പിൻതിരിയാതെ മുമ്പോട്ടുഗമിച്ചു. അവരുടെ പൂൎവ്വന്മാർ സ്വപ്നേപി വിചാരിക്കാത്തവിധത്തിൽ നൂതനമായ ഒരു വ്യാപ്തിയോടുകൂടി പ്രവൎത്തിക്കുന്നതിനു ക്രിസ്തുവിൻെറ ആത്മാവു് അവരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

ലോകത്തിലുണ്ടായിട്ടുള്ള സകല പുരോഗമനങ്ങളിലുംവച്ചു് ഒരുപക്ഷേ ഏററവും വലിയ ഒരു പടിയായ ക്രിസ്തീയ പ്രവൎത്തനത്തിൻെറ ചുരുങ്ങിയ ഒരു വിവരണമാണു് മേൽ

കൊട്ടത്തിരിക്കുന്നതു്. വിശ്വാസത്തിന്റെയും ക്രിസ്തുവിന്റെ യും നാമത്തിൽ പലവിധമായുള്ള ശക്തികൾക്കെതിരായി അപ്പോസ്തലൻ നടത്തിയ സമരത്തിന്റെ ഫലമാണു് നാം ഇന്നു ജീവിക്കുന്ന ലോകം.

ദക്ഷിണാഫ്രിക്കയിൽ വർഗ്ഗീയസംഭവങ്ങൾ ഉത്ഭവിച്ചതോടു കൂടെ ആദ്യശിഷ്യന്മാർക്കുണ്ടായ അനുഭവംതന്നെയാണു് എനിക്കും ഉണ്ടായതെന്നു ഞാൻ മനസ്സിലാക്കി. ഞാൻ ഒരുവിധത്തിലും പിന്മാറാതെ മുമ്പോട്ടു പോകണം. ക്രിസ്തുസഭയിൽ വർഗ്ഗീയത്വം സ്ഥാപിക്കുന്നതിനു ശ്രമിക്കുന്നവർ പൗലൊസിനെപ്പോലെ ഞാനും എതിർക്കേണ്ടതായി വരാം. ക്രിസ്ത്യാനികൾ എന്ന നാമം സ്വീകരിക്കാത്തവരായിട്ടുള്ളവരിൽ ക്രിസ്തുവിന്റെ ആത്മാവു പ്രവർത്തിക്കാം എന്നു ഞാൻ സമ്മതിക്കണം. വർഗ്ഗീയവും മതപരവുമായുള്ള മുൻവിധികളെ നിലനിർത്തുന്നതിനു ശ്രമിക്കുന്നവർക്കെതിരായി ഞാൻ മുൻപറഞ്ഞവരോടുകൂടെ നില്ക്കേണ്ടതാണു്. സകല മനുഷ്യരെയും ഒരുപോലെ വിചാരിക്കുന്ന ദൈവത്തിന്റെ പക്ഷത്തു ഞാൻ നില്ക്കേണ്ടതാണു്.

ഞാൻ മാത്രമല്ല, ദക്ഷിണാഫ്രിക്കയിൽ പരമാർത്ഥതയും എരിവുമുണ്ടായിരുന്ന ക്രിസ്ത്യാനികൾ പലരും മഹാത്മഗാന്ധിയുടെയും അദ്ദേഹത്തിന്റെ പത്നിയുടെയും ത്യാഗപരമായ പ്രവൃത്തി കണ്ടപ്പോൾ “ഈ നല്ല ആളുകൾ നമ്മെക്കാൾ നല്ല ക്രിസ്ത്യാനികളാണു്” എന്നു പറഞ്ഞു. ആ വാക്കുകൾ വൃഥാ മധുരവാക്കുകളായി പറഞ്ഞവയല്ല, പിന്നെയോ ഒരു ദൈവികസത്യം ഏറ്റുപറയുകതന്നെയായിരുന്നു. അവർ ജനിച്ച പ്രകാരംതന്നെ അവർ ഹിന്ദുക്കളായും മുസൽമാന്മാരായുമിരുന്നു എങ്കിലും ഈ ധർമ്മസമരക്കാർ നല്ല ക്രിസ്ത്യാനികളായി പ്രത്യക്ഷപ്പെട്ടിരുന്നു. പുതിയനിയമം വായിക്കുന്നതിലും ക്രിസ്തീയവിശ്വാസത്തെപ്പററി ഒരഭിപ്രായം രൂപീകരിക്കുന്നതിനും ഇങ്ങിനെയുള്ള സംഗതികൾകൂടെ ഗണനിക്കേണ്ടതാണു്. ഇതിന്റെ ഒക്കെ ഫലമായി ഉണ്ടാകേണ്ടതു മററുള്ളവരുടെ എന്നപോലെ എന്റെ ജീവിതത്തിലും വളരെ ശ

ക്തിയായ മാററം വരുത്തുക എന്നതായിരുന്നു. ഡർഹാമിലെ ബിഷോപ്പായിരുന്ന ഡാക്ടർ വെസ്റ്റ്കോട്ട ഞാനുമായി ഒരിക്കൽ സായാഹ്നസവാരിക്കു പോയ അവസരത്തിൽ പറഞ്ഞ വാക്കുകൾ ഞാനോർത്തു. അദ്ദേഹം പെട്ടെന്നു നിന്നു ഇപ്രകാരം പറഞ്ഞു. "അവൻ സാക്ഷാൽ മനുഷ്യപുത്രനല്ല എന്നുള്ള വിധം ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിൻെറ ഏതെങ്കിലും ഒരു വശത്തു നിന്നു മാററി നിത്തുന്നുവെങ്കിൽ അതു് അവനെ മുഴുവനായി തള്ളിക്കളയുകയാകുന്നു." അത്ഭുതസൂചകമായ നേത്രങ്ങളാൽ അദ്ദേഹം രണ്ടുമൂന്നു നിമിഷത്തേക്കു എന്നെ സൂക്ഷിച്ചുനോക്കി. അദ്ദേഹത്തിൻെറ വികാരത്തിൻെറ ശക്തിയാൽ കണ്ണുകൾ നിറഞ്ഞു. വികാരഭേദങ്ങളെ സാധാരണയായി പ്രകടിപ്പിക്കാതിരുന്ന അദ്ദേഹം തൻെറ ഹൃദയത്തിൻെറ ആഴത്തിൽ നിന്നു സംസാരിക്കുകയായിരുന്നു.

ഒരു ഹൈച്ചച്ചുകാരൻ എന്ന നിലയ്ക്കു ഞാൻ രൂപീകരിച്ചിരുന്ന അഭിപ്രായങ്ങളിൽ വരുത്തിയിരുന്ന ഭേദഗതികൾ, നാനാഭാഗത്തുനിന്നും ഞാൻ കണ്ടറിഞ്ഞ പുതിയ സത്യങ്ങളെയെല്ലാം സ്വീകരിപ്പാൻ തക്കവണ്ണം അത്ര വിപുലമായവയല്ലായിരുന്നു. എനിക്കു ലഭിച്ച ഈ പ്രകാശത്തിനനുസരണമായി ഞാൻ ജീവിക്കേണ്ടതായിരുന്നു. ഞാൻ ദിവസേന കണ്ടുകൊണ്ടിരുന്ന സത്യങ്ങളെ സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു മാൎഗ്ഗം അനുസരിക്കുക എന്നതു് എന്നെക്കൊണ്ടു് ദുസ്സാദ്ധ്യമായിത്തീൎന്നു.

ആത്മീയ കൃപകളുടെ ദൃശ്യവും സ്പൃശ്യവുമായ ബാഹ്യ അടയാളങ്ങൾക്കു പ്രാധാന്യം നൽകുന്ന ആളുകളുടെ മനസ്ഥിതി എനിക്കു പൂൎണ്ണമായി മനസ്സിലായി. ഞാനും സാധാരണയായി അങ്ങിനെയുള്ള അഭിപ്രായക്കാരനായിരുന്നതിനാൽ ഒരു ഹൈച്ചച്ചുകാരൻ ആയിത്തീൎന്നു. എന്നാൽ എല്ലാ മനുഷ്യരും അങ്ങിനെ തന്നെ ആയിരിക്കണമെന്നു നിഷ്കൎഷിക്കുകയും അങ്ങിനെ ചെയ്യാത്തവരെ മുടക്കുകയും ചെയ്ക എന്നതാണു് ഒരു വലിയതെററു്.

സുവിശേഷ ചരിത്രത്തിൽ പറയുന്ന രക്തസ്രാവമുള്ള ആ സ്ത്രീ തനിക്കു സുഖം പ്രാപിക്കുന്നതിനു യേശുവിൻെറ വസ്ത്രത്തിൻെറ തൊങ്ങൽ തൊടണമെന്നു് ആഗ്രഹിച്ചു. യേശു അവളെ ശാസിച്ചില്ല. പിന്നെയോ അവനു് അലിവുതോന്നുകയും അവളുടെ വിശ്വാസം അവളെ രക്ഷിക്കുകയും ചെയ്തു. എന്നാൽ അവളുടെ വിശ്വാസമാകട്ടെ "കർത്താവേ! ഒരു വാക്കു മാത്രം കല്പിച്ചാൽ എൻെറ ദാസൻ സൗഖ്യം പ്രാപിക്കും" എന്നു പറഞ്ഞ ആ റോമാശതാധിപൻേറതിനോടൊപ്പം ഉയൎന്ന ഒരു നിലയിൽ എത്തിയിരുന്നില്ല. ആ വിശ്വാസത്തെപ്പററിയാണു് "യിസ്രായേലിൽ പോലും ഇങ്ങിനെയുള്ള വിശ്വാസം കണ്ടിട്ടില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" എന്നു കർത്താവു പറഞ്ഞതു്.

"നിങ്ങളുടെ ഹൃദയങ്ങളെ ഉയൎത്തുവിൻ" എന്ന വാക്കുകൾ നമ്മുടെ ആത്മീയ ദൃഷ്ടിയെ സ്വൎഗ്ഗീയകാൎയ്യങ്ങളിലേക്കു പതിപ്പിക്കുന്നതിനു മാത്രമല്ല ആവശ്യപ്പെടുന്നതു്, ഏതൊരു വൎഗ്ഗത്തിലെ ജാതിയിൽ പെട്ട മനുഷ്യരുടെയും ഹൃദയത്തിൽ പ്രവൎത്തിച്ചു്, നന്മചെയ്യുന്നതിനു പ്രേരിപ്പിക്കുന്ന ദൈവാത്മാവിൻെറ അകമേയുള്ള വ്യാപാരം സൂക്ഷിക്കുന്നതിനു കൂടെയാണു് ആവശ്യപ്പെടുന്നതു്.

മഹാത്മഗാന്ധിയെയും ജനറൽ സ്മട്ട്സിനെയും സംബന്ധിച്ച ഒരു സംഭവം ഇവിടെ വിവരിപ്പാൻ ഞാൻ നിർബ്ബന്ധിതനാകുന്നു. ഭാരതീയ വനിതകളിൽ എല്ലാവരിലും വച്ചു് അധികം ജയിലിലെ കഷ്ടത അനുഭവിച്ചതു് മഹാത്മഗാന്ധിയുടെ പത്നിയായിരുന്നു. നേററലിൽ വന്ന അവസരത്തിൽ ജയിലിൽ ചെന്നു് അവരെ കാണുന്നതിനു ഞാൻ ശ്രമിച്ചെങ്കിലും സന്ദൎശനാനുവാദം നൽകത്തക്കവണ്ണം സുഖം അവൎക്കില്ലായിരുന്നു. അവിടെ താമസിച്ചപ്പോഴൊക്കെയും അവരുടെ ആരോഗ്യസ്ഥിതിയെപ്പററി ഞങ്ങൾക്കു് ആശങ്കയുണ്ടായിരുന്നു. എന്നാൽ സന്ധി സംഭാഷണങ്ങൾ ഫലപ്രദമാകുകയും മററു തടവുകാരോടുകൂടെ അവരും വിട്ടയയ്ക്കപ്പെടുകയുംചെയ്തു. എന്നാലും രോഗബാധയാൽ അവർ ദൈനംദിനം ക്ഷീണിച്ചുവന്നു.

ചില സംഗതികളെപ്പററി ശരിയായ തീരുമാനത്തിലെത്തിയിട്ടില്ലാതിരുന്നതിനാൽ പ്രിട്ടോറിയാ വിട്ടുപോകുന്നതിൽ ഞങ്ങൾക്കപ്പോൾ സൗകൎയ്യമില്ലായിരുന്നു. എന്നാൽ സംഗതികളെല്ലാം തീർച്ചയാക്കുകയും അവസാനകൃത്യമായി ഒരു ഉടമ്പടിക്കു ജനറൽ സ്മട്ട്സ് ഒപ്പു വയ്ക്കുകമാത്രം നടക്കേണ്ടിയിരിക്കയും ചെയ്തപ്പോൾ ഉണ്ടായ ഒരു പണിമുടക്കുനിമിത്തം ആ കൃത്യനിൎവ്വഹണത്തിനു കുറച്ചുദിവസങ്ങൾക്കു ശേഷമേ ജനറൽ സ്മട്ട്സിനു സമയമുണ്ടാകയുള്ളു എന്നു ഞങ്ങൾ അറിഞ്ഞു. തദവസരത്തിൽ "പത്നി ആസന്നമരണയായിരിക്കുന്നു" എന്നൊരു കമ്പി മഹാത്മാഗാന്ധിക്കു ലഭിച്ചു. ജനറൽ സ്മട്ട്സിനെക്കൊണ്ടു് ഒപ്പുവയ്പിക്കുന്ന സംഗതി എന്നെ ഏല്പിച്ചുംവച്ചു ഉടൻ തന്നെ യാത്രതിരിക്കുന്നതിനു ഞാൻ മഹാത്മഗാന്ധിയെ നിർബന്ധിച്ചു. സ്വന്ത ആവശ്യത്തിനായി ഒരു പൊതുകാൎയ്യനിൎവ്വഹണത്തിനു വീഴ്ചവരുത്തുന്നതു യുക്തമല്ല എന്നു പറഞ്ഞു് അദ്ദേഹം അതിനു വിസമ്മതിക്കയാണുണ്ടായതു്. പാറപോലെ ഉറച്ചിരുന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഇളക്കുന്നതിനു് എനിക്കു സാധിച്ചില്ലെങ്കിലും അദ്ദേഹം വളരെ മനോവ്യസനം അനുഭവിച്ചിരുന്നു എന്നു ഞാൻ കണ്ടു. ആ രാത്രിയിൽ ഉറങ്ങുവാൻ എനിക്കു സാധിച്ചില്ല. അടുത്ത ദിവസം രാവിലെ തന്നെ ജനറൽ സ്മട്ട്സിനെ ചെന്നുകണ്ടു് അദ്ദേഹത്തിന്റെ ഒപ്പു വാങ്ങിക്കണമെന്ന ഒരു വിചാരം അദ്ധരാത്രിക്കുശേഷം പെട്ടെന്നു് എന്റെ മനസ്സിലുണ്ടായി. ഈ വിചാരം എനിക്കു കുറച്ചു് ആശ്വാസം നൽകിയതിനാൽ ഞാൻ ഉറങ്ങി.

പിറേറദിവസം രാവിലെ ആറുമണികഴിഞ്ഞപ്പോൾ ഞാൻ ഗവൺമെൻറു മന്ദിരത്തിലെത്തി. പണിമുടക്കുനിർത്തുന്നതിനായി അദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നതിനാൽ ദിവസവും അതിരാവിലെ തുടങ്ങി ദീർഘയാത്രകൾ കഴിക്കുക പതിവായിരുന്നു. ഏഴുമണിക്കു ഞാൻ അദ്ദേഹത്തെ കണ്ടു സംഗതികൾ വിവരിച്ചപ്പോൾ അദ്ദേഹം സ്തബ്ധനായി നിന്നുപോയി. അദ്ദേഹത്തിലുണ്ടായിരുന്ന ആർദ്രതയുടെ പ്രേരണയാൽ ഒപ്പു

വെക്കാനുള്ള ഉടമ്പടി കൊണ്ടുവന്നിട്ടുണ്ടോ എന്നു ചോദിച്ചു. അതു വായിച്ചശേഷം എല്ലാ സംഗതികളും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് "ഉവ്വ്" എന്നു ഞാൻ മറുപടി പറഞ്ഞപ്പോഴേക്ക് അദ്ദേഹം അതിൽ ഒപ്പുവച്ചുകഴിഞ്ഞു. ഞാൻ സന്തോഷത്തോടുകൂടെ അതുംകൊണ്ടു മഹാത്മ ഗാന്ധിയുടെ അടുക്കലേക്കു വേഗത്തിൽ പോകുകയും ചെയ്തു. അന്നുതന്നെ ഞങ്ങൾ ഡർബാനിലേക്കു പുറപ്പെട്ടു. വഴിമദ്ധ്യേ ഗാന്ധിയുടെ പത്നിക്കു സുഖമുണ്ടെന്നുള്ള സന്തോഷവാർത്ത ഞങ്ങൾക്കറിവാനിടയായി.

ദക്ഷിണാഫ്രിക്കയിൽ ഇരുപതുവർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ദൃഷ്യങ്ങളാണു ഞാൻ വിവരിച്ചതു്. ഇക്കാലത്തിനിടയ്ക്കു ദക്ഷിണാഫ്രിക്കയിലെ ക്രിസ്തുസഭയിൽ ഒരു ഉണർവ്വുണ്ടാകുകയും ഡച്ചുകാരും ഇംഗ്ലീഷുകാരുമായ പല യുവാക്കന്മാരും ക്രിസ്തുവിൻെറ ഉപദേശത്തെ കുറേക്കൂടെ ശരിയായി അനുസരിപ്പാൻ ശ്രമിക്കയുമുണ്ടായി. ക്രിസ്തുവിൻെറ ശിഷ്യത്വത്തിൻെറ സന്തോഷം പല സഭകളിലേക്കും തിരിയെ വന്നിട്ടുണ്ടു്. ആത്മീയമായ ഒരു ഉന്മേഷം വ്യക്തികളിൽ ജനിപ്പിക്കുന്നതിന് "ഓക്സ്ഫോർഡു ഫെലോഷിപ്പു മൂവ്മെൻറു്" എന്ന പ്രസ്ഥാനം വളരെ സഹായിച്ചിട്ടുണ്ടു്. ടാസ്റ്റെല്ലെൻബോഷ് എന്ന സർവ്വകലാശാലയിലും ഡച്ചുനവീകരണസഭയിൽ മുഴുവനും ഒരു നവജീവൻ പ്രത്യക്ഷപ്പെട്ടു. വർഗ്ഗീയത്വമനസ്ഥിതിയെ ഒന്നു് ഉടയ്ക്കുന്നതിനും, ജീവനുള്ള ക്രിസ്തുവിൻ ആത്മാവു് വിശ്വസ്തജനങ്ങളുടെ ആത്മാക്കളെയും ഹൃദയങ്ങളെയും ജീവിപ്പിക്കയും അവരെ ദൈവിക സ്നേഹത്താൽ നിറയ്ക്കുകയും ചെയ്യുന്നു എന്നതിനും ഇതൊക്കെയും ലക്ഷ്യങ്ങളായിരിക്കുന്നതു് ആശ്വാസജനകമാണു്.

ഭാരതീയരുടെ സംഗതികൾ ഒരുവിധത്തിൽ ക്രമപ്പെടുത്തിയ ഉടനെ ഞാൻ ലണ്ടനിൽ സുഖക്കേടായിക്കിടന്നിരുന്ന ഗോഖലെയെ കാണുന്നതിന് ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു. പിതാവിൻെറ കൂടേ കുറേക്കാലം താമസിക്കാമെന്നു മുമ്പു ഞാൻ പറഞ്ഞിട്ടുമുണ്ടായിരുന്നു. എൻെറ മാതാവിൻെറ മരണാനന്ത

രം അദ്ദേഹം നിസ്സഹായനായിരുന്നതിനാൽ എന്റെ ഈ സന്ദർശനം അദ്ദേഹത്തിന്റെ വാർദ്ധക്യദശയിൽ ഉണ്ടായ സന്തോഷങ്ങളിൽ ഏററവും വലിയ ഒന്നായിരുന്നു. ദക്ഷിണാഫ്രിക്കയിലെ വിവിധ സംഭവങ്ങളിൽ അദ്ദേഹം വളരെ സഹതാപവും ശ്രദ്ധയും പ്രദർശിപ്പിക്കുകയും എന്റെ മാതാവു് അന്ത്യംവരെ ആ സംഗതികളെക്കുറിച്ചു താൽപര്യപൂർവ്വം അന്വേഷിച്ചുവന്നു എന്നു പറകയുമുണ്ടായി. എന്റെ മാതാവിന്റെ ദേഹവിയോഗം നിമിത്തം അതിയായ ദുഃഖമുണ്ടായിരുന്നെങ്കിലും വീട്ടിലേക്കുള്ള എന്റെ പ്രത്യാഗമനം എനിക്കു് സന്തോഷപ്രദമായിരുന്നു.

എന്നാൽ സഭയെ അഭിമുഖീകരിച്ചുകൊണ്ടിരുന്ന വിഷമപ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കു് വളരെ നിരാശയും സങ്കടവും ഉണ്ടായി. ദി ഈസ്റ്റ് ആൻഡ് ദി വെസ്റ്റ് എന്ന ത്രൈമാസപത്രികയിൽ ഞാൻ "സഭയിലെ വർഗ്ഗീയതപം" എന്ന വിഷയത്തെപ്പററി ഇപ്രകാരം എഴുതി. "സ്വവർഗ്ഗത്തിലുള്ളവരല്ലായ്കയാൽ സഹവിശ്വാസികളോടുകൂടി ഭക്ഷണം കഴിക്കുവാൻ പത്രോസു വിസമ്മതിച്ചകാലത്തിനു ശേഷം സഭയെ ഭയപ്പെടുത്തിയിരുന്ന അപകടങ്ങളിൽ ഏററവും വലിയതു് ഈ 'വർഗ്ഗീയതപം' മാത്രമാണു്. ക്രിസ്തുസഭയുടെ മദ്ധ്യസ്ഥാനമായ സക്രമെന്തിലാണു് ഈ വർഗ്ഗീയവ്യത്യാസം ശക്തിയായി പതിഞ്ഞിരിക്കുന്നതു്."

ഈ വാചകം ഇതരക്രൈസ്തവപത്രങ്ങളിലും ഉദ്ധരിക്കപ്പെട്ടു. വർണ്ണവ്യത്യാസത്താൽ കളങ്കപ്പെട്ടു് സ്വന്ത നാഥനായ കർത്താവിനെപ്പോലും ഉപേക്ഷിച്ചതായ ഒരു ക്രിസ്തീയതപത്തിന്റെ അപമാനത്തെപ്പററി ഞാൻ ശക്തിയുക്തം തീക്ഷ്ണതയോടെ സംസാരിച്ചു. ക്രിസ്തീയസഭകളുടെ അതിരുകളെപ്പററി നടന്നുകൊണ്ടിരുന്ന "കികയുവാദം" എന്ന പേരിൽ അറിയപ്പെട്ടതായ അക്കാര്യം ഈംഗ്ലണ്ടിൽ ധാരാളം ആളുകളുടെ ശ്രദ്ധയെ ആകർഷിച്ചിരുന്നതിനാൽ വർഗ്ഗീയതപത്തിനെതിരായി ഞാൻ ഉയർത്തിയ ശബ്ദം സഭയിൽനിന്നു് ഒരു പ്രതിദ്ധ്വനിപോലും ഉത്ഭവിപ്പിക്കുന്നതിനു ശക്തമാകാതെ

നശിക്കയാണുണ്ടായതു്. ബുദ്ധിപൂൎവ്വമായോ സഹതാപസമന്വിതമായോ ഉള്ള ഒരു അന്വേഷണവും ഞാൻ ഒരിടത്തും കണ്ടില്ല. അതിനുശേഷം കേംബ്രിഡ്ജ്മിഷ്യന്റെ ഇടുങ്ങിയ പരിതസ്ഥിതികൾ വിട്ടു കുറെക്കൂടെ വ്യാപ്തിയുള്ള ഒരു ലോകത്തിലേക്കു് ഇറങ്ങുന്നതിനുള്ള നിശ്ചയത്തോടുകൂടെ ഞാൻ ഇൻഡ്ധ്യയിലേക്കു തിരിച്ചു.

അനേക വർഷങ്ങളായി ഞാൻ ഇതിനായി പ്രാൎത്ഥിക്കുകയും ഈ വിഷയത്തിൽ ദൈവനടത്തിപ്പിനായി കാത്തിരിക്കുകയും ചെയ്തുവന്നിരുന്നു. എല്ലാററിനും മേലായി ഈ രാജ്യത്തെ ആളുകളുമായി പൂൎണ്ണമായി ചേരുന്നതിനും എന്റെ സന്ധിപ്പിനായി വിദേശങ്ങളിൽ നിന്നൊന്നും സ്വീകരിക്കാതിരിപ്പാനും ഞാൻ തീർച്ചയാക്കി. പൊതുകാൎയ്യങ്ങളിൽ പ്രവൎത്തിക്കുന്നതിനുള്ള പുതിയ വിളി ഉണ്ടാകുമ്പോൾ അതനുസരിക്കുന്നതിനുള്ള സ്വാതന്ത്ര്യവും എനിക്കു വേണ്ടിയിരുന്നു. മററു രാജ്യങ്ങളിൽ ജോലി ചെയ്തുവന്ന ഭാരതീയകൂലിവേലക്കാരുടെ കാൎയ്യത്തിലും ഞാൻ പ്രവൎത്തിക്കേണ്ടിവരും എന്നു മിക്കവാറും തീർച്ചയായിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു ഞാൻ ക്രിസ്തുവിനെ അനുഗമിക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ "ആഴത്തിലേക്കു നീക്കേണ്ട"താവശ്യമാണെന്നു എനിക്കു ശക്തിയായി ബോധപ്പെട്ടു.

ഒരു പ്രത്യേക രീതിയിൽ ദൈവം തന്റെ പ്രവൃത്തിക്കായി എന്നെ വിളിക്കുകയാണെന്നു കേംബ്രിഡ്ജ്ബ്രദർ ഹുഡും അതിന്റെ അദ്ധ്യക്ഷനായിരുന്ന ഓൾനട്ടും മനസ്സിലാക്കി. അതുകൊണ്ടു ഞങ്ങളുടെ ക്രിസ്തീയസ്നേഹത്തിന്റെയും സംസൎഗ്ഗത്തിന്റെയും അകമേയുള്ള ബന്ധത്തിനു യാതൊരു ഹാനിയും കൂടാതെ പിരിയുന്നതിനു സാധിച്ചു. ധ്രുതഗതിയായും ആലോചനയില്ലാതെയും ഞാൻ ചെയ്ത പല സംഗതികളിലും ബിഷോപ്പിന്റെയും ഓൾനട്ടിന്റെയും ക്ഷമ പരീക്ഷിച്ചെങ്കിലും അവർ സ്നേഹപൂൎവ്വം എന്റെ സ്ഥിതി ഗ്രഹിച്ചു.

ഇക്കാലത്തു് ഇൻഡ്ധ്യ പുതിയ ഒരു ജീവന്റെ പ്രസരിപ്പോടുകൂടിയിരുന്നു. സമുദായം അതിന്റെ പഴയ സീമകളെ

അതിലംഘിച്ചു മുമ്പോട്ടു ഗമിച്ചു. ക്രിസ്തീയവിശ്വാസത്തിൽ പരീക്ഷണങ്ങൾ നടത്തുകയും നവീനമാൎഗ്ഗത്തിൽക്കൂടി പ്രയാണം ചെയ്യുകയും ചെയ്യേണ്ട കാലമായിരുന്നു അതു്. എന്നെ സംബന്ധിച്ചിടത്തോളം താമസം ആപല്ക്കരവുമായിരുന്നു.

സുസിൽരുദ്രായുമായുള്ള യാത്രപറച്ചിൽ വളരെ പ്രയാസമേറിയ ഒന്നായിരുന്നു. അദ്ദേഹം എനിക്കു് സഹോദരനെക്കാൾ അടുത്ത ഒരു ബന്ധുവായിത്തീൎന്നിരുന്നു. അക്കാലത്തു ഞാൻ അതറിഞ്ഞില്ലെങ്കിലും അദ്ദേഹത്തിൻെറ സൎവ്വശക്തികളെയും ക്ഷയിപ്പിക്കുന്ന ഒരു പൊറുക്കാവ്യാധി അദ്ദേഹത്തെ കടന്നുപിടിച്ചിരുന്നു. അദ്ദേഹത്തിനു് അങ്ങനെ സംശയമുണ്ടായിരുന്നെങ്കിലും എന്നോടതേപ്പററി യാതൊന്നുംതന്നെ പറഞ്ഞില്ല. ഒരതിരുമില്ലാതിരുന്ന അദ്ദേഹത്തിൻെറ നിസ്വാൎത്ഥത, അദ്ദേഹത്തിൻെറ പേൎക്കായി ഞാൻ ഒരുദിവസമെങ്കിലും താമസിക്കുന്നതിനു് എന്നെ അനുവദിച്ചില്ല.

ആ വ്യത്യാസം സംഭവിച്ചതെങ്ങനെയെന്നു ഞാൻ വിവരിക്കട്ടെ. അതിനായി ഈ ചരിത്രത്തിൽ കുറച്ചു പിന്നോട്ടു പോകേണ്ടിയിരിക്കുന്നു.

രവീന്ദ്രനാഥടാഗോറിൻെറ നാമം, ഞാൻ ഇൻഡ്യയിൽ വന്ന സമയം മുതൽ എനിക്കു് ഒരു ദീപംപോലെയായിരുന്നു. ഭാരതീയസാഹിത്യത്തിലും തത്വശാസ്ത്രങ്ങളിലുമുള്ള ഉൽകൃഷ്ടമായ സകലത്തിൻെറയും പ്രതിപുരുഷനായിട്ടാണു ഞാൻ അദ്ദേഹത്തെപ്പററി വിചാരിച്ചിരുന്നതു്. അദ്ദേഹത്തിൻെറ സ്വഭാവവും അദ്ദേഹത്തിൻെറ കൃതികളെപ്പോലെ ഉൽകൃഷ്ടങ്ങളായിരുന്നു. ഡൽഹി കൽക്കത്തായിൽനിന്നു് ആയിരം നാഴിക ദൂരത്തായിരുന്നതിനാൽ അദ്ദേഹത്തെ കാണുന്നതിനു എനിക്കൊരിക്കലും സാധിച്ചിരുന്നില്ല. ബംഗാളിൽ താമസിച്ചിരുന്ന വില്ലിപേഴ്സൻ എന്ന എൻെറ സ്നേഹിതൻ മുഖേന ഞാൻ അദ്ദേഹത്തെപ്പററി പലപ്പോഴും കേട്ടിട്ടുണ്ടു്. അയാൾ അദ്ദേഹത്തെപ്പററി എപ്പോഴും സ്നേഹാദരപുരസ്സരം സംസാരിച്ചിരുന്നു. ഒടുവിൽ ഞാൻ കാത്തിരുന്ന ആ പ്രത്യേക

അവസരം ഇൻഡ്യയിൽവച്ചല്ല പിന്നെയോ ലണ്ടനിൽവച്ച എനിക്കു ലഭിച്ചു.

1911-ൽ ഗ്രീഷ്മകാലത്തു ഒരു ദിവസം ഹാംസ്റ്റെഡ്ഹീത്തിലുള്ള തൻെറ താമസസ്ഥലത്തു ചെല്ലുന്നതിനു റോതൻസ്റ്റയിൻ എന്നെ ക്ഷണിച്ചു. അന്ന് രവീന്ദ്രനാഥടാഗോർ ലണ്ടനിലുണ്ടായിരുന്നു. ഡബ്ള്യു. ബിയേററ്സ് ഗീതാഞ്ജലിയിലെ ഏതാനും ഭാഗങ്ങൾ അന്നു വായിച്ചുകേൾപ്പിച്ചു. അന്ന്, ആ കവിയെ കാണുകയും അദ്ദേഹത്തിൻെറ കവിത ശ്രദ്ധിക്കയും ചെയ്ത അവസരത്തിൽ ഭാരതീയ നാഗരികതത്വത്തിൻെറ ഉൽകൃഷ്ടത എനിക്കു ശക്തിയായി ബോധപ്പെട്ടു. അദ്ദേഹം അന്നു ലണ്ടനിൽ സുപരിചിതനല്ലായിരുന്നു. ശരീരസുഖമില്ലാതെയുമിരുന്നു. അതുകൊണ്ട് അദ്ദേഹത്തിൻെറ കവിതകൾ ധാരാളമായി ആളുകൾ വായിച്ചുകൊണ്ടിരുന്ന അക്കാലത്തും അദ്ദേഹം പിന്നിൽ തീരെ മറഞ്ഞെന്നപോലെ നിന്നതേയുള്ളു. ഞാൻ അദ്ദേഹത്തോടു സംസാരിക്കുന്നതിനായി അടുത്തു ചെന്നപ്പോൾ എൻെറ ഹൃദയം വികാരനിബിഡമായിരുന്നതിനാൽ സംസാരിക്കുക എന്നതെനിക്കസാദ്ധ്യമായി. എന്നാൽ എൻെറ മനസ്സിലുണ്ടായിരുന്ന ആശയങ്ങളെ ഞാൻ പറയാതെ അദ്ദേഹം മനസ്സിലാക്കി. അതിൻെറശേഷം ഹാംസ്റ്റെഡ്ഹീത്ത് എന്ന മൈതാനത്തു ചെന്നു കുറെ മണിക്കൂറുകൾ ഞാൻ കേട്ട സംഗതികളെപ്പററിയും അവ എൻെറ ജീവിതത്തെ എങ്ങിനെ സ്പർശിക്കും എന്നതിനെപ്പററിയും ആലോചിച്ചു അങ്ങോട്ടുമിങ്ങോട്ടും നടന്നു. അതു് എനിക്ക് ആന്തരികമായി കൂടുതൽ പ്രകാശവും തെളിവായ ദർശനവും ഉണ്ടായിരുന്ന ഒരു രാത്രിയായിരുന്നു.

ഡൽഹിയിൽ വിദേശ്യരുടെ വകയായി നടത്തുന്ന ഒരു മിഷ്യൻസ്ഥാപനയിൽവച്ച് എനിക്കു പഠിക്കുവാൻ നിവൃത്തിയില്ലാത്തവിധം ഭാരതത്തെ പഠിക്കാനായി, അദ്ദേഹം അനുവദിക്കുന്നപക്ഷം, ശാന്തിനികേതനത്തിൽ അദ്ദേഹത്തിൻെറ ആശ്രമത്തിൽ പോയി താമസിക്കുന്നതിനു ഞാൻ തീരുമാനിച്ചു. കവിയുടെ അനുവാദത്തോടുകൂടെ അതുപോലെ

ചെയ്യുന്നതിനു വില്ലിപേഴ്സനും തീരുമാനിച്ചു എന്നറിഞ്ഞ പ്പോൾ എൻെറ സന്തോഷം സീമാതീതമായിരുന്നു. എന്നാൽ എൻെറ ആഗ്രഹാനുസരണം പ്രവർത്തിക്കുന്നതിനു് ആ സമയത്തു് എനിക്കു സൗകര്യമില്ലാതെവന്നെങ്കിലും അതിനുവേണ്ടി നോക്കിപ്പാർക്കുന്നതിൻെറ സന്തോഷം ദക്ഷിണാഫ്രിക്കയിലെ പല പ്രയാസങ്ങളിലും എന്നെ താങ്ങിപ്പോന്നു.

ഭാരതത്തിൻെറ ധാർമ്മികമായ ഭംഗി നേരിട്ടറിയുന്നതിനു ഞാൻ ആഗ്രഹിച്ചു; പലപ്പോഴും സാധിക്കയും ചെയ്തു. ചിലപ്പോൾ ഞാൻ കണ്ട ചില മുഖങ്ങളിൽ അതു ഞാൻ തിരിച്ചറിഞ്ഞു. എന്നാൽ ഡൽഹിയിൽ എനിക്കതു പൂർണ്ണമായി ഗ്രഹിപ്പാൻ സാധിച്ചില്ല. വിദ്യാഭ്യാസവിഷയത്തിൽ ഗവർമ്മെൻറിൻെറ ഇടുങ്ങിയ നയത്തോടു ഞാൻ സദാ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. "വിദേശ"മിഷ്യൻവേല എന്ന നാമകരണം ചെയ്യപ്പെടുവാൻ സർവഥാ അർഹതയുണ്ടായിരുന്നു എങ്കിലും വിദേശ്യം എന്ന ഭാഗത്തോടു് എനിക്കു പൂർണ്ണമായ വിരക്തിയാണുണ്ടായിരുന്നതു്. വിദേശ്യനായിരിപ്പാൻ ഞാൻ കാംക്ഷിച്ചില്ല. ഭാരതീയരുമായി സകലത്തിലും ഒന്നായിരിപ്പാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ ക്രിസ്തുവിനെ മനുഷ്യപുത്രനായി ഇൻഡ്യയിൽവച്ചു കാണണമെങ്കിൽ ഞാൻ അവരിൽ ഒരുവനേപ്പോലെയാകേണ്ടതായിരുന്നു.

ഭാരതത്തിനു നൂതനമായ ഒരു ജീവൻ ആസന്നമായിരുന്നു. ഞാൻ ഡൽഹിയിൽ എൻെറ പരിശീലനം തികച്ചു. അതിനാൽ സ്വതന്ത്രമായി പ്രവർത്തിക്കേണ്ട സമയം വന്നു. ദക്ഷിണാഫ്രിക്കയിലേക്കു പോകുവാൻ തദവസരത്തിൽ മിസ്റ്റർ ഗോഖലെ ആവശ്യപ്പെട്ടില്ലായിരുന്നെങ്കിൽ ശാന്തിനികേതനത്തിൽ ചേരുന്നതിനു ഞാൻ അനുവാദം ചോദിക്കുമായിരുന്നു. എന്നാൽ ഞാൻ തിരികെ വന്നതിനുശേഷം ഡൽഹിയിൽനിന്നു പിരിയുന്നതു കുറേക്കൂടെ എളുപ്പവുമായി. 1914 ഈസ്റ്റർകാലത്തു ഞാൻ ഡൽഹി വിട്ടു.

കവി അദ്ദേഹത്തിൻെറ സ്വാഭാവികമായ ഔദാര്യബുദ്ധിയോടുകൂടെ എന്നെ സ്വീകരിച്ചു. ഞാൻ എൻെറ ക്രിസ്തീയ

ചുമതലകളെ നിർവ്വഹിക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. അതുകൊണ്ടു ശാന്തിനികേതനത്തിൽ താമസിക്കുന്ന സമയം ഞാൻ ബർഡ്വാനിലുള്ള ഒരു ചെറിയ പള്ളിയിൽ ഞായറാഴ്ചതോറും ശുശ്രൂഷ നടത്തിക്കൊള്ളാമെന്നു ബിഷോപ്പിന്റെ പേക്കെഴുതി. അതു് സുശീലൻ തന്റെ ചെറുപ്പകാലത്തു് അയാളുടെ പിതാവു് ശുശ്രൂഷ നടത്തിയ ഇടവകയായിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ത്രിത്വഞായറാഴ്ചയായി. അന്നു് അവിടെയുള്ള ഏക പട്ടക്കാരൻ എന്ന നിലയ്ക്കു ഞാൻ അത്താനാസ്യോസിന്റെ വിശ്വാസപ്രമാണം ചട്ടം അനുസരിച്ചു ചൊല്ലേണ്ടതായിവന്നു. ഞാൻ ശാന്തിനികേതനത്തിൽ വന്നിട്ടു കുറച്ചുകാലമേ ആയിരുന്നുള്ളു. സമാധാനപരവും സ്നേഹം നിറഞ്ഞതുമായ ഒരു ജീവിതം ക്രിസ്തേതരന്മാരുടെ ഇടയിൽ ഞാൻ നയിച്ചുകൊണ്ടിരിക്കയായിരുന്നു. വിശ്വാസപ്രമാണത്തിലെ ആ ശാപവാക്കുകളെ ഉച്ചരിക്കുകയും അവരുമായി ആത്മാവിൻ ഐകമത്യത്തിൽ ഇരിക്കുകയും സാദ്ധ്യമല്ല എന്നു ഞാൻ മനസ്സിലാക്കി. അതുകൊണ്ടു ഞാൻ വിശ്വാസപ്രമാണം വിട്ടുകളഞ്ഞു. അങ്ങിനെ ചെയ്യുമ്പോൾതന്നെ ഞാൻ ഭീരുത്വമായി പ്രവർത്തിക്കയാണെന്നും എന്റെ മനസ്സാക്ഷിയെ അഗണ്യമാക്കുകയാണെന്നും എനിക്കു ബോദ്ധ്യപ്പെട്ടു.

ശാന്തിനികേതനത്തിൽ തിരികെ വന്നു് കവിശ്രേഷ്ഠന്റെ നിർമ്മലമായ വദനം ദർശിച്ചപ്പോൾ ഞാൻ ഭോഷ്ക്കു് നിറഞ്ഞ ഒരു ജീവിയെന്നു് എനിക്കു ബോധ്യപ്പെട്ടു. ഞാൻ ക്രിസ്തുവിന്റെ ന്യായാസനത്തിൻമുമ്പാകെ നിൽക്കുന്നതുപോലെ എനിക്കു തോന്നി. ഞാൻ സകലവും അദ്ദേഹത്തോടു തുറന്നു പറഞ്ഞു.

ആദ്യം അദ്ദേഹം വളരെ വിഷമത്തിലായി. ഞാൻ ധൃതഗതിയായി ഒന്നും ചെയ്യരുതു് എന്നു് പറഞ്ഞു. എന്നാൽ ധൃതഗതിയായ ഒരു പ്രവൃത്തി അല്ലായിരുന്നു അതു്. അനേക സംവത്സരങ്ങളായി നടന്നുകൊണ്ടിരുന്ന ഒരു സമരത്തിന്റെ പര്യവസാനവുമായിരുന്നു.

അന്നു സങ്കടകരമായ രണ്ടു കത്തുകൾ എഴുതേണ്ടിയിരു

നു. ഇന്നകാരണങ്ങളാൽ ബർഡ്വാനിലെ പള്ളിയിൽ ശുശ്രൂഷനടത്തുന്നതു് എനിക്കു് സാദ്ധ്യമല്ല എന്നു് ബിഷോപ്പവർകളെ അറിയിക്കുന്നതായിരുന്നു ഒന്നു്. മറേറതു് എൻെറ പിതാവിൻെറ പേക്കായിരുന്നു. വാൎദ്ധക്യം നിമിത്തം ക്ഷീണിച്ചിരുന്ന അദ്ദേഹത്തിനു് അതു് ഒരു സംഭ്രമകാരണമായിത്തീരുമോ എന്നു് ഞാൻ ഭയപ്പെട്ടു. ഞാൻ അദ്ദേഹത്തെ എൻെറ മാതാവിൻെറ മരണശേഷം സന്ദൎശിച്ചതിൽ പിന്നെ ഞാൻ കൎത്താവിൻെറ കൈയിൽ ആണെന്നു് അദ്ദേഹം പൂൎണ്ണമായി വിശ്വസിച്ചിരുന്നു.

അതിനുശേഷം ഞാൻ യാതൊരു ബിഷോപ്പന്മാരുടെയും കീഴിൽ പൗരോഹിത്യവേല സ്വീകരിച്ചിട്ടില്ല. എന്നാൽ ഞാൻ സഞ്ചരിച്ച രാജ്യങ്ങളിൽ ഒക്കെയും ഞാൻ ആംഗ്ലിക്കൻ സഭയുടെ ഒരംഗമായിരിക്കയും ചിലയിടങ്ങളിൽ പ്രസംഗിക്കുകയും വിശുദ്ധ സംസൎഗ്ഗശുശ്രൂഷ ആചരിക്കുകയും ചെയ്തിട്ടുണ്ടു്. അതു യാതൊരു വ്യത്യാസവുമില്ലാതെ മററു ക്രിസ്തീയ സഭകളിലും ഞാൻ നിൎവ്വഹിച്ചിട്ടുണ്ടു്. അന്നുമുതൽ, ദൈവം എന്നെ വിളിച്ചാക്കിയിരിക്കുന്നതു പൗരോഹിത്യശുശ്രൂഷയ്ക്കല്ലെന്നും പ്രവചനശുശ്രൂഷയ്ക്കാണെന്നും എൻെറ വിവിധ അനുഭവങ്ങളിൽക്കൂടെ ദൈവം എന്നെ ഞാൻ പോകേണ്ടുന്ന വഴിയിൽകൊണ്ടുവന്നാക്കിയിരിക്കുന്നു എന്നുമുള്ള ബോധം എനിക്കു സദാ ഉണ്ടായിക്കൊണ്ടിരുന്നു.

വിശ്വാസസംഗതികളിൽ മററു പലതും എന്നെ വിഷമിപ്പിച്ചിരുന്നു. അവയെപ്പററി ഇവിടെ പറയേണ്ടതില്ല. എന്നാൽ എനിക്കു ലഭിച്ച ആശ്വാസം വളരെ വലിയതായിരുന്നു. ഞാൻ മുമ്പെ ആയിരുന്ന സ്ഥിതിയിലേക്കു തിരികെ പോകണമെന്നു ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. ഞാൻ ഇങ്ങനെ സ്വതന്ത്രനാകാതിരുന്നുവെങ്കിൽ ഞാൻ നയിച്ചവിധം ജീവിതം നയിക്കുന്നതിനോ പ്രവൎത്തിച്ചവിധം വൎത്തിക്കുന്നതിനോ എനിക്കു സാധിക്കുകയില്ലായിരുന്നു.

## അദ്ധ്യായം 17.

# ശാന്തിനികേതനം.

രവീന്ദ്രനാഥടാഗോറിൻെറ ഭവനമായ ശാന്തിനികേതനം എന്ന ആശ്രമത്തിൻെറ ചരിത്രം രസാവഹമായിട്ടുള്ളതാണു്. മഹർഷി എന്ന പേരിനാൽ അറിയപ്പെട്ടുവന്ന അദ്ദേഹത്തിൻെറ പിതാവു്, ദേവേന്ദ്രനാഥടാഗോർ, പ്രായമായി തൻെറ ജോലിയിൽ നിന്നു വിരമിച്ചശേഷം തൻെറ ജീവിതത്തിൻെറ അവസാനഭാഗം സമാധാനത്തിൽ കഴിക്കുന്നതിനു് ഒരു സ്ഥലം തിരഞ്ഞുകൊണ്ടിരുന്നു. തസ്കരന്മാരും മററും ധാരാളം നിവസിച്ചിരുന്ന ഒരു മരുപ്രദേശത്തെത്തിയപ്പോൾ ഭയംമൂലം മുമ്പോട്ടു പോകുന്നതിനു അദ്ദേഹത്തിൻെറ പല്ലക്കു വഹിച്ചുകൊണ്ടുവന്ന ആളുകൾ മടിച്ചു. അദ്ദേഹത്തിൻെറ ധൈര്യം അവരുടെ ഭയത്തെ ജയിക്കയും കുറച്ചുയൎന്ന ഒരു ഭാഗത്തു രണ്ടു വലിയ വൃക്ഷങ്ങളുടെ അടുക്കൽ അവർ എത്തുകയും ചെയ്തു.

ആ മരങ്ങളുടെ ചുവട്ടിൽ അസ്തമനസൂൎയ്യനഭിമുഖമായി അദ്ദേഹം ഇരുന്നപ്പോൾ ദൈവസാന്നിദ്ധ്യബോധം ശക്തിയായി തൻെറ മനസ്സിൽ ഉദിക്കുകയും തൽഫലമായി സീമാതീതമായ സന്തോഷം അദ്ദേഹത്തിനു് അനുഭവമാകുകയും ചെയ്തു. രാത്രി മുഴുവൻ ഉണൎന്നിരുന്ന അദ്ദേഹം രാവിലെ ആ സ്ഥലത്തിനു സമാധാനത്തിൻെറ ഇരിപ്പിടം എന്നൎത്ഥമുള്ള ശാന്തിനികേതനം എന്നു പേരിട്ടു. അദ്ദേഹം അവിടെ ഒരാശ്രമം നിൎമ്മിച്ചു് തൻെറ സമയത്തിൽ മുഖ്യഭാഗവും മൌനധ്യാനത്തിൽ കഴിച്ചുകൊണ്ടു് അവിടെ വസിച്ചു. തൻെറ സീമന്തപുത്രനായ രവീന്ദ്രനാഥൻ അടുത്തിരുന്നുകൊണ്ടു് താനും തൻെറ ഗുരുവായിരുന്ന രാജരാമമോഹൻറോയിയും രചിച്ച ധ്യാനഗീതങ്ങൾ പാടുന്നതു് അദ്ദേഹത്തിനു വളരെ സന്തോഷമായിരുന്നു. ഈ ഗുരുവാണു് അദ്ദേഹത്തിൻെറ യൌവ്വനകാലത്തു യാഥാസ്ഥിതികഹിന്തുമതത്തെ പിന്തുടരുന്നതിൽനിന്നും വ്യതിചലിപ്പിച്ച സാൎവ്വത്രികമതമായ ബ്രഹ്മസമാജത്തിലേ

ക്ക് അദ്ദേഹത്തെ ആനയിപ്പിച്ചതു്. സാൎവ്വത്രികമായ ആ മതം അദ്ദേഹത്തിൻെറ പുത്രനും ലോകപ്രസിദ്ധനുമായ ആ കവിവയ്യന് അവകാശവുമായി.

അദ്ദേഹത്തെപ്പററി വളരെ ഹൃദയസ്പൃക്കായ ഒരു കഥ പറഞ്ഞുകേട്ടിട്ടുണ്ട്. ഒരു തസ്കരസമൂഹത്തിൻെറ നേതാവു് ഒരു സായാഹ്നത്തിൽ, മഹൎഷി ധ്യാനനിരതനായിരിക്കുമ്പോൾ സാവധാനത്തിൽ സമീപത്തെത്തി. ആ രണ്ടു വൃക്ഷങ്ങളുടെയും ഇടയിൽ ധാരാളം സ്വൎണ്ണം കുഴിച്ചുവയ്ക്കപ്പെട്ടിട്ടുണ്ടെന്നും അതുകൊണ്ടാണു് ആ വൃദ്ധൻ സദാ അവിടെയിരിക്കുന്നതെന്നും അയാൾ കേട്ടിരുന്നു. അതുകൊണ്ടു വൃദ്ധനെ കൊല്ലുന്നതിനായി കഠാരിയും ഊരിപ്പിടിച്ചു് അവൻ അടുത്ത സമയത്താണു മഹൎഷി സമാധിയിൽനിന്നുണൎന്നു് ഈ മനുഷ്യനെ നോക്കിയതു്. അദ്ദേഹത്തിൻെറ ദൃഷ്ടികളിലും വദനത്തിലും സ്ഫുരിച്ചിരുന്ന ആ ദിവ്യസമാധാനം വീക്ഷിച്ചപ്പോൾ ആ തസ്കരപ്രമാണി ഉടൻ അദ്ദേഹത്തിൻെറ കാല്ക്കൽ വീണു് സൎവ്വാപരാധങ്ങളും ഏററുപറകയും ക്ഷമാപണം ചെയ്യുകയും ചെയ്തു. മഹൎഷി ഉടനെ എഴുനീററു് അയാളെ ആലിംഗനം ചെയ്കയും ആ സമയം മുതൽ തസ്കരപ്രമാണി അദ്ദേഹത്തിൻെറ ശിഷ്യനായിത്തീൎന്നു് ദൈവസേവയിൽ ആയുശ്ശേഷം വിനിയോഗിക്കുകയും ചെയ്തു.

ഞാൻ ശാന്തിനികേതനത്തിൽ ചെന്നുചേരുന്നതിനു് കുറച്ചു കാലം മുമ്പു് അദ്ദേഹം വാൎദ്ധക്യത്താൽ പരലോകപ്രാപ്തനായി. അദ്ദേഹത്തെപ്പററിയുള്ള സ്മരണ ആശ്രമത്തിൻെറ സകല ഭാഗങ്ങളിലും നിറഞ്ഞിരുന്നു എന്നു പറയാം. ദൈവം സകല സമാധാനത്തിൻെറയും സന്തോഷത്തിൻെറയും ഉറവയാണെന്നു കുറിക്കുന്നതും അദ്ദേഹം വളരെ ഇഷ്ടപ്പെട്ടിരുന്നതുമായ രണ്ടുമൂന്നു ചെറിയ വാക്യങ്ങൾ അദ്ദേഹം സാധാരണയായി ഇരിക്കാറുണ്ടായിരുന്ന സ്ഥലത്തു് അദ്ദേഹത്തിൻെറ സ്മരണയ്ക്കായി കൊത്തിവച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ ജീവിതത്തിൽ ആദ്യവസാനമുണ്ടായിരുന്ന ശാന്തത മുഖത്തു സൎവ്വദാ പ്രതിബിംബിച്ചുകാണാമായിരുന്നു എന്നു് അദ്ദേഹത്തി

ൻെറ കൂടെ വസിച്ചിരുന്ന ആളുകൾ സാധാരണ പറയാറുണ്ട്. അദ്ദേഹത്തിൻെറ സീമന്തപുത്രനായ രവീന്ദ്രനാഥൻ പ്രായം കൂടുംതോറും അദ്ദേഹത്തിൻെറ പിതാവിനോടു അസാമാന്യ സാദൃശ്യം ഉണ്ടാവുന്നതായി പറയപ്പെടുന്നു.

ആ വിശുദ്ധസ്ഥലത്തിൻെറ പ്രവേശനദ്വാരത്തിങ്കൽ മൂന്നു നിബന്ധനകൾ രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നാമത്, ആരാധനയ്ക്കായി ഒരു വിഗ്രഹവും വയ്ക്കുവാൻ പാടില്ല; രണ്ടാമത്, ഒരു മനുഷ്യൻെറയോ മൃഗത്തിൻെറയോ ജീവൻ നശിപ്പിപ്പാൻ പാടില്ല. മൂന്നാമത്, മാർഗ്ഗസംബന്ധമായ സംഗതികളെപ്പറ്റി വാദപ്രതിവാദം ചെയ്വാൻ അനുവാദമില്ല. ഈ മൂന്നു നിബന്ധനകൾക്ക് ലംഘനം വരാത്തവിധത്തിൽ ഏതു മതത്തിലോ ജാതിയിലോ പെട്ട പുരുഷനെയും സ്ത്രീയെയും അവിടെ സ്വാഗതം ചെയ്യുന്നതാണ്.

ശാന്തിനികേതനത്തിലുള്ള ഈ സമാധാനത്തിൻെറ നടുവിൽ വസിക്കുമ്പോൾ യൂറോപ്പിൽ യുദ്ധം ആരംഭിച്ചു എന്നുള്ള വാർത്ത ഒരു ഭൂകമ്പം എന്നപോലെ എന്നെ ഒന്നു ചലിപ്പിക്കുകയും എൻെറ ദിവാസ്വപ്നങ്ങളെ ശിഥിലമാക്കുകയും ചെയ്തു. മനുഷ്യപുത്രൻെറ വരവിൻെറ നാൾ എന്നും, ന്യായവിധിദിനം എന്നും ക്രിസ്തു മുൻകൂട്ടി പ്രസ്താവിച്ചിരുന്ന ദിവസങ്ങളിൽ ഒന്നാണ് ഇതെന്ന് എനിക്കു തോന്നി. വയോവൃദ്ധനായ എൻെറ പിതാവിന് അദ്ദേഹത്തിൻെറ സകല ആശകളുടെയും ആസന്നമായ നിവൃത്തി എന്നേ ഇതിനെക്കുറിച്ചു തോന്നിയുള്ളു. അദ്ദേഹത്തിന് അപ്പോൾ എൺപതിലധികം വയസ്സ് പ്രായമുണ്ടായിരുന്നു. എൻെറ മാതാവിനെ അനുകരിച്ചു സംഗതികൾ ക്രമീകരിക്കുന്നതിന് അദ്ദേഹം പ്രദർശിപ്പിച്ച ജാഗ്രത വളരെ ഹൃദയസ്പൃക്കമായിരുന്നു എന്ന് എൻെറ സോദരിമാർ പറഞ്ഞുകേട്ടിട്ടുണ്ട്. "ആഗമനം" ഏററവും സമീപസ്ഥമായിരിക്കുന്നു എന്നുള്ള പ്രത്യാശ അദ്ദേഹത്തെ ശക്തിപ്പെടുത്തി. അതു സംബന്ധിച്ച് ദീർഘലേഖനങ്ങൾ അദ്ദേഹം എനിക്ക് അയയ്ക്കാറുണ്ടായിരുന്നു. ചിലപ്പോഴാകട്ടെ ഈ ലേഖനങ്ങൾക്കു പകരം ഒരു ചെറിയ വേദവാക്യ

മായിരിക്കും എഴുതി അയയ്ക്കുന്നതു്. അവയിൽ പലതും ഇന്നും എന്റെ കൈവശമുണ്ടു്.

യുദ്ധം ശക്തിയായി ആരംഭിക്കുകയും എന്റെ സ്വരാജ്യം അതിൽ പങ്കെടുക്കുകയും ചെയ്തപ്പോൾ ഞാൻ അനിശ്ചിതനായും സംശയാധീനനായുമിരുന്നു. എന്നാൽ ഘോരസമരത്തിൽപെട്ടു് അപകടത്തിലായിപ്പോകാതിരിപ്പാൻ തക്കവണ്ണം പെട്ടെന്നു ചില നിശ്ചയങ്ങൾ ചെയ്യേണ്ട ഒരു ഘട്ടമായിരുന്നു അതു്. ഉത്തമവും ഉൽകൃഷ്ടവുമായ വിവിധ സംഗതികൾ ആരംഭകാലത്തു് അതിൽ ഉണ്ടായിരുന്നു. എല്ലാ രാജ്യങ്ങളിലെയും യുവാക്കന്മാർ ജീവിതത്തേയും, അതിനേക്കാൾ വിലയേറിയവയേയും ത്യജിച്ചു് തങ്ങൾ ശരിയെന്നും നീതിയെന്നും വിചാരിച്ച ഒരു കാര്യസാദ്ധ്യത്തിനായി മരണവക്ത്രത്തിലേക്കു ചാടി.

രവീന്ദ്രനാഥടാഗോർ അദ്ദേഹത്തിന്റെ പ്രത്യേക സ്വഭാവഫലമായി ഈ യുദ്ധം ധാർമ്മികനിലയിൽ എത്ര അപല്ക്കരമെന്നു ധരിച്ചിരുന്നു. ആ ആണ്ടാരംഭത്തിൽ ഞാൻ അദ്ദേഹത്തോടുകൂടെയായിരുന്നപ്പോൾ ലോകത്തിൽ ഏതോ വലിയ ഘോരസംഭവങ്ങൾ ആസന്നമായിരിക്കുന്നുവെന്നപോലെ വളരെ ശക്തിയായ ഒരു ബോധം അദ്ദേഹത്തിനുണ്ടാവുകയും തൽഫലമായി വലിയ നിരാശയും വ്യാകുലവും അദ്ദേഹത്തെ ബാധിക്കുകയും ചെയ്തിരുന്നു. യുദ്ധം ആരംഭിച്ച ശേഷമോ, പഴയ ലോകത്തിന്റെ നാശത്തിനുശേഷം ഒരു പുതിയതും നല്ലതുമായ ലോകം ഉണ്ടാകും എന്നദ്ദേഹം പ്രത്യാശിച്ചുകൊണ്ടിരുന്നു. ഈ പ്രത്യാശയെക്കുറിച്ചു തന്റെ കൃതികളിൽ മഹത്തരമായ "കാഹളം" എന്ന കൃതിയിൽ പ്രസ്താവിച്ചിട്ടുണ്ടു്. അതിനുശേഷം 1914 ക്രിസ്തുമസ്സ്ദിവസം അദ്ദേഹം "ന്യായവിധി" എന്ന പേരോടുകൂടിയ ഒരു കൃതിയുടെ പരിഭാഷ എനിക്കു ഒരു സമ്മാനമായിത്തന്നു. അദ്ദേഹം എനിക്കു തന്നിട്ടുള്ള ദാനങ്ങളിൽവച്ചു് ഏറ്റവും വിലയേറിയവയിൽ ഒന്നാണു് അതു്.

ഞാൻ മേൽവിവരിച്ചതു ലോകത്തിന്റെ ആ കഠിനവേ

ദന അതിൻെറ ആരംഭദശയിൽ അദ്ദേഹത്തിൽ ഉളവാക്കിയ ഫലമാണ്. എന്നാൽ ആധുനിക യുദ്ധങ്ങളുടെ ലക്ഷണമായിത്തീൎന്നിരിക്കുന്ന മൃഗീയത്വം, ക്രൂരത, അസത്യം എന്നിവ, അനിർവാച്യമായ വിധത്തിൽ, അദ്ദേഹത്തിൻെറ ആത്മാവിൻെറ ആഴങ്ങൾ പോലും ചലിക്കത്തക്ക വിധത്തിൽ അദ്ദേഹത്തെ ഒന്നു ഭ്രമിപ്പിച്ചു. തൽഫലമായി അദ്ദേഹം യുദ്ധത്തെ സൎവ്വാത്മനാ വെറുത്തു. യുദ്ധത്തെപ്പററിയുള്ള വൃത്താന്തങ്ങൾ ഗ്രഹിക്കുന്നതിനു ഞാൻ പ്രദൎശിപ്പിച്ച ജാഗരൂകതമൂലം ഈ യുദ്ധമനസ്ഥിതി എന്നിലും വ്യാപിച്ചു ശക്തിപ്പെട്ടുവരുന്നു എന്നെനിക്കു മനസ്സിലായി. ആ മനസ്ഥിതി ബഹിർഗമിച്ചപ്പോൾ ഞാൻ എന്നെത്തന്നെ വെറുക്കുകയും എന്നിലുള്ള നല്ല സ്വഭാവം എന്നെ അതിനെതിരായി പ്രേരിപ്പിക്കുകയും ചെയ്തു. സുബോധമുള്ള അവസരങ്ങളിലൊക്കെയും ഈ മനസ്ഥിതി ക്രിസ്തുവിൻെറ മനസ്ഥിതിയോടു പൂൎണ്ണമായി എതിരാണെന്ന് എനിക്കു ഗ്രഹിക്കാമായിരുന്നു. വ്യാജപ്രസ്താവനകളാലും മററും ശത്രുവിനോടു വിദ്വേഷം വൎദ്ധിപ്പിക്കുന്നതിനു ക്രമീകരിക്കപ്പെട്ട പരിശ്രമങ്ങൾ നടക്കുന്നുണ്ടെന്നു കാലതാമസംകൂടാതെ എനിക്കു ബോദ്ധ്യമാകുകയും ഞാൻ കൂടുതൽ സൂക്ഷ്മതയുള്ളവനായിരിക്കുകയും ചെയ്തു.

ഒടുവിൽ എൻെറ കണ്ണിൽനിന്നു ചെതുമ്പലുകൾ വീണുപോയി. ഞാൻ സുബോധത്തോടും ഭയത്തോടുംകൂടെ ക്രിസ്തുവിൻെറ വാക്കുകൾ ഗ്രഹിക്കുന്നതിനായി "പുതിയനിയമ"ത്തിലേക്കു തിരിഞ്ഞു. അവനെ എൻെറ വഴികാട്ടിയായി സ്വീകരിച്ചശേഷം രണ്ടഭിപ്രായങ്ങളുടെ മദ്ധ്യേ ഒരു സ്ഥാനമില്ലെന്നും ദൈവത്തെയും മാമോനെയുംകൂടെ സേവിപ്പാൻ കഴിയുകയില്ലെന്നും ഞാൻ ഗ്രഹിച്ചു. അവൻ തൻെറ അഭിപ്രായം വ്യക്തമായി പ്രസ്താവിച്ചിരുന്നു. "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങൾക്കു ദോഷം ചെയ്യുന്നവൎക്കു നന്മ ചെയ്വിൻ; നിങ്ങളെ പകയ്ക്കുന്നവൎക്കുവേണ്ടി പ്രാൎത്ഥിപ്പിൻ; സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിൻെറ മക്കളാകേണ്ടതിനു തന്നെ."

ദൈവത്തിൻെറ സ്വഭാവംപോലും ഈ ഒരു സംഗതിയെ ആശ്രയിച്ചിരിക്കുന്നു. ഒന്നുകിൽ ഞാൻ പഴയനിയമത്തിൽ പറയുന്നതായ ആ ദൈവസ്വഭാവം സ്വീകരിക്കണം. അല്ലെങ്കിൽ പുതിയനിയമത്തിലേതു സ്വീകരിക്കണം. ഒടുവിൽ ഞാൻ എന്നിൽ ആ യുദ്ധമനസ്ഥിതി ശക്തിപ്പെട്ടുവരുവാൻ അനുവദിച്ചതിനാൽ എൻെറ ഗുരുവായ ക്രിസ്തുവിനെ തള്ളിപ്പറയുകയായിരുന്നു എന്നും ക്രിസ്തുതന്നെ അവൻെറ വചനത്താൽ എന്നെ ശുദ്ധീകരിച്ച നന്മനസ്സിനെ എന്നിൽ സ്ഥാപിച്ചു എന്നും ഞാൻ കണ്ടു.

ഇക്കാലത്തു രവീന്ദ്രനാഥടാഗോറിൽനിന്നും എനിക്ക് എത്രയും അനുകമ്പാപൂർവ്വമായ സഹായം ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തോടെനിക്കുണ്ടായിരുന്ന ഭക്തിയും സ്നേഹവും പ്രതിദിനം വളൎന്നും വന്നു. അദ്ദേഹത്തിന് എൻെറ പ്രയാസങ്ങൾ ഗ്രഹിക്കത്തക്ക ബുദ്ധിയുണ്ടായിരുന്നു. യാതൊരു തടസ്സവുമില്ലാതെ എനിക്ക് അദ്ദേഹത്തോടു സംസാരിക്കുകയും ചെയ്യാമായിരുന്നു. അദ്ദേഹം ജനനാൽ ഒരു ഹിന്തുവായിരുന്നെങ്കിലും പൎവ്വതപ്രസംഗം പഠിച്ചിട്ടുണ്ടായിരുന്നു. "ക്രിസ്ത്യാനികളായ നിങ്ങൾ എന്താണു ചെയ്യുന്നതു്? നിങ്ങൾക്കു് എത്രയും സ്പഷ്ടമായ ധൎമ്മോപദേശം ലഭിച്ചിട്ടുണ്ടു്. പിന്നെ നിങ്ങൾ എന്താണതു് അനുസരിക്കാത്തതു്?" എന്നദ്ദേഹം എന്നോടു ചോദിച്ചു.

വേറെ ഒരിടത്തുനിന്നു് എനിക്കു സഹായം ലഭിച്ചു. ദക്ഷിണാഫ്രിക്കയിൽ ആയിരുന്നപ്പോൾ പൎവ്വതപ്രസംഗത്തിലെ ഉപദേശങ്ങൾക്കു് അദ്ദേഹം പ്രയോഗത്തിൽ അൎത്ഥം കല്പിക്കുന്നതു ഞാൻ സൂക്ഷിച്ചിരുന്നു. അവിടെവച്ചു് അദ്ദേഹം ക്രിസ്ത്യാനികളായ ഞങ്ങളെ ലജ്ജിപ്പിച്ചു. അദ്ദേഹത്തിൻെറ ആ ദൃഷ്ടാന്തം ആ വിഷയത്തെപ്പററി കാൎയ്യമായി ചിന്തിക്കുന്നതിനു് എന്നെ പ്രേരിപ്പിച്ചു. അദ്ദേഹം സത്യാഗ്രഹം എന്നു വിളിച്ചുവന്നതു സാക്ഷാൽ ക്രിസ്തീയമായിരുന്നു. യുദ്ധത്തിൻെറ മൃഗീയത്വം അതിനു് എതിരുമായിരുന്നു.

ഈ ത്രിവിധശക്തികളും തുല്യനിലയിൽ പ്രവൎത്തിച്ചുകൊണ്ടിരുന്നു. യുദ്ധത്തെ ക്രിസ്തു തെററായി എണ്ണിയിരിക്കു

ന്നു എന്നു ലവലേശം സംശയമില്ലാത്ത വിധത്തിൽ അതു് എന്നെ ബോദ്ധ്യപ്പെടുത്തി. അതുകൊണ്ടു യുദ്ധസേവനം എന്ന പ്രശ്നം എന്നെ അഭിമുഖീകരിക്കുന്നതിനുമുമ്പുതന്നെ അതു പാടില്ല എന്നു ദൃഢനിശ്ചയം ചെയ്യുന്നതിനു എനിക്കു സാധിച്ചു. അതുകൊണ്ടു് ആ പ്രശ്നം എൻെറ മനസ്സിൽ ഉദിച്ച അവസരത്തിൽ അതു നിരസിക്കുന്നതിനു എനിക്കു് അശേഷം വൈമനസ്യമില്ലായിരുന്നു. അതിനായി ഞാൻ ജയിൽവാസം അനുഭവിക്കേണ്ടതായി വന്നില്ല എന്നതു വാസ്തവംതന്നെ എങ്കിലും അതിനു ഞാൻ വളരെ വാഞ്ഛിച്ചു. അതിനുശേഷം എൻെറ അഭിപ്രായം പൂർണ്ണമായി എനിക്കറിയാമായിരുന്നു. ആ നിശ്ചയാനന്തരമുണ്ടായ ആശ്വാസവും സമാധാനവും വളരെയും പിന്നീടൊരിക്കലും പശ്ചാത്താപത്തിനിടയാക്കാത്തതുമായിരുന്നു. അകമെയുള്ള ഈ കഷ്ടതയുടെ കാലത്തു് നിനച്ചിരിയാത്ത വിധത്തിൽ ക്രിസ്തു എനിക്കു സമീപസ്ഥനായിരുന്നു എന്നനുഭവപ്പെട്ടു.

വിശ്വാസസംഗതികളെപ്പററിയും യുദ്ധസേവനത്തെപ്പററിയും ഈ രണ്ടു തീരുമാനങ്ങളും ഞാൻ ചെയ്തതിൽപിന്നെ, ആദ്യകാലത്തു ലണ്ടനിലും സൺഡർലാൻഡിലും ഉണ്ടായിരുന്ന ആ സന്തോഷാവസരങ്ങൾക്കുശേഷം ഒരിക്കലും അനുഭവമായിട്ടില്ലാത്ത വിധം ക്രിസ്തുവിനെ എൻെറ ദിവസംപ്രതിയുള്ള ജീവിതത്തിൽ ഒരു ശക്തിയും ബലവുമായി ഞാൻ കണ്ടു.

ഫ്രാൻസിൽ പോയ മുറിവേററ പടയാളികൾക്കു ശുശ്രൂഷിക്കുന്നതിനായി യാത്രയാകുന്നതിനു മുമ്പു് സൂസിൽ രുദ്രായുടെ പുത്രൻ സുധീർ എൻെറക്കൂടെവന്നു താമസിച്ചു. "ശാന്തിനികേതനത്തിലെ വിശുദ്ധ സംസൎഗ്ഗത്തിൽ പങ്കുകൊള്ളാതെ നിങ്ങൾ എങ്ങിനെ ഇവിടെ ജീവിക്കുന്നു?" എന്നു് അയാൾ ഒരു ദിവസം എന്നോടു ചോദിച്ചു. അതിനുത്തരമായി "ഞാൻ ഇവിടെ അഭ്യസിപ്പിക്കുന്ന ആ പൈതങ്ങൾ എൻെറ വിശുദ്ധ സംസൎഗ്ഗം ആകുന്നു" എന്നു ഞാൻ പറഞ്ഞു. ക്രിസ്തു തൻെറ സഹോദരന്മാരിൽ ഏററവും ചെറിയവനു ചെയ്യുന്ന ശുശ്രൂഷയെപ്പററിയും ഒരു പാനപാത്രം തണുത്തവെള്ളത്തെക്കുറിച്ചും

പറഞ്ഞിരിക്കുന്ന വേദഭാഗം ഞാൻ അയാൾക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു.

ഞാൻ അന്നു പറഞ്ഞതു് സുദീർ എപ്പോഴും ഓർത്തിരുന്നു. ഫ്രാൻസിൽനിന്നു് അയാൾ മടങ്ങിവന്നശേഷം അയാളുടെ പിതാവിന്റെ അന്ത്യസുഖക്കേടു സമയത്തു വീണ്ടും ഞങ്ങൾ തമ്മിൽ കാണുവാനിടയായി. "നിങ്ങൾ അന്നുരാവിലെ പറഞ്ഞ ആ വാക്കുകൾ ഫ്രാൻസിൽവച്ചു പലപ്പോഴും എനിക്കു സഹായകരമായിരുന്നിട്ടുണ്ടു്. എന്റെ വിശുദ്ധ സംസർഗ്ഗം മുറിവേററ യോദ്ധാക്കളെ പരിചരിച്ചുകൊണ്ടിരുന്ന സമയത്തു സിദ്ധിച്ചതാണെന്നു ഞാൻ പറക പതിവായിരുന്നു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ വന്നു കണ്ടു എന്നു ക്രിസ്തുപറഞ്ഞ വാക്കുകൾ ഞാൻ ഓർത്തു. അവ വാസ്തവം എന്നു് അനുഭവത്തിൽ അറിയുകയും ചെയ്തു" എന്നയാൾ എന്നോടു പറഞ്ഞു.

പുതിയനിയമ പുസ്തകത്തിൽ ക്രിസ്തുവിന്റെ വാക്കുകളായി പറഞ്ഞിരിക്കുന്നവയിൽവച്ചു എന്റെ ദിവസേനയുള്ള ജീവിതത്തിൽ എനിക്കു് അധികം ശക്തിയും ആശ്വാസവും സന്തോഷവും പ്രദാനം ചെയ്തതു് ഈ വാക്കുകളാണു്. അതിനാൽ ഈ പുസ്തകത്തിൽ അതിനെപ്പററി കൂടെക്കൂടെ എടുത്തു പറയുന്നതായി കാണാം. ഒരു പഴയ വേദഗ്രന്ഥത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന, മഹാനും ഉൽകൃഷ്ടനുമായ ഒരു ആദർശപുരുഷനായിട്ടല്ല, ഞാൻ സദാ സംസർഗ്ഗം ചെയ്യുന്ന ഒരു ജീവനുള്ള ആളായിട്ടാണു് ക്രിസ്തു എനിക്കനുഭവമായിട്ടുള്ളതു്. യുദ്ധത്തെ സംബന്ധിച്ചു ഞാൻ മുമ്പു വിവരിച്ച ആ സംശയത്തിന്റെയും നിശ്ചയമില്ലായ്മയുടെയും അന്ത്യത്തിങ്കൽ ഞാൻ അവന്റെ ശബ്ദം കേട്ടപ്പോൾ അതവന്റെ കഷ്ടാനുഭവത്തിന്റെ സർവ്വ അധികാരവും ഉള്ളതായിട്ടാണു ഞാൻ ഗ്രഹിച്ചതു്. ചില സമയങ്ങളിൽ നിശ്ശബ്ദതയിൽ നാശത്തിലേക്കുള്ള വിസ്താരമായ വഴി തിരഞ്ഞെടുക്കരുതെന്നും "ആരെങ്കിലും എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവന്റെ ക്രൂശെടുത്തുംകൊണ്ടു് എന്നെ അനുഗമിക്കട്ടെ" എന്നും എന്നോടു പറയുന്ന വാക്കുകൾ എനിക്കു വ്യക്തമായി കേൾക്കാമായിരുന്നു.

ഈ സമയത്ത് പുതിയതായി ഒരഭിപ്രായം എന്റെ മനസ്സിൽ ഉദിച്ചു. യുദ്ധത്തിനുമുമ്പ് ആഫ്രിക്കയിൽ ആ രാജ്യക്കാരോടു വർഗ്ഗീയമനസ്ഥിതിയോടുകൂടി പെരുമാറുന്നതും ഉടമ്പടിപ്രകാരം കൂലിക്കാരായിപ്പോയ ഭാരതീയരുടെ സ്ഥിതിയും ഞാൻ കണ്ടിട്ടുണ്ടായിരുന്നു. മനുഷ്യപുത്രനായ ക്രിസ്തുവും അവരോടുകൂടെ ഈ കഷ്ടങ്ങൾ അനുഭവിക്കുന്നു എന്നൊരഭിപ്രായവും എന്റെ മനസ്സിൽ ശക്തിയായി രൂപീകരിക്കപ്പെട്ടു. യൂറോപ്പിലെ യുദ്ധവും, അശക്തരായ ആളുകളുടെ മേൽ ശക്തി പ്രയോഗിച്ചു ധനസമ്പാദനത്തിന്റെയും വാണിജ്യപരമായ വാശിയുടെയും ഫലങ്ങൾ ആയിരുന്നുവെന്നു ഞാൻ മനസ്സിലാക്കി. എന്നാൽ ക്രിസ്തു കഷ്ടത അനുഭവിക്കുന്നവരോടുകൂടെയായിരുന്നു. അവൻ അങ്ങനെയുള്ളവരോടു "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ" എന്നു പറയുകയായിരുന്നു ചെയ്തതു്.

ഈവിധമുള്ള ചിന്തകൾ ശക്തിയോടുകൂടെ എന്നിൽ ഉണ്ടായപ്പോൾ ഞാൻ അതെപ്പറ്റി കവിയോടു സംസാരിച്ചു. അദ്ദേഹവും അതേപ്രകാരം ചിന്തിക്കുന്നുവെന്നു ഗ്രഹിപ്പാൻ എനിക്കു കഴിഞ്ഞു. അദ്ദേഹത്തെപ്പോലെ വർഗ്ഗീയത്വം ഇല്ലാത്തവരായി ആരും തന്നെയില്ല. പാശ്ചാത്യരെ അവരുടെ ശാസ്ത്രീയമായ അറിവിനായി അദ്ദേഹം അഭിനന്ദിച്ചുവെങ്കിലും, അവരുടെ ഉയർച്ചയുടെ കാരണമായിത്തീർന്ന വർഗ്ഗീയത്വവും, വാണിജ്യപരമായ ദുരാഗ്രഹവും നിമിത്തം അദ്ദേഹം അവരെ കഠിനമായി കുററപ്പെടുത്തുകയും ചെയ്തു.

യുദ്ധം ഒരു വിധത്തിൽ ശുദ്ധീകരിക്കുന്ന ഒന്നായിരിക്കുമോ എന്നു ഞാൻ ഒരവസരത്തിൽ അദ്ദേഹത്തോടു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടി "അങ്ങനെയായെങ്കിൽ നന്നായിരുന്നു; എന്നാൽ ഈ ദോഷം സമൂലം നീങ്ങിപ്പോകാത്തപക്ഷം അശക്തരെ ഇനിയും കൂടുതൽ പീഡിപ്പിച്ചു നഷ്ടമായിപ്പോയതിനെ വീണ്ടെടുക്കുന്നതിനുള്ള ഒരു ശ്രമമായിരിക്കും ഇതിന്റെ ഫലം, ഇതിന്റെ അടിസ്ഥാനകാരണമായ ദുരാഗ്രഹം ആണു് നീങ്ങേണ്ടതു്" എന്നിപ്രകാരമായിരുന്നു.

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ ഏവരുമേ എൻെറ അടുക്കൽ വരുവിൻ" എന്നുള്ള ക്രിസ്തുവിൻ വാക്കുകൾ കൂടെക്കൂടെ എൻെറ മനസ്സിൽ വന്നുകൊണ്ടിരുന്നു. യൂറോപ്പിൽ നടക്കുന്നതിനേക്കാൾ വലിയ ഒരു യുദ്ധത്തിൽ തൻെറ പേക്ക് പോരാടുവാൻ അവൻ എന്നെ അധികാരപ്പെടുത്തിയിരിക്കുന്നുവെന്ന ബോധം ക്രമേണ എന്നിൽ ശക്തി പ്രാപിച്ചു വന്നു. ചവിട്ടപ്പെട്ടവരും താഴ്ത്തപ്പെട്ടവരുമായവക്ക് വേണ്ടിയുള്ള യുദ്ധത്തെപ്പററിയാണു ഞാൻ പറഞ്ഞതു്. നിബ്ബന്ധിതയുദ്ധസേവനത്തെപ്പററി ഒരു നിഷിദ്ധ അഭിപ്രായം ഉണ്ടായിരുന്നാൽ മാത്രം പോരായെന്നും നല്ല പോർ പൊരുതേണ്ടതായ ഒരു ധമ്മം എനിക്കുണ്ടെന്നും ഞാൻ വിചാരിച്ചു.

ഏവംവിധമായ ഒരു മനസ്ഥിതിയെ പ്രാപിക്കുന്നതു് ഞാൻ മേൽവിവരിച്ചതുപോലെ അത്ര ക്ഷിപ്രസാദ്ധ്യമല്ല. യുദ്ധത്തിലെ ജയാപജയങ്ങൾ എന്നെ ക്ഷോഭിപ്പിച്ചുകൊണ്ടിരുന്നു. അതിനെപ്പററിയുള്ള വിചാരങ്ങളെ എൻെറ മനസ്സിൽ നിന്നു ദൂരീകരിക്കുന്നതിനു പയ്യാപ്തമായ വിധത്തിൽ ഏതെങ്കിലും ഒരു ജോലി ഞാൻ ഭരമേല്ക്കേണ്ടതായിരുന്നു. വണ്ണവ്യത്യാസഫലമായി ഓരോ ജാതിക്കാർ അനുഭവിച്ചുവന്നിരുന്ന കഷ്ടതകൾ ഞാൻ പല സ്ഥലങ്ങളിൽ വച്ചും കണ്ടറിഞ്ഞിരുന്നുവെങ്കിലും എൻെറ സ്വരാജ്യം മററു രാജ്യങ്ങളെ അപേക്ഷിച്ചു് ഉത്തമമായ രീതിയിൽ പ്രവത്തിച്ചിരുന്നുവെന്നു ഞാൻ വിശ്വസിച്ചുവന്നു. എൻെറ പിതാവിനു തൻെറ സജാതീയരെപ്പററിയുണ്ടായിരുന്ന വിശ്വാസം എനിക്കൊരവകാശമായി ലഭിച്ചിരുന്നു.

അടിമവ്യാപാരം നിത്തൽ ചെയ്തു പരിഷ്കാരനിയമങ്ങൾ നടപ്പിൽ വരുത്തിയ വർഷത്തിലാണു് എൻെറ പിതാവു് ഭൂജാതനായതു്. അദ്ദേഹത്തിൻെറ പിതാക്കന്മാരിൽ നിന്നും സ്വാതന്ത്ര്യത്തോടുള്ള ശക്തിയായ സ്നേഹവും മനുഷ്യരോടുള്ള സമഭാവനയും അദ്ദേഹത്തിനു ജന്മനാ ലഭിച്ചിരുന്നു.

അനന്തരം കഴിഞ്ഞ ഒരു ശതാബ്ദത്തിൻെറ മദ്ധ്യഭാഗത്തിനുശേഷം ആഫ്രിക്കായിൽ വിസ്തീണ്ണമായ ഭൂവിഭാഗങ്ങൾ

കൈവശപ്പെടുത്തുന്നതിനും മററുമുള്ള ശ്രമത്തിൽ കാണപ്പെട്ട ദുരാഗ്രഹവും തദവസരത്തിൽതന്നെ വൎദ്ധിച്ചുവന്ന വൎണ്ണവ്യത്യാസവും ക്രിസ്തുവിൻെറ ആത്മാവിനു വിരോധമായിരുന്നു. വെള്ളക്കാർ മററു ജാതികളേക്കാൾ ഉയൎന്നവരെന്നു കരുതുകയും മററുള്ളവർ അതിന്ന് നീരസം പ്രദൎശിപ്പിക്കുകയും ചെയ്തു. ഈ സംഗതികൾ വിദേശയാത്രകളിൽ ഞാൻ ഗ്രഹിച്ചതുപോലെ ഗ്രഹിപ്പാൻ എൻെറ പിതാവിനു സാധിച്ചില്ല. പ്രതിദിനമുള്ള ജീവിതത്തിൽ ക്രിസ്തുവിൻെറ ആത്മാവ് എന്നെ സഹായിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ സാധാരണക്കാരെക്കാൾ വൎഗ്ഗീയവിദ്വേഷമുള്ളവനായിത്തീരുമായിരുന്നു. ഇങ്ങനെയുള്ള ചിന്തകളും അഭിപ്രായങ്ങളും തല്ക്കാലത്തേക്കെങ്കിലും പെട്ടെന്നു നിൎത്തൽ ചെയ്യപ്പെട്ടു. ഞാൻ 1915 മെയ്മാസത്തിൽ എൻെറ ചില സാമാനങ്ങൾ എടുക്കുന്നതിനായി കൽക്കത്തായിൽനിന്നു ശാന്തിനികേതനത്തിൽ എത്തുകയും അവിടെവച്ചു പെട്ടെന്നു ഒരു ദിവസം സന്ധ്യയ്ക്കു രോഗബാധിതനാകുകയും ചെയ്തു. അതു വളരെ ശക്തിയേറിയ കോളറാ ആണെന്നറിഞ്ഞു. ആ പ്രദേശത്തിനടുത്തു ഡാക്ടൎമാർ ഇല്ലായിരുന്നു. അതു് അതിദീൎഘമായ കഷ്ടതയുടെ ഒരു രാത്രിയായിരുന്നു. എന്നാൽ കൂടക്കൂടെ ക്രിസ്തുവിൻെറ കഷ്ടപ്പാടുകളെപ്പററി ഞാൻ സ്മരിച്ചുകൊണ്ടിരുന്നു. അവൻെറ സാന്നിദ്ധ്യവും എന്നോടുകൂടെയുണ്ടായിരുന്നു.

പിറേറദിവസം എൻെറ രോഗസമയത്തു് എന്നോടുകൂടെയിരിക്കുന്നതിനു പെട്ടെന്നു വന്നുചേൎന്ന കവിവൎയ്യൻെറ മുഖദൎശനത്താൽ എനിക്കു പുതിയതായി ഒരു ജീവൻ ലബ്ധമായതുപോലെ തോന്നി. ആ നിമിഷംവരെ ഞാൻ അദ്ദേഹത്തെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നു ഞാൻ അറിഞ്ഞില്ല. അദ്ദേഹത്തോടു് എനിക്കു് അതിയായ ആദരവുണ്ടായിരുന്നു എങ്കിലും ഈ സ്നേഹം അതിലും ശക്തിയായ ഒന്നായിരുന്നു.

എന്നെ ബാധിച്ച സുഖക്കേടു വളരെ വേഗത്തിൽ പകരുന്ന ഒന്നായിരുന്നതിനാൽ അദ്ദേഹത്തിനും എന്നെ ശുശ്രൂഷിച്ച മററുള്ളവൎക്കും ഏതുസമയത്തും ആയതു ബാധിക്കാമായിരു

ന്നു. എന്നാൽ അവർ തങ്ങളുടെ ജീവനെപ്പോലും എനിക്കായി ഉപേക്ഷിപ്പാൻ തയ്യാറായിരുന്നു. അവരുടെ അത്യന്തസ്നേഹമാത്രമാണു് എന്നെ ആപത്തിൽക്കൂടെ വഹിച്ചുകൊണ്ടുപോയതു്. കുറേനാളുകൾക്കുശേഷം ഞാൻ കൽക്കത്തായിലേക്കും അനന്തരം സിംലായിലേക്കും പോയി. സിംലായിൽ വച്ചു പകൽസമയം മുഴുവൻ ഞാൻ വരാന്തയിൽ കിടക്കുക പതിവായിരുന്നു. വായിപ്പാനുള്ള ശക്തി എനിക്കുണ്ടായിരുന്നില്ല. ഉടമ്പടിപ്രകാരം മററു രാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്ന ഭാരതീയരെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് അവിടെവച്ചു് എൻെറ കൈവശം വന്നുചേർന്നു. നേററലിൽവച്ചു് ഇതെനിക്കു പരിചയമുള്ള ഒന്നായിരുന്നതിനാൽ രസപ്രദമായിതോന്നി. അതിലെ ചില വശങ്ങൾ മറിച്ചു നോക്കിയപ്പോൾ ഫിജിദ്വീപുകളിലെ ഭാരതീയരുടെ ഇടയിൽ ആത്മഹത്യയുടെ എണ്ണം ഭയങ്കരമായി വദ്ധിച്ചിരിക്കുന്നുവെന്നു ഞാൻ കണ്ടു.

ഫിജിദ്വീപുകൾ പാസഫിക്കു സമുദ്രത്തിൻെറ ഒരൊഴിഞ്ഞ കോണിൽ സ്ഥിതിചെയ്യുന്നു. അവിടുത്തെ സ്ഥിതി ദക്ഷിണാഫ്രിക്കയിലേതിനെക്കാൾ ഭയങ്കരമായിരിക്കണമെന്നു് ഊഹിക്കത്തക്കവണ്ണം ആത്മഹത്യയുടെ സംഖ്യ അതേജാതിക്കാരായി ഇൻഡ്യയിൽ ഉണ്ടായിരുന്നതിനെക്കാൾ എന്നു മാത്രമല്ല, ദക്ഷിണാഫ്രിക്കയിലേതിനേക്കാൾ അധികരിച്ചിരുന്നു. കുറേദിവസങ്ങൾക്കുശേഷം ഒരു മദ്ധ്യാഹ്നസമയത്തു ഞാൻ വരാന്തയിൽ കിടക്കുകയായിരുന്നു. നേററലിൽവച്ചു് എന്നെ കണ്ടപ്പോൾ ഞെട്ടി പിന്നോട്ടുമാറിയ ആ ഭാരതീയനെ വളരെ തെളിവായി ഞാൻ എൻെറ മുമ്പിൽ കണ്ടു. അയാളുടെ പുറത്തെ മുറിവുകൾ എനിക്കു കാണാമായിരുന്നു. വളരെ സങ്കടകരമായ മുഖഭാവത്തോടുകൂടി അയാൾ എന്നെ നോക്കി. ഞാൻ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുമ്പോൾത്തന്നെ അയാളുടെ രൂപം മറഞ്ഞു. തൽസ്ഥാനത്തു ഞാൻ ചെറുപ്പംമുതൽ അതിയായി സ്നേഹിച്ചുവന്നതും യേശുവിനെ നല്ല ഇടയനായി ചിത്രീകരിച്ചിരിക്കുന്നതുമായ ഒരു രൂപം പ്രത്യക്ഷമായി. കത്താവിനെ ഒരു ദശ്നത്തിൽ കണ്ടതുപോലെ എനിക്കു തോന്നി.

ഫിജിദ്വീപുകളിലേക്കു പോകുന്നതിനായി ക്രിസ്റ്റു എന്നെ ക്ഷണിക്കുന്നുവെന്നും തൻെറ ആ കല്പന നിവൎത്തിക്കപ്പെടുമെന്നും എനിക്കു തെളിവായി ബോദ്ധ്യപ്പെട്ടു. അതുകൊണ്ടു യാത്രയ്ക്കു വേണ്ട സംഗതികളെപ്പററിയും എളുപ്പമാൎഗ്ഗത്തെപ്പററിയും അന്വേഷണങ്ങൾ നടത്തി. എൻെറ ആരോഗ്യം പൂൎവ്വസ്ഥിതിയെ പ്രാപിച്ചതോടുകൂടി ആശ്രമത്തിൽനിന്നു പോകുന്നതിനായി രവീന്ദ്രനാഥടാഗോറിൻെറ അനുമതിയും ലഭിച്ചു. എൻെറ സ്നേഹിതനായ വില്ലി പേഴ്സനും എൻെറ കൂടെ വരുവാൻ ഒരുക്കമായിരുന്നതിനാൽ ഞാൻ അതിയായി സന്തോഷിച്ചു. ഞങ്ങളുടെ യാത്രയുടെ ഉദ്ദേശ്യത്തോടു കവിക്കു വളരെ സഹതാപമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ അനുഗ്രഹത്തോടുകൂടെ ഞങ്ങൾ ഇൻഡ്യ വിട്ടു.

ഫിജിയിൽ എത്തിയപ്പോൾ അവിടത്തെ സ്ഥിതി റിപ്പോർട്ടിൽ വിവരിച്ചതിലും കഷ്ടതരമായിരുന്നതായി ബോദ്ധ്യപ്പെട്ടു. അവിടുത്തെ ഭാരതീയസ്ത്രീകളുടെ സ്ഥിതിയായിരുന്നു ഏററവും ഭയങ്കരമായിരുന്നതു്. ദക്ഷിണാഫ്രിക്കയിൽ കണ്ടിരുന്ന ദോഷങ്ങൾ എല്ലാം വൎദ്ധമാനസ്ഥിതിയിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അനേകായിരം ഭാരതീയസ്ത്രീപുരുഷന്മാർ ഇതേവിധത്തിൽ ഫിജി, മൊറീഷ്യസ്സ്, നേററൽ, ബ്രിട്ടീഷ് ഗിനിയാ എന്നിങ്ങനെ ലോകത്തിൻെറ പല ഭാഗങ്ങളിലും പോയി ഇത്ര കഷ്ടതരമായ ജീവിതം നയിച്ചുവന്നിരുന്നതിനാലും അതു മാത്രം ഒരു തൊഴിലായി സ്വീകരിച്ചിരുന്നവർ ഇപ്പോഴും ആളുകളെ ശേഖരിച്ചുവന്നതിനാലും ഈ ഏൎപ്പാടു നിൎത്തേണ്ട സമയം അതിക്രമിച്ചിരുന്നു. തോട്ടമുടമസ്ഥന്മാൎക്കു് ഈവിധത്തിലുള്ള ന്യായങ്ങൾ ഒന്നും സ്വീകാൎയ്യമായി തോന്നിയില്ലെങ്കിലും ഇന്ത്യയിൽ ജനാഭിപ്രായം ഈ വിഷയത്തിൽ പ്രബലപ്പെട്ടുവന്നതുകൊണ്ടും ഗാന്ധി, പണ്ഡിത മദനമോഹനമാളവ്യ മുതലായവർ രാഷ്ട്രീയകാൎയ്യങ്ങളിൽ ഈ വിഷയത്തിനു പ്രാധാന്യം നൽകിയതുകൊണ്ടും ഇന്ത്യാഗവൎമ്മെൻറു് ഇക്കാൎയ്യത്തിൽ എന്തെങ്കിലും പ്രവൎത്തിക്കുന്നതിനു നിൎബന്ധിതരായി. ഭാരതീയവനിതകളും ദൂരദേശത്തുള്ള ത

ങ്ങളുടെ സോദരികൾക്കുവേണ്ടി പ്രയത്നിച്ചു. വൈസ്രോയിയായിരുന്ന ഹാർഡിഞ്ചുപ്രഭു ഞങ്ങളുടെ റിപ്പോർട്ടിൽ കൊടുത്തിരുന്ന തെളിവുകൾ സ്വീകരിച്ച് ഈ ഉടമ്പടിഏർപ്പാടു നിർത്തൽചെയ്തു.

ഞങ്ങൾ ഫിജിയിൽ നിന്നു മടങ്ങിവന്ന് റിപ്പോർട്ടു പ്രസിദ്ധം ചെയ്തു് അധികം നാൾ കഴിയുന്നതിനു മുമ്പ് ഈ ആക്ട് പാസ്സായി. അവിടെനിന്ന് ഞങ്ങൾ ശേഖരിച്ച തെളിവുകളുടെ ശക്തിനിമിത്തം ഈ നിയമത്തിന് ഇന്ത്യാസെക്രട്ടറിയുടെ അനുമതി പ്രയാസമെന്യേ ലഭിച്ചു. എന്നാൽ കൊളോണിയൻ ആഫീസിൻെറ ആവശ്യാനുസരണം, ഈ നിയമം നിമിത്തമുണ്ടാകുന്ന സംഗതികൾ ക്രമീകരിക്കുന്നതിനുവേണ്ടി കുറച്ചു കാലതാമസം നേരിടും എന്നർത്ഥം വരത്തക്കവിധത്തിൽ ചേർത്ത ഒരു കൂടുതൽ വ്യവസ്ഥയെപ്പററി ഞങ്ങൾക്ക് ആശങ്കയില്ലാതെയുമിരുന്നില്ല. എന്നാൽ നിയമം പാസ്സായതിലുള്ള സാർവ്വത്രികമായ സന്തോഷത്തിനിടയിൽ ഈ ഒരു സംഗതി ആരും അത്ര ശ്രദ്ധിച്ചില്ല. എന്നാൽ ഈ സംഗതി ഒരു വർഷത്തിനുശേഷം ഒരിക്കൽകൂടി ആലോചനയെഉളവാക്കത്തക്കവണ്ണം അത്യധികം ശക്തിയേറിയ ഫലം അതു് ഉളവാക്കി. സംഗതികൾ ക്രമപ്പെടുത്തുന്നതിലേക്കായി ഒരു അഞ്ചുവർഷത്തേക്കുകൂടി ആളുകളെ ഇൻഡ്യയിൽ നിന്നു ശേഖരിക്കുന്നതിനും അതിനുശേഷം ഇതേ ഏർപ്പാടു വേറൊരു നാമത്തോടുകൂടെ അവതരിപ്പിക്കുന്നതിനുമായി ഒരു സന്ധി ലണ്ടനിൽ ഉണ്ടായെന്നും ഞങ്ങൾ അറിഞ്ഞു. ഞങ്ങളുടെ തെളിവുകളെ സ്വീകരിക്കുകയും അവിടുത്തെ സ്ഥിതിയുടെ ഭയങ്കരത്വം ബഹുജനങ്ങൾ ഗ്രഹിക്കുകയും ചെയ്തതിനാൽ ഈ സംഗതി ഒരിക്കലും അനുവദിപ്പാൻ പാടില്ലാത്തതായിത്തീന്നു. തൻമൂലം സമരം വീണ്ടും ആരംഭിക്കേണ്ടതായിവന്നു. ഫിജിയിലേക്കുള്ള എൻെറ പ്രഥമയാത്രയെപ്പററി സ്മരിക്കുമ്പോൾ ദൈവനടത്തിപ്പു എനിക്കു സൂക്ഷ്മമായികാണാം. മറെറല്ലാററിലും ഉപരിയായി കണ്ട ഒരനുഭവം ക്രിസ്തുവിൻെറ ആത്മാവിൻെറ പ്രവൃത്തിയാൽ തൻെറ സേവയ്ക്കായി ഓരോ

രാജ്യങ്ങളിലും പുതിയതായി ആളുകളെ എഴുന്നേല്പിക്കുന്നു എന്ന ശാശ്വതമായ അത്ഭുതമാണു്.

മെത്തഡിസ്റ്റ് സഭാംഗവും അതിവിശ്രുതനുമായിരുന്ന ഒരു മിഷ്യനറി അവിടെയുണ്ടായിരുന്നു. മിസ്റ്റർ ലീലിയൻ എന്നു പേരായ അദ്ദേഹം ഫിജിയിലെ ആളുകളെ പൂർണ്ണഹൃദയത്തോടെ സ്നേഹിച്ചു. കാട്ടുജാതിക്കാർ താമസിച്ചിരുന്ന അയൽ ദ്വീപുകളിൽ വേലയ്ക്കായി താമസിയാതെ പോകുന്ന ഒരു കൂട്ടം ക്രിസ്തീയ യുവാക്കന്മാർക്കായി നടത്തുന്ന ഒരു വിശുദ്ധ സംസർഗ്ഗ ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനു് അദ്ദേഹം എന്നെ ക്ഷണിച്ചു. ഞങ്ങൾ അവിടെ ഒരുമിച്ചുകൂടി ആദ്യ അപ്പോസ്തലന്മാരുടെ കാലത്തെപ്പോലെ "കൂട്ടായ്മ ആചരിക്കുകയും" അപ്പം നുറുക്കുകയും ചെയ്തു. അവരുടെ കൂട്ടത്തിലുള്ള ഒരാൾ ചമച്ച ഒരു പാട്ടു് അന്നവിടെ പാടി. അതിൽ ഞങ്ങൾക്കു കടന്നുവന്നു സഹായിക്കണമെന്നു് അയൽദ്വീപുകാർ തങ്ങളെ ക്ഷണിക്കുന്നതായി പറഞ്ഞിരുന്ന ആ ഭാഗം അവർ എത്രയും ഹൃദയസ്പൃക്കായ വിധത്തിലാണു് പാടിയതു്. അവർ ആ പാട്ടുപാടിയ അവസരത്തിൽ തങ്ങളെ വിട്ടു ജോലിക്കായി പോയിട്ടുള്ളവരെക്കുറിച്ചും ചിന്തിച്ചു. അവരിൽ ചിലർ ക്രിസ്തുവിനായി തങ്ങളുടെ ജീവനെപ്പോലും ഉപേക്ഷിക്കേണ്ടിവരും എന്നും മനുഷ്യരെ ഭക്ഷിക്കുന്നതിലും മററും പങ്കെടുത്തിരുന്ന ആളുകളുടെ സന്താനങ്ങളാണു് അന്നു് എന്റെകൂടെ വിശുദ്ധസംസർഗ്ഗം കൈക്കൊണ്ടതെന്നും അറിഞ്ഞപ്പോൾ എന്റെ അത്ഭുതം അത്യധികമായിരുന്നു. അതിനുശേഷം ഞാൻ അവരെ അത്യധികം സ്നേഹിക്കുന്നുവെന്നും എന്റെ ഹൃദയം നിറഞ്ഞിരിക്കുന്നുവെന്നും ഞാൻ ഒരു തർജ്ജിമക്കാരൻ മുഖാന്തിരം അവരോടു പറഞ്ഞു.

ഈ സമയത്തും ഇതുപോലെയുള്ള മററവസരങ്ങളിലുമാണു്, മനുഷ്യസൃഷ്ടിയായ സാമുദായികവിഭാഗങ്ങളെപ്പററിയുള്ള നിയമങ്ങളും ചട്ടങ്ങളും ക്രിസ്തുവിന്റെ സ്നേഹമാകുന്ന പ്രകാശത്തിൽ ഏതുമില്ലാത്തതായി തീരുന്നതെന്നു ഞാൻ ഗ്രഹിച്ചതു്. ആംഗ്ലിക്കൻ സമുദായവും മററു സമുദായങ്ങളുമായുള്ള

വ്യത്യാസങ്ങൾ ദൈവത്താൽ നിയമിക്കപ്പെട്ടവയാണെന്നും മററും ഞാൻ ഒരു കാലത്തു വിശ്വസിച്ചിരുന്നു. അങ്ങിനെ പറയുന്നവരോടു ശാബതാചാരത്തെപ്പററി ക്രിസ്തു പറഞ്ഞ വാക്കുകൾ ശരിയായ മറുപടിയായിരിക്കും. "മനുഷ്യൻ ശബ്ബത്തിനായിട്ടല്ല; ശബ്ബത്തു മനുഷ്യനായി ഉണ്ടാക്കപ്പെട്ടു." സ്നേഹം സഭാനിയമങ്ങളെക്കാൾ ഉൽകൃഷ്ടമാണെന്നു ഇംഗ്ലീഷുകാരനായ ഒരു ബിഷോപ്പ് ഒരിക്കൽ പറഞ്ഞതു ക്രിസ്തുവിൻെറ അഭിപ്രായത്തിനു യോജിച്ചതത്രേ:

എന്നാൽ ദൈവസ്നേഹത്തെപ്പററി നാം വിചാരിക്കുമ്പോൾ അതു വളരെ വിസ്താരമേറിയതെന്ന നിലയിൽ ചിന്തിക്കേണ്ടതാണ്. ക്രിസ്തുവിൻെറ വാക്കുകൾ സത്യമെങ്കിൽ അവൻ നമ്മുടെ എന്നു മാത്രമല്ല, ജാതിമതഭേദമെന്യേ എല്ലാവരുടേയും പിതാവാകുന്നു. നാം എല്ലാവരും സഹോദരന്മാരാകയാൽ നമ്മുടെ കൂട്ടായ്മയും ദൈവസ്നേഹംപോലെ വിസ്തൃതമായിരിക്കേണ്ടതാണ്. അങ്ങിനെ ചെയ്താൽ മാത്രമേ ക്രിസ്തു നമുക്കു നൽകിയിരിക്കുന്ന സ്വാതന്ത്ര്യം നമുക്കു ഗ്രഹിപ്പാൻ കഴിയൂ. അപ്പോൾ തൻെറ പേരു ധരിച്ചില്ലെങ്കിലും സ്നേഹത്തെക്കുറിച്ചുള്ള തൻെറ കല്പന അനുസരിക്കുന്നവരായ പലരും അവസാനവിധിനാളിൽ, ക്രിസ്തുനാമം ധരിച്ചവരെങ്കിലും തൻെറ കല്പനകളെ അനുസരിക്കാത്തവരായ നമ്മെക്കാൾ മുമ്പെ സ്വീകാര്യന്മാരായി നാം കാണും.

ഭാരതീയരെ ഉടമ്പടിപ്രകാരം ജോലിസ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്ന ഏർപ്പാടിൻെറ നിർത്തലിനായുണ്ടായ അനന്തരപരിശ്രമങ്ങളുടെ ചരിത്രം ഈ അദ്ധ്യായത്തിൽ ചുരുക്കമായി പ്രസ്താവിക്കാം.

ഈ ഏർപ്പാടു മറെറാരു പേരോടുകൂടെ പുനസ്ഥാപിപ്പാനുള്ള പരിശ്രമങ്ങൾ നടക്കുന്നുവെന്നറിഞ്ഞപ്പോൾ ഒരിക്കൽകൂടി ഫിജിയിൽ പോയി കുറെക്കൂടെ തെളിവുകൾ ശേഖരിക്കുവാൻ പല നേതാക്കന്മാരും എന്നോടാവശ്യപ്പെട്ടു. ഈ പ്രാവശ്യം ഞാൻ തനിച്ചാണു പോയതു്. ഇപ്പോഴാകട്ടെ കഴിഞ്ഞ പ്രാവശ്യത്തേതിലുമധികം എതിർപ്പുണ്ടായി. എനിക്കു ചില

പ്പോൾ നിരാശയും തോന്നാതെയിരുന്നില്ല. എന്നാൽ ഒരു എതിർ ന്യായവാദവും പുറപ്പെടുവിപ്പാൻ സാധ്യമല്ലാത്ത വിധത്തിൽ അത്യന്തം ഫലപ്രദമായ തെളിവുകൾ ശേഖരിപ്പാൻ ഈ പ്രാവശ്യം സാധിച്ചു. ഈ രണ്ടാമത്തെ യാത്രയിലെ ഏററവും സന്തോഷകരമായ സ്മരണകളിൽ ഒന്ന് ആസ്ട്രേലിയായിലെ വനിതകൾ ഫിജിയിലുള്ള ഭാരതീയ സ്ത്രീകൾക്കായി ചെയ്ത പ്രയത്നം ആണ്. ഭാരതീയരുടെ കഷ്ടസ്ഥിതിയെക്കുറിച്ചു വർണ്ണിപ്പാൻ ഞാൻ സ്ത്രീകളുടെ വകയായി നടത്തുന്ന പല സംഘങ്ങളും സ്ഥാപനകളും സന്ദർശിച്ചു. എൻെറ പ്രസ്താവനകൾ വിശ്വാസയോഗ്യമല്ലെന്ന് ആദ്യം തോന്നുകയാൽ അവർ മിസ് ഗാൺഹാം എന്ന ആളെ അവരുടെ പ്രതിനിധിയായി ഫിജിയിലേക്കയച്ചു. ആ സ്ത്രീയാകട്ടെ അവിടത്തെ സ്ഥിതിഗതികൾ എൻെറ പ്രസ്താവനകളെക്കാൾ മോശമായ നിലയിലാണെന്ന് അഭിപ്രായപ്പെടുകയും തൽഫലമായി ഇപ്രകാരം ദുഃഖപൂർണ്ണമായ ജീവിതം നയിക്കുന്നതിനു ഇനി ആളുകളെ ശേഖരിപ്പാൻ പാടില്ല എന്ന് അവർ ശക്തിപൂർവ്വം അഭിപ്രായപ്പെടുകയും ഭാരതീയരെ സഹായിക്കുന്നതിന് രണ്ടുസ്ത്രീകൾ ഫിജിയിൽ പോയി താമസമുറപ്പിക്കുകയും, ഇന്ത്യയിൽ സ്ത്രീകളുടെ ഒരു നിവേദകസംഘം വൈസ്രോയിയെക്കണ്ടു് ഏർപ്പാടു നിർത്തൽ ചെയ്യുന്നതിന് എത്രയും വേഗത്തിൽ കഴിവതു ചെയ്യണമെന്നപേക്ഷിക്കയും ചെയ്തു. ഒടുവിൽ 1920 ജനുവരി ഒന്നാം തീയതി ഈ ഏർപ്പാടു നിർത്തൽ ചെയ്കയും ആ ഉടമ്പടിയിൽ ഏർപ്പെട്ടിരുന്നവരെ അതിൽ നിന്നും വിടുർത്തുകയും ചെയ്തു. ആ സുദിനം ഇന്നും ഇന്ത്യയിലും മററു രാജ്യങ്ങളിലും സാഘോഷം ആചരിക്കപ്പെട്ടുവരുന്നു.

അടുത്ത സമയത്തു ഫിജിയിൽ നിന്നുവന്ന ചിലയാളുകളുമായി ഞാൻ ലണ്ടനിൽവച്ചു സംസാരിച്ചപ്പോൾ, ആശിച്ചിരുന്നതുപോലെ അവർ സാമ്പത്തികമായും, വിദ്യാഭ്യാസപരമായും മററു സകല വിധത്തിലും പുരോഗതി പ്രാപിച്ചുവെന്നും സ്വാതന്ത്ര്യം സംസ്ഥാപിതമായതിനാൽ സാമുദായികനില ഉൽകൃഷ്ടമായിരിക്കുന്നുവെന്നും കുടുംബജീവിതം ഒരു

ത്തമ നിലയിൽ എത്തിയിരുന്നെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു.

രവീന്ദ്രനാഥ ടാഗോറിൻെറ സ്നേഹം ഈ ദീർഘയാത്രകളിൽ എന്നെ താങ്ങി. ശാന്തിനികേതനത്തിലെ സമാധാനത്തിൻെറ സ്മരണ എനിക്ക് അത്ഭുതകരമായ ഒരാശ്വാസം ഉളവാക്കി. പ്രോത്സാഹജനകമായിരുന്ന അദ്ദേഹത്തിൻെറ കത്തുകൾ വരുന്ന ദിവസം ഞാൻ സുദിനമായി കരുതിവന്നു.

ഈ സഖിത്വം ദൈവം എനിക്കു നൽകിയ ദാനങ്ങളിൽ ഏററവും വിലയേറിയ ഒന്നായിരുന്നു. സകലത്തെയും ഭരിച്ചു നടത്തുന്ന സത്യത്തിലേക്കു എന്നെ ചൂണ്ടിക്കാണിച്ചു. ദൈവസ്നേഹം അതോടുകൂടെത്തന്നെയുണ്ടായിരുന്നു. ശാന്തം, ശിവം, അദ്വൈതം എന്ന പരമസത്യത്തിലേക്കാണു രവീന്ദ്രനാഥടാഗോർ എപ്പോഴും ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നതു്. എനിക്ക് അതു് ക്രിസ്തു ആയിരുന്നു.

---

## അദ്ധ്യായം 18.

# ചൈനായും ജപ്പാനും.

1916-ൽ രവീന്ദ്രനാഥടാഗോർ എന്നെയും വില്ലിപേഴ്സനെയും അദ്ദേഹത്തോടുകൂടെ കൂട്ടിക്കൊണ്ടു് ജപ്പാനിലേക്കു പോയി. അനേക സഹസ്രാബ്ദങ്ങളായി നാഗരികത്വം പ്രാപിച്ചിരുന്ന ചൈനാ, ജപ്പാൻ ഈ രണ്ടു രാജ്യങ്ങളും സന്ദർശിക്കുന്നതിന് അനേകനാളുകളായി ഞാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു. കൂടാതെയും ഈ രണ്ടു രാജ്യങ്ങൾക്കും ഭാരതവുമായി ബന്ധം ഉണ്ടായിരിക്കുമെന്നും, ഞാൻ വിചാരിച്ചു. ഇന്ത്യയിൽനിന്നു പുറപ്പെട്ട ബുദ്ധമതം അനേക ശതാബ്ദങ്ങൾക്കുമുമ്പുതന്നെ ഈ രണ്ടു രാജ്യങ്ങളിലും വ്യാപിച്ചിരുന്നുവെന്നു ഒകാകുറാ എന്ന ഗ്രന്ഥകാരനിൽനിന്നു ഞാൻ ഗ്രഹിച്ചു.

കുറെ സംവത്സരങ്ങളായി പൗരസ്ത്യരാജ്യങ്ങളിലെ ബുദ്ധമതസംബന്ധമായ നാഗരികത്വവും പാശ്ചാത്യരുടെ ക്രിസ്തീയ നാഗരികത്വവുംതമ്മിൽ എന്തെങ്കിലും സാമ്യമുണ്ടോ എന്ന

പ്രശ്നം എൻെറ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരുന്നു. മഹാത്മ ഗാന്ധിയെ ഞാൻ ദക്ഷിണാഫ്രിക്കയിൽവച്ചു കണ്ടതുമുതൽ അഹിംസ എന്ന ഭാരതീയ ആദശ്വും സ്നേഹം എന്ന ക്രിസ്തീയ ആദശ്വുംതമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നു ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നു. അങ്ങനെയൊരു ബന്ധമുണ്ടെന്നു തെളിയുന്നപക്ഷം അതു മനുഷ്യസമുദായത്തിൻെറ യോജിപ്പിനുള്ള ഒരു പുതിയ അടിസ്ഥാനമായിത്തീരുമെന്നു ഞാൻ പ്രത്യാശിച്ചു.

ജപ്പാൻകാർ ധാമ്മികമായ ധീരതയിൽ അഗ്രഗണ്യരെന്നു ഞാൻ കേട്ടിരുന്നതുകൊണ്ടു് ഈ സമയത്തു് അവർ ടാഗോറിനു നൽകുന്ന സ്വാഗതം ഏററവും പരമാത്ഥമായതായിരിക്കുമെന്നു ഞാൻ വിചാരിച്ചു. കാലാന്തരത്തിൽ അനന്തര സന്ദശ്നങ്ങൾക്കുശേഷവും മേൽവിവരിച്ച സംഗതികൾ ശരിയാണെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. എന്നാൽ ടാഗോറിൻെറ ഈ പ്രഥമസന്ദശ്നം അസമയത്താണുണ്ടായതു്. എന്തെന്നാൽ യുദ്ധമനസ്ഥിതി ശക്തിയെ പ്രാപിച്ചിരുന്ന ഒരു കാലമായിരുന്നു അതു്. പാശ്ചാത്യരാജ്യങ്ങളിലെ സമുദായങ്ങളുടെ അസ്ഥിവാരത്തെ നശിപ്പിച്ചുകൊണ്ടിരുന്ന അതേ സംഗതികൾ ജപ്പാനിലും സ്വീകരിക്കുന്നതിനു് അവർ നിർബന്ധിതരായിത്തീൎന്നു എന്നു് എവിടെനോക്കിയാലും കാണാമായിരുന്നു.

ഞങ്ങൾ മൂവരുംകൂടി ഒരു ദിവസം കോബ് എന്നൊരു സ്ഥലത്തു് ഒരു ശിശുവിദ്യാലയം സന്ദശിപ്പാൻ പോയി. അവിടത്തെ ചെറുകുട്ടികൾ പട്ടാളക്കാരുടെ രീതിയിൽ വസ്ത്രധാരണം ചെയ്തു് അവരേപ്പോലെ കായികാഭ്യാസം ചെയ്യുന്നതു കണ്ടിട്ടു് എനിക്കു രസം തോന്നിയെങ്കിലും കവിക്കു് അതിങ്കൽ അതിയായ സങ്കടമാണുണ്ടായതു്. ഇങ്ങിനെ ചെയ്യുന്നതിനാൽ നിമ്മലരായ ശിശുക്കളോടു് അതിയായ ദോഷം ചെയ്യുകയാണെന്നു് അദ്ദേഹം ഞങ്ങളോടു പ്രസ്താവിക്കുകയുണ്ടായി. എല്ലാ പട്ടണങ്ങളിലും യുദ്ധത്തിനായുള്ള ഒരുക്കത്തിൻെറ ശബ്ദം കേൾപ്പാനുണ്ടായിരുന്നു. പട്ടാളക്കാർ സദാ അ

ങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു സാധാരണയായിത്തീൎന്നു. വൎത്ത മാനപ്പത്രങ്ങൾ യുദ്ധത്തെപ്പററി പ്രസ്താവിച്ചുകൊണ്ടിരുന്നു. ടാഗോറിനെ സന്ദൎശിപ്പാൻ വന്ന ചില നേതാക്കന്മാരോട്ട് അദ്ദേഹം ഇതിനെപ്പററി സംഭാഷിച്ചപ്പോൾ, പാശ്ചാത്യരാജ്യങ്ങൾ അവരുടെ യുദ്ധോപകരണങ്ങൾ ഇങ്ങിനെ വൎദ്ധിപ്പിക്കുന്നതിനാൽ ജപ്പാനു മററു നിവൃത്തിയില്ല എന്നായിരുന്നു അവർ പറകയുണ്ടായതു്.

എന്നാൽ ഞങ്ങൾ അവിടെ കുറെനാൾ താമസിച്ചപ്പോൾ ബാഹ്യമായിട്ടുള്ള സ്ഥിതി ഇങ്ങനെയിരുന്നെങ്കിലും, ആത്മാവിനെ നശിപ്പിക്കത്തക്ക സ്ഥിതിയിൽ അതു് അത്ര യ്ക്കു് അന്തൎഭാഗത്തേക്കു പ്രവേശിച്ചിട്ടില്ല എന്നു ഞങ്ങൾക്കു ഗ്രഹിപ്പാൻ കഴിഞ്ഞു. യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരിക്കൽ ഞങ്ങൾ സഞ്ചരിച്ചിരുന്ന വണ്ടി ഒരു ചെറിയ സ്റ്റേഷ്യനിൽ നിൎത്തുകയും അവിടെവച്ചു ഒരുക്രൂട്ടം ബുദ്ധസന്യാസികൾ വന്നു കവിക്കു മംഗളമാശംസിക്കുകയും സമ്മാനങ്ങൾ കൊടുക്കുകയുമുണ്ടായി. അവരുടെ മുഖം ശാന്തതയാൽ പ്രശോഭിതമായിരുന്നു. അവരുടെ ഗുരുവിനെപ്പോലെതന്നെ അവരും ലോകത്തിൻെറ ദുഃഖങ്ങളെ ഓൎത്തു് മനസ്സലിവുള്ളവരായി കാണപ്പെട്ടിരുന്നു. ഞാൻ ദക്ഷിണാഫ്രിക്കയിലെ സഹനസമരക്കാരുടെ കൂടെയായിരുന്നപ്പോൾ ഉണ്ടായിരുന്നതുപോലെ ക്രിസ്തുവിൻെറ സന്നിധിയെപ്പററിയുള്ള ഒരു ശക്തിയായ ബോധം എനിക്കു് ഇപ്പോഴുമുണ്ടായി. രണ്ടിലും ഒരേ ആത്മാവാണു പ്രവൎത്തിച്ചിരുന്നതു്.

കുറെ നാളുകൾക്കുശേഷം കവി ഒരിക്കൽ ചൈന സന്ദൎശിച്ച അവസരത്തിൽ ഞാൻ അദ്ദേഹത്തോടൊരുമിച്ചു ചില സ്ഥലങ്ങൾ സന്ദൎശിക്കയുണ്ടായി. പാശ്ചാത്യരുടെ ബാഹ്യമായ നാഗരികതയെ ആരാധിക്കുന്നതു ശരിയല്ല എന്നു ശക്തിയോടുകൂടെ അവിടത്തെ വിദ്യാൎത്ഥികളെ ഉൽബോധിപ്പിച്ചു. കയ്യൂക്കുള്ളവൻ കാൎയ്യക്കാരനെന്ന പാഠം ഞങ്ങൾ പാശ്ചാത്യരിൽനിന്നും പഠിച്ചു എന്നു പറവാൻ നിങ്ങൾ ധൈൎയ്യപ്പെടുന്നുവോ എന്നദ്ദേഹം അവരോടു ചോദിച്ചു. അ

നേക ശതാബ്ദങ്ങൾക്കു മുമ്പു് ഭാരതീയ ഗ്രന്ഥകാരന്മാരിൽ അതിമഹാനായ ഒരാൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അനീതിമൂലം മനുഷ്യർ ഐശ്വര്യപ്പെടുകയും അവരുടെ ആഗ്രഹങ്ങൾ സാധിക്കുകയും ചെയ്യേക്കാമെങ്കിലും അവരുടെ വേരു ജീർണ്ണിച്ചുപോകുന്നു; ധർമ്മം എന്നതു ശക്തിയെക്കാൾ മേലായിക്കരുതാത്ത നാഗരികത്വം എല്ലാം നശിച്ചുപോയിരിക്കുന്നു. പാശ്ചാത്യലോകത്തിനു് അങ്ങിനെയുള്ള ഒരപകടം സംഭവിപ്പാൻപോകുന്നു." "ഒരു മനുഷ്യൻ സർവ്വ ലോകവും നേടി തൻെറ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു് എന്തു പ്രയോജനം? ഒരു മനുഷ്യൻ തൻെറ ആത്മാവിനു് എന്തു മറുവില കൊടുക്കും?" എന്നിങ്ങനെയായിരുന്നു അദ്ദേഹത്തിൻെറ പ്രസംഗം.

ചൈനയിലെ അന്നത്തെ സ്ഥിതി ആലോചിക്കുന്നതായാൽ അതു് രവീന്ദ്രനാഥടാഗോറിനെപ്പോലെ പ്രായവും, ജ്ഞാനവും, സ്വഭാവവൈശിഷ്ട്യവുമുള്ള ഒരാൾക്കുമാത്രം സാധിക്കുന്നവിധത്തിൽ ധീരതയോടുകൂടിയുള്ള ഒരഭിപ്രായപ്രകടനമായിരുന്നു. ചൈനായിലും ജപ്പാനിലും ഒടുവിൽ അദ്ദേഹം വിജയശ്രീലാളിതനായി. ഇതിനു സഹായിച്ചതു് അദ്ദേഹത്തിൻെറ ഹൃദയശുദ്ധിയും നന്മയുമായിരുന്നു. അടുത്ത കാലത്തു് അദ്ദേഹം ഈ രാജ്യങ്ങൾ സന്ദർശിച്ചപ്പോഴൊക്കെയും അദ്ദേഹത്തിനു ജനങ്ങൾ വളരെ ഹൃദയപൂർവ്വമായി സ്വാഗതം പറകയും ശ്രദ്ധാപൂർവ്വം അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കുകയും ചെയ്തിട്ടുണ്ടു്.

ടാഗോറും വില്ലിപേഴ്സനും അമേരിക്കയിലേക്കു് അവരുടെ യാത്ര തുടന്നപ്പോൾ അനാരോഗ്യം നിമിത്തം ഞാൻ ഇൻഡ്യയിലേക്കു മടങ്ങേണ്ടതായി വന്നു. ഞാൻ തനിച്ചു ഒരു ജപ്പാൻകപ്പലിൽ യാത്രചെയ്തു. യാത്രാസമയത്തു് മനുഷ്യചരിത്രത്തിൽ മതത്തിനുള്ള സ്ഥാനം എന്നതു് എൻെറ ചിന്തയ്ക്കു വിഷയമായി. മനുഷ്യൻെറ പുരോഗതിയിന്മേൽ അതിനുണ്ടായിരുന്ന ശക്തി എങ്ങിനെയുള്ളതായിരുന്നു? ഭാവിയിൽ അതിനുള്ള സ്ഥാനമെന്താണു്? വിവിധ മതങ്ങളുടെ അന്യോന്യബന്ധം എന്താണു്?

ഈ യാത്രാമദ്ധ്യെയും വേറൊരവസരത്തിലും ഞാൻ ജാവായിൽ കുറച്ചുനാഠം താമസിച്ചു. അവിടെവച്ചു ഞാൻ ബോറോബുധർ അഥവാ ശ്രീബുദ്ധൻെറ മല എന്നു പേരായ ഒരു സ്ഥലം സന്ദശിക്കയും തനിയെ കുറെ ദിവസങ്ങഠം അവിടെ താമസിക്കുകയും ചെയ്തു. ആ സ്ഥലത്തിൻെറ ഭംഗിയും അവിടുത്തെ കൊത്തുപണികളും അതിവിശേഷമായിരുന്നു. പാശ്ചാത്ത്യ പൗരസ്ത്ത്യ മതങ്ങഠം തമ്മിലുള്ള ബന്ധത്തെപ്പററി എനിക്കു ഒരഭിപ്രായം തോന്നി. അവിടെയുണ്ടായിരുന്ന ചിത്രീകരണങ്ങളിൽ പലയിടങ്ങളിലും ശാന്തതയുടെ മൂത്തീകരണം എന്നു തോന്നുന്ന ബുദ്ധൻെറ രൂപം കാണാമായിരുന്നു. ബുദ്ധൻെറ ജീവിതത്തിലും ബുദ്ധമതചരിത്രത്തിലുമുള്ള പല പ്രധാന സംഗതികളെയും അവിടെ പാറയിൽ കൊത്തിയിരുന്ന രൂപങ്ങളിൽ ചിത്രീകരിച്ചിരുന്നു. അവയിൽ എല്ലാം അനുകമ്പ എന്നതു സ്പഷ്ടമായിരുന്നു. ക്രിസ്തുമതം പിൽക്കാലങ്ങളിൽ ക്രൂരന്മാരും അപരിഷ്കൃതരുമായിരുന്ന പാശ്ചാത്ത്യരിൽ മാനുഷികത്വം ഉത്ഭവിപ്പിക്കുന്നതിനു കാരണമായിത്തീന്നതിൽ നിന്നും വളരെ വ്യത്യസ്തമല്ലാത്തവിധത്തിൽ ബുദ്ധമതം പൗരസ്ത്ത്യക്ക് ഒരുകാലത്തു പ്രേരകമായിരുന്നു എന്നു ഞാൻ ഗ്രഹിച്ചു.

പല ഘട്ടങ്ങളിൽ മനുഷ്യജീവിതത്തെ മാധുൎയ്യമുള്ളതാക്കിത്തീക്കുന്നതിനു പര്യാപ്തമായിത്തീന്ന ആ ആത്മീയ ദൂതു് അന്തരത്തിൽ ഒന്നായിരുന്നു. നന്മ, സ്നേഹം എന്നിവ വെറും മൃഗീയശക്തിയേക്കാഠം മെച്ചമായതാണെന്നുള്ളതുതന്നെ. പൗരസ്ത്ത്യരാജ്യങ്ങളിലും പാശ്ചാത്ത്യരാജ്യങ്ങളിലും മനുഷ്യഹൃദയത്തെ സ്പശിക്കുന്നതിനു സാധിച്ചിട്ടുള്ളതു് ഒരു മനുഷ്യൻ സ്വമനസ്സാലെ മറെറാരുവനുവേണ്ടി തൻെറ ജീവനെ കൊടുക്കുക എന്നതാണു്. ആദിമുതലുള്ളതും എന്നാൽ എപ്പോഴും പുതിയതായിരിക്കുന്നതുമായ കൽപ്പന വിശുദ്ധ യോഹന്നാൻ പറയുന്നതു് ഇതാകുന്നു. പ്രവൃത്തിയിൽ കാണുന്ന സ്നേഹമാകുന്നു ലോകത്തിൽ ഉള്ളതിൽ മഹത്തരമായ കാൎയ്യം. വൃദ്ധനായ യോഹന്നാൻ ഇപ്രകാരം എഴുതുന്നു. "പ്രിയമുള്ളവരെ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽ നിന്നുവരുന്നു. സ്നേഹി

കുന്നവനെല്ലാം ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ”.

ഇതിനുശേഷം പല പ്രാവശ്യവും ചിലപ്പോൾ ടാഗോറിൻെറ കൂടെയും ചിലപ്പോൾ ദൂരദേശങ്ങളിൽ പാക്കുന്ന ഭാരതീയക്കുവേണ്ടിയും പല രാജ്യങ്ങളിലും ഞാൻ സഞ്ചരിച്ചിട്ടുണ്ടു്. ഇപ്പോൾ ‘കെനിൽ വത്തുകാസിൽ’ എന്ന കപ്പലിൽ ഞാൻ ചെയ്യുന്ന ഈ യാത്ര എന്നെ ഏഴാമത്തെ പ്രാവശ്യം ദക്ഷിണാഫ്രിക്കയിലേക്കു കൊണ്ടുപോകുകയാണു്. ആഫ്രിക്കയുടെ മദ്ധ്യഭാഗവും പൂൎവ്വഭാഗവും ദക്ഷിണാഫ്രിക്കപോലെതന്നെ എനിക്കു സുപരിചിതമാണു്. ഈ യാത്രകൾക്കിടയിലുള്ള സമയങ്ങളിൽ ഞാൻ ടാഗോറിനോടുകൂടെ ശാന്തിനികേതനത്തിൽ താമസിച്ചുപോന്നു. അദ്ദേഹത്തോട്ട് എനിക്കുണ്ടായിരുന്ന സ്നേഹാദരങ്ങൾ അനേക മടങ്ങു വൎദ്ധിച്ചിട്ടുമുണ്ടു്.

ഞാൻ രേഖപ്പെടുത്തണമെന്നുദ്ദേശിക്കുന്ന ‘എനിക്കു് ക്രിസ്തുവിനോടുള്ള കടപ്പാടു്’ എന്ന ഈ വിഷയത്തിൽ ഉൾപ്പെടുത്താവുന്ന പല അനുഭവങ്ങളും ഈ കാലഘട്ടത്തിനിടയിൽ എനിക്കുണ്ടായിട്ടുണ്ടു്. അവസരം ലഭിക്കുന്നതായാൽ പിന്നീടു് അവ രേഖപ്പെടുത്താം. എന്നാൽ എൻെറ ഗുരുവായ ക്രിസ്തുതൻെറ സ്നേഹത്തിൻെറ ആഴം അറിവാൻ എന്നെ വഴിനടത്തിയതിൻെറ ചരിത്രം വേറെ വാക്കുകളിൽ പ്രസ്താവിപ്പാൻ മാത്രമേ സാധിക്കുകയുള്ളു. ആഫ്രിക്കയിലെ ജീവിതത്തിലുണ്ടായ ഒരു സംഭവംമാത്രം ഞാൻ അവസാനത്തേക്കായി വച്ചിരുന്നു. അതു താഴെ വിവരിക്കട്ടെ. നയാസാ തടാകത്തിൻെറ കരയിലുള്ള ജിൻജാ എന്ന ഒരു സ്ഥലത്തു ഞാൻ താമസിച്ചു വരവെ ഇൻഗംഗ എന്നൊരു സ്ഥലത്തു ചില ഭാരതീയ വത്തകൎക്കു സ്ഥലം ലഭിക്കുന്നതിനുള്ള വിഷമതകളെക്കുറിച്ചു അന്വേഷിക്കുന്നിനു് അവിടേക്കു പോകണമെന്നു രണ്ടു ഭാരതീയസുഹൃത്തുക്കൾ എന്നോടാവശ്യപ്പെട്ടു. ഞങ്ങൾ ആ സ്ഥലത്തേക്കു മോട്ടർമാൎഗ്ഗം യാത്രയായി. എൻെറ കൂടെയുണ്ടായിരുന്നവരിൽ രണ്ടുപേർ ഹിന്ദുക്കളും മറെറയാൾ ഒരു പാർസിയുമായിരുന്നു.

ഞങ്ങൾ കുറെ ദൂരം പോയപ്പോൾ പാശ്ചാത്യരായ ചില ക്രൈസ്തവ പുരോഹിതന്മാരുടെ ഒരു പ്രവർത്തനസ്ഥലം കാണുന്നതിനു വഴിവിട്ടു കുറച്ചു ദൂരം പോകാം എന്നു് അവർ പറഞ്ഞു. അവിടെ വൃദ്ധനായ ഒരു റോമൻകത്തോലിക്ക പുരോഹിതനെയും സാധുക്കളുടെ സഹോദരികൾ എന്ന സംഘത്തിലെ അംഗങ്ങളായ രണ്ടു വൃദ്ധസ്ത്രീകളേയും കണ്ടു. അവരോടുകൂടെ കുറെ ചെറിയ കുട്ടികളും ഉണ്ടായിരുന്നു. ചുററുമുള്ള ആളുകൾ അപരിഷ്കൃതരും നഗ്നരുമായിരുന്നു. അവരുടെയിടയിൽ ഈ മൂന്നാളുകൾ യാതൊരുതരം ഐഹികസുഖങ്ങളുമില്ലാതെ ആയുഷ്പര്യന്തം ജീവിതം കഴിച്ചതിന്റെശേഷം അവിടത്തെ പള്ളിയുടെ അടുക്കൽ അടക്കപ്പെടുവാനായി തയ്യാറായിരിക്കുന്നതു കണ്ടു. ഞാൻ ഇവിടെയും മററു സ്ഥലങ്ങളിലും ഇങ്ങിനെയുള്ള വേലസ്ഥലങ്ങൾ കണ്ടിട്ടുണ്ടു്. ബലഹീനവും വ്യത്യസ്തവുമായ മനുഷ്യസ്വഭാവത്തെ ധൈര്യപ്പെടുത്തുന്നതിനും താങ്ങുന്നതിനും ക്രിസ്തുവിൻ ആത്മാവിനുള്ള ശക്തികണ്ടു ഞാൻ വിസ്മയവും ഭക്തിയും നിറഞ്ഞവനായിട്ടുണ്ടു്.

എന്റെകൂടെ വന്നയാളുകൾ തങ്ങൾ കൂടെക്കൂടെ ആ വഴിയാത്ര ചെയ്യാറുണ്ടെന്നും ഒരിക്കൽപോലും ഈ സ്ഥലം സന്ദർശിക്കാതെ കടന്നുപോക പതിവില്ലെന്നും പറഞ്ഞു. എന്നാൽ തങ്ങൾക്കും തങ്ങളുടെ കൂടെയുള്ളവക്കും പ്രയാസവും കഷ്ടതയും ഉണ്ടായിരുന്നപ്പോഴൊക്കെയും ഈ സ്നേഹിതർ സഹായിച്ചിട്ടുണ്ടു് എന്നു പറഞ്ഞപ്പോൾ ആ പുരോഹിതന്റെ കണ്ണുകൾ നിറഞ്ഞു. ഞങ്ങൾ യാത്ര തുടരുന്നതിനു മുമ്പു് ഞങ്ങൾക്കു് എന്തെങ്കിലും തരുന്നതിന് ആ സാധുക്കളുടെ സഹോദരിമാർ ബദ്ധപ്പെട്ടു. അവക്കുള്ളതിൽനിന്നു് അപഹരിക്കുകയാണോ എന്ന ശങ്കയോടുകൂടിയാണു ഞങ്ങൾ അവരുടെ ആതിഥ്യം സ്വീകരിച്ചതു്. എന്നാൽ ഞങ്ങളെ ശുശ്രൂഷിക്കുന്നതിൽ അവർ പ്രദർശിപ്പിച്ച സന്തോഷം നിമിത്തം അവർ തന്നതിനെ നിഷേധിപ്പാൻ ഞങ്ങൾ അപ്രാപ്തരായി. അവിടെയുണ്ടായിരുന്ന കുട്ടികൾക്കു് ആ മൂന്നു പേരോടുമുണ്ടായിരുന്ന സ്നേഹം ഏററവും വലിയതായിരുന്നു,

അവരെ ദശിച്ച അവസരത്തിൽ ഫാദർ ഡാമിയൻ എന്ന വിശുദ്ധൻ തൻെറ ആജീവനാന്തം കുഷ്ഠരോഗികൾക്ക വേണ്ടി ചെലവഴിച്ചതു് എനിക്കോമ്മവന്നു. ക്രിസ്തുവിൻെറ പേക്കായി തങ്ങളുടെ ജീവനെ സന്തോഷത്തോടുകൂടെ ഒരു യാഗമായി അപ്പിക്കുന്ന അനേകം സ്ത്രീപുരുഷന്മാർ ലോകത്തിൻെറ നാനാഭാഗത്തും ഇതുപോലെ പ്രവത്തിക്കുന്നുണ്ടെന്നുള്ള സ്മരണ എനിക്കു് അനിവാച്യമായ സന്തോഷത്തെ പ്രദാനംചെയ്തു.

ഒരിക്കൽ ഞാൻ ഓക്സ്ഫോഡിൽ ആയിരുന്നപ്പോൾ ഒരു ഭാരതീയയുവാവു് വളരെ കാര്യമായിട്ടു് എന്നോടിപ്രകാരം പറഞ്ഞു. സ്വരാജ്യസ്നേഹശക്തി സ്ത്രീപുരുഷന്മാരെ അവരുടെ രാജ്യത്തിനുവേണ്ടി ധീരപ്രവൃത്തികൾ ചെയ്യുന്നതിനു പ്രേരിപ്പിക്കുന്നതെങ്ങിനെയെന്നെനിക്കറിയാം. എന്നാൽ ഒന്നെനിക്കു മനസ്സിലാകുന്നില്ല. അതു നിങ്ങൾ ദയവായി എനിക്കു മനസ്സിലാക്കിത്തരണം. ഫാദർ ഡാമിയൻ കുഷ്ഠരോഗികൾക്കായി തൻെറ ജീവനെ അപ്പിച്ചതിനെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ടു്. അതുപോലെ ഇവിടെ ഓക്സ്ഫോഡിൽ അതിബുദ്ധിശാലികളും സമത്ഥരുമായ സ്ത്രീപുരുഷന്മാർ തങ്ങളുടെ രാജ്യത്തിനുവേണ്ടിയല്ല പിന്നെയോ അപരിഷ്കൃതരും കാട്ടാളരുമായ ആളുകൾക്കുവേണ്ടി സവ്വസ്വവും, തങ്ങളുടെ ജീവൻപോലും, ഉപേക്ഷിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ടു്. അവരെ ഇതിനു പ്രേരിപ്പിക്കുന്ന ആത്മീയശക്തി എന്താണു്? അവർ പറയുന്ന ഈ ക്രിസ്തുവിൻെറ ശക്തി എന്നതെന്താണു്? തൻെറ സ്നേഹത്താൽ അവരെ മുഴുവൻ തനിക്കായി കൈവശപ്പെടുത്തുന്നതായി ജീവിക്കുന്ന ക്രിസ്തുവിൻെറ പ്രതിദിനമുള്ള സാന്നിദ്ധ്യം ആണു് അതെന്നു് എൻെറ അനുഭവത്തിൽനിന്നു പറയുവാൻ എനിക്കു സാധിച്ചു. ആ സ്നേഹത്തിൻെറ ഫലമായി അവരിൽ സ്നേഹം ഉളവായി. എന്തെന്നാൽ "എനിക്കു വിശന്നു, എനിക്കു ദാഹിച്ചു, ഞാൻ നഗ്നനായിരുന്നു, രോഗിയായിരുന്നു, തടവിലായിരുന്നു: എൻെറ ഈ സഹോദരന്മാരിൽ ഏററവും ചെറിവനു ചെയ്തിട

ത്തോളമെല്ലാം എനിക്കു ചെയ്തിരിക്കുന്നു" എന്നു ക്രിസ്തു പറഞ്ഞു.

ഇൻഗംഗ എന്ന സ്ഥലത്തുണ്ടായിരുന്ന ആ മൂന്നു പാശ്ചാത്യർ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഒരു വാസ്തവ അനുഭവമായി അറിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ മുഖത്തു പ്രത്യക്ഷപ്പെട്ടിരുന്ന സന്തോഷം അന്ത്യംവരെ നിലനിന്നുപോകുക എന്നതു് അസാദ്ധ്യമായിരിക്കും. ക്രിസ്തുവിന്റെ സാന്നിദ്ധ്യം മനുഷ്യജാതിക്കു നൽകുന്ന അത്യാശ്ചര്യകരമായ കൃപ ഒന്നില്ലായിരുന്നെങ്കിൽ മനുഷ്യജീവിതം അധമാവസ്ഥയിലാകുകയും അവിശ്വസനീയമായ വിധം പിന്നോട്ടു ഗമിക്കുകയും ചെയ്യുമായിരുന്നു.

---

അദ്ധ്യായം 19.

## ക്രിസ്തു സകലവും ആകുന്നു.

ക്രിസ്തീയ വിശ്വാസത്തിൽ ജനിച്ചു് അനേക ശതാബ്ദങ്ങളായി ക്രിസ്തീയ അനുഭവമുള്ളവരായ നാം പിന്നോട്ടുനോക്കുന്നതായാൽ ഓരോ തലമുറയിലും ഈ കൃപ ആശ്ചര്യകരമായും നവീനതയോടും പ്രവർത്തിക്കുന്നതും തൽഫലമായി ക്രിസ്തുവിന്റെ ജീവിതം സ്ത്രീകളുടെയും പുരുഷന്മാരുടെയും മനസ്സിൽ അനശ്വരമാകുന്നതും സ്നേഹം പുതിയ വിജയങ്ങൾ കരസ്ഥമാക്കുന്നതും നമുക്കു കാണ്മാൻകഴിയും. ഓരോ തലമുറയിലുമുണ്ടായിട്ടുള്ള രക്തസാക്ഷികളുടെ ജീവിതവും, അതിൽ ക്രിസ്തീയ വിശ്വാസംതന്നെയും ശോധനകഴിക്കപ്പെടുകയും ഏഴു പ്രാവശ്യം ശുദ്ധിചെയ്യപ്പെട്ട സ്വർണ്ണമായി തെളിയപ്പെടുകയും ചെയ്തിട്ടുള്ളതും അതിനു മതിയായ തെളിവുകളാണു്. "ഞാൻ നല്ലപോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു" എന്നു് അപ്പോസ്തലനായ പൗലോസ് പറയുന്നു. "അവർ ഏറിയ കഷ്ടതകളിൽ കൂടി കടന്നു, തങ്ങളുടെ അങ്കികൾ കുഞ്ഞാട്ടിന്റെ രക്തത്തിൽ കഴുകി വെളുപ്പിച്ചവരാകുന്നു" എന്നു

വെളിപാടുപുസ്തകവും രേഖപ്പെടുത്തുന്നു. നീറോയുടെയും ഡൊമീഷ്യൻെറയും കീഴിൽ ഏററവും ഭയങ്കരമായ പീഡ അനുഭവിച്ച രക്തസാക്ഷികളുടെ വലിയ സൈന്യത്തെപ്പററിയാണു് എഴുത്തുകാരൻ പറയുന്നതു്.

വന്യമൃഗങ്ങളാൽ ചീന്തപ്പെടുവാനായി റോമിലേക്കുപോകുന്ന അവസരത്തിൽ ഇഗ്നാത്യോസു് എന്ന ആ വിശുദ്ധൻ അതിസന്തോഷത്തോടുകൂടെ പറയുന്നതു് "ഇപ്പോഠം ഞാൻ ഒരു ശിഷ്യനാകുവാൻ ആരംഭിക്കുകയാണു്" എന്നത്രേ. പെർപച്ചുവാ എന്നു പേരായ ഒരു ക്രിസ്ത്യൻ വനിത അതേവിധി തന്നെ അനുഭവിപ്പാൻ പോകുമ്പോഠം അവരുടെ സംഭാഷണവിഷയം ക്രിസ്തുവിൻെറ സന്തോഷം എന്നതായിരുന്നു. അവരോ ക്രിസ്തീയ വിശ്വാസത്തിൻെറ ആദ്യ ശിശുക്കളത്രേ. ലോകം അവക്കു യോഗ്യമായിരുന്നില്ല. അവർ അനാഥരും ദുഃഖിതരും പീഡിതരും ആയിരുന്നുവെങ്കിലും തങ്ങളുടെ കത്താവിനായി കഷ്ടതസഹിക്കുന്നതു് അതിയായ സന്തോഷമായി അവർ കരുതി.

നാം അറിഞ്ഞും അറിയാതെയുമുള്ള അനേകക്കു് ഇതേ അനുഭവം യഥാത്ഥമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. സ്നേഹത്തിൻെറ ഒരേഅത്ഭുതം പിന്നെയും പിന്നെയും ആവത്തിക്കുന്നു. കഷ്ടത സന്തോഷമായി മാറുന്നു. വിശ്വാസം ജയത്തോടുകൂടെ മരണത്തിൻെറമേൽ വാഴുന്നു. നിരാശക്കുഴിയിൽനിന്നും പ്രത്യാശ എന്ന ശക്തിയുള്ള ചിറകുകളുടെ സഹായത്തോടുകൂടെ ഉയരത്തിലേക്കു പറന്നുകയറുന്നു. വളരെ വീയ്യത്തോടുകൂടെ ത്യാഗംചെയ്തിട്ടുള്ളവരുടെ ദൃഷ്ടാന്തങ്ങഠം ചരിത്രത്തിലുണ്ടെന്നു മാത്രമല്ല, ക്രിസ്തുവിൻെറപേക്കായി തങ്ങഠംക്കുള്ള സകലവും ഉപേക്ഷിച്ചു് അവനോടുള്ള ഭക്തിയിലും സ്നേഹത്തിലും പ്രേരിതരായി തങ്ങളുടെ ആയുസ്സിനെ തൻെറ ശുശ്രൂഷയിൽ കഴിച്ചവരായി അനേകായിരങ്ങഠം ഉണ്ടായിട്ടുണ്ടു്. അവരുടെ ചരിത്രം എഴുതപ്പെട്ടിട്ടില്ല. നാം അവരെ വിസ്മരിച്ചുകളയുന്നു. എന്നാൽ അവരോ അവരുടെ തലമുറയിൽ ഭൂമിയുടെ ഉപ്പു് ആയിരുന്നു. വിനയത്തോടെ ജീവിക്കയും നിശ്ശബ്ദ

മായി പ്രാൎത്ഥിക്കുകയും ധൈൎയ്യത്തോടുകൂടെ സഹിക്കുകയും മനുഷ്യജാതിയെ ക്രിസ്തുവിൽക്കൂടെ വീണ്ടെടുക്കുന്നതിനു ശ്രമിക്കയുമാണു് അവർ ചെയ്തിട്ടുള്ളതു്. ഏററവും അധികം സഹിക്കുകയും അതിനാൽ ഏററവും അധികം സന്തോഷമനുഭവിക്കുകയും ചെയ്തവരായ വിശുദ്ധന്മാർ സത്യക്രിസ്ത്യാനിയുടെ ശക്തിയുടെ രഹസ്യത്തെപ്പററി ഏററവും ഭംഗിയായ വിധത്തിൽ പറഞ്ഞിരിക്കുന്നു. ഒരിക്കലും പഴകിപ്പോകാത്തതായ പാട്ടുകൾ അവർ പാടിയിട്ടുണ്ടു്. കൎത്താവായ യേശുവിന്റെ വാക്കുകൾ കഴിഞ്ഞാൽ പിന്നെ ഇങ്ങിനെയുള്ള എഴുത്തുകൾ ആണു് മനുഷ്യജാതിക്കു് എല്ലാക്കാലത്തും ആശ്വാസം നൽകിയിട്ടുള്ളതു്. വിശുദ്ധനായ ബർണാർഡിന്റെ കീൎത്തനങ്ങൾ, ക്രിസ്താനുകരണം, വിശുദ്ധ ഫ്രാൻസിസിന്റെ ചെറുപുഷ്പങ്ങൾ എന്നിവയെല്ലാം ക്രൂശിനെപ്പററിയും ദൈവരാജ്യത്തെപ്പററിയും പ്രതിപാദിക്കുന്നു. "നീ എന്നെ അനുഗമിക്ക" എന്നു പറയുന്നവന്റെ ശബ്ദം കേൾപ്പാൻ ഒരുക്കമുള്ളവൎക്കു് ഈ ലോകത്തിൽവച്ചുതന്നെ സന്തോഷത്തിന്റെ പരിപൂൎണ്ണത അനുഭവിപ്പാൻ കഴിയുംഎന്നാണു് ഈ വിശുദ്ധന്മാർ നമ്മോടു പറയുന്നതു്.

ഇക്കാലത്തും എല്ലാരാജ്യത്തും സത്യക്രിസ്തീയ ആത്മാവു് കൎത്താവായ യേശുവിന്റെ പോലെ കഷ്ടം സഹിപ്പാൻ വാഞ്ഛിക്കുന്നതായി നമുക്കറിയാം. ഏകനായി മദ്ധ്യാഫ്രിക്കയിൽവച്ചുതന്റെ പുതിയനിയമപുസ്തകം മുമ്പിൽ തുറന്നു വച്ചു ജ്വരബാധിതനായി മുട്ടുകുത്തി പ്രാൎത്ഥനയോടുകൂടി മരിച്ച ലിവിങ്സ്റ്റൺ മെലനേഷ്യയിൽ വച്ചു്, തന്നെ അവരുടെ അറിവില്ലായ്മയാൽ കൊന്ന ആളുകളെ അവസാനം വരെ സ്നേഹിച്ച കോളറിഡ്ജു് പാറേറർസൺ, ഉഗാണ്ടായിൽവച്ചു് അതേവിധം മരണം പ്രാപിച്ച ഹാനിങ്ടൻ, എന്തു വന്നാലും ററിബററിൽ സുവിശേഷം പ്രസംഗിക്കണമെന്നു നിശ്ചയിച്ച സാധുസുന്ദരസിംഗു്, ജപ്പാനിലെ സാധുക്കൾക്കും നിസ്സഹായൎക്കും വേണ്ടി തന്റെ ജീവിതത്തെ ഒരു യാഗമായി അൎപ്പിച്ചുകൊടുത്തുകൊണ്ടിരിക്കുന്ന കഗാവാ, ആഫ്രിക്കയിൽ വൎഗ്ഗീയ വ്യത്യാ

സംമൂലം ഉളവായിരിക്കുന്ന മുറിവുകളെ സ്നേഹത്താൽ സുഖപ്പെടുത്തുവാൻ ശ്രമിക്കുന്ന 'അഗ്രേ', തങ്ങളുടെ രക്ഷിതാവിന്റെ സ്നേഹത്തെപ്പററി അവസാനശ്വാസംവരെയും പാടിക്കൊണ്ടു് ഉഗാണ്ടായിൽവച്ചു രക്തസാക്ഷികളായി മരിച്ച ആ യുവാക്കന്മാർ എന്നിവരെ കൂടാതെ അനേകം പുരുഷന്മാരും സ്ത്രീകളും കുട്ടികളും അവരുടെ കൈയ്ക്കു പിടിച്ചു് അവരുടെ മുഖത്തു നോക്കി, അവരുടെ വായിൽനിന്നുതന്നെ നമുക്കു് അവരുടെ സാക്ഷ്യങ്ങൾ കേൾക്കത്തക്കവണ്ണം അത്രയ്ക്കു് അടുത്ത കാലങ്ങളിൽപോലും തങ്ങളുടെ കർത്താവിനായി സാക്ഷ്യം വഹിച്ചിരിക്കുന്നു. അവർ ജീവിക്കേണ്ടതിനായി മരിച്ച ഏകഗുരുവിനോടുള്ള സ്നേഹം എന്നതാണു് അതിന്റെ രഹസ്യം.

തങ്ങളുടെ ഭക്തിമൂലവും ത്യാഗംമൂലവും ക്രിസ്തീയജീവിതത്തിന്റെ ഭംഗി എനിക്കു തെളിയിച്ചു കാണിച്ചുതന്ന എന്റെ മാതാപിതാക്കന്മാരുടെ വിശുദ്ധജീവിതങ്ങൾ, പ്രത്യാശയുടെ ഉറപ്പോടും ഭയഭക്തിയോടുംകൂടെയും എന്നാൽ എളിമയോടെയും ജീവിച്ചവരായ മേൽപറഞ്ഞ ധീരാത്മാക്കളുടെ സമൂഹത്തിൽ അവരെയും എണ്ണുന്നതിനു് എന്നെ ധൈര്യപ്പെടുത്തുന്നു. ഞാൻ ക്രിസ്തുവിനും അതിനുമുഖാന്തിരമായി, തങ്ങളുടെ ദൃഷ്ടാന്തത്താൽ അവന്റെ സേവയ്ക്കു് എന്നെ ഏല്പിച്ചുകൊടുത്ത എന്റെ മാതാപിതാക്കന്മാർക്കും വളരെ കടപ്പെട്ടിരിക്കുന്നു.

MALABAR CHRISTIAN COLLEGE LIBRARY
CALICUT
DATE LABEL
Acc. No. 1053 Call No. ................
This book should be returned to the library on or before the date last marked below.

No. 1053
...ows
1053

[illegible] ROOM
LIBRARY & R[illegible]
CALI[illegible]

MALABAR CHRISTIAN COLLEGE
LIBRARY & READING ROOM
CALICUT

# What I owe to Christ.

(C. F. Andrews)

# എനിക്കു് ക്രിസ്തുവിനോടുള്ള കടപ്പാടു്.

(സി. എഫ്. ആൻഡ്രൂസ്)

1053
270
AND/W